Digitized by Arya Samaj Foundation Chennai and eGangotri

സാംഖ്യദർ

ഷ)

സാംഖ്യകാരികയും തത്ത്വകൗമുദീഭാഷ്യവും

കെ. കുഞ്ഞുപിള്ളപ്പണിക്കർ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

गुरुकुल कांगड़ी विश्वविद्यालय, हरिद्वार
पुस्तकालय

गुरुकुल कांगड़ी विश्वविद्यालय, हरिद्वार

विषय संख्या 11 म / 8
पुस्तक संख्या
आगत पञ्जिका संख्या 48,226

पुस्तक पर किसी प्रकार का निशान लगाना वर्जित है। कृपया १५ दिन से अधिक समय तक पुस्तक अपने पास न रखें।

पुस्तकालय, गुरुकुल कांगड़ी विश्वविद्यालय, हरिद्वार।

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

११ म
८
पुस्तकालय

गुरुकुल कांगड़ी विश्वविद्यालय, हरिद्वार

गुरुकुल कांगड़ी विश्वविद्यालय, हरिद्वार

पुस्तक-वितरण की तिथि नीचे अंकित है ।

इस तिथि सहित १५वें दिन तक यह पुस्तक पुस्तकालय में वापिस आ जानी चाहिए । अन्यथा ५ पैसे प्रतिदिन के हिसाब से विलम्ब-दण्ड लगेगा ।

४९,२२६

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri ४६,२२६

സാംഖ്യദർശനം

(ഭാഷ)

मलयालम् – सांख्य दर्शन

११ मलयालम्

CHECKED 1973

Initial

''With the Financial Assistance from the Ministry of Education, Government of India.''

കെ. കുഞ്ഞുപിള്ളപ്പണിക്കർ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

Malayalam

SĀMKHYA DARSANAM

(BHASHA)

By

K. Kunjupillai Panicker

First Published September 1967

Copies 1000

Printed at
The Janayugom Press, Quilon

Price Rs. ൩

११म
४६,१२२

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സാംഖ്യദർശനം

(ഭാഷ)

സാംഖ്യകാരികയും തത്ത്വകൗമുദീഭാഷ്യവും

പരിഭാഷകൻ:

കെ. കുഞ്ഞുപിള്ളപ്പണിക്കർ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

കുഞ്ഞുപിള്ളപ്പണിക്കരുടെ കൃതികൾ

പദ്യം

ശ്രീവ്യാസോദ്ഭവം	സ്വതന്ത്രകൃതി
ഒരു പുഷ്പം	,,
മാധവി	,,
പത്മിനി	,,
സരസ്വതീലഹരി	,,
സാവിത്രി	,,
കൈരളീമുരളി	,,
യേശുസ്വർഗ്ഗതി	,,
ബന്ധമുക്തനായ അനിരുദ്ധൻ	,,
ശൃംഗാരതിലകം	പരിഭാഷ
പുഷ്പബാണവിലാസം	,,
ഋതുസംഹാരം	,,
ശ്രീകൃഷ്ണവിലാസം (6-ാം സർഗ്ഗം)	,,
ശ്രീരാമഗീത	,,
ശ്രീമഹാദേവീഭാഗവതം	,,
യോഗവാസിഷ്ഠം	,,
കൈവല്യോപനിഷത്ത്	,,
സ്വാത്മനിരൂപണം	,,

ഗദ്യം

ശ്രീനാരായണപരമഹംസൻ	സ്വതന്ത്രം
വിക്രമാദിത്യചക്രവർത്തി	,,
ഉണ്ണിയാർച്ച	,,
ഭാരതകഥാസംഗ്രഹം	പരിഭാഷ
കന്ദർപ്പചൂഡാമണി	,,
രതിരസാർണ്ണവം	,,
സമ്പൂർണ്ണകാമശാസ്ത്രം	,,
ഇന്ദ്രജാലകുതൂഹലം	,,

വ്യാഖ്യാനം

ശ്രീമദ്ഭഗവദ്ഗീത	,,
ഭർതൃഹരി	,,
വാഗ്ഭടാലങ്കാരം	,,
ബൃഹത്സ്തോത്രരത്നാകരം	,,
ഹരിനാമകീർത്തനം	,,

ആട്ടക്കഥ	ഉപഗുപ്തവിജയം
നിഘണ്ടു	ആയുർവേദവിശ്വകോശം

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സമർപ്പണം

എണ്ണംപെടാത്ത പല ശങ്കകളൊക്കെ, നീങ്ങും-
വണ്ണം "ധനഞ്ജയ"നു തത്ത്വമെടുത്തുകാട്ടി
തിണ്ണം പടയ്ക്കു ചുണക്കൂട്ടി രഥം നയിച്ചു-
"കണ്ണ"ന്റെ തൃക്കഴലിൽ ഞാനിതു കാഴ്ചവയ്ക്കും.!!

— പരിഭാഷകൻ.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

पुस्तकालय
गुरुकुल कांगड़ी विश्वविद्यालय
हरिद्वार

അവതരണം

ആർഷഭാരതത്തിലെ തത്വശാസ്ത്രങ്ങളാണു് ദർശനങ്ങൾ. തത്വമെന്നാൽ പദാർത്ഥങ്ങളുടെ മൂലദ്രവ്യം. പ്രാപഞ്ചിക പദാർത്ഥങ്ങളെ ആമൂലശിഖമനുഗ്രഥിച്ചു് അവയുടെ മൂലദ്രവ്യത്തെ ദർശനങ്ങൾ, സുസൂക്ഷ്മം നോക്കിയറിഞ്ഞനുശാസിക്കുന്നു; ഇന്നവിധമെന്നു വ്യവസ്ഥപ്പെടുത്തി ലോകത്തിനു വിവരിച്ചുകൊടുക്കുന്നു. അതുകൊണ്ടു ദർശനങ്ങൾ തത്വശാസ്ത്രങ്ങളായി. "ദൃശ്യതേ അനേന യാഥാർത്ഥ്യം" ഇങ്ങനെ ദർശനശബ്ദത്തിന്റെ വ്യുത്പത്തി. ഇതുകൊണ്ടു വസ്തുതത്വമറിയുന്നുവെന്നു് അതിന്റെ അർത്ഥം. വിശ്വസത്യം മുഖത്തോടുമുഖം കണ്ടറിയുന്നതിൽ ദർശനങ്ങൾ അങ്ങേയററം പ്രയോജനപ്പെടുന്നു. തന്മൂലം ദർശനസംജ്ഞയ്ക്കു സാർത്ഥക്യം സിദ്ധം. ശിക്ഷാകല്പാദികളായ ശാസ്ത്രങ്ങളുടെ അംഗങ്ങളായി ദർശനങ്ങൾ പരിഗണിക്കപ്പെടുന്നു. വേദങ്ങളുടെ ഉപാംഗങ്ങളായും. മതത്തിന്റെ ഭാഷയിൽ ശാസ്ത്രതത്വങ്ങളെ ഉപപാദിക്കുന്നതുകൊണ്ടു് മതാനുശാസനങ്ങളെന്നും ദർശനങ്ങളെ വ്യവഹരിക്കാറുണ്ടു്.

ഭൗതികലോകത്തിന്റെ പാരമാർത്ഥികസത്ത ആരാഞ്ഞുകൊണ്ടു് അതിമഹത്തായ ശ്രമം പലതും നൂററാണ്ടുകൾ മുമ്പുതന്നെ ലോകത്തു നടന്നിട്ടുണ്ടു്. അക്കാര്യത്തിൽ മുൻകൈയെടുത്തു പ്രവർത്തിച്ചതു ഭാരതമാണു്. ആ സത്യാന്വേഷണത്തിന്റെ മാർഗ്ഗം ബഹുമുഖമായിരുന്നു. ലക്ഷ്യം ഒന്നുമാത്രവും. അടിയുറച്ച യുക്ത്യനുമാനങ്ങളുടെ വെളിച്ചത്തിൽ നടത്തിയ അതേ അന്വേഷണം അതിന്റെ ലക്ഷ്യത്തിൽ യഥാർഹം ചെന്നെത്തുകയുണ്ടായി. അങ്ങനെ നേരിൽ കണ്ടറിഞ്ഞ ജീവിതസത്യത്തിന്റേയും അതിനു പ്രയോജനപ്പെട്ട മാർഗ്ഗങ്ങളുടേയും വസ്തുനിഷ്ഠമായ വിശദരൂപങ്ങളാണു ദർശനങ്ങൾ. അഭിപ്രായങ്ങൾക്കൈകരൂപ്യമില്ലെങ്കിലും എല്ലാ ദർശനങ്ങളും ഒരേ വസ്തുതത്വത്തെത്തന്നെ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പരാമർശിക്കുന്നു. ഭിന്നസ്വഭാവത്തിലാണെന്നേയുള്ളു. സ്വപക്ഷസമർത്ഥനത്തിൽ ഓരോ ദർശനവും എതിരററ യുക്തികളും ദൃഷ്ടാന്തങ്ങളും വാചാലമായെടുത്തുകാട്ടുന്നു. എല്ലാം, സംവിധാനം ചെയ്തിരിക്കുന്നതു സങ്കേതജടിലമായ വാദസമ്പ്രദായത്തിൻെറ പശ്ചാത്തലത്തിലാണ്. ചുരുക്കത്തിൽ, വാക്കുകളുടെ ഒരത്ഭുതലോകം സൃഷ്ടിച്ചുകൊണ്ടാണു ദർശനങ്ങൾ തത്ത്വപ്രതിപാദനം സാധിക്കുന്നതു്. അവിടെ "പ്രാജ്ഞംമന്യമനസ്സു"കൾ വസ്തുതാഗ്രഹണത്തിൽ പരാജയപ്പെടാതെ തരമില്ല. അത്തരക്കാരെ സംബന്ധിച്ചിടത്തോളം അതിവിശിഷ്ടങ്ങളായ ദർശനങ്ങൾ കേവലം "ഗ്രന്ഥഗ്രന്ഥി"കൾ മാത്രമായിരിക്കും.

പദാർത്ഥങ്ങൾ ഇന്ദ്രിയപ്രത്യക്ഷമായിരിക്കെ അവയുടെ തത്ത്വാന്വേഷണമെന്തിന്? ഇതൊരു സന്ദേഹമാണ്. ഒരു ദൃഷ്ടാന്തം കാണിച്ചു് ഈ സന്ദേഹം പരിഹരിക്കാം. ഇതാ രണ്ടു വിഗ്രഹങ്ങൾ; രണ്ടും മണ്ണുകൊണ്ടുള്ളവയാണ്. ഒന്നു ദേവൻേറതും, മറേറതു് അസുരൻേറതും. ദേവൻെറ വിഗ്രഹം കാണുമ്പോൾ നമുക്കു മനസ്സിൽ ഭക്ത്യാദരങ്ങളുണ്ടാകുന്നു; അസുരൻേറതു കാണുമ്പോൾ ഭയാശങ്കകളും. ഇനി ആ വിഗ്രഹങ്ങളിൽനിന്നു ദേവാസുരന്മാരുടെ നാമരൂപങ്ങൾ നീക്കിക്കളയണം. ഉടനെ എന്താണു സംഭവിക്കുക? വിഗ്രഹങ്ങളുടെ മൂലദ്രവ്യമായ മണ്ണുമാത്രം ശേഷിക്കുന്നു. അപ്പോൾ നമുക്കു ഭക്ത്യാദരങ്ങളുമില്ല; ഭയാശങ്കകളുമില്ല. ദേവൻ, അസുരൻ, ഈ ഭേദവൃത്തികൾ നീങ്ങി മനസ്സ് ശാന്തമാകുന്നു. മനശ്ശാന്തിയാണ് ജീവിതത്തിൻെറ പരമമായ ലക്ഷ്യം. വൈഷയികമായ സുഖദുഃഖാദികളിൽ വികാരപ്പെടാത്ത മനശ്ശാന്തി. ഗീതയുടെ ഭാഷയിൽ സമത്വബുദ്ധി; അതൊന്നുമാത്രമാണെല്ലാ ജീവികളുമഭിലഷിക്കുന്നതും, നേടിയെടുക്കാനനവരതം യത്നിക്കുന്നതും. പ്രാപഞ്ചികപദാർത്ഥങ്ങളൊന്നടങ്കം നാമരൂപാത്മകമാണു്. പരസ്പരം ഭിന്നങ്ങളായ നാമരൂപങ്ങളിൽ അവ വ്യവഹരിക്കപ്പെടുന്നു. താദൃശമായ വ്യവഹാരസത്ത നിലവിലിരിക്കുന്നിടത്തോളം, മനുഷ്യമനസ്സ്, തദനുരൂപം ഇച്ഛാദ്വേഷാദിഭിന്നവൃത്തികൾക്കു വിധേയമാകാനേ നിവൃത്തിയുള്ളൂ. ദൃഷ്ടാന്തമായിക്കാണി

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ച്ച ദേവാസുരവിഗ്രഹങ്ങളിലെന്നപോലെ. മറിച്ച് കാല്പനികമായ നാമരൂപങ്ങളെ വ്യപനയിച്ചപ്പുറമെത്തിയാലോ? അവശേഷിക്കുന്ന മൗലികവും ഏകരൂപവുമായ വസ്തുതത്ത്വം കണ്ടറിയാനും, നിത്യസമാധാനത്തിന്റെ സ്വർഗ്ഗസുഖമനുഭവിക്കാനും സാധിക്കുന്നു. അപ്രകാരം പ്രപഞ്ചരൂപമായ നാനാത്വത്തിന്റെ പിന്നിലെ ഏകത്വത്തെ സാക്ഷാൽകരിച്ച് മനശ്ശാന്തി നേടുകയാണു തത്ത്വാന്വേഷണത്തിന്റെ പരമപ്രയോജനം.

ദർശനങ്ങളാകെ ആറെന്നാണു സാധാരണവയ്പ്; ഷഡ്ദർശനങ്ങൾ. എന്നാൽ "സായണമാധവന്റെ" സർവദർശനസംഗ്രഹത്തിൽ പതിനാറു ദർശനങ്ങൾ സംഗ്രഹിച്ചുകാണുന്നു. അവയിൽ ആറെണ്ണത്തിനു പ്രാധാന്യം കല്പിച്ചുകൊണ്ടായിരിക്കണം ഷഡ്ദർശനവ്യവഹാരം പ്രചാരത്തിൽ വന്നതു്. ന്യായം, വൈശേഷികം, സാംഖ്യം, യോഗം, മീമാംസ (പൂർവം), വേദാന്തം (ഉത്തരം) ഇത്രയുമാണു് പ്രസിദ്ധമായ ഷഡ്ദർശനങ്ങൾ. അവയുടെ ഉപജ്ഞാതാക്കൾ മുറയനുസരിച്ച് ഗോതമനും, കണാദനും, കപിലനും, പതഞ്ജലിയും, ജൈമിനിയും, വ്യാസനും. നാസ്തികവാദപ്രധാനങ്ങളായ ബൌദ്ധചാർവാകാദിദർശനങ്ങൾ ഇവിടെ പരിഗണിക്കപ്പെട്ടിട്ടില്ല. അതുകൾ, ഷഡ്ദർശനങ്ങളെ അപേക്ഷിച്ച് തത്ത്വാന്വേഷണത്തിൽ സ്ഥൂലദൃഷ്ടികളായിരിക്കുന്നതാവാം കാരണം. സിദ്ധാന്തങ്ങൾക്കു പ്രാബല്യം പോരാത്തതുകൊണ്ടായിരിക്കണം, ശൈവരാമാനുജാദി ആസ്തികദർശനങ്ങളും പ്രകൃതത്തിൽ ഒഴിവാക്കപ്പെട്ടിരിക്കുന്നതു്. ഇതു ശരിയാണെങ്കിൽ ഷഡ്ദർശനങ്ങളുടെ സംഖ്യാപരമായ വ്യവസ്ഥാപനം യുക്തിസഹവും വിചാരക്ഷമവുമായിട്ടുണ്ടു്.

ദർശനങ്ങളെ പൊതുവിൽ രണ്ടായി വിഭജിക്കാം; ശ്രൌതങ്ങളെന്നും, താർക്കികങ്ങളെന്നും. വേദപ്രാമാണ്യം മുൻനിറുത്തി തത്ത്വാന്വേഷണം സാധിക്കുന്നവ ശ്രൌതദർശനങ്ങൾ. വേദത്തെ പ്രമാണമാക്കാതെ തത്ത്വാന്വേഷണം സാദ്ധ്യമല്ലെന്നു ശ്രൌതദാർശനികന്മാർ വിശ്വസിക്കുന്നു. അവരുടെ അഭിപ്രായത്തിൽ വേദപ്രതിപാദിതമായ സംഗതി ആപാതത്തിൽ വിരുദ്ധമോ അസംഭാവ്യമോ ആയി തോന്നി

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

യാലും അതു സത്യമാണ്. ശ്രൌതദർശനികന്മാരെ വേദാന്തികളെന്നും പറയും. വേദവിരുദ്ധമായ കാര്യം അനുമാനം കൊണ്ടു സാധിക്കാമെന്നുവച്ചാൽ അതു വേദാന്തികൾക്കിഷ്ടമല്ല; അനുമാനം പ്രമാണമല്ലെന്നാണവരുടെ അഭിപ്രായം; പ്രമാണാഭാസമാണ്. തെളിവിന്, ശ്രൌതദർശനങ്ങളിലൊന്നായ പൂർവ്വമീമാംസയിലെ ഒരു സൂത്രം നോക്കുക. "ശ്രുതിവിരോധേ ത്വനപേക്ഷം സ്യാദസതിഹ്യനുമാനം" പാണിനിയും ഇതേ പക്ഷക്കാരനാണ്. "നചാഗമാദൃതേ ധർമ്മസ്തർക്കേണ വ്യവതിഷ്ഠതേ" എന്നു തുടങ്ങുന്ന സന്ദർഭം കൊണ്ടു ഭർത്തൃഹരി അക്കാര്യം വ്യക്തമാക്കുന്നു. അനുമാനത്തെയാണിവിടെ തർക്കശബ്ദംകൊണ്ടു വിവക്ഷിക്കുന്നതു്. ബ്രഹ്മസൂത്രവും തത്ത്വാന്വേഷണത്തിൽ വേദത്തെത്തന്നെ പ്രമാണമാക്കുന്നു. "ശാസ്ത്രയോനിത്വാത്" "ശ്രുതേസ്തു ശബ്ദമൂലത്വാത്" ഈ സൂത്രങ്ങൾ ഉക്തപക്ഷത്തിനു് ഉപോദ്ബലകമാണ്. ബ്രഹ്മസൂത്രം വേദാന്തത്തെ പ്രതിനിധാനംചെയ്യുന്നു. ആകയാൽ പൂർവ്വമീമാംസയും, ഉത്തരമീമാംസയായ വേദാന്തവും ശ്രൌതദർശനങ്ങളെന്നു തീരുമാനിക്കാം.

തത്ത്വാന്വേഷണത്തിൽ സർവ്വപ്രധാനമായി തർക്കത്തെ (അനുമാനത്തെ) അവലംബിക്കുന്നവയാണു താർക്കികദർശനങ്ങൾ; ഒപ്പം അതിനനുകൂലമായ വേദപ്രമാണങ്ങളെ അംഗീകരിക്കുന്നവയും. അതായതു് താർക്കികദർശനങ്ങൾ, തത്ത്വാന്വേഷണത്തിൽ തർക്കത്തെ മുഖ്യമായും വേദത്തെ ഗൌണമായും അംഗീകരിക്കുന്നു. ഇതാണു തത്ത്വനിരീക്ഷണത്തിൽ താർക്കികദർശനങ്ങളുടെ നിലപാട്. തർക്കമെന്നാൽ അനുമാനം. പദാർത്ഥപ്രകൃതിയായ കാര്യപ്രപഞ്ചത്തിന്റെ തത്ത്വാത്മകമായ കാരണം കണ്ടെത്തുക അനുമാനം കൂടാതെ കഴികില്ലെന്നാണു താർക്കികദർശനകാരന്മാരുടെ അഭിപ്രായം. കാര്യം സ്ഥൂലവും ഇന്ദ്രിയപ്രത്യക്ഷവും; കാരണം സൂക്ഷ്മവും ഇന്ദ്രിയാതീതവും. എന്നിരിക്കുമ്പോൾ കാരണത്തെ അറിയുക, കാര്യാനുഗുണമായ അനുമാനംകൊണ്ടല്ലാതെ സാദ്ധ്യമല്ല. താർക്കികദർശനകാരന്മാരുടെ സിദ്ധാന്തമാണിതു്. അതിനൊരുദാഹരണം ശ്രദ്ധിക്കുക. ന്യായദർശനത്തിലെ ഒരു സന്ദർഭം "യന്നിരവയവം നിത്യം"—നിരവയവമായ വസ്തു

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

നിത്യമാണ്. ആകാശം നിരവയവമായതിനാൽ നിത്യമായിരിക്കുന്നു; നിരവയവത്വംകൊണ്ടു പരമാണുക്കളെന്നപോലെ. ആകാശത്തിന്റെ നിത്യത്വം വേദസമ്മതവുമാണ്. "ആകാശ ആത്മനസ്സംഭൂതഃ" എന്നു തൈത്തിരീയശ്രുതി. ഇവിടെ പരമാണുക്കളുടെ നിരവയവത്വംകൊണ്ടു് ആകാശത്തിന്റെ നിത്യത്വം അനുമാനിച്ചിരിക്കുന്നു. യോജിച്ച വേദഭാഗമുദ്ധരിച്ചു് അതിനെ സമർത്ഥിച്ചിരിക്കയുമാണ്. ആകാശവിഷയകമായ നിത്യതയുടെ സമർത്ഥനത്തിൽ അനുമാനം പ്രധാനം; വേദഭാഗം അപ്രധാനം. തത്വപ്രതിപാദനത്തിൽ താർക്കികദർശനങ്ങളുടെ പോക്കു് ഇത്രയുംകൊണ്ടേകദേശം വ്യക്തമായിരിക്കും.

സേശ്വരദർശനങ്ങളെന്നും, നിരീശ്വരദർശനങ്ങളെന്നും താർക്കികദർശനങ്ങൾ രണ്ടുവിധം. ജഗത്കാരണമായി ഈശ്വരനെന്ന സ്വതന്ത്രഘടകത്തെ അംഗീകരിക്കുന്നതു സേശ്വരദർശനങ്ങൾ; അംഗീകരിക്കാത്തതു നിരീശ്വരദർശനങ്ങൾ. ഈശ്വരനെ അംഗീകരിക്കാത്തതായിട്ടു് ഒന്നു മാത്രമേയുള്ള താർക്കികദർശനങ്ങളുടെ പട്ടികയിൽ. കപിലോപജ്ഞമായ സാംഖ്യശാസ്ത്രമാണതു്. സാംഖ്യമെന്നപേരിൽ രണ്ടു ദർശനങ്ങൾ അറിയപ്പെടുന്നു; പതഞ്ജലിയുടെ യോഗവും, കപിലന്റെ സാംഖ്യവും. അവയെ ക്രമത്തിൽ സേശ്വരസാംഖ്യമെന്നും നിരീശ്വരസാംഖ്യമെന്നുംകൂടി പറയും. ഈ രണ്ടു ദർശനങ്ങളും തത്വസമീക്ഷയിൽ ഒരതിർത്തിവരെ യോജിച്ചുപോകുന്നു. അതുകൊണ്ടായിരിക്കണം സാംഖ്യയോഗങ്ങളെ സമാനകക്ഷ്യയിൽ പരിഗണിച്ചിരിക്കുന്നതു്. ഇതുപോലെ, മററു ദർശനങ്ങളേയും, തത്വവിചാരണയുടെ സാമാന്യസ്വഭാവമടിസ്ഥാനമാക്കി ജോഡിതിരിച്ചു വിഭജിക്കാം. പൂർവോത്തരമീമാംസകൾ, ന്യായവൈശേഷികങ്ങൾ, കൂട്ടിപ്പറയുമ്പോൾ, പൂർവോത്തരമീമാംസകളും ന്യായവൈശേഷികങ്ങളും സാംഖ്യായോഗങ്ങളും. പറഞ്ഞുവന്ന രീതിവച്ചു നോക്കിയാൽ, മൂന്നു ദർശനങ്ങൾ മുൻപന്തിയിൽ നില്ക്കുന്നതു കാണാം. ന്യായവും സാംഖ്യവും വേദാന്ത (ഉത്തരമീമാംസ) വും. ഓരോതരം വാദപദ്ധതിയിൽ നിലയുറപ്പിച്ചവയാണു ദർശനങ്ങളെല്ലാം. കൂട്ടത്തിൽ, ന്യായസാംഖ്യവേദാന്തങ്ങൾ, ക്രമത്തിൽ, അസത്കാര്യ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

(ആരംഭവാദം) വാദം, സത്കാൎയ്യ (പരിണാമം) വാദം, വിവൎത്തവാദം, ഇവയെ സമാശ്രയിക്കുന്നു. സിദ്ധാന്തപരമായി വളരെയധികം യോജിപ്പുണ്ടു് സാംഖ്യവേദാന്തങ്ങൾക്കു്. ഏതാനും അംശങ്ങളിൽ കാൎയ്യമായ യോജിപ്പുകേടും ഇല്ലാതില്ല. എന്നാൽ ന്യായദൎശനം സാംഖ്യവേദാന്തങ്ങളോടു മിക്കവാറും അഭിപ്രായത്തിൽ അകന്നുനില്ക്കുകയാണു്.

പ്രപഞ്ചകാരണം മൂന്നാണു ന്യായശാസ്ത്രദൃഷ്ടിയിൽ. ഈശ്വരനും, ഇച്ഛാശക്തിയും, പരമാണുവും. ഈശ്വരൻ, നിമിത്തകാരണം. ഇച്ഛാശക്തി അസമവായികാരണം. പരമാണു സമവായികാരണം. ഈശ്വരന്റെ ഇച്ഛാശക്തിക്കു വിധേയമായി പരമാണു ദ്വ്യണുകാദിക്രമത്തിൽ സംഘാതംപ്രാപിച്ചതാണത്രെ സ്ഥൂലപ്രപഞ്ചം. നിരവയവത്വമിരിക്കുന്നതുകൊണ്ടു കാരണമായ പരമാണു നിത്യം. തത്കാൎയ്യമായ പ്രപഞ്ചം അനിത്യം. ഉണ്ടായതൊന്നും നിത്യമല്ല. (യത്കൃതം തദനിത്യം). മൂന്നുകാലത്തിലും ഒന്നുപോലിരിക്കാത്തതു് അനിത്യം; അതുതന്നെ അസത്തു്. കാൎയ്യപ്രപഞ്ചം അനിത്യമായതുകൊണ്ടു് അസത്താണു്. ഇങ്ങനെ ന്യായദൎശനം പ്രാപഞ്ചികമായ അസത്കാൎയ്യവാദം സമൎത്ഥിക്കുന്നു. ഈ പക്ഷം സാംഖ്യശാസ്ത്രത്തിനു സമ്മതമല്ല. സാംഖ്യമതമനുസരിച്ചു് പ്രപഞ്ചകാരണം രണ്ടാണു്. പ്രകൃതിയും പുരുഷനും. ത്രിഗുണാത്മികയായ പ്രകൃതി, പുരുഷസാന്നിദ്ധ്യത്തിൽ പ്രപഞ്ചമായി പരിണമിക്കുന്നു. പ്രകൃതിയുടെ പ്രപഞ്ചാത്മകമായ പരിണാമം പരാൎത്ഥമാണു്; പുരുഷന്റെ ഭോഗാപവൎഗ്ഗങ്ങൾക്കുവേണ്ടിയാണു്. പ്രകൃതിയെ പ്രധാനമെന്നും പറയും. ത്രിഗുണങ്ങൾ സമാവസ്ഥയിലിരിക്കുമ്പോൾ പ്രകൃതി; ക്ഷോഭിക്കുമ്പോൾ (സൃഷ്ട്യാരംഭം) പ്രധാനം. പ്രകൃതിക്കും പ്രധാനത്തിനും ഇത്രമാത്രമേ വ്യത്യാസമുള്ളു; കാരണമായ പ്രകൃതിയും കാൎയ്യമായ പ്രപഞ്ചവും ഉള്ളതാണു്; നിത്യമാണു്. ഒന്നും പുതുതായി ഉണ്ടാവുകയോ നശിക്കുകയോ ചെയ്യുന്നില്ല. ഉള്ളതുതന്നെ പ്രകാശിക്കുകയും മറയുകയുമാണു്. ഒന്നു മറ്റൊന്നായി രൂപാന്തരപ്പെടുന്നെന്നുമാത്രം. ഇപ്പോൾ സാംഖ്യദൎശനമുപജീവിക്കുന്ന സത്കാൎയ്യവാദവും വ്യക്തമായിക്കഴി

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ണു. അതോടൊന്നിച്ചു ന്യായസാംഖ്യങ്ങളുടെ അടിസ്ഥാന
പരമായ അഭിപ്രായവ്യത്യാസവും പരമാത്മാവൊന്നുതന്നെ
യാണു പ്രപഞ്ചകാരണമെന്നു വേദാന്തദർശനം അനുശാസി
ക്കുന്നു. ഏകവും പരിപൂർണ്ണവും നിത്യവുമായ പരമാത്മ
സത്തയിൽ മായാകല്പിതമായ പ്രതിഭാസമാണു നാനാരൂപ
മായ പ്രപഞ്ചം അഥവാ ജഗത്തു്. പരമാത്മാവിന്റെ പാര
മാർത്ഥികമായ ഏകത്വം മായനിമിത്തം നാനാത്വമായി
പ്രതിഭാസിക്കുകയാണു്. ഏകത്വം നിത്യവും അതിൽ തോ
ന്നുന്ന നാനാത്വം അധ്യാസവും. ഒന്നൊരുവിധമിരിക്കെ
അതിനെ മറ്റൊന്നായറിയുന്നതാണധ്യാസം. (അതസ്മിം
സ്തദ്ബുദ്ധിരിത്യധ്യാസഃ) കാര്യമായ ജഗത്തിന്റെ നാമരൂ
പാത്മകമായ നാനാത്വം, കാരണമായ പരമാത്മാവിന്റെ
ഏകത്വത്തെ മറച്ചുകളയുന്നു. പോരാ, മറ്റൊന്നാക്കിത്തോ
ന്നിക്കയും ചെയ്യുന്നു. അതു മായയാണത്രെ. അപ്പോൾ
മായയ്ക്കു രണ്ടുതരം വൃത്തികൾ; വസ്തുസത്യത്തെ മറയ്ക്കുകയും,
മറച്ചതിനെ മറ്റൊന്നാക്കിത്തോന്നിക്കുകയും. ആദ്യത്തേ
തിനു് ആവരണമെന്നും, പിന്നത്തേതിനു വിക്ഷേപമെന്നും
ശാസ്ത്രീയസംജ്ഞകൾ. ഒരുദാഹരണംകൊണ്ടിതു വ്യക്തമാ
കാം; തടികൊണ്ടുണ്ടാക്കിയ ഒരാനരൂപം. തടിയിൽ ആനരൂ
പവും ആനരൂപത്തിൽ തടിയും ഉൾപ്പെട്ടിരിക്കുന്നു തടി
കാരണവും ആനരൂപം കാര്യവും. കാരണമായ തടി ഒന്നു
മാത്രം; ആനയെന്ന പേരു്, അതിന്റെ രൂപം—അങ്ങനെ
കാര്യം പലതു്. ഉദാഹരണത്തിൽ കാരണത്തിന്റെ ഏക
ത്വവും കാര്യഗതമായ നാനാത്വവും സ്പഷ്ടം. ഇതിലെ
കാര്യമായ ആനരൂപത്തിന്റെ നാനാത്വം കാരണമായ
തടിയുടെ ഏകത്വത്തെ സത്യദൃഷ്ടിയിൽനിന്നു മറച്ചുപിടി
ക്കുകയും അതിനെ ആനയാക്കിത്തോന്നിക്കയും ചെയ്യുന്നു.
തടിയിൽ കല്പിതമായ ആനയെ ഒരു നിമിഷത്തിൽ തടി
യെന്നറിയിക്കാത്തതു്, അഥവാ തടിയിൽ ആനയുടെ അധ്യാ
സമുളവാക്കുന്നതു്, ഒരുതരമജ്ഞതയാണു്. കാരണമായ തടി
യ്ക്കും കാര്യമായ ആനരൂപത്തിനുമിടയ്ക്കുള്ള സവിശേഷമായ
ഒരുതരമജ്ഞത തത്തുല്യമായ ഒരജ്ഞതാവിശേഷം പരമാ
ത്മസത്തയ്ക്കും അതിന്റെ പ്രതിഭാസമായ പ്രപഞ്ചത്തിനു
മിടയ്ക്കുണ്ടു്. പാരമാർത്ഥികദൃഷ്ടിയിൽനിന്നു പരമാത്മാവി

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ന്നെ മറച്ചുകളയുകയും കല്പിതമായ കാര്യപ്രപഞ്ചത്തിൽ സത്യബുദ്ധി ജനിപ്പിക്കുകയുമാണതിന്റെ സ്വഭാവം. അതേ സ്വഭാവമുള്ളകൊണ്ടു അജ്ഞതാവിശേഷംതന്നെ മായ. വേദാന്തത്തിലെ മായയും സാംഖ്യത്തിലെ പ്രകൃതിയുമൊന്നാണ്. (മായാം തു പ്രകൃതിം വിദ്ധി). സാംഖ്യശാസ്ത്രം പ്രപഞ്ചത്തെ പ്രകൃതിയുടെ പരിണാമമെന്നു സിദ്ധാന്തിക്കുമ്പോൾ, വേദാന്തം, അതിനെ പരമാത്മാവിൽ മായ നിമിത്തമുണ്ടാകുന്ന വിവർത്തരൂപമായ അദ്ധ്യാസമായി നിഷ്കർഷിക്കുകയാണ്. ഒന്നു പരിണാമം; മറേറതു വിവർത്തം (വിവിധം വർത്തയതി. വസ്തു, പൂർവ്വരൂപംവിട്ടു രൂപാന്തരം പ്രാപിക്കുന്നതു പരിണാമം; പൂർവ്വരൂപം വിടാതെ ഒന്നു പലതായി തോന്നുന്നതു് വിവർത്തം. വിത്തും മുളയും പരിണാമത്തിനും, കയററിൽ തോന്നുന്ന സർപ്പബുദ്ധി വിവർത്തത്തിനും ദൃഷ്ടാന്തങ്ങൾ. സാംഖ്യവേദാന്തങ്ങളുടെ അഭിപ്രായൈക്യം ഇത്രവരെ പറഞ്ഞതിൽനിന്നു കുറെയൊക്കെ വെളിവായിട്ടുണ്ട്. കാരണംതന്നെ കാര്യമായി മാറുകയാണെന്നു രണ്ടു ദർശനങ്ങളും ഏകകണ്ഠമായി സമ്മതിക്കുന്നു. പരിണാമം വിവർത്തം ഈ സ്വഭാവത്തിലാണെന്നേയുള്ളു. സൂക്ഷ്മദൃഷ്ടിയിൽ പരിണാമവിവർത്തങ്ങളുടെ വ്യത്യാസം അത്രകണ്ടു ഗൗരവാവഹമല്ലതാനും. കുറേക്കൂടെ ചിന്തിച്ചാൽ പരിണാമത്തേക്കാൾ, വസ്തുതയോടു വളരെയധികം അടുത്തുനിൽക്കുന്നതു വിവർത്തമാണെന്നുകൂടി മനസ്സിലാക്കാം.

ജീവിതക്ലേശത്തിന്റെ ആത്യന്തികനിവൃത്തി; അതു മാത്രമാണു ദർശനങ്ങളുടെയെല്ലാം പരമമായ ലക്ഷ്യം. ഐകാത്മ്യത്തിലും ന്യായത്തേക്കാൾ സാംഖ്യവേദാന്തങ്ങൾക്കാണ് കൂടുതൽ അടുപ്പം. പ്രമാണപ്രമേയാദി ഷോഡശപദാർത്ഥങ്ങളുടെ തത്ത്വജ്ഞാനംകൊണ്ടു നിഃശ്രേയസം (മോക്ഷം) നേടാമെന്നു ന്യായദർശനം സിദ്ധാന്തിക്കുന്നു. പ്രകൃതിപുരുഷവിവേകജ്ഞാനം നിമിത്തം ദുഃഖത്രയനിവൃത്തി (മോക്ഷം) സാധിക്കാമെന്നാണു സാംഖ്യപക്ഷം. വേദാന്തനയത്തിൽ ആത്മസാക്ഷാത്കാരമാണു് മോക്ഷം; പരമാത്മാവിനെ നേരിൽ കണ്ടറിയുകതന്നെ. കയററിൽ തോന്നിയ സർപ്പബുദ്ധി നീങ്ങുമ്പോൾ, കയററിന്റെ സത്യബോധം പ്രകാശിക്കുന്നതുപോലെ, മായാകല്പിതമായ പ്രപഞ്ചബോധത്തി

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ന്റെ അധ്യാസരൂപമായ ആവരണം നീങ്ങുന്നതോടെ വസ്തുസത്യം പ്രകാശിക്കുകയും, തന്മൂലം സകലദുഃഖനിവൃത്തിലക്ഷണമായ ആത്മസാക്ഷാത്കാരം സിദ്ധിക്കുകയും ചെയ്യുമത്രേ. വേദാന്തം നിർദ്ദേശിക്കുന്ന മോക്ഷമിതാണ്. എടുത്തുകാട്ടിയ സാംഖ്യപക്ഷത്തിലെ പ്രകൃതിപുരുഷവിവേകജ്ഞാനവും, വേദാന്തത്തിലെ ആത്മസാക്ഷാത്കാരവും തത്ത്വദൃഷ്ടിയിൽ ഭിന്നമല്ല. വസ്തുസത്യം നേരിട്ടറിയുകയെന്ന പ്രമേയംതന്നെ രണ്ടും. ഭിന്നരീതിയിൽ പറഞ്ഞിരിക്കുന്നൊന്നു മാത്രം. സാംഖ്യവേദാന്തങ്ങൾക്കിങ്ങനെ സംഗതമായ യോജിപ്പുണ്ട്—മാർഗ്ഗത്തിലും ലക്ഷ്യത്തിലും.

സാംഖ്യപക്ഷപാതികൾ, സാംഖ്യശാസ്ത്രത്തിനു സർവ്വദർശനപ്രാമാണ്യമവകാശപ്പെടുന്നു. മാത്രമല്ല എണ്ണപ്പെട്ട ഇതരദർശനങ്ങളുടെ മൗലികസിദ്ധാന്തങ്ങളെ യുക്തിവികലങ്ങളായി സമർത്ഥിക്കുകയും ചെയ്യുന്നു. അതിന്റെ ഒരു സാമാന്യമാതൃക ഇങ്ങനെ സംഗ്രഹിക്കാം. ശൂന്യവാദപ്രധാനമാണല്ലോ ബൗദ്ധദർശനം. എല്ലാം ശൂന്യ (അഭാവം) ത്തിൽനിന്നുണ്ടാകുന്നതായി ബൌദ്ധദർശനം സിദ്ധാന്തിക്കുന്നു. പ്രപഞ്ചം ഉള്ളതും, അതിന്റെ കാരണം ഇല്ലാത്തതുമാണു ബൗദ്ധപക്ഷത്തിൽ. (അസതസ്സജ്ജായതെ) വിത്തു നശിച്ചേ മുളയുണ്ടാകുന്നുള്ളു. പാലു നശിച്ചിട്ടാണു തൈരുണ്ടാകുന്നതു്. ഇതെല്ലാം ഇല്ലായ്മ (ശൂന്യം) യിൽനിന്നു സകലതുമുണ്ടാകുന്നതിനു ദൃഷ്ടാന്തങ്ങൾ. ഈ പക്ഷം ശരിയല്ലത്രേ. ഇല്ലായ്മയിൽനിന്ന് ഒന്നുമുണ്ടാകാത്തതാണു കാരണം. മച്ചിയുടെ മകനിൽനിന്നൊന്നുമുണ്ടാകുന്നില്ലല്ലോ; മുയൽക്കൊമ്പ് മറ്റൊന്നിന്റെയും കാരണവുമാകുന്നില്ല; എന്തുകൊണ്ട്? മച്ചിക്കു മകനും, മുയലിനു കൊമ്പുമില്ലാത്തതുകൊണ്ടുതന്നെ. വിത്തു നശിച്ചല്ല മുളയുണ്ടാകുന്നതു്; പിന്നെയോ? വിത്തിന്റെ ഒരംശം മുളയായി പരിണമിക്കുകയാണ്. അതുപോലെ പാലിന്റെ അംശമാണു തൈരായി രൂപാന്തരപ്പെടുന്നതു്. വിത്തും മുളയും, പാലും തൈരും ഉള്ളതാണ്; ഒന്നും നശിക്കുന്നില്ല. ഉള്ളതു രൂപാന്തരപ്പെടുകമാത്രം.

ന്യായദർശനം അസത്കാര്യവാദപ്രധാനമാണ്. ആരംഭവാദമെന്നും അതിനു നാമാന്തരമുണ്ട്. കാരണസാമഗ്രി

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

വരാൽ കാര്യമുണ്ടാകുന്നു. ഉണ്ടാകുന്നതിനുമുമ്പും ഉണ്ടായതിനുശേഷവും കാര്യമില്ലാത്തതാണു്. (പ്രാഗഭാവവും പ്രധ്വംസാഭാവവും); ആകയാൽ കാരണം സത്തും കാര്യം അസത്തുമെന്നു നൈയായികപക്ഷം (സതോഽസജ്ജായതെ). ദൃഷ്ടാന്തം: കുടം. കുടത്തിന്റെ കാരണം, മണ്ണും ദണ്ഡചക്രാദികളും. മണ്ണു മുതലായ കാരണസാമഗ്രിയുള്ളപ്പോഴും, കാര്യമായ കുടമില്ല; പിന്നീടാണുണ്ടാകുന്നതു്. പറഞ്ഞുവച്ച അസത്കാര്യവാദവും യുക്തിസഹമല്ല. കാര്യമില്ലാത്തതാണെങ്കിൽ അതൊരിക്കലുമുണ്ടാവുന്നതല്ല. മണലിൽനിന്നു് എണ്ണയും മുയലിൽനിന്നു കൊമ്പുമുണ്ടാകാത്തതു ദൃഷ്ടാന്തം. കാര്യമായ എണ്ണയും, കൊമ്പും, ക്രമത്തിൽ കാരണമായ മണലിൽനിന്നും മുയലിൽനിന്നുമുണ്ടാകാതിരിക്കുന്നതു് ഇല്ലാത്തതുകൊണ്ടാണു്. കാരണമായ മണ്ണുതന്നെയാണു കുടമായി പരിണമിക്കുന്നതു്. വേറൊന്നുമല്ല. മണ്ണു്, പൂർവ്വരൂപം വിട്ടു രൂപാന്തരം പ്രാപിക്കുന്നതേയുള്ളു.

അടുത്തതു വേദാന്തദർശനം; വിവർത്തവാദപ്രധാനമാണല്ലൊ വേദാന്തം. "അപ്രച്യുതപൂർവ്വരൂപസ്യ അസത്യനാനാകാരാവഭാസൊ വിവർത്തഃ" എന്നു വിവർത്തലക്ഷണം. വസ്തുവിന്റെ പൂർവ്വരൂപം നഷ്ടപ്പെടാതെ അതു പലതായി തോന്നുന്നതാണു വിവർത്തം. "വിവിധം വർത്തയതി ഇതി" എന്നു വിവർത്തശബ്ദത്തിന്റെ വ്യുത്പത്തി. കയറു് പാമ്പായി തോന്നുന്നതു് ഉദാഹരണം. പരമാത്മവസ്തുവിന്റെ ഏകത്വത്തിൽ, മായനിമിത്തമുണ്ടാകുന്ന നാനാരൂപമായ പ്രതിഭാസമാത്ര ജഗത്തു്. ഇങ്ങനെ വേദാന്തം അതിന്റേതായ വിവർത്തസിദ്ധാന്തം സമുന്നയിക്കുന്നു. പ്രകൃതമായ വേദാന്തപക്ഷത്തിനും സാംഗത്യം പോരാ. പദാർത്ഥം പ്രത്യക്ഷസിദ്ധമാവുക, ബാധകാഭാവത്തിലാണു്. അതിൽ മിഥ്യാത്വം സംഗതമല്ല പ്രപഞ്ചപദാർത്ഥം, അഥവാ ജഗത്തു്, പ്രത്യക്ഷസിദ്ധമായിരിക്കെ, അതിലെങ്ങനെ മിഥ്യാത്വം യോജിക്കും? ഒരിക്കലും യോജിക്കില്ല ബാധജ്ഞാനമാണല്ലോ മിഥ്യാത്വം. അതു് മറെറാരു കാരണമാണു്. "ജഗത്സത്യമദുഷ്ടകാരണജന്യത്വാദ് ബാധകാഭാവാത്" എന്ന കപിലസൂത്രം നോക്കുക. ദുഷ്ടകാരണജന്യ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ത്വവും ബാധകാഭാവവും നിമിത്തം ജഗത്തു് സത്യമായിരിക്കുന്നു. ഇതാണു് സൂത്രാർത്ഥം. ദുഷ്ടകാരണത്തിൽനിന്നുണ്ടാകാറുന്നതു്, ദുഷ്ടകാരണജന്യം. വെളുത്ത ശംഖിനെ മഞ്ഞയായി കാണുക; ഇവിടെ കണ്ണിന്റെ ദോഷം കാരണമായതുകൊണ്ടു് പീത(മഞ്ഞ) ശംഖജ്ഞാനം ദുഷ്ടകാരണജന്യം. ബാധകത്വമെന്നാൽ മിത്ഥ്യാജ്ഞാനം; വെള്ളിയെ വെള്ളിയല്ലെന്നറിയുക ഉദാഹരണം. പദാർത്ഥപരമായ അന്യഥാജ്ഞാനത്തിനിങ്ങനെ രണ്ടു കാരണം. ഇന്ദ്രിയപ്രത്യക്ഷമായ ജഗത്തിനെ സംബന്ധിച്ചാണെങ്കിൽ ഇപ്പറഞ്ഞ രണ്ടു കാരണവും സംഗതമല്ല. അതുകൊണ്ടു് കാരണത്തെപ്പോലെ കാര്യമായ ജഗത്തും സത്യമാണു്; മിത്ഥ്യയല്ല. സാംഖ്യന്മാർ, ബൌദ്ധന്യായവൈയാസികപക്ഷങ്ങളെ യുക്തിപൂർവ്വം ഖണ്ഡിച്ചു് സത്കാര്യവാദം സമർത്ഥിക്കുന്നതിന്റെ സാമാന്യസ്വഭാവമാണിതു്. ഈ കാഴ്ചപ്പാടിൽ സാംഖ്യശാസ്ത്രം, ന്യായവേദാന്തങ്ങളെ അധഃകരിക്കുന്നതായിക്കാണാം. പക്ഷേ അധികാരിനിർണ്ണയഘട്ടത്തിൽ മദ്ധ്യമാധികാരികൾക്കാണു് സാംഖ്യശാസ്ത്രം വിധിച്ചിരിക്കുന്നതു്. ന്യായവൈശേഷികങ്ങൾ മന്ദാധികാരികൾക്കും വേദാന്തം ഉത്തമാധികാരികൾക്കും വിധിച്ചിരിക്കുന്നു.

വിഷ്ണുഭാഗവതത്തിൽ സാംഖ്യസിദ്ധാന്തങ്ങളുടെ പരാമർശം കാണുന്നുണ്ടു്. അതിൽ പ്രകൃതിതത്ത്വങ്ങൾ ഇരുപത്തിനാലാണു്; പുരുഷനു പകരം കാലത്തെ അംഗീകരിച്ചിരിക്കുന്നു. കാലത്തെക്കുറിച്ചു് രണ്ടഭിപ്രായമുണ്ടു്. ചേതനനായ പുരുഷന്റെ പ്രഭാവമാണു കാലമെന്നു് ഒരഭിപ്രായം. രണ്ടാമത്തെ അഭിപ്രായം, ജഡരൂപമായ പ്രകൃതിയെ ചേഷ്ടാനിരതമാക്കുന്ന ഈശ്വരൻതന്നെ ശരീരത്തിനുള്ളിൽ പുരുഷനായും, പുറമേ കാലമായുമറിയപ്പെടുന്നുവെന്നാണു്. ഈശ്വരകൃഷ്ണന്റെ സാംഖ്യകാരിക, ഇരുപത്തിനാലു പ്രകൃതിതത്ത്വങ്ങളും, അനുഭയരൂപനായ പുരുഷനുമുൾപ്പെടെ ഇരുപത്തഞ്ചു തത്ത്വങ്ങളെ നിർദ്ദേശിക്കുന്നു. ബുദ്ധി, അഹങ്കാരം, പഞ്ചതന്മാത്രകൾ, പഞ്ചഭൂതങ്ങൾ, ദശേന്ദ്രിയങ്ങൾ, മനസ്സു്, പ്രകൃതി, പുരുഷൻ ഇത്രയുമാണു് സാംഖ്യശാസ്ത്രവിഹിതമായ ഇരുപത്തഞ്ചു തത്ത്വങ്ങൾ. തത്ത്വങ്ങളെ പദാർത്ഥങ്ങളെന്നും പറയും.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സംഖ്യാശബ്ദത്തിന് അണ്പ്രത്യയംവച്ചു തദ്ധിതരൂപമാണ് സാംഖ്യം. "സംഖ്യാ അസ്ത്യത്ര ഇതി" എന്ന് സാംഖ്യപദത്തിന്റെ വ്യുത്പത്തി. സംഖ്യ — ജ്ഞാനം — ഇതിലുണ്ടെന്ന് അതിന്റെ അർത്ഥം. വേറൊരുവിധത്തിലും വ്യുത്പാദിപ്പിക്കാം സാംഖ്യപദത്തെ — "സമ്യക് ഖ്യായതേ അനയാ വസ്തുതത്വം" എന്ന്. ഇതുകൊണ്ട് വസ്തുതത്വം വേണ്ടവണ്ണം പ്രകാശിക്കുന്നു; ഇങ്ങനെ ആ പദത്തിന്റെ അർത്ഥം. വസ്തുതത്വം വെളിപ്പെടുത്തുന്നതു ജ്ഞാനമാണല്ലോ. അതുള്ളതു് (സംഖ്യയുള്ളതു്) സാംഖ്യം. സാംഖ്യശബ്ദത്തിന്റെ ജ്ഞാനവാചകത്വം ശാസ്ത്രസിദ്ധമാണ്. "ഏഷാ തേഽഭിഹിതാ സാംഖ്യേ" എന്നു ഗീത. മഹാസിദ്ധനായ കപിലമുനിയാണ് സാംഖ്യദർശനത്തിന്റെ ഉപജ്ഞാതാവ്. അദ്ദേഹത്തിന്റെ ജീവിതകാലം ഇനിയും അറിവായിട്ടില്ല. സ്വായംഭുവമനുവിന്റെ പുത്രനായ കർദ്ദമപ്രജാപതിക്കു ദേവഹൂതിയിൽ ജനിച്ച പുത്രനാണു കപിലനെന്നു ഭാഗവതത്തിൽ കാണുന്നു. കപിലോപജ്ഞമായതുകൊണ്ട് കാപിലമെന്നും സാംഖ്യശാസ്ത്രത്തിനു പേരുണ്ട്. പണ്ഡിതന്മാർക്കിടയിൽ സാംഖ്യശാസ്ത്രത്തെ അധികരിച്ചൊരഭിപ്രായം പ്രചാരത്തിലിരിക്കുന്നതായറിയാം. അതെന്താണെന്നാൽ? കപിലപ്രണീതമായ സാംഖ്യശാസ്ത്രം കാലഗതിയിൽ നഷ്ടമായിപ്പോയി. നിലവിലിരിക്കുന്ന സൂത്രരൂപമായ സാംഖ്യശാസ്ത്രം, പിൽക്കാലത്തു വിജ്ഞാനഭിക്ഷുവെന്നൊരാൾ എഴുതിയതാണ്. അതിലിങ്ങനെയൊരു സന്ദർഭമുണ്ട്. "അവിവേകനിമിത്തോ വാ പഞ്ചശിഖഃ" ഇവിടെ സ്മരിച്ചുകാണുന്ന "പഞ്ചശിഖൻ" കപിലനുശേഷം ജീവിച്ചിരുന്നൊരാചാര്യനാണ്. തനിക്കു പിമ്പു ജീവിച്ചിരുന്ന ഒരാളെ സ്വഗ്രന്ഥത്തിൽ കപിലൻ അനുസ്മരിക്കാൻ സംഗതിയില്ല. അപ്പോൾ പ്രചാരത്തിലുള്ള സാംഖ്യശാസ്ത്രം, കപിലന്റേതല്ലെന്നു നിസ്സന്ദേഹം തീർച്ചപ്പെടുത്താം. മാത്രമല്ല ശ്രീ ശങ്കരൻ തുടങ്ങിയ പ്രാമാണികന്മാർ, സാംഖ്യസിദ്ധാന്തങ്ങളുദ്ധരിക്കുമ്പോൾ, ഈശ്വരകൃഷ്ണന്റെ സാംഖ്യകാരികയാണുപജീവിക്കുക. പ്രത്യുത സൂത്രാത്മകമായ സാംഖ്യശാസ്ത്രമല്ല. ഇതെല്ലാം, സൂത്രനിബദ്ധമായ സാംഖ്യശാസ്ത്രം

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

കപിലകത്തൃകമല്ലെന്നു തീരുമാനിക്കാൻ തികച്ചും അവസരം നൽകുന്നു.

ജീവിതം ദുഃഖപൂർണ്ണമാണ്; വിശേഷിച്ചു മനുഷ്യജീവിതം. എല്ലാ ദുഃഖങ്ങളിൽനിന്നും അങ്ങേയററം നിവർത്തിക്കണം; വീണ്ടുമുണ്ടാകാത്തവണ്ണം ദുഃഖങ്ങളെ ഒന്നാകെ പിന്നിട്ടുപോകണം; അതിനു പര്യാപ്തമായ ഉത്തമമാർഗ്ഗത്തെ ദർശനങ്ങൾ ചൂണ്ടിക്കാട്ടുന്നു. ആ പ്രസ്തുതത്തിൽ സാംഖ്യദർശനം നിർദ്ദേശിക്കുന്ന ദുഃഖനിവൃത്തിമാർഗ്ഗമേതുവിധമെന്നു പരിശോധിക്കാം. ദുഃഖങ്ങളെ മൊത്തം മൂന്നിനമായി വിഭജിക്കയാണാദ്യമായിട്ട്. ആധിദൈവികമെന്നും ആധിഭൗതികമെന്നും ആദ്ധ്യാത്മികമെന്നും. പ്രകൃതിക്ഷോഭം ഗ്രഹചാരദോഷം ഇവയിൽനിന്നുണ്ടാകുന്ന ദുഃഖം ആധിദൈവികം. ദുഷ്ടജന്തുക്കളും രോഗാദികളുംനിമിത്തം ശരീരത്തിനുണ്ടാകുന്ന ദുഃഖം ആധിഭൗതികം. കാമാദികൾനിമിത്തമുണ്ടാകുന്ന മാനസികദുഃഖം ആദ്ധ്യാത്മികം. മൂന്നുവക ദുഃഖവും കൂട്ടിപ്പറയുമ്പോൾ ദുഃഖത്രയം. അതിന്റെ—ദുഃഖത്രയത്തിന്റെ—നിവൃത്തിക്കു മൂന്നുതരമുപായം. ലൗകികവും, വൈദികവും, വിവേകജ്ഞാനവും. സുരക്ഷിതമായ സ്ഥലത്തെ താമസം, രസായനാദ്യൗഷധങ്ങൾ, സുന്ദരിയായ സ്ത്രീ, ഹിതകരമായ ഭക്ഷ്യപേയങ്ങൾ, ഇതൊക്കെ ലൗകികോപായത്തിലുൾപ്പെടുന്നു യാഗാദികളാണ് വൈദികോപായം. പറഞ്ഞ രണ്ടുതരമുപായവും ദുഃഖത്രയത്തിന്റെ താല്ക്കാലികനിവൃത്തിക്കുമാത്രമേ സഹായിക്കൂ. അതായത് ലൗകികോപായവും വൈദികോപായവുംകൊണ്ടു നേടുന്ന ദുഃഖത്രയനിവൃത്തി അല്പകാലത്തേയ്ക്കുമാത്രം. പിന്നെയുമുണ്ടാകും. എന്നാൽ മൂന്നാമത്തെ ഉപായമുണ്ടല്ലോ; വിവേകജ്ഞാനം. അതാണു ദുഃഖത്രയത്തിന്റെ ആത്യന്തികനിവൃത്തിക്കു പ്രയോജനപ്പെടുന്നത്. വിവേകജ്ഞാനമെന്നാൽ, പ്രകൃതിയേയും പുരുഷനേയും വേർതിരിച്ചറിയുക. ബുദ്ധി, അഹങ്കാരം, ഇന്ദ്രിയങ്ങൾ, വിഷയങ്ങൾ, പഞ്ചഭൂതങ്ങൾ, ഇവ പ്രകൃതിപരിണാമങ്ങളാണ്. പുരുഷൻ സ്വന്തനിലയിൽ സ്വതന്ത്രനും നിസ്സംഗനും നിർവ്വികാരനുമായിരിക്കുന്നു. സാമീപ്യംനിമിത്തം ബുദ്ധ്യാദികളായ പ്രകൃതിപരിണാമങ്ങ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ളോട് പുരുഷനു ഭോഗരൂപമായ ഒരുവക ബന്ധം തോന്നാറുണ്ട്. അജ്ഞാനംകൊണ്ടാണതുണ്ടാകുന്നത്. തന്മൂലം പുരുഷനു സുഖദുഃഖാദികൾ അനുഭവപ്പെടുന്നു. ബന്ധഹേതുകമായ അജ്ഞാനം നീങ്ങുമ്പോൾ, പുരുഷൻ സ്വാതന്ത്ര്യനും നിസ്സംഗനുമെന്നു സ്വയം ബോധപ്പെടും. ഉടൻതന്നെ പ്രകൃതി, ആ പുരുഷനെ സംബന്ധിച്ചിടത്തോളം സ്വന്തമായ പരിണാമവൃത്തിയിൽനിന്നു വിരമിക്കയും ചെയ്യും. നൃത്തപ്രകടനമവസാനിക്കുമ്പോൾ, നർത്തകി വിരമിക്കുന്നതുപോലെ. അതോടൊപ്പം പുരുഷൻ മുക്തനുമാകും. വിവേകജ്ഞാനം നേടുന്ന ഓരോ പുരുഷനും അപ്രകാരം മുക്തനായിത്തീരുന്നു. ദുഃഖത്രയത്തിൽനിന്ന് എന്നെന്നേക്കുമായി മോചിക്കുന്നു. പ്രകൃതിപുരുഷവിവേകജ്ഞാനം ദുഃഖങ്ങളുടെ ആത്യന്തികനിവൃത്തിക്കു പ്രയോജനപ്പെടുന്നതിന്റെ മാതൃകയാണിത്. ദുഃഖത്രയനിവർത്തകമായ ഈ പരമോപായമാണു സാംഖ്യദർശനത്തിലെ മുഖ്യപ്രമേയം.

സ്ഥൂലപ്രപഞ്ചത്തിന്റെ മൂലഘടകങ്ങളാണ് പ്രകൃതിയും പുരുഷനും. അവ രണ്ടും അനശ്വരതത്ത്വങ്ങളായെന്നെന്നും നിലനില്ക്കുന്നു. പ്രകൃതി ജഡവും പരിണാമസ്വഭാവമുള്ളതുമാണ്. ചേതനാത്മകനും നിസ്സംഗനും നിർവ്വികാരനുമാണു പുരുഷൻ. അനേകമുണ്ടു പുരുഷന്മാർ. സത്ത്വരജസ്തമോഗുണങ്ങളുടെ സംഘടിതരൂപമാണു പ്രകൃതി. സത്ത്വം പ്രകാശാത്മകം. രജസ്സ്, രഞ്ജനാത്മകം. തമസ്സ് ആവരണാത്മകം. സത്ത്വഗുണം പദാർത്ഥങ്ങളെ പ്രകാശിപ്പിക്കുന്നു. വിഷയങ്ങളുമായി മനസ്സിനെ രഞ്ജിപ്പിക്കുന്നതു രജോഗുണമാണ്. തമോഗുണം വസ്തുതകളെ മറച്ചുകളയുന്നു. ത്രിഗുണങ്ങളിൽ രജസ്സിനുമാത്രമേ പ്രവർത്തനശേഷിയുള്ളു. സത്ത്വതമസ്സുകളെ പ്രവൃത്തിനിരതങ്ങളാക്കുന്നതു രജസ്സാണ്. ഗുണങ്ങൾ പ്രവൃത്ത്യുന്മുഖങ്ങളാകുമ്പോൾ സൃഷ്ടി ആരംഭിക്കുകയായി. പ്രകൃതി, അഥവാ പ്രധാനം സൃഷ്ടിയുടെ ആരംഭത്തിൽ ഓരോ പുരുഷനുംവേണ്ടി ഓരോ ലിംഗശരീരം സൃഷ്ടിക്കുന്നു. സൂക്ഷ്മശരീരംതന്നെ ലിംഗശരീരം. പ്രളയകാലത്തു ലിംഗശരീരം അതിന്റെ കാരണമായ പ്രകൃതിയിൽചെന്നു ലയിക്കുന്നു. അതുകൊണ്ടു ലിംഗശരീരമെന്ന പേര് സാർത്ഥകമായി. 'ലയം ഗച്ഛതി ഇതി' എന്നു ലിംഗ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ശബ്ദത്തിന്റെ വ്യുത്പത്തി. എവിടെയും നിർബാധം കടന്നുചെല്ലാൻ കഴിവുണ്ടു് ലിംഗശരീരത്തിനു്. പാറയ്ക്കുള്ളിലും അതു കടന്നുചെല്ലുമത്രേ. ബുദ്ധി, അഹങ്കാരം, മനസ്സ്, ജ്ഞാനേന്ദ്രിയങ്ങൾ, കർമ്മേന്ദ്രിയങ്ങൾ, പഞ്ചതന്മാത്രകൾ, ഇത്രയും (പതിനെട്ടു തത്വങ്ങൾ) ഉൾപ്പെട്ടതാണു ലിംഗശരീരം. യഥേഷ്ടം സ്ഥൂലശരീരത്തെ സ്വീകരിക്കുന്നതും വിടുന്നതും ലിംഗശരീരമാണു്. ജനനമരണരൂപമായ സംസാരത്തെ പ്രാപിക്കുന്നതും ലിംഗശരീരം തന്നെ. പുരുഷനു സംസാരബന്ധമുണ്ടാക്കുന്നതും മറ്റൊന്നല്ല. സൃഷ്ടിമുതൽ പ്രളയം വരെ ലിംഗശരീരം നിലനില്ക്കുന്നു.

ലോകം ദുഃഖപരാധീനമാണു്. സകല ജീവികളും ദുഃഖത്തെ വെറുക്കുന്നു, സുഖത്തെ ഇഷ്ടപ്പെടുകയും ചെയ്യുന്നു. പ്രതികൂലമായി ബാധിക്കുന്നതുകൊണ്ടാണു ജീവികളൊക്കെ ദുഃഖത്തെ വെറുക്കുന്നതു്. സുഖത്തെ സ്വാധീനപ്പെടുത്താനും ദുഃഖത്തെ ഒഴിവാക്കാനും എല്ലാവരും നിരന്തരം യത്നിച്ചുകൊണ്ടിരിക്കുന്നു. ഫലമോ? വിപരീതം. സുഖത്തിനു പകരം ദുഃഖമാണനുഭവപ്പെടുക. 'കാമിനീകാഞ്ചനാ'ദിഭൗതികവസ്തുക്കളെ സുഖസാധനങ്ങളായി ഭ്രമിക്കുന്നതുകൊണ്ടാണങ്ങനെ സംഭവിക്കുന്നതു്. യഥാർത്ഥമായ നിത്യസുഖവും അതിന്റെ സമ്പാദനമാർഗ്ഗവും മനസ്സിലാക്കാതെ മനുഷ്യൻ സുഖത്തിന്റെ പേരിൽ കണ്ണിൽക്കണ്ട നശ്വരപദാർത്ഥങ്ങളുടെ പിന്നാലെ പാഞ്ഞുനടക്കുന്നു. കടശ്ശിയിൽ അവസാനിക്കാത്ത അനേകം ദുഃഖപരമ്പരകളിലകപ്പെട്ടു വലഞ്ഞു വിലതീരാത്ത മനുഷ്യജന്മം വെറുതെ കളഞ്ഞുകുളിക്കുന്നു. ഈ കനത്ത ഗതികേടിൽനിന്നു മനുഷ്യസമുദായത്തെ സമുദ്ധരിക്കാൻവേണ്ടി, ഭഗവാൻ കപിലമുനി സാംഖ്യശാസ്ത്രതത്വങ്ങൾ ലോകത്തിനു വെളിപ്പെടുത്തിക്കൊടുത്തു. അജ്ഞതയുടെ അന്ധകാരത്തിലടിഞ്ഞു നട്ടംതിരിയുന്ന മനുഷ്യവർഗ്ഗത്തിനു സാംഖ്യശാസ്ത്രം, ജീവിതസത്യത്തിന്റെ സനാതനപ്രകാശം പരത്തി നിത്യാശ്വാസമരുളുന്നു. കപിലമുനി, സ്വോപജ്ഞമായ സാംഖ്യശാസ്ത്രതത്വങ്ങൾ ആദ്യം സ്വശിഷ്യനായ ആസുരിക്കു് ഉപദേശിച്ചു. അദ്ദേഹം, സ്വന്തശിഷ്യനായ പഞ്ചശിഖനുപദേശിച്ചു. അങ്ങനെ ശിഷ്യപരമ്പരവഴിക്കു സാംഖ്യതത്വങ്ങൾ, മഹർഷിമുഖ്യനായ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഈശ്വരകൃഷ്ണനും സിദ്ധിച്ചു. വൈദ്യശാസ്ത്രത്തിനെന്നു പോലെ, നാലുവിഭാഗമുണ്ട് സാംഖ്യശാസ്ത്രത്തിനും. രോഗം, രോഗകാരണം, രോഗനിരാകരണം, നിരാകരണോപായം, ഇവ നാലും വൈദ്യശാസ്ത്രത്തിലെ വിഭാഗം. അപ്രകാരം, ദുഃഖവും, ദുഃഖകാരണവും, ദുഃഖനിവാരണവും, നിവാരണോപായവുമെന്നു നാലു വിഭാഗം സാംഖ്യശാസ്ത്രത്തിലുമുണ്ട്.

ഈശ്വരകൃഷ്ണൻ, ശിഷ്യപരമ്പരയാ തനിക്കു ലഭിച്ച സാംഖ്യതത്വങ്ങൾ സൂക്ഷ്മം പരിശോധിച്ചു ക്രമപ്പെടുത്തി, ആര്യാവൃത്തത്തിൽ കാരികകളായി നിബന്ധിച്ചു. "സാംഖ്യകാരിക" എന്നു് അതിന്റെ പേരു്. എഴുപത്തൊന്നു കാരികകളുണ്ടാകപ്പാടെ സാംഖ്യകാരികയിൽ. ശ്രീശങ്കരാചാര്യസ്വാമികൾ സർവ്വസിദ്ധാന്തസംഗ്രഹത്തിൽ മുപ്പത്തൊൻപതു ഗ്രന്ഥ (അനുഷ്ടുപ്പ് ശ്ലോകങ്ങൾ) ങ്ങളായി "സാംഖ്യസിദ്ധാന്തങ്ങളെ" സംഗ്രഹിച്ചിരിക്കുന്നു. സാംഖ്യകാരികാനിർമ്മാതാവായ, ഈശ്വരകൃഷ്ണന്റെ ജീവിതകാലം, ജന്മദേശം മുതലായവയെക്കുറിച്ചു യാതൊരറിവുമില്ല. ശാരീരകഭാഷ്യത്തിൽ, സാംഖ്യകാരികയിലെ ചില സന്ദർഭങ്ങൾ ഉദ്ധരിച്ചുകാണുന്നതുകൊണ്ടു്, ഭാഷ്യകർത്താവായ ആചാര്യസ്വാമികൾക്കുമുമ്പു് ഈശ്വരകൃഷ്ണൻ ജീവിച്ചിരുന്നതായി മനസ്സിലാക്കാം. അദ്ദേഹം, വിന്ധ്യപർവ്വതത്തിൽ താമസിച്ചിരുന്നതായി കുമാരിലഭട്ടന്റെ ശ്ലോകവാർത്തികത്തിൽ പറഞ്ഞിരിക്കുന്നു. മററു ചിലരുടെ അഭിപ്രായത്തിൽ ഈശ്വരകൃഷ്ണൻ, സാക്ഷാത് ഭഗവാൻ ശ്രീകൃഷ്ണൻതന്നെയാണു്. വേദവ്യാസനും കൃഷ്ണനെന്നു പേരുണ്ടത്രെ. വ്യാസനിൽനിന്നു വേർതിരിച്ചുകാട്ടാനാണു് ഈശ്വരശബ്ദംകൊണ്ടു് വിശേഷിപ്പിച്ചതെന്നു് അവർ അഭിപ്രായപ്പെടുന്നു.

ഈശ്വരകൃഷ്ണന്റെ സാംഖ്യകാരികയ്ക്കു് മഹാപണ്ഡിതനായ "വാചസ്പതിമിശ്രൻ" "തത്വകൗമുദി" എന്ന പേരിൽ ഒരു ഭാഷ്യമെഴുതീട്ടുണ്ടു്. ശാരീരകഭാഷ്യത്തിനു് "ഭാമതീ" വ്യാഖ്യാനമെഴുതിയ വാചസ്പതിമിശ്രൻതന്നെയാണു് തത്വ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

കൗമുദിയുടേയും രചയിതാവ്; അദ്ദേഹം മിഥിലയിൽ ജീവിച്ചിരുന്നു. ഒൻപതാം നൂററാണ്ടിലാണതു്. വാചസ്പതിമിശ്രൻ തന്നെ അക്കാര്യം സ്വന്തകൃതിയായ "ന്യായസൂചീനിബന്ധ"ത്തിൽ ഇപ്രകാരം വെളിപ്പെടുത്തിയിരിക്കുന്നു.

"ന്യായസൂചീനിബന്ധോയമകാരി സുധിയാം മുദെ''
ശ്രീ വാചസ്പതിമിശ്രേണ വസ്വങ്കവസുവാസരെ."

ഇതിലെ "വസ്വങ്കവസുവാസര"ത്തെ സംഖ്യയാക്കി മാററിയാൽ 898 എന്നു കിട്ടും. അതു് ഒൻപതാം നൂററാണല്ലൊ. ഇത്രയുമല്ലാതെ വാചസ്പതിമിശ്രനെ സംബന്ധിക്കുന്ന മററു വിവരങ്ങളൊന്നുമറിഞ്ഞുകൂട.

സാംഖ്യകാരികയുടേയും തത്ത്വകൗമുദീഭാഷ്യത്തിൻേറയും പരിഭാഷയാണീപ്പുസ്തകം. അപ്പോൾ, "ഭാഷാസാംഖ്യദർശന"മെന്ന പേരു് ഇതിനെങ്ങനെ യോജിക്കുമെന്നു സംശയമുണ്ടാകാം. അതിനു സമാധാനം പറയട്ടെ. കപിലപ്രോക്തമായ സാംഖ്യദർശനം നഷ്ടപ്പെട്ടുപോയി; പ്രചാരത്തിലിരിക്കുന്ന സൂത്രാത്മകമായ സാംഖ്യദർശനം കപിലരുടേതല്ല. പണ്ഡിതലോകം അതിനെ അത്രത്തോളമാദരിക്കുന്നുമില്ല യഥാർത്ഥസാംഖ്യദർശനത്തിൻെറ സ്ഥാനത്തു് ഈശ്വരകൃഷ്ണൻെറ സാംഖ്യകാരികയാണാദരിക്കപ്പെടുന്നതു്. ഇതിൽനിന്നു് കപിലപ്രണീതമായ സാംഖ്യശാസ്ത്രത്തിൻെറ സ്ഥാനം, ഈശ്വരകൃഷ്ണൻെറ സാംഖ്യകാരികാതികൾക്കുമവകാശപ്പെടുന്നതായി മനസ്സിലാക്കാൻ പ്രയാസമില്ല. എന്നു വരുമ്പോൾ "ഭാഷാസാംഖ്യദർശന"മെന്ന പേരിൻെറ സാധുത്വവും സാംഗത്യവുമേവർക്കും വ്യക്തമായി കാണാവുന്നതേയുള്ളു. പരിഭാഷയുടെ കാര്യത്തിൽ, കാരികകളെ വ്യാഖ്യാനിക്കുകയും ഭാഷ്യസന്ദർഭങ്ങളെ ഭാഷാന്തരപ്പെടുത്തുകയുമാണു ചെയ്തിട്ടുള്ളതു്. ശാസ്ത്രകാര്യമായതുകൊണ്ടു് നിയമത്തിൻെറ നാലതിരുകൾക്കുള്ളിൽ നിൽക്കുകയല്ലാതെ, പരിഭാഷാസരണിയിൽ സ്വാതന്ത്ര്യമൊന്നുമെടുത്തിട്ടില്ല. ആവശ്യമായി തോന്നിയ ഘട്ടങ്ങളിൽ, ശിവനാരായണശാസ്ത്രികളുടെ "സാരബോധിനീ"വ്യാഖ്യാനത്തെ ഉപജീവിച്ചിട്ടുണ്ടു്. ശ്രദ്ധാപൂർവ്വം വായിക്കുന്നവർക്കു് ഇപ്പറഞ്ഞതെല്ലാം യഥാസന്ദർഭം കാണാൻ കഴിയും.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഭാഷാസാംഖ്യദർശനത്തിൻെറ അച്ചടികാര്യവുമായി ഞാനാദ്യം സമീപിച്ചത് കേരളത്തിലെ മികച്ച പ്രസിദ്ധീകരണക്കാരായ "എൻ. ബി. എസ്സ്" കാരെയാണ്. ഭാഷയുടെ ബഹുമുഖമായ അഭിവൃദ്ധിയിലും എഴുത്തുകാരുടെ അഭ്യുദയത്തിലും ബദ്ധപ്രതിജ്ഞരായ അവരിൽനിന്ന് എനിക്കു കിട്ടിയ മറുപടി അല്പവും ആശാവഹമായിരുന്നില്ല. അത്രയുംകൊണ്ടു ഞാൻ നിരാശനാകാതെ; പിന്നെ ബഹുമാനപ്പെട്ട കേന്ദ്രസർക്കാരിനെ സമീപിച്ചുനോക്കി. അവിടെ ദയാപൂർവ്വം എൻെറ താൽപര്യം പരിഗണിക്കുകയും പുസ്തകത്തിൻെറ അച്ചടിച്ചെലവിനു വിദ്യാഭ്യാസവകുപ്പിൽനിന്നും ആയിരത്തഞ്ഞൂറു രൂപ അനുവദിക്കുകയും ചെയ്തു. ആർഷസംസ്കാരത്തിൻെറ ആധാരശിലകളായ ഭാരതീയതത്വശാസ്ത്രങ്ങളുടെ "അധീതിബോധാചരണപ്രചാരണ"ങ്ങളിൽ, കേന്ദ്രസർക്കാർ കൈക്കൊണ്ടിരിക്കുന്ന ശ്രദ്ധാർഹവും ശ്രേയസ്കരവുമായ സഹായപരിപാടികളെ എത്രകണ്ടഭിനന്ദിച്ചാലും അധികമാവുകയില്ല. കൃത്യനിപുണമായ കേന്ദ്രഗവണ്മെൻറിൻെറ വിദ്യാഭ്യാസവകുപ്പിന് എൻെറ ആത്മാർത്ഥമായ അഭിവാദനങ്ങൾ!

ഭാരതീയതത്വശാസ്ത്രങ്ങൾ സംസ്കൃതഭാഷയിൽ എഴുതപ്പെട്ടിരിക്കുന്നു. അത്രവേഗം വശപ്പെടുത്താവുന്ന ഭാഷയല്ല സംസ്കൃതം. ശാസ്ത്രമാർഗ്ഗത്തിലാകുമ്പോൾ അതിൻെറ സ്വഭാവം കുറേക്കൂടി കട്ടിയാവും. അങ്ങനെ ഭാഷ സ്വതേ ദുർഗ്രഹം. ശാസ്ത്രവിഷയമായ പ്രതിപാദ്യം അതിലും ദുർഗ്രഹം. ആ സ്ഥിതിയിൽ സംസ്കൃതഭാഷയിലെ തത്വശാസ്ത്രങ്ങൾ ഭാഷാന്തരപ്പെടുത്തുക പരിചയസമ്പന്നരായ ബഹുശ്രുതന്മാർക്കല്ലാതെ മററാക്കും എളുപ്പമല്ല. അക്കാര്യത്തിൽ മാത്രശന്മാരായ മന്ദബുദ്ധികൾ പരാജയപ്പെടുകയേ തരമുള്ളു. എന്നിരുന്നാലും കർത്തവ്യം ശരിക്കും നിറവേററീട്ടുണ്ടെന്നാണ് എൻെറ എളിയവിശ്വാസം. ഞാനതു

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പണ്ഡിതലോകത്തിന്റെ വിദഗ്ദ്ധമായ വിചാരണയ്ക്കു വിടുന്നു.

ഗ്രന്ഥത്തിന്റെ അവതരണവിഷയകമായി ഇതിൽ കവിഞ്ഞൊന്നും എനിക്കു പറയാനില്ല. അഭിജ്ഞമതികളായ അനുവാചകമഹാശയന്മാരുടെ അനുഗ്രഹാശിസ്സുകൾ അഭിലഷിച്ചുകൊണ്ടു് ഈ ഭാഷാനിബന്ധം പുറത്തയച്ചുകൊള്ളുന്നു.

ചുനക്കര,
9-7-1967.

പരിഭാഷകൻ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഭാഷാസാംഖ്യദർശനം

(സാംഖ്യകാരികയും തത്ത്വകൌമുദീഭാഷ്യവും)

സാംഖ്യകാരികയുടെ ഭാഷ്യകാരനായ വാചസ്പതിമിശ്രൻ ഭാഷ്യാരംഭത്തിൽ ശിഷ്ടാചാരമനുസരിച്ച് മംഗളം നിബന്ധിക്കുന്നു. ആശിസ്സ്, നമസ്കാരം, വസ്തുനിർദ്ദേശം ഇങ്ങനെ മംഗളം മൂന്നുവിധം. നമസ്കാരരൂപമായ മംഗളമാണിവിടെ. പ്രതിപാദ്യത്തിൽ സർവ്വപ്രാധാന്യമർഹിക്കുന്ന പ്രകൃതിപുരുഷന്മാരെ നമസ്കരിക്കുന്നു; "അജാമേകാം" എന്നു തുടങ്ങുന്ന സന്ദർഭം കൊണ്ട്:—

അജാമേകാം ലോഹിതശുക്ലകൃഷ്ണാം
ബഹ്വീഃ പ്രജാഃ സൃജമാനാം നമാമഃ
അജാമേതാം ജുഷമാണാം ഭജന്ത
ജഹാത്യേനാം ഭുക്തഭോഗാൻ നമസ്താൻ.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അർത്ഥം:—ആദ്യത്തെ രണ്ടു പാദംകൊണ്ടു് മൂലപ്രകൃതിയേയും പിന്നത്തെ രണ്ടു പാദംകൊണ്ടു പുരുഷനേയും നമസ്കരിക്കുന്നു. "ചെവപ്പും, വെളുപ്പും, കറുപ്പും നിറമായ ഒരു പെണ്ണാടു്, തന്റെ നിറത്തിലുള്ള അനേകം കുട്ടികളെ ജനിപ്പിക്കുന്നതുപോലെ, രജസ്സു, സത്വവും, തമസ്സുമായ ഗുണങ്ങളുൾപ്പെട്ട ഏകമാത്രയായ മൂലപ്രകൃതി തനിക്കനുരൂപമായ അനേകം ചരാചരങ്ങളെ ജനിപ്പിക്കുന്നു. ആ പ്രകൃതിയെ ഞങ്ങൾ നമസ്കരിക്കുന്നു. ചില ആണാടുകൾ സേവനാർഹയായ ആ പെണ്ണാടിനെ സേവിച്ചു കഴിയുന്നവയാണു്; മററു ചിലതു് അതിനെ അനുഭവിച്ചു് ഉപേക്ഷിച്ചു കഴിയുന്നവയും. അതുപോലെ ആത്മജ്ഞാനം സിദ്ധിക്കാത്ത പുരുഷന്മാർ മൂലപ്രകൃതിയെ സേവിക്കുകയും, ജ്ഞാനസിദ്ധി നേടിയ പുരുഷന്മാർ അതിനെ—പ്രകൃതിയെ—ഉപേക്ഷിക്കുകയും ചെയ്യുന്നു. പ്രകൃതിയെ സേവിക്കുന്ന പുരുഷന്മാർ ബദ്ധന്മാരും, ഉപേക്ഷിക്കുന്നവർ മുക്തന്മാരും വിവേകികളുമാണു്. ആ രണ്ടിനം പുരുഷന്മാരെയും ഞങ്ങൾ നമസ്കരിക്കുന്നു.

വിവരണം:—അജാശബ്ദത്തിനു രണ്ടർത്ഥം: പെണ്ണാടെന്നും മൂലപ്രകൃതിയെന്നും. അജത്തിന്റെ സ്ത്രീവാചകമായതുകൊണ്ടു് അജാശബ്ദത്തിനു പെണ്ണാടെന്നു് സമുദായാർത്ഥത്തിൽ പ്രസിദ്ധിയുണ്ടു്. എന്നാൽ ആ ശബ്ദത്തിനു പ്രകൃതിയെന്നർത്ഥം കിട്ടുന്നതു് യോഗംകൊണ്ടാണു്. "ന ജായതേ ഇതി" എന്നു് അജാശബ്ദത്തിന്റെ വ്യുൽപ്പത്തി; ജനിക്കാത്തതെന്നർത്ഥം. ജനിക്കാത്തതിനു മരണവുമില്ലല്ലോ. ജനനമരണമില്ലാത്തതെന്നു വാച്യാർത്ഥം. അതായതു മൂലപ്രകൃതി. ഇങ്ങനെ അജാശബ്ദം പ്രകൃതിവാചകമായി. ഇനി 'ലോഹിതശുക്ലകൃഷ്ണ'ങ്ങൾ—ചെവപ്പും, വെളുപ്പും, കറുപ്പും—മുറയ്ക്കു് രജസ്സും, സത്വവും, തമസ്സുമായതെങ്ങനെയെന്നാണു്. ലോഹിതം രജോഗുണമായും, ശുക്ലം സത്വഗുണമായും, കൃഷ്ണം തമോഗുണമായും അഭേദകല്പനം ചെയ്തിരിക്കുന്നു. ഒന്നിനെ മറെറാന്നാക്കുകയാണു് അഭേദകല്പനത്തിന്റെ സ്വഭാവം. "അസൌ വാ ആദിത്യോ ദേവമധു" (ഛാന്ദോഗ്യശ്രുതി—3-1-1), "വാചം ധേനുമുപാസീത" (ബൃഹദാരണ്യകശ്രുതി—5-8-1) ഈ ശ്രുതിവാക്യങ്ങളിൽ ആദിത്യനെ ദേവമധുവായും, വാക്കിനെ കാമധേനുവായും അഭേദകല്പനം ചെയ്തിരിക്കുന്നതു ദൃഷ്ടാന്തം. ചപ്പങ്ങം മുതലായ രഞ്ജനദ്രവ്യം വസ്ത്രത്തെ നിറംപിടിപ്പിക്കുന്നതു

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പോലെ, രജോഗുണം മനസ്സിനെ സ്വപ്രവൃത്തികൊണ്ടു് രഞ്ജിപ്പിക്കുന്നു. അതിനാൽ ലോഹിതം രജോഗുണമായി. ശുക്ലവർണ്ണമായ ജലം മാലിന്യമകററിക്കളയുന്നു. അതുപോലെ ജ്ഞാനോദയംകൊണ്ടു് മനസ്സിനെ ശുദ്ധീകരിക്കുന്നതാണു് സത്വഗുണം. തന്മൂലം ശുക്ലം സത്വഗുണമായി. കറുത്ത മേഘപടലം മറവുണ്ടാക്കുന്നതാണു്. അപ്രകാരം തമോഗുണം ജ്ഞാനത്തെ മറയ്ക്കുന്നു. ആകയാൽ കൃഷ്ണം തമോഗുണമായി. ക്രമത്തിൽ രഞ്ജനാത്മകമായ ലോഹിതം രജോഗുണം, പ്രകാശാത്മകമായ ശുക്ലം സത്ത്വഗുണം, ആവരണാത്മകമായ കൃഷ്ണം തമോഗുണം. രജോഗുണത്തിൻെറ സ്വഭാവം ക്രിയ (ചലനം). സത്വഗുണത്തിൻേറതു് പ്രകാശം. തമോഗുണത്തിൻേറതു് ആവരണം. ഗുണങ്ങളിൽ പ്രധാനം സത്വഗുണമാണെങ്കിലും പ്രകൃതത്തിൽ രജസ്സിനെ ആദ്യം പറഞ്ഞതിനു കാരണമുണ്ടു്. ക്രിയാശീലമുള്ള രജസ്സാണു് സൃഷ്ടികാര്യ്യം നടത്തുന്നതു്. സൃഷ്ടികാര്യ്യത്തിനു പ്രാധാന്യമിരിക്കുന്നതുകൊണ്ടു് തത്പ്രവർത്തകമായ രജസ്സിനെ മുമ്പെ പറഞ്ഞു. സത്വം സൃഷ്ടപദാർത്ഥങ്ങളെ പ്രകാശിപ്പിക്കുന്നു. അതുകൊണ്ടാണു് ആ ഗുണത്തെ—സത്വത്തെ—രണ്ടാമതു പറഞ്ഞതു്. പ്രളയദശയിൽ എല്ലാത്തിനേയും മറച്ചുകളയുന്നതുകൊണ്ടു് തമോഗുണത്തെ ഒടുവിൽ പറഞ്ഞു. ഇപ്രകാരം രജസ്സത്വതമോഗുണങ്ങളുടെ പ്രതിപാദനം, പ്രകൃതിയുടെ സൃഷ്ടി,സ്ഥിതി,ലയകാരണത്തെ വ്യഞ്ജിപ്പിക്കുന്നു.

മൂലപ്രകൃതിയുടേതായി നിബന്ധിച്ചുകാണുന്ന വിശേഷണങ്ങളുണ്ടല്ലോ, 'ഏകാം,' 'ലോഹിതശുക്ലകൃഷ്ണാം,' 'ബഹ്വീഃ പ്രജാഃ സൃജമാനാം' ഈ മൂന്നു വിശേഷണങ്ങൾ. ഇവയിൽ ആദ്യത്തെ വിശേഷണംകൊണ്ടു് നൈയായികന്മാരുടെ അനവസ്ഥാവാദത്തെയും, വൈശേഷികന്മാരുടെ പരമാണുവാദത്തേയും നിരാകരിക്കുന്നു. ഗുണവൈചിത്ര്യംകൊണ്ടു നാനാരൂപങ്ങളായ കാര്യ്യങ്ങളെ ജനിപ്പിക്കാനുള്ള പ്രകൃതിയുടെ കഴിവിനെ വ്യക്തമാക്കുന്നതാണു് രണ്ടാമത്തെ വിശേഷണം. പ്രകൃതിയുണ്ടെന്നതിനെ അവസാന വിശേഷണം. സമർത്ഥിക്കുന്നു. കൂടാതെ, 'ലോഹിതശുക്ലകൃഷ്ണ' എന്നതു കർമ്മധാരയസമാസമാണു്, ബഹുവ്രീഹിയല്ല. ബഹുവ്രീഹി ആയാൽ അന്യപദാർത്ഥപ്രാധാനതകൊണ്ടു്, ലോഹിതവും ശുക്ലവും കൃഷ്ണവുമായതെന്നർത്ഥമാകും. അപ്പോൾ ലോഹിതാദിവാച്യമായ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ത്രിഗുണങ്ങളം പ്രകൃതിഭിന്നങ്ങളെന്ന വരും. അതു ശരിയല്ല. ത്രിഗുണങ്ങളുടെ സമാവസ്ഥയാണ് പ്രകൃതി—അഥവാ പ്രധാനം. മറെറാരു വാക്കിൽ ത്രിഗുണാത്മികയാണ് പ്രകൃതി. അതേയർത്ഥത്തിൽ കർമ്മധാരയസമാസമാണ് യോജിക്കുക. "ലോഹിതവും, ശുക്ലവും, കൃഷ്ണവുമായ" എന്ന വിഗ്രഹാർത്ഥം. ഇങ്ങനെ സമാനഗുണമായ അനേകം പ്രപഞ്ചപദാർത്ഥങ്ങളെ ജനിപ്പിക്കുന്ന ത്രിഗുണാത്മികയായ പ്രകൃതിയെ നമസ്കരിക്കുന്നുവെന്ന താൽപര്യം.

പിന്നെ രണ്ടാംപാദത്തിൽ ബദ്ധന്മാരും മുക്തന്മാരുമായ രണ്ടുവക പുരുഷന്മാരെ നമസ്കരിക്കുന്നു. അതിലെ 'അജ'ശബ്ദത്തിന് [illegible] അനാദിയായ പുരുഷനെന്നർത്ഥം. സാംഖ്യസിദ്ധാന്തമനുസരിച്ച് പുരുഷന്മാരനേകമുണ്ട്. അതുകൊണ്ടാണ് 'അജാഃ' എന്ന ബഹുവചനം പ്രയോഗിച്ചത്. പുരുഷന്മാരാകട്ടെ പൊതുവിൽ രണ്ടുതരം. വിവേകജ്ഞാനം സിദ്ധിക്കാത്ത പുരുഷന്മാർ പ്രകൃതിയുമായി ബന്ധപ്പെട്ടുനില്ക്കുന്നു. അവരാണ് ബദ്ധന്മാർ. വിവേകജ്ഞാനം നേടി പ്രകൃതിബന്ധം വിട്ട പുരുഷന്മാർ മുക്തന്മാരും. വിവേകമില്ലായ്മനിമിത്തം പുരുഷൻ പ്രകൃതികാര്യങ്ങളെ സ്വന്തമെന്നു തെററിദ്ധരിക്കുന്നു. ഈ തെററായ ധാരണയാണ് പുരുഷനെ പ്രകൃതിയുമായി ബന്ധപ്പെടുത്തുന്നത്. വിവേകമുദിക്കുന്നതോടെ തെററായ ധാരണ—അജ്ഞത—നീങ്ങും; ഉടനെ പുരുഷൻ പ്രകൃതിബന്ധമുപേക്ഷിച്ച് മുക്തനാകും. ഇപ്പറഞ്ഞ രണ്ടുതരം പുരുഷന്മാരെയും നമസ്കരിക്കുകയാണ്. പെണ്ണാടിനോട് അനുഭവരൂപത്തിൽ ബന്ധപ്പെട്ടു കഴിയുന്നവയും, അനുഭവിച്ചുവിട്ടവയുമായി ആണാടുകൾ രണ്ടിനം വരാമല്ലോ. ആ പ്രകൃതം മൂലപ്രകൃതിയിലും ബദ്ധമുക്തപുരുഷന്മാരിലും യഥാക്രമം അദ്ധ്യവസായം ചെയ്തിരിക്കുന്നു. ഗുണത്രയരൂപയായ പ്രകൃതി ഒന്നുമാത്രം. പുരുഷന്മാരനേകം. വിഷയാനുഭവവും മോക്ഷവും പുരുഷന്മാർക്ക് നേടിക്കൊടുക്കാൻ പ്രകൃതി പരിണാമരൂപത്തിൽ പ്രവർത്തിക്കുന്നു. താദൃശമായ പ്രവർത്തനംകൊണ്ട്, ക്രമത്തിൽ മുക്തനാകുന്ന പുരുഷനെ ഉദ്ദേശിച്ച് പ്രകൃതി വീണ്ടും പ്രവർത്തിക്കയില്ല. ആ പുരുഷനെ സംബന്ധിച്ചിടത്തോളം പ്രകൃതി സംതൃപ്തയായതാണ് കാരണം. എന്നാൽ മുക്തന്മാരല്ലാത്ത പുരുഷന്മാർക്കുവേണ്ടി പ്രകൃതിയുടെ പരിണാമപ്രവർത്തനം തുടർന്നുകൊണ്ടിരിക്കുകയും ചെയ്യും. ഒരു പുരുഷൻ മുക്തനാകുന്നതുകൊ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ണ്ടുമാത്രം പരിണാമരൂപമായ പ്രവൎത്തനത്തിൽനിന്നും പ്രകൃതി വിരമിക്കുന്നില്ല.

പ്രകൃതിയും പുരുഷനും നിത്യമാണു്. ത്രിഗുണാത്മികയാണു് പ്രകൃതി. അതു സ്വന്തം ഗുണങ്ങൾക്കനുരൂപമായ പ്രപഞ്ചപദാൎത്ഥങ്ങളെ ജനിപ്പിക്കുന്നു. പുരുഷൻ ഒന്നല്ല, അനേകമുണ്ടു്. സ്വന്തനിലയിൽ പുരുഷൻ നിസ്സംഗനും സ്വതന്ത്രനുമാണു്. എങ്കിലും ചില പുരുഷന്മാർ അവിവേകം നിമിത്തം പ്രകൃതിയുമായി ബന്ധപ്പെട്ടുനില്ക്കുന്നു. വിവേകത്തിന്റെ വെളിച്ചത്തിൽ ആത്മസാക്ഷാത്കാരം നേടുന്ന മറ്റു ചില പുരുഷന്മാരുണ്ടു്. അവർ പ്രകൃതിബന്ധം വിട്ടു സ്വതന്ത്രരാകുന്നു. ഇങ്ങനെയെല്ലാമിരിക്കുന്ന പ്രകൃതിയേയും ബദ്ധന്മാരും മുക്തന്മാരുമായിരിക്കുന്ന രണ്ടുവക പുരുഷന്മാരേയും നമസ്കരിക്കുന്നു.

ഭാഷ്യം:— ഈ ഞങ്ങൾ മഹാമുനിയായ കപിലനായിക്കൊണ്ടും അദ്ദേഹത്തിന്റെ ശിഷ്യനും മുനിയുമായ ആസുരിക്കായിക്കൊണ്ടും അപ്രകാരം പഞ്ചശിഖനായിക്കൊണ്ടും ഈശ്വരകൃഷ്ണനായിക്കൊണ്ടും നമസ്കരിക്കുന്നു.

വിവരണം:— പ്രകൃതിപുരുഷന്മാരെ നമസ്കരിച്ചശേഷം, സാംഖ്യശാസ്ത്രത്തിന്റെ ആദിപ്രവൎത്തകനേയും, അദ്ദേഹത്തിന്റെ ശിഷ്യപ്രശിഷ്യന്മാരേയും ക്രമത്തിൽ നമസ്കരിക്കുന്നു. സാംഖ്യദൎശനത്തിന്റെ ഉപജ്ഞാതാവു് കപിലമഹൎഷിയാണു്. സാംഖ്യതത്വങ്ങളെക്കുറിച്ചു കപിലമഹൎഷിയാണു് ലോകത്തോടാദ്യം സംസാരിച്ചതു്. കപിലോപജ്ഞമാകകൊണ്ടു സാംഖ്യദൎശനത്തെ കാപിലമെന്നും പറയും. രാജാക്കന്മാരിലാദിമനെന്നറിയപ്പെടുന്ന സ്വായംഭുവമനുവിന്റെ പൌത്രനാണു് കപിലാചാൎയ്യൻ. കപിലപ്രോക്തമായ സാംഖ്യശാസ്ത്രത്തിനു് ആറദ്ധ്യായങ്ങളുണ്ടു്. അതു കാലാന്തരത്തിൽ നശിച്ചുപോയത്രേ. നിലവിലിരിക്കുന്ന സൂത്രാത്മകമായ സാംഖ്യശാസ്ത്രം കപിലന്റേതല്ലെന്നു പണ്ഡിതന്മാരഭിപ്രായപ്പെടുന്നു. "വിജ്ഞാനഭിക്ഷു" എന്നൊരാചാൎയ്യൻ പില്ക്കാലത്തെഴുതിയതായിരിക്കാമെന്നാണു് ഊഹിക്കപ്പെടുന്നതു്. കപിലമഹൎഷി സ്വോപജ്ഞമായ സാംഖ്യതത്വങ്ങൾ "ആസുരി" എന്ന ശിഷ്യനുപദേശിച്ചു. അദ്ദേഹം അതിനെ സ്വശിഷ്യനായ "പഞ്ചശിഖ"നുപദേശിച്ചു. പഞ്ചശിഖാചാൎയ്യൻ "ഈശ്വരകൃ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ക്ഷ്ണ"നെന്നു സ്വന്തശിഷ്യനുപദേശിച്ചുകൊടുത്തു. അങ്ങനെ സാംഖ്യശാസ്ത്രം ആവിഷ്കരിക്കയും പ്രചരിപ്പിക്കയും ചെയ്ത മഹാജ്ഞാനിയായ കപിലനേയും ശിഷ്യപ്രശിഷ്യന്മാരായ ആസുരി തുടങ്ങിയ ആചാര്യന്മാരേയും ഭാഷ്യകാരനും അദ്ദേഹത്തിന്റെ അനുയായികളും നമസ്കരിക്കുന്നു.

മംഗളാചരണം കഴിഞ്ഞു.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ശാസ്ത്രജിജ്ഞാസാനിരൂപണം

ഭാഷ്യം:—ശാസ്ത്രത്തിൽ, അറിയാനിഷ്ടപ്പെട്ട കാര്യത്തെ പ്രതിപാദിക്കുന്നവൻ, വിവേകശാലികൾക്ക് അവധേയവാചകനായിരിക്കും. അറിയാനിഷ്ടപ്പെടാത്തതിനെ പ്രതിപാദിക്കുന്നവനാകട്ടെ "ഇദ്ദേഹം ലോകവ്യവഹാരജ്ഞനല്ല; പ്രാമാണികനുമല്ല" എന്നിങ്ങനെ വിവേകവാന്മാരാൽ ഉപേക്ഷിക്കപ്പെടുകയും ചെയ്യും.

വിവരണം:—ശാസ്ത്രത്തിലായാലും, ഉപദേശരംഗത്തായാലും, അറിയാനിഷ്ടപ്പെടുന്ന കാര്യം വേണം പറയാൻ. അങ്ങനെ പറയുന്നയാളുടെ വാക്കുകൾ വിവേകശാലികൾ മനസ്സിരുത്തി ശ്രദ്ധിക്കും. മറിച്ച് അറിയാനിഷ്ടപ്പെടാത്തകാര്യം പറഞ്ഞാലോ? "ഇദ്ദേഹത്തിനു ലോകവ്യവഹാരമറിഞ്ഞുകൂടാ, യുക്തിപ്രമാണാദികൾകൊണ്ടു വസ്തുസ്ഥിതി നിർണ്ണയിക്കാനും കഴിഞ്ഞിട്ടില്ല" എന്നു മനസ്സിലാക്കി അയാളെ വിവേകമതികൾ അവഗണിച്ചുകളയും. അവശ്യവിജ്ഞേയമായ കാര്യമേ ശാസ്ത്രമാർഗ്ഗത്തിലും ഉപദേശവേളയിലും പ്രതിപാദിക്കാവൂ എന്നു താൽപര്യം.

വിവേകശാലികൾ അറിയാനിഷ്ടപ്പെടുന്ന കാര്യം ഏതെന്നു പറയുന്നു.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

കാരികഃ—

ദുഃഖത്രയാഭിഘാതാ-
ജ്ജിജ്ഞാസാ തദപഘാതകേ ഹേതൌ
ദൃഷ്ടേ സാഽപാർത്ഥാ ചേ-
ന്നൈകാന്താത്യന്തതോഽഭാവാത്. 1

അർത്ഥം:—ദുഃഖത്രയത്തോടുള്ള അസഹ്യബന്ധം നിമിത്തം തദുച്ഛേദകമായ കാരണത്തിൽ ജിജ്ഞാസയുണ്ടാകുന്നു. ദൃഷ്ടോപായമുള്ളപ്പോൾ അതു നിരർത്ഥമാണെന്നാണെങ്കിൽ ഏകാന്തത്തിന്റേയും അത്യന്തത്തിന്റേയും അഭാവം നിമിത്തം അപ്രകാരം ഭവിക്കുകയില്ല.

ഭാഷ്യം:—ഏതു് അറിയപ്പെട്ടതാകുമ്പോൾ പരമപുരുഷാർത്ഥത്തിനു കാരണമായിത്തീരുന്നു; അതാണു് ഇവർക്കു് (വിവേകശാലികൾക്കു്) അറിയാൻ ഇഷ്ടമുള്ള കാര്യം എന്നു മനസ്സിലാക്കി, ആരംഭിക്കുന്ന വിഷയജ്ഞാനത്തിനു പരമപുരുഷാർത്ഥം സാധിക്കുന്ന കാരണത്വമിരിക്കുന്നതു നിമിത്തം തദ്വിഷയജിജ്ഞാസയെ അവതരിപ്പിക്കുന്നു.

വിവരണം:—ആചാര്യനായ ഈശ്വരകൃഷ്ണൻ സാംഖ്യതത്ത്വങ്ങളെ കാരികാരൂപത്തിൽ നിബന്ധിച്ചിട്ടുണ്ടു്. അതിനെ സാംഖ്യകാരികയെന്നു പറയും. ഇവിടെ പ്രതിപാദിക്കാൻ തുടങ്ങുന്നതു് ആ സാംഖ്യകാരികയെയാണു്. അതിൽ എഴുപത്തിരണ്ടു കാരികയുണ്ടു് ആകപ്പാടെ. കൂട്ടത്തിൽ ആദ്യത്തെ കാരിക അവതരിപ്പിക്കുന്നു. കാരികാവതരണത്തിന്റെ സാംഗത്യം വിശദമാക്കുകയാണു്. പരമപുരുഷാർത്ഥത്തെ—മോക്ഷത്തെ—കുറിച്ചാണല്ലോ സജ്ജനങ്ങൾ അറിയാനാഗ്രഹിക്കുന്നതു്. സജ്ജനങ്ങൾക്കറിയാനിഷ്ടമുള്ള വിഷയം പരമപുരുഷാർത്ഥമാണു്. സാംഖ്യശാസ്ത്രം ഇരുപത്തിഅഞ്ചു തത്ത്വങ്ങളെ പ്രതിപാദിക്കുന്നു. അവയുടെ നിർണ്ണയാത്മകമായ വിജ്ഞാനം പരമപുരുഷാർത്ഥം സാധിക്കാൻ സഹായകമാണു്. ആകയാൽ പരമപുരുഷാർത്ഥസാധനമായ സാംഖ്യശാസ്ത്രതത്ത്വങ്ങൾ അറിയുക, വിവേകശാലികളെ അഥവാ സജ്ജനങ്ങളെ സംബന്ധിച്ചിടത്തോളം ആവശ്യമായിരിക്കുന്നു. അതിലേയ്ക്കു് "ദുഃഖത്രയാഭിഘാതാത്" എന്നാരംഭിക്കുന്ന ആദ്യകാരികയെ അവതരിപ്പിക്കുകയാണു്.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ആദ്ധ്യാത്മികം, ആധിദൈവികം, ആധിഭൌതികം ഇങ്ങനെ ദുഃഖം മൂന്നുവിധം. ശരീരമനസ്സുകളുടെ ദുഃഖം ആദ്ധ്യാത്മികം. യക്ഷരാക്ഷസാദികൾ നിമിത്തമുണ്ടാകാവുന്ന ദുഃഖം ആധിദൈവികം. മനുഷ്യൻ, മൃഗം മുതലായവയിൽനിന്നുണ്ടാകാവുന്ന ദുഃഖം ആധിഭൌതികം. ഇതു മൂന്നുമാണു് ദുഃഖത്രയം. ജീവിതത്തിൽ നേരിടാവുന്ന സകല ദുഃഖങ്ങളും ഈ ദുഃഖത്രയത്തിലടങ്ങും. ദുഃഖങ്ങളുമായി ബന്ധപ്പെടുക തികച്ചും അസഹ്യമാണു്. അതുകൊണ്ടെല്ലാവരും ദുഃഖപരിഹാരം ആഗ്രഹിക്കുന്നു. ദുഃഖങ്ങളിൽനിന്നെല്ലാം പരമാവധി നിവർത്തിക്കാൻ വിവേകംകൊണ്ടേ സാധിക്കൂ. പ്രകൃതിയേയും പുരുഷനേയും തിരിച്ചറിയുക, അതാണു് വിവേകജ്ഞാനം. ദുഃഖത്രയവിനാശത്തിനു കാരണം വിവേകജ്ഞാനമാകുന്നു. തന്മൂലം അതേ വിവേകം നേടാനാഗ്രഹിക്കേണ്ടതു് ആവശ്യമാണു്. മരുന്നു മുതലായ ദൃഷ്ടോപായങ്ങൾ ദുഃഖശമനത്തിനു ലോകത്തിൽ സുലഭമായിരിക്കുമ്പോൾ, ദുർല്ലഭമായ വിവേകജ്ഞാനം തേടി എന്തിനു പ്രയാസപ്പെടണമെന്നു ചിന്തിക്കേണ്ടതില്ല. ലൌകികമായ ദൃഷ്ടോപായങ്ങൾകൊണ്ടു് ശമിക്കുന്ന ദുഃഖങ്ങൾ വീണ്ടുമുണ്ടാകും. വരാനിരിക്കുന്ന ദുഃഖങ്ങളെ തടയാനും ദൃഷ്ടോപായങ്ങൾക്കു കഴിവില്ല. വിവേകജ്ഞാനമാകട്ടെ, ദുഃഖങ്ങളൊന്നാകെ ഇങ്ങിനി വരാത്തവണ്ണം എന്നെന്നേയ്ക്കുമകററിക്കളയും.

ഭാഷ്യം:—എന്നാൽ ജഗത്തിനു ദുഃഖമില്ലെങ്കിലോ, ഉള്ളതായാലുമൊഴിവാക്കാനാഗ്രഹിക്കുന്നില്ലെങ്കിലോ, ആഗ്രഹിച്ചാലുമൊഴിവാക്കാനൊക്കാത്തതാണെങ്കിലോ, ഒഴിവാക്കാനൊക്കായ്ക രണ്ടുവിധം. (ദുഃഖത്തിൻെറ നിത്യത്വം നിമിത്തവും, അതിനെ ഒഴിവാക്കേണ്ട ഉപായം അറിഞ്ഞുകൂടായ്ക നിമിത്തവും.) ഒഴിവാക്കാനൊക്കുന്നതായാലും ശാസ്ത്രവിഷയമായ ജ്ഞാനത്തിനു് ഉപായത്വമില്ലെങ്കിലോ, എളുപ്പം സാധിക്കാവുന്ന മററുപായമുള്ളതായിരുന്നാലോ, ശാസ്ത്രവിഷയം അറിയാനാഗ്രഹിക്കയില്ല.

വിവരണം:—വിവരമുള്ളവരെല്ലാവരും ആത്യന്തികമായ ദുഃഖനിവൃത്തിയാഗ്രഹിക്കുന്നു. പരമപുരുഷാർത്ഥസാധനമായ വിവേകജ്ഞാനം നേടാതെ ദുഃഖനിവൃത്തി സാധ്യമല്ല. വിവേകജ്ഞാനം സാംഖ്യശാസ്ത്രതത്ത്വങ്ങളുടെ വിജ്ഞാനംകൊണ്ടു് സമ്പാദിക്കാം.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അതിനാൽ സാംഖ്യശാസ്ത്രതത്വജ്ഞാനം നേടുക ആവശ്യമെന്നു മുകളിൽ സിദ്ധാന്തിച്ചു. ഇതിൽ അഞ്ചു സംശയം പ്രധാനമായി വരാം. അതെല്ലാം പരിഹരിച്ചുകൊണ്ടു് പ്രകൃതം സമർത്ഥിക്കയാണു്.

1. ദുഃഖത്രയത്തിൻെറ പരിഹാരോപായമാണല്ലോ ശാസ്ത്രവിഷയജ്ഞാനം. ലോകത്തിൽ ദുഃഖമില്ലെങ്കിൽപിന്നെ ശാസ്ത്രവിജ്ഞാനം സമ്പാദിക്കാനെന്തിനു് ശ്രമപ്പെടണം? ഇതാണൊന്നാമത്തെ സംശയം.

2. ദുഃഖമുള്ളതായിരുന്നാലും അതിനെ ഒഴിവാക്കാനാഗ്രഹിക്കുന്നില്ലെങ്കിൽ ശാസ്ത്രവിഷയകമായ ജ്ഞാനസമ്പാദനം ആവശ്യമില്ലല്ലോ. രണ്ടാമത്തെ സംശയമാണിതു്.

3. ദുഃഖമുള്ളതായിരിക്കട്ടെ, അതിനെ ഒഴിവാക്കാനാഗ്രഹമുണ്ടെന്നും സമ്മതിക്കാം പക്ഷെ, ദുഃഖം ഒഴിവാക്കാനൊക്കാത്തതാണെങ്കിലോ? ദുഃഖത്തെ ഒഴിവാക്കാനൊക്കാത്തതിൽ മുഖ്യമായി രണ്ടു കാരണം വരാം. ദുഃഖത്തിൻെറ നിത്യത്വമൊന്നു്. ദുഃഖനിവൃത്തിക്കുള്ള ഉപായം അറിഞ്ഞുകൂടായ്ക മറ്റൊന്നു്. ഇങ്ങനെ ദുഃഖം ഒഴിവാക്കാനൊക്കാത്തതാണെങ്കിൽ ശാസ്ത്രവിഷയജ്ഞാനം എന്തിനു സമ്പാദിക്കണം? മൂന്നാമത്തെ സംശയമാണിതു്.

4. ദുഃഖവിഷയത്തിനു് ശാസ്ത്രവിഷയജ്ഞാനം പര്യാപ്തമായ ഉപായം അല്ലെങ്കിൽ അതിൻെറ സമ്പാദനശ്രമം ആവശ്യമില്ലല്ലോ; ഇതു നാലാമത്തെ സംശയം.

5. ശാസ്ത്രജ്ഞാനത്തേക്കാൾ, ദുഃഖനിവൃത്തിക്കു പ്രയാസം കുറഞ്ഞ മററുപായമുണ്ടെങ്കിൽ ആയാസകരമായ ശാസ്ത്രമാർഗ്ഗത്തിൽ ശ്രമപ്പെടണമെന്നുണ്ടോ? അഞ്ചാമത്തെ സംശയമാണിതു്.

പരമപുരുഷാർത്ഥം സാധിക്കാൻ തദുപായമായ ശാസ്ത്രജ്ഞാനത്തിൻെറ സമ്പാദനത്തിൽ അവശ്യം ശ്രദ്ധിക്കണം. ഇഷ്ടസാധനത്തിലുള്ള അജ്ഞതനിമിത്തം അക്കാര്യത്തിൽ മനുഷ്യൻ സ്വയം പ്രവർത്തിക്കയില്ല. ദുഃഖമുണ്ടെങ്കിൽ മാത്രമേ അതിൻെറ നിവൃ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ത്തിസാധനമായ ശാസ്ത്രവിഷയജ്ഞാനം അഥവാ വിവേകജ്ഞാനം സമ്പാദിക്കാനാഗ്രഹിക്കയുള്ളൂ. എന്നു വരുമ്പോൾ ദുഃഖമെന്നൊന്നില്ലെങ്കിൽ ശാസ്ത്രജ്ഞാനം നേടാനാരാണാഗ്രഹിക്കുക? ആരും ആഗ്രഹിക്കയില്ല. അറിവില്ലാത്തവർപോലും പ്രയോജനരഹിതമായി പ്രവർത്തിക്കാറില്ലല്ലോ. ദുഃഖമില്ലാതിരിക്കെ അതിന്റെ പരിഹാരോപായം എന്തിനാഗ്രഹിക്കണം? ഇല്ലാത്ത വസ്തുവിന്റെ പരിഹാരത്തിനു മനുഷ്യരാരും ആഗ്രഹിക്കയില്ല; അന്വേഷിക്കയുമില്ല.

ദുഃഖമുള്ളതായാൽത്തന്നെ പോരാ; അതിനെ ഒഴിവാക്കാനാഗ്രഹവുമുണ്ടാകണം. ആഗ്രഹം കൂടാതെ ഒരു ക്രിയയും നടക്കുകയില്ല. സുഖത്തെ എന്നപോലെ ദുഃഖത്തേയും ഒഴിവാക്കാനാഗ്രഹിക്കുന്നില്ലെങ്കിൽ ശാസ്ത്രവിഷയജ്ഞാനത്തിന്റെ സമ്പാദനശ്രമം ആവശ്യമില്ലാത്തതാകും

ദുഃഖവും ഒഴിവാക്കാനാഗ്രഹവുമുണ്ടായതുകൊണ്ടു മാത്രമായില്ല, ഒഴിവാക്കാനൊക്കുന്നതുകൂടിയായിരിക്കണം ദുഃഖം. ആത്മാവെന്നപോലെ ദുഃഖം നിത്യവും കൂടസ്ഥവുമാണെങ്കിൽ എങ്ങനെ ഒഴിവാക്കാൻ സാധിക്കും? മാത്രമല്ല, നിവൃത്ത്യുപായം അജ്ഞാതമായിരുന്നാലും ദുഃഖത്തെ ഒഴിവാക്കുക സാദ്ധ്യമല്ല. ഇങ്ങനെ നിത്യതവും നിവൃത്ത്യുപായവിഷയകമായ അജ്ഞതയും നിമിത്തം ദുഃഖമൊഴിവാക്കാനൊക്കാത്തതാണെങ്കിൽ ശാസ്ത്രകാര്യമായ വിവേകജ്ഞാനത്തിന്റെ സമ്പാദനത്തിനുവേണ്ടി എന്തിനായാസപ്പെടണം?

ദുഃഖം ഒഴിവാക്കാനൊക്കുന്നതാണെന്നിരിക്കട്ടെ; വിവേകജ്ഞാനം ദുഃഖം ഒഴിവാക്കാൻ മതിയായ ഉപായമല്ലെങ്കിൽ ശാസ്ത്രവിഷയജ്ഞാനത്തിൽ ശ്രദ്ധിക്കേണ്ടതില്ലല്ലോ? ശാസ്ത്രവിഷയജ്ഞാനത്തിന്റെ സമ്പാദനമാർഗ്ഗം തികച്ചും ക്ലേശംനിറഞ്ഞതാണ്. വളരെയധികം ക്ലേശങ്ങൾ സഹിക്കണം. എങ്കിലേ ശാസ്ത്രജ്ഞാനവും അതുവഴി വിവേകജ്ഞാനവും നേടാനൊക്കൂ. ദുഃഖത്രയശമനത്തിനെളുപ്പമുള്ള മരുന്നു മുതലായ ദൃഷ്ടോപായങ്ങൾ ലോകത്തുണ്ടു്. എന്നിരിക്കെ പ്രയാസമേറിയ ശാസ്ത്രജ്ഞാനസമ്പാദനകാര്യത്തിൽ ബദ്ധപ്പെടുന്നതെന്തിനു്? ഉന്നയിച്ച സംശയങ്ങളുടെ വിശദീകരണമാണിതു്. ഓരോ സംശയത്തിനും കാരി

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

കയിൽത്തന്നെ സമാധാനം അടങ്ങിയിരിക്കുന്നു. അതിനെ ഭാഷ്യത്തിൽ വ്യക്തമാക്കുകയാണ്.

ഭാഷ്യം:—അതിൽ ദുഃഖം ഭവിക്കുന്നില്ല എന്നാലും ഒഴിവാക്കാനാഗ്രഹിക്കാറില്ല എന്നാലും ഇല്ലാത്തതാണ്. "ദുഃഖത്രയാഭിഘാതാത്" എന്ന്. ദുഃഖങ്ങളുടെ ത്രയമാണ് ദുഃഖത്രയം. അത് ആദ്ധ്യാത്മികവും, ആധിഭൗതികവും, ആധിദൈവികവും.

അതിൽ ആദ്ധ്യാത്മികം രണ്ടുവിധം. ശാരീരമെന്നും മാനസമെന്നും. വാതപിത്തകഫങ്ങളുടെ വൈഷമ്യം നിമിത്തമാണ് ശരീരദുഃഖം. മാനസദുഃഖം കാമം, ക്രോധം, ലോഭം, മോഹം, ഭയം, ഈർഷ്യ, വിഷാദം, വിഷയവിശേഷാദർശനം ഇവയുടെ ബന്ധംനിമിത്തവും. ഇതെല്ലാം ആന്തരോപായസാദ്ധ്യത്വം നിമിത്തം ആദ്ധ്യാത്മികമായ ദുഃഖമായി. ബാഹ്യോപായസാദ്ധ്യമായ ദുഃഖവും രണ്ടുവിധം. ആധിഭൗതികമെന്നും ആധിദൈവികമെന്നും. അതിൽ ആധിഭൗതികം മനുഷ്യൻ, മൃഗം, പാമ്പ്, വിഷവൃക്ഷാദികൾ ഇവ നിമിത്തമായുള്ളതാണ്. യക്ഷൻ, രാക്ഷസൻ, വിനായകൻ, ഭൂതാവേശം ഇവ നിമിത്തമുള്ളതാണ് ആധിദൈവികം.

ഭാഷ്യം:—രജോഗുണകാര്യവിശേഷാത്മകമായി പ്രത്യക്ഷവേദനീയമായ ഈ ദുഃഖം നിരാകരിക്കാൻ ശക്യമല്ല. അന്തഃകരണവർത്തിയായ ഈ ദുഃഖംകൊണ്ട് ചേതനാശക്തിക്ക് പ്രതികൂലതയാലുള്ള അഭിസംബന്ധമാണ് "അഭിഘാത"മെന്നത്. ഇതുകൊണ്ട് പ്രതികൂലവേദനീയത്വം, ജിഹാസാ (ഒഴിവാക്കാനുള്ള ഇച്ഛ) കാരണമായി പറഞ്ഞു. ദുഃഖമുള്ളതാണെങ്കിലും സമൂലച്ഛേദം ശക്യമല്ല. അങ്ങനെയാണെങ്കിലും അതിന്റെ പ്രതിരോധം ചെയ്യാൻ കഴിയുമെന്നു മേൽ അറിയിക്കുന്നതായിരിക്കും.

വിവരണം:—ഉന്നയിച്ചകൂട്ടത്തിൽ ആദ്യത്തെ രണ്ടു സംശയം പരിഹരിക്കുന്നു. ദുഃഖമില്ലായ്മ, ദുഃഖത്തെ ഒഴിവാക്കാൻ ആഗ്രഹിക്കായ്ക ഇതു രണ്ടുമാണാദ്യത്തെ സംശയം. കാരികയിലെ "ദുഃഖത്രയാഭിഘാത"മെന്ന സന്ദർഭംകൊണ്ട് ഈ സംശയം രണ്ടും പരിഹരിക്കുകയാണ്. ദുഃഖത്രയത്തിന്റെ അഭിഘാതമെന്ന ദുഃഖത്രയാഭിഘാതത്തിന്റെ വിഗ്രഹാർത്ഥം. ദുഃഖത്രയം മൂന്നു വിധദുഃഖം. ആദ്ധ്യാത്മികം, ആധിഭൗതികം, ആധിദൈവികം ഇത്രയുമാണ്

CC-0. In Public Domain. Gurukul Kangri Collection, Haridwar

११५ 46,226
Digitized by Arya Samaj Foundation Chennai and eGangotri

മൂന്നുവിധദുഃഖം. അഭിഘാതമെന്നാൽ അസഹ്യബോധനം. പ്രതികൂലമായി ബാധിക്കുക എന്നർത്ഥം. ഈ ശാസ്ത്രത്തിൽ ആദ്യമായി ദുഃഖത്തെയാണു് പരാമർശിച്ചിരിക്കുന്നതു്. ആ പരാമർശം ദുഃഖത്തിൻെറ അസ്തിത്വത്തെ—ഉണ്ടെന്നുള്ളതിനെ—സമർത്ഥിക്കുന്നു. അങ്ങനെ ശാസ്ത്രംതന്നെ ദുഃഖത്തെ സിദ്ധവൽക്കരിച്ചിരിക്കുകകൊണ്ടു് "ദുഃഖമില്ലെ"ന്ന ആദ്യസംശയം നിരാകൃതമായി. ദുഃഖത്തെ ഒഴിവാക്കാനാഗ്രഹമില്ലായ്കയാണു് ഇനിയത്തെ സംശയം. അതിനു സമാധാനം പറയുന്നതിനുമുമ്പു് ദുഃഖത്രയത്തിൻെറ പ്രപഞ്ചനം ആവശ്യമായിരിക്കുന്നു.

ദുഃഖമാകെ മൂന്നുവിധമെന്നു പറഞ്ഞല്ലോ; ആദ്യത്തേതു് ആദ്ധ്യാത്മികദുഃഖം. അതു് രണ്ടുവിധം. ശാരീരമെന്നും, മാനസികമെന്നും. ശരീരത്തെ സംബന്ധിക്കുന്ന രോഗാദികളാണു് ശാരീരദുഃഖം. അതു് വാത, പിത്ത, കഫങ്ങളുടെ—ത്രിദോഷങ്ങളുടെ—വൈഷമ്യം നിമിത്തമുണ്ടാകുന്നു. മനസ്സിനെ സംബന്ധിക്കുന്ന കാമാദികൾ നിമിത്തമുണ്ടാകുന്നതാണു് മാനസദുഃഖം. കാമം, ക്രോധം, ലോഭം, മോഹം, ഭയം, ഈർഷ്യ, വിഷാദം, വിഷയവിശേഷാദർശനം ഇത്രയും കാമാദികൾ.

ഇഷ്ടവസ്തുവിലുണ്ടാവുന്ന അഭിലാഷം കാമം. അനിഷ്ടവസ്തുക്കളിൽ സംഭവിക്കുന്ന ദ്വേഷമാണു് ക്രോധം. നീതിവിരോധമായി പരദ്രവ്യം കയ്യടക്കാനുള്ള ഇച്ഛയാണു് ലോഭം. കാര്യാകാര്യങ്ങളെ തിരിച്ചറിഞ്ഞുകൂടായ്ക മോഹം. കടുവാ മുതലായ ദുഷ്ടജന്തുക്കളിൽനിന്നുണ്ടാകുന്ന മനഃക്ഷോഭം ഭയം. അന്യൻെറ അഭ്യുദയത്തിൽ തോന്നുന്ന പൊറുതികേടു് ഈർഷ്യ. സ്നേഹാസ്പദമായ വസ്തുവിൻെറ നാശംനിമിത്തമുണ്ടാകുന്ന വ്യാകുലത വിഷാദം. പദാർത്ഥങ്ങളെ വകതിരിച്ചറിയായ്ക അഥവാ അജ്ഞത വിഷയവിശേഷാദർശനം. വിഷയവിശേഷത്തിൻെറ അദർശനമെന്നു വിഗ്രഹം. വിഷയങ്ങളുടെ വ്യത്യസ്തതയാണു് വി[illegible] കുററിയേയും മനുഷ്യനേയും തിരിച്ചറിയാൻവയ്യ[illegible]കമായ അജ്ഞതയെന്നു് വിഷയവിശേഷാദർശനത്തിൻെറ താൽപ്പര്യാർത്ഥം. ഇപ്പറഞ്ഞ മനോവൃത്തികൾനിമിത്തം മാനസദുഃഖമുണ്ടാകുന്നു.

पुस्तकालय गुरुकुल कांगड़ी
CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ദുഃഖാനുഭവം മനസ്സിന്റെ ധർമ്മമാണ്. അപ്പോൾ എല്ലാ ദുഃഖവും മാനസികമാകാമല്ലോ. അതു ശരിയല്ല; മനസ്സിൽമാത്രമുണ്ടാകുന്നതു്, ശരീരത്തിലുണ്ടായി മനസ്സിനെ ബാധിക്കുന്നതു് ഇങ്ങനെ ദുഃഖം രണ്ടുവിധം വരും. അതിനെ അടിസ്ഥാനപ്പെടുത്തിയാണ് ശാരീരികമെന്നും മാനസികമെന്നും ദുഃഖത്തെ രണ്ടായി വിഭജിച്ചതു്. ദുഃഖത്തിന് ശരീരാശ്രയത്വമുണ്ടെന്നിരിക്കെ, രണ്ടുവക ദുഃഖത്തേയും ആദ്ധ്യാത്മികമാക്കിയതിൽ സാംഗത്യദോഷം ശങ്കിക്കേണ്ടതില്ല. ശരീരത്തേയും മനസ്സിനേയുംസംബന്ധിക്കുന്ന സകല ദുഃഖങ്ങളും ആന്തരോപായസാദ്ധ്യമായിരിക്കുന്നതുതന്നെ കാരണം. ആന്തരോപായസാദ്ധ്യമെന്നാൽ ഉള്ളിലെ ഉപായംകൊണ്ടു് സാധിക്കുന്നതു്. ശരീരമനസ്സുകളുടെ ദുഃഖപരിഹാരം ആന്തരോപായംകൊണ്ടുവേണം സാധിക്കാൻ. എങ്ങനെയെന്നോ? രോഗാദികളൊഴിവാക്കാൻ ഉള്ളിൽ ഔഷധങ്ങൾ ഉപയോഗിക്കണം. കാമാദികളൊഴിവാക്കാൻ ശമാദികൾ ശീലിക്കയും വേണം. ശരീരമനസ്സുകളുടെ ദുഃഖനിവൃത്തിക്കാവശ്യമായ ഈ രണ്ടുപായവും—ഔഷധസേവയും ശമാദിശീലനവും—ഉള്ളുകൊണ്ടു സാധിക്കേണ്ടതെന്നു വ്യക്തം. മറെറാരുവിധം പറഞ്ഞാൽ ആന്തരോപായസാദ്ധ്യമാണ് ഈ രണ്ടുതരം ദുഃഖവും. അങ്ങനെ ഉപായവിഷയമായ സാധർമ്മ്യമുള്ളതുകൊണ്ടു് രണ്ടിനേയുമുൾപ്പെടുത്തി ആദ്ധ്യാത്മികദുഃഖമെന്നു പറഞ്ഞു. ആത്മാവിനെ അധികരിച്ചുള്ളതെന്നു് ആദ്ധ്യാത്മികത്വത്തിന്റെ അർത്ഥം. ഇവിടെ ഒരു സംശയം വരാം; ഔഷധങ്ങൾ പുറത്തുള്ളവയായതുകൊണ്ടു് രോഗനിവൃത്തിയിൽ അവയെ ബാഹ്യോപായമായി പരിഗണിക്കേണ്ടതല്ലേ? ഇതാണ് സംശയം. ഔഷധങ്ങൾ പുറത്തിരുന്നാൽ പോരാ; ഉള്ളിലുപയോഗിക്കണം. എന്നാലേ രോഗവും തജ്ജന്യമായ ദുഃഖവും ശമിക്കൂ. ഈ വസ്തുതയുടെ വെളിച്ചത്തിൽ ഔഷധം ആന്തരോപായമെന്നു സിദ്ധം.

ശരീരമനസ്സുകളെ സംബന്ധിക്കുന്ന രണ്ടിനം ദുഃഖവും ഉൾപ്പെട്ട ആദ്ധ്യാത്മികം, ആന്തരോപായസാദ്ധ്യമാണ്. അപ്രകാരം ബാഹ്യോപായസാദ്ധ്യമായും രണ്ടിനം ദുഃഖമുണ്ടു്. ആധിഭൗതികവും, ആധിദൈവികവും. ഇതു രണ്ടും ബാഹ്യോപായസാദ്ധ്യമായ ദുഃഖമാണ്. പുറത്തെ ഉപായംകൊണ്ടു് ആധിഭൗതികദുഃഖവും ആധിദൈവികദുഃഖവും പരിഹരിക്കാം. ദുർജ്ജനങ്ങൾ,

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ദുഷ്ടമൃഗങ്ങൾ, കഴുകൻ തുടങ്ങിയ പക്ഷികൾ, പാമ്പുകൾ, വിഷവൃക്ഷങ്ങൾ ഇവയിൽനിന്നുണ്ടാവുന്ന ദുഃഖമാണ് ആധിഭൗതികം. യക്ഷന്മാർ, രാക്ഷസന്മാർ, ഗണപതിദ്വേഷം, ഗ്രഹദോഷം ഇവയെ നിമിത്തമാക്കി ഉണ്ടാവുന്നതു് ആധിദൈവികദുഃഖവും. ഇപ്പറഞ്ഞ രണ്ടുവക ദുഃഖങ്ങളും പരിഹരിക്കുക ബാഹ്യോപായംകൊണ്ടേ സാദ്ധ്യമാകൂ. ശരീരത്തിനു പുറമേയുള്ള പ്രവൃത്തനംകൊണ്ടല്ലാതെ ദുർജ്ജനങ്ങൾ, ദുഷ്ടമൃഗങ്ങൾ മുതലായവയുടേയും, യക്ഷരാക്ഷസാദികളുടേയും ഉപദ്രവം ഒഴിവാക്കാനൊക്കുന്നതല്ല അതിനാൽ ആധിഭൗതികത്തേയും ആധ്യാദൈവികത്തേയും മൊത്തം ബാഹ്യോപായസാദ്ധ്യമെന്നു പറഞ്ഞു. ഇതുവരെ പറഞ്ഞതിന്റെ ചുരുക്കം ഇതാണ്. ദുഃഖം പൊതുവെ രണ്ടുവിധം; ആന്തരോപായസാദ്ധ്യമെന്നും, ബാഹ്യോപായസാദ്ധ്യമെന്നും. ആന്തരോപായസാദ്ധ്യമായ ദുഃഖം, ആദ്ധ്യാത്മികം. ശാരീരികമെന്നും മാനസികമെന്നും ആദ്ധ്യാത്മികദുഃഖം രണ്ടുവിധം. ബാഹ്യോപായസാദ്ധ്യമായ ദുഃഖമുണ്ടല്ലോ; അതും രണ്ടുവിധമാണ്. ആധിഭൗതികവും ആധിദൈവികവും.

ശരീരമനസ്സുകളുടെ ദുഃഖങ്ങളെ ഒന്നാക്കിക്കൊണ്ടാണ് ദുഃഖം മൂന്നുവിധമെന്നു പറഞ്ഞതു്. വാസ്തവത്തിൽ ദുഃഖം രണ്ടുവിധമാണ്; ആന്തരമെന്നും, ബാഹ്യമെന്നും. ആന്തരദുഃഖം ശാരീരികം മാനസികം ഇങ്ങനെ രണ്ടുവിധം. ആധിഭൗതികമെന്നും ആധിദൈവികമെന്നും ബാഹ്യദുഃഖവും രണ്ടുവിധം. കുറേക്കൂടി വസ്തുനിഷ്ഠമായി പറഞ്ഞാൽ ശരീരത്തേയും മനസ്സിനേയും ബാധിക്കുന്നതായി മാത്രമേ ദുഃഖമുള്ളു. ശരീരമനസ്സുകളെ ആശ്രയിച്ചാണല്ലോ ദുഃഖങ്ങളുണ്ടാവുന്നതു്. ശരീരവും മനസ്സുമില്ലെങ്കിൽ ദുഃഖത്തിനു സ്ഥാനമേ ഇല്ല. ആ പക്ഷത്തിൽ, ശരീരസംബന്ധമായ സകല ദുഃഖവും ഉൾപ്പെടുത്തി ആധിഭൗതികത്തെ ബാഹ്യദുഃഖമെന്നു പറയാം. മാനസികദുഃഖമെല്ലാം ഉൾപ്പെടുത്തി ആദ്ധ്യാത്മികത്തെ ആന്തരദുഃഖമെന്നും. മററുവിധത്തിൽ മൂന്നെന്നോ നാലെന്നോ ഉള്ള ദുഃഖപരമായ പ്രപഞ്ചനം പഠിതാക്കളുടെ ബുദ്ധിവൈശദ്യത്തിനുവേണ്ടിയായിരിക്കണം. പ്രകൃതത്തിലെ ദുഃഖവിഭജനക്രമത്തിൽ ആധിദൈവികം നിരർത്ഥകമെന്നു കാണാം. അതു് ആധിഭൗതികത്തിൽ ഉൾപ്പെട്ടുപോകുന്നതാണു കാരണം.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ദുഃഖമെല്ലാവക്കും അനുഭവസിദ്ധമായിരിക്കുന്നു. അനുഭവത്തിലിരിക്കുന്ന ദുഃഖം ഇല്ലാത്തതെന്നു നിഷേധിക്കാനാക്കുമാവില്ല. ദുഃഖത്തിന്റെ അസ്തിത്വം ഇവിടെ അനിഷേധ്യമായി സമത്ഥിച്ചു. അതിനാൽ "ദുഃഖമില്ലാത്തതാണെങ്കിലോ" എന്ന രണ്ടാമത്തെ സംശയം പരിഹൃതമായി. ഇനി "ദുഃഖം ഉണ്ടെങ്കിലും ഒഴിവാക്കാനാഗ്രഹിക്കുന്നില്ലെങ്കിൽ" എന്ന സംശയം പരിഹരിക്കാൻപോവുകയാണു്. രജോഗുണത്തിന്റെ പരിണാമവിശേഷമാണു് ദുഃഖം. അതു് അന്തഃകരണനിഷ്ഠമായ ബുദ്ധിതത്ത്വത്തെ അനിഷ്ടരൂപമായി ബാധിക്കുന്നു. ദുഃഖത്തിന്റെ അതേ അനിഷ്ടബാധനം ബുദ്ധിയിൽ പ്രതിബിംബിതമായ ചേതനാശക്തിക്കു (പുരുഷനു) പ്രതികൂലതാനിമിത്തം അസഹ്യബന്ധമായിത്തീരുന്നു. ഈ അസഹ്യബന്ധത്തെയാണു് കാരികയിൽ അഭിഘാതമെന്നു പറഞ്ഞതു്. അനിഷ്ടരൂപമായി ബാധിക്കുന്നതാണു് ദുഃഖത്തിന്റെ അസഹ്യബന്ധത്തിനു കാരണം. അതു് ചേതനാശക്തിയെ അസഹ്യപ്പെടുത്തുന്നു. തന്മൂലം ദുഃഖത്തെ ആരുമിഷ്ടപ്പെടുന്നില്ല; സകലരും ഒഴിവാക്കാനാഗ്രഹിക്കയാണു്. ദുഃഖത്തെ ഒഴിവാക്കാനാഗ്രഹിക്കുക സവ്വജീവിസാധാരണമായ സ്വഭാവമാകുന്നു. ഇപ്പ്രകാരം രണ്ടാമത്തെ സംശയവും നിരാകൃതമായി.

സവ്വജീവികളും ദുഃഖത്തെ പ്രതികൂലമായിത്തന്നെ അറിയുന്നു. സുഖത്തെ അനുകൂലവിഷയമായും. പ്രതികൂലമായ ദുഃഖത്തെ ഒഴിവാക്കാനും, അനുകൂലമായ സുഖത്തെ നേടിയെടുക്കാനും ആഗ്രഹിക്കയാണല്ലോ മനുഷ്യരും. ദുഃഖത്തെ വെറുക്കാത്തവരും സുഖത്തെ അഭിലഷിക്കാത്തവരുമായി ലോകത്താരുമില്ല. ഭൗതികജീവിതത്തിൽ സുഖമായിത്തോന്നുന്നതെല്ലാം പരിണാമത്തിൽ ദുഃഖമായിത്തീരുന്നു. അത്തരം സുഖമൊക്കെ ദുഃഖം കലന്നിരിക്കുന്നതാണു് കാരണം. സുഖം മാത്രമല്ലാത്തതാണു്. സമീക്ഷ്യകാരികളായ ചിന്താശീലന്മാർ ദുഃഖമിശ്രമായ ഭൗതികജീവിതമൊന്നോടക്കം ഉപേക്ഷിക്കയും ദുഃഖത്തിന്റെ ആത്യന്തികനിവൃത്തിക്കു യത്നിക്കുകയും ചെയ്യുന്നു. പ്രാകൃതന്മാരായ സാധാരണക്കാർ ദുഃഖനിവൃത്തിക്കാശ്രയിക്കുന്നതു ഭൗതികസുഖത്തെയാണു്. അതവരെ ദുഃഖത്തിന്റെ പടുകുഴിയിൽ കൊണ്ടുചെന്നു വീഴ്ത്തുന്നു. താല്ക്കാലികദുഃഖനിവൃത്തിയുണ്ടാക്കുന്നതും പരിണാമത്തിൽ ദുഃഖകരമായി മാറുന്നതുമായ വൈഷയികസുഖത്തെ അത്യന്തദുഃഖനി

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

വൃത്തിലക്ഷണമായ പരമപുരുഷാൎത്ഥമായി വിവേകശാലികഠം പരിഗണിക്കുന്നില്ല. അവർ ദുഃഖത്തിൻെറ കലൎപ്പില്ലാത്ത സുഖമാത്രമായ പരമപുരുഷാൎത്ഥത്തെയാണു് പരമാവധി ദുഃഖപരിഹാരത്തിനാശ്രയിക്കുന്നതും ആഗ്രഹിക്കുന്നതും. സാമാന്യമായി പറഞ്ഞാൽ പ്രാകൃതനായാലും വിവേകവാനായാലും ദുഃഖത്തെ ഒഴിവാക്കാനാഗ്രഹിക്കയും, സുഖത്തെ സമ്പാദിക്കാൻ യത്നിക്കുകയുമാണു് ചെയ്യുന്നതു്. പ്രാകൃതൻ അനിത്യമായ ഭൌതികസുഖത്തേയും വിവേകവാൻ നിത്യമായ ആത്മീയസുഖത്തേയും നേടുവാനിച്ഛിക്കുന്നു: ഇതേ വ്യത്യാസമുള്ളു.

"ദുഃഖത്തെ ഒഴിവാക്കാനാഗ്രഹിച്ചാലും ഒഴിവാക്കാനൊക്കുന്നതല്ലെങ്കിലോ" എന്ന മൂന്നാമത്തെ സംശയം പരിഹരിക്കാൻ തുടങ്ങുകയാണിനി. സാംഖ്യപക്ഷത്തിൽ "ഇല്ലാത്തതു് ഉണ്ടാകയില്ല; ഉള്ളതു് ഇല്ലാതാവുകയുമില്ല." സത്കാൎയ്യവാദികളാണു് സാംഖ്യന്മാർ. അവരുടെ അഭിപ്രായത്തിൽ കാരണവും കാൎയ്യവും, ഉള്ളതുതന്നെ. ന്യായവാദികളുടെ പ്രാഗഭാവവും പ്രദ്ധ്വംസാഭാവവും (ഉൽപത്തിക്കുമുമ്പു് കാരണത്തിൽ കാൎയ്യത്തിൻെറ ഇല്ലായ്മയും ഉൽപത്തിക്കുശേഷം ധ്വംസനംകൊണ്ടുള്ള കാൎയ്യത്തിൻെറ ഇല്ലായ്മയും) സാംഖ്യമാൎക്കു് സമ്മതമല്ല. കാരണത്തിൽ കാൎയ്യം സൂക്ഷ്മമായി ഇരിപ്പുണ്ടെന്നാണവരുടെ സിദ്ധാന്തം. കാരണവ്യാപാരംകൊണ്ടു് കാൎയ്യം സ്ഥൂലരൂപം പ്രാപിക്കയാണെന്നും. ഇതു ശരിയാണെങ്കിൽ ഉള്ളതായ ദുഃഖത്തെ എങ്ങനെ ഒഴിവാക്കാൻ സാധിക്കും? ഉള്ളതു് നശിക്കയില്ലല്ലോ? ദുഃഖം ഉള്ളതാകകൊണ്ടു് അതിനെ നശിപ്പിക്കാൻ സാധിക്കയില്ലെന്നതു് ശരിതന്നെ. എന്നാൽ ദുഃഖത്തെ നേരിടാതിരിക്കത്തക്കവണ്ണം നിരോധിക്കുക സാദ്ധ്യമാണു്. ദുഃഖനിരോധത്തിനുള്ള സാമഗ്രി സമ്പാദിച്ചാൽ മതി. അന്തഃകരണനിഷ്ഠമാണു് ദുഃഖം. അതു പുരുഷനെ സംബന്ധിക്കുന്നില്ല. പ്രകൃതിയുടെ പരിണാമമാണന്തഃകരണം. പ്രകൃതിയേയും പുരുഷനേയും വകതിരിച്ചറിഞ്ഞാലേ ഈ പരമാൎത്ഥം ബോദ്ധ്യമാവു. അതിനു് വിവേകജ്ഞാനം ആവശ്യമാണു്. അതേ വിവേകജ്ഞാനംതന്നെ ദുഃഖനിരോധത്തിനുള്ള സാമഗ്രി. ഇപ്പോഠം ദുഃഖത്തെ നിരോധിക്കുവാൻ സാധിക്കുമെന്നു് വ്യക്തമായി. ഇങ്ങനെ മൂന്നാമത്തെ സംശയത്തിൻെറ പരിഹാരം. ദുഃഖനിരോധനസാമഗ്രിയെ സംബന്ധിക്കുന്ന കൂടുതൽ വിവരം "ഏവം തത്ത്വാഭ്യാ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സാത്'' എന്നാരംഭിക്കുന്ന അറുപത്തിനാലാമത്തെ കാരികയിൽ കാണാം.

അനുഭവകാലം അനുസരിച്ച് ദുഃഖം മൂന്നുവിധം: അനുഭവിച്ചുകഴിഞ്ഞ ദുഃഖം, അനുഭവിക്കുന്ന ദുഃഖം, അനുഭവിക്കാനിരിക്കുന്ന ദുഃഖം. കൂട്ടത്തിൽ ഏതു ദുഃഖത്തെ വേണം നിരോധിക്കാൻ? അനുഭവിച്ചുകഴിഞ്ഞ ദുഃഖത്തെ നിരോധിക്കേണ്ടതില്ല. അതു് കഴിഞ്ഞുപോയതാണല്ലോ. അനുഭവത്തിലിരിക്കുന്ന ദുഃഖമാണെങ്കിൽ അല്പസമയംകൊണ്ടനുഭവിച്ചു കഴിയാനേയുള്ളു. ദുഃഖം അനുഭവദശയിലാണെങ്കിൽ നിരോധിക്കാനും സാദ്ധ്യമല്ല. ഇങ്ങനെ നോക്കുമ്പോൾ അനുഭവിക്കാനിരിക്കുന്ന ദുഃഖത്തെ വേണം നിരോധിക്കേണ്ടതെന്നു കാണാം. ഭാവിയിൽ ദുഃഖമനുഭവിക്കാതിരിക്കാനാണ് ശ്രമിക്കേണ്ടതു്. ഈ തത്ത്വം അടിസ്ഥാനമാക്കിയാണ് സേശ്വരസാംഖ്യമായ യോഗദർശനത്തിൽ "ഹേയം ദുഃഖമനാഗതം" എന്നു പറഞ്ഞിരിക്കുന്നതു്.

പ്രതികൂലമായതുകൊണ്ടു് ദുഃഖത്തിന്റെ പരിഹാരത്തിനു് ഇച്ഛയും അതു സാധിക്കാൻ ശാസ്ത്രജ്ഞാനസമ്പാദനത്തിൽ താൽപര്യവും സംഗതമെന്നു് കാരികാസന്ദർഭമുദ്ധരിച്ചു സമർത്ഥിക്കുന്നു.

ഭാഷ്യം:—അതിനാൽ "തദപഘാതകേ ഹേതൌ" എന്നതു് ഉപപന്നമാകുന്നു.

വിവരണം:—ദുഃഖം ഒഴിവാക്കാവുന്നതു്, അഥവാ നിവാരണം ചെയ്യാവുന്നതാണെന്നു വ്യക്തമായല്ലോ. അതുകൊണ്ടു് തദപഘാതകമായ — ദുഃഖത്തെ ഒഴിവാക്കുന്നതായ — കാരണത്തിൽ—ശാസ്ത്രജ്ഞാനത്തിൽ—മനുഷ്യക്കു് താൽപര്യമുണ്ടാകുന്നു എന്നു പറഞ്ഞതു് യുക്തമാണു്.

"തദപഘാതക"മെന്നതിനെ വ്യാഖ്യാനിക്കുന്നു.

ഭാഷ്യം:—ആ ദുഃഖത്രയത്തിന്റെ അപഘാതകമാണു് തദപഘാതകം തച്ഛബ്ദംകൊണ്ടു് അപ്രധാനമാണെങ്കിലും ബുദ്ധികല്പനയാൽ സമാകൃഷ്ടമായ ദുഃഖത്രയത്തിന്റെ പരാമർശം സംഭവിക്കുന്നു.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

വിവരണം:—ആ മൂന്നുവക ദുഃഖത്തേയും പരിഹരിക്കുന്നതെന്ന് "തദപഘാതക"മെന്നതിന്റെ അൎത്ഥം. ആദ്ധ്യാത്മികവും, ആധിഭൌതികവും, ആധിദൈവികവുമാണു് മൂന്നുവക ദുഃഖം. ഇവിടെ "ആ" (തത്) എന്ന സൎവ്വനാമം മുൻപറഞ്ഞ ആദ്ധ്യാത്മികാദി ദുഃഖത്രയത്തെയല്ല പരാമൎശിക്കുന്നതു്; ബുദ്ധികല്പനകൊണ്ടു രൂഢമായ ദുഃഖത്രയത്തെയാണു്. അതായതു്, ബുദ്ധ്യാകൎഷണംകൊണ്ടു ജ്ഞാനരൂഢമായ ആദ്ധ്യാത്മികാദി ദുഃഖത്രയമുണ്ടല്ലോ, അതിനെയാണിവിടെ പരാമൎശിക്കുന്നതു്. ജ്ഞാനരൂഢമായ ദുഃഖം ജ്ഞാനംകൊണ്ടുവേണം ഒഴിവാക്കാൻ. അതിനു ശാസ്ത്രജ്ഞാനവരിചയം സമ്പാദിക്കയാണാവശ്യം. പ്രകൃതം സമൎത്ഥിക്കുന്നു.

ഭാഷ്യം:—അപഘാതകമായ ഹേതുവാകട്ടെ ശാസ്ത്രപ്രതിപാദ്യമാണു്; വേറെയില്ല എന്നാശയം.

വിവരണം:—"ശാസ്ത്രവിഷയജ്ഞാനം ദുഃഖപരിഹാരത്തിന്റെ ഉപായമല്ലെങ്കിലോ" എന്ന നാലാമത്തെ സംശയത്തിനു സമാധാനം പറയുകയാണു്. ദുഃഖപരിഹാരകമായ കാരണം തത്ത്വവിവേകമാണു്; പ്രകൃതിപുരുഷന്മാരെ വിവേചിച്ചറിയുകയാണു്. അതു് ഈ സാംഖ്യശാസ്ത്രത്തിൽ പ്രതിപാദിച്ചിരിക്കുന്നു. തന്മൂലം പ്രകൃതശാസ്ത്രവിഷയജ്ഞാനം ദുഃഖപരിഹാരമായ ഉപായംതന്നെ. "വേറെയില്ല" എന്ന ഭാഷ്യസന്ദൎഭംകൊണ്ടു് അഞ്ചാമത്തെ സംശയം പരിഹരിക്കുന്നു. "ശാസ്ത്രപ്രതിപാദ്യമായ തത്ത്വവിവേകം വിട്ടു ദുഃഖപരിഹാരകമായി മററു മാൎഗ്ഗമൊന്നുമില്ല."

വേറെയില്ല (നാന്യഃ) എന്ന സിദ്ധാന്തപക്ഷമുറപ്പിക്കാൻ പൂൎവ്വപക്ഷമുന്നയിക്കുന്നു:

ഭാഷ്യം:—ഇതിൽ ആശങ്കിക്കുന്നു; "ദൃഷ്ടേ സാഽപാൎത്ഥാ ചേൽ" എന്നു്. (ദൃഷ്ടോപായമുള്ളപ്പോൾ ശാസ്ത്രവിഷയജിജ്ഞാസ നിഷ്പ്രയോജനമെങ്കിൽ.)

അൎത്ഥമിതാണു്. ദുഃഖത്രയമുള്ളതാകട്ടെ; അതിനെ ഒഴിവാക്കാൻ ആഗ്രഹിക്കുന്നതുമായിരിക്കട്ടെ; അതു് ഒഴിവാക്കാനൊക്കുന്നതായും ഭവിക്കട്ടെ; ശാസ്ത്രഗമ്യമായ ഉപായം അതിനെ ഉച്ഛേദിക്കാൻ മതിയായതുമാകട്ടെ; അങ്ങനെയായാലും ഇതിൽ വിവേകശാലികൾക്കു ജിജ്ഞാസ യുക്തമല്ല; ലോകപ്രസിദ്ധവും, സുകരവും, ദുരുച്ഛേദകവുമായ ഉപായത്തിന്റെ ഉണ്മയിരിക്കുന്നതുകൊണ്ടു്.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

വിവരണം:—ദൃഷ്ടോപായമെന്നാൽ ലോകപ്രസിദ്ധമായ ഉപായം. "ദുഃഖത്രയനിവാരണത്തിനു രസായനാദി ദൃഷ്ടോപായമിരിക്കുമ്പോൾ, ശാസ്ത്രവിഷയജിജ്ഞാസ നിഷ്പ്രയോജനമെന്നാണെങ്കിൽ" ഈ സംശയത്തിലെ അത്ഥം വിശദമാക്കുകയാണു്. ദുഃഖത്രയമുള്ളതാണു്. അതിനെ ഒഴിവാക്കാൻ എല്ലാവക്കുമാഗ്രഹവുമുണ്ടു്. ഒഴിവാക്കാനൊക്കുന്നതുംതന്നെ ദുഃഖത്രയം. ശാസ്ത്രഗമ്യമായ ഉപായം ദുഃഖത്രയം ഒഴിവാക്കാൻ തക്കതുമാണു്. എല്ലാം സമ്മതിക്കാം. എന്നാലും ആയാസകരമായ ശാസ്ത്രവിഷയജ്ഞാനസമ്പാദനത്തിൽ വിവേകമതികൾ ഇച്ഛവെയ്ക്കാനിടയില്ല. അനായാസം ദുഃഖപരിഹാരാദികൾ നേടാൻ രസായനാദി ദൃഷ്ടോപായമിരിക്കുന്നതുതന്നെ കാരണം. ദുഃഖനിവൃത്തിക്കു് എളുപ്പമാർഗ്ഗമിരിക്കുമ്പോൾ അതു വിട്ടേച്ചു പ്രയാസമാർഗ്ഗത്തിലേപ്പെടുക ബുദ്ധിമാന്മാക്കു യോജിച്ചതല്ല. അങ്ങനെ ലൌകികജനങ്ങളുടെ അഭിപ്രായവുമുണ്ടു്. തേൻ സമീപത്തുതന്നെയുണ്ടെങ്കിൽ അതിനുവേണ്ടി എന്തിനു മലയിൽ പോകണം? (അർകേ ചേന്മധു വിന്ദേത കിമത്ഥം പർവ്വതം വ്രജേൽ; ഇഷ്ടസ്യാത്ഥസ്യ സംസിദ്ധൌ കോ വിദ്വാൻ യത്നമാചരേൽ. അക്കം=സമീപം അദ്രി=ഗിരി.) ആഗ്രഹിച്ച കാര്യം നിഷ്പ്രയാസം സാധിക്കുമെന്നിരിക്കെ അറിവുള്ളവരാരാണു് അതിനായി പ്രയാസപ്പെടുക? എന്നു്.

ദുഃഖത്രയശമനത്തിനു് എളുപ്പം ദൃഷ്ടോപായമെന്നു പറഞ്ഞല്ലോ; ആ ഉപായം ഏതെല്ലാമെന്നും ദുഃഖശമനകാര്യം എങ്ങനെ സാധിക്കുമെന്നും പറയുന്നു.

ഭാഷ്യം:—ശരീരദുഃഖനിവൃത്തിക്കു വൈദ്യപ്രമുഖന്മാരാൽ ഉപദിഷ്ടങ്ങളായ എളുപ്പം സാധിക്കാവുന്ന ഉപായങ്ങൾ നൂറുകണക്കിനുണ്ടു്. മാനസികമായ സന്താപത്തിന്റെ നിവൃത്തിക്കും സുന്ദരിയായ സ്ത്രീ, പാനം, ഭോജനം, വിലേപനം, വസ്ത്രം, അലങ്കാരം മുതലായ വിഷയങ്ങളുടെ സംപ്രാപ്തി സുകരമായ ഉപായമാണു്.

അപ്രകാരം ആധിദൈവതികമായ ദുഃഖത്തിനു നീതിശാസ്ത്രപരിശീലനസാമത്ഥ്യം, ഉപദ്രവരഹിതസ്ഥാനനിവാസം, മുതലായവ എളുപ്പമുള്ള നിവൃത്തികാരണമാകുന്നു.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

മണിമന്ത്രൌഷധാദ്യുപയോഗം അപ്രകാരം ആധിദൈവികമായ ദുഃഖത്തിനും സുകരമായ പ്രതികാരോപായമാണ്.

വിവരണം:—ആദ്ധ്യാത്മികവും, ആധിഭൌതികവും, ആധിദൈവികവുമാണ് ദുഃഖത്രയം. ആദ്ധ്യാത്മികദുഃഖത്തിൽ ശരീരത്തെ സംബന്ധിക്കുന്നതും മനസ്സിനെ സംബന്ധിക്കുന്നതുമായ രണ്ടുതരം ദുഃഖങ്ങളുൾപ്പെടുന്നു. അതായത്, ശരീരദുഃഖങ്ങളും മനോദുഃഖങ്ങളും. ശരീരദുഃഖങ്ങൾ രോഗങ്ങളാണ്. രോഗശമനത്തിനു ചികിത്സാകുശലന്മാരായ ധന്വന്തരി, ചരകൻ മുതലായ ആചാര്യന്മാർ രസായനം തുടങ്ങിയ അനേകം ഉപായങ്ങൾ നിർദ്ദേശിച്ചിട്ടുണ്ട്. പിന്നെ മനസ്സിനെ സംബന്ധിക്കുന്ന ദുഃഖങ്ങൾ കാമാദികളാണ്. കാമാദികളെക്കുറിച്ചു മുമ്പു പറഞ്ഞിട്ടുള്ളതു് ഇവിടെ ഓർക്കണം. മനസ്സിനെ ദുഃഖിപ്പിക്കുന്നവയാണ് കാമാദികൾ. സുന്ദരിമാരായ സ്ത്രീയുടെ സംസർഗ്ഗം, ഹൃദ്യമായ ഭക്ഷ്യപേയങ്ങൾ, സുഗന്ധലേപനം, വസ്ത്രാലങ്കാരങ്ങൾ, ഇതെല്ലാംകൊണ്ടു മാനസികദുഃഖമായ കാമാദിയെ പരിഹരിക്കാം. ആധിഭൌതികദുഃഖമാണ് രണ്ടാമത്തേതു്. നീതിശാസ്ത്രം ശരിക്കു മനസ്സിലാക്കുകയും, ഉപദ്രവരഹിതമായ സ്ഥലത്തു താമസിക്കുകയും ചെയ്യുന്നതുകൊണ്ടു മുറയ്ക്കു ദുർജ്ജനങ്ങളിൽനിന്നും ദുഷ്ടജന്തുക്കളിൽനിന്നും ആപത്തു നേരിടാതെ കഴിക്കാം. അതുതന്നെയാണ് ആധിഭൌതികദുഃഖം പരിഹരിക്കാനുള്ള ഉപായവും. രത്നങ്ങൾ, മന്ത്രങ്ങൾ, ഔഷധങ്ങൾ ഇവ ഉപയോഗിച്ചു് ആധിദൈവികദുഃഖവും ഒഴിവാക്കാം. ഇപ്പറഞ്ഞ ദുഃഖശമനോപായങ്ങളെല്ലാം എളുപ്പം ചെയ്യാവുന്നതാണ്. ശാസ്ത്രജ്ഞാനസമ്പാദനംപോലെ ശ്രമാവഹമല്ല. ഈ പൂർവ്വപക്ഷം സകാരണം നിരസിക്കുന്നു.

ഭാഷ്യം:—അല്ലെന്നു നിരാകരിക്കുന്നു; എന്തുകൊണ്ടു? "ഏകാന്താത്യന്തതോഽഭാവം" ഹേതുവായിട്ടു്. ഏകാന്തമെന്നാൽ ദുഃഖനിവൃത്തിയുടെ അവശ്യംഭാവം. അത്യന്തമെന്നാൽ നിവർത്തിച്ച ദുഃഖത്തിന്റെ പുനരനുത്പാതം. ഈ ഏകാന്താത്യന്തങ്ങളുടെ അഭാവമാണ് ഏകാന്താത്യന്തതോഽഭാവമെന്നതു്. ഷഷ്ഠീസ്ഥാനത്തു സാർവ്വവിഭക്തികമായ തസിൽപ്രത്യയം.

വിവരണം:—പൂർവ്വപക്ഷത്തിൽ ഉന്നയിച്ച രസായനാദി ദൃഷ്ടോപായങ്ങളൊന്നും ദുഃഖത്രയശമനത്തിനു പര്യാപ്തമല്ല. ഏകാ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ന്തത്തിന്റെയും അത്യന്തത്തിന്റെയും അഭാവമാണ് കാരണം. ഉപായത്തിന്റെ അനുഷ്ഠാനംകൊണ്ട് അവശ്യമുണ്ടാകുന്ന ദുഃഖനിവൃത്തിയാണ് ഏകാന്തം. ദുഃഖം നിവൎത്തിച്ചാൽ വീണ്ടുമുണ്ടാകാതിരിക്കുന്നതു് അത്യന്തവും. അഭാവമെന്നാൽ ഇല്ലായ്മ. ദുഃഖം നിവൎത്തിക്കുക, നിവൎത്തിച്ചാൽ ദുഃഖം വീണ്ടും ഉണ്ടാകാതിരിക്കുക, ഇതു രണ്ടും ദൃഷ്ടോപായംകൊണ്ടു സംഭവിക്കില്ലെന്നു സാരം. ദൃഷ്ടോപായത്തിന്റെ അനുഷ്ഠാനംകൊണ്ടു മിക്കവാറും ആദ്ധ്യാത്മികാദി ദുഃഖങ്ങൾ നിവൎത്തിക്കയില്ല; നിവൎത്തിച്ചാൽ പിന്നേയുമുണ്ടാകാതിരിക്കില്ല. ദുഃഖത്തിന്റെ ആത്യന്തികനിവൃത്തിക്കുതകത്തക്കവിധം—ദുഃഖം പിന്നീടൊരിക്കലും ഉണ്ടാകാതിരിക്കത്തക്കവണ്ണം—പ്രയോജനപ്പെടുന്നതല്ല ദൃഷ്ടോപായമെന്നു താൽപൎയ്യം. "അത്യന്തതഃ" എന്നതിലെ ഒടുവിലത്തെ 'തഃ' തസില്പ്രത്യയമാണ്. തസിപ്രത്യയം എല്ലാ വിഭക്തികളോടും ചേരുമെന്നുള്ളതുകൊണ്ട് ഇവിടെ ഷഷ്ഠീവിഭക്തിയുടെ സ്ഥാനത്തു പ്രയോഗിച്ചിരിക്കുന്നു. ദൃഷ്ടോപായത്തിന്റെ നിഷ്പ്രയോജനത്വം ഭാഷ്യത്തിൽ സമൎത്ഥിക്കുകയാണ്.

ഭാഷ്യം:—ഇതാണ് പറഞ്ഞതു്—വിവിധപ്രകാരമുള്ള രസായനാദികളുടേയും, സുന്ദരി, നീതിശാസ്ത്രപരിശീലനം, മന്ത്രം മുതലായവയുടേയും ഉപയോഗത്തിൽ ആദ്ധ്യാത്മികാദിയായ അതതു ദുഃഖത്തിന്റെ നിവൃത്തി കാണാത്തതുകൊണ്ട് അനൈകാന്തികത്വവും, നിവൃത്തമായതിനുപോലും പുനരുൽപ്പത്തി കാണുന്നതുകൊണ്ട് അനാത്യന്തികത്വവും ഭവിക്കുന്നു; എന്നതിനാൽ സുകരമാണെങ്കിലും ദൃഷ്ടമായ ഉപായം ഏകാന്താത്യന്തികനിവൃത്തിക്ക് ഉപായമല്ല. അതിനാൽ ജിജ്ഞാസ അപാൎത്ഥ(നിഷ്പ്രയോജനം)മല്ലെന്നൎത്ഥം.

വിവരണം:—മുൻഭാഷ്യത്തിൽ പറഞ്ഞതിന്റെ താൽപൎയ്യമാണിതു. അനൈകാന്തികത്വം, ദുഃഖനിവൃത്തിയില്ലായ്മ. അത്യന്തികത്വം, പിന്നേയും ദുഃഖമുണ്ടാവുക. ഈ രണ്ടും ദൃഷ്ടോപായംകൊണ്ടു സംഭവിക്കുന്നു. ഉള്ള ദുഃഖം ഒന്നാകെ നിവൎത്തിക്കണം. പിന്നെ ദുഃഖമൊന്നുമുണ്ടാകരുതു്—ഇതാണാവശ്യം. ഈ ആവശ്യം ദൃഷ്ടോപായംകൊണ്ടു സാദ്ധ്യമല്ല. രസായനം മുതലായ മരുന്നുകൾ, സൌന്ദൎയ്യവതിയായ സ്ത്രീ, നല്ല ഭക്ഷ്യപാനീയങ്ങൾ, നീതി

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ശാസ്ത്രപരിചയം ഇത്യാദിനിമിത്തം ദുഃഖത്രയനിവൃത്തി(ഏകാന്തം) ഉണ്ടാകുകയില്ല; വല്ല ദുഃഖവും നിവർത്തിച്ചാൽ വീണ്ടുമുണ്ടാവാതിരിക്കുക(അത്യന്തം)യുമില്ല. എന്നാൽ സാംഖ്യശാസ്ത്രവിഷയകമായ വിവേകജ്ഞാനമാകട്ടെ, വീണ്ടുമുണ്ടാകാത്തവിധം ദുഃഖങ്ങളുടെയെല്ലാം പരമനിവൃത്തി നേടിക്കൊടുക്കുന്നു. ഏകാന്തവും ആത്യന്തികവുമായ ദുഃഖനിവൃത്തിയാണു് വിവേകജ്ഞാനംകൊണ്ടു സിദ്ധിക്കുന്നതു്. അതിനാൽ ആദ്ധ്യാത്മികാദി ദുഃഖനിവൃത്തിക്കു ശാസ്ത്രവിഷയജ്ഞാനമല്ലാതെ രസായനാദി ദൃഷ്ടോപായം പ്രയോജനകരമല്ല.

കുറിപ്പു്:—സുഖത്തിന്റെയും ദുഃഖത്തിന്റെയും ലക്ഷണം വ്യാസഭഗവാൻ ഭാരതം ശാന്തിപർവ്വത്തിൽ നിർദ്ദേശിച്ചുകാണുന്നു. "യദിഷ്ടം തത് സുഖം പ്രാഹുർദ്വേഷ്യം ദുഃഖമിഹേഷ്യതേ" (ഇഷ്ടമായതു സുഖം, ഇഷ്ടമല്ലാത്തതു ദുഃഖം) എന്നു്. ഈ ലക്ഷണനിർദ്ദേശം സംഗതമായി തോന്നുന്നില്ല. ഇഷ്ടമായതു സുഖമാണെങ്കിൽ ഇഷ്ടപദാർത്ഥത്തെ സുഖമെന്നു പറയണം. ദാഹിക്കുന്നവനു വെള്ളമിഷ്ടമാണു്; എന്നുവെച്ചു വെള്ളത്തെ സുഖമെന്നാരും പറയാറില്ല. ആററുവെള്ളത്തിൽ കുളിച്ചു എന്നല്ലാതെ സുഖത്തിൽ കുളിച്ചു എന്നു വ്യവഹാരമില്ലല്ലോ. ഇത്രയും പറഞ്ഞതുകൊണ്ടു മുൻപറഞ്ഞ ലക്ഷണനിർദ്ദേശത്തിന്റെ സാംഗത്യദോഷം സ്പഷ്ടം. "അനുകൂലവേദനീയം സുഖം, പ്രതികൂലവേദനീയം ബാധനാലക്ഷണം ദുഃഖം" ഇങ്ങനെ താർക്കികന്മാർ സുഖദുഃഖങ്ങളെ നിർവ്വചിച്ചിട്ടുണ്ടു്. അനുകൂലമായ അറിവിനു വിഷയമാകുന്നതു സുഖം. പ്രതികൂലമായ അറിവിനു വിഷയമാകുന്നതു ദുഃഖം. ഈ നിർവ്വചനം സുഖദുഃഖങ്ങളെ സംബന്ധിച്ചേടത്തോളം സംഗതംതന്നെ. സാംസാരികജീവിതത്തിന്റെ കാരണം കർമ്മമാണു്. ജീവൻ കർമ്മങ്ങൾ ചെയ്യുന്നില്ലെങ്കിൽ ജനനമരണങ്ങൾക്കു വിധേയനാവുകയില്ല; സുഖദുഃഖങ്ങളും അനുഭവിക്കയില്ല. സൽക്കർമ്മത്തിന്റെ ഫലമാണു് സുഖം. ദുഷ്കർമ്മത്തിന്റെ ഫലം ദുഃഖവും. എന്തു വിതയ്ക്കുന്നുവോ അതുതന്നെ കൊയ്തെടുക്കുന്നു. വേപ്പുമരം നട്ടുവളർത്തിട്ടു മാങ്ങകളെ ആശിക്കുക, മണലിൽ എണ്ണയുണ്ടെന്നു ഭ്രമിക്കുകയായിരിക്കും. അന്യനെ വീഴ്ത്താൻ കുഴിക്കുന്ന കുഴിയിൽ ചിലപ്പോൾ താൻതന്നെ വീണെന്നുവരും. ഇപ്രകാരം ചിന്തിക്കുകയും തദനുഗുണമായി പ്രവർത്തിക്കയും ചെയ്യുന്നവൻ അതിന്റെ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഫലംതന്നെ തീർച്ചയായുമനുഭവിക്കും. ആകയാൽ സംസാരദുഃഖശമനത്തിന് വിവേകശാലികൾ ജ്ഞാനംതന്നെ സമ്പാദിക്കണം.

ഇതുവരെ പറഞ്ഞതുകൊണ്ടു "ന ദൃഷ്ടാത്തത്സിദ്ധി നിവൃത്തേഽപ്യനുവൃത്തിദർശനാത്" എന്ന സാംഖ്യസൂത്രത്തിന്റെ വ്യാഖ്യാനം പൂർത്തിയായി. ഇപ്പോൾ മറെറാരു സംശയമുദിക്കുന്നു. ദുഃഖമൊഴിവാക്കേണ്ടതാണെന്നിവിടെ സമർത്ഥിച്ചു. ഇതിൽനിന്നു ദുഃഖത്തിന്റെ അപ്രശസ്തത വ്യക്തമാണ്. അമംഗളത്വം തന്നെ അപ്രശസ്തത. ശിഷ്ടാചാരമനുസരിച്ചു ഗ്രന്ഥാരംഭത്തിൽ മംഗളാചരണമാവശ്യമാണ്. (മംഗളാചരണം ശിഷ്ടാചാരാത് ഫലദർശനാത് ശ്രുതിതശ്ച—(സാ: സൂ). അതു പ്രശസ്തവുമായിരിക്കണം. അപ്രശസ്തമായ മംഗളാചരണം വർജ്ജിക്കേണ്ടതാണെന്ന് പ്രത്യേകം നിഷ്കർഷിച്ചിട്ടുണ്ട്. (പ്രശസ്താചരണം നിത്യമപ്രശസ്തവിവർജ്ജനം ഏതദ്ധി മംഗളം പ്രോക്തം മുനിഭിസ്തത്വദർശിഭിഃ) ഇതൊരു ശാസ്ത്രമാണല്ലോ; സാംഖ്യശാസ്ത്രം. ഇതിന്റെ ആരംഭത്തിൽ അപ്രശസ്തമായ ദുഃഖശബ്ദം നിബന്ധിച്ചിരിക്കുന്നു; "ദുഃഖത്രയാഭിഘാതാൽ" എന്ന്. ഈ ശാസ്ത്രം ആരംഭിക്കുന്നതു ദുഃഖശബ്ദംകൊണ്ടാണ്. അപ്രശസ്തവാചകം മംഗളാചരണത്തിൽ പാടില്ലെന്നിരിക്കെ ഇതെങ്ങനെ യോജിക്കും? ഈ സംശയമെടുത്തു കാണിച്ചു സമാധാനം പറയുന്നു.

ഭാഷ്യം:—അങ്ങനെ ദുഃഖം അമംഗളമാണെങ്കിലും തത്പരിഹാരപ്രയോജനംകൊണ്ടു തദപഘാതം (ദുഃഖത്രയനാശം) മംഗളം തന്നെയെന്നതിനാൽ തത്കീർത്തനം ശാസ്ത്രാദിയിൽ യുക്തമാണ്.

വിവരണം:—ദുഃഖം അമംഗളവാചകംതന്നെ. മംഗളാചരണത്തിൽ അതു സംഗതവുമല്ല. എന്നാൽ ഇവിടെ ദുഃഖത്തെക്കുറിച്ചല്ല; ദുഃഖത്രയശമനത്തെക്കുറിച്ചാണ് പറഞ്ഞിരിക്കുന്നതു്. "ദുഃഖത്രയാഭിഘാത"മെന്നാൽ ആദ്ധ്യാത്മികാദി ദുഃഖങ്ങളെ ശമിപ്പിക്കുന്നതെന്നർത്ഥം. "തദപഘാത"മെന്നു ഭാഷ്യത്തിൽ പറഞ്ഞിരിക്കുന്നതും അതേ അർത്ഥത്തിൽത്തന്നെ. ദുഃഖത്രയശമനരൂപമായ പ്രയോജനത്തെ വിഷയമാക്കിയിരിക്കകൊണ്ടു "ദുഃഖത്രയാഭിഘാതം" അമംഗളവാചകമല്ല; തികച്ചും മംഗളവാചകമാണ്. തന്മൂലം അതിനെ ശാസ്ത്രാരംഭത്തിൽ കീർത്തിച്ചതു്—പ്രസ്താവിച്ചതു്—യുക്തമായിരിക്കുന്നു.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സാംഖ്യശാസ്ത്രജ്ഞാനം മാത്രമാണ് ആദ്ധ്യാത്മികാദി ദുഃഖശമനോപായമെന്നു സമർത്ഥിച്ചുകഴിഞ്ഞു. ഇനി ഇതിനെ സംബന്ധിച്ചു വരാവുന്ന മീമാംസകപക്ഷം സാധിക്കാൻ പോവുകയാണ്.

ഭാഷ്യം:—ദൃഷ്ടമായ ഉപായം ദുഃഖനിവൃത്തിക്കു ഹേതുവല്ലായിരിക്കാം; വൈദികമായി സംവത്സരപര്യന്തമായി ജ്യോതിഷ്ടോമാദിയായ കർമ്മകലാപമാകട്ടെ താപത്രയത്തെ ഏകാന്തവും അത്യന്തവുമായപനയിക്കും. യാതൊരു ഹേതുവായിട്ട് "സ്വർഗ്ഗകാമോ യജേത" എന്നു ശ്രുതിയിലുണ്ട്. സ്വർഗ്ഗമാകട്ടെ ദുഃഖത്തോടു മിശ്രപ്പെടാത്തതും, ഇടയിൽ ദുഃഖത്തിന്റെ മറവില്ലാത്തതും, നാശരഹിതവും, ആഗ്രഹംകൊണ്ട് അടുത്തെത്തുന്നതുമായ യാതൊന്നുണ്ടോ അതിനെയാണ് സ്വർഗ്ഗപദംകൊണ്ടു നിർവ്വചിക്കുന്നതു്. (യന്ന ദുഃഖേന സംഭിന്നം ന ച ഗ്രസ്തമനന്തരം അഭിലാഷോപനീതം ച തൽ സുഖം സ്വഃപദാസ്പദം) ദുഃഖവിരോധിയായ സുഖവിശേഷമാണതു്.

വിവരണം;—മീമാംസകപക്ഷം ഉദ്ധരിക്കുകയാണ്; ദൃഷ്ടോപായം—അതിനെ ലൌകികോപായമെന്നും പറയും—ദുഃഖത്രയശമനത്തിനു പോരാത്തതായിരിക്കാം. എന്നാൽ വൈദികോപായമാകട്ടെ അതിനു തികച്ചും മതിയായതാണ്. ജ്യോതിഷ്ടോമം മുതലായ കർമ്മസമൂഹങ്ങൾ വൈദികോപായത്തിലുൾപ്പെടുന്നു. ഒരു യജ്ഞവിശേഷമാണ് ജ്യോതിഷ്ടോമം. പതിനാറ് ഋത്വിക്കുകളെക്കൊണ്ട് നിർവർത്തിക്കാവുന്ന യജ്ഞവിശേഷം. ജ്യോതിഷ്ടോമം മുതലായ അനേകം യജ്ഞകർമ്മങ്ങളെ വേദത്തിൽ അനുശാസിച്ചിരിക്കുന്നു. സ്വർഗ്ഗലാഭമാണ് എല്ലാത്തരം യജ്ഞങ്ങളുടേയും പ്രയോജനം. സകല യജ്ഞങ്ങളും അല്പകാലംകൊണ്ടു സാധിക്കാവുന്നവയുമാണ്. യജ്ഞഫലമായ സ്വർഗ്ഗലാഭം, ദുഃഖത്രയത്തെ വീണ്ടുമുണ്ടാകാത്തവിധം ശമിപ്പിക്കുന്നു; ഏകാന്തവും അത്യന്തവുമായ ദുഃഖനിവൃത്തിയുണ്ടാകുന്നു. വേദവിഹിതമായ യജ്ഞകർമ്മങ്ങളുടെ അനുഷ്ഠാനംകൊണ്ടു സിദ്ധിക്കുന്ന സ്വർഗ്ഗരൂപമായ സുഖവിശേഷം ദുഃഖശമനോപായമായതിനാൽ അതിനെ വൈദികോപായമെന്നു പറഞ്ഞു. സ്വർഗ്ഗത്തിന് ദുഃഖശമനസ്വഭാവമുള്ളതുകൊണ്ടാണ് "സ്വർഗ്ഗത്തെ ആഗ്രഹിക്കുന്നവർ യജ്ഞം ചെയ്യണ"മെന്നു വേദ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ത്തിൽ അനുശാസിച്ചിരിക്കുന്നതു്. സ്വർഗ്ഗമെന്നുവെച്ചാൽ ലൌകികസുഖത്തിൽനിന്നു തുലോം വ്യത്യസ്തമായ ഒരുവക വിശിഷ്ടസുഖമാണ്. "ദുഃഖത്തിൻെറ കലർപ്പില്ലാത്തതും ഒരിക്കലും നശിക്കാത്തതും തുടർന്നുനില്ക്കുന്നതും സങ്കല്പമാത്രയിൽ പ്രാപ്തമാകുന്നതുമായ സുഖവിശേഷത്തെയാണ് സ്വർഗ്ഗശബ്ദംകൊണ്ടു വിവക്ഷിക്കുന്നതു്." ആ സുഖം താല്ക്കാലികദുഃഖത്തെ മാത്രമല്ല; വരാനിരിക്കുന്ന ദുഃഖത്തെക്കൂടി പരിഹരിക്കുന്നു. ഒരു പരിതഃസ്ഥിതിയിലെ സുഖം മറെറാരു പരിതഃസ്ഥിതിയിൽ ദുഃഖമായിത്തീരാമല്ലോ. കാലദേശങ്ങളുടെ വ്യത്യാസംനിമിത്തം സംഭവിക്കുന്ന അത്തരം സ്വഭാവഭേദവും സ്വർഗ്ഗവാച്യമായ സുഖത്തിനു ബാധകമല്ല. അതിനെ ഭാഷ്യത്തിൽ വ്യക്തമാക്കുന്നു.

ഭാഷ്യം:—അതു് (സ്വർഗ്ഗം) സ്വസത്തകൊണ്ടു് ദുഃഖത്തെ സമൂലഘാതമായി നശിപ്പിക്കുന്നു. ഇതു ക്ഷയത്തോടുകൂടിയതല്ല; അപ്രകാരം ശ്രുതിയിൽ പറഞ്ഞിട്ടുണ്ടു്. "അപാമസോമ-മമൃതാ അഭൂമ" എന്നു്. അതിൻെറ നാശത്തിൽ ഇവനു് (സോമപാനാദികർത്താവിനു്) അമൃതത്വം സംഭവിക്കുന്നതെങ്ങനെ?

വിവരണം:—മീമാംസകന്മാരുടെ അഭിപ്രായത്തിൽ സ്വർഗ്ഗം ഒരു ലോകമാണ്; സ്വർഗ്ഗലോകം സുഖവിശേഷമല്ല. വേദവിഹിതമായ യജ്ഞങ്ങളുടെ വിധിപൂർവ്വകമായ അനുഷ്ഠാനംകൊണ്ടു് സ്വർഗ്ഗലോകം പ്രാപിക്കുമെന്നു് കർമ്മമീമാംസകന്മാർ വിശ്വസിക്കുന്നു. ജ്യോതിഷ്ടോമാദി യജ്ഞകർമ്മങ്ങളെല്ലാം സ്വർഗ്ഗസാധനമെന്നാവർ വിശ്വസിക്കുകയാണ്. അതേ വിശ്വാസത്തിൻെറ അടിസ്ഥാനത്തിലാണ് സ്വർഗ്ഗലക്ഷണമായി "യന്ന ദുഃഖേന സംഭിന്നം" എന്നു തുടങ്ങുന്ന സന്ദർഭം ഉദ്ധരിച്ചതു്. വാസ്തവത്തിൽ ആ ലക്ഷണനിർവ്വചനം സ്വർഗ്ഗലോകത്തെ ഉദ്ദേശിച്ചുള്ളതല്ല; അത്യന്തദുഃഖനിവൃത്തിലക്ഷണമായ മോക്ഷസുഖത്തെയാണതു ലക്ഷ്യമാക്കുന്നതു്. ഈ വസ്തുത സിദ്ധാന്തസമർത്ഥനത്തിൽ വ്യക്തമാകും. പ്രകൃതത്തിൽ മീമാംസകപക്ഷം തുടരുന്നു. "സ്വർഗ്ഗം അതിൻെറതായ സത്തകൊണ്ടു്" എല്ലാ പരിതഃസ്ഥിതിയിലും ദുഃഖത്തെ ചുവടെ നശിപ്പിക്കുന്നതാണ്. മൂന്നു കാലത്തിലും മാറാതെ ഏകരൂപമായിരിക്കുന്ന അവസ്ഥയാണ് സത്ത. കാലവിധേയമായി മാറിപ്പോകാത്ത സ്വഭാവ(സത്ത)മിരിക്കുന്നതുകൊണ്ടു് സ്വർഗ്ഗം എല്ലാ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പരിതഃസ്ഥിതിയിലും സുഖരൂപമായിത്തന്നെ നില്ക്കും. ആ സ്ഥിതിയിൽ സ്വർഗ്ഗത്തിന്റെ ദുഃഖപരമായ സമൂലാഘാതനം സംഗതവുമത്രേ. "ഉണ്ടായതു നശിക്കുന്നതാണ്" (യത് കൃതം തദനിത്യം.) ഈ തത്വമനുസരിച്ച് സ്വർഗ്ഗസുഖത്തിന് നാശമുണ്ടെന്നു പറയണം. യജ്ഞകർമ്മത്തിന്റെ ഫലമാണല്ലോ സ്വർഗ്ഗലാഭവും അതിൽനിന്നു സിദ്ധിക്കുന്ന സുഖാനുഭവവും. അതു ക്രിയാനിവൃത്തമാകയാൽ—ഉണ്ടായതാകയാൽ—നശിക്കുന്നതായിരിക്കണം. അങ്ങിനെ ശങ്കിക്കരുത്. സ്വർഗ്ഗം ക്ഷയിയല്ല, നാശത്തോടുകൂടിയതല്ല. സ്വർഗ്ഗത്തിന്റെ അക്ഷയത്വം വേദവും സമ്മതിക്കുന്നു. "നമ്മൾ സോമരസം കുടിച്ച് മരണമില്ലാത്തവരായി" എന്ന്. (അപാമസോമമമൃതാ അഭൂമ, ഗന്മ ജ്യോതിരവിദാമ ദേവാൻ കിം നൂനമസ്മാൻ തൃണവദരാതിഃ കിമു ധൂർത്തിരമൃതമർത്ത്യസ്യ) ഈ വേദസന്ദർഭത്തിന്റെ സംഗ്രഹമിതാണ്: "ദേവന്മാർ ഒരിക്കൽ സഭകൂടി വിചാരണചെയ്തുകൊണ്ടു പറഞ്ഞു; നമ്മൾ സോമരസം കുടിച്ചതുകൊണ്ടാണ് അമരന്മാ (മരണമില്ലാത്തവ)രായത്. മാത്രമല്ല സ്വർഗ്ഗത്തെ പ്രാപിച്ച് ദേവന്മാരെന്നറിയപ്പെടുന്നവരുമായി. ഇപ്രകാരമിരിക്കെ ശത്രു നമ്മളെ തൃണമെന്നപോലെ അറിയുമോ? മരണരഹിതമായ നമ്മുടെ ശരീരത്തെ ജര ബാധിക്കുമോ?" സോമലത ഇടിച്ചുപിഴിഞ്ഞ നീരാണ് സോമരസം. സോമയാഗത്തിൽ യാഗാവശിഷ്ടമായ സോമരസം കുടിക്കുന്ന ഒരു ചടങ്ങുണ്ട്. അങ്ങനെ സോമപാനം ചെയ്യുന്നവർ സ്വർഗ്ഗംപ്രാപിച്ച് ജരാമരണങ്ങളില്ലാത്തവരായിത്തീരുമത്രേ. സ്വർഗ്ഗം നശിക്കുന്നതാണെങ്കിൽ സ്വർഗ്ഗംപ്രാപിക്കുന്നവരെങ്ങനെ നശിക്കാതിരിക്കും? തീർച്ചയായും നശിച്ചുതന്നെ തീരും. സ്വർഗ്ഗത്തിലെത്തുന്നവർക്ക് നാശമില്ലെന്നു മേൽകാണിച്ച വേദവിധിയിലിരിക്കുന്നതുകൊണ്ട് സ്വർഗ്ഗത്തിനും നാശമില്ലെന്നു വേണം തീർച്ചപ്പെടുത്താൻ. ഇപ്രകാരം ദുഃഖശമനത്തിന് അല്പകാലസാദ്ധ്യമായ വൈദികോപായമുള്ളപ്പോൾ ദീർഘകാലസാദ്ധ്യമായ ശാസ്ത്രജ്ഞാനം സമ്പാദിക്കാനെന്തിനു പ്രയാസപ്പെടണം? കർമ്മമീമാംസകന്മാരുടെ ഈ പൂർവ്വപക്ഷം ഉപസംഹരിക്കുന്നു.

ഭാഷ്യം:—അതിനാൽ, അനേകജന്മപരമ്പരയാ സമ്പാദനീയമായ വിവേകജ്ഞാനത്തെക്കാൾ മുഹൂർത്തയാമാഹോരാത്രമായ സംവത്സരാദിനിവർത്തനീയമായ താപത്രയപ്രതീകാരകാരണ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

മായ ഈ വൈദികോപായത്തിന്റെ ഈഷത്കരത്വംകൊണ്ട് ശാസ്ത്രജിജ്ഞാസ വ്യർത്ഥമെന്നു ശങ്കിച്ചുകൊണ്ട് വീണ്ടും പറയുന്നു.

വിവരണം:—അനേകജന്മങ്ങളിൽ വളരെയധികം പ്രയാസം സഹിച്ചുകൊണ്ടുവേണം വിവേകജ്ഞാനം സമ്പാദിക്കാൻ. അത്രകണ്ടു പ്രയാസമുള്ളതല്ല വൈദികോപായം. സന്ധ്യോപാസനം, പിണ്ഡപിതൃയജ്ഞം, അഗ്നിഹോത്രവും ചാന്ദ്രായണവും, ജ്യോതിഷ്ടോമം ഇത്യാദി യജ്ഞവിശേഷങ്ങൾ വൈദികോപായത്തിലുൾപ്പെടുന്നു. അവയെല്ലാം നിവർത്തിക്കാൻ മുറയ്ക്കു രണ്ടുനാഴിക, ഒരു യാമം, ഒരു മാസം, ഒരു വത്സരം ഇത്രയും കാലമേ ആവശ്യമുള്ളു. ഇങ്ങനെ ദുഃഖശമനത്തിനു കാലതാമസവും പ്രയാസവും കുറഞ്ഞ—എളുപ്പം ചെയ്തുതീർക്കാവുന്ന—വൈദികോപായം നിലവിലിരിക്കെ അനേകം ജന്മജന്മാന്തരങ്ങളിൽ വളരെയേറെ പണിപ്പെട്ടാൽമാത്രം സമ്പാദിക്കാവുന്ന വിവേകജ്ഞാനത്തിനുവേണ്ടി എന്തിനായാസപ്പെടണം? അതിനാൽ ശാസ്ത്രജിജ്ഞാസ ദുഃഖശമനകാര്യത്തിൽ നിഷ്പ്രയോജനമായിരിക്കുമല്ലോ. ഈ ശങ്ക മീമാംസകപക്ഷത്തെ അടിസ്ഥാനപ്പെടുത്തി ഉന്നയിച്ചതാണ്. ഇതിനു സമാധാനം പറയുന്നു.

കാരിക:—

ദൃഷ്ടവദാനുശ്രവികഃ
സ ഹ്യവിശുദ്ധിക്ഷയാതിശയയുക്തഃ
തദ്വിപരീതഃ ശ്രേയാൻ
വ്യക്താവ്യക്തജ്ഞവിജ്ഞാനാൽ. 2

അർത്ഥം:—വൈദികോപായം ദൃഷ്ടോപായംപോലെയാണ്. എന്തുകൊണ്ടെന്നാൽ അത് അവിശുദ്ധിയും, ക്ഷയവും, അതിശയ(ന്യൂനാധിക്യം)വുമുള്ളതാകുന്നു. അതിനാൽ വ്യക്താവ്യക്തജ്ഞങ്ങളുടെ വിജ്ഞാനം നിമിത്തം തദ്വിപരീതമാണ് ശ്രേയസ്സായുള്ളത്.

ആനുശ്രവികമെന്നാൽ വൈദികോപായം. അനുശ്രവം വേദം. ഗുരുകർത്തൃകമായ ഉച്ചാരണത്തിനുശേഷം കേൾക്കുന്നതെന്ന അർത്ഥത്തിൽ അനുശ്രവശബ്ദം വേദവാചിയായി. ഗുരുനാഥൻ ചൊല്ലുന്നതു കേട്ടു ശിഷ്യൻ ചൊല്ലുകയാണ് വേദത്തിന്റെ പാഠക്രമം. അനുശ്രവത്തിൽനിന്നറിഞ്ഞത് ആനുശ്രവികം.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

വേദത്തിൽനിന്നറിഞ്ഞതായ അഥവാ വേദവിഹിതമായ യജ്ഞാദികർമ്മസമൂഹം, ദൃഷ്ടോപായംപോലെ ആദ്ധ്യാത്മികാദിദുഃഖങ്ങളുടെ ശമനകാര്യത്തിൽ നിഷ്പ്രയോജനമാണ്. ഹിംസാദോഷവും, നാശവും, ന്യൂനാധിക്യവും ഉള്ളതാണ് കാരണം. ഹിംസാദോഷവും ന്യൂനാധിക്യവുമില്ലാത്ത വിവേകജ്ഞാനമുണ്ടല്ലോ. ബുദ്ധ്യാദികളേയും പ്രകൃതിയേയും പുരുഷനേയും വേർതിരിച്ചറിയുന്ന വിവേകജ്ഞാനം. അതാണ് ദുഃഖത്രയശമനത്തിനേററവും നന്നായിട്ടുള്ളത്. ആനുശ്രവികശബ്ദത്തെ വ്യാഖ്യാനിച്ചുകൊണ്ടു ഭാഷ്യം ആരംഭിക്കുന്നു.

ഭാഷ്യം:—ഗുരുപാഠത്തിൽനിന്നു പിന്നാലെ ശ്രവിക്കുന്നു എന്നതുകൊണ്ട് അനുശ്രവം, വേദം. പറഞ്ഞതിതാണ്—ശ്രവിക്കപ്പെടുന്നതുതന്നെ; അല്ലാതെ ആരാലും ഉണ്ടാക്കപ്പെട്ടതല്ല എന്നതിനാൽ ശ്രുതി. അതിലുള്ളത് ആനുശ്രവികം; അതിൽനിന്നു പ്രാപ്തമായത്, അറിഞ്ഞത് എന്നു താൽപര്യം.

ആനുശ്രവികമായ കർമ്മകലാപവും ദൃഷ്ടത്തോടു തുല്യമായി വർത്തിക്കുന്നു എന്നത്, ഏകാന്തവും അത്യന്തവുമായ ദുഃഖപ്രതികാരത്തിന്റെ അനുപായത്വത്തിനു രണ്ടിടത്തും തുല്യത്വമുള്ളതുകൊണ്ടാണ്. ആനുശ്രവികമെന്നതു സാമാന്യമായി പറയപ്പെട്ടതാണെങ്കിൽപോലും ആ സ്ഥിതിയിലും കർമ്മകലാപാഭിപ്രായം ദൃഷ്ടവ്യമാണ്; വിവേകജ്ഞാനത്തിന്റേയും ആനുശ്രവികത്വം ഹേതുവായിട്ട്.

വിവരണം:—അനു—പിന്നാലെ, ഗുരു ചൊല്ലിയതിനു പിന്നാലെ ശ്രവിക്കുന്നത് അനുശ്രവം. അങ്ങനെയുള്ളതു വേദമാണ്. അതിനാൽ അനുശ്രവത്തിനു വേദമെന്നർത്ഥം. ഗുരുശിഷ്യപരമ്പരയായി ചൊല്ലിക്കേട്ടു ശീലിക്കുകയാണു വേദത്തിന്റെ പഠനക്രമം. ശ്രുതി എന്നൊരു പര്യായമുണ്ട് വേദത്തിന്. സത്യസാക്ഷാൽകാരം നേടിയ മഹർഷിമാരുടെ ജ്ഞാനദൃഷ്ടിക്കു വിഷയമാവുകയും ചെവിയിൽ നാദരൂപമായി മുഴങ്ങിക്കേൾക്കുകയും ചെയ്ത ശബ്ദരാശിയാണ് വേദം. വേദമന്ത്രങ്ങളെ ജ്ഞാനദൃഷ്ടിയിൽ കണ്ടതിനാൽ മഹർഷിമാർക്കു മന്ത്രദ്രഷ്ടാക്കളെന്നും (ഋഷയോ മന്ത്രദ്രഷ്ടാരഃ) മുഴങ്ങിക്കേട്ടതാകയാൽ വേദത്തിനു ശ്രുതിയെന്നും പേരുണ്ടായി. പിന്നെ മഹർഷിമാർ ശിഷ്യന്മാർക്കും, അവർ മററു

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഉരുവക്കം, ചൊല്ലിക്കൊടുത്തും, കേട്ടും പരമ്പരയാ പരിശീലിച്ചു വന്നതുകൊണ്ടു ശ്രുതിക്കു് അനുശ്രവമെന്ന നാമാന്തരവും സിദ്ധിച്ചു. വേദത്തിന്റെ ഈ പഠനക്രമത്തെക്കുറിച്ചു യാസ്കൻ നിരുക്തത്തിന്റെ പ്രയോജനം പറയുന്നിടത്തു സ്മരിച്ചിട്ടുണ്ടു്. (സാക്ഷാൽ കൃതധർമ്മാണോ ഋഷയോ ബഭൂവുഃ തേഽവരേഭ്യോഽസാക്ഷാൽ കൃതധർമ്മഭ്യ ഉപദേശേന മന്ത്രാൻ സംപ്രാദുഃ. ഉപദേശായ ഗ്ലായന്തോഽവരേ ബില്മഗ്രഹണായേമം ഗ്രന്ഥം സമാമ്നാസിഷുർവേദം വേദാംഗാനി ച — നിരുക്തം). അനുശ്രവശബ്ദത്തിന്റെ തദ്ധിതരൂപമാണു് ആനുശ്രവികം. അനുശ്രവത്തിലുള്ളതു്. അഥവാ അനുശ്രവത്തിൽനിന്നറിഞ്ഞതു്. ഇങ്ങനെ ആനുശ്രവികത്തിന്റെ അർത്ഥം. വേദത്തിൽനിന്നറിഞ്ഞ കർമ്മകലാപമെന്നു താല്പര്യം. അതുതന്നെ വൈദികോപായം. ദൃഷ്ടോപായം—ലൗകികോപായം—പോലെ, വൈദികോപായവും ദുഃഖശമനത്തിൽ നിഷ്പ്രയോജനമെന്നാണു് സിദ്ധാന്തപക്ഷം. കാരണമുണ്ടു്. ലൗകികോപായത്തിനെന്നപോലെ വൈദികോപായത്തിനും ഏകാന്തവും അത്യന്തവുമായ ദുഃഖനിവൃത്തിയുണ്ടാക്കുക സാദ്ധ്യമല്ലാതിരിക്കുന്നതുതന്നെ. വൈദികോപായമെന്നു സാമാന്യമായി പറയുമ്പോൾ ഒരു സംശയം തോന്നാം. മൂന്നു കാണ്ഡമുൾപ്പെട്ടതാണു് വേദം. കർമ്മവും, ഉപാസനവും, ജ്ഞാനവും. ഈ മൂന്നിനേയും വൈദികോപായമെന്നു സാമാന്യമായി പറയാം. അപ്പോൾ ജ്ഞാനവും വൈദികോപായമാകാമല്ലോ. അങ്ങനെ സംശയിക്കേണ്ടതില്ല. പ്രകൃതത്തിലെ വൈദികോപായം യാഗാദികളുൾപ്പെട്ട കർമ്മകാണ്ഡത്തെ ലക്ഷ്യമാക്കുന്നതായി വേണം മനസ്സിലാക്കാൻ. ദുഃഖത്തിന്റെ ആത്യന്തികനിവൃത്തി സാധിക്കാൻ ജ്ഞാനത്തിനേ കഴിയൂ. വിവേകജ്ഞാനവും ജ്ഞാനവും ഒന്നുതന്നെ. ആകയാൽ അതേ വിവേകജ്ഞാനത്തെയല്ല, ഇവിടത്തെ വൈദികോപായം ലക്ഷ്യമാക്കുന്നതെന്നു വ്യക്തം. ജ്ഞാനാത്മകമായും വൈദികോപായമുണ്ടെന്നു സമർത്ഥിക്കാൻ ജ്ഞാനകാണ്ഡത്തിലെ—വേദാന്തത്തിലെ—ഒരു സന്ദർഭം ഉദ്ധരിക്കുന്നു.

ഭാഷ്യം:—അപ്രകാരം ശ്രവിക്കപ്പെടുന്നുമുണ്ടു്. "ആത്മാവിനെയാണു് കാണേണ്ടതു്" (ആത്മാ വാ അരേ ദ്രഷ്ടവ്യഃ) പ്രകൃതിയിൽനിന്നും വേർതിരിച്ചറിയേണ്ടതു്. "അവൻ വീണ്ടും ആവർത്തിക്കപ്പെടുന്നില്ല" (ന സ പുനരാവർത്തതേ) എന്നു്.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

വിവരണം:—ബൃഹദാരണ്യകോപനിഷത്തിലെ ഒരു സന്ദർഭമാണിതു്. മൈത്രേയി യാജ്ഞാവല്ക്യനോടു ചോദിച്ചു, മരിക്കാതിരിക്കാൻ ഞാനെന്തു ചെയ്യണമെന്നു്. യാജ്ഞവല്ക്യൻ മറുപടി പറഞ്ഞു: എല്ലാവരും ആത്മാവിനെയാണു് സ്നേഹിക്കുന്നതു്. ആത്മാവു് സർവ്വസ്നേഹാസ്പദമാകുന്നു. അല്ലയോ മൈത്രേയി! ആ ആത്മാവിനെ സാക്ഷാൽക്കരിക്കണം. ആ സാക്ഷാൽക്കാരം നേടിയവൻ ജനനമരണങ്ങൾക്കു വിധേയനാവില്ല. ആത്മസാക്ഷാൽക്കാരം (ജ്ഞാനം) വൈദികഭാഷയാണു്. സാംഖ്യശാസ്ത്രപ്രകാരം പ്രകൃതിപുരുഷവിവേകജ്ഞാനം. അർത്ഥത്തിലും പ്രയോജനത്തിലും ഇതു രണ്ടും ഒന്നുതന്നെ. ജ്ഞാനാത്മകമായ വൈദികോപായം ആത്യന്തികദുഃഖനിവൃത്തിക്കു പ്രയോജനപ്പെടുമെന്നിപ്പോൾ വ്യക്തമായി.

ഭാഷ്യം:—ഈ പ്രതിജ്ഞയിലെ കാരണം പറയുന്നു; അതു് "അവിശുദ്ധിക്ഷയാതിശയയുക്ത"മാണെന്നു്. സോമാദിയാഗത്തിന്റെ പശുബീജാദിവധസാധനതയാണു് അവിശുദ്ധി.

വിവരണം:—ലൗകികോപായംപോലെ വൈദികോപായവും ആദ്ധ്യാത്മികാദി ദുഃഖങ്ങളുടെ ആത്യന്തികനിവൃത്തിക്കു പ്രയോജനപ്പെടുന്നതല്ലെന്നു പറഞ്ഞല്ലോ; അതാണു് പ്രതിജ്ഞ. ആ പ്രതിജ്ഞയുടെ കാരണം വ്യക്തമാക്കുന്നു: പ്രധാനമായി മൂന്നു കാരണം. വൈദികോപായത്തിന്റെ ശുദ്ധിയില്ലായ്മയാണൊന്നു്. മറെറാന്നു് വൈദികോപായംകൊണ്ടു സിദ്ധിക്കുന്ന സ്വർഗ്ഗസുഖത്തിന്റെ നാശം (ക്ഷയം). സ്വർഗ്ഗസുഖത്തിന്റെ അനുഭവത്തിലുണ്ടാകുന്ന ഏററക്കുറവു് (അതിശയം) മൂന്നാമത്തെ കാരണം. വൈദികോപായത്തിന്റെ ശുദ്ധിയില്ലായ്മ എന്താണെന്നോ? യാഗാദികർമ്മപ്രധാനമാണല്ലോ വൈദികോപായം. ഹിംസകൂടാതെ യാഗാദികർമ്മങ്ങൾ സാദ്ധ്യമല്ല. മൃഗത്തെ കൊല്ലുക, ധാന്യങ്ങൾ വറുത്തുപൊടിച്ചു് ബീജനാശം ചെയ്യുക, ഇതെല്ലാം സോമം മുതലായ യാഗങ്ങളിൽ ആവശ്യമാണു്. മൃഗത്തെ കൊല്ലുകയും ധാന്യങ്ങളുടെ ബീജനാശം ചെയ്യുകയും ഹിംസയായതുകൊണ്ടു് ഹിംസാഫലമായ പാപം വൈദികോപായത്തിൽ സംക്രമിക്കുന്നു. ആ പാപസംക്രമണംതന്നെ അവിശുദ്ധി. പാപത്തിന്റെ ഫലം ദുഃഖമാണു്. അങ്ങനെ പാപരൂപമായ അവിശുദ്ധി ദുഃഖജനക

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

മായും തീരുന്നു. അതിനെ സംബന്ധിച്ചുള്ള പഞ്ചശിഖാചാര്യ്യന്റെ അഭിപ്രായമുദ്ധരിക്കുകയാണു്.

ഭാഷ്യം:—ഇങ്ങനെ പഞ്ചശിഖാചാര്യ്യൻ പറഞ്ഞിട്ടുണ്ടു്: "സ്വല്പഃ സങ്കരഃ സപരിഹാരഃ സപ്രത്യവമർഷഃ" ഇതി. സ്വല്പമായ സങ്കരം, സപരിഹാരവും സപ്രത്യവമർഷവുമാണെന്നു്. ജ്യോതിഷ്ടോമാദിജന്മാപായപ്രധാനാപൂർവ്വത്തിനു്, പശുഹിംസാദിയിൽനിന്നുണ്ടായ അനർത്ഥഹേതുവായ അപൂർവ്വത്തോടു് സ്വല്പമായ സങ്കരം ഭവിക്കുന്നു.

വിവരണം:—പഞ്ചശിഖഗ്രന്ഥത്തിലെ ഒരു സന്ദർഭമാണിതു്. (സ്യാൽ സ്വല്പഃ സങ്കരഃ സപരിഹാരഃ സപ്രത്യവമർഷഃ). സ്വല്പമായ സങ്കരമെന്നാൽ, അല്പം കലർപ്പു് എന്നർത്ഥം. ഏതിനു് ഏതിനോടുള്ള കലർപ്പെന്നോ? ജ്യോതിഷ്ടോമം മുതലായ യാഗങ്ങളിൽനിന്നുണ്ടാകുന്ന പ്രധാനധർമ്മത്തിനു് അതേ യാഗങ്ങളിലെ പശുഹിംസാദികൾ നിമിത്തമുണ്ടാകുന്ന അനർത്ഥകാരണമായ അധർമ്മത്തോടുള്ളതാണു് അല്പമായ കലർപ്പു്. യാഗജന്യമായ പ്രധാനധർമ്മത്തിനു് അപ്രധാനമായ അധർമ്മത്തോടു് അല്പം സംകലനമുണ്ടാകുമെന്നു താൽപര്യം. യാഗകർമ്മത്തിൽനിന്നു് അധികം ധർമ്മവും അല്പം അധർമ്മവുമുണ്ടാകുന്നു. യാഗത്തിലെ ദക്ഷിണ, ദാനം മുതലായ സല്ക്കർമ്മംനിമിത്തമുണ്ടാകുന്നതാണു് അധികമായ ധർമ്മം. അല്പമായ അധർമ്മം യാഗീയമായ പശുഹിംസനിമിത്തമുണ്ടാകുന്നതും. അങ്ങനെ അധികം ധർമ്മവും, അല്പം അധർമ്മവുംകൂടിക്കലർന്ന കർമ്മവിശേഷമാണു് ജ്യോതിഷ്ടോമം മുതലായ യാഗങ്ങൾ. ധർമ്മം പുണ്യം, അധർമ്മം പാപം. അതായതു് യാഗജന്യമായ അധികപുണ്യത്തിനു് ഹിംസാജന്യമായ അല്പപാപത്തോടു് സങ്കലനമുണ്ടാകുമെന്നു് പഞ്ചശിഖാചാര്യ്യൻ അഭിപ്രായപ്പെടുന്നു. അപ്രകാരമുള്ള വൈദികാപായം ശുദ്ധിയില്ലാത്തതെന്നു സാംഖ്യന്മാർ.

പുണ്യപ്രധാനമായ യാഗത്തെ അല്പമാത്രമായ പാപത്തെ ഭയന്നു് ഉപേക്ഷിക്കരുതെന്നാണു് യാഗപക്ഷപാതികളുടെ പക്ഷം. യാഗജന്യങ്ങളായ ധർമ്മാധർമ്മങ്ങളെ കർമ്മമീമാംസകന്മാർ പൊതുവിൽ അപൂർവ്വമെന്നു സംജ്ഞചെയ്തിരിക്കുന്നു. അവരുടെ അഭിപ്രായത്തിൽ യാഗത്തിൽനിന്നുണ്ടാകുന്ന സ്വർഗ്ഗാദിഫലജനകമായ ഒരു ഗുണവിശേഷമാണു് അപൂർവ്വം. വേദാന്തികളുടെ പ്രാരബ്ധ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

കർമ്മവും, നൈയായികന്മാരുടെ ധർമ്മാധർമ്മങ്ങളും, വൈശേഷികന്മാരുടെ അദൃഷ്ടവും, പൗരാണികന്മാരുടെ പുണ്യപാപങ്ങളും ഇതേ അപൂർവ്വംതന്നെ. പ്രധാനാപൂർവ്വം, അംഗാപൂർവ്വം, കാലികാപൂർവ്വം, ഇങ്ങനെ അപൂർവ്വം മൂന്നുവിധം. പ്രധാനാപൂർവ്വത്തെ പരമാപൂർവ്വമെന്നും പറയും. കാലികാപൂർവ്വം പരമാപൂർവ്വത്തെ ജനിപ്പിച്ചുകൊണ്ടു വിരമിക്കുന്നു. ശേഷിച്ച അംഗാപൂർവ്വത്തോടുകൂടി പരമാപൂർവ്വം സ്വർഗ്ഗാദി വിശിഷ്ടഫലത്തെ ജനിപ്പിക്കയാണ്. അംഗാപൂർവ്വംകൂടി ചേരുന്നതിനാൽ പരമാപൂർവ്വത്തിൽനിന്നു സിദ്ധമാകുന്ന സ്വർഗ്ഗത്തിന്റെ സുഖാനുഭവത്തിൽ അസുരഭയരൂപമായ പാപത്തിന്റെ അല്പമായ സങ്കലനമുണ്ടാകണം. അതിനെയാണ് 'ശുദ്ധിയില്ലായ്മ'യെന്നു പറഞ്ഞതു്.

ഇനി സങ്കരത്തിന്റെ വിശേഷണമായ 'സപരിഹാരം' 'സപ്രത്യവമർഷം' ഈ പദങ്ങളെ വ്യാഖ്യാനിക്കുന്നു.

ഭാഷ്യം:—സപരിഹാരം; ഏതെങ്കിലും പ്രായശ്ചിത്തംകൊണ്ടു പരിഹരിക്കാൻ കഴിയുന്നതു്. പ്രമാദംകൊണ്ടു് പ്രായശ്ചിത്തം ആചരിതമായില്ലെങ്കിൽ പ്രധാനകർമ്മ (യാഗകർമ്മ)ത്തിന്റെ ഫലാനുഭവസമയത്തു് അതു് (സങ്കരം) ഫലോന്മുഖമായിത്തീരുന്നു. അപ്രകാരമിരിക്കുമ്പോഴും ഇതു് (അധർമ്മം) ജനിപ്പിക്കുന്ന അനർത്ഥത്തെ അത്രയും സഹിഷ്ണുതയോടുകൂടി അനുഭവിക്കുന്നതു് സപ്രത്യവമർഷം. പ്രത്യവമർഷത്തോടു്—സഹിഷ്ണുതയോടുകൂടി വർത്തിക്കുന്നതുസപ്രത്യവമർഷം. പുണ്യസംഭാരംകൊണ്ടു് സമീപമെത്തിയ സ്വർഗ്ഗത്തിലെ സുഖരൂപമായ അമൃതിൽകുളിച്ചു ശീലമുള്ള മംഗളവാന്മാർ അല്പമാത്രമായ പാപംകൊണ്ടുണ്ടാകുന്ന ദുഃഖമാകുന്ന തീക്കണത്തെ സഹിക്കുന്നതു പ്രസിദ്ധമാണല്ലോ.

വിവരണം:—പരിഹാരത്തോടുകൂടിയതാണ് സപരിഹാരം. മുൻപറഞ്ഞ സങ്കരമുണ്ടല്ലോ, അതു് ഏതെങ്കിലും പ്രായശ്ചിത്തംകൊണ്ടു് പരിഹരിക്കാവുന്നതാണ്. പാപപരിഹാരത്തിനുള്ള പ്രതിവിധിയാണ് പ്രായശ്ചിത്തം. ഇന്ന പാപത്തിനു് ഇന്ന പ്രതിവിധിയെന്നു വ്യവസ്ഥചെയ്തിട്ടുണ്ടു്. അത്തരം പ്രതിവിധിരൂപമായ ഏതെങ്കിലും പ്രായശ്ചിത്തമുപയോഗപ്പെടുത്തി, പരിഹരിക്കാവുന്നതാണ് സങ്കരം. അശ്രദ്ധകൊണ്ടു പ്രായശ്ചിത്തമാ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ചരിക്കുന്നില്ലെങ്കിൽ പ്രധാനധർമ്മത്തിൻെറ ഫലം അനുഭവത്തി ലെത്തുമ്പോൾക്കൂടെ അപ്രധാനമായ അധർമ്മത്തിൻെറ അല്പമായ സങ്കരഫലവും അനുഭവത്തിൽ വരും. തന്മൂലമുണ്ടാകുന്ന അനത്ഥ മത്രയും സഹിഷ്ണുതയോടുകൂടി അനുഭവിക്കണം. പ്രത്യവമർഷത്തോടു കൂടിയതു് സപ്രത്യവമർഷം. പ്രത്യവമർഷത്തിനു് സഹിഷ്ണുത എന്ന ത്ഥം. അധർമ്മജന്യമായ അല്പസങ്കരം പ്രായശ്ചിത്തംകൊണ്ടു പരി ഹരിക്കാവുന്നതും പരിഹരിക്കുന്നില്ലെങ്കിൽ സഹിഷ്ണുതയോടുകൂടി അനുഭവിക്കാവുന്നതുമാകയാൽ അതിനെ സപരിഹാരമെന്നും, സപ്രത്യവമർഷമെന്നും വിശേഷിപ്പിച്ചു. പുണ്യസമൂഹംകൊണ്ടു ലബ്ധമായ സ്വർഗ്ഗത്തിലെ സുഖരൂപമായ അമൃതസരസ്സിൽ കുളി ക്കുന്ന മംഗളശാലികളായ ഇന്ദ്രാദികൾ, അല്പമാത്രമായ പാപംനി മിത്തമുണ്ടാകുന്ന ദുഃഖത്തിൻെറ ചൂടുസഹിക്കുന്നതു പ്രസിദ്ധമാണു്. ഇന്ദ്രാദികൾക്കു് ഇടയ്ക്കിടെ നേരിടുന്നതായി പുരാണങ്ങളിൽ പറ ഞ്ഞുകാണുന്ന അസുരഭയത്തെയാണിവിടെ ലക്ഷ്യമാക്കുന്നതു്.

യാഗസംബന്ധമായ ഈ അവിശുദ്ധി, കർമ്മമീമാംസകന്മാക്കു സമ്മതമല്ല. യാഗത്തിലെ ഹിംസ ഹിംസയല്ലെന്നാണവരുടെ അഭിപ്രായം. ആ അഭിപ്രായമുദ്ധരിച്ചു ഖണ്ഡിക്കുന്നു.

ഭാഷ്യം:—"ജീവികളെ ഹിംസിക്കരുതു്" (മാ ഹിംസ്യാൽ സർവ്വഭൂതാനി) എന്ന സാമാന്യശാസ്ത്രം "അഗ്നിഷ്ടോമീയത്തിൽ മൃഗത്തെ ഹിംസിക്കണം" (അഗ്നിഷ്ടോമീയം പശുമാലഭേത) എന്ന ഈ വിശേഷശാസ്ത്രത്താൽ ബാധിക്കപ്പെടുന്നു എന്നതു യുക്തമല്ല; വിരോധമില്ലാത്തതുകൊണ്ടു്. വിരോധമുള്ളപ്പോഴാണു് ബലിഷ്ഠ ത്താൽ ബലഹീനം ബാധിക്കപ്പെടുന്നതു്. ഭിന്നവിഷയത്വംനി മിത്തം ഇവിടെ ഒരു വിരോധവുമില്ല.

വിവരണം:—അഗ്നിഷ്ടോമീയം ഒരു യാഗവിശേഷമാണു്; അഗ്നിയും സോമനും ദേവതകളായ യാഗവിശേഷം. അതിനെ യാഗകർമ്മത്തിൻെറ ഉപലക്ഷണമായി പ്രയോഗിച്ചിരിക്കുന്നു. ആകയാൽ യാഗങ്ങളെ മൊത്തം മനസ്സിലാക്കണം. 'ജീവികളെ ഹിംസിക്കരു'തെന്നും 'യാഗ (അഗ്നിഷ്ടോമീയ)ത്തിൽ മൃഗത്തെ ഹിംസിക്കണ'മെന്നും വേദത്തിൽ വിധിച്ചിരിക്കുന്നു. ഇതെങ്ങി നെ പൊരുത്തപ്പെടുമെന്ന സംശയത്തിനു് മീമാംസകന്മാർ നല്കുന്ന സമാധാനമിതാണു്: 'ജീവികളെ ഹിംസിക്കരു'തെന്ന

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

വിധി സാമാന്യം. യാഗത്തിൽ മൃഗത്തെ ഹിംസിക്കണമെന്നതു വിശേഷവിധി. വിധികൾ അന്യോന്യം വിരുദ്ധമായി വരുമ്പോൾ, പ്രബലവിധി ദുർബ്ബലവിധിയെ ബാധിക്കും. അതായതു്, പ്രബലവിധിയായിരിക്കും അംഗീകരിക്കപ്പെടുക. ഇവിടെ വിധികളുടെ പരസ്പരവൈരുദ്ധ്യം പ്രകടമാണു്. ജീവികളെ ഹിംസിക്കരുതെന്ന വിധി സാമാന്യമാകയാൽ ദുർബ്ബലം. യാഗത്തിൽ മൃഗത്തെ ഹിംസിക്കണമെന്ന വിധി പ്രബലവും. ദുർബ്ബലവിധിക്കു് പ്രബലവിധി ബാധകമായതുകൊണ്ടു് യാഗീയഹിംസ ശാസ്ത്രവിരുദ്ധമല്ല; ശാസ്ത്രസമ്മതമാണു്.

ഈ സമാധാനം യുക്തമല്ലെന്നു നിഷേധിക്കുന്നു. വിധികൾ രണ്ടും ഭിന്നവിഷയമായതുകൊണ്ടു് പരസ്പരവിരോധമില്ലാത്തതാണു് കാരണം. വിരോധമുള്ളിടത്തുമാത്രമേ ദുർബ്ബലമായ വിധിയെ പ്രബലമായ വിധി ബാധിക്കൂ. അങ്ങനെ ഒരു വൈരുദ്ധ്യം പ്രകൃതത്തിലില്ല. അതിനെ വിശദമാക്കുന്നു.

ഭാഷ്യം:—എങ്ങനെയെന്നാൽ 'ഹിംസിക്കരുതു്' (ന ഹിംസ്യാൽ) എന്ന നിഷേധംകൊണ്ടു് ഹിംസയുടെ അനർത്ഥകാരണത്വം അറിയിക്കുന്നു; യാഗത്തിന്റെ പ്രയോജനത്തെയല്ല. "അഗ്നിഷ്ടോമീയത്തിൽ മൃഗത്തെ ഹിംസിക്കണ"മെന്ന വാക്യംകൊണ്ടു് മൃഗഹിംസയുടെ യാഗപ്രയോജനത്തെ പറയുകയാണു്; അനർത്ഥകാരണഭാവത്തെയല്ല. വാക്യഭേദപ്രസംഗംനിമിത്തം അപ്രകാരമിരിക്കെ; അനർത്ഥകാരണത്വത്തിനും യാഗപ്രയോജനത്തിനും ഒരു വിരോധവുമില്ല. എന്തുകൊണ്ടെന്നാൽ ഹിംസ പുരുഷനു് (യാഗകർത്താവിനു്) ദോഷത്തെ ജനിപ്പിക്കും. യാഗത്തിനു് ഉപകരിക്കുകയും ചെയ്യും.

വിവരണം:—ഹിംസിക്കരുതെന്ന നിഷേധവാക്യം, ഹിംസയുടെ അനർത്ഥകാരണത്തെയാണു് വ്യക്തമാക്കുന്നതു്. ഹിംസനിമിത്തം പാപരൂപമായ ദുഃഖാനുഭവമുണ്ടാകുമെന്നറിയിക്കുകയാണു്. യാഗത്തിൽ മൃഗത്തെ ഹിംസിക്കണമെന്നതു് ഹിംസയുടെ യാഗപ്രയോജനത്തെ അറിയിക്കുകയും. മൃഗഹിംസ അംഗമായി നിന്നുകൊണ്ടു് യാഗവൃത്തിക്കു് പ്രയോജനപ്പെടുന്നു. അതായതു്, ഹിംസിക്കരുതെന്നതിനു് അനർത്ഥകാരണം വിഷയം. ഹിംസിക്കണമെന്നതിനു യാഗപ്രയോജനം വിഷയം. ഇങ്ങനെ മുൻപറഞ്ഞ വിധി

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

കളുടെ ഭിന്നവിഷയത്വം സ്പഷ്ടം. ഭിന്നവിഷയമായ വിധികൾക്കു പരസ്പരവൈരുദ്ധ്യം സംഗതമല്ല. ആകയാൽ മീമാംസകപക്ഷത്തിലെ വൈരുദ്ധ്യശങ്ക നിർമ്മൂലമാകുന്നു. വൈരുദ്ധ്യമില്ലെങ്കിൽ ബാധ്യബാധകത്വവുമില്ല. വിഷയപരമായി ചിന്തിക്കുമ്പോഴും അന്യോന്യവിരോധം ശങ്കനീയമല്ല. ഹിംസ യാഗകർത്താവിന്' ദോഷമുണ്ടാക്കുന്നു. യാഗത്തിന്' അംഗമായി പ്രയോജനപ്പെടു കയുംചെയ്യുന്നു. ഇതു രണ്ടും രണ്ടായിരിക്കുന്നതിനാൽ വിഷയപരമായും ബാധ്യബാധകത്വമില്ല. അനർത്ഥകാരണമാവുക അനിഷ്ടവിഷയം. യാഗത്തിനു പ്രയോജനപ്പെടുക ഇഷ്ടവിഷയം. ഇഷ്ടാനിഷ്ടവിഷയങ്ങൾ ഒന്നിച്ചിരിക്കുക സാധാരണമല്ല. പിന്നെ അതു രണ്ടും ഹിംസയിലിരിക്കുന്നതെങ്ങനെയെന്നു ശങ്കിച്ചേക്കാം. അങ്ങനെ ശങ്കിക്കേണ്ടതില്ല. പച്ചമോരു് കോഷ്ഠത്തിലെ കഫത്തെ നശിപ്പിക്കുന്നു, തൊണ്ടയിൽ കഫമുണ്ടാക്കുകയും ചെയ്യുന്നു. കഫനാശകവും കഫജനകവുമായ ഇഷ്ടാനിഷ്ടവിഷയങ്ങൾ മോരിലിരിക്കുന്നതുപോലെ, ഹിംസയിലും ഇഷ്ടാനിഷ്ടവിഷയങ്ങൾ ഉൾപ്പെട്ടിരിക്കുന്നു.

അതിനാൽ യാഗത്തിൻെറ പ്രധാനഫലമായ സ്വർഗ്ഗസുഖം ഹിംസാജന്യമായ പാപത്തിൻെറ അല്പസങ്കലനത്തോടുകൂടിയതായിരിക്കുമെന്നു തീച്ച്. അങ്ങനെ വൈദികോപായം ശുദ്ധിയില്ലാത്തതുതന്നെ. ഇപ്രകാരം "അവിശുദ്ധി" സമർത്ഥിച്ചു. ശേഷിച്ച ക്ഷയാതിശയങ്ങളെ സമർത്ഥിക്കാൻപോവുകയാണു്.

ഭാഷ്യം:—ക്ഷയാതിശയങ്ങൾ ഫലഗതങ്ങളാണെങ്കിലും ഉപായത്തിൽ ഉപചരിതങ്ങളാകുന്നു. സ്വർഗ്ഗാദിയുടെ സത്വമുള്ളപ്പോൾ കാര്യത്വം നിമിത്തം ക്ഷയിത്വവും അനുമിതമാണു്. ജ്യോതിഷ്ടോമാദികൾ സ്വർഗ്ഗമാത്രത്തിൻെറ സാധനമാണു്. വാജപേയാദികളാകട്ടെ സ്വാരാജ്യത്തിൻേറയും; എന്നതിനാൽ അതിശയയുക്തത്വം ഭവിക്കുന്നു. പരസമ്പദുല്ക്കർഷം, ഹീനസമ്പത്തായ പുരുഷനെ ദുഃഖിതനാക്കും.

വിവരണം:—അവിശുദ്ധിക്കു പുറമെ ക്ഷയവും അതിശയവും കൂടി ഉൾപ്പെട്ടതാണു് വൈദികോപായം. യാഗഫലമായ സ്വർഗ്ഗത്തിൻെറ നാശംതന്നെ ക്ഷയം. സ്വർഗ്ഗസുഖത്തിൻെറ കൂടുതൽകുറവു് അതിശയവും. ഇതു രണ്ടും — ക്ഷയാതിശയങ്ങൾ — യാഗ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഫലത്തിലുള്ളതാണെങ്കിലും ഔപചാരികമായി വൈദികോപായത്തിലുൾപ്പെടുത്തി പറഞ്ഞതാണ്. യാഗഫലമാണ് സ്വർഗ്ഗം. യാഗം കാരണവും സ്വർഗ്ഗം കാര്യവും. കാര്യമുള്ളതാണെങ്കിലും പരിണാമവിധേയമാണ്. ഉണ്ടായതു്—കാര്യമായതെല്ലാം പരിണമിക്കണം; നശിക്കണം. ദൃഷ്ടാന്തം കുടംതന്നെ. മണ്ണിന്റെ കാര്യമാണ് കുടം. അതു നാശവിധേയമാകുന്നതു പ്രത്യക്ഷം. അതുപോലെ കാര്യത്വമിരിക്കുന്നതുകൊണ്ടു സ്വർഗ്ഗവും നശിക്കുമെന്നനുമാനിക്കാം. സ്വർഗ്ഗം നശിക്കുന്നതാണെങ്കിൽ സ്വർഗ്ഗവാസികൾക്കു നാശഭീതിയും തന്മൂലം ദുഃഖവുമുണ്ടാകും. എന്നു വരുമ്പോൾ യാഗജന്യമായ സ്വർഗ്ഗലാഭവും ദുഃഖമൊഴിഞ്ഞതല്ല. ഇപ്പോൾ ക്ഷയത്തിന്റെ ദുഃഖകാരണത്വം വ്യക്തമായി

ജ്യോതിഷ്ടോമം മുതലായ യാഗങ്ങൾ സ്വർഗ്ഗത്തെ നേടികൊടുക്കുക മാത്രമേ ചെയ്യുന്നുള്ളു. വാജപേയം മുതലായ യാഗങ്ങളുണ്ടല്ലോ, അവ സ്വർഗ്ഗത്തിന്റെ ആധിപത്യമാണ് നേടിക്കൊടുക്കുന്നതു്. സ്വർഗ്ഗമാത്രസമ്പാദനംകൊണ്ടു സ്വർഗ്ഗസാധാരണമായ സുഖമേ അനുഭവിക്കാനൊക്കൂ. സ്വർഗ്ഗാധിപത്യംകൊണ്ടു സ്വർഗ്ഗീയമായ അസാധാരണസുഖം അനുഭവിക്കാൻ സാധിക്കും. സുഖാനുരൂപമായ ഈ ഏറ്റക്കുറവിനെയാണ് അതിശയമെന്നു പറഞ്ഞതു്. ഇതും ദുഃഖകാരണമാണ്. ഒരുകൂട്ടർ അസാധാരണസുഖമനുഭവിക്കുകയും [ദുഃഖഹേതുകമായിരിക്കുമല്ലോ. സാധാരണസുഖമനുഭവിക്കുന്നവർ അസാധാരണസുഖമനുഭവിക്കുന്നവരെ നോക്കി സ്വന്തമായ കുറവിന്റെ പേരിൽ ദുഃഖിക്കുക പതിവാണ്. ആ പതിവ് സ്വർഗ്ഗത്തിലുമുള്ളതുകൊണ്ടു സ്വർഗ്ഗവാസവും ദുഃഖമൂലകമാകുന്നു. ഇങ്ങിനെ അവിശുദ്ധവും ക്ഷയാതിശയയുക്തവുമാകുയാൽ വൈദികോപായവും, ലൌകികോപായംപോലെ ആദ്ധ്യാത്മികനിവൃത്തിക്കു പര്യാപ്തമല്ല.

പ്രകൃതത്തിൽ വരാവുന്ന മറ്റൊരു സംശയമുന്നയിച്ചുപസംഹരിക്കുന്നു.

ഭാഷ്യം:—"ഞങ്ങൾ സോമരസം കുടിച്ചു് അമൃതന്മാരായി"—"അപാമ സോമം അമൃതാ അഭൂമ"—എന്ന അമൃതത്വാഭിധാനം ചിരസ്ഥമാവിനെ ഉപലക്ഷിക്കുന്നു. യാതൊന്നിനെ പറയുന്നു: "ആഭൂതസംപ്ലവസ്ഥാനമമൃതത്വം ഹി ഭാഷ്യതേ" എന്നു്.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

വിവരണം:—ഞങ്ങൾ സോമരസം കുടിച്ചു് അമൃതന്മാരായി എന്നാർത്ഥം വരുന്ന ഒരു വേദസന്ദർഭം മുമ്പു് ഉദ്ധരിച്ചിരുന്നല്ലോ. അതിലെ അമൃതത്വത്തിനു് മരണമില്ലായ്മ എന്നാർത്ഥമാണെങ്കിൽ യാഗഫലം നാശമുള്ളതാകുന്നതെങ്ങനെ? സംശയമിതാണു്. മരണമില്ലായ്മ എന്നല്ല അമൃതത്വത്തിന്റെ അർത്ഥം. അതു വളരെക്കാലത്തെ ജീവിതത്തിന്റെ നിലനില്പിനെ—സ്ഥിരസ്ഥമാവിനെ—ഉപലക്ഷിക്കുന്നു. അവിടെ പറഞ്ഞ അമൃതത്വത്തിനു് ദീർഘകാലജീവിതമെന്നേ അർത്ഥമുള്ളു. അമൃതന്മാർ എന്നതിലെ 'നഞ്' അല്പാർത്ഥത്തിൽ പ്രയോഗിച്ചിരിക്കയാണു്. സാധാരണമനുഷ്യനെ അപേക്ഷിച്ചു മരണം ചുരുങ്ങിയവരെന്നാർത്ഥം. "അഭൂതസംപ്ലവമായ സ്ഥാന"മെന്നർത്ഥം പറഞ്ഞിരിക്കുന്നു വിഷ്ണുപുരാണത്തിൽ. (അഭൂതസംപ്ലവം സ്ഥാനം അമൃതത്വം ഹി ഭാഷ്യതേ; ത്രൈലോക്യസ്ഥിതികാലോയമപുനർമ്മാര ഉച്യതേ—വി. പു.) ബ്രഹ്മാവിന്റെ പകലോളം വരുന്ന കാലയളവാണു് അഭൂതസംപ്ലവമായ സ്ഥാനം. മൂന്നു ലോകത്തിന്റേയും നിലനില്പുകാലമാണതു്. ഒരു കല്പകാലമെന്നാണു് താൽപര്യം. യാഗഫലമായ സ്വർഗ്ഗസുഖത്തിന്റെ അനുഭവം, കൂടിയാൽ ഒരു കല്പകാലം നിലനില്ക്കും. പിന്നെ നഷ്ടപ്പെട്ടുകയും ചെയ്യും. എന്നാൽ വിവേകജ്ഞാനസാദ്ധ്യമായ അമൃതത്വമുണ്ടു്. അതു മോക്ഷമാണു്. ആദ്ധ്യാത്മികാദി ദുഃഖങ്ങളുടെ ആത്യന്തികനിവൃത്തിരൂപമായ മോക്ഷം. അതിനെ കൈവല്യശ്രുതി ഇങ്ങനെ പറഞ്ഞിരിക്കുന്നു:

ഭാഷ്യം:—"കർമ്മംകൊണ്ടും, പ്രജയെക്കൊണ്ടും, ധനംകൊണ്ടും, അമൃതത്വത്തെ പ്രാപിച്ചില്ല; ചില ജ്ഞാനികൾ ത്യാഗംകൊണ്ടു് അമൃതത്വത്തെ പ്രാപിച്ചു. പരമായ നാകം ബുദ്ധിയിൽ സ്ഥിതമായി പ്രകാശിക്കുന്നു." (ന കർമ്മണാ ന പ്രജയാ ധനേന ത്യാഗേനൈകേ ƒമൃതത്വമാനശുഃ പരേണ നാകം നിഹിതം ഗുഹായാം വിഭ്രാജതേ യദ്യതയോവിശന്തി—കൈവല്യോപനിഷത്തു്.)

വിവരണം:—കൈവല്യോപനിഷത്തിലെ ഒരു സന്ദർഭമാണിതു്. പണ്ടു മാന്യന്മാരായ പലരും ശ്രൌതവും സ്മാർത്തവുമായ യാഗാദികർമ്മങ്ങൾ, സന്താനങ്ങൾ, സമ്പത്തുകൾ ഇവകൊണ്ടു് അമൃതത്വം—മോക്ഷം—നേടാൻ ശ്രമിച്ചു; സാധിച്ചില്ല. എന്നാൽ ചില വിശിഷ്ടന്മാർ, തത്ത്വജ്ഞാനജന്യമായ ത്യാഗംകൊണ്ടു

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

മോക്ഷം നേടുകയുണ്ടായി. കർമ്മമീമാംസകന്മാരവകാശപ്പെടുന്ന അമൃതത്വം, യാഗാദി കർമ്മകലാപംകൊണ്ടു സാദ്ധ്യമല്ലെന്നു് ഈ മന്ത്രഭാഗം വ്യക്തമാക്കുന്നു. കൂടാതെ, ഉൽകൃഷ്ടമായ സ്വർഗ്ഗം ബുദ്ധിയിൽ ബ്രഹ്മരൂപമായി പ്രകാശിക്കുന്നതായും അതിനെ യതാശീലന്മാരായ സന്ന്യാസിമാർ സാക്ഷാൽക്കരിക്കുന്നതായും തുടർന്നുള്ള മന്ത്രഭാഗംകൊണ്ടു മനസ്സിലാക്കാം. അപ്പോൾ താൽപര്യമിതാണു്. ഉൽകൃഷ്ടമായ സ്വർഗ്ഗം ബുദ്ധിയിൽ പ്രകാശിക്കുന്ന ബ്രഹ്മം. അതിനെ സാക്ഷാൽക്കരിക്കുന്നതു് അമൃതത്വം; മോക്ഷം. അമൃതത്വം സാധിക്കാനുള്ള ഉപായം തത്ത്വജ്ഞാനജന്യമായ ത്യാഗം. യാഗസാദ്ധ്യമായ സ്വർഗ്ഗവും അമൃതത്വവും ഇതിൽനിന്നു തുലോം വ്യത്യസ്തമാണു്. ക്ഷയിക്കുന്നതും തന്മൂലം ദുഃഖകാരണവുമാണു്. ഇതിനോടു തുല്യമായ മറ്റൊരു വേദഭാഗമുദ്ധരിക്കുന്നു.

ഭാഷ്യം:—അപ്രകാരം "പ്രജാവാന്മാരും സമ്പത്തിനെ ആഗ്രഹിക്കുന്നവരുമായ ഋഷികൾ കർമ്മംകൊണ്ടു് മൃത്യുവിനെ പ്രാപിച്ചു. അങ്ങനെ മററു ചില ജ്ഞാനികൾ(മനീഷികൾ)ആയ ഋഷികൾ കർമ്മങ്ങൾകൊണ്ടു് പരമമായ അമൃതത്വത്തെ പ്രാപിക്കയും ചെയ്തു." (കർമ്മണാ മൃത്യുമൃഷയോ നിഷേദുഃ പ്രജാവന്തോദ്രവിണമീഹമാനാഃ തഥാപരേ ഋഷയോ മനീഷിണഃ പരം കർമ്മഭ്യോ മൃതത്വമാനശുഃ—ശ്രുതി) എന്നു്.

വിവരണം:—ഗൃഹസ്ഥാശ്രമികളായാലും വാനപ്രസ്ഥരായാലും കാമനയോടെ കർമ്മംചെയ്യുന്നവർ സാധാരണഗതിയിൽ മരണമടയുകയേയുള്ളൂ. കാമന കൂടാതെ കർമ്മംചെയ്യുന്ന—നിഷ്കാമകർമ്മികളായ—ജ്ഞാനികൾ വീണ്ടും ജനിക്കാത്തവണ്ണം അമൃതത്വം പ്രാപിക്കും, അപുനർനിവർത്തകമായ മോക്ഷം പ്രാപിക്കും. കാമ്യകർമ്മം ജനനമരണരൂപമായ ബന്ധത്തിനും, നിഷ്കാമകർമ്മം പുനരാവൃത്തിശൂന്യമായ മോക്ഷത്തിനും കാരണമെന്നു ചുരുക്കം. വൈദികോപായമായ യാഗാദി, കാമ്യകർമ്മമായതുകൊണ്ടു് തൽഫലമായ സ്വർഗ്ഗസുഖം ഉൽപത്തിവിനാശങ്ങളൊഴിഞ്ഞതാവുകയില്ല; അനിത്യമായിരിക്കും. അനിത്യത്വമുള്ളിടത്തു് ദുഃഖം നിശ്ചയം.

ഇപ്പോൾ ഒരു സംശയം; പറഞ്ഞുവെച്ച വിധം, യാഗാദികർമ്മസാദ്ധ്യമായ സ്വർഗ്ഗസുഖം, ദുഃഖമിശ്രവും നശിക്കുന്നതുമാണെങ്കിൽ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സ്വർഗ്ഗലക്ഷണമായി മുമ്പു നിർദ്ദേശിച്ച "യന്ന ദുഃഖേന സംഭിന്നം" ഇത്യാദി എങ്ങനെ യോജിക്കും? ഈ സംശയം നിർമ്മൂലമാണു്. മുമ്പു കാണിച്ച സ്വർഗ്ഗലക്ഷണം നിത്യവും നിരതിശയാനന്ദപൂർണ്ണവുമായ മോക്ഷസുഖത്തിന്റെ നേക്കാണു് വിരൽചൂണ്ടുന്നതു്. മീമാംസകന്മാർ വിരൽചൂണ്ടുന്ന ക്ഷണികസ്വർഗ്ഗത്തിന്റെ നേക്കല്ല. സ്വർഗ്ഗശബ്ദത്തിനു് ഭിന്നാർത്ഥത്തിൽ പല ദിക്കിലും പ്രയോഗം കാണുന്നുണ്ടു്. "സ്വർഗ്ഗകാമോ യജേത" — ഈ വാക്യത്തിലെ സ്വർഗ്ഗശബ്ദത്തിനു് ദേവന്മാരുടെ വാസസ്ഥാനമായ സ്വർഗ്ഗലോകമെന്നർത്ഥം. "ബ്രഹ്മവിദഃ സ്വർഗ്ഗം ലോകമിത ഊർദ്ധ്വം വിമുക്താഃ"—ഇതിലെ സ്വർഗ്ഗശബ്ദം മോക്ഷവാചകമാണു്. "ചന്ദനം സ്വർഗ്ഗഃ" "സൂക്ഷ്മവാസാംസി സ്വർഗ്ഗഃ" ഇവിടത്തെ സ്വർഗ്ഗശബ്ദം സുഖസാധനമെന്ന അർത്ഥം കുറിക്കുന്നു. ഇങ്ങനെ സ്വർഗ്ഗശബ്ദത്തിനു് അർത്ഥാന്തരത്വവും യാഗസാദ്ധ്യമായ സ്വർഗ്ഗത്തിനു് അനിത്യത്വവുമിരിക്കുന്നതുകൊണ്ടു് മേല്പറഞ്ഞ സ്വർഗ്ഗലക്ഷണനിർദ്ദേശം അത്യന്തദുഃഖനിവൃത്തിലക്ഷണമായ മോക്ഷത്തെത്തന്നെ ഉപലക്ഷിക്കുന്നതായി മനസ്സിലാക്കാം. സാംഖ്യപക്ഷത്തിൽ തത്വജ്ഞാനസാദ്ധ്യമായ പ്രകൃതിപുരുഷവിവേകത്തിന്റെ സാക്ഷാൽക്കാരമാണതു്.

ഭാഷ്യം:—അതിനാൽ ഇതെല്ലാം അഭിപ്രായമാക്കിക്കൊണ്ടു പറയുന്നു: "തദ്വിപരീതഃ ശ്രേയാൻ" എന്നു്.

വിവരണം:—നിത്യവും നിരതിശയസുഖസ്വരൂപവുമായ മോക്ഷം പ്രകൃതിപുരുഷസാക്ഷാൽക്കാരം; അല്ലാതെ വൈദികോപായം ആത്യന്തികദുഃഖനിവൃത്തിക്കു പ്രയോജനപ്പെടുകയില്ല. മോക്ഷലാഭത്തിന്റെ ഉപായം ഈ ശാസ്ത്രത്തിലെ പ്രതിപാദ്യമായ തത്വവിവേകമാണു്. അതാകട്ടെ യാഗാദികൾക്കു വിപരീതമായ സ്വഭാവമുള്ളതുമത്രേ. വൈദികോപായത്തിനു വിപരീതമായ തത്വവിവേകമാണു് ദുഃഖത്തിന്റെ ആത്യന്തികനിവൃത്തിക്കു് ശ്രേഷ്ഠമായതെന്നു സാരം.

കർമ്മവും, തത്വവിവേകജന്യമായ ജ്ഞാനവും മോക്ഷകാരണമായി പറഞ്ഞല്ലോ; അതിന്റെ ചുരുക്കമിതാണു്. കർമ്മരൂപമാണു് ജീവിതം. കർമ്മംചെയ്യുന്നവർ പൊതുവിൽ രണ്ടുവിധം, കർമ്മികളെന്നും ജ്ഞാനികളെന്നും. കർമ്മികൾ ശാസ്ത്രവിധിയനുസരിച്ചു്

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഫലാകാംക്ഷയോടെ കർമ്മങ്ങൾ ചെയ്യുന്നു. കർത്തവ്യബുദ്ധിയോടെ ഫലപ്രതീക്ഷ കൂടാതെയാണ് ജ്ഞാനികൾ കർമ്മം ചെയ്യുന്നത്. ഫലാഭിസന്ധിയോടെ കർമ്മമാചരിക്കുന്ന കർമ്മികൾ സ്വർഗ്ഗാദിരൂപമായ ക്ഷണികസുഖത്തെ പ്രാപിക്കുന്നു. കാമനയററ ജ്ഞാനികൾ കർമ്മമാർഗ്ഗത്തിലൂടെ നിത്യവും നിരതിശയസുഖാത്മകവുമായ മോക്ഷത്തേയും. കർമ്മം ജഡമാണ്, ജഡരൂപമായ കർമ്മത്തിന് ബന്ധമുണ്ടാക്കാനോ മോക്ഷമുണ്ടാക്കാനോ കഴിയില്ല. കർത്താവിൻെറ—കർമ്മം ചെയ്യുന്നവൻെറ—ഫലാസക്തിയാണ് ബന്ധകാരണമായിത്തീരുന്നത്. മനുഷ്യൻ ഫലാസക്തനായി കർമ്മം ചെയ്തു സ്വയം ബദ്ധനായിത്തീരുന്നു. ജനനമരണരൂപത്തിൽ ആത്മാവിനെ നേരിടുന്ന അസ്വാതന്ത്ര്യമാണ് ബന്ധം. ഫലാഭിസന്ധികൂടാത്ത കർമ്മംകൊണ്ട്, നിഷ്കാമകർമ്മംകൊണ്ട്, ആ ബന്ധത്തിൽനിന്നു മോചനം നേടാം. അതുതന്നെ മോക്ഷം. (കർമ്മക്ഷയനിമിത്തഃ ശരീരസംബന്ധരൂപബന്ധപ്രധ്വംസോ മോക്ഷഃ—ശ്ലോകവാർത്തികം.)

ഭാഷ്യം:—ദുഃഖാപഘാതകമായി സോമപാനാദിനിമിത്ത അവിശുദ്ധമായി ആനുശ്രവികമായ ഉപായത്തിൽനിന്നു വിപരീതം—ഹിംസാദി സങ്കരാഭാവംകൊണ്ട് വിശുദ്ധമായ, ഒന്നിലധികംതവണ ആവർത്തിക്കില്ലെന്ന ശ്രുതിനിമിത്തം നിരതിശയവുമായ ഫലം ശ്രേഷ്ഠമാണ്. കാര്യത്വംകൊണ്ട് ഫലത്തിൻെറ അനിത്യതയും യുക്തമല്ല; ഭാവകാര്യത്തിൻെറ തദ്ധ്വാത്വംകൊണ്ടും ദുഃഖപ്രധ്വംസമായ കാര്യത്തിൻെറ തദ്വൈപരീത്യംകൊണ്ടും.

വിവരണം:—"വിപരീതമെന്ന കാരികാസന്ദർഭം വ്യാഖ്യാനിക്കുകയാണ്. ദുഃഖനാശകമായി നിർദ്ദേശിച്ച വൈദികോപായം ഹിംസകൊണ്ട് ശുദ്ധിയില്ലാത്തതും, നിത്യമല്ലാത്തതും സുഖാനുഭവത്തിൽ ന്യൂനാധിക്യമുള്ളതുമായ ഫലത്തോടുകൂടിയതാണ്. അതിൽനിന്നു വിപരീതമാണ് തത്വവിവേകത്തിൻെറ ഫലം. മോക്ഷമാണത്. മോക്ഷത്തിന് ഹിംസാജന്യമായ പാപസങ്കലനമില്ലാത്തതുകൊണ്ട് അവിശുദ്ധിയില്ല. "ന സ പുനരാവർത്തതേ" എന്ന ശ്രുതിനിഷ്കർഷകൊണ്ട് മോക്ഷസുഖം നിത്യമാണ്. മോക്ഷസുഖത്തിൻെറ അനുഭവദശയിൽ ന്യൂനാധിക്യവുമില്ല. അങ്ങനെ വൈദികോപായത്തിൻെറ ഫലരൂപമായ സ്വർഗ്ഗസുഖത്തിൽനിന്നു വിപരീതമാണ് തത്വവിവേകസാദ്ധ്യമായ മോക്ഷസുഖം. ശുദ്ധിയും,

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

നിത്യത്വവും, നിരതിശയത്വവുമിരിക്കുന്നതുകൊണ്ട് ശ്രേഷ്ഠവുമല്ല തന്നെ. ആകയാൽ ആധ്യാത്മികാദിദുഃഖനിവൃത്തിക്ക് ശാസ്ത്രത്തിൽ പ്രതിപാദിക്കുന്ന തത്വവിവേകജ്ഞാനം നേടുകതന്നെയാണാവശ്യം.

യാഗഫലമായ സ്വർഗ്ഗം, കാര്യമായതുകൊണ്ട്, നാശമുണ്ടാകുമെന്നനുമാനിച്ചതു ശരിയാണെങ്കിൽ തത്വവിവേകജന്യമായ മോക്ഷത്തിനും കാര്യത്വമുള്ളതുകൊണ്ട് നാശം സംഭവിക്കാമല്ലൊ. ആ സംശയം സംഗതമല്ല. മോക്ഷം ഭാവകാര്യമാണ്; സത്കാര്യം. ആത്യന്തികമായ ദുഃഖോപരമരൂപംതന്നെ മോക്ഷം. അതുണ്ടായതല്ല; ഉള്ളതാണ്. അതിനാൽ മോക്ഷം വിവേകജ്ഞാനകാര്യമാണെങ്കിലും, സാധാരണകാര്യത്തിൻെറ അനിത്യത്വാദിധർമ്മങ്ങളൊന്നും അതിനു ബാധകമല്ല.

ഭാഷ്യം:—കാരണം പ്രവർത്തിക്കാതിരിക്കുമ്പോൾ, കാര്യമുല്പാദിക്കാത്തതുകൊണ്ട് ദുഃഖാന്തരോൽപ്പാദനവും ഭവിക്കുന്നില്ല.

വിവരണം:—ദുഃഖത്തിൻെറ ഉപരമരൂപമാണല്ലോ മോക്ഷം. നിലവിലിരിക്കുന്ന ദുഃഖം ഉപരമിച്ചാൽ പിന്നെ മറെറാരു ദുഃഖമുണ്ടായിക്കൂടെ? പാടില്ല; പ്രകൃതിയേയും പുരുഷനേയും വേർതിരിച്ചുള്ള അറിവിനെ—പ്രകൃതിപുരുഷവിവേകജ്ഞാനത്തെ—സാക്ഷാൽകരിക്കുന്നതാണ് മോക്ഷം. അപ്പോൾ ദുഃഖാദി, പ്രകൃതികാര്യമാണെന്നും പുരുഷൻ സ്വതന്ത്രനും നിസ്സംഗനുമാണെന്നും ഉള്ള വാസ്തവബോധം അനുഭവപ്പെടും. അതോടൊപ്പം പ്രകൃതിയുടെ പ്രവർത്തനവും നിലയ്ക്കും—വിവേകജ്ഞാനോദയത്തിനുശേഷം പ്രകൃതി പ്രവർത്തിക്കയില്ല. കാരണമായ പ്രകൃതിയുടെ പ്രവർത്തനമില്ലെങ്കിൽ ദുഃഖമുണ്ടാകയില്ല. അതിനെ ഭാഷ്യത്തിൽ വ്യക്തമാക്കുന്നു.

ഭാഷ്യം:—കാരണപ്രവൃത്തിയുടെ വിവേകജ്ഞാനോപജനനപര്യന്തം ഹേതുവായിട്ട്. ഇത് ഉപരി ഉപപാദിക്കും.

വിവരണം:—പ്രകൃതിയുടെ പരിണാമരൂപമായ പ്രവർത്തനമാണ് കാരണപ്രവൃത്തി. അതു വിവേകജ്ഞാനമുണ്ടാവുന്നതുവരെ കാണും. പ്രകൃതിയേയും പുരുഷനേയും തിരിച്ചറിയുകയാണ് വിവേകജ്ഞാനം. ആ അറിവു സിദ്ധിച്ചാൽ പിന്നെ അതേ പുരുഷനെ സംബന്ധിച്ചിടത്തോളം പ്രകൃതിയുടെ പരിണാമപ്രവ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ത്തനാമുണ്ടാവില്ല. ഇതിനെക്കുറിച്ച് അറുപത്തിആറാമത്തെ കാരികയിൽ വിശദമായി പറയും.

"തദ്വിപരീതഃ" എന്നതിൻെറ താൽപര്യം മുമ്പു പറഞ്ഞതു വൈധർമ്മ്യമനുസരിച്ചാണ്. ഇനി അതിൻെറ സാധർമ്മ്യമനുസരിച്ചുള്ള താൽപര്യം പറയുന്നു.

ഭാഷ്യം:—അക്ഷരാത്ഥമാകട്ടെ—അതിൽനിന്ന്, ആനുശ്രവികമായി ദുഃഖാപഘാതകമായ ഹേതുവിൽനിന്ന്, സത്വപുരുഷഭിന്നപ്രത്യയസാക്ഷാൽക്കാരമായി ദുഃഖാപഘാതകമായ ഹേതു വിപരീതമാകുന്നു; ഇതുകൊണ്ടുതന്നെ ശ്രേഷ്ഠമാണ്. എന്തുകൊണ്ടെന്നാൽ ആനുശ്രവികം, വൈദികത്വംകൊണ്ടും അല്പമായ ദുഃഖാപഘാതകത്വംകൊണ്ടും പ്രശസ്യമാണ്. പ്രശസ്യമായ ആ രണ്ടിലുംവെച്ച് സത്വപുരുഷഭിന്നപ്രത്യയം പ്രശസ്യതരമാകുന്നു.

വിവരണം:—ദുഃഖശമനകാരണമായ വൈദികോപായത്തിൽനിന്ന് ദുഃഖനാശകമായ പ്രകൃതിപുരുഷവിവേകജ്ഞാനോപായം ആത്യന്തികദുഃഖനിവത്തകമാകയാൽ വിപരീതമാണ്; ഇതുകൊണ്ടുതന്നെ അതു മററതിനേക്കാൾ ശ്രേഷ്ഠവുമാണ്. എങ്ങനെയെന്നോ? ആനുശ്രവികം വേദവിഹിതവും അല്പമായ ദുഃഖശമനമുണ്ടാക്കുന്നതുമാകയാൽ നല്ലതാണ്. പ്രകൃതിപുരുഷവിവേകജ്ഞാനവും നല്ലതുതന്നെ. ഇപ്പറഞ്ഞ രണ്ടിലുംവെച്ച് പ്രകൃതിപുരുഷവിവേകജ്ഞാനമാണ് ഏററവും നല്ലതു്. അതു് ഏകാന്തവും ആത്യന്തവുമായ ദുഃഖനിവൃത്തിയുണ്ടാക്കുന്നതാണ് കാരണം. ഏവംവിധമായ വിവേകജ്ഞാനത്തിൻെറ സാക്ഷാൽക്കാരം എങ്ങനെയുണ്ടാകുമെന്നു പറയുന്നു.

ഭാഷ്യം:—ഇതിൻെറ ഉൽപത്തി എങ്ങനെയെന്നു പറയുന്നതാണ്; "വ്യക്താവ്യക്തജ്ഞവിജ്ഞാനാൽ" എന്ന്. വ്യക്തവും, അവ്യക്തവും, ജ്ഞനും, വ്യക്താവ്യക്തജ്ഞന്മാർ, അവരുടെ വിജ്ഞാനം, വിവേകംകൊണ്ടുള്ള ജ്ഞാനം. വ്യക്തജ്ഞാനത്തോടുകൂടിയ അവ്യക്തമായ തത്കാരണത്തിൻെറ ജ്ഞാനം. ഈ രണ്ടിൻേറയും പാരാത്ഥ്യംകൊണ്ട് ആത്മാവ് പരമെന്നറിയുന്നു. ഇങ്ങനെ ജ്ഞാനക്രമംകൊണ്ടുള്ള അഭിധാനം.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

വിവരണം:—ബുദ്ധി, അഹങ്കാരം, പഞ്ചതന്മാത്രകൾ, ഏകാദശേന്ദ്രിയങ്ങൾ, പഞ്ചമഹാഭൂതങ്ങൾ—ഇത്രയുമാണ് വ്യക്തം. അവ്യക്തം, വ്യക്തത്തിന്റെ കാരണമായ മൂലപ്രകൃതി. അതിനെ പ്രധാനമെന്നും പറയും. ജ്ഞൻ പുരുഷൻ. വിജ്ഞാനമെന്നാൽ വിവേകജ്ഞാനം. വ്യക്തത്തേയും അവ്യക്തത്തേയും പുരുഷനേയും വിവേചിച്ചുള്ള ജ്ഞാനമാണ് വ്യക്താവ്യക്തജ്ഞവിജ്ഞാനം. പ്രപഞ്ചത്തേയും, അതിന്റെ കാരണമായ പ്രകൃതിയേയും, പുരുഷനേയും വകതിരിച്ചറിയുകയെന്നു സാരം. അതിൽനിന്നു തത്ത്വസാക്ഷാൽക്കാരമുണ്ടാവുന്നു. വ്യക്തം (പ്രപഞ്ചം) സ്ഥൂലമായതുകൊണ്ട് ഇന്ദ്രിയപ്രത്യക്ഷമാണ്. അതിനെ നേരിട്ടറിയാം. വ്യക്തത്തിന്റെ അറിവിൽനിന്ന് തൽക്കാരണമായ അവ്യക്തത്തെ—പ്രകൃതിയെ—അറിയാം. കാര്യജ്ഞാനത്തിൽനിന്നു കാരണജ്ഞാനമുണ്ടാവുക സാധാരണം. പ്രകൃതിയുടെ പരിണാമരൂപമാണ് വ്യക്തം. ജഡമായതുകൊണ്ട് പ്രകൃതിയുടെ പരിണാമപ്രവർത്തനം സാർത്ഥമായിരിക്കില്ല; പരാർത്ഥമായിരിക്കും. ഈ പാരാർത്ഥ്യംകൊണ്ട് വ്യക്താവ്യക്തങ്ങളിൽനിന്നന്യമായ—പ്രപഞ്ചപ്രകൃതികളിൽനിന്നു വ്യത്യസ്തമായ—പുരുഷനെ, ആത്മാവിനെ അറിയാം. അതായത് വ്യക്തജ്ഞാനത്തിൽനിന്ന് തദന്യമായ പുരുഷ (ആത്മ)ജ്ഞാനം. ഇങ്ങനെ വിവേകജ്ഞാനത്തിന്റെ ക്രമം. ഏവംവിധമായ വിവേകജ്ഞാനത്തിൽനിന്നാണ് തത്ത്വസാക്ഷാൽക്കാരം സിദ്ധിക്കുന്നത്. സ്ഥൂലവിഷയകമായ വ്യക്തജ്ഞാനം മാത്രം പ്രത്യക്ഷം. ശേഷിച്ച അവ്യക്തജ്ഞാനവും പുരുഷജ്ഞാനവും അനുമാനം. കാര്യമായ വ്യക്തംകൊണ്ട് കാരണത്തേയും കാര്യകാരണങ്ങളുടെ—വ്യക്താവ്യക്തങ്ങളുടെ—പരാർത്ഥതകൊണ്ട്, തൽഭിന്നനായ പുരുഷനേയും അനുമാനിക്കുന്നു.

തത്ത്വസാക്ഷാൽക്കാരഹേതുകമായ വിവേകജ്ഞാനമെങ്ങനെ സിദ്ധിക്കുമെന്നു ചുരുക്കി പറയുന്നു.

ഭാഷ്യം:—പറഞ്ഞതിതാണ്: ശ്രുതിസ്മൃതിതിഹാസപുരാണങ്ങളിൽനിന്ന് വ്യക്താവ്യക്താദികളെ വിവേകംകൊണ്ടു ശ്രവണം ചെയ്തും ശാസ്ത്രയുക്തികൊണ്ടു വ്യവസ്ഥപ്പെടുത്തിയും ദീർഘകാലത്തെ നിരന്തരാനുഷ്ഠാനവും നിരന്തരഭാവനയും നിമിത്തമുള്ള വിജ്ഞാനത്തിൽനിന്നാണ് തത്ത്വസാക്ഷാൽക്കാരം സിദ്ധിക്കുന്നത്.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

വിവരണം:—പറഞ്ഞതിന്റെ ചുരുക്കം. "വേദം, ധർമ്മശാസ്ത്രം, ഇതിഹാസം, പുരാണം ഇവയിൽനിന്നു വ്യക്തത്തേയും, അവ്യക്തത്തേയും, പുരുഷനേയും വിവേചിച്ചു ശ്രവണം ചെയ്യണം; കേട്ടമനസ്സിലാക്കണം. എന്നിട്ട് ശ്രവണംചെയ്തതിനെ ശാസ്ത്രബോധത്തിന്റേയും യുക്തിയുടേയും സാഹചര്യത്തിൽ വിചാരണ ചെയ്യണം; അഥവാ മനനം ചെയ്യണം. അനന്തരം ഏറെക്കാലത്തെ ആദരപൂർവ്വമായ അനുഷ്ഠാനവും നിരന്തരഭാവനയുംകൊണ്ട് മനനവിഷയത്തെ ഉറപ്പിക്കുകയും നിദിദ്ധ്യാസംചെയ്യുകയും വേണം. ഇങ്ങനെ ശ്രവണമനനനിദിദ്ധ്യാസങ്ങളിൽനിന്നു വിവേകജ്ഞാനവും തന്മൂലം തത്ത്വസാക്ഷാൽക്കാരവും സിദ്ധിക്കും.

തത്ത്വപരിശീലനംകൊണ്ട് എന്തു സംഭവിക്കുമെന്നു മേൽ പറയാനിരിക്കുന്നതിനെ ഇവിടെ സംഗ്രഹിക്കയാണ്.

ഭാഷ്യം:—അപ്രകാരം പറയും. "ഇപ്രകാരമുള്ള തത്ത്വപരിചയംകൊണ്ട് ഞാൻ കർത്താവല്ല, എനിക്കു കർമ്മമില്ല, ഞാൻ ഭോക്താവുമല്ല" എന്നിങ്ങനെ പൂർണ്ണനായിത്തീരും. വൈരുദ്ധ്യമില്ലായ്കകൊണ്ട് വിശുദ്ധവും കേവലവുമായ ജ്ഞാനം ആവിർഭവിക്കുകയും ചെയ്യും.

വിവരണം:—ഈ പ്രകൃതം മേൽ വിസ്തരിച്ചു പറയും. തത്ത്വപരിചയംകൊണ്ട് ആത്മാവിന്റെ നിജസ്ഥിതി ബോദ്ധ്യപ്പെടും. കർമ്മം ചെയ്യുന്നതും ഫലമനുഭവിക്കുന്നതും ശരീരമാണ്, ആത്മാവല്ല; പുരുഷനല്ല. എല്ലാററിനും സാക്ഷിഭൂതനായ പുരുഷൻ (ആത്മാവ്) നിസ്സംഗനും, നിത്യനും, പരിപൂർണ്ണനുമാണ്. അപ്രകാരം ആത്മസത്യം സാക്ഷാൽക്കരിക്കുന്നതോടെ ശുദ്ധകേവലമായ ജ്ഞാനം പ്രകാശിക്കും. അതോടെ സ്വതന്ത്രമായ പരിപൂർണ്ണതയിലെത്തുകയും ചെയ്യും.

(ശാസ്ത്രജിജ്ഞാസാനിരൂപണം കഴിഞ്ഞു.)

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പദാൎത്ഥനിരൂപണം

ഇങ്ങനെ വിവേകശാലികൾക്കിഷ്ടമായ കാൎയ്യം ദുഃഖത്തിന്റെ അത്യന്തനിവൃത്തിലക്ഷണമായ തത്ത്വവിവേകമെന്ന സമൎത്ഥിച്ചു; ലൌകികോപായ(ദൃഷ്ടോപായം)വും വൈദികോപായവുമല്ലെന്നും. തന്മൂലം അതേ തത്ത്വവിവേകത്തെ പ്രതിപാദിക്കുന്ന ഈ ശാസ്ത്രത്തിന്റെ സമാരംഭം ആവശ്യമെന്ന വ്യക്തമായി. അതനുസരിച്ച് ശാസ്ത്രപ്രാരംഭത്തിൽ വായനക്കാരുടെ (ശ്രോതാക്കൾ) ബുദ്ധി, ശ്രദ്ധാവിധേയമാക്കാൻ ശാസ്ത്രവിഷയത്തെ ചുരുക്കി പ്രതിജ്ഞാ ചെയ്യുന്നു.

കാരിക — 3.

മൂലപ്രകൃതിരവികൃതി-
ൎമ്മഹദാദ്യാഃ പ്രകൃതിവികൃതയഃ സപ്ത
ഷോഡശകസ്തു വികാരോ
ന പ്രകൃതിർ ന വികൃതിഃ പുരുഷഃ

അൎത്ഥം:—മൂലപ്രകൃതി ഒന്നിന്റേയും വികാരമല്ല. അവികൃതിയാണതു്. മഹത്തത്ത്വം തുടങ്ങിയ ഏഴ് പ്രകൃതിവികൃതികളാണ്. വികാരമാകട്ടെ പതിനാറ്. പുരുഷൻ പ്രകൃതിയുമല്ല, വികൃതിയുമല്ല.

വികൃതിയെന്നാൽ വികാരം, മാററം (പരിണാമം). മൂലപ്രകൃതി സ്വതഃകാരണമാകയാൽ മറെറാന്നിന്റേയും പരിണാമമല്ല; അവികൃതിയാണ്. ജന്യജനകസ്വഭാവമുള്ള പ്രകൃതിപരിണാമങ്ങൾ ഏഴെണ്ണം. മഹത്തത്ത്വ(ബുദ്ധി)വും, അഹങ്കാരവും, പഞ്ചതന്മാത്രകളും. അവ ഏഴും പ്രകൃതിവികൃതികൾ. പഞ്ചഭൂതങ്ങൾ,

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ദശേന്ദ്രിയങ്ങൾ (അഞ്ചു ജ്ഞാനേന്ദ്രിയങ്ങളും അഞ്ചു കർമ്മേന്ദ്രിയങ്ങളും) മനസ്സും ഇങ്ങിനെ പതിനാറു വികാരങ്ങൾ. പുരുഷൻ (ചൈതന്യം) പ്രകൃതിയുമല്ല വികൃതിയുമല്ല. മൂലപ്രകൃതി, പ്രകൃതിവികൃതികൾ, വികാരങ്ങൾ ഇവയിൽനിന്നു പുരുഷൻ വ്യത്യസ്തനാണു്; ഒന്നിനോടും ബന്ധപ്പെടാത്തവനാണു്. ഒരു പ്രകൃതി, ഏഴു പ്രകൃതിവികൃതികൾ, പതിനാറു വികാരങ്ങൾ, പുരുഷൻ ഇങ്ങനെ എല്ലാംകൂടി ഇരുപത്തഞ്ചു പദാർത്ഥങ്ങൾ.

സാംഖ്യശാസ്ത്രപ്രകാരം ഇരുപത്തഞ്ചു പദാർത്ഥങ്ങൾ കൂടിച്ചേർന്നതാണു് പ്രപഞ്ചം. പുരുഷനൊഴിച്ചു ശേഷം പദാർത്ഥങ്ങളുടെ ആദികാരണം മൂലപ്രകൃതി. പഞ്ചഭൂതങ്ങളുടെ സൂക്ഷ്മാംശങ്ങൾ പഞ്ചതന്മാത്രകൾ. ത്രിഗുണങ്ങളുടെ പൊതുസ്വരൂപമാണു് പ്രകൃതി. (സത്വരജസ്തമസാം സാമ്യാവസ്ഥാ പ്രകൃതിഃ—സാംഖ്യസൂത്രം.)

ഭാഷ്യം:—സംക്ഷേപമായി, ഈ ശാസ്ത്രതത്വത്തിനു നാലു വിധങ്ങൾ. ഒരു തത്വം പ്രകൃതി. ഒരു തത്വം വികൃതി. ഒന്നു പ്രകൃതിവികൃതി. ഒന്നു് അനുഭയരൂപം. അവയിൽ പ്രകൃതി എന്താണെന്നു പറഞ്ഞു; "മൂലപ്രകൃതി"യെന്നു്. മൂലമായ പ്രകൃതി എന്നതിനാൽ മൂലപ്രകൃതി. സമഗ്രമായ കാര്യസംഘാതത്തിൻെറ മൂലമാണതു്. അനവസ്ഥാദോഷംനിമിത്തം ഇതിനു് അന്യമായ കാരണമില്ല. അനവസ്ഥയിൽ പ്രമാണമില്ലെന്നു ഭാവം.

വിവരണം:—ഈ ശാസ്ത്രത്തിലെ പ്രതിപാദ്യമായ തത്വസമൂഹം പൊതുവിൽ നാലുവിധം. കേവലപ്രകൃതിയും കേവലവികൃതിയും, രണ്ടും കൂടിയതും (പ്രകൃതിയും വികൃതിയും), രണ്ടുമല്ലാത്തതും (അനുഭയം). കൂട്ടത്തിൽ കേവലപ്രകൃതി മൂലപ്രകൃതിയാണു്. കാര്യസംഘാതങ്ങളുടെ മുഴുവൻ ആദികാരണമായതുകൊണ്ടു് അതിനെ മൂലപ്രകൃതിയെന്നു വ്യവഹരിക്കുന്നു. മൂലപ്രകൃതിക്കു കാരണമായി മറെറാന്നുമില്ല. ഉണ്ടെന്നാണെങ്കിൽ അനവസ്ഥാദോഷം നേരിടും. പ്രകൃതിക്കു് മറെറാരു പ്രകൃതി കാരണമാവുമെങ്കിൽ അതിനു വേറൊരു പ്രകൃതി കാരണമാവണം. തുടന്നിങ്ങനെ കാരണവാദം എങ്ങും നില്ക്കാതെ നീണ്ടുപോകും. അതിനെയാണു് അനവസ്ഥയെന്നു പറയുന്നതു്. ബീജാങ്കുര (വിത്തും മുള

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

യും) പക്ഷത്തിൽ അനവസ്ഥ ദോഷമല്ലെങ്കിലും, ക്ളപ്തമായ വ്യവസ്ഥയുള്ളപ്പോൾ അതു ദോഷമായിത്തീരും. അവിടെ പ്രമാണവുമില്ല. മൂലപ്രകൃതിയുടെ കാരണത്വം വ്യവസ്ഥിതമാണ്. തന്മൂലം അതു സകല കാര്യങ്ങളുടേയും ആദികാരണംതന്നെ. കേവലപ്രകൃതിയെ പ്രധാനമെന്നു പറയും. പ്രകൃതിയുടേയും പ്രധാനത്തിൻേറയും അല്പമായ വ്യത്യാസം മുമ്പു പറഞ്ഞിട്ടുണ്ട്.

കൃത്രിമവും അകൃത്രിമവുമായ സർവ്വദൃശ്യസമൂഹത്തിൻേറയും കാരണം സ്ഥൂലമായ പഞ്ചഭൂതങ്ങളാണ്. സ്ഥൂലഭൂതങ്ങളുടെ കാരണം സൂക്ഷ്മഭൂതങ്ങളായ പഞ്ചതന്മാത്രകൾ. സൂക്ഷ്മഭൂതങ്ങളുടെ കാരണം അഹംതത്വം (അഹംകാരം). അഹംതത്ത്വത്തിൻെറ കാരണം ബുദ്ധിയെന്നു പറയുന്ന മഹത്തത്വം. മഹത്തത്വത്തിൻെറ കാരണം കേവലപ്രകൃതി; അല്ലെങ്കിൽ പ്രധാനം. ഇങ്ങനെ മൂലകാരണത്വം വ്യവസ്ഥിതമായിരിക്കുന്നു.

ഭാഷ്യം:—പിന്നെ പ്രകൃതിവികൃതികൾ ഏതെല്ലാമെന്നും എത്രയെന്നും പറയുന്നു. "മഹദാദ്യാഃ പ്രകൃതിവികൃതയഃ സപ്ത" എന്ന്. പ്രകൃതികളും വികൃതികളുമെന്നതിനാൽ പ്രകൃതിവികൃതികൾ; അവ ഏഴ്. എങ്ങനെയെന്നാൽ, മഹത്തത്ത്വം അഹങ്കാരത്തിൻെറ പ്രകൃതി, മൂലപ്രകൃതിയുടെ വികൃതിയും. അപ്രകാരം അഹംകാരതത്വം തന്മാത്രകളുടേയും ഇന്ദ്രിയങ്ങളുടേയും പ്രകൃതി, മഹത്തത്വത്തിൻെറ വികൃതിയും. അപ്രകാരം പഞ്ചതന്മാത്രതത്ത്വങ്ങൾ. ആകാശം മുതലായ ഭൂതങ്ങളുടെ പ്രകൃതികൾ അഹങ്കാരത്തിൻെറ വികൃതികളും.

വിവരണം:—പ്രകൃതികളും വികൃതികളുമൾപ്പെട്ടതാണ് പ്രകൃതിവികൃതികൾ. അവ ആകപ്പാടെ ഏഴെണ്ണം. ഏതെല്ലാമെന്നു പറയുന്നു. ബുദ്ധി (മഹത്തത്വ)യും, അഹങ്കാരവും, അഞ്ചു തന്മാത്രകളും (ശബ്ദം, സ്പർശം, രൂപം, രസം, ഗന്ധം ഈ അഞ്ചിൻേറയും സൂക്ഷ്മരൂപമാണ് തന്മാത്രകൾ). പ്രകൃതി കാരണം. വികൃതി കാര്യം. അങ്ങനെ ബന്ധപ്പെട്ട കാര്യകാരണങ്ങളാണ് പ്രകൃതിവികൃതികൾ. അഹങ്കാരത്തിൻെറ കാരണം (പ്രകൃതി) ബുദ്ധി—മഹത്തത്വം. മൂലപ്രകൃതിയുടെ കാര്യ (വികൃതി)മാണത്. അഹങ്കാരം, തന്മാത്രകളുടേയും ഇന്ദ്രിയങ്ങളുടേയും കാരണവും (പ്രകൃതി), മഹത്തത്വത്തിൻെറ കാര്യ (വികൃതി)വുമാണ്. തന്മാ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ത്രകളും ഇന്ദ്രിയങ്ങളും ആകാശാദി പഞ്ചഭൂതങ്ങളുടെ കാരണം (പ്രകൃതി); അഹങ്കാരത്തിന്റെ കാര്യ(വികൃതി)ങ്ങളും. താമസാഹംകാരത്തിൽനിന്ന പഞ്ചതന്മാത്രകളും, ശബ്ദാദികളും, സാത്വികാഹംകാരത്തിൽനിന്ന് ഏകാദശേന്ദ്രിയങ്ങളും ജനിക്കുന്നു. ഇതു മേൽ വിവരിക്കും. പ്രപഞ്ചം ഒരു കൂട്ടപദാത്ഥമാണ്; കാര്യകാരണരൂപമായ അനേകം പദാത്ഥങ്ങളുടെ സങ്കലനം. എല്ലാ പദാത്ഥങ്ങളുടേയും മൂലദ്രവ്യം പ്രകൃതി. അവിടംമുതലിങ്ങോട്ടാണ് കാര്യകാരണങ്ങളുടെ പ്രവത്തനം; മഹത്തത്വംതുടങ്ങി പഞ്ചഭൂതങ്ങൾവരെ.

ഭാഷ്യം:—ഇനി വികൃതി എന്തെന്നും എത്രയെന്നും പറയുന്നു. "ഷോഡശകസ്തു വികാരഃ" എന്ന്. ഷോഡശസംഖ്യാപരിമിതമായ സമൂഹമാണ് ഷോഡശകം. അവധാരണാത്ഥത്തിലെ "തു"ശബ്ദം ഭിന്നാക്രമമാണ്. പഞ്ചഭൂതങ്ങളും ഏകാദശേന്ദ്രിയങ്ങളുമെന്ന പതിനാറെണ്ണം വികാരംതന്നെ; പ്രകൃതിയല്ല.

വിവരണം:—വികൃതിയെന്നാൽ വികാരം; കാര്യം, പരിണാമം, മാററം ഇതെല്ലാം വികൃതിയുടെ അത്ഥംതന്നെ. ഷോഡശസംഖ്യയാൽ പരിമിതമായ സംഘമാണ് ഷോഡശകം. സംഘാത്ഥത്തിൽ 'കൻ'പ്രത്യയം വെച്ചു ഷോഡശകമെന്ന രൂപം. പതിനാറുകൂട്ടമെന്നത്ഥം. വികാരമാകട്ടെ പതിനാറെണ്ണം. പഞ്ചമഹാഭൂതങ്ങൾ (ആകാശം, വായു, അഗ്നി, ജലം, ഭൂമി), ഏകാദശേന്ദ്രിയങ്ങൾ (അഞ്ചു ജ്ഞാനേന്ദ്രിയങ്ങളും അഞ്ചു കർമ്മേന്ദ്രിയങ്ങളും, മനസ്സും), ഈ പതിനാറുമാണ് വികാരം. 'ഷോഡശകസ്തു' എന്നതിലെ 'തു'ശബ്ദം നിശ്ചയാത്ഥം കുറിക്കുന്നതാണ്. അതിനെ വികാരമെന്നതിനോടു ചേത്തുവേണമന്വയിക്കാൻ. വികാരംതന്നെ (വികാരഃ തു) എന്നത്ഥം. പതിനാറും വികാരംതന്നെ. തത്വാന്തരജനകമായ പ്രകൃതിയല്ല.

ജ്ഞാനേന്ദ്രിയങ്ങൾ—കണ്ണ്, നാക്ക്, മൂക്ക്, ചെവി, തൊലി.

കർമ്മേന്ദ്രിയങ്ങൾ—കയ്യ്, കാല്, വാക്ക്, പായു (ഗുദം), ഉപസ്ഥം (ജനനേന്ദ്രിയം).

3

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ശബ്ദാദിവിഷയങ്ങളെ അറിയുന്നതു ജ്ഞാനേന്ദ്രിയങ്ങൾ. അറിവനുസരിച്ചു പ്രവൎത്തിക്കുന്നതു കൎമ്മേന്ദ്രിയങ്ങളും.

മേൽപറഞ്ഞ മഹാഭൂതാദി പതിനാറിനും വികൃതിത്വമല്ലാതെ പ്രകൃതിത്വമില്ലെന്നു സിദ്ധാന്തിച്ചതിൽ വരാവുന്ന സംശയമെടുത്തുകാട്ടി പരിഹരിക്കുകയാണ്.

ഭാഷ്യം:—എങ്കിൽതന്നെയും, പൃഥിവ്യാദികൾക്കും, ഗോഘട വൃക്ഷാദികൾ വികാരങ്ങളാണ്. അപ്രകാരം അവയുടെ വികാരഭേദങ്ങളായ പയോബീജാദികൾക്ക ദധ്യങ്കുരാദികൾ വികാരങ്ങളാകുന്നു. അങ്ങനെയിരുന്നാലും പൃഥിവ്യാദികളിൽനിന്നു തത്ത്വാന്തരം ഭവിക്കുന്നില്ല. ഇവിടെ തത്ത്വാന്തരോപാദാനത്വവും പ്രകൃതിത്വമാണെന്ന അഭിപ്രായം ദോഷമല്ല.

വിവരണം:—ഭൂമി (പൃഥിവി) മുതലായവയിൽനിന്നു ജനിക്കുന്നവയാണ് പശു, കുടം, വൃക്ഷം തുടങ്ങിയതെല്ലാം. മറെറാരു വാക്കിൽ, പശു, കുടം, വൃക്ഷം ഇത്യാദികൾ ഭൂമി മുതലായ പഞ്ചഭൂതങ്ങളുടെ വികാരങ്ങളാണ്. പശുവിന്റെ പാലും, വൃക്ഷത്തിന്റെ കായും, മുറയ്ക്കു പശുവൃക്ഷാദികളുടെ വികാരങ്ങളും. പിന്നെ പാലിനു തൈരും കായ്ക്കു മുളയും വികാരം. ഇങ്ങനെ നോക്കുമ്പോൾ പൃഥിവ്യാദിമഹാഭൂതങ്ങൾക്കും, മഹത്തത്ത്വാദികൾക്കെന്നപോലെ, കാൎയ്യകാരണബന്ധമുണ്ടെന്നു കാണാം. അതു ശരിയാണെങ്കിൽ പൃഥിവ്യാദികളേയും എന്തുകൊണ്ടു പ്രകൃതിവികൃതികളെന്നു പറഞ്ഞുകൂടാ? ഇതാണ് സംശയം. അങ്ങനെ സംശയിക്കരുത്. പ്രകൃതിശബ്ദം പലയിടത്തും പലേയൎത്ഥത്തിൽ പ്രയോഗിക്കാറുണ്ട്. മൂലപ്രകൃതി, മഹത്തത്ത്വാദിപ്രകൃതി, മൃത്പ്രകൃതി, കനകപ്രകൃതി, എന്നെല്ലാം. എന്നാൽ തത്ത്വാന്തരത്തെ ജനിപ്പിക്കുന്നതെന്ന അൎത്ഥത്തിലാണിവിടെ പ്രകൃതിശബ്ദം ഉപയോഗിച്ചിരിക്കുന്നതു്. തത്ത്വാന്തരമെന്നാൽ ഭിന്നപദാൎത്ഥം. സൂക്ഷ്മത്വവും അതീന്ദ്രിയത്വവും (ഇന്ദ്രിയവിഷയമല്ലാതിരിക്കുക) തത്ത്വത്തിന്റെ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ലക്ഷണം. ഭിന്നപദാൎത്ഥത്തിന്—തത്വാന്തരത്തിന്—കാരണം പദാൎത്ഥഗതമായ സൂക്ഷ്മത്വവും അതീന്ദ്രിയത്വവും സംഗതമായിരിക്കുന്നതുകൊണ്ടു് അവയ്ക്കു തത്വാന്തരത്വവും സംഗതമാണു്. പ്രകൃതിയെക്കാൾ മഹത്തത്വം സ്ഥൂലം. മഹത്തത്വത്തെക്കാൾ അഹങ്കാരം സ്ഥൂലം. അഹംകാരത്തെക്കാൾ തന്മാത്രകൾ സ്ഥൂലം. തിരിച്ചങ്ങോട്ടു് ഒന്നിനൊന്നു സൂക്ഷ്മങ്ങളുമാണവ. അപ്രകാരമുള്ള സ്ഥൂലസൂക്ഷ്മവിഷയകമായ ഭിന്നതയും, അതീന്ദ്രിയത്വവും, ഭൂമിക്കും, അതിന്റെ വികാരമായ പശു, കുടം, വൃക്ഷം എന്നിവയ്ക്കുമില്ല. തന്മൂലം അവയ്ക്കു തമ്മിൽ തത്വാന്തരത്വവുമില്ല. പൃഥിവ്യാ (ഭൂമി)ദികളും, പശു, കുടം, വൃക്ഷം ഇത്യാദികളും, സ്ഥൂലത്വവും ഇന്ദ്രിയവിഷയത്വവുമുള്ളതുകൊണ്ടു രണ്ടുവകയും തുല്യമാണു്. അതിനാൽ അവ മഹത്തത്വാദികൾപോലെ പ്രകൃതിവികൃതികളല്ല. പ്രകൃതത്തിൽ സമൎത്ഥിച്ച തുല്യത്വം വ്യക്തമാക്കുന്നു.

ഭാഷ്യം:—സ്ഥൂലതയും ഇന്ദ്രിയഗ്രാഹ്യതയുംകൊണ്ടു സമമാകയാൽ സൎവ്വങ്ങളായ ഗോഘടാദികൾക്കു തത്വാന്തരത്വം ഭവിക്കുന്നില്ല.

വിവരണം;—ഭൂമി മുതലായ സ്ഥൂലഭൂതങ്ങളോടു് അവയിൽ നിന്നുണ്ടായ പശു, കുടം, മരം ഇവയ്ക്കു സാമ്യമുണ്ടു്. രണ്ടുകൂട്ടത്തിനും സ്ഥൂലത്വവും ഇന്ദ്രിയവിഷയത്വവുമുള്ളതാണു് കാരണം. അങ്ങനെ സാമ്യമുള്ളതുകൊണ്ടു് അവയ്ക്കു പദാൎത്ഥവിഷയമായ ഭിന്നത്വമില്ല; രണ്ടുമൊന്നുപോലെ എന്നു സാരം.

ഭാഷ്യം:—അനുഭയസ്വരൂപത്തെ പറയുന്നു, "ന പ്രകൃതിഃ ന വികൃതിഃ പുരുഷഃ" എന്നു്. ഇതെല്ലാം മേൽ പ്രതിപാദിക്കുന്നതായിരിക്കും.

വിവരണം:—മൂലപ്രകൃതി, വികൃതികൾ, വികാരങ്ങൾ ഇവയെ വിവരിച്ചുകഴിഞ്ഞു. ഇനി പുരുഷനെക്കുറിച്ചു പറയുകയാണു്. അനുഭയരൂപനാണു് പുരുഷൻ. അനുഭയരൂപൻ ഉഭയരൂപനല്ലാ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അവൻ; രണ്ടു രൂപവുമല്ലാത്തവൻ. പ്രകൃതിയും വികൃതിയുമാണു് രണ്ടു രൂപം. അതായതു പുരുഷൻ (ചൈതന്യം) പ്രകൃതിരൂപനല്ല, വികൃതിരൂപനല്ല. രണ്ടിൽനിന്നും പുരുഷൻ വ്യത്യസ്തനാണു്. ഇതിനെപ്പററി മേൽ — ഇരുപത്തിരണ്ടാംകാരികയിൽ — വിശദമായി പറയുന്നതായിരിക്കും.

മൂലതത്ത്വങ്ങളുടെ വകതിരിച്ചുള്ള പട്ടിക

അനുഭയരൂപൻ	പുരുഷൻ	ജ്ഞൻ
പ്രകൃതി	മൂലപ്രകൃതി	അവ്യക്തം— പ്രധാനം
പ്രകൃതിവികൃതികൾ	മഹത്തത്ത്വം 1 അഹങ്കാരം 2 തന്മാത്രകൾ 5	വ്യക്തങ്ങൾ
വികൃതികൾ	മനസ്സ് 1 ജ്ഞാനേന്ദ്രിയങ്ങളും) കർമ്മേന്ദ്രിയങ്ങളും) 10 മഹാഭൂതങ്ങൾ 5	

പദാർത്ഥനിരൂപണം കഴിഞ്ഞു.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പ്രമാണസാമാന്യനിരൂപണം

പദാർത്ഥങ്ങളാകെ ഇരുപത്തഞ്ചെന്നു പറഞ്ഞു. അങ്ങനെ പറഞ്ഞതുകൊണ്ടായില്ല. അവയെ നേരിട്ടറിയണം. എല്ലാവിധമായ അറിവിനേയും സാധിക്കുന്നതു് പ്രമാണംകൊണ്ടാണ്. കൂട്ടത്തിൽ ഗ്രന്ഥകാരനിഷ്ടമായ പ്രമാണങ്ങളെ പദാർത്ഥജ്ഞാനത്തിനുവേണ്ടി പരിഗണിക്കുന്നു.

കാരിക :—

ദൃഷ്ടമനുമാനമാപ്ത-
വചനം ച സർവ്വപ്രമാണസിദ്ധത്വാൽ
ത്രിവിധം പ്രമാണമിഷ്ടം
പ്രമേയസിദ്ധിഃ പ്രമാണാദ്ധി. 4

അർത്ഥം:— ദൃഷ്ടം (പ്രത്യക്ഷം), അനുമാനം, ആപ്തവചനം (ശബ്ദം) ഇങ്ങനെ മൂന്നുവിധം പ്രമാണമിഷ്ടമാകുന്നു. എന്തുകൊണ്ടെന്നാൽ, പ്രമേയങ്ങളായ ഇരുപത്തഞ്ചു പദാർത്ഥങ്ങളുടെ സിദ്ധി പ്രമാണംനിമിത്തമാണുണ്ടാകുന്നതു്. മററു പ്രമാണങ്ങളെല്ലാം ഇവിടെ പറഞ്ഞ മൂന്നു പ്രമാണങ്ങളിൽ അന്തർഭൂതമാകുന്നു.

എട്ടുവരെ പ്രമാണങ്ങൾ ചില ശാസ്ത്രകാരന്മാർ സ്വീകരിച്ചിട്ടുണ്ടു്. മററു ചിലർ അതിൽ കുറച്ചും. ചാർവ്വാകൻ പ്രത്യക്ഷമെന്ന ഒരു പ്രമാണമേ സ്വീകരിക്കുന്നുള്ളു. എന്നാൽ സാംഖ്യശാസ്ത്രകാരന്നു് ഇഷ്ടമായുള്ളതു് മൂന്നു പ്രമാണങ്ങളാണു്. പ്രത്യക്ഷവും, അനുമാനവും, ആപ്തവചന (ശബ്ദ)വും. ശേഷിച്ച പ്രമാണങ്ങളെല്ലാം ഈ മൂന്നു പ്രമാണങ്ങളിൽ ഉൾപ്പെട്ടിരിക്കുന്നതാണു് കാരണം. പ്രമാണം കൂടാതെ പ്രമേയസിദ്ധി ഉണ്ടാവില്ല

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പറഞ്ഞുകഴിഞ്ഞ ഇരുപത്തഞ്ചു പദാത്ഥങ്ങൾ പ്രമേയങ്ങളാണു്. അവയുടെ സിദ്ധി—വാസ്തവജ്ഞാനം—സാധിക്കുകയാണു് പ്രമാണങ്ങളുടെ പ്രയോജനം. ധമ്മശാസ്ത്രകത്താവായ മനു, പ്രത്യക്ഷം, അനുമാനം, ശബ്ദം എന്നു മൂന്നു പ്രമാണങ്ങൾ അംഗീകരിച്ചിരിക്കുന്നു. അതിനെ സാംഖ്യശാസ്ത്രവും അനുസരിക്കുകയാണു്.

ഭാഷ്യം:—ആ പദാത്ഥസമൂഹത്തെ പ്രമാണസിദ്ധമാക്കാൻ അഭിമതങ്ങളായ പ്രമാണഭേദങ്ങളെ വ്യക്തമാക്കേണ്ടതാണു്. സാമാന്യലക്ഷണം കൂടാതെ, വിശേഷലക്ഷണംചെയ്യാൻ കഴിയില്ല എന്നതുകൊണ്ടു് പ്രമാണസാമാന്യത്തെ ലക്ഷ്യമാക്കുന്നു.

വിവരണം:— പ്രമാണവും ലക്ഷണവും പ്രമേയസിദ്ധിക്കാവശ്യമാണു്. നിരൂപിച്ചുകഴിഞ്ഞ പദാത്ഥസമൂഹമാണിവിടെ പ്രമേയം. അതിൻെറ സിദ്ധി—സാക്ഷാത്തായ അറിവു്—പ്രമാണം കൊണ്ടുവേണം സാധിക്കാൻ. പദാത്ഥസിദ്ധി, പ്രമാണവിഷയമാവാതെ സാദ്ധ്യമല്ല. അതിനു സ്വസമ്മതമായ പ്രമാണവിശേഷങ്ങൾ വ്യക്തമാക്കേണ്ടതുണ്ടു്. ആദ്യം പ്രമാണത്തിൻെറ സാമാന്യലക്ഷണം പറയേണ്ടിയിരിക്കുന്നു. സാമാന്യലക്ഷണം കൂടാതെ, വിശേഷലക്ഷണം സാധിക്കാത്തതാണു് കാരണം. അതിനാൽ പ്രമാണവിഷയകമായ സാമാന്യലക്ഷണം മുമ്പേ നിദ്ദേശിക്കുകയാണു് പ്രമാണമെന്നു് ഒരു പൊതുവിഭാഗം. അതാണു് പ്രമാണസാമാന്യം. ആ പൊതുവിഭാഗത്തിൽപ്പെട്ട പ്രത്യക്ഷം, അനുമാനം മുതലായവ പ്രമാണവിശേഷവും.

ഭാഷ്യം:—ഇതിലെ പ്രമാണമെന്നതു് യൌഗികമായ ലക്ഷ്യപദവും ('യോഗബലം സമാപ്യേ'—ഗോതമൻ) അതിൻെറ നിവ്വചനം ലക്ഷണവുമാണു്. 'പ്രമീയതേ അനേന' എന്ന നിവ്വചനംകൊണ്ടു പ്രമയെക്കുറിച്ചുള്ള കരണത്വം അവഗമിക്കപ്പെടുന്നു.

വിവരണം:—കാരികയിലെ പ്രമാണമെന്ന പദം യൌഗികമാണു്; അവയവാത്ഥത്തോടുകൂടിയതാണു്. "ഇതുകൊണ്ടു് പ്രമ (യഥാത്ഥജ്ഞാനം) ഉണ്ടാകുന്നു" എന്നു പ്രമാണപദത്തിൻെറ അവയവാത്ഥം. ഈ അവയവാത്ഥംതന്നെ പ്രമാണശബ്ദത്തിൻെറ നിവ്വചനം. പ്രമാണമെന്നും നിവ്വചനമെന്നും രണ്ടുവിഭാഗം. അവയവാത്ഥമുള്ള പ്രമാണപദം ലക്ഷ്യം. അതിൻെറ അവയ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

വാത്ഥമായ പ്രമയെ ജനിപ്പിക്കുന്നതെന്ന നിർവ്വചനം ലക്ഷണം. ഇങ്ങനെ പ്രമാണശബ്ദത്തിന്റെ ലക്ഷ്യവും ലക്ഷണവും. പ്രമയെ ജനിപ്പിക്കുന്നതെന്ന ലക്ഷണംകൊണ്ട് പ്രമാസംബന്ധമായ കരണത്വം; യഥാർത്ഥജ്ഞാനസാധനത്വം, വ്യക്തമാണ്. അതിൽ നിന്ന് പ്രമാകരണം പ്രമാണമെന്നു മനസ്സിലാക്കാം. യഥാർത്ഥ ജ്ഞാനമുണ്ടാക്കുന്നതെന്ന് പ്രമാകരണത്തിന്റെ അത്ഥം. ഇനി 'പ്രമ'യെന്തെന്നു വിശദമാക്കുന്നു.

ഭാഷ്യം:—അസന്ദിഗ്ദ്ധാവിപരീതാനധിഗതവിഷയമായ ചിത്തവൃത്തിയും അതിന്റെ ഫലമായ പൌരുഷേയബോധവും പ്രമയാണ്.

വിവരണം:— ചിത്തവൃത്തിയെന്നാൽ ബോധവ്യാപാരം; അറിവ്, വിഷയം, പദാത്ഥം. പദാത്ഥസംബന്ധമായുണ്ടാകുന്ന ചിത്തവൃത്തി (അറിവ്), നിശ്ചിതവും, വിപരീതമല്ലാത്തതും അനുഭൂതിയിൽപ്പെടാത്തതുമായിരിക്കണം. ഏതൊരു പദാത്ഥത്തെ സംബന്ധിച്ചുമുണ്ടാകുന്ന അത്തരം ചിത്തവൃത്തിയാണ് പ്രമ. പദാത്ഥത്തിന്റെ യഥാത്ഥമായ അറിവുതന്നെ പ്രമയെന്നു താൽപര്യം. "പ്രമീയതേ ഇതി" എന്നു പ്രമാശബ്ദത്തിന്റെ നിർവ്വചനം. ഇതുകൊണ്ടു യഥാത്ഥജ്ഞാനമുണ്ടാകുന്നു എന്ന് അതിന്റെ അത്ഥം. പ്രമാരൂപമായ ചിത്തവൃത്തിയെ ബുദ്ധിവൃത്തിയെന്നും പറയും. ബുദ്ധിവൃത്തിലക്ഷണമായ പ്രമയെ ജനിപ്പിക്കുന്നതു പ്രമാണം. സാംഖ്യന്മാരുടെ അഭിപ്രായത്തിൽ ബുദ്ധിതത്ത്വം ഇന്ദ്രിയങ്ങൾവഴി ബാഹ്യപദാത്ഥത്തിൽ വ്യാപരിച്ചു തദാകാരമായി പരിണമിക്കുന്നു. ആ പരിണാമമാണ് ബുദ്ധിവൃത്തി. പദാത്ഥത്തിന്റെ യഥാത്ഥജ്ഞാനരൂപമായ പ്രമയും അതുതന്നെ. പുരുഷചൈതന്യം ബുദ്ധിയിൽ പ്രതിബിംബിതമായിരിക്കുന്നു. ചൈതന്യപ്രതിബിംബിതമായ ബുദ്ധി പദാത്ഥാകൃതിയിൽ പരിണമിച്ചു വൃത്തിരൂപമായ പ്രമയായിത്തീരുകയാണ്. തടാകത്തിലെ വെള്ളം കൈത്തോടുവഴി വയലിൽകടന്നു വയലിന്റെ ആകൃതിയിലാകാറുണ്ടല്ലോ; അതുപോലെയാണ് ചേതനാത്മകമായ ബുദ്ധി ഇന്ദ്രിയങ്ങളിലൂടെ പദാത്ഥത്തിൽ വ്യാപരിക്കുന്നതും തദാകാരമായി പരിണമിക്കുന്നതും. സാംഖ്യപക്ഷമനുസരിച്ചു പ്രമ രണ്ടുവിധം. ബൌദ്ധപ്രമയെന്നും പൌരുഷേയപ്രമയെന്നും. ബുദ്ധിവൃത്തി പ്രധാനമായതു ബൌദ്ധപ്രമ. ബുദ്ധിവൃത്തിയുടെ ഫലമായ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ബോധം പ്രധാനമായതു പൌരുഷേയപ്രമ. ബോധം പുരുഷധൎമ്മമല്ല; ബുദ്ധിധൎമ്മമാണു്. ബുദ്ധിയിൽപ്രതിഫലിതമായ പുരുഷചൈതന്യത്തിൽ അഭേദഗ്രഹംകൊണ്ടു ബോധം ആരോപിതമാകുന്നു. ഭ്രമമൂലകമായ അതേ ആരോപണത്തിന്റെ അടിസ്ഥാനത്തിലാണു് പൌരുഷേയപ്രമയെന്നു പറഞ്ഞതു്. ഇപ്പറഞ്ഞ രണ്ടു പ്രമയേയും ഉദാഹരണംകൊണ്ടു വ്യക്തമാക്കാം. "ഇതു കുടം" എന്ന പ്രമയെ ജനിപ്പിക്കുന്നതു ചക്ഷു (കണ്ണു്) രിന്ദ്രിയമാണു്. "കുടത്തെ ഞാൻ അറിയുന്നു" എന്ന പ്രമയെ ജനിപ്പിക്കുന്നതു ബുദ്ധിവൃത്തിയും. ആദ്യത്തേതിനു ചക്ഷുരിന്ദ്രിയവും രണ്ടാമത്തേതിനു ബുദ്ധിവൃത്തിയും പ്രമാണങ്ങൾ. ബുദ്ധിവൃത്തിയുടേയും വൃത്തിഫലമായ ബോധത്തിന്റേയും അടിസ്ഥാനം ബുദ്ധിയായതുകൊണ്ടു് ബൌദ്ധപ്രമയും പൌരുഷേയപ്രമയും പ്രമതന്നെ. (ദ്വയോരേകതരസ്യ വാപ്യസന്നികൃഷ്ടാൎത്ഥപരിച്ഛിത്തിഃ പ്രമാ — സാംഖ്യസൂത്രം.)

ഭാഷ്യം:—അതിന്റെ സാധനമാണു് പ്രമാണം. ഇതുകൊണ്ടു സംശയവിപൎയ്യയസ്മൃതികളിൽ അപ്രസംഗം ഭവിക്കുന്നു.

വിവരണം:—പ്രമയുടെ ലക്ഷണം വിചാരണചെയ്തുകഴിഞ്ഞു. പ്രമാണമെന്തെന്നു പറയുവാൻപോകയാണിനി. അതു്; പ്രമാസാധനം; ജനകം (ഉണ്ടാക്കുന്നതു്) പ്രമയെ ജനിപ്പിക്കുന്നതു പ്രമാണം. മറെറാരുവാക്കിൽ പ്രമാകരണംതന്നെ പ്രമാണം. പ്രമാകരണം അഥവാ പ്രമാസാധനം പ്രമാണമെന്നു പറഞ്ഞതുകൊണ്ടു പ്രമയല്ലാത്തതിന്റെ സാധനത്തിനു പ്രമാണത്വം അപ്രസംഗമായിരിക്കും, യോജിക്കാത്തതായിരിക്കും. പ്രമാലക്ഷണം മുമ്പു പറഞ്ഞിട്ടുണ്ടു്. ആ പ്രകാരമല്ലാത്ത—സംശയവിപരീതസ്മൃതിരൂപമായ—ജ്ഞാനത്തെ ജനിപ്പിക്കുന്നതു പ്രമാണമാവുകയില്ല. യഥാൎത്ഥജ്ഞാനമുണ്ടാക്കാത്തതു പ്രമാണമല്ലെന്നു താല്പൎയ്യം.

സാംഖ്യശാസ്ത്രകാരനിഷ്ടപ്പെടുന്ന പ്രമാണങ്ങളുടെ സംഖ്യ ഇത്രയെന്നു വ്യവച്ഛേദിക്കുന്നു.

ഭാഷ്യം:—സംഖ്യാവിപ്രതിപത്തിയെ നിരാകരിക്കുന്നു; ത്രിവിധമെന്നു്. യാതൊരു പ്രമാണസാമാന്യത്തിനു മൂന്നുവിധം ഭവിക്കുന്നു. അതു ത്രിവിധം. ന്യൂനവുമല്ല അധികവുമല്ലെന്നാൎത്ഥം.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

വിവരണം:—കാരികയിലെ "ത്രിവിധ"മെന്നതിനെ വ്യാഖ്യാനിക്കുകയാണ്. "വിപ്രതിപത്തി"യെന്നാൽ സംശയം. പ്രമാണസംഖ്യയെക്കുറിച്ചു സംശയംതീക്കാൻവേണ്ടിയാണ് മൂന്നുവിധമെന്നു പറഞ്ഞതു്. "തിസ്രോ വിധാ യസ്യ"എന്നു ത്രിവിധത്തിന്റെ വിഗ്രഹം. മൂന്നുവിധത്തോടുകൂടിയതാണു സാമാന്യപ്രമാണമെന്ന് അതിന്റെ അർത്ഥം. മൂന്നുവിധമെന്നു പരിച്ഛേദിച്ചതുകൊണ്ടു പ്രമാണസംഖ്യയുടെ ന്യൂനാധിക്യത്തെ വ്യവസ്ഥപ്പെടുത്തിയിരിക്കുന്നു. അതായതു്, പ്രമാണങ്ങൾ വെറും മൂന്നുമാത്രം. അതിൽ കുറവായും കൂടുതലായുമുള്ള പ്രമാണങ്ങൾ ശാസ്ത്രകാരനിഷ്ടപ്പെടുന്നില്ല

ഭാഷ്യം:—വിശേഷലക്ഷണത്തിനുശേഷം ഇതിനെ പ്രതിപാദിച്ചുകൊള്ളാം.

വിവരണം:—പ്രമാണത്തിന്റെ സാമാന്യലക്ഷണമാണിവിടെ പ്രതിപാദിക്കുന്നതു്. പിന്നെ പ്രമാണവിഷയകവിശേഷലക്ഷണമായിരിക്കും പ്രതിപാദിക്കുക. അതിനുശേഷം പ്രമാണങ്ങളുടെ ത്രിവിധത്തെക്കുറിച്ചു സവിസ്തരം പ്രതിപാദിക്കുന്നതാണ്.

ഭാഷ്യം:—അനന്തരം, മൂന്നുവിധങ്ങൾ ഏതെല്ലാമെന്നു പറയുന്നു. "ദൃഷ്ടമനുമാനമാപ്തവചനം" എന്നു്.

വിവരണം:—ശാസ്ത്രകാരനിഷ്ടമായ പ്രമാണങ്ങൾ മൂന്നുവിധമെന്നു പറഞ്ഞല്ലോ. ആ മൂന്നുവിധം ഏതൊക്കെയെന്നു കാരികാഭാഗമുദ്ധരിച്ചു വ്യക്തമാക്കുന്നു. ദൃഷ്ടം, അനുമാനം, ആപ്തവചനം—ഇത്രയുമാണ് ആ മൂന്നുവിധം. ദൃഷ്ടമെന്നാൽ പ്രത്യക്ഷം. ആപ്തവചനത്തെ ശബ്ദമെന്നും പറയും. കൂട്ടിപ്പറയുമ്പോൾ പ്രത്യക്ഷപ്രമാണം, അനുമാനപ്രമാണം, ശബ്ദപ്രമാണം—ഇങ്ങനെ പ്രമാണം മൂന്നുവിധം.

വേദവിധാതാക്കളായ ഋഷികളുടെ സമാധിജന്യമായ പ്രാതിഭജ്ഞാനമുണ്ടു്. അതിനെ ആർഷജ്ഞാനമെന്നു പറയും. കണാദൻ, പ്രശസ്തപാദൻ തുടങ്ങിയ ആചാര്യന്മാരാൽ അംഗീകരിക്കപ്പെട്ടതാണ് ആർഷജ്ഞാനം. യഥാർത്ഥവും ഏകമാത്രവുമാണതു്. എന്നിരിക്കുമ്പോൾ ജ്ഞാനവും അതിനെ സാധിക്കുന്ന പ്രമാണവും പലതെന്ന അഭിപ്രായം എങ്ങനെ ഉപപന്നമാകും? ഈ സംശയം പരിഹരിക്കുന്നു.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഭാഷ്യം.—ശാസ്ത്രത്തിന്റെ സാധാരണജനപ്രയോജനം കൊണ്ടും അതിനിവിടെ അധികാരമിരിക്കുന്നതുകൊണ്ടും ഇതു (പ്രമാണവൈവിധ്യം) ലൌകികപ്രമാണാഭിപ്രായമാണു്.

വിവരണം:—സാധാരണജനങ്ങൾക്കു പ്രയോജനപ്പെടണം; അതാണു ശാസ്ത്രത്തിന്റെ ഉപയോഗം. ശാസ്ത്രമാണിവിടെ നിരൂപണവിഷയം. അതിനാൽ സാധാരണക്കാരനുപയോഗപ്പെടുന്നതു വേണം പറയാൻ. ലോകകാര്യങ്ങളിലേർപ്പെട്ടു കഴിയുന്നവരാണു സാധാരണക്കാർ. അവരെ ലൗകികന്മാരെന്നു പറയും. അത്തരം ലൗകികന്മാരുടെ പ്രയോജനം കണക്കിലെടുത്തുകൊണ്ടാണു പ്രമാണങ്ങൾ മൂന്നെന്നു പറഞ്ഞതു്. ആർഷജ്ഞാനം, ലൌകികന്മാർക്കു പ്രയോജനപ്പെടുകയില്ല. അലൌകികമാണതു്.

ഭാഷ്യം.—ആർഷമായ വിജ്ഞാനമാകട്ടെ, ഊർദ്ധ്വരേതസ്സുകളായ യോഗികളുടേതാണു്. സാമാന്യജനബോധനത്തിനായിക്കൊണ്ടു് മതിയാകയില്ല; എന്നതുകൊണ്ടു സത്യമാണെങ്കിലും അനധികാരംനിമിത്തം പറയപ്പെട്ടില്ല.

വിവരണം:—സ്ഥൂലങ്ങളായ ശബ്ദാദിവിഷയങ്ങൾക്കപ്പുറമുള്ള അതീന്ദ്രിയജ്ഞാനമാണു് ഊർദ്ധ്വസ്രോതസ്സ്. ആ ജ്ഞാനം സിദ്ധിച്ചവർ ഊർദ്ധ്വസ്രോതസ്സുകളാണു്. ആത്മമനസ്സുകളുടെ ഐക്യം നേടിയ യോഗികളുമാണവർ. അങ്ങനെയുള്ള ദിവ്യന്മാർക്കാണു് ആർഷവിജ്ഞാനം പ്രയോജനപ്പെടുക. ലൗകികന്മാരായ സാധാരണജനങ്ങൾക്കറിവുണ്ടാക്കാൻ അതു് ഉപയോഗപ്പെടുകില്ല. അവർക്കറിവുസിദ്ധിക്കണമെങ്കിൽ ലൗകികമായ ഉദാഹരണങ്ങളും പ്രമാണങ്ങളുംതന്നെ പ്രയോഗിക്കണം. സാമാന്യജനങ്ങളെ ബോധവാന്മാരാക്കുകയാണു ശാസ്ത്രപ്രവർത്തനത്തിന്റെ പരമലക്ഷ്യം. അതിവിടെ പ്രകൃതമായിരിക്കെ, അലൌകികമായ ആർഷവിജ്ഞാനത്തിന്റെ ഉപപാദനം തികച്ചും അനധികൃതമാണു്. അധികൃതമല്ലാത്തതുകൊണ്ടു്, ഉള്ളതാണെങ്കിലും ആർഷവിജ്ഞാനത്തെക്കുറിച്ചിവിടെ പറഞ്ഞില്ല.

കുറിപ്പു്—ബുദ്ധിതത്ത്വം പ്രകാശസ്വഭാവമുള്ളതാകയാൽ കാലദേശങ്ങളെ അതിജീവിച്ചു പദാർത്ഥങ്ങളെ മുഴുവനറിയാൻ സമർത്ഥമാണു്. ആവരണരൂപമായ തമസ്സിന്റെയും ചലനരൂപമായ രജസ്സിന്റെയും വിജൃംഭണംനിമിത്തം അതിന്റെ പദാർത്ഥ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഗ്രഹണസാമർത്ഥ്യം കെട്ടുപോകുന്നു. അഭ്യാസവും വൈരാഗ്യവും കൊണ്ടു രജസ്തമോരൂപമായ മലിനതകളൊഴിവാകുമ്പോൾ ബുദ്ധി സ്വന്തനിലയിൽ തെളിയും. അപ്പോൾ, കഴിഞ്ഞതും വരാനിരിക്കുന്നതും ദൂരെയുള്ളതും മറഞ്ഞിരിക്കുന്നതും സ്ഥൂലദൃഷ്ടിക്കു വിഷയമല്ലാത്തതുമായ സകലകാര്യങ്ങളും ആ ബുദ്ധിക്കറിയാൻ സാധിക്കും. പതഞ്ജലി അതിനെ +പ്രാതിഭജ്ഞാനമെന്നു പറയുന്നു. കണാദാദികൾ ആർഷജ്ഞാനമെന്നും. ആർഷജ്ഞാനത്തെ "ഋതംഭരാജ്ഞാന"മെന്നും പറയും.

ഭാഷ്യം:—ന്യൂനം ഭവിക്കരുത്; അധികമാകട്ടെ എന്നുകൊണ്ടു ഭവിക്കുന്നില്ല. എന്തെന്നാൽ പ്രതിവാദികൾ, ഉപമാനാദികളേയും പ്രമാണങ്ങളായി പ്രതിജ്ഞചെയ്യുന്നുണ്ടു്, എന്നതുകൊണ്ടു പറയുന്നു. "സർവ്വപ്രമാണസിദ്ധത്വാത്" എന്നു്. ഈ ദൃഷ്ടാനുമാനാപ്തവചനങ്ങളിൽത്തന്നെ സർവ്വങ്ങളായ പ്രമാണങ്ങളുടെ അന്തർഭാവമുള്ളതുകൊണ്ടെന്നർത്ഥം.

വിവരണം:—പ്രമാണസംഖ്യ, ശാസ്ത്രകാരനിഷ്ടമുള്ളതു് മൂന്നെന്നു പരിച്ഛേദിച്ചു പറഞ്ഞല്ലോ; അതിലൊരു സംശയം. ഒന്നുരണ്ടു പ്രമാണങ്ങൾകൊണ്ടു പദാർത്ഥജ്ഞാനം സാധിക്കുക പ്രയാസമാണു്. അതിനാൽ പ്രമാണങ്ങളുടെ സംഖ്യാവിഷയകമായ കുറവു് (ന്യൂനം) അംഗീകാര്യമല്ല. പ്രമാണങ്ങൾ എണ്ണത്തിൽ കുറവായാൽ പോരാ, കൂടുതൽ വേണം. ഗോതമൻ (ന്യായശാസ്ത്രകാരൻ) മുതലായ ദാർശനികന്മാർ ഉപമാനാദികളേയും പ്രമാണങ്ങളായി സ്വീകരിച്ചിരിക്കുന്നതിന്റെ കാരണമിതാണു്. അപ്പോൾ മൂന്നു പ്രമാണംമാത്രമായാൽ എങ്ങനെ മതിയാകും? ഈ സംശയം പരിഹരിക്കാനാണു കാരികയിൽ "സർവ്വപ്രമാണസിദ്ധത്വാത്" എന്നുപറഞ്ഞതു്. പ്രകൃതത്തിലെ മൂന്നുപ്രമാണങ്ങളിൽ, ഗോതമാദികളംഗീകരിച്ചിട്ടുള്ള ഉപമാനം മുതലായ മറ്റു പ്രമാണങ്ങളെല്ലാം അന്തർഭൂതമായിരിക്കുന്നു. അങ്ങനെ ഉപമാനാദികളായ മറ്റെല്ലാ പ്രമാണങ്ങളും പ്രത്യക്ഷം അനുമാനം ആപ്തവചനം ഈ മൂന്നു പ്രമാണങ്ങളിലുമുൾപ്പെട്ടിരിക്കുന്നതുകൊണ്ടാണു പ്രമാണങ്ങൾ മൂന്നു മാത്രമെന്നു ക്ലിപ്തപ്പെടുത്തിയതു്. ഇതിനെക്കുറിച്ചു് മേൽ പ്രതിപാദിക്കുമെന്നു പറഞ്ഞിട്ടുണ്ടു്. (ഏതച്ചോപപാദയിഷ്യത ഇത്യുക്തം.)

+ പ്രാതിഭാദ്വാ സർവ്വം (യോ—സൂ.)

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഭാഷ്യം:—പ്രമേയവ്യുത്പാദനത്തിനു പ്രവൃത്തമായ ശാസ്ത്രം, എന്തുകൊണ്ടു പ്രമാണത്തെ സാമാന്യമായും വിശേഷമായും ലക്ഷ്യമാക്കുന്നു? എന്നതുകൊണ്ടു പറയുകയാണ്; "പ്രമേയസിദ്ധിഃ പ്രമാണാദ്ധി" എന്ന്. സിദ്ധിയെന്നാൽ പ്രതീതി. ഇപ്രകാരം വ്യാഖ്യാതാവ്, ആര്യയിലെ അർത്ഥക്രമമനുസരിച്ച് പാഠക്രമത്തെ അനാദരിച്ചിരിക്കുന്നു.

വിവരണം:—പ്രമേയവ്യുത്പാദനമെന്നാൽ പദാർത്ഥജ്ഞാനം. അതിനുവേണ്ടിയാണു ശാസ്ത്രം പ്രവർത്തിക്കുന്നത്. എന്നിരിക്കെ പ്രമാണത്തെ സാമാന്യമായും വിശേഷമായും പരാമർശിക്കുന്നതെന്തിന്? ഈ സന്ദേഹം പരിഹരിക്കുന്നതാണു കാരികയിലെ "പ്രമേയസിദ്ധിഃ പ്രമാണാദ്ധി" എന്ന സന്ദർഭം. പ്രമാണത്തിൽനിന്നാണു പ്രമേയസിദ്ധിയുണ്ടാകുന്നത്; ഇങ്ങനെ അതിന്റെ അർത്ഥം. പ്രമേയസിദ്ധി; പദാർത്ഥജ്ഞാനം. പ്രമാണം കൂടാതെ പദാർത്ഥജ്ഞാനമുണ്ടാവുകയില്ല. അതുകൊണ്ടാണ് പ്രമാണത്തെ പരാമർശിച്ചത്. "മാനാധീനാമേയസിദ്ധിഃ" എന്നു പ്രമാണം.

പ്രകൃതം ഉപസംഹരിക്കയാണ്. ഇതിലെ കാരിക ആര്യാച്ഛന്ദസ്സിൽ എഴുതപ്പെട്ടിരിക്കുന്നു. ഇവിടെ വ്യാഖ്യാനിച്ച കാരികയുടെ പാഠക്രമത്തെ വ്യാഖ്യാതാവാദരിച്ചിട്ടില്ല. പാഠക്രമമനുസരിച്ചല്ല വ്യാഖ്യാനിച്ചിരിക്കുന്നത്; അർത്ഥക്രമമനുസരിച്ചാണ്. പാഠക്രമം അർത്ഥക്രമത്തിനു യോജിക്കാത്തതുകൊണ്ട് പാഠക്രമം വിട്ട് അർത്ഥക്രമത്തെ വ്യാഖ്യാതാവ് സ്വീകരിച്ചതാണെന്നു ധരിക്കുക.

പ്രമാണസാമാന്യനിരൂപണം കഴിഞ്ഞു.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പ്രമാണവിശേഷനിരൂപണം

(പ്രത്യക്ഷം)

പ്രമാണവിശേഷങ്ങളുടെ ലക്ഷ്യലക്ഷണങ്ങൾ പ്രതിപാദിക്കാൻ തുടങ്ങുകയാണ്. പ്രത്യക്ഷാദികളാണ് പ്രമാണവിശേഷങ്ങൾ. കൂട്ടത്തിൽ പ്രത്യക്ഷപ്രമാണം പ്രധാനമായിരിക്കുന്നു. പ്രത്യക്ഷത്തിനധീനമാണ് അനുമാനാദികളായ മററു പ്രമാണങ്ങളെല്ലാം. തത്വവാദികൾക്കാർക്കും അതിൽ അഭിപ്രായവ്യത്യാസമില്ല. അതുകൊണ്ട് പ്രത്യക്ഷപ്രമാണത്തെ ആദ്യം വിചാരണ ചെയ്യുന്നു.

കാരിക:—

പ്രതിവിഷയാധ്യവസായോ
ദൃഷ്ടം ത്രിവിധമനുമാനമാഖ്യാതം
തല്ലിംഗലിംഗിപൂർവ്വക-
മാപ്തശ്രുതിരാപ്തവചനം ച 5

അർത്ഥം:—പ്രതിവിഷയമായ അധ്യവസായ (ബുദ്ധിവൃത്തി) മാണ് പ്രത്യക്ഷ (ദൃഷ്ടം) പ്രമാണം. ലിംഗലിംഗികളോടുകൂടിയ അനുമാനപ്രമാണം മൂന്നുവിധം. ആപ്തശ്രുതിയാകട്ടെ ആപ്തവചനപ്രമാണം. ഇങ്ങനെ പറയപ്പെട്ടിരിക്കുന്നു.

ബുദ്ധിവൃത്തിയാണ് വിഷയജ്ഞാനമുണ്ടാക്കുന്നത്. ഇന്ദ്രിയവിഷയമാകുന്ന ഓരോ പദാർത്ഥവും അറിയുന്നതു ബുദ്ധിവൃത്തികൊണ്ടാണ്. അങ്ങനെ പദാർത്ഥജ്ഞാനജനകമാകയാൽ ബുദ്ധിവൃത്തി പ്രത്യക്ഷപ്രമാണം. ലിംഗലിംഗിപൂർവ്വകമെന്നാൽ സാധനസാധ്യസംബന്ധം. ഉദാഹരണം, പുകയും അഗ്നിയും. പുക,

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സാധനം (ലിംഗം) അഗ്നി, സാധ്യം (ലിംഗി). സാധനംകൊണ്ടു സാധ്യത്തെ അറിയുന്നു. സാധനസാധ്യങ്ങളുടെ സംബന്ധദർശനമാണു് സാധ്യജ്ഞാനമുണ്ടാകുന്നതു്. പുകകൊണ്ടു് അഗ്നിയെ അറിയുന്ന ആ അറിവു് പുകയുടേയും അഗ്നിയുടേയും സംബന്ധജ്ഞാനംനിമിത്തം സംഭവിക്കുന്നതാണു്. അതുകൊണ്ടു് സാധനസാധ്യങ്ങളുടെ അഥവാ ലിംഗലിംഗികളുടെ സംബന്ധജ്ഞാനം, അനുമാനപ്രമാണം. പൂർവ്വവതു്, ശേഷവതു്, സാമാന്യതോദൃഷ്ടം ഇങ്ങനെ അനുമാനം മൂന്നുവിധം. പദാർത്ഥജ്ഞാനമുണ്ടാക്കുന്ന സത്യവാക്യം, ആപ്തവചനം; ഇതിനെ ശബ്ദപ്രമാണമെന്നും പറയും. ഇപ്രകാരം സാംഖ്യാചാര്യന്മാരാൽ മൂന്നു പ്രമാണങ്ങൾ പറയപ്പെട്ടിരിക്കുന്നു.

ഭാഷ്യം:—ഇതിൽ ദൃഷ്ടം എന്നതു ലക്ഷ്യനിർദ്ദേശമാണു്. ശേഷമാകട്ടെ ലക്ഷണവും. സമാനാസമാനജാതീയവ്യവച്ഛേദമാണു ലക്ഷണത്തിൻെറ പ്രയോജനം.

വിവരണം:—പ്രമാണവിശേഷങ്ങളുടെ ലക്ഷ്യലക്ഷണവിചാരമാണല്ലോ പ്രകൃതം. ഇവിടെ "പ്രത്യക്ഷം" (ദൃഷ്ടം) എന്നതു ലക്ഷ്യം. പ്രതിവിഷയാധ്യവസായം, അതിൻെറ ലക്ഷണം. വിഷയംപ്രതിയുള്ള ബുദ്ധിവൃത്തിയാണു്, പ്രത്യക്ഷപ്രമാണത്തിൻെറ ലക്ഷണം. സമജാതികളും വിജാതികളുമായ പദാർത്ഥങ്ങളിൽനിന്നു ലക്ഷ്യത്തെ വ്യവച്ഛേദിച്ചു, വേർതിരിച്ചു വ്യവസ്ഥാപിക്കുകയാണു ലക്ഷണത്തിൻെറ പ്രയോജനം. ഈ ഗ്രാമത്തിൽ ദേവദത്തൻെറ വീടുണ്ടു്; ഇതു കേൾക്കുന്ന ആൾക്കു് ഗ്രാമത്തിലെ എല്ലാ വീടിനെക്കുറിച്ചും ദേവദത്തൻെറ വീടെന്ന ബുദ്ധി പ്രസക്തമാകും; എന്നാൽ ദേവദത്തൻെറ വീടു പതാകയുള്ളതാണെന്നു പറഞ്ഞാൽ, ഉടനെ വീടിന്നേതാണെന്നു മനസ്സിലാക്കാൻ എളുപ്പം സാധിക്കുന്നു. കാരണം, പതാകയുള്ളതെന്ന ലക്ഷണനിർദ്ദേശമാണു്.

"ലക്ഷ്യതേ അനേന ലക്ഷ്യമിതി" ഇങ്ങനെ ലക്ഷണശബ്ദത്തിൻെറ വ്യുത്പത്തി. ഇതിനാൽ ലക്ഷ്യം നിശ്ചയിക്കപ്പെടുന്നു എന്നു് അതിൻെറ അർത്ഥം. ലക്ഷണനിർദ്ദേശത്തിൽ മൂന്നു ദോഷങ്ങൾ സംഭവിക്കാതിരിക്കണം. അവ്യാപ്തിയും അതിവ്യാപ്തിയും അസംഭവവും. ഈ ദോഷങ്ങളിൽ ഏതെങ്കിലുമൊന്നു സംഭവിച്ചാൽ അതു ലക്ഷ്യമാകയില്ല. ലക്ഷ്യത്തിൽ സാർവ്വത്രികമായിരിക്കാ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ത്തത്ത് അവ്യാപ്തിദോഷം. ഉദാഹരണം—പശുവിൻെറ ലക്ഷണം കറപ്പ്. ഇതിൽ പശുവിൻെറ ലക്ഷണമായിപ്പറഞ്ഞ കറപ്പ് എല്ലാപ്പശുക്കൾക്കുമില്ലാത്തതുകൊണ്ടു് അവ്യാപ്തിദോഷം. ലക്ഷ്യത്തിലും, ലക്ഷ്യമല്ലാ(അലക്ഷ്യം)ത്തതിലുമിരിക്കുന്നത്ത് അതിവ്യാപ്തിദോഷം. ഉദാ:—പശുവിൻെറ ലക്ഷണം കൊമ്പ് (ശൃംഗിത്വം). കൊമ്പ് ലക്ഷ്യമായ പശുവിനു മാത്രമല്ല; മററു മൃഗങ്ങൾക്കുമുള്ളതു കൊണ്ടു ലക്ഷണനിർദ്ദേശത്തിൽ അതിവ്യാപ്തിദോഷം. ലക്ഷ്യത്തിലെങ്ങുമിരിക്കാത്തത്ത് അസംഭവദോഷം. ഉദാ:—പശുവിൻെറ ലക്ഷണം ഒററക്കൊളമ്പ്. നിർദ്ദിഷ്ടലക്ഷണമായ ഒററക്കൊളമ്പ് പശുജാതിക്കില്ലാത്തതുകൊണ്ടു് അസംഭവദോഷം. ഇപ്പറഞ്ഞ മൂന്നു വക ദോഷങ്ങളും സ്പൃശിക്കാത്തതുമാത്രമേ ശരിയായ ലക്ഷണനിർദ്ദേശമാകൂ. നിർദ്ദിഷ്ടപദാർത്ഥത്തെ മററു പദാർത്ഥങ്ങളിൽനിന്നു വേർതിരിച്ചു കാട്ടുക; അതാണു ലക്ഷണത്തിൻെറ ഉപയോഗം. പ്രകൃതത്തിലെ "പ്രതിവിഷയാ:ധ്യവസായ"മെന്ന ലക്ഷണനിർദ്ദേശം പ്രത്യക്ഷപ്രമാണത്തെ മററു പ്രമാണങ്ങളിൽനിന്നു വേർതിരിച്ചു കാണിക്കാൻ പ്രയോജനപ്പെടുന്നു.

ഭാഷ്യം:—അവയവാർത്ഥമാകട്ടെ—വിഷയിയെ അനുബന്ധിക്കുന്നു എന്നതിനാൽ വിഷയങ്ങൾ; (വിസിനന്തി വിഷയിണമനുബധ്നന്തി) സ്വന്തമായ രൂപംകൊണ്ടു നിരൂപണീയമാക്കുന്നതെന്നു താത്പര്യം. പൃഥിവ്യാദികളും സുഖാദികളുമാണു വിഷയങ്ങൾ. നമുക്കു വിഷയമല്ലാത്ത തന്മാത്രലക്ഷണങ്ങളും ഊർദ്ധ്വസ്രോതസ്സുകളായ യോഗികൾക്കു വിഷയങ്ങളാണു്. വിഷയംതോറും വർത്തിക്കുന്നു എന്നതിനാൽ പ്രതിവിഷയം. ഇന്ദ്രിയവും വൃത്തിയും. വൃത്തിയെന്നാൽ സന്നികർഷം (സംബന്ധം). പദാർത്ഥസംബന്ധമായ ഇന്ദ്രിയമെന്നർത്ഥം. അതിലെ അദ്ധ്യവസായം; അതിനെ ആശ്രയിച്ചതെന്നർത്ഥം. അദ്ധ്യവസായം; ബുദ്ധിവ്യാപാരവും ജ്ഞാനവുമാകുന്നു.

വിവരണം:—വിഷയശബ്ദത്തിൻെറ അവയവാർത്ഥം പറയുകയാണ് വിഷയിയെ അനുബന്ധിക്കുന്നത്ത് (+വിസിനന്തി വിഷയിണമിതി). വിഷയിയെന്നാൽ, മനസ്സ്. സ്വന്തരൂപം കൊണ്ടു മനസ്സിനെ ബന്ധിക്കുന്നതെന്നു വിഷയശബ്ദത്തിൻെറ അർത്ഥം ഇന്ദ്രിയസംബന്ധംകൊണ്ടു കുടം മുതലായ പദാർത്ഥങ്ങൾ

+ ഷിഞ്, ബന്ധനെ (ധാതു).

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

മനസ്സിൽ സ്വാകാരസമർപ്പണം ചെയ്യുന്നു. അതിനാൽ കുടം മുതലായ പദാർത്ഥങ്ങൾ വിഷയങ്ങളാണ്. അപ്രകാരം പൃഥിവി തുടങ്ങിയ സ്ഥൂലഭൂതങ്ങളും സുഖദുഃഖാദികളും വിഷയങ്ങൾതന്നെ. സൂക്ഷ്മഭൂതങ്ങളായ തന്മാത്രകൾ നമ്മുടെ ഇന്ദ്രിയങ്ങൾക്കു വിഷയമല്ല; xഅലൌകികബുദ്ധികളായ യോഗികളുടെ ഇന്ദ്രിയങ്ങൾക്കു വിഷയമാകുന്നു. ആകയാൽ തന്മാത്രകളും വിഷയങ്ങളാണ്. ഇത്തരം വിഷയംതോറും വർത്തിക്കുന്ന ഇന്ദ്രിയത്തെ ആശ്രയിച്ചുള്ള ബുദ്ധിയുടെ വ്യാപാരമാണ് പ്രതിവിഷയാധ്യവസായം. പഞ്ചേന്ദ്രിയങ്ങൾ, ബാഹ്യവിഷയങ്ങളോടു ബന്ധപ്പെടുകയും തന്മൂലം ബുദ്ധി വ്യാപരിക്കയുംചെയ്യുന്നു. അതിനെ ബുദ്ധിവൃത്തിയെന്നും പറയും. അധ്യവസായത്തിന്, ബുദ്ധിവൃത്തിയെന്നും ജ്ഞാനമെന്നും അർത്ഥമുണ്ട്. ഇവിടെ ബുദ്ധിവൃത്തിയെന്നാണർത്ഥം. അദ്ധ്യവസായത്തിൻെറ സ്വരൂപലക്ഷണം ഭാഷ്യത്തിൽ വിശദമാക്കുന്നു.

ഭാഷ്യം:—ഉപാത്തവിഷയങ്ങളായ ഇന്ദ്രിയങ്ങളുടെ വൃത്തിയുള്ളപ്പോൾ, ബുദ്ധിയുടെ തമോഗുണം ക്ഷീണപ്പെടുകയും യാതൊരു സത്വഗുണം പ്രകാശിക്കയുംചെയ്യുന്നു, അതാണ് അദ്ധ്യവസായമെന്നും ബുദ്ധിവൃത്തിയെന്നും ജ്ഞാനമെന്നും പറയപ്പെടുന്നത്.

വിവരണം:—പഞ്ചേന്ദ്രിയങ്ങൾ, വിഷയങ്ങളെ സ്വീകരിച്ചു തദാകാരമായി വ്യാപരിക്കുമ്പോൾ, ബുദ്ധിയുടെ ആവരണരൂപമായ തമോഗുണത്തെ പിന്നിട്ടുകൊണ്ടു സത്വാത്മപ്രകാശബഹുലമായ ഒരു ധർമ്മവിശേഷം വെളിപ്പെടും. അതിനെ അദ്ധ്യവസായമെന്നും ബുദ്ധിവൃത്തിയെന്നും ജ്ഞാനമെന്നും പറയുന്നു.

കുറിപ്പ്:—ജ്ഞാനം ബുദ്ധിധർമ്മമാണ്; ഇന്ദ്രിയധർമ്മമല്ല. തന്മൂലം ബുദ്ധിവൃത്തി ജ്ഞാനത്തിൻെറ പര്യായമായി. ഇന്ദ്രിയവും വിഷയവും ബുദ്ധിയും കൂടിച്ചേർന്നാണ് ജ്ഞാനമുണ്ടാകുന്നത്; പക്ഷെ ഇന്ദ്രിയധർമ്മമെന്നോ വിഷയധർമ്മമെന്നോ ജ്ഞാനത്തെ പറയാറില്ല. ജ്ഞാനം, ബുദ്ധിധർമ്മമായതാണു കാരണം. വിളക്കും,

x ഊർദ്ധ്വസ്രോതസ്സുകൾ=ലൗകികവിഷയങ്ങളിൽനിന്നും അതിരിക്തമായ സ്രോതസ്സോടുകൂടിയവർ.

സ്രോതസ്സ്=മനസ്സ്. "സ്രോതസ്സസ്യാത്മനഃ പ്രാഹുസ്സർഗമാത്മവിചക്ഷണാഃ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അനുകൂലസമയവും വെള്ളവും മണ്ണും ചേൎന്നാണല്ലൊ മുളയുണ്ടാകുന്നതു്. എന്നാൽ വിത്തിന്റെ ഭേദംകൂട്ടി ഇന്ന വിത്തിന്റെ മുള, എന്നല്ലാതെ സമയത്തിന്റെ മുള, വെള്ളത്തിന്റെ മുള, മണ്ണിന്റെ മുള, എന്നൊന്നും പറയാറില്ല. കാരണം, മുള, വിത്തിന്റെ ധൎമ്മമായതുതന്നെ.

തടാകത്തിലെ വെള്ളം സ്വാഭാവികമായി ചലിക്കുന്നതാണെങ്കിലും മാർഗ്ഗമടഞ്ഞിരുന്നാൽ വയലിലേയ്ക്കു കടക്കുന്നില്ല; മാൎഗ്ഗം തുറന്നുകിട്ടിയാൽ അതു കൈത്തോടുവഴി വയലിലെത്തി, വയലിന്റെ ആകൃതിയിൽ നാലു കോണുള്ളതായിത്തീരുന്നു. അതുപോലെ ബുദ്ധിസത്ത്വം, തമോഗുണത്താൽ പ്രതിബദ്ധമായിരിക്കുമ്പോൾ വിഷയഗ്രഹണത്തിനു സമൎത്ഥമാകുന്നില്ല. കണ്ണു മുതലായ ഇന്ദ്രിയങ്ങൾ അതതു വിഷയങ്ങളോടു ബന്ധപ്പെടുമ്പോൾ തമസ്സിന്റെ പ്രതിബന്ധം നീങ്ങും. ഉടനെ ഇന്ദ്രിയരൂപമായ പ്രണാളികയിലൂടെ ബുദ്ധിസത്ത്വം, വിഷയമിരിക്കുന്നിടത്തെത്തി വിഷയാകൃതിയിൽ പരിണമിക്കുന്നു. ബുദ്ധിതത്ത്വത്തിന്റെ അതേ പരിണാമത്തെയാണു് അധ്യവസായം, ബുദ്ധിവൃത്തി, ജ്ഞാനം, എന്നെല്ലാം വ്യവഹരിക്കുന്നതു്.

ഭാഷ്യം: — ഇതാണു പ്രമാണം.

വിവരണം:—ഇതു്, എന്നാൽ മേൽപ്പറഞ്ഞ (വിഷയാകാരപരിണാമം) ബുദ്ധിവൃത്തി. പദാൎത്ഥജ്ഞാനം ജനിപ്പിക്കുന്നതു ബുദ്ധിവൃത്തിയാണു്. പദാൎത്ഥജ്ഞാനസാധനം, അഥവാ പ്രമാകരണം, പ്രമാണമെന്നു മുമ്പു സിദ്ധാന്തിച്ചിട്ടുണ്ടു്. അതനുസരിച്ച് ബുദ്ധിവൃത്തി, മറെറാരു വാക്കിൽ ബുദ്ധിതത്ത്വത്തിന്റെ വിഷയാകാരപരിണാമം, പ്രമാണമാകുന്നു. ഇത്രയുംകൊണ്ടു ബുദ്ധിവൃത്തിയുടെ പ്രമാണത്വം സമൎത്ഥിക്കയായിരുന്നു.

ഭാഷ്യം:—ഇതുകൊണ്ടു് ചേതനാശക്തിയുടെ യാതൊരനുഗ്രഹമുണ്ടാകുന്നു; അതിനെ ഫലമെന്നും പ്രമയെന്നും ബോധമെന്നും പറയുന്നു.

വിവരണം:—മുൻപറഞ്ഞവിധം വിഷയാകാരം ധരിച്ച ബുദ്ധിതത്ത്വം, സ്വീകരിച്ച വിഷയങ്ങളെ തന്നിൽ പ്രതിബിംബിതമായ പുരുഷചൈതന്യത്തിനു സമൎപ്പിക്കുന്നു. ആ സമൎപ്പണ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ത്തെയാണ് ഭാഷ്യത്തിൽ ചേതനാശക്തിയുടെ അനുഗ്രഹമെന്നു പറഞ്ഞതു്. ബുദ്ധിവൃത്തിയുടെ ഫലമായതുകൊണ്ടു് അതിനെ ഫലമെന്നും പ്രമയെന്നും ബോധമെന്നും വ്യവഹരിക്കുന്നു. ബോധത്തിനും തെല്ലൊരു വ്യത്യാസമുണ്ടു്. ബോധത്തിനു രണ്ടു ഘട്ടം. ഇതു് എന്ന അറിവു് ആദ്യഘട്ടം. ഇതിനെ ഞാൻ അറിയുന്നു എന്നതു രണ്ടാംഘട്ടം. ആദ്യത്തേതു ബോധവും രണ്ടാമത്തേതു പ്രമയും. ഉദാഹരണംകൊണ്ടിതൊന്നുകൂടി വിശദമാക്കാം. "ഇതു കുടം" എന്നതു ബോധം. "കുടത്തെ ഞാനറിയുന്നു" എന്നതു പ്രമ. ബോധമാണു പ്രമയെ ജനിപ്പിക്കുന്നതു്; അഥവാ പ്രമാകരണമാണു ബോധം. ആകയാൽ ബോധം പ്രമാണം. ബോധം, ബുദ്ധിവൃത്തിരൂപമായതുകൊണ്ടു് പ്രമാണവ്യവഹാരം ബുദ്ധിവൃത്തിക്കും സംഗതംതന്നെ. ഇനി ചേതനാശക്തിയുടെ അനുഗ്രഹമെന്തെന്നു പറയുന്നു.

ഭാഷ്യം: —യാതൊന്നു ഹേതുവായിട്ടു്, ബുദ്ധിതത്ത്വം പ്രാകൃതത്വം നിമിത്തം അചേതനമായതുകൊണ്ടു് തദീയമായ അധ്യവസായവും അചേതനമാണു്; ഘടാദിപോലെ. അപ്രകാരം ബുദ്ധിതത്ത്വത്തിന്റെ പരിണാമഭേദങ്ങളായ സുഖാദികളും അചേതനങ്ങളാണു്. പുരുഷനാകട്ടെ സുഖാദികളോടു ബന്ധപ്പെടാത്ത ചേതനനാകുന്നു. ആ ഇവർ (പുരുഷൻ) ബുദ്ധിതത്ത്വവർത്തിയായ ജ്ഞാനസുഖാദികൊണ്ടു് തത്പ്രതിബിംബിതനായിട്ടു് തച്ഛായാപത്തി നിമിത്തം ജ്ഞാനസുഖാദിമാനെന്നപോലെ ഭവിക്കുന്നു എന്നിങ്ങനെ ചേതനൻ അനുഗ്രഹിക്കുന്നു.

ചിതിച്ഛായാപത്തികൊണ്ടു ബുദ്ധിയും അതിന്റെ അധ്യവസായവും അചേതനമാണെങ്കിലും ചേതനവത്തായി ഭവിക്കുന്നു.

വിവരണം: —പ്രകൃതി, ജഡമായതുകൊണ്ടു് പ്രകൃതിപരിണാമമായ ബുദ്ധിതത്ത്വവും ജഡമാണു്. തന്മൂലം ബുദ്ധിതത്ത്വത്തിന്റെ പരിണാമമായ അധ്യവസായവും (ബുദ്ധിവൃത്തി) ജഡം തന്നെ. ജഡപ്രകൃതിയായ മണ്ണിൽനിന്നുണ്ടാകുന്ന കുടവും ജഡമായിരിക്കുന്നതുപോലെ. അപ്രകാരം ബുദ്ധിതത്ത്വത്തിന്റെ പരിണാമവിശേഷങ്ങളുണ്ടല്ലോ; ജ്ഞാനവും സുഖദുഃഖങ്ങളും. അവയും ജഡങ്ങളാണു്. ചേതനനായ പുരുഷനാകട്ടെ ജ്ഞാനസുഖാദികളോടൊന്നും ബന്ധപ്പെടുന്നില്ല, ബുദ്ധിവൃത്തി ജഡമാണെങ്കിൽ,

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

"ഞാൻ അറിയുന്നു, ഞാൻ സുഖിയാണ്" ഇത്യാദി ചേതനപ്രതീതി സംഭവിക്കുന്നതെങ്ങനെയെന്നോ? ബുദ്ധിയിൽ പുരുഷചൈതന്യം പ്രതിബിംബിതമായിരിക്കുന്നു. പ്രതിബിംബിതമായ പുരുഷചൈതന്യത്തിൽ ബുദ്ധിവൃത്തി, തദാകാരമായി പരിണമിച്ച ജ്ഞാനസുഖാദിവിഷയങ്ങളെ സമർപ്പിക്കുമ്പോൾ അഭേദഗ്രഹണം കൊണ്ട്; വിവേകജ്ഞാനമില്ലാത്തതുകൊണ്ട്, ചൈതന്യത്തിൻെറതായി തോന്നിപ്പോകും. കണ്ണാടിയുടെയും മുഖത്തിൻെറയും അഭേദ്യഗ്രഹണംകൊണ്ടു കണ്ണാടിയിലെ അഴുക്കു മുഖത്തെ അഴുക്കായി തോന്നുന്നതുപോലെ. ആ തോന്നൽ നിമിത്തം നിസ്സംഗനായ പുരുഷനിൽ ജ്ഞാനസുഖാദികൾ അധ്യാസിക്കുകയാണ്. "ഞാൻ അറിയുന്നു", "ഞാൻ സുഖി" എന്നെല്ലാം ഇങ്ങനെ ജഡമായ ബുദ്ധിവൃത്തിയെ ചൈതന്യവത്താക്കി തോന്നിക്കുന്നതുതന്നെ ചേതനശക്തിയുടെ അനുഗ്രഹം. പുരുഷചൈതന്യത്തിൻെറ പ്രതിഫലനംകൊണ്ട് ജഡപ്രകൃതിയായ ബുദ്ധിതത്ത്വവും അതിൻെറ വൃത്തിയും ചേതനവത്തായി തോന്നുകയാണ്. പുരുഷഗതമായ ചൈതന്യം ബുദ്ധിയിൽ പ്രതിഫലിച്ച് ബുദ്ധിഗതമായ ജ്ഞാനസുഖാദികളെ പുരുഷൻെറതായി തോന്നിക്കുന്നു. ചൈതന്യത്തേയും ബുദ്ധിയേയും വേർതിരിച്ചറിയാത്തതാണു കാരണം. സത്യത്തിൽ ചൈതന്യം ബുദ്ധിധർമ്മമല്ല. ജ്ഞാനസുഖാദികൾ പുരുഷധർമ്മങ്ങളുമല്ല. നിത്യശുദ്ധനും ഉദാസീനനും ചൈതന്യരൂപനുമാണു പുരുഷൻ. ബുദ്ധി, അവിശുദ്ധവും അനുദാസീനവും ജഡവുമാണ്.

പുരുഷചൈതന്യത്തിൻെറ സംസർഗ്ഗംകൊണ്ടു ജഡമായ ബുദ്ധി ചേതനാവത്തായി തോന്നുന്നതിനെക്കുറിച്ച് ഇരുപതാമത്തെ കാരികയിൽ വിസ്തരിച്ചു പറയും.

ഭാഷ്യം:—സംശയത്തിൻെറ അനവസ്ഥിതഗ്രഹണംകൊണ്ടുള്ള അനിശ്ചിതരൂപത്വംനിമിത്തം, അധ്യവസായഗ്രഹണംകൊണ്ടു സംശയത്തെ ഇവിടെ വ്യവച്ഛേദിക്കുന്നു. നിശ്ചയമാണ് അധ്യവസായമെന്നതു്, അർത്ഥാന്തരമല്ല.

വിവരണം:—പ്രത്യക്ഷപ്രമാണത്തിൻെറ ലക്ഷണം പറഞ്ഞതിനുശേഷം ലക്ഷണപരമായ ഘടകപദങ്ങളുടെ പ്രയോജനം വിശദമാക്കുന്നു. അധ്യവസായശബ്ദംകൊണ്ട് സംശയത്തെ ഒഴിവാക്കുകയാണ്. സംശയമുണ്ടായാൽ ഇന്നതെന്നു തിട്ടമില്ലാതാകും.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

തിട്ടമില്ലാതായാൽ നിശ്ചയം സാദ്ധ്യമല്ല. അനിശ്ചിതമായി ട്ടോകും. അതൊഴിവ കുന്നതിനാണു് അധ്യവസായശബ്ദം പ്രയോ ഗിച്ചതു്. അതിനാൽ അധ്യവസായത്തിനു നിശ്ചയമെന്ന അർത്ഥം ഭിന്നമല്ല. അധ്യവസായമെന്നാൽ, നിശ്ചയമെന്നർത്ഥം.

ഭാഷ്യം:—വിഷയഗ്രഹണംകൊണ്ടു് അസദ്വിഷയമായ വിപ ര്യയത്തെ അപാകരിക്കുന്നു.

വിവരണം:—"പ്രതിവിഷയ"മെന്നതിലെ വിഷയശബ്ദംകൊ ണ്ടു് ഇല്ലാത്ത വസ്തുവിനെക്കുറിച്ചുണ്ടാകുന്ന മിഥ്യാജ്ഞാനത്തെ നി ഷേധിക്കുകയാണു്. കുററിമരത്തെ മനുഷ്യനായി തെററിദ്ധരിക്കാറു ണ്ടല്ലൊ. കുററിമരം വാസ്തവത്തിൽ മനുഷ്യനല്ല. ആകയാൽ കുററിമരം ഇവിടെ അസദ്വിഷയം. മനുഷ്യനെന്ന തെററായ ധാര ണ മിഥ്യാജ്ഞാനം. അതുതന്നെ വിപര്യയം. വിപരീതജ്ഞാന മെന്നർത്ഥം. പ്രത്യക്ഷപ്രമാണത്തിൻെറ വിഷയം, യഥാർത്ഥവസ്തു വായിരിക്കണമെന്നു താൽപര്യം.

ഭാഷ്യം:—പ്രതിഗ്രഹണംകൊണ്ടു്, ഇന്ദ്രിയാർത്ഥസന്നികർഷ സൂചനനിമിത്തം അനുമാനസ്മൃത്യാദികൾ പരാകൃതങ്ങളായി ഭവിക്കുന്നു.

വിവരണം:—പ്രതിവിഷയമെന്നതിലെ "പ്രതി"ശബ്ദം വ്യാ ഖ്യാനിക്കുകയാണു്. നേരിട്ടുള്ള വിഷയസംബന്ധത്തെ സൂചിപ്പി ക്കുന്നതാണു് പ്രതിശബ്ദം. അതുകൊണ്ടു് അനുമാനം സ്മൃതി മുതലായ മററു പ്രമാണങ്ങളുടെ നിരാകരണം സാധിക്കുന്നു. പ്രത്യ ക്ഷത്തെ ഇതരപ്രമാണങ്ങളിൽനിന്നു് പൃഥക്കരിക്കുന്നു.

ഭാഷ്യം:—ആകയാൽ ഇപ്രകാരം സമാനാസമാനജാതീയ വ്യവച്ഛേദകത്വംനിമിത്തം "പ്രതിവിഷയാധ്യവസായ"മെന്നതു് ദൃഷ്ടത്തി (പ്രത്യക്ഷ) ൻെറ സംപൂർണ്ണമായ ലക്ഷണമാകുന്നു.

വിവരണം:—"പ്രത്യക്ഷ"ത്തിൻെറ വിശേഷണമായ "പ്രതി വിഷയാധ്യവസായ"ത്തിലെ ഘടകപദമോരോന്നും വ്യാഖ്യാനിച്ചു കഴിഞ്ഞു. എന്നിട്ടു് അതിൻെറക്കൂടി അർത്ഥം പറഞ്ഞു ലക്ഷണ ത്തോടു യോജിപ്പിച്ചു് ഉപസംഹരിക്കുന്നു. "സമജാതീയമായ സംശയാദികളിൽനിന്നും അസമജാതീയമായ അനുമാനസ്മരണാ ദികളിൽനിന്നും വേർപെട്ടുനിൽക്കുന്നതാണു് പ്രത്യക്ഷം." തന്മൂലം

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അതിന് — പ്രത്യക്ഷപ്രമാണത്തിന് — പ്രതിവിഷയാധ്യവസായ മെന്ന ലക്ഷണം പൂർണ്ണമായി യോജിക്കുന്നു. ലക്ഷ്യവസ്തുവിലിരി ക്കുന്ന ലോകപ്രസിദ്ധമായ ആകൃതിയാണ് ലക്ഷണം. ആ ലക്ഷ ണംകൊണ്ട് ലക്ഷ്യവസ്തു വിചാരഗതമാകുമ്പോൾ അതിനെ പ്രമാ വിഷയമാക്കാൻ—നേരിട്ടറിയാൻ—തയാറാകും. അനന്തരം പ്രമാ ണംകൊണ്ട് ലക്ഷ്യവസ്തുവിനെ അറിയുകയും ചെയ്യും. എങ്ങനെ യെന്നാൽ, പശുവിന്റെ ലക്ഷണം, താട മുതലായവയെന്നു കേട്ട റിഞ്ഞു നാല്ക്കാലിജന്തുക്കളിൽ അതേ ലക്ഷണമുള്ളതിനെ അന്വേ ഷിക്കുന്നു. ഒടുവിൽ "ഇതാണു പശു"വെന്നു കണ്ണുകൊണ്ടു നേരിട്ട റിയുകയും ചെയ്യുന്നു. ഉദാഹരണത്തിലെ പശു ലക്ഷ്യം. താട മുതലായവ ലക്ഷണം. പശുവെന്ന യഥാർത്ഥജ്ഞാനം പ്രമ. അതിനെ ജനിപ്പിച്ച കണ്ണ് പ്രമാണം. പ്രമാണസാമാന്യനിരൂപ ണം നോക്കുക.

ഭാഷ്യം:—മററു ദർശനത്തിലെ തൈർത്ഥികന്മാരുടെ ലക്ഷ ണാന്തരങ്ങളെ വിസ്തരഭയംകൊണ്ടു ദൂഷിതങ്ങളാക്കുന്നില്ല

വിവരണം:—സാംഖ്യശാസ്ത്രമൊഴികെയുള്ള ന്യായവൈശേ ഷികാദികളാണ് മററു ദർശനങ്ങൾ. അവയിൽ തത്കർത്താക്കളായ ഗോതമാദിദാർശനികന്മാർ (*തൈർത്ഥികന്മാർ) പ്രത്യക്ഷത്തിന്റെ xലക്ഷണങ്ങൾ വേറെയും പറഞ്ഞിട്ടുണ്ട്. വിസ്തരഭയംകൊണ്ട് ആവക ലക്ഷണാന്തരങ്ങളിവിടെ പരാമർശിക്കുന്നില്ല. ഗോതമൻ മുതലായ ദാർശനികന്മാർ, ന്യായാദിദർശനാന്തരങ്ങളിൽ നിർദ്ദേ ശിച്ചിരിക്കുന്ന മററുവിധ പ്രത്യക്ഷലക്ഷണങ്ങൾ ദോഷമുള്ളവ യാണ്. അവയുടെ ദോഷങ്ങളെന്തെല്ലാമെന്നു വിസ്തരശങ്കനിമി ത്തമിവിടെ വിവരിക്കുന്നില്ല. ഇങ്ങനെ താൽപര്യം

---

* തീർത്ഥം സ്യാദ്ദർശനേഷ്വപി; തദധീതവാൻ തൈർത്ഥികഃ

x ഇന്ദ്രിയാർത്ഥസന്നികർഷോത്പന്നം ജ്ഞാനമവ്യപദേശ്യമവ്യ ഭിചാരിവ്യവസായാത്മകം പ്രത്യക്ഷം. (ന്യാ—ദ)

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അനുമാനനിരൂപണം

ചാർവാകൻ, പ്രത്യക്ഷത്തെ മാത്രമേ പ്രമാണമായംഗീകരിക്കുന്നുള്ളു; അനുമാനം മുതലായ മറ്റെല്ലാ പ്രമാണങ്ങളെയും നിഷേധിക്കുകയാണ്. ആ നിഷേധം നിലവിൽവച്ചുകൊണ്ട് അനുമാനത്തെ പ്രമാണമായംഗീകരിക്കുന്നതും തദ്വിഷയകമായ നിരൂപണം സാധിക്കുന്നതും സംഗതമായിരിക്കയില്ല. എന്നു കരുതി, അനുമാനത്തേയും പ്രമാണകോടിയിൽ പരിഗണിക്കേണ്ടതാണെന്നു യുക്ത്യനുഭവങ്ങളുടെ വെളിച്ചത്തിൽ ചാർവാകനെ ബോദ്ധ്യപ്പെടുത്തുകയാണ്.

ഭാഷ്യം:—അനുമാനം പ്രമാണമല്ലെന്നു വാദിക്കുന്ന ലൌകായതികനാൽ, അജ്ഞനോ സംശയാലുവോ മിഥ്യാജ്ഞാനിയോ ആയ പുരുഷൻ എങ്ങനെ അറിയപ്പെടും? പുരുഷാന്തർഗതങ്ങളായ അജ്ഞാനസന്ദേഹമിഥ്യ ജ്ഞാനങ്ങൾ സ്ഥൂലദൃഷ്ടികൊണ്ടു പ്രത്യക്ഷമായറിയാൻ കഴിയുന്നവയല്ല. മററു പ്രമാണമംഗീകരിക്കായ്കനിമിത്തം പ്രമാണാന്തരംകൊണ്ടും കഴിയുന്നവയല്ല. അജ്ഞാനസംശയമിഥ്യാജ്ഞാനങ്ങളെ അറിയാത്ത ഒരുത്തൻ, ഏതെങ്കിലുമൊരു മനുഷ്യനോട് എന്തെങ്കിലും പറയുമ്പോൾ അനവധേയവമനതകൊണ്ട് കേൾക്കുന്നവനാൽ ഭ്രാന്തനെന്നപോലെ ഉപേക്ഷിക്കപ്പെടും.

വിവരണം:—പ്രത്യക്ഷംകൊണ്ടുമാത്രമെല്ലാമറിയാൻ സാദ്ധ്യമല്ലെന്നു സമർത്ഥിക്കുകയാണ്. ലോകായതം; ചാർവ്വാകദർശനം. അതറിഞ്ഞവൻ ലൌകായതികൻ. ചാർവാകൻ എന്നു ചുരുക്കം. ഒരു മനുഷ്യൻ, ഒന്നുമറിഞ്ഞുകൂടാത്തവനോ, സംശയബുദ്ധിയോ, തെററായ അറിവുള്ളവനോ ആയിരിക്കട്ടെ; അയാളെ അപ്രകാരമുള്ളവ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

നെന്നു ചാർവാകൻ എങ്ങനെയാണു മനസ്സിലാക്കുക? അജ്ഞതയും സംശയവും മിഥ്യാജ്ഞാനവും ഉള്ളിലാണിരിക്കുന്നതു്. സ്ഥൂലദൃഷ്ടികൊണ്ടു് ഉള്ളിലിരിക്കുന്നതിനെ പ്രത്യക്ഷമായറിയാൻ കഴികയില്ല. പ്രത്യക്ഷമല്ലാത്ത വേറെ പ്രമാണമൊന്നും സ്വീകരിക്കാത്ത ചാർവാകനു മററു പ്രമാണംകൊണ്ടും ഉള്ളിലെ അജ്ഞതാദികളറിയാൻ കഴികയില്ല. മററുള്ളവരുടെ അജ്ഞത മുതലായതു മനസ്സിലാക്കാതെ അവരോടെന്തെങ്കിലും പറഞ്ഞാൽ, പറയുന്നവനെ ഭ്രാന്തനായി വിഗണിച്ചുകളയും. അന്യദേശത്തുനിന്നു വന്ന ഒരുവനോടു്, സ്വദേശക്കാരനായ മറെറാരുവൻ പറയുകയാണു്; "നീ ദേവദത്തൻെറ വീട്ടിൽനിന്നു് അയാളെ ഇങ്ങോട്ടൊന്നു വിളിക്കൂ" എന്നു്. ഇതു കേൾക്കുന്ന ദേശപരിചയമില്ലാത്ത അന്യദേശക്കാരനെന്താണു വിചാരിക്കുക! "ഞാൻ മറെറാരു ദിക്കിൽനിന്നു വന്നവൻ. ദേവദത്തൻെറ വീടുതന്നെ എനിക്കറിഞ്ഞുകൂടാ. അറിയാവുന്ന ഈ മനുഷ്യൻ എന്നോടെന്തിനാണിങ്ങനെ പറയുന്നതു്; ഇയാൾക്കു ഭ്രാന്താണോ?" എന്നായിരിക്കും. ഇവിടെ ഭ്രാന്താണെന്നു വിഗണനയ്ക്കു കാരണം, ആ അന്യദേശക്കാരൻെറ ഉള്ളിലിരുന്ന ദേശപരമായ അജ്ഞത അറിയാതിരുന്നതാണു്. പ്രത്യക്ഷപ്രമാണം മാത്രമായാൽ എല്ലായിടത്തും പ്രയോജനപ്പെടുകയില്ലെന്നു് ഇപ്പോൾ വ്യക്തമായി.

ഭാഷ്യം:—അതുകൊണ്ടു്; ഇദ്ദേഹത്താൽ പരപുരുഷവർത്തികളായ അജ്ഞാനാദികൾ അഭിപ്രായഭേദമോ വചനഭേദമോ ആയ ലിംഗംകൊണ്ടു് അനുമാനിച്ചറിയേണ്ടതാണു്; എന്നതിനാൽ അകാമനായിരുന്നാലും അനുമാനത്തെ പ്രമാണമായംഗീകരിക്കേണ്ടതാകുന്നു.

വിവരണം:—അന്യൻെറ ഉള്ളിലിരിക്കുന്ന അജ്ഞാനാദികൾ നേരിൽ കണ്ടറിവാനൊക്കുകില്ല; അവിടെ പ്രത്യക്ഷപ്രമാണം പ്രയോജനപ്പെടുകില്ല. പിന്നെങ്ങനെ അറിയാൻ സാധിക്കുമെന്നോ? അവൻെറ അഭിപ്രായത്തിൽനിന്നോ, വാക്കിൽനിന്നോ ഉണ്ടാകുന്ന വ്യത്യാസരൂപമായ സാധനംകൊണ്ടു് അനുമാനിച്ചറിയണം. സാധ്യത്തോടു നിത്യസംബന്ധമുള്ളതാണു സാധനം. അതിനെ ലിംഗമെന്നും പറയും. ഇവിടെ അജ്ഞാനാദി സാധ്യം. അഭിപ്രായഭേദാദി സാധനം. സാധനംകൊണ്ടു സാധ്യത്തെ ഊഹിച്ചറിയുന്നതു് അനുമാനം. സാധാരണയിൽനിന്നു വ്യത്യസ്തമായ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അഭിപ്രായംകൊണ്ടോ, വാക്കുകൊണ്ടോ, ഒരുവൻെറ അജ്ഞാനം, സംശയം, തെററിദ്ധാരണ ഇതെല്ലാം ഊഹിച്ചറിയാമല്ലോ. അതാണനുമാനം. ഇപ്പോൾ ചാർവാകനിഷ്ടമല്ലെങ്കിലും അനുമാനത്തെ പ്രമാണമായംഗീകരിച്ചേ നിവ്വാഹമുള്ളു. അനുമാനം പ്രമാണമല്ലെന്ന ചാർവാകവാദത്തിൻെറ പൊള്ളത്തരം ഇത്രയുംകൊണ്ടു വെളിപ്പെട്ടുകഴിഞ്ഞു. ഇനി അനുമാനനിരൂപണമാരംഭിക്കുകയാണു്.

ഭാഷ്യം:—യുക്തിയുക്തമായനുമാനം അംഗീകാര്യമായിരിക്കുമ്പോൾ, പ്രത്യക്ഷകാര്യത്വംനിമിത്തം അനുമാനത്തെ പ്രത്യക്ഷാനന്തരം നിരൂപിക്കേണ്ടതാണ്. അതിലും വിശേഷലക്ഷണത്തിൻെറ സാമാന്യലക്ഷണപൂർവ്വത്വംകൊണ്ടു് അനുമാനസാമാന്യത്തെ നിരൂപിക്കുന്നു. "ലിംഗലിംഗിപൂർവ്വക"മെന്നു്. ലിംഗം; വ്യാപ്യം. ലിംഗി; വ്യാപകം.

വിവരണം:—അനുമാനം പ്രമാണകോടിയിൽ അംഗീകാര്യമെന്നു യുക്തിയുക്തം സമത്ഥിച്ചിരിക്കുന്ന നിലക്കു് അതിൻെറ ലക്ഷ്യലക്ഷണപൂർവ്വകമായ നിരൂപണം ആവശ്യമാണു്. പ്രത്യക്ഷകാര്യമാണു് അനുമാനം. അതുകൊണ്ടു് പ്രത്യക്ഷത്തെ നിരൂപിച്ചതിനുശേഷം അനുമാനത്തെ നിരൂപണംചെയ്യുന്നതിൽ സാംഗത്യവുമുണ്ടു് സാമാന്യലക്ഷണമറിയാതെ വിശേഷലക്ഷണമറിയുക സാദ്ധ്യമല്ല മുൻപെ സാമാന്യലക്ഷണം വേണമറിയാൻ. ആകയാൽ അനുമാനത്തിൻെറ സാമാന്യലക്ഷണം ആദ്യമായി നിരൂപിക്കുന്നു. "ലിംഗലിംഗിപൂർവ്വക"മാണെന്നു്. *ലിംഗമെന്നാൽ വ്യാപ്യം; ലിംഗി വ്യാപകവും. വ്യാപ്യവ്യാപകങ്ങളോടുകൂടിയതാണു് അനുമാനം. വ്യാപ്യം വ്യാപകം ഇവയെ മുറയ്ക്കു സാധനം സാധ്യം എന്നു പറയും. പുകയും തീയും, ഉദാഹരണം. പുക, സാധനം അഥവാ വ്യാപ്യം തീയ്യ്, സാധ്യം അഥവാ വ്യാപകം. പുകയും തീയുമെന്നപോലെ നിത്യസംബന്ധമുള്ള സാധനസാധ്യങ്ങളുടെ — വ്യാപ്യവ്യാപകങ്ങളുടെ — സമന്വയജ്ഞാനമാണനുമാ

---

* ലീനമത്ഥം ഗമയതി ഇതി ലിംഗം = മറഞ്ഞിരിക്കുന്നതിനെ അറിയിക്കുന്നതു്. (സി-മ)

" ലിംഗ്യതെ അനേന ഇതി ലിംഗം = ഇതിനാൽ അറിയപ്പെടുന്നു. (ന്യ-ബി)

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

നം. അതായത്ത് സാധനമായ പുക കണ്ടു്, സാധ്യമായ തീയ്യെ ഊഹിച്ചറിയുക; അതുതന്നെ അനുമാനം. സാധനസാധ്യങ്ങളുടെ സംബന്ധജ്ഞാനമനുമാനം എന്നു പറഞ്ഞാലും അനുമാനത്തി ന്റെ നിർവ്വചനമാകും. ലിംഗം, വ്യാപ്യമെന്നു പറഞ്ഞല്ലൊ; വ്യാപ്യമെന്തെന്നു വിശദമാക്കുന്നു.

ഭാഷ്യം:—ശങ്കിതവും സമാരോപിതവുമായ ഉപാധിയുടെ നിരാകരണത്തോടു് ഉപലക്ഷിതമായ വസ്തുസ്വഭാവപ്രതിബദ്ധമാ ണു വ്യാപ്യം.

വിവരണം:—കാര്യത്തെ ജനിപ്പിക്കുന്നതാണു കാരണം. ചിലപ്പോൾ കാരണം കാര്യജനകമല്ലാതെയുമിരിക്കും. പുക, അഗ്നികാര്യമാണ്. ചുട്ടുപഴുത്ത ഇരുമ്പുഗോളത്തിൽ അഗ്നിയു ണ്ടെങ്കിലും പുകയില്ല. കാരണം ചിലപ്പോൾ കാര്യജനകമാകാ തിരിക്കുന്നതിന്റെ ദൃഷ്ടാന്തമാണിതു്. അപ്രകാരം, കാരണം മറെറാരു വസ്തുവിനോടു ചേർന്നു ചിലപ്പോൾ കാര്യത്തെ ജനി പ്പിക്കും. അഗ്നിയാകുന്ന കാരണം നനഞ്ഞ വിറകാകുന്ന മറെറാരു വസ്തുവിനോടു ചേർന്നു പുകയാകുന്ന കാര്യത്തെ ജനിപ്പിക്കുന്നതു് ഉദാഹരണം. ഇങ്ങനെ കാരണം ചേരുന്ന കാര്യജനകമായ മറെറാ രു വസ്തുവിനെ ഉപാധിയെന്നു പറയും. അഗ്നി, നനഞ്ഞ വിറകി നോടു ചേരുമ്പോൾ പുകയുണ്ടാകുന്നതിനാൽ നനഞ്ഞ വിറകു് ഉപാധി. ശങ്കിതോപാധിയെന്നും, സമാരോപിതോപാധിയെ ന്നും ഉപാധി രണ്ടുവിധം. ഉപാധിയെ ശങ്കിക്കമാത്രം ചെയ്യുന്ന തു ശങ്കിതോപാധി. മിത്ര എന്ന സ്ത്രീയുടെ ഏഴു കുട്ടികളും കറു ത്തിരിക്കുന്നതുകൊണ്ടു് ഗർഭത്തിലിരിക്കുന്ന എട്ടാമത്തെ കുട്ടിയും കറുത്തതാകുമെന്നു് അനുമാനിക്കുക; ഇതു ശങ്കിതോപാധിക്കു് ഉദാഹരണം. ഗർഭകാലത്തെ ചീര മുതലായവയുടെ ഭക്ഷണമാണു് കുട്ടികളുടെ കറുപ്പിനു കാരണം; ചീര മുതലായവ ഭക്ഷിക്കുന്നി ല്ലെങ്കിൽ മിത്രയുടെ എട്ടാമത്തെ കുട്ടി കറുത്തതാകയുമില്ല. കറുപ്പി നു കാരണം ഭക്ഷണമാണു്; ഏഴു കുട്ടികളും കറുത്തിരിക്കുന്നു എന്ന തല്ല. നിറത്തിനു കാരണമായ ഭക്ഷണം ഉപാധിയാണെങ്കിലും ഗർഭകാലത്തു് കുട്ടിയുടെ നിറത്തെ അനുമാനിക്കുമ്പോൾ അതി നെ (ഉപാധി) ശങ്കിക്കമാത്രമാണു് പിന്നത്തെ സമാരോപിതോ പാധിയുണ്ടല്ലൊ; അതിനെ നിശ്ചിതോപാധിയെന്നും പറയും.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഉപാധിയെ ആരോപിക്കുകയാണതിൻെറ സ്വഭാവം. ധൂസരമായ പുക കാണുമ്പോൾ നനഞ്ഞ വിറകിനോടുചേൎന്ന അഗ്നിയെ—ആർദ്രേന്ധനാഗ്നിയോഗത്തെ—അനുമാനിക്കുന്നതു്, സമാരോപിതോപാധിക്കു ദൃഷ്ടാന്തം. ഇവിടെ നനഞ്ഞ വിറകു് ഉപാധി. അതു് പുകയെന്ന കാര്യത്തെ ജനിപ്പിക്കുന്നതിൽ സമാരോപിതമായിരിക്കുന്നു. ഇപ്പറഞ്ഞ രണ്ടുതരമുപാധികളോടുകൂടാത്ത—സ്വാഭാവികമായ വസ്തുവിൻെറ സ്വഭാവത്തോടു പ്രതിബദ്ധമായിരിക്കുന്നതാണു വ്യാപ്യം. പ്രതിബദ്ധമെന്നാൽ അവിനാഭാവം; മറെറാന്നിനെ വിട്ടിരിക്കാത്തതു്. പുക, അഗ്നിയെക്കൂടാതിരിക്കുന്നില്ല. അഗ്നിയുടെ സ്വഭാവത്തോടു് അവിനാഭാവമുണ്ടു് പുകയ്ക്കു്. അതിനാൽ പുക, വ്യാപ്യമാണു്.

ഭാഷ്യം:—യാതൊന്നിനാൽ പ്രതിബദ്ധമാകുന്നു, അതു് വ്യാപകം.

വിവരണം:—വ്യാപ്യത്തെ വ്യാഖ്യാനിച്ചതിനുശേഷം വ്യാപകത്തെ പരാമൎശിക്കുന്നു. എതു് ഏതിനോടാണോ അവിനാഭൂതമായിരിക്കുന്നതു് അതാണു വ്യാപകം. പുക, അഗ്നിയോടു് അവിനാഭൂതമായിരിക്കുന്നു. ആകയാൽ അഗ്നി വ്യാപകം.

ഭാഷ്യം:—വിഷയവാചിയായ ലിംഗലിംഗിഗ്രഹണംകൊണ്ടു്, വിഷയിയായ പ്രത്യയ (ജ്ഞാനം) ത്തെ ഉപലക്ഷിക്കുന്നു.

വിവരണം:—വ്യാപ്യവ്യാപകങ്ങളുടെ (ലിംഗലിംഗികൾ) ജ്ഞാനമാണു് അനുമിതിക്കു കാരണം; മറിച്ചു് വ്യാപ്യവ്യാപകവസ്തുവല്ല. എന്നിരിക്കെ ജ്ഞാനത്തെയല്ലാതെ വസ്തുവിനെ എന്തിനു പറഞ്ഞു? ഈ സംശയം പരിഹരിക്കയാണു്. വസ്തുവിനും അതു പ്രകാശിപ്പിക്കുന്ന ജ്ഞാനത്തിനും നിത്യ (അവിനാഭാവം) ബന്ധമുണ്ടു്. അതിനാൽ വസ്തുബോധകമായ വ്യാപ്യവ്യാപകശബ്ദംകൊണ്ടു തദ്ദീപകമായ ജ്ഞാനത്തെയാണു് ഉപലക്ഷണമായി നിർദ്ദേശിക്കുന്നതു്. വസ്തുജ്ഞാനങ്ങൾക്കു് അവിനാഭാവമുള്ളതുകൊണ്ടു വസ്തുപ്രതിപാദനം, ഉപലക്ഷണമായി ജ്ഞാനത്തെയാണു ലക്ഷ്യമാക്കുന്നതെന്നു സാരം. വ്യാപ്യവ്യാപകങ്ങളെ ഉദാഹരിച്ചുകൊണ്ടു വ്യാഖ്യാനം പൂൎത്തിയാക്കുന്നു.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഭാഷ്യം:—ധൂമാദി വ്യാപ്യം, വഹ്ന്യാദി വ്യാപകം, എന്നിങ്ങനെ യാതൊരുജ്ഞാനമുണ്ടാകുന്നു അതോടുകൂടിയതാണു് അനുമാനം.

വിവരണം:—വ്യാപ്യവ്യാപകങ്ങൾക്കു ക്രമത്തിൽ പുകയും അഗ്നിയും, ഉദാഹരണം. പുക കണ്ടു് അഗ്നിയെ അറിയുന്നതു് അനുമിതി. ആ അറിവോടുകൂടിയതാണു് ലിംഗലിംഗിപൂർവ്വകം.

ഭാഷ്യം:—ലിംഗിഗ്രഹണം ആവർത്തനീയമാണു്; അതുകൊണ്ടു ലിംഗം ഇതിനുണ്ടു് (ലിംഗമസ്യാസ്തി) എന്നിങ്ങനെ പക്ഷധർമ്മതാജ്ഞാനവും ദർശിതമായി ഭവിക്കുന്നു.

വിവരണം:—അനുമാനം പൂർണ്ണമാകാൻ പക്ഷധർമ്മമെന്നൊരു ഘടകംകൂടി വേണം. അതിനെയോജിച്ചവണ്ണം ലിംഗിശബ്ദത്തെ വ്യാഖ്യാനിക്കുകയാണു്. ലിംഗിശബ്ദത്തെ ആവർത്തിക്കണമത്രെ ലിംഗിയും ലിംഗിയുമെന്നു്. ആദ്യത്തെ ലിംഗി; വ്യാപകം. രണ്ടാമത്തെ ലിംഗി; "ഇതിനു ലിംഗമുണ്ടു്" (ലിംഗമസ്യാസ്തി ഇതി) എന്ന വിഗ്രഹാർത്ഥംകൊണ്ടു് വ്യാപ്യത്തിന്റെ പക്ഷധർമ്മതാജ്ഞാനത്തെ കാണിക്കുന്നു. വ്യാപ്യമതിലിരിക്കുന്നു അതു പക്ഷം. ഉദാഹരണം; പർവ്വതത്തിൽ പുക കാണുക. പുക, പർവ്വതത്തിലിരിക്കുന്നതുകൊണ്ടു പർവ്വതം പക്ഷം. പക്ഷത്തിൽ വർത്തിക്കുക; പക്ഷധർമ്മതാ. അതിന്റെ ജ്ഞാനം പക്ഷധർമ്മതാജ്ഞാനം. പക്ഷധർമ്മതാജ്ഞാനം, പക്ഷവൃത്തിതാജ്ഞാനം ഇങ്ങനെയും പറയും. എല്ലാഘടകങ്ങളും യോജിപ്പിച്ചുകൊണ്ടു് അനുമാനത്തിന്റെ സാമാന്യലക്ഷണം നിർദ്ദേശിക്കുന്നു.

ഭാഷ്യം:—അതിനാൽ വ്യാപ്യവ്യാപകഭാവപക്ഷധർമ്മതാജ്ഞാനപൂർവ്വകമാണു് അനുമാനമെന്നു് അനുമാനസാമാന്യം ലക്ഷിതമാകുന്നു.

വിവരണം.—വ്യാപ്യം വ്യാപകം പക്ഷം ഇവനിമിത്തമുണ്ടാകുന്ന ജ്ഞാനത്തോടുകൂടിയതു് അനുമാനമെന്നു് അനുമാനത്തിന്റെ സാമാന്യലക്ഷണം. അതായതു് വ്യാപ്യാദികൾ നിമിത്തമുണ്ടാകുന്ന ജ്ഞാനം അനുമിതി; അനുമിതിയെ ജനിപ്പിക്കുന്നതു് അനുമാനമെന്ന പ്രമാണം. ഇതെങ്ങനെയെന്നു പറയാം. "പുകയുള്ളതുകൊണ്ടു പർവ്വതത്തിൽ തീയുണ്ടു്." ഈ അറിവു് (ജ്ഞാനം) അനുമിതിയാണു്. ആദ്യമായി പുക കാണുമ്പോൾ, പുകയുടേയും

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

തീയുടേയും വ്യാപ്യവ്യാപകത്വം ഓക്കുന്നു. പിന്നീടു വ്യാപ്യമായ പുകയുടെ, പർവ്വതത്തിലിരിക്കുകയെന്ന പക്ഷധർമ്മതാജ്ഞാനമുണ്ടാവുകയാണ്. അതിനുശേഷം വ്യാപകമായ തീയുടെ ആകൃതിയിൽ ബുദ്ധിവൃദ്ധി പരിണമിക്കുകയും തത്ഫലമായി തീയുണ്ടെന്നറിയുകയും ചെയ്യുന്നു. ഇവിടെ അഗ്നിജ്ഞാനം അനുമിതി. അതിനെ ജനിപ്പിച്ച അഗ്ന്യാകാരമായ ബുദ്ധിവൃത്തി അനുമാനം. അനുമിതിരൂപമായ പ്രമയെ ജനിപ്പിക്കുന്നതിനാൽ അനുമാനം പ്രമാണമായി.

ഭാഷ്യം:—അക്ഷപാദദർശനത്തിൽ നിശ്ചയിച്ചിട്ടുള്ള അനുമാനവിശേഷങ്ങളെ ഓക്കുന്നു; "ത്രിവിധമനുമാനമാഖ്യാതം"മെന്ന്. സാമാന്യമായി ലക്ഷണനിർദ്ദേശംചെയ്ത അനുമാനം, വിശേഷമായി മൂന്നുവിധം. പൂർവ്വവത്തെന്നും ശേഷവത്തെന്നും സാമാന്യതോദൃഷ്ടമെന്നും.

വിവരണം:—അക്ഷപാദദർശനം, *ന്യായശാസ്ത്രമാണ്. അതിൽ, ഇവിടെ സാമാന്യലക്ഷണംചെയ്ത അനുമാനത്തെ മൂന്നുതരമായി വകതിരിച്ചു വിശേഷമായി പറഞ്ഞിട്ടുണ്ട്. പൂർവ്വവത്, ശേഷവത്, സാമാന്യതോദൃഷ്ടം,ഇത്രയുമാണ് മൂന്നും. ഈ മൂന്നുവക അനുമാനവിശേഷങ്ങളേയും സ്മരിച്ചുകൊണ്ടാണ് കാരികയിൽ "ത്രിവിധമനുമാനം" എന്നു പറഞ്ഞത്.

ഭാഷ്യം:—അവയിൽ ആദ്യത്തേതു രണ്ടുവിധം; വീതമെന്നും അവീതമെന്നും. അന്വയപ്രാധാന്യംകൊണ്ടു പ്രവർത്തമാനമായി വിധാനംചെയ്യുന്നതു വീതം വ്യതിരേകപ്രാധാന്യ കൊണ്ടു പ്രവർത്തമാനത്തെ നിഷേധിക്കുന്നതു അവീതം. അവയിൽ അവീതം ശേഷവത്താണ്. ശേഷിക്കുന്നു എന്നതിനാൽ ശേഷം (ശിഷ്യതേ—പരിശിഷ്യതേ ഇതി). അതുതന്നെ വിഷയത്വംകൊണ്ടു യാതൊരു അനുമാനത്തിനു ഭവിക്കുന്നു അതു ശേഷവത്.

വിവരണം:—ആദ്യത്തേതെന്നു പറഞ്ഞതു് മുമ്പത്തെ അനുമാനത്തെയാണ്. പൂർവ്വവത്തു മുതലായ അനുമാനവിശേഷങ്ങളെയല്ല. വീതമെന്നും അവീതമെന്നും, അനുമാനം രണ്ടുവിധം. അനുമാനജ്ഞാനം രണ്ടുവിധമുണ്ടാകും; അന്വയപ്രധാനമായിട്ടും

* തത്പൂർവ്വകം ത്രിവിധമനുമാനം പൂർവ്വവത് ശേഷവത് സാമാന്യതോദൃഷ്ടം ച. (ന്യാ—സൂ)

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

വ്യതിരേകപ്രധാനമായിട്ടും. അന്വയത്തെ അന്വയവ്യാപ്തിയെന്നും വ്യതിരേകത്തെ വ്യതിരേകവ്യാപ്തിയെന്നും മനസ്സിലാക്കണം. ഹേതുവും സാധ്യവുമൊന്നിച്ചിരിക്കുന്നതു് അന്വയവ്യാപ്തി. ഹേതുവില്ലാത്തിടത്തു സാധ്യവുമില്ലാതിരിക്കുന്നതു വ്യതിരേകവ്യാപ്തിയും. അന്വയവ്യാപ്തിയെ പ്രധാനമാക്കി സാധിക്കുന്ന അനുമാനം വീതം. ഉദാഹരണം: മലയിൽ പുകയുള്ളതിനാൽ തീയുണ്ടു്. ഹേതുവായ പുകയുടേയും സാധ്യമായ തീയുടേയും അന്വയവ്യാപ്തിയെ പ്രധാനമാക്കി മലയിൽ തീയുണ്ടെന്നു് അനുമാനംകൊണ്ടു സാധിച്ചിരിക്കുന്നു. വ്യതിരേകവ്യാപ്തിയെ പ്രധാനമാക്കി നിഷേധം സാധിക്കുന്ന അനുമാനം അവീതം. ഉദാഹരണം: വെള്ളത്തിൽ തീയില്ല. ഇവിടെ ഹേതുവായ പുകയുടേയും സാധ്യമായ തീയുടേയും വ്യതിരേകവ്യാപ്തിയെ മുൻനിറുത്തി വെള്ളത്തിൽ തീയില്ലെന്നു അനുമാനംകൊണ്ടു നിഷേധിച്ചിരിക്കയാണു്. സാധിക്കുന്നതിനെ വിധായകമെന്നും നിഷേധിക്കുന്നതിനെ നിഷേധകമെന്നും പറയും. ഇപ്പറഞ്ഞ വീതാവീതങ്ങളിൽ, അവീതമാണു് "ശേഷവത്തെ"ന്ന അനുമാനം. ശേഷിക്കുന്നതുകൊണ്ടു ശേഷമെന്നു ശേഷശബ്ദത്തിൻെറ വ്യുത്പത്തി. അശേഷംതന്നെ വിഷയമായ അനുമാനം ശേഷവത്തു്. ന്യായദർശനത്തിൽ ഇതിനു "പരിശേഷാനുമാന"മെന്നു സംജ്ഞചെയ്തിരിക്കുന്നു.

ഭാഷ്യം:—ഈ അവീതത്തിൻെറ വ്യതിരേകം കൊണ്ടുള്ള ഉദാഹരണം മുമ്പിൽ പറയും.

വിവരണം:—വ്യതിരേകവ്യാപ്തിയെ പ്രധാനമാക്കിയുള്ളതാണല്ലൊ "അവീത"മെന്ന അനുമാനം. അതിൻെറ വ്യക്തമായ ഉദാഹരണം ഒൻപതാമത്തെ കാരികയിൽ പറയും. ഇനി വീതമെന്ന അനുമാനത്തിൻെറ അവാന്തരവിഭാഗങ്ങളേതെല്ലാമെന്നു പറയുന്നു.

ഭാഷ്യം:—വീതവും രണ്ടുവിധം; പൂർവ്വവത്തെന്നും സാമാന്യതോദൃഷ്ടമെന്നും. അവയിൽ ദൃഷ്ടലക്ഷണസാമാന്യവിഷയമുള്ളതു് പൂർവ്വവിത്തു്. പൂർവ്വമെന്നാൽ പ്രസിദ്ധം. ദൃഷ്ടലക്ഷണസാമാന്യമെന്നു താത്പര്യം. അതു വിഷയത്വംകൊണ്ടു് ഈ അനുമാനത്തിനു ഭവിക്കുന്നു എന്നതിനാൽ പൂർവ്വവത്തു്.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

വിവരണം:—വീതമെന്ന ആദ്യത്തെ അനുമാനഭേദമുണ്ടല്ലൊ; അതിനു രണ്ടു വിഭാഗം. പൂർവ്വവത്തെന്നും സാമാന്യതോദൃഷ്ടമെന്നും. പൂർവ്വം വിഷയമായുള്ളതു് പൂർവ്വവത്തു്. പൂർവ്വമെന്നാൽ പ്രസിദ്ധം; അതായതു് ദൃഷ്ടസ്വലക്ഷണസാമാന്യം. അതു വിഷയമായുള്ള അനുമാനം എന്നു പൂർവ്വവത്തിന്റെ വിഗ്രഹാർത്ഥം. ദൃഷ്ടസ്വലക്ഷണസാമാന്യമെന്നാൽ നേരിട്ടുകണ്ട സ്വരൂപധർമ്മം. അടുക്കളയിൽവച്ചു പുകയ്ക്കു തീയോടുള്ള സാഹചര്യബന്ധം നേരിൽകണ്ടതിനുശേഷം മലയിൽ പുക കാണുമ്പോഠം അവിടെ തീയുണ്ടെന്നു അനുമാനിക്കുന്നു. ആ അനുമാനത്തിന്റെ വിഷയം പുകയ്ക്കു തീയോടുള്ളതായി മുമ്പു നേരിൽകണ്ട സ്വരൂപധർമ്മമാണ്. അതേ പ്രസിദ്ധമായ സ്വരൂപധർമ്മം അഥവാ ദൃഷ്ടസ്വലക്ഷണസാമാന്യം വിഷയമായിട്ടുള്ളതു പൂർവ്വവത്തെന്ന അനുമാനം. അതിനെ ഭാഷ്യത്തിൽ വിശദമാക്കുന്നു.

ഭാഷ്യം:—എങ്ങനെയെന്നാൽ ധൂമംനിമിത്തം വഹ്നിത്വസാമാന്യവിശേഷം പർവ്വതത്തിൽ അനുമാനിക്കപ്പെടുന്നു. ആ വഹ്നിത്വസാമാന്യത്തിന്റെ സ്വലക്ഷണം, രസവതി (അടുക്കള)യിൽവച്ചു ദൃഷ്ടമായ വഹ്നിവിശേഷമാണ്.

വിവരണം:—പൂർവ്വവത്തെന്ന അനുമാനവിശേഷത്തെ ഉദാഹരണപൂർവ്വം സമർത്ഥിക്കുകയാണ്. പർവ്വതത്തിൽ പുക കാണുമ്പോഠം തീയുണ്ടെന്നു് അനുമാനിക്കുന്നു. അഗ്നിധർമ്മത്തിന്റെ സാമാന്യംകൊണ്ടാണു മലയിൽ പുക കണ്ടു് അഗ്നിവിശേഷത്തെ അനുമാനിച്ചതു്. ആ അഗ്നിധർമ്മത്തിന്റെ സാമാന്യമായ സ്വരൂപലക്ഷണം അടുക്കളയിൽ കണ്ട അഗ്നിവിശേഷമാണു്. അഗ്നിയുടെ വ്യക്തിത്വത്തെ കുറിക്കുന്നതാണിവിടെ വിശേഷശബ്ദം. തീയു് പുകയോടുകൂടിയതാണെന്ന സാമാന്യലക്ഷണം അടുക്കളയിൽവച്ചു് നേരിൽ കണ്ടറിയുന്നു. പിന്നെ മലയിൽ പുക കണ്ടു് അഗ്നിസാമാന്യലക്ഷണംകൊണ്ടു് അവിടെ തീയുണ്ടെന്നു് അനുമാനിക്കയാണു്. അതു് പൂർവ്വവത്തെന്ന അനുമാനം.

ഭാഷ്യം:— അന്യമായ വീതം സാമാന്യതോദൃഷ്ടമാണു്; അദൃഷ്ടസ്വലക്ഷണവിഷയമാണതു്. ഇന്ദ്രിയവിഷയമായ അനുമാനമെന്നപോലെ.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

വിവരണം:—നേരിൽ കാണാത്ത—പ്രത്യക്ഷമല്ലാത്ത—സ്വരൂപധൎമ്മം വിഷയമായിരിക്കുന്നതാണ് സാമാന്യതോദൃഷ്ട മെന്ന അനുമാനം. ഇന്ദ്രിയസാധകമായ അനുമാനമാണത്. കാരണം പ്രത്യക്ഷമല്ലെന്നുമാത്രം വ്യത്യാസം. ന്യായഭാഷ്യകാരൻ ഇങ്ങനെ പ്രകൃതംവിശദമാക്കുന്നു. കാരണം കണ്ടു കാര്യത്തെ അനുമാനിക്കുന്നതു് പൂൎവ്വവത്തു്. മേഘസമുന്നതി കണ്ടു് മഴയുണ്ടാകുമെന്നു് അനുമാനിക്കുന്നതു പൂൎവ്വവത്തിനു് ഉദാഹരണം. കാര്യം കണ്ടു കാരണത്തെ അനുമാനിക്കുന്നതു ശേഷവത്തു്. മുമ്പുണ്ടായിരുന്നതിനു വിപരീതമായി നദിയിലെ വെള്ളപ്പൊക്കവും ഒഴുക്കും കണ്ടു് മഴയുണ്ടായി എന്നനുമാനിക്കുന്നതു് ഉദാഹരണം. ഒരിടത്തു കണ്ടതിനെ മറെറാരിടത്തു കണ്ടു് അപ്രത്യക്ഷമായ ചലനത്തെ അനുമാനിക്കുന്നതു് സാമാന്യതോദൃഷ്ടം. മധുരയിൽവച്ചു കണ്ട ദേവദത്തനെ കാശിയിൽവച്ചു കണ്ടു് അയാളുടെ നേരിട്ടുകാണാത്ത സഞ്ചാരത്തെ അനുമാനിക്കുന്നതു് ഉദാഹരണം. സഞ്ചാരം കൂടാതെ ഒരിടത്തുനിന്നു മറെറാരിടത്തെത്തുക സാദ്ധ്യമല്ലല്ലൊ. അന്വയവ്യാപ്തിപ്രധാനമായ അനുമാനം പൂൎവ്വവത്തു്. വ്യതിരേകവ്യാപ്തിപ്രധാനമായതു ശേഷവത്തു്. അന്വയവ്യതിരേകപ്രധാനമായതു സാമാന്യതോദൃഷ്ടം. ഇങ്ങനെ യോഗചന്ദ്രികാകാരൻ അഭിപ്രായപ്പെടുന്നു.

സാമാന്യതോദൃഷ്ടത്തിനു് ഇന്ദ്രിയവിഷയമായ അനുമാനമെന്നു ഭാഷ്യത്തിൽ ദൃഷ്ടാന്തം കാണിച്ചല്ലൊ. ഇന്ദ്രിയവിഷയമെന്നാൽ രൂപാദിജ്ഞാനം. ഛേദനക്രിയയിൽ കോടാലി സാധനമായിരിക്കുന്നതുപോലെ രൂപാദിജ്ഞാനത്തിൽ ഇന്ദ്രിയങ്ങൾ സാധനങ്ങളായിരിക്കണം. പക്ഷെ ജ്ഞാനത്തിനു ക്രിയാസ്വഭാവമില്ല. രൂപാദിജ്ഞാനമാകട്ടെ ഇന്ദ്രിയധൎമ്മമാണ്; ഇന്ദ്രിയത്വം, ഇന്ദ്രിയസാമാന്യം. രൂപാദിജ്ഞാനത്തിനു സാധന (കരണ) മായിരിക്കുന്നതു് ഇന്ദ്രിയസാമാന്യമാണ്; ഇന്ദ്രിയമല്ല. ഇന്ദ്രിയധൎമ്മം *ഇന്ദ്രിയസാമാന്യവും, ഇന്ദ്രിയം വിശേഷവുമാണ്. ഇന്ദ്രിയമല്ലാതെ, ഇന്ദ്രിയധൎമ്മം ബാഹ്യദൃഷ്ടിക്കു വിഷയമല്ല. രൂപാദിജ്ഞാനം സാധിക്കുന്നതു് ഇന്ദ്രിയധൎമ്മമാണതാനും. രൂപാദിജ്ഞാനത്തിൽ പ്രത്യക്ഷമല്ലാത്ത ഇന്ദ്രിയധൎമ്മത്തെ അനുമാനിക്കുകമാത്ര

* അനുവൃത്തിപ്രത്യയഹേതുഭൂതേ ധൎമ്മഃ സമാന്യം (ന്യാ—സൂ.)

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

മാണ്. അതിനാൽ ഇന്ദ്രിയവിഷയം—രൂപാദിജ്ഞാനം—സാമാന്യതോദൃഷ്ടമെന്ന അനുമാനത്തിനു ദൃഷ്ടാന്തംതന്നെ. ഭാഷ്യത്തിൽ ഇതിനെ കുറേക്കൂടി വിശദമാക്കുന്നു.

ഭാഷ്യം:—ഇതിൽ രൂപാദിവിജ്ഞാനങ്ങളുടെ ക്രിയാത്വം കൊണ്ടു് കരണത്വമനുമിക്കപ്പെടുന്നു. കരണത്വസാമാന്യത്തിനു ഛിദാദി (മുറിക്കുക മുതലായ) യിൽ കോടാലി (വാസ്യാദി) മുതലായ സ്വരൂപം ഉപലബ്ധമാണെങ്കിലും, രൂപാദിജ്ഞാനത്തിൽ യാതൊരു ജാതിയിൽപ്പെട്ടതിന്റെ കരണത്വം അനുമാനിക്കുന്നുവോ, ആ ജാതിയിൽപ്പെട്ട കരണത്തിന്റെ സ്വരൂപം (സ്വലക്ഷണം) പ്രത്യക്ഷംകൊണ്ടു് അറികില്ല. ഇന്ദ്രിയജാതീയമാണു് അതിന്റെ കരണം. ഇന്ദ്രിയത്വസാമാന്യത്തിന്റെ സ്വലക്ഷണമായ ഇന്ദ്രിയവിശേഷം യോഗികളല്ലാത്തവൎക്കു പ്രത്യക്ഷവിഷയമല്ല. വഹ്നിത്വസാമാന്യത്തിന്റെ സ്വലക്ഷണമായ വഹ്നിയെന്നപോലെ. (അഗ്നിത്വം സാമാന്യം. അതിന്റെ ലക്ഷണം അഗ്നി. അഗ്നിയെ കാണാവുന്നപോലെ കരണത്വരൂപമായ ഇന്ദ്രിയവിശേഷത്തെ കാണാനൊക്കുന്നതല്ലെന്നു സാരം.)

വിവരണം:—രൂപം രസം മുതലായ വിഷയങ്ങളെ കണ്ണു് നാക്കു് മുതലായ ഇന്ദ്രിയങ്ങൾകൊണ്ടറിയുന്നു. വിഷയജ്ഞാനത്തിനു് ഇന്ദ്രിയങ്ങൾ ഉപകരണമാണു്. തടി മുറിക്കുന്നതിനും മററും കോടാലി ഉപകരണമായിരിക്കുന്നതുപോലെ; ഛേദനക്രിയയുടെ ഉപകരണമായ കോടാലിയെ രൂപംകൊണ്ടറിയാം. വിഷയജ്ഞാനത്തിന്റെ ഉപകരണത്തെ അപ്രകാരമറിയുക സാദ്ധ്യമല്ല. വിഷയങ്ങളെ അറിയുന്നതു് ഇന്ദ്രിയധൎമ്മമാണു്. ഇന്ദ്രിയങ്ങളല്ല. ഓരോ ഇന്ദ്രിയത്തിനും അതിന്റേതായ ധൎമ്മമുണ്ടു്. അങ്ങനെ ഇന്ദ്രിയധൎമ്മമോരോന്നും അതതിന്റെ വിഷയത്തെയറിയുന്നു. വിഷയജ്ഞാനസാധനമായ ഇന്ദ്രിയധൎമ്മത്തിനു് രൂപമില്ല. അതുകൊണ്ടു് അദ്ധ്യാത്മദൃഷ്ടികളായ യോഗികൾക്കല്ലാതെ ഇന്ദ്രിയധൎമ്മത്തെ സാധാരണക്കാൎക്കറിയാനൊക്കുകയില്ല. അഗ്നിധൎമ്മത്തിന്റെ സ്വരൂപമായ അഗ്നിയെ കാണുന്നതുപോലെ ഇന്ദ്രിയധൎമ്മത്തിന്റെ സ്വരൂപവിശേഷത്തെ സ്ഥൂലദൃഷ്ടികൊണ്ടു കാണുക സാദ്ധ്യമല്ല. പൂൎവ്വവത്തെന്ന അനുമാനത്തിൽ സാമാന്യത്തിന്റെ സ്വലക്ഷണം ദൃഷ്ടമാണു്; പ്രത്യക്ഷമാണു്. സാമാ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ന്യതോദൃഷ്ടത്തിൽ അതു് അദൃഷ്ടവും. ഇതാണു് പൂർവ്വവത്തിൽനിന്നു സാമാന്യതോദൃഷ്ടത്തിൻെറ വ്യത്യാസം.

ഭാഷ്യം:—സാമാന്യതോദൃഷ്ടത്തിൽ; ദൃഷ്ടം ദർശനം. "സാർവ്വവിഭക്തികസ്തസിഃ" എന്നതുകൊണ്ടു് സാമാന്യതഃ എന്നതു് സാമാന്യത്തിൻെറ എന്നാണു്. അദൃഷ്ടസ്വലക്ഷണമായ സാമാന്യവിശേഷത്തിൻെറ ദർശനം സാമാന്യതോദൃഷ്ടമായ അനുമാനമെന്നാൎത്ഥം.

വിവരണം:—"സാമാന്യതോദൃഷ്ട"മെന്ന പദം വ്യാഖ്യാനിക്കുന്നു ദൃഷ്ടമെന്നാൽ ദർശനം; ജ്ഞാനം. സാമാന്യശബ്ദത്തിൽ തസില് പ്രത്യയംവച്ചു് സാമാന്യതഃ എന്നു രൂപം. തസിപ്രത്യയം എല്ലാ വിഭക്ത്യൎത്ഥത്തിലും ചേരുമെന്നു *വിധിയുള്ളതുകൊണ്ടു് ഇവിടെ സാമാന്യത്തിൻെറ എന്നു ഷഷ്ഠ്യൎത്ഥം സ്വീകാര്യമാണു്. രണ്ടു പദവും കൂട്ടിച്ചേൎക്കുമ്പോൾ സാമാന്യത്തിൻെറ ജ്ഞാനമെന്നൎത്ഥമാകും. അപ്രത്യക്ഷസ്വരൂപമായ ധൎമ്മവിശേഷത്തിൻെറ ജ്ഞാനമെന്നു സാമാന്യതോദൃഷ്ടത്തിൻെറ താത്പൎയ്യം. സാമാന്യമായ പ്രത്യക്ഷംകൊണ്ടു് അപ്രത്യക്ഷത്തെ അറിയുകയാണതു്. പ്രകൃതം ഉപസംഹരിക്കുന്നു.

ഭാഷ്യം:—ഇതെല്ലാം ന്യായവാൎത്തികതാത്പൎയ്യടീകയിൽ നാം പ്രതിപാദിച്ചിട്ടുണ്ടു്; എന്നതിനാൽ വിസ്തരഭയംനിമിത്തം ഇവിടെ പറയുന്നില്ല.

വിവരണം:—ഭാഷ്യകാരനായ വാചസ്പതിമിശ്രൻ, "ന്യായവാൎത്തികതാത്പൎയ്യടീക" എന്നൊരു ഗ്രന്ഥം എഴുതീട്ടുണ്ടു്. അതിൽ അനുമാനത്തിൻെറ ഭേദങ്ങളെക്കുറിച്ചു് സവിശേഷം പ്രതിപാദിച്ചിരിക്കുന്നു. അനുമാനസംബന്ധമായി കൂടുതൽ അറിയണമെന്നുള്ളവർ ആ ഗ്രന്ഥം നോക്കി അറിഞ്ഞുകൊള്ളണം. വിസ്തരശങ്കനിമിത്തം ഇവിടെ ഇതിലധികമൊന്നും പറയുന്നില്ല.

അനുമാനനിരൂപണം കഴിഞ്ഞു.

---

* "സാർവവിഭക്തികസ്തസിഃ"

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ശബ്ദനിരൂപണം

ആചാര്യവിഷ്ടമായ മൂന്നു പ്രമാണങ്ങളിൽ പ്രത്യക്ഷവും അനുമാനവും നിരൂപിച്ചുകഴിഞ്ഞു. ക്രമപ്രാപ്തമായ "ആപ്തവചന"മെന്ന മൂന്നാമത്തെ പ്രമാണം നിരൂപണംചെയ്യാൻ തുടങ്ങുകയാണു്. ആപ്തവചനവും ശബ്ദവും സമാനാർത്ഥകമായതുകൊണ്ടു് ആപ്തവചനത്തിനുപകരം "ശബ്ദ"മെന്ന പ്രമാണസംജ്ഞ സ്വീകരിച്ചിരിക്കുന്നു. പ്രത്യക്ഷവും ശബ്ദവും സമാനരൂപമാണു്. എന്നിരിക്കെ പ്രത്യക്ഷപ്രമാണനിരൂപണത്തിന്റെ തൊട്ടുപിന്നാലെ ശബ്ദപ്രമാണം നിരൂപിക്കേണ്ടതായിരുന്നു. അങ്ങനെ ചെയ്യാതെ അനുമാനപ്രമാണം നിരൂപണവിഷയമാക്കിയതു ക്രമദോഷമല്ലേ? ഈ സംശയം പരിഹരിച്ചുകൊണ്ടു ശബ്ദപ്രമാണത്തെ നിരൂപിക്കുകയാണു്.

ഭാഷ്യം:—പ്രയോജകവൃദ്ധന്റെ ശബ്ദശ്രവണത്തിനുശേഷം പ്രയോജ്യവൃദ്ധന്റെ പ്രവൃത്തിക്കു ഹേതുവായ ജ്ഞാനത്തിന്റെ അനുമാനപൂർവ്വകത്വംകൊണ്ടു് ശബ്ദാർത്ഥസംബന്ധജ്ഞാനത്തിനും, അർത്ഥപ്രത്യായകത്വംകൊണ്ടു് സ്വാർത്ഥസംബന്ധജ്ഞാനസഹകാരിയായ ശബ്ദത്തിനും, അനുമാനപൂർവ്വകത്വം ഭവിക്കുന്നു എന്നതിനാൽ അനുമാനത്തിനുശേഷം ശബ്ദത്തെ ലക്ഷ്യമാക്കുന്നു. "ആപ്തശ്രുതിരാപ്തവചനം തു" എന്നു്.

വിവരണം:—അനുമാനത്തിനുശേഷം ശബ്ദപ്രമാണത്തെ നിരൂപണവിഷയമാക്കിയതിന്റെ കാരണം വ്യക്തമാക്കുന്നു ശബ്ദാർത്ഥസംബന്ധജ്ഞാനവും, ശബ്ദാർത്ഥജ്ഞാനജനകത്വവും അനുമാനമൂലകമാണു്. അതെങ്ങനെയെന്നു് ഉദാഹരണംകൊണ്ടു സമർത്ഥിക്കുന്നു. വ്യവഹാരപരിചയം സിദ്ധിച്ച രണ്ടുപേർ; ഗുരുവും ശിഷ്യനും.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ആജ്ഞകൊടുക്കുന്നവൻ ഗുരു; ആജ്ഞയെ അനുസരിക്കുന്നവൻ ശിഷ്യൻ. അവരെ മുറയ്ക്കു പ്രയോജകനെന്നും പ്രയോജ്യനെന്നും പറയാം. വ്യവഹാരപരിചയം എന്ന അർത്ഥത്തിൽ വൃദ്ധശബ്ദംകൂടി ചേർത്തു ഭാഷ്യത്തിൽ പ്രയോജകവൃദ്ധനെന്നും പ്രയോജ്യവൃദ്ധനെന്നും പറഞ്ഞു. പ്രയോജകനായ ഗുരു പ്രയോജ്യനായ ശിഷ്യനോട് "പശുവിനെക്കൊണ്ടുവരൂ!" എന്നാജ്ഞാപിക്കുന്നു. ആജ്ഞ കേട്ടതിനുശേഷം ശിഷ്യൻ പശുവിനെക്കൊണ്ടുവരികയും ചെയ്യുന്നു. ഈ ആജ്ഞയും പ്രവൃത്തിയും കണ്ടു നില്ക്കുന്ന കുട്ടി, "പശുവിനെക്കൊണ്ടുവരൂ" എന്ന വാക്യത്തിന്റെ അർത്ഥം, "പശുവിനെക്കൊണ്ടുവരുന്ന" പ്രവൃത്തിയാണെന്നറിയുന്നു. ആ അറിവ് പശുവിനെക്കൊണ്ടുവരുന്നതു കണ്ടു കുട്ടി, അനുമാനിക്കയാണ്. ഇവിടെ ശബ്ദാർത്ഥസംബന്ധജ്ഞാനം അനുമാനാശ്രയമായിരിക്കുന്നതു സ്പഷ്ടം. പശുവിനെക്കൊണ്ടുവരികയെന്ന പ്രവൃത്തിരൂപമായ അർത്ഥത്തിന്റെ സംബന്ധജ്ഞാനമുണ്ടാക്കിയത് പശുവിനെക്കൊണ്ടുവരൂ എന്ന വാക്യത്തിന്റെ അർത്ഥബോധകധർമ്മമാണ്. ഓരോ ശബ്ദത്തിലും അതതിന്റേതായ നിർദ്ദിഷ്ടാർത്ഥം ജനിപ്പിക്കുന്ന ധർമ്മം നിക്ഷിപ്തമായിരിക്കുന്നു. ആ ധർമ്മത്തെ ശക്തിയെന്നാണു പറയുക. ആജ്ഞകേട്ടശേഷം ശിഷ്യൻ പശുവിനെക്കൊണ്ടുവരുന്നതു കാണുമ്പോൾ ആജ്ഞാവാക്യത്തിലെ അതേ അർത്ഥജനകമായ ശബ്ദശക്തിയെ, കുട്ടി അറിയുന്നു. (പശുവിനെക്കൊണ്ടുവരൂ). പശുവിനെക്കൊണ്ടുവരുന്നതു കാണുന്നതിൽനിന്ന് ആജ്ഞാവാക്യനിഷ്ഠമായ ശക്തി കുട്ടി അറിയുന്നതു അനുമാനംകൊണ്ടാണ്. ഇപ്പോൾ ശബ്ദാർത്ഥജ്ഞാനജനകത്വത്തിന്റേയും അനുമാനാശ്രയിത്വം വെളിപ്പെട്ടു. ഇങ്ങനെ അനുമാനം ഉപജീവ്യവും ശബ്ദം ഉപജീവകവുമാണ്. ഉപജീവകമായ ശബ്ദത്തെ അപേക്ഷിച്ച് ഉപജീവ്യമായ അനുമാനത്തിനു പ്രാധാന്യമുണ്ട്. തന്മൂലം ശബ്ദത്തിനുമുമ്പേ അനുമാനത്തെ നിരൂപണവിഷയമാക്കിയതിൽ ക്രമദോഷമൊന്നുമില്ല. മേല്പറഞ്ഞുവച്ച ശബ്ദത്തിന്റെ അനുമാനാശ്രയത്വം ആകെക്കൂടി ഒന്നു സംഗ്രഹിക്കാം. അനുമാനംകൊണ്ടു ശക്തിജ്ഞാനം, ശക്തിജ്ഞാനംകൊണ്ട് ശബ്ദാർത്ഥസംബന്ധജ്ഞാനം. ശബ്ദാർത്ഥസംബന്ധജ്ഞാനംകൊണ്ടു വാക്യാർത്ഥജ്ഞാനം, അതുതന്നെ ശബ്ദപ്രമാണം. ഇന്ന ശബ്ദം ഇന്ന അർത്ഥവുമായി ബന്ധപ്പെട്ടതെന്നറിയുകയാണു ശബ്ദാർത്ഥ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സംബന്ധജ്ഞാനം. അർത്ഥസംബന്ധജ്ഞാനമുണ്ടാക്കുന്ന ശബ്ദധർമ്മം, അർത്ഥസംബന്ധജ്ഞാനജനകത്വവും. അതിനെ അർത്ഥപ്രത്യായകത്വമെന്നും പറയും. ഇതു രണ്ടും അനുമാനത്തെ ആശ്രയിച്ചിരിക്കുന്നു

അഞ്ചാംകാരികയിലെ ഒടുവിലത്തെ പാദമായ "ആപ്തശ്രുതിരാപ്തവചനം" എന്ന സന്ദർഭം വ്യാഖ്യാനിച്ച് ശബ്ദനിരൂപണം സാധിക്കുന്നു.

ഭാഷ്യം:—അതിൽ ആപ്തവചനമെന്നതു ലക്ഷ്യനിർദ്ദേശമാണ്; ശേഷിച്ചതു ലക്ഷണവും. ആപ്തം; പ്രാപ്തം—യുക്തമെന്നു താത്പര്യം. ആപ്തമായ ശ്രുതി, എന്നതിനാൽ ആപ്തശ്രുതി. വാക്യജനിതമായ വാക്യാർത്ഥജ്ഞാനമാണു ശ്രുതി.

വിവരണം:—ആപ്തവചനമെന്ന ശബ്ദപ്രമാണത്തിന്റെ ലക്ഷ്യലക്ഷണങ്ങളെ നിർദ്ദേശിക്കുന്നു. ആപ്തവചനം ലക്ഷ്യം. ആപ്തശ്രുതി ലക്ഷണവും. ആപ്തവചനത്തിന്റെ ലക്ഷണമായ ആപ്തശ്രുതിയെ വ്യാഖ്യാനിക്കയാണ്. ആപ്തമായ ശ്രുതിയെന്ന് അതിന്റെ വിഗ്രഹം. ആപ്തമെന്നാൽ യുക്തം; സത്യാർത്ഥബോധനക്ഷമതകൊണ്ടു നല്ലത്. വാക്യത്തിൽനിന്നുണ്ടായി വാക്യാർത്ഥജ്ഞാനമെന്നു ശ്രുതിശബ്ദത്തിന്റെ അർത്ഥം. കൂട്ടിപ്പറയുമ്പോൾ യുക്തമായ വാക്യത്തിൽനിന്നുണ്ടായ വാക്യാർത്ഥത്തിന്റെ ജ്ഞാനം. അതാണ് ആപ്തവചനത്തിന്റെ—ശബ്ദപ്രമാണത്തിന്റെ—ലക്ഷണം. ശ്രുതിശബ്ദത്തിനു വേദമെന്ന അർത്ഥം പ്രസിദ്ധമായിരിക്കെ, വാക്യജനിതമായ വാക്യാർത്ഥജ്ഞാനമർത്ഥമാകുന്നതെങ്ങനെയെന്നു ശങ്കിക്കേണ്ടതില്ല. ജഹദജഹല്ലക്ഷണകൊണ്ട് ആ അർത്ഥം സംഗതമാണ്. ശബ്ദസിദ്ധമായ അർത്ഥത്തിലെ ഏതാനുമംശം ഉപേക്ഷിച്ചു ശേഷം സ്വീകരിക്കയാണല്ലോ ജഹദജഹല്ലക്ഷണയുടെ സ്വഭാവം. "ശ്രൂയതെ ഇതി ശ്രുതി" എന്ന വ്യുത്പത്തികൊണ്ട് ശ്രുതി (ചെവി) ഗ്രാഹ്യമായ വാക്യമെന്നു ശ്രുതിപദത്തിന്റെ വാച്യാർത്ഥം. പിന്നെ വാക്യമെന്നതിനോടു ലാക്ഷണികമായി തജ്ജന്യമായ ജ്ഞാനമെന്നുകൂടി ചേർക്കണം. അപ്പോൾ വാക്യാർത്ഥജ്ഞാനമെന്ന അർത്ഥം സംഗതമാകും. ഇതിനു താർക്കികന്മാരുടെ ഒരുദാഹരണം നോക്കുക: "ദ്വിരേഫം ശബ്ദിക്കുന്നു" എന്നു പറയുമ്പോൾ ആദ്യം രണ്ടു രേഫങ്ങളുള്ള "ഭ്രമര"മെന്ന പദത്തെ മനസ്സിലാക്കുന്നു. പിന്നെ ആ പദംകൊണ്ടു നിർദ്ദേ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ശിക്കുന്ന ജന്തുവിശേഷരൂപമായ അർത്ഥത്തെയും. അതുപോലെ ശ്രുതിശബ്ദംകൊണ്ടു് ആദ്യം വാക്യത്തേയും, അനന്തരം വാക്യം കൊണ്ടു തജ്ജന്യമായ ജ്ഞാനത്തേയും, മനസ്സിലാക്കണം. അങ്ങനെ ശ്രുതിക്കു വാക്യാർത്ഥജ്ഞാനമെന്നർത്ഥം സിദ്ധം.

ശ്രുതിശബ്ദത്തിനു വേദമെന്നർത്ഥം സ്വീകരിച്ചാൽ വേദത്തെ പ്രമാണമായംഗീകരിക്കേണ്ടിവരും. സാംഖ്യന്മാർ വേദത്തെ പ്രമാണമായി സ്വീകരിക്കുന്നില്ല. ബുദ്ധിവൃത്തിയാണവരുടെ പ്രമാണം. ആ പക്ഷത്തിൽ ശ്രുതിശബ്ദത്തിന്റെ വേദപരമായ മുഖ്യാർത്ഥം നിഷേധിച്ചു പകരം വാക്യജനിതമായ വാക്യാർത്ഥജ്ഞാനമെന്ന അർത്ഥം സ്വീകരിച്ചിരിക്കയാണിവിടെ. ഇത്രയുംകൊണ്ടു് സിദ്ധമായ സമുദായാർത്ഥം ഇതാണു്: "യുക്തമായ വാക്യാർത്ഥജ്ഞാനമാണു് ആപ്തവചനം." ജ്ഞാനം എങ്ങനെ വചനമാകുമെന്നു സംശയിക്കേണ്ടതില്ല. വചനംകൊണ്ടു തജ്ജന്യമായ ജ്ഞാനം വിവക്ഷിതമാണു്. ആപ്തവചനജനിതമായ ജ്ഞാനമെന്നർത്ഥം. വാക്യാർത്ഥജ്ഞാനമാണു് ആപ്തവചനജനിതജ്ഞാനമെന്നു കൂട്ടിപറയുമ്പോൾ പുനരുക്തിദോഷം ശങ്കിച്ചേക്കാം. *അനുവാദസ്ഥലത്തെന്നപോലെ ലക്ഷ്യലക്ഷണഭാവസ്ഥലത്തും പുനരുക്തിദോഷം അംഗീകാര്യമല്ല. പ്രകൃതം ലക്ഷ്യലക്ഷണഭാവസ്ഥലമായതുകൊണ്ടു് പുനരുക്തി, ദോഷമല്ല. അപ്രകാരമല്ലെങ്കിൽ "പ്രമാകരണം പ്രമാണമെന്ന" വാക്യത്തിലും പുനരുക്തിദോഷമുണ്ടാകും. പ്രമാണത്തിനുതന്നെ, പ്രമാകരണമെന്നർത്ഥമിരിക്കെ വീണ്ടും കരണശബ്ദം ആവർത്തിക്കുന്നതു പുനരുക്തിയാകുമല്ലോ. ഇങ്ങനെ ആപ്തവചനത്തിന്റെ ലക്ഷ്യലക്ഷണങ്ങൾ സമർത്ഥിച്ചു. ഇനി "ആപ്തശ്രുതി"യിലെ ആപ്തം "യുക്ത"മായതെന്തുകൊണ്ടെന്നു പറയുന്നു.

ഭാഷ്യം:—സ്വതഃപ്രമാണമായ അതും അപൌരുഷേയവേദവാക്യജനിതത്വംകൊണ്ടു് സകലദോഷാശങ്കാവിനിർമ്മുക്തിനിമിത്തം യുക്തമായി ഭവിക്കുന്നു.

വിവരണം:—അതു്, ആപ്തവചനത്തിന്റെ ലക്ഷണമായ വാക്യാർത്ഥജ്ഞാനം. രണ്ടുവിധമുണ്ടു് വാക്യാർത്ഥജ്ഞാനം.

---

* ശബ്ദാർത്ഥയോഃ പുനർവചനം പുനരുക്തമന്യത്രാനുവാദാത്.
(ന്യാ— സൂ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സ്വതഃപ്രമാണമെന്നും പരതഃപ്രമാണമെന്നും. സ്വതഃപ്രമാണമായ വാക്യാർത്ഥജ്ഞാനം യുക്തമാണു്; സത്യാർത്ഥബോധനക്ഷമമാണു്. അപൌരുഷേയമായ വേദവാക്യത്തിൽനിന്നുണ്ടായതാണു കാരണം. വേദവാക്യം, ദോഷാശങ്കകളൊന്നും ബാധിക്കാത്തതാണു്. വാക്യം, പുരുഷകർത്തൃകമായാൽ പുരുഷന്റേതായ ഭ്രമം പ്രമാദം മുതലായ ദോഷങ്ങൾ ആ വാക്യത്തിലുമുണ്ടായിരിക്കും. വേദം, പുരുഷ(മനുഷ്യ)കർത്തൃകമല്ലാത്തതുകൊണ്ടു് അതിലെ വാക്യത്തിൽ ഭ്രമാദിദോഷങ്ങളൊന്നും കാണുന്നതല്ല. അതിനാൽ അപൌരുഷേയമായ വേദവാക്യത്തിൽനിന്നു സിദ്ധിക്കുന്ന ജ്ഞാനം സ്വതഃപ്രമാണവും തൻമൂലം യുക്തവുമാണു്. സത്യാർത്ഥബോധനക്ഷമമാണു് വേദവാക്യജ്ഞാനമെന്നു ചുരുക്കം.

x സാംഖ്യന്മാരും മീമാംസകന്മാരും ഈശ്വരനെ അംഗീകരിക്കുന്നില്ല. അവരുടെ അഭിപ്രായത്തിൽ വേദം ഈശ്വരസൃഷ്ടവുമല്ല. + വേദവാക്യം നിർദ്ദോഷമായിരിക്കുന്നതു് ഈശ്വരസൃഷ്ടമല്ലാത്തതുകൊണ്ടാണത്രെ. കർത്താവായാരുമില്ലാത്തതിനാൽ വേദം പൌരുഷേയമല്ല, അപൌരുഷേയമാണു്. *മഹത്തായ ഭൂതത്തിന്റെ നിശ്വാസമാണു് വേദമെന്നു് ഋഗ്വേദത്തിൽ പറഞ്ഞിരിക്കുന്നു. മഹത്തായ ഭൂതമെന്നുവച്ചാൽ, മഹത്തത്ത്വാദികളുടെ പരിണാമമായ മനുഷ്യൻ, അഥവാ പുരുഷൻ. താദൃശനായ പുരുഷന്റെ നിശ്വാസമാണു് വേദമെങ്കിൽ അതു് പൌരുഷേയമല്ലാതെ, അപൌരുഷേയമാകുന്നതെങ്ങനെ? പറയാം; =കണ്ടതിലെന്നപോലെ കാണാത്തവസ്തുവിലുമുണ്ടാകുന്ന ബുദ്ധിപൂർവ്വകമായ അറിവാണു പൌരുഷേയമെന്നു സാംഖ്യശാസ്ത്രം അനുശാസിക്കുന്നു. ഇതിൽനിന്നു് ഒരു വസ്തുത മനസ്സിലാക്കാം; ബുദ്ധിപൂർവ്വകമല്ലാത്ത വ്യാപാരം പൌരുഷേയമല്ലെന്നു്. ഗാഢസുഷുപ്തിയിലെ ശ്വാസോച്ഛ്വാസം പൌരുഷേയമല്ല; അതു ബുദ്ധിപൂർവ്വകമല്ലാതിരിക്കുന്നതാണു കാരണം. സുഷുപ്തിനിശ്വാസമെന്നവണ്ണം ബുദ്ധിപൂർവകമല്ലാതെ

x ന പൌരുഷേയത്വം തത്കർത്തുഃ പുരുഷസ്യാഭാവാത് (സാം-സൂ.)

+ യദാ വക്തുരഭാവേന ന സ്യുർദോഷാ നിരാശ്രയാഃ
(കുമാരിലഭട്ടൻ.)

* ഏതസ്യ മഹതോ ഭൂതസ്യ നിശ്വസിതമേതദ് യദ് ഋഗ്വേദഃ
(ശ്രുതി.)

= യസ്മിന്നദൃഷ്ടേപി കൃതബുദ്ധിരുപജായതേ തത് പൌരുഷേയം
(സാം—സൂ.)

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സ്വയംഭൂവിൽനിന്നു സ്വയം വെളിപ്പെട്ട നിത്യവിശുദ്ധമായ ശബ്ദരാശിയാണു വേദം. വേദത്തിൻെറ ആവിർഭാവം, കേവലം ബുദ്ധിവ്യാപാരമാശ്രയിച്ചല്ലാത്തതുകൊണ്ടു് അതിനെ അപൌരുഷേയമെന്നു വ്യവഹരിക്കുന്നു. ഇങ്ങനെ വേദം അപൌരുഷേയമായതുകൊണ്ടു് തത്സംബന്ധമായ വാക്യാർത്ഥജ്ഞാനം ദോഷരഹിതവും യുക്തവുമാകുന്നു.

ഭാഷ്യം:—ഇപ്രകാരം വേദമൂലസ്മൃതീതിഹാസവാക്യജനിതമായ ജ്ഞാനവും യുക്തമായി ഭവിക്കുന്നു.

വിവ.—സ്വതഃപ്രമാണത്തിൻെറ യുക്തത്വം പ്രതിപാദിച്ചതിനുശേഷം, പരതഃപ്രമാണത്തിൻെറ യുക്തത്വം പ്രതിപാദിക്കുകയാണു്. സ്മൃതി (ധർമ്മശാസ്ത്രം), ഇതിഹാസം, പുരാണം ഇതെല്ലാം വേദത്തെ ആശ്രയിച്ചിരിക്കുന്നു. വേദമൂലകമാണു് സ്മൃത്യാദികൾ. വേദവാക്യജ്ഞാനം യുക്തമായതുകൊണ്ടു് വേദാശ്രയികളായ സ്മൃത്യാദികളുടെ വാക്യജ്ഞാനവും യുക്തംതന്നെ. വേദം സ്വതഃപ്രമാണമായും തദാശ്രയികളായ സ്മൃത്യാദികൾ പരതഃപ്രമാണമായും പരിഗണിക്കപ്പെടുന്നു. വേദവാക്യജ്ഞാനം മാത്രമല്ല, വേദത്തെ ആശ്രയിച്ചിരിക്കുന്ന ധർമ്മശാസ്ത്രം, ഇതിഹാസം, പുരാണം ഇത്യാദി പരതഃപ്രമാണത്തിലെ വാക്യജ്ഞാനവും സത്യബോധനസമർത്ഥമാണെന്നു സാരം. ശബ്ദപ്രമാണത്തിൽ, വേദവാക്യജ്ഞാനവും, സ്മൃത്യാദിവാക്യജ്ഞാനവും അംഗീകാര്യമാണു്.

സ്മൃതി അഥവാ*ധർമ്മശാസ്ത്രം വേദമൂലകമായതെങ്ങനെയെന്നോ? വേദത്തിൽ പറഞ്ഞിട്ടുള്ള കാര്യങ്ങളെല്ലാംതന്നെയാണു സ്മൃതിയിലും പറഞ്ഞിരിക്കുന്നതു്. അതുകൊണ്ടു് സ്മൃതി വേദമൂലകമായി. അങ്ങനെയെങ്കിൽ സ്മൃതിവാക്യമെങ്ങനെ പ്രമാണമാകും? അപൂർവ്വാർത്ഥപ്രതിപാദകത്വമാണു് പ്രമാണവാക്യത്തിൻെറ ലക്ഷണം. വേദത്തിൽ പറഞ്ഞതിനെ വീണ്ടും പറയുന്നതാകകൊണ്ടു് സ്മൃതിവാക്യത്തിനു് അപൂർവ്വാർത്ഥപ്രതിപാദകത്വമില്ല. കൂടാതെ അനുവാദദോഷവുമുണ്ടു്. ഈ ശങ്ക ശരിയല്ല. കർമ്മങ്ങളേയും മന്ത്രങ്ങളേയും ദേവതകളേയും പല ശാഖകളിലായി നിരൂപണം ചെയ്തിരിക്കയാണു് വേദത്തിൽ. അതെ

* ധർമ്മശാസ്ത്രം തു വൈ സ്മൃതിഃ (മനു.)

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ല്ലാം സമാഹരിച്ചു സ്മൃതിയിൽ ക്രമപ്പെടുത്തിയിരിക്കുന്നു. വേദത്തിലില്ലാത്തവണ്ണം വിഷയങ്ങളുടെ സമാഹരണം സാധിച്ചിരിക്കുന്നതുകൊണ്ടു് സ്മൃതിവാക്യത്തിനു് അപൂർവ്വാർത്ഥപ്രതിപാദകത്വമുണ്ടു്. അതോടൊപ്പം അനുവാദദോഷവും നിരാകൃതമാണു്.

വേദം, സ്മൃതി, ഇതിഹാസം, പുരാണം ഇവ നാലും പതിനെട്ടു വിദ്യകളുടെ ഉപലക്ഷണമാണു്. വേദങ്ങൾ നാലു്, ഉപവേദങ്ങൾ നാലു്, ശാസ്ത്രങ്ങൾ ആറു്, ശാസ്ത്രാംഗങ്ങൾ നാലു, എല്ലാംകൂടി പതിനെട്ടു്. ഇവയെ മൊത്തം അഷ്ടാദശവിദ്യകളെന്നു പറയും. ഉപപുരാണങ്ങൾ പുരാണങ്ങളിലും, വൈശേഷികശാസ്ത്രം ന്യായത്തിലും, വേദാന്തം മീമാംസയിലും, മഹാഭാരതരാമായണങ്ങളിൽ സാംഖ്യപാതഞ്ജലപാശുപതവൈഷ്ണവങ്ങളും അന്തർഭവിക്കുന്നു. ഋക്കും, യജുസ്സും, സാമവും, അഥർവവും വേദങ്ങൾ. ആയുർവ്വേദം, ധനുർവേദം, ഗാന്ധർവ്വവേദം, അർത്ഥശാസ്ത്രം ഇത്രയും ഉപവേദങ്ങൾ. ശിക്ഷയും കല്പവും വ്യാകരണവും ജ്യോതിഷവും നിരുക്തവും ഛന്ദസ്സും ശാസ്ത്രങ്ങൾ. വേദാംഗങ്ങളെന്നും ശാസ്ത്രങ്ങൾക്കു പേരുണ്ടു്. പുരാണം, ന്യായം, മീമാംസ, ധർമ്മശാസ്ത്രം ഇവയാണു ശാസ്ത്രാംഗങ്ങൾ; വേദത്തിന്റെ ഉപാംഗങ്ങളും. ഉപവേദങ്ങളെ ഒഴിവാക്കി വിദ്യകൾ പതിനാലെന്നും വ്യവഹാരമുണ്ടു്.

മനു, യാജ്ഞവല്ക്യൻ തുടങ്ങിയ സ്മൃതികർത്താക്കൾ വേദം പഠിച്ചു് അതിലെ തത്ത്വങ്ങളൊക്കെ മനസ്സിലാക്കി അങ്ങുമിങ്ങും സങ്കീർണ്ണമായിക്കിടന്ന വേദവാക്യങ്ങളെ ഒരുക്കൂട്ടി ലോകോപകാരാർത്ഥം നിർമ്മിച്ചവയാണു ധർമ്മശാസ്ത്രങ്ങൾ. അതിനാൽ ധർമ്മശാസ്ത്രങ്ങൾ വേദമൂലകങ്ങളാണു്. എന്നാൽ സാംഖ്യശാസ്ത്രം അപ്രകാരമല്ല; വേദമൂലകത്വമില്ലാത്തതാണു സാംഖ്യശാസ്ത്രം. കപിലമഹർഷിയാണല്ലോ സാംഖ്യശാസ്ത്രത്തിന്റെ കർത്താവു്. അദ്ദേഹം ജന്മനാതന്നെ *ജ്ഞാനിയായിരുന്നു. വേദപാഠം ചെയ്യാതെ സ്വയം ജ്ഞാനിയായ കപിലൻ നിർമ്മിച്ചതാകകൊണ്ടു സാംഖ്യശാസ്ത്രത്തിനു വേദാശ്രയത്വമില്ല അതിനെക്കുറിച്ചു കപിലന്റെ പ്രശിഷ്യനായ പഞ്ചശിഖാചാര്യൻ പറഞ്ഞിട്ടുള്ളതു് ഭാഷ്യത്തിൽ സ്മരിക്കുന്നു.

---

* ഋഷിം പ്രസൂതം കപിലം യസ്തമഗ്രേ ജ്ഞാനൈർബിഭർത്തി.
(ശ്രുതി

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഭാഷ്യം:—കല്പാദിയിൽ ആദിവിദ്വാനായ കപിലന് കല്പാന്തരാധീതമായ ശ്രുതിയുടെ സ്മരണമുണ്ടായിരുന്നു. ഉറങ്ങിയുണൎന്നവൻ തലേനാളിലത്തെ കാര്യങ്ങളുടെ സ്മരണം പിറേറനാളുണ്ടാകുന്നതുപോലെ.

വിവരണം.—സൃഷ്ടിയുടെ ആരംഭത്തിൽതന്നെ കപിലൻ വിജ്ഞാനസമ്പന്നനായിരുന്നു. കഴിഞ്ഞ സൃഷ്ടികാലത്തു സ്വയം സാധിച്ച ആത്മജ്ഞാനം പിന്നത്തെ സൃഷ്ടിയിലും കപിലന്റെ ഓൎമ്മയിൽ പൂൎണ്ണമായി തങ്ങിനിന്നു. ഇടയ്ക്കുണ്ടായ പ്രളയദശയിൽ അതു നഷ്ടമായില്ല. ഉറങ്ങിയുണൎന്നവന് ഉറങ്ങുന്നതിനു മുമ്പറിഞ്ഞ കാര്യം ഉറക്കത്തിൽ നഷ്ടപ്പെടാതെ ഓൎമ്മയിലുണ്ടാകുമല്ലോ; അതുപോലെ. ആജന്മജ്ഞാനിയായ കപിലൻ ആത്മസാക്ഷാത്കാരത്തിൽ യഥാൎത്ഥ്യംനേടി സോഹംഭാവദശയിലെത്തിനിൽക്കെ, ജിജ്ഞാസുവായ ആസുരിക്ക് ഉപദേശരൂപമായി വെളിപ്പെടുത്തിയതാണു സാംഖ്യതത്ത്വങ്ങൾ. തന്മൂലം സാംഖ്യശാസ്ത്രം വേദമൂലകമല്ല; വേദമെന്നപോലെ അപൌരുഷേയമാണതു്.

കുറിപ്പു്:—ഭാരതീയതത്ത്വശാസ്ത്രങ്ങൾ പ്രസ്ഥാനഭേദമനുസരിച്ചു മൂന്നായി തരംതിരിക്കപ്പെട്ടിരിക്കുന്നു. ആരംഭവാദമെന്നും പരിണാമവാദമെന്നും വിവൎത്തവാദമെന്നും. ചരാചരസ്വരൂപമായ പ്രപഞ്ചകാര്യമാണ് എല്ലാ പ്രസ്ഥാനക്കാരുടേയും വ്യവഹാരവിഷയം. ഭൂമി, വെള്ളം, തേജസ്സ്, വായു ഇവയുടെ മൂലഘടകങ്ങളായ നാലുതരം പരമാണുക്കളുടെ അനുക്രമമായ സംഘാതരൂപമാണു പ്രപഞ്ചമെന്ന് ആരംഭവാദികൾ അഭിപ്രായപ്പെടുന്നു. പരമാണുക്കളെയാരംഭിച്ചു ക്രമത്തിൽ പ്രപഞ്ചമായിത്തീരുകയാണത്രെ. താൎക്കികന്മാരും മീമാംസകന്മാരും ആരംഭവാദികളാണ്. അവരുടെ അഭിപ്രായത്തിൽ കാര്യമായ പ്രപഞ്ചം അസത്തും, അതിന്റെ കാരണം സത്തുമാകുന്നു. ആരംഭവാദികളെ അസത്കാൎയ്യവാദികളെന്നും പറയും. ത്രിഗുണരൂപമായ പ്രധാനംതന്നെ, മഹത്തത്ത്വം അഹംകാരം എന്നീ ക്രമത്തിൽ പ്രപഞ്ചാകാരമായി പരിണമിക്കുന്നു. പരിണാമവാദികളുടെ അഭിപ്രായമിതാണ്. ഒന്നുമുണ്ടാവുകയും നശിക്കയും ചെയ്യുന്നില്ലെന്നു പരിണാമവാദികൾ സിദ്ധാന്തിക്കുന്നു. ഉള്ളതുതന്നെ പ്രകാശിക്കയും മറയുകയുമാണത്രേ. സൂക്ഷ്മരൂപമായ കാരണമാണു കാൎയ്യമായി പ്രകാശിക്കുന്നതു്. അതിനാൽ കാരണംപോലെ കാൎയ്യവുമുള്ളതുതന്നെ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

മററായ വാക്കിൽ കാര്യവും കാരണവും സത്തുതന്നെ. പരിണാമവാദികളുടെ അഭിപ്രായമാണിതൊക്കെ. സത്കാര്യവാദികളെന്നും പരിണാമവാദികൾക്ക നാമാന്തരമുണ്ട്. വിവർത്തവാദികളെ ബ്രഹ്മവാദികളന്നും പറയും. അവരുടെ പക്ഷത്തിൽ ബ്രഹ്മം ഒന്നുമാത്രം. സ്വപ്രകാശകവും പരമാനന്ദമയവുമായ അതെ ബ്രഹ്മത്തിൽ മായാകല്പിതമായി തോന്നുന്നതാണ് നാനാരൂപമായ പ്രപഞ്ചം. ഏകത്വത്തിൽ നാനാത്വം കല്പിതമാണത്രെ ഏകമാത്രമായ ബ്രഹ്മം സത്യവും അതിൽ തോന്നുന്ന നാന.രൂപമായ പ്രപഞ്ചം മിഥ്യയുമെന്നു വിവർത്തവാദികൾ അഭിപ്രായപ്പെടുന്നു. ഇതിൻെറ കൂടുതൽ വിശദീകരണം ഗ്രന്ഥാന്തരങ്ങളിൽനിന്നു മനസ്സിലാക്കിക്കൊള്ളണം.

ജന്മജന്മാന്തരങ്ങളിൽ നേടുന്ന വിജ്ഞാനം അനന്തരജന്മങ്ങളിലും തുടൎന്നുനില്ക്കുന്നതിനു "സംവാദ'രൂപമായ ഒരു ദൃഷ്ടാന്തം യോഗഭാഷ്യത്തിൽ ഉപന്യസിച്ചിട്ടുണ്ട്. അതിനെ ഭാഷ്യത്തിൽ പരാമർശിക്കുന്നു.

ഭാഷ്യം:—അപ്രകാരം ആവട്യജൈഗീഷവ്യസംവാദത്തിൽ, ഭഗവാൻ ജൈഗീഷവ്യൻ ദശമഹാകല്പവർത്തിയായ തൻെറ ജന്മസ്മരണത്തെ പറഞ്ഞു—"പത്തു മഹാകല്പങ്ങളിൽ വിപരിവർത്തമാനനായ *എന്നാൽ" എന്നിങ്ങനെ തുടങ്ങുന്ന ഗ്രന്ഥസന്ദർഭം കൊണ്ട്.

വിവരണം:—ആദിജന്മത്തു നേടിയ വിജ്ഞാനം പിന്നത്തെ ജന്മത്തിലും സ്മരണയിലുണ്ടായിരുന്നതുകൊണ്ടു കപിലൻ ജന്മനാ ജ്ഞാനിയായിരുന്നുവെന്നു പറഞ്ഞല്ലൊ. അങ്ങനെ ജന്മജന്മാന്തരങ്ങളിൽ ജ്ഞാനം നഷ്ടപ്പെടാതെ സ്മരണയിൽ തങ്ങിനില്ക്കുന്നതിനു ദൃഷ്ടാന്തമായി "ആവട്യ"ൻെറയും "ജൈഗീഷവ്യ"ൻെറയും സംഭാഷണം യോഗഭാഷ്യത്തിൽ ഉദ്ധരിച്ചിട്ടുണ്ട്. പത്തു മഹാകല്പങ്ങളിൽ അനേകം ജന്മമെടുത്തയാളാണു ജൈഗീഷവ്യൻ. താനെടുത്ത എല്ലാ ജന്മങ്ങളിലേയും അനുഭവജ്ഞാനം അദ്ദേഹത്തിനുണ്ടാ

* ദശസു മഹാകല്പേഷു ഭവ്യത്വാത് അനഭിഭൂതബുദ്ധിസത്ത്വേന മയാ, നരകതിര്യഗ്ഭവം ദുഃഖം സംപശ്യതാ ദേവമനുഷ്യേഷു പുനഃ പുനരുത്പദ്യമാനേന യത് കിംചിദനുഭൂതം തത് സർവം ദുഃഖമേവ പ്രത്യവൈമി. (യോ—ഭാ.)

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഷിരുന്നു. അതിനെക്കുറിച്ചു് ആവട്യൻ ചോദിക്കുന്നതും, ജൈഗീഷവ്യൻ തനിക്കു് ഓരോ ജന്മത്തിലുമുണ്ടായ ജീവിതാനുഭവങ്ങളെ വിവരിച്ചുകൊടുക്കുന്നതുമാണു് സംഭാഷണത്തിലെ ഉള്ളടക്കം. ഈ ഗ്രന്ഥസന്ദർഭംകൊണ്ടു കപിലന്റെ ആജന്മജ്ഞാനിത്വം സമർത്ഥിച്ചുകഴിഞ്ഞു.

ഭാഷ്യം:—ആപ്തശബ്ദത്താൽ, ശാക്യഭിക്ഷുക്കൾ നിർഗ്രന്ഥകന്മാർ സംസാരമോചകന്മാർ തുടങ്ങിയവരുടെ അയുക്തങ്ങളായ ആഗമാഭാസങ്ങൾ പരിഹൃതങ്ങളായി ഭവിക്കുന്നു.

വിവരണം:—'ആപ്തവചന'മെന്നതിലെ ആപ്തശബ്ദപ്രയോഗം എന്തിനുവേണ്ടിയെന്നു വിശദമാക്കുന്നു. ബുദ്ധഭിക്ഷുക്കൾ ജൈനന്മാർ ചാർവാകന്മാർ മുതലായവരുടെ യുക്തമല്ലാത്ത ശാസ്ത്രാഭാസങ്ങളെ ഒഴിവാക്കുകയാണു് ആപ്തശബ്ദപ്രയോഗത്തിന്റെ ഉദ്ദേശ്യം. സൌത്രാന്തികന്മാർ, വൈഭാഷികന്മാർ, യോഗാചാരന്മാർ, മാധ്യമികന്മാർ ഇങ്ങനെ ബുദ്ധഭിക്ഷുക്കൾ നാലുതരക്കാരുണ്ടു്. ഇവരെല്ലാവരും ബുദ്ധമതക്കാരാണെങ്കിലും, പരസ്പരം പക്ഷാന്തരവർത്തികളാണു്. ജൈനമതക്കാരെ വേദബാഹ്യന്മാരായി പരിഗണിക്കുന്നു. വേദബാഹ്യന്മാരായതുകൊണ്ടു് ജൈനന്മാരെ നിർഗ്രന്ഥകാരന്മാരെന്നു വിശേഷിപ്പിച്ചു. അങ്ങനെ x വേദഭാഷ്യത്തിൽ നിർദ്ദേശമുണ്ടു്. ചാർവാകന്മാരുടെ അഭിപ്രായത്തിൽ, മരണംതന്നെ മോക്ഷം. കുടമുടയുന്നതോടൊപ്പം കുടത്തിലിരിക്കുന്ന വെള്ളവും നശിക്കുന്നതുപോലെ, ശരീരം നശിക്കുന്നതോടുകൂടി ജീവനാശവും സംഭവിക്കുന്നു. അതേ നാശംതന്നെയാണു മോക്ഷമെന്നത്രേ ചാർവാകസിദ്ധാന്തം. അപ്രകാരം സംസാരത്തെ മോക്ഷമായി പരിഗണിക്കുന്നവരാകകൊണ്ടു് സംസാരമോചകന്മാരെന്നു ചാർവാകന്മാരെ പറഞ്ഞു. ഇപ്പറഞ്ഞ മൂന്നുകൂട്ടരുടെയും അഭിപ്രായങ്ങൾ ശാസ്ത്രകോടിയിൽ ഗണിക്കാവുന്നവയല്ല. കേവലം ശാസ്ത്രാഭാസങ്ങളാണു്. ആ നിലയിൽ അയുക്തങ്ങളും അയുക്തങ്ങളായ ശാസ്ത്രാഭാസങ്ങളെ പ്രമാണമായി സ്വീകരിക്കരുതെന്നു കാണിക്കാനാണു് ആപ്തശബ്ദമുപയോഗിച്ചതു്.

ശാസ്ത്രാഭാസങ്ങളുടെ—ബൌദ്ധാദിസിദ്ധാന്തങ്ങളുടെ—അയുക്തത്വമെന്തെന്നു വ്യക്തമാക്കുന്നു.

---

x ത്രയീബാഹ്യാ നഗ്നാ ജൈനഭേദാഃ നിർഗ്രന്ഥകാഃ (വേ—ഭാ)

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഭാഷ്യം:—വിരുദ്ധമായ അഭിപ്രായവും വേദമൂലരാഹിത്യവും പ്രമാണവിരുദ്ധാൎത്ഥപ്രതിപാദനവും പശുപ്രായന്മാരും മനുഷ്യാധമന്മാരുമായ ചില മ്ലേച്ഛാദികളാൽമാത്രം അംഗീകരിക്കപ്പെട്ടനാണ്ടുംകൊണ്ടു് ഇവയുടെ അയുക്തത്വം അറിയാവുന്നതാണു്.

വിവരണം:—ഒരു മതമനുസരിക്കുന്നവരാണെങ്കിലും അഭിപ്രായവൈരുദ്ധ്യമുണ്ടാവുക; അതാണു് വിരുദ്ധാഭിപ്രായം. ബുദ്ധമതാനുയായികൾ നാലുതരക്കാരുണ്ടെന്നു മുമ്പു പറഞ്ഞല്ലോ. അവർ നാലുകൂട്ടരും നാലുതരമഭിപ്രായക്കാരാണു്. പ്രത്യക്ഷമായ ബാഹ്യവസ്തുവിനെ വിശ്വസിക്കുന്നവരാണു സൌത്രാന്തികന്മാർ. ബാഹ്യവസ്തു അനുമേയവും സദ്വസ്തു ആന്തരികവുമായി വൈഭാഷികന്മാർ വിശ്വസിക്കുന്നു. സകലത്തും വിജ്ഞാനമയമെന്നു വിശ്വസിക്കുന്നവരാണു യോഗാചാരന്മാർ. ശൂന്യത്വത്തെ തത്വമായിട്ടു മാദ്ധ്യമികന്മാർ വിശ്വസിക്കുന്നു. ഇവരെല്ലാവരും ബുദ്ധമതക്കാരുമാണു്. ഇത്രയുംകൊണ്ടു ബുദ്ധമതസംബന്ധമായ അഭിപ്രായവൈരുദ്ധ്യം വ്യക്തമായി. ഇതുപോലെതന്നെ ജൈനചാർവാകാദി മതാനുയായികൾക്കിടയിലും അന്യോന്യവിരുദ്ധമായ അഭിപ്രായക്കാരുണ്ടു്. പിന്നെ ബൌദ്ധാദികൾ വേദത്തെ അനുസരിക്കുന്നില്ല; വേദമൂലകമല്ലാത്തതാണവരുടെ സിദ്ധാന്തങ്ങൾ. പ്രത്യഭിജ്ഞാപ്രമാണാദികൾക്കുവിരുദ്ധമായി ക്ഷണികത്വാദിപദാൎത്ഥങ്ങളുടെ ഉപാദാനവും ബൌദ്ധാദിശാസ്ത്രങ്ങളിൽ സ്ഥലംപിടിച്ചുകാണുന്നു. മൃഗപ്രായന്മാരും അധമപ്രകൃതികളുമായ ഒരുകൂട്ടം മ്ലേച്ഛാദികൾ മാത്രമേ ബൌദ്ധാദി മതാനുശാസനങ്ങളെ അംഗീകരിക്കുന്നുള്ളു. സജ്ജനങ്ങളാരും അവയെ അല്പവും ആദരിക്കുന്നില്ല. ഇങ്ങനെ മുറയ്ക്കു് അഭിപ്രായവൈരുദ്ധ്യം, വേദനിരാകരണം, പ്രമാണത്തിനു യോജിക്കാത്ത പദാൎത്ഥപ്രതിപാദനം, മൃഗപ്രായന്മാരായ മ്ലേച്ഛാദികളുടെ അംഗീകാരം ഇതെല്ലാമിരിക്കുന്നതുകൊണ്ടു് ബൌദ്ധാദികങ്ങളായ ശാസ്ത്രാഭാസങ്ങളുടെ അയുക്തത്വം മനസ്സിലാക്കാവുന്നതാണു്.

ഭാഷ്യം:—'തു'ശബ്ദംകൊണ്ടു അനുമാനത്തിൽനിന്നു വ്യവച്ഛേദിക്കുന്നു.

വിവരണം:—'ആപ്തവചനം തു' എന്നതിലെ ആപ്തവചനംവരെ വ്യാഖ്യാനിച്ചുകഴിഞ്ഞു. ശേഷിച്ച 'തു'ശബ്ദത്തിന്റെ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പ്രയോജനം വ്യക്തമാക്കുകയാണ്. ആപ്തവചനത്തെ അഥവാ ശബ്ദപ്രമാണത്തെ അനുമാനത്തിൽനിന്നു തുശബ്ദം വേർതിരിക്കുന്നു. ശബ്ദപ്രമാണത്തെ അനുമാനത്തിൽനിന്നു വേർതിരിച്ചുകാട്ടുകയാണു "തു"ശബ്ദത്തിന്റെ പ്രയോജനം. അതെങ്ങനെയെന്നു പറയുന്നു.

ഭാഷ്യം—വാക്യാർത്ഥംതന്നെ പ്രമേയം. തദ്ധർമ്മമാകട്ടെ ഭവിക്കുന്നില്ല; യാതൊന്നുകൊണ്ടു വാക്യം അതിന്റെ ലിംഗമായി ഭവിക്കും. വാക്യാർത്ഥത്തെ ബോധനത്തായ വാക്യം സംബന്ധഗ്രഹണത്തെ അപേക്ഷിക്കുന്നതുമില്ല; അഭിനവകവിവിരചിതമായി അദൃഷ്ടപൂർവ്വമായ വാക്യത്തിന്റെ അനുഭൂതചരമല്ലാത്ത വാക്യാർത്ഥബോധകത്വം ഹേതുവായിട്ട്.

വിവരണം:—അനുമാനത്തെ അപേക്ഷിച്ച് ശബ്ദപ്രമാണത്തിനുള്ള വ്യത്യാസം വെളിപ്പെടുത്തുകയാണ്. അനുമാനത്തിൽ, അഗ്നി പ്രമേയവും പുക ധർമ്മവുമായിയിരിക്കുന്നതുപോലെ ശബ്ദത്തിൽ, വാക്യം ധർമ്മവും വാക്യാർത്ഥം പ്രമേയവുമല്ല. വാക്യാർത്ഥം തന്നെ പ്രമേയമാണ് ശബ്ദപ്രമാണത്തിൽ. വാക്യത്തിനു ധർമ്മത്വമില്ല. ധർമ്മത്വംകൊണ്ടു വാക്യം ലിംഗമായിത്തീരുമെന്നതാണു കാരണം. "ദേവദത്തൻ പോകുന്നു" എന്ന വാക്യത്തിന്റെ അർത്ഥമായ ദേവദത്തന്റെ പോക്ക്, പ്രമേയമാണ്. അവിടെ ലിംഗമൊന്നുമില്ല. ലിംഗമില്ലാത്തതുകൊണ്ടു ധർമ്മവുമില്ല. അതിനു മതിയായ കാരണമുണ്ട്. സംബന്ധജ്ഞാനമുള്ളിടത്താണു ലിംഗലിംഗിഭാവമുണ്ടായിരിക്കുക. അതു അനുമാനത്തിലേയുള്ളു. ശബ്ദത്തിലില്ല. ഒരു വാക്യം അതിന്റേതായ അർത്ഥം ബോധിപ്പിക്കുന്നതിൽ സംബന്ധജ്ഞാനം അനുഭവപ്പെടുന്നില്ല. കവിയുടെ പുതിയതും മുമ്പു കാണാത്തതും അനുഭവപ്പെടാത്തതുമായ വാക്യബന്ധത്തിന്റെ അർത്ഥം സംബന്ധജ്ഞാനം കൂടാതെ മനസ്സിലാകുന്നുണ്ടല്ലോ. അതിവിടെ ദൃഷ്ടാന്തമാണ്. തീയും പുകയും ഒരുമിച്ചുകണ്ടുള്ള അറിവാണ് സംബന്ധജ്ഞാനം. അതേ സംബന്ധജ്ഞാനത്തെ ആശ്രയിച്ച് പിന്നൊരിക്കൽ പുക കാണുമ്പോൾ അവിടെ തീയുണ്ടെന്ന് അനുമാനിക്കുന്നു. ശബ്ദാർത്ഥജ്ഞാനജനകമായ ബുദ്ധിവൃത്തിയാണല്ലോ ശബ്ദപ്രമാണം. അതിൽ അനുമാനത്തിലെന്നപോലെ സംബന്ധജ്ഞാനമാവശ്യമില്ല.

ശബ്ദപ്രമാണനിരൂപണം കഴിഞ്ഞു.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഉപമാനാദി പ്രമാണനിരസനം

മേലപറഞ്ഞ മൂന്നു പ്രമാണങ്ങൾ കൂടാതെ, ഉപമാനം, അർത്ഥാപത്തി, അനുപലബ്ധി മുതലായി വേറെയും പ്രമാണങ്ങൾ ദർശനാന്തരങ്ങളിൽ സ്വീകരിക്കപ്പെട്ടിരിക്കുന്നു. അവയെല്ലാം പ്രത്യക്ഷം, അനുമാനം, ശബ്ദം ഈ മൂന്നു പ്രമാണങ്ങളിലുൾപ്പെട്ടുമെന്നാണു സാംഖ്യപക്ഷം. അതിനെ "സർവ്വപ്രമാണസിദ്ധത്വാത്" എന്ന കാരികാംശംകൊണ്ടു് പ്രതിജ്ഞാരൂപത്തിൽ പ്രഖ്യാപിക്കയും ചെയ്തു. ഇനി പ്രത്യക്ഷാദിപ്രമാണക്രമത്തിൽ ഉപമാനാദിപ്രമാണാന്തരങ്ങൾ ഉൾപ്പെടുന്നതെങ്ങനെയെന്നു കാണിച്ചു പ്രതിജ്ഞ സമർത്ഥിക്കാൻ തുടങ്ങുകയാണു്.

ഭാഷ്യം:— ഇങ്ങനെ പ്രമാണസാമാന്യലക്ഷണങ്ങളും വിശേഷലക്ഷണങ്ങളുമുള്ളവയായിരിക്കുമ്പോൾ പ്രതിവാദികളാൽ ഉപമാനാദികളായ പ്രമാണാന്തരങ്ങൾ അംഗീകരിക്കപ്പെടുന്നു; ഉക്തലക്ഷണങ്ങളായ പ്രമാണങ്ങളിൽത്തന്നെ അവ അന്തർഭവിക്കുന്നവയാണു്. എങ്ങനെയെന്നാൽ, ഉപമാനമാകട്ടെ "പശുവിനെപ്പോലെയാണു ഗവയ"മെന്ന വാക്യമാകുന്നു. തജ്ജനിതമായ ബുദ്ധിവൃത്തി ആഗമമാണു്.

വിവരണം:— പ്രതിവാദികളെന്നാൽ, ഉപമാനം മുതലായ പ്രമാണങ്ങളെ അംഗീകരിക്കുന്നവർ. അത്തരം പ്രതിവാദികളംഗീകരിക്കുന്ന ഉപമാനാദികളായ മററു പ്രമാണങ്ങളെല്ലാം, ലക്ഷണവിചാരംചെയ്തുകഴിഞ്ഞ മൂന്നു പ്രമാണങ്ങളിലുൾപ്പെടുന്നു. പ്രമാണാന്തരങ്ങളിൽപ്പെട്ട ആദ്യത്തെ ഉപമാനംതന്നെയെടുക്കാം. "പശുവിനെപ്പോലെയാണു ഗവയമൃഗം." ഇതൊരുപമാനവാക്യമാണു്. ഈ വാക്യത്തിൽനിന്നു ജനിക്കുന്ന അർത്ഥജ്ഞാന

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

മുണ്ടല്ലോ; അതു ശബ്ദപ്രമാണമാണ്. ആപ്തവചനം, ആഗമം, എന്നെല്ലാം മറെറാരും പേരുകളുണ്ട് ശബ്ദപ്രമാണത്തിന്.

ഭാഷ്യം:—യാതൊന്നായ ഈ ഗവയശബ്ദം ഗോസാദൃശ്യത്തിൻെറ വാചകമെന്ന ജ്ഞാനമാകുന്നു. അതു് അനുമാനവുമാണ്.

വിവരണം:—പശുവിനെപ്പോലെയാണു ഗവയമെന്ന വാക്യത്തിൽനിന്നു സാദൃശ്യജ്ഞാനവും വാചകജ്ഞാനവുമുണ്ടാകുന്നു. ഗവയശബ്ദം, ഗോസാദൃശ്യവാചകമെന്ന ജ്ഞാനമാണ് വാചകജ്ഞാനം. അതു് അനുമാനത്തിലുൾപ്പെടുന്നു. ഉദാഹരണംകൊണ്ടിതു വ്യക്തമാക്കാം. ഗവയമൃഗത്തെ കണ്ടിട്ടില്ലാത്ത ഒരു നഗരവാസി, ഒരു വനവാസിയോടു് ഗവയമൃഗമെങ്ങനെയിരിക്കുമെന്നു ചോദിച്ചു. അതു പശുവിനെപ്പോലിരിക്കുമെന്നു വനവാസി ഉത്തരം പറഞ്ഞു. പിന്നൊരിക്കൽ നഗരവാസി കാട്ടിൽവച്ചു് പശുസദൃശമായ ഗവയത്തെക്കാണുമ്പോൾ ഇതു വനവാസി പറഞ്ഞ ഗവയമൃഗമെന്നു മനസ്സിലാക്കുന്നു. ഇവിടെ ഗവയജ്ഞാനമുണ്ടാക്കിയതു സാദൃശ്യജ്ഞാനമല്ല, സാദൃശ്യവാചകമായ ഗവയശബ്ദത്തിൻെറ ജ്ഞാനമാണ്. ഗവയത്തെക്കാണുമ്പോൾ തദ്വാചകജ്ഞാനം സ്മരണയിലെത്തുകയും തുടർന്നു ഗവയജ്ഞാനമുണ്ടാക്കുകയും ചെയ്യുന്നു. ഇതു് അനുമാനമെന്നു വ്യക്തം. പ്രകൃതത്തെ ഭാഷ്യത്തിൽ സമർത്ഥിക്കുന്നു.

ഭാഷ്യം:—അറിവുള്ളവരാൽ യാതൊരു ശബ്ദം പ്രയോഗിക്കപ്പെടുന്നു; അതു് വൃത്യന്തരമില്ലാതിരിക്കുമ്പോഴും അതിൻെറ വാചകമാകും. ഗോത്വത്തിനു ഗോശബ്ദമെന്നപോലെ. ഈ ഗവയശബ്ദവും, ഗോസദൃശത്തിൽ പ്രയോഗിക്കപ്പെടുന്നു എന്നതിനാൽ അതിൻെറ വാചകമാണ്. അതുകൊണ്ടു് തജ്ജ്ഞാനം അനുമാനംതന്നെ.

വിവരണം.—ഗവയശബ്ദം ഗോസദൃശമൃഗത്തിൻെറ വാചകമായതെങ്ങനെയെന്നോ? ഇന്ന വസ്തുവിനെക്കുറിക്കാൻ ഇന്ന ശബ്ദമെന്ന് അറിവുള്ളവർ വ്യവസ്ഥചെയ്തിട്ടുണ്ടു്. അർത്ഥബോധത്തിനുവേണ്ടി ലക്ഷണാദിവൃത്തികൾ വ്യാപരിക്കാതിരിക്കുമ്പോഴും ആ ശബ്ദം അതേ വസ്തുവിൻെറ വാചകമായിരിക്കും; ആ വസ്തുവിനെ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ക്കുറിക്കാൻ കഴിവുള്ളതായിരിക്കും. ഗോത്വത്തെക്കുറിക്കാൻ ഗോശബ്ദം പ്രയോഗിച്ചിരിക്കുന്നതു് ദൃഷ്ടാന്തം. അതുപോലെ ഗവയശബ്ദവും ഗോസദൃശമൃഗത്തെക്കുറിക്കുന്നതായി പ്രയോഗിച്ചിരിക്കകൊണ്ടു് അതിന്റെ, ഗോസദൃശമൃഗത്തിന്റെ; വാചകമാണു്. തന്മൂലം ഗോസദൃശമൃഗവാചകമായ ഗവയശബ്ദത്തിൽനിന്നുണ്ടാകുന്ന ഗവയവസ്തുജ്ഞാനം അനുമാനംതന്നെ. അനുമാനഗതമായ അഞ്ചു ഘടകങ്ങളും ഇതിൽ യോജിക്കുന്നു. നോക്കുക: 'ഇതു ഗവയമൃഗമാകുന്നു' എന്നതു "പ്രതിജ്ഞ". അറിവുള്ളവർ ഗവയശബ്ദത്തെ, ഗവയവസ്തുവാചകമായി വ്യവസ്ഥപ്പെടുത്തിട്ടുള്ളതു "ഹേതു". ഗോത്വത്തിനു ഗോശബ്ദമെന്നപോലെ;—ഇതു് "ഉദാഹരണം." ഗവയത്തിന്റെ സാദൃശ്യം "ഉപനയം." തദ്വാചകമായ ഗവയശബ്ദത്തിന്റെ ജ്ഞാനം "നിഗമനം." ഇങ്ങനെ ഗവയശബ്ദജ്ഞാനം, അനുമാനംതന്നെ; ഉപമാനമല്ല.

പിന്നത്തെ സാദൃശ്യജ്ഞാനമുണ്ടല്ലോ; അതും ഉപമാനമല്ലെന്നു സമർത്ഥിക്കുന്നു.

ഭാഷ്യം:—കണ്ണിന്റെ വിഷയമായ ഗവയമൃഗത്തിന്റെ ഗോസാദൃശ്യജ്ഞാനം യാതൊന്നോ, അതു പ്രത്യക്ഷംതന്നെ. അതുകൊണ്ടു്, ഗോവ് സ്മരിക്കപ്പെടുന്നതാകുമ്പോൾ ഗവയസാദൃശ്യജ്ഞാനം പ്രത്യക്ഷമാണു്.

വിവരണം:—ഗവയമൃഗത്തിൽ പശുസാദൃശ്യമുണ്ടു്; അപ്രകാരം പശുവിൽ ഗവയസാദൃശ്യവും. ഗവയമൃഗത്തിലെ പശുസാദൃശ്യത്തിന്റെ ജ്ഞാനം ഉപമാനവും, പശുവിലെ ഗവയസാദൃശ്യത്തിന്റെ ജ്ഞാനം ഫലവുമെന്നു മീമാംസകന്മാർ അഭിപ്രായപ്പെടുന്നു. ഇതു രണ്ടും, ഉപമാനവും ഫലവും, സാംഖ്യപക്ഷത്തിൽ പ്രത്യക്ഷമാണു്. എങ്ങനെയെന്നോ? ഗവയത്തെക്കാണുമ്പോൾ അതിലിരിക്കുന്ന പശുസാദൃശ്യം നേരിട്ടറിയും; ആ അറിവു് പ്രത്യക്ഷംതന്നെ. ഗവയത്തെക്കാണുന്നതോടെ പശുവോർമ്മയിൽ വരും. അപ്പോൾ പശുവിലിരിക്കുന്ന ഗവയസാദൃശ്യവും നേരിട്ടറിയും. അതേ അറിവും പ്രത്യക്ഷമാണു്. ഇങ്ങനെ ഗവയസാദൃശ്യജ്ഞാനവും പശുസാദൃശ്യജ്ഞാനവും പ്രത്യക്ഷമത്രേ. ഉപമാനവും ഫലവുമല്ല.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഭാഷ്യം:—പശുവിലേയും ഗവയത്തിലേയും സാദൃശ്യം വേറെ യല്ല; എന്തുകൊണ്ടെന്നാൽ, ജാത്യന്തരത്തിലെ അധികമായ അവയവസാമാന്യയോഗം ജാത്യന്തരവത്തിയായിരിക്കുന്നതിനെ യാണ് സാദൃശ്യമെന്നു പറയുന്നതു്. സാമാന്യയോഗമാകട്ടെ ഒന്നാണ്. അതു ഗവയത്തിൽ പ്രത്യക്ഷമാണെങ്കിൽ പശുവിലും അപ്രകാരംതന്നെ; എന്നതുകൊണ്ട് യാതൊരിടത്തു് ഉപമാനം പ്രമാണാന്തരമായി ഭവിക്കും; അവിടെ ഉപമാനത്തിനു പ്രമേയാന്തരം ഭവിക്കുന്നില്ല അതിനാൽ ഉപമാനം പ്രമാണാന്തരമല്ല.

വിവരണം:—സാദൃശ്യജ്ഞാനം പ്രത്യക്ഷമെന്നു സമത്ഥിച്ചുകൊണ്ട് ഉപമാനത്തിന്റെ പ്രമാണാന്തരത്വത്തെ നിഷേധിക്കുന്നു. ഒരുജാതി വസ്തുവിൽ, മറെറാരുജാതി വസ്തുവിലെ അധികമവയവങ്ങളുടെ സാമാന്യയോഗമുണ്ടാവുക, അതിനെയാണല്ലോ സാദൃശ്യമെന്നു പറയുന്നതു്. ഉദാഹരണത്തിനു്, പശുവിനേയും ഗവയമൃഗത്തേയുമെടുക്കാം. പശുവിന്റെ കൊളമ്പു്, വാലു് മുതലായ അധികമവയവങ്ങളുടേയും സാമാന്യസംബന്ധം ഗവയത്തിലുണ്ട്. അതുകൊണ്ട് പശുവിനും ഗവയത്തിനും സാദൃശ്യം സിദ്ധമായി. രണ്ടു മൃഗങ്ങളിലുമിരിക്കുന്ന സാദൃശ്യം ഒന്നുതന്നെ; വേറെയല്ല. ഇതു് ശരിയാണെങ്കിൽ, ഗവയത്തിലെ സാദൃശ്യജ്ഞാനം പ്രത്യക്ഷമായിരിക്കുമ്പോൾ, പശുവിലെ സാദൃശ്യജ്ഞാനവും പ്രത്യക്ഷമായിരിക്കുമെന്നു തീച്ച. ഇങ്ങനെ സാദൃശ്യജ്ഞാനം പ്രത്യക്ഷമെന്നിരിക്കെ, ഉപമാനം മറെറാരു പ്രമാണമായിരിക്കുന്നിടത്തു് അതിനു വേറെ പ്രമേയമുണ്ടാകുന്നതല്ല. പ്രമേയമില്ലാത്തതു പ്രമാണവുമല്ല. ആകയാൽ ഉപമാനം പ്രമാണാന്തരമല്ല ശബ്ദത്തിലും അനുമാനത്തിലും പ്രത്യക്ഷത്തിലും അന്തർഭാവമുള്ളതുകൊണ്ട് ഉപമാനം പ്രത്യേകമൊരു പ്രമാണമാകുന്നതല്ല.

ഉപമാനനിരസനം കഴിഞ്ഞു.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അർത്ഥാപത്തിനിരസനം

ഭാഷ്യം:—അപ്രകാരം, അർത്ഥാപത്തിയും പ്രമാണാന്തരമല്ല.

വിവരണം:—ഉപമാനാദികളായ പ്രമാണാന്തരങ്ങളിൽ ആദ്യത്തേതു് ഉപമാനമാണല്ലോ. അതിനു ശബ്ദാദിപ്രമാണങ്ങളിലെ അന്തർഭാവം നിമിത്തം പ്രമാണാന്തരത്വമില്ലെന്നു സമർത്ഥിച്ചു. പിന്നത്തേതു് അർത്ഥാപത്തിയാണു. അതും പ്രമാണാന്തരമല്ലത്രേ. അംഗീകൃതമായ മററു പ്രമാണത്തിലുൾപ്പെടുന്നതാണു കാരണം. അതിനെ വ്യക്തമാക്കുന്നു.

ഭാഷ്യം:—എങ്ങനെയെന്നാൽ, ജീവനായ ചൈത്രന്റെ ഗൃഹാഭാവദർശനംകൊണ്ടു് അദൃഷ്ടനു് ബഹിർഭാവത്തിന്റെ കല്പനമാണു് അർത്ഥാപത്തിയെന്നു മീമാംസകന്മാരുടെ അഭിമതമാകുന്നു. അതും അനുമാനംതന്നെ.

വിവരണം:—മീമാംസകന്മാരാണു് അർത്ഥാപത്തിയെ പ്രമാണമായംഗീകരിക്കുന്നതു്. അവരുടെ അഭിപ്രായത്തിൽ, "ജീവിച്ചിരിക്കുന്ന ചൈത്രനെന്നയാളെ വീട്ടിൽ കാണാതിരിക്കുമ്പോൾ വെളിയിലുണ്ടെന്നു കല്പിക്കുക" അർത്ഥാപത്തിയാണു്. അതു് അനുമാനമെന്നു സാംഖ്യപക്ഷം. അതുപക്ഷം സമർത്ഥിക്കാൻ തുടങ്ങുന്നു.

ഭാഷ്യം:—ഉള്ളതു് എപ്പോൾ ഒരിടത്തില്ലാത്തതാകുന്നു; അപ്പോൾ മററൊരിടത്തു് ഉള്ളതാകുന്നു. അവ്യാപകം (ദേശപരിച്ഛിന്നമായ വസ്തു) എപ്പോൾ ഒരിടത്തുണ്ടായിരിക്കുമോ അപ്പോൾ മററൊരിടത്തുണ്ടായിരിക്കയില്ല. എന്നിങ്ങനെ വ്യാപ്തിജ്ഞാനം സ്വശരീരത്തിൽ സുകരമാണു്.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

വിവരണം:—സാദ്ധ്യസാധനങ്ങളുടെ സംബന്ധമാണു വ്യാപ്തി. പുകയ്ക്കു തീയോടുള്ള സംബന്ധം വ്യാപ്തിയാണ്. അതിനെ അറിയുക വ്യാപ്തിജ്ഞാനം. വ്യാപ്തിഗ്രഹമെന്നും പറയും. അന്വയവ്യാപ്തിയെന്നും വ്യതിരേകവ്യാപ്തിയെന്നും വ്യാപ്തി രണ്ടുവിധം. ഉള്ളതും ദേശപരിച്ഛിന്നവുമായ ഒരു പദാർത്ഥം ഒരിടത്തില്ലെങ്കിൽ അതേസമയം മറ്റൊരിടത്തുണ്ടായിരിക്കും. ഇതു് അന്വയവ്യാപ്തി. ആ പദാർത്ഥം, ഒരിടത്തുള്ളപ്പോൾ മറ്റൊരിടത്തുണ്ടായിരിക്കയില്ല. ഇതു് വ്യതിരേകവ്യാപ്തി. ഈ വ്യാപ്തിജ്ഞാനത്തിനു ശരീരം തന്നെ മതിയായ ദൃഷ്ടാന്തം. ചൈതന്യവത്തായ ശരീരം ഒരിടത്തില്ലാത്തപ്പോൾ മറ്റൊരിടത്തുണ്ടായിരിക്കും. മറിച്ചു്, ഒരിടത്തുള്ളപ്പോൾ മറ്റൊരിടത്തുള്ളതാവുകയുമില്ല. പറഞ്ഞുവച്ച തത്ത്വമനുസരിച്ചു് "ജീവിച്ചിരിക്കുന്ന ചൈത്രൻ വീട്ടിലില്ലാത്തപ്പോൾ വെളിയിലുണ്ടായിരിക്കുമെന്നു കല്പിക്കുക"— ഈ ദൃഷ്ടാന്തവാക്യത്തിൽ അന്വയരൂപവും വ്യതിരേകരൂപവുമായ വ്യാപ്തിജ്ഞാനമടങ്ങിയിട്ടുള്ളതു സ്പഷ്ടമാണു്. ചൈത്രൻ വീട്ടിലില്ലാത്തപ്പോൾ വെളിയിലുണ്ടു്; വെളിയിലുള്ളപ്പോൾ വീട്ടിലില്ല—ഈ രണ്ടുതരമറിവും വ്യാപ്തിജ്ഞാനനിമിത്തമായ ബുദ്ധിവൃത്തിയാണുണ്ടാക്കുന്നതു്. ആകയാൽ അതു് അനുമാനംതന്നെ. എങ്ങനെയെന്നു വ്യക്തമാക്കുന്നു.

ഭാഷ്യം:— അപ്രകാരമിരിക്കെ, ജീവിച്ചിരിക്കുന്നവൻെറ ഗൃഹാഭാവദർശനമായ വ്യാപ്യംകൊണ്ടു് വെളിയിലുണ്ടെന്നറിയുക അനുമാനംതന്നെയാണു്.

വിവരണം:—പുക കാണുന്നതുകൊണ്ടു് അഗ്നിയുണ്ടെന്നറിയുക; ഈ അറിവിനെയുണ്ടാക്കുന്ന ബുദ്ധിവൃത്തി അനുമാനമാണു്. പുക കാണുക എന്ന വ്യാപ്യജ്ഞാനത്തിൽനിന്നു് പുകയ്ക്കു് അഗ്നിയോടുള്ള വ്യാപ്തിജ്ഞാനവും തന്മൂലം അഗ്നിയുണ്ടെന്ന വ്യാപകത്തിൻെറ അനുമാനജ്ഞാനവും സംഭവിക്കുന്നു. അതുപോലെ ചൈത്രനെ വീട്ടിൽ കാണായ്ക വ്യാപ്യജ്ഞാനം. അതിൽനിന്നു വീട്ടിലില്ലെങ്കിൽ വെളിയിലുണ്ടാകുമെന്ന വ്യാപ്തിജ്ഞാനമുണ്ടാകുന്നു. തദ്വാരാ ചൈത്രൻ വെളിയിലുണ്ടെന്ന വ്യാപകജ്ഞാനം സംഭവിക്കുകയാണു്. അതു് അനുമാനസിദ്ധമെന്നു വ്യക്തം.

“അന്യോന്യവിരോധമുള്ള രണ്ടു സംഗതികളിരിക്കുമ്പോൾ, വിരോധമില്ലാത്ത അംശത്തിൽ ബുദ്ധി ചെല്ലുന്നതു്” അർത്ഥാപത്തി

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

യുടെ ലക്ഷണമായി, അതിനെ പ്രമാണമായി സ്വീകരിക്കുന്നവർ അഭിപ്രായപ്പെടുന്നു. അതിനവർ ഉദ്ധരിക്കുന്ന ഉദാഹരണമിതാണു്: "ചൈത്രൻ എന്നൊരാൾ ജീവിച്ചിരിപ്പുണ്ടു്. വീട്ടിൽ കാണുന്നില്ല അപ്പോൾ അയാൾ പുറത്തെവിടെങ്കിലുമുണ്ടെന്നു കല്പിക്കുക." ഇതു് അർത്ഥാപത്തിയാണത്രേ. ജീവിച്ചിരിപ്പുണ്ടു്; വീട്ടിലില്ല, എന്നതിലെ 'ഉണ്ടു്' 'ഇല്ല' ഈ വൈരുദ്ധ്യത്തിൽ, പുറത്തുണ്ടെന്ന വിരോധമില്ലാത്ത അംശം കല്പിക്കുകയാണു്.

അർത്ഥാപത്തിക്കു ദൃഷ്ടാന്തമായ ഉദ്ധൃതവാക്യത്തിൽ വൈരുദ്ധ്യമേ ഇല്ലെന്നും ചൈത്രൻ പുറത്തുണ്ടെന്ന കല്പന അനുമാനമെന്നും സമർത്ഥിക്കാൻ തുടങ്ങുന്നു. ആദ്യമായി വൈരുദ്ധ്യത്തെ നിഷേധിക്കുകയാണു്.

ഭാഷ്യം:—ചൈത്രൻ, എവിടെയെങ്കിലുമുണ്ടെന്നതുകൊണ്ടു്, വീട്ടിലില്ലാതിരിക്കുക എന്നതിനെ നിഷേധിക്കാൻ കഴിയുകില്ല. യാതൊന്നുകൊണ്ടു്, അസിദ്ധമായ വീട്ടിലില്ലാതിരിക്കുക, വെളിയിലുണ്ടെന്നതിലെ കാരണമാകയുമില്ല. വീട്ടിലില്ലെന്നതു കൊണ്ടു് ഉണ്ടെന്നതിനെ നിഷേധിക്കാനോ, യാതൊന്നുകൊണ്ടു് ഉണ്ടെന്നതുതന്നെ, ഉണ്ടാകാത്തതായി സ്വയം വെളിയിൽ സ്ഥിതിചെയ്യാനോ കഴികില്ല.

വിവരണം:—ചൈത്രൻ ജീവിച്ചിരിക്കുന്നവനാകയാൽ വീട്ടിലില്ലാത്തതുകൊണ്ടു് പുറത്തെവിടെങ്കിലുമുണ്ടു്; ഇതിൽ വീട്ടിലില്ല, എന്നതു് പുറത്തുണ്ടെന്നതിന്റെ നിഷേധമല്ല. പുറത്തുണ്ടെന്നതു്, വീട്ടിലില്ലെന്നതിന്റെ കാരണവുമല്ല. ഇങ്ങനെ വീട്ടിലില്ലെന്നതുകൊണ്ടു്, പുറത്തുണ്ടെന്നതിനെ നിഷേധിക്കാനോ, ഉണ്ടെന്നതു് സ്വയമേ പുറത്തില്ലാത്തതായിരിക്കാനോ സാധ്യമല്ല. അതായതു് ചൈത്രൻ എവിടെങ്കിലുമുണ്ടെന്നതു കൊണ്ടു് വീട്ടിലില്ലെന്നതിനേയും, വീട്ടിലില്ലെന്നതുകൊണ്ടു് എവിടെങ്കിലുമുണ്ടെന്നതിനേയും നിഷേധിക്കാനൊക്കുകയില്ലെന്നു ചുരുക്കം. അന്യോന്യവിരോധമില്ലാത്തതാണു കാരണം. വീട്ടിലില്ല; പുറത്തുണ്ടു്. ഇതിലെ ഇല്ല; ഉണ്ടു്, ഇവയുടെ അന്യോന്യവൈരുദ്ധ്യം പ്രസിദ്ധമായിരിക്കെ, പ്രകൃതത്തിൽ അതില്ലാതാകുന്നതെങ്ങനെന്ന സംശയം പരിഹരിക്കുന്നു.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഭാഷ്യം:—എങ്ങനെയെന്നാൽ; ചൈത്രൻ വീട്ടിലില്ലെന്നതിനോട് ഉണ്ടെന്നതുമാത്രമാണോ വിരുദ്ധമാകുന്നതു്? അതോ വീട്ടിലുണ്ടെന്നതോ? ഭിന്നവിഷയത്വം നിമിത്തം വീട്ടിലില്ലെന്നതിനോട്, എവിടെങ്കിലുമുണ്ടെന്നതിനു വിരോധം ഭവിക്കുന്നില്ല.

വിവരണം:—പ്രകൃതത്തിലെ വിരോധമില്ലായ്മ വെളിപ്പെടുത്താൻ, വൈരുദ്ധ്യകാരണത്തെ രണ്ടായി വികല്പിക്കുന്നു. വീട്ടിലില്ല; പുറത്തുണ്ട്. ഇതാണല്ലോ വൈരുദ്ധ്യകാരണം. ഇവിടെ വീട്ടിലില്ലെന്നതിനോട് എവിടെങ്കിലും ഉണ്ടെന്നതുമാത്രമാണോ അതോ വീട്ടിലുണ്ടെന്നതാണോ വിരുദ്ധമായിരിക്കുന്നതു്? എവിടെങ്കിലുമുണ്ടെന്നതു മാത്രമാണെങ്കിൽ, അതു് വീട്ടിലില്ലെന്നതിന്റെ വിരോധമാവുകയില്ല. രണ്ടും രണ്ടുസ്ഥലത്തായിരിക്കുന്നതാണു കാരണം. ഇല്ലായ്മ വീട്ടിലു്, ഉണ്മ മറ്റൊരിടത്തുമാണല്ലോ. അങ്ങനെ ഭിന്നവിഷയത്വമിരിക്കുന്നതുകൊണ്ടു് വൈരുദ്ധ്യത്തിനു പ്രസക്തിയില്ല. ഇല്ല, ഉണ്ടു്, ഇവയുടെ അന്യോന്യവൈരുദ്ധ്യം, സമാനാശ്രയത്തിലായാലേ സംഭവിക്കൂ; ഭിന്നാശ്രയത്തിലായാൽ സംഭവിക്കയില്ല.

ഭാഷ്യം:—ദേശസാമാന്യംകൊണ്ടു് ഗൃഹവിശേഷാക്ഷേപവും പാക്ഷികമെന്നതിനാൽ സമാനവിഷയത്വനിമിത്തം വിരോധമാകുന്നു. എന്നാണെങ്കിൽ അതു ശരിയല്ല. പ്രമാണവിനിശ്ചിതമായ വീട്ടിലില്ലെന്നതിനു്, പക്ഷപ്രാപ്തനിമിത്തമുള്ള സംശയാധീനമായ വീട്ടിലുണ്ടെന്നതിനോടു് പ്രതിഷേധം യോജിക്കാത്തതാണു കാരണം.

വിവരണം:—മേൽകാണിച്ച വൈരുദ്ധ്യഭാവത്തിൽ നേരിടുന്ന മീമാംസകന്മാരുടെ പൂർവ്വപക്ഷമുന്നയിച്ചു ഖണ്ഡിച്ചുകൊണ്ടു് സ്വപക്ഷം സമർത്ഥിക്കുന്നു. ചൈത്രൻ പുറത്തെവിടെങ്കിലും ഉണ്ടെന്നതിലെ "പുറത്തു്" ദേശസാമാന്യം. വീട്ടിലില്ലെന്നതിലെ, വീട്, ഗൃഹരൂപമായ ദേശവിശേഷം പുറത്തെന്ന ദേശസാമാന്യവും, വീടെന്ന ദേശവിശേഷവും ഭിന്നവിഷയമായതുകൊണ്ടാണല്ലോ, അതിനെ ആശ്രയിച്ചിരിക്കുന്ന ഉണ്ടു്, ഇല്ല, ഇവയ്ക്കു തമ്മിൽ വൈരുദ്ധ്യമില്ലെന്നു പറഞ്ഞതു്. അതേ സിദ്ധാന്തപക്ഷം ഒരുവിധം സമ്മതിച്ചുകൊണ്ടു് പൂർവ്വപക്ഷമുന്നയിക്കുന്നു. "നിഖില

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ദേശത്വമാണു ദേശസാമാന്യം. എല്ലാദേശത്തും വീടുള്ളതുകൊണ്ടു് വീട്ടിനും ദേശസാമാന്യം സംഗതമാണു്. ചൈത്രൻ പരിച്ഛിന്നപദാർത്ഥമായതുകൊണ്ടു് എല്ലായിടത്തും ഒരേ സമയമുണ്ടാവുക സാദ്ധ്യമല്ല. അപ്പോൾ പാക്ഷികമായി ചൈത്രൻ വെളിയിലോ വീട്ടിലോ ഉണ്ടായിരിക്കുമെന്നുവരുന്നു. അങ്ങനെ വീട്ടിന്റെ ദേശവിശേഷത്വം നിഷേധിക്കപ്പെടുന്നതോടൊപ്പം, സമാനദേശത്വവും തന്മൂലം അതിനെ ആശ്രയിച്ചുള്ള 'ഉണ്ടു് ഇല്ല' ഇവയ്ക്കുവിരോധവും സിദ്ധമാകുമല്ലോ" ഈ പൂർവ്വപക്ഷത്തെ നിഷേധിക്കുന്നു. അതു ശരിയല്ല. ചൈത്രൻ വീട്ടിലില്ലെന്നതു പ്രത്യക്ഷത്തിൽ തീർച്ചവന്നതാണു്. വീട്ടിലുണ്ടെന്നതാകട്ടെ സംശയാധീനവും. തീർച്ചവന്നതു്, തീർച്ചവരാത്തതിനെ; സംശയാധീനമായതിനെയല്ലാതെ, തീർച്ചവന്നതിനെ തീർച്ചവരാത്തതു നിഷേധിക്കയില്ല. ഇവിടെ തീർച്ചവന്നതായ വീട്ടിലില്ലെന്നതു്, വീട്ടിലുണ്ടെന്നു തീർച്ചവരാത്തതിനെ നിഷേധിക്കുന്നു.

ഭാഷ്യം:—പ്രമാണവിനിശ്ചിതമായ ഗൃഹാഭാവം, ഇവന്റെ (ചൈത്രന്റെ) പാക്ഷികമായ ഗൃഹസത്വത്തെ നിഷേധിക്കുമ്പോൾ, സത്വമാത്രത്തെയും നിഷേധിക്കാൻ അർഹിക്കുന്നു എന്നതു യുക്തമല്ല; ഗൃഹസത്വത്തിന്റെ സാംശയികത്വത്തെയും നിഷേധിക്കാനർഹിക്കുന്നു.

വിവരണം:—മുൻപറഞ്ഞ നിഷേധം ഏതിനെയെല്ലാം ബാധിക്കുമെന്നു വ്യക്തമാക്കുകയാണു്. പ്രത്യക്ഷത്തിൽ തീർച്ചവന്നതായ, വീട്ടിലില്ലെന്നതുകൊണ്ടു്, കാല്പനികമായി ചൈത്രൻ വീട്ടിലുണ്ടായിരിക്കുക എന്നതിനെമാത്രമേ നിഷേധിക്കുന്നുള്ളൂ. മറിച്ചു് എവിടെങ്കിലുമുണ്ടെന്നതിനെ നിഷേധിക്കുന്നില്ല; ചൈത്രന്റെ ഉണ്മയെ (സത്താമാത്രത്തെ) നിഷേധിക്കുന്നില്ലെന്നു ചുരുക്കം. വീട്ടിലില്ലെന്നതിനെ നിഷേധിക്കുന്നതോടുകൂടി, "ചൈത്രൻ വീട്ടിലോ പുറത്തോ ഉണ്ടായിരിക്കു"മെന്ന സംശയത്തെയും നിഷേധിക്കുന്നു. അപ്പോൾ, ചൈത്രൻ വീട്ടിലില്ലെന്നും, പുറത്തെവിടെങ്കിലുമുണ്ടെന്നും സിദ്ധം.

ഭാഷ്യം:—ഗൃഹാവച്ഛിന്നമായ ചൈത്രാഭാവത്താൽ, ഗൃഹസത്വം വൈരുദ്ധ്യനിമിത്തം നിഷേധിക്കപ്പെടുന്നു. സത്വമാത്രമാകട്ടെ നിഷേധിക്കപ്പെടുന്നില്ല; അവിടെയുള്ള അതിന്റെ ഔദാസീന്യമാണു കാരണം.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

വിവരണം:—നിഷേധസ്വഭാവത്തെ സകാരണം കൂടുതൽ വ്യക്തമാക്കുന്നു. ചൈത്രൻ വീട്ടിലില്ലെന്നതു തീച്ചവന്നിരിക്കുന്നു. അതു "ഇല്ലായ്മ" വീട്ടിലുള്ളതുമാണു്. എന്നിരിക്കെ ഉണ്ടെന്നതിനു വീട്ടിൽ പിന്നെ സ്ഥിതിയില്ല. പരസ്പരവൈരുദ്ധ്യംകൊണ്ടു് ഇല്ലായ്മയും ഉണ്മയും വീടെന്ന ഒരാശ്രയത്തിൽ ഇരിക്കാത്തതാണു കാരണം. ഇല്ലായ്മ തീച്ചവന്നതാകയാൽ പ്രബലമാണു്. ഉണ്മ, പാക്ഷികമായതിനാൽ ദുർബ്ബലവും. ഇല്ലായ്മ പ്രബലമായിരിക്കുന്നിടത്തു് ദുർബ്ബലമായ ഉണ്മയ്ക്കു സ്ഥിതിയേയില്ല. പ്രബലമായ ഇല്ലായ്മയുടെ ആശ്രയത്തിലുള്ള ഉണ്മയല്ലാതെ മറ്റെങ്ങുമുള്ള ഉണ്മ നിഷേധിക്കപ്പെടുന്നില്ല. ആ ഉണ്മയ്ക്കു് അവിടെ വ്യാപാരമില്ലാത്തതാണു കാരണം. ഇത്രയുംകൊണ്ടു് ജീവിച്ചിരിക്കുന്ന ചൈത്രൻ വീട്ടിലില്ല അതിനാൽ പുറത്തെവിടെങ്കിലുമുണ്ടെന്നു സിദ്ധമായി. ഇല്ലായ്മയും ഉണ്മയും ഭിന്നാശ്രയത്തിലായതുകൊണ്ടു് അന്യോന്യവൈരുദ്ധ്യമില്ലെന്നും. അതോടൊന്നിച്ചു് മീമാംസകന്മാരുടെ പ്രകൃതസംബന്ധിയായ വൈരുദ്ധ്യവാദം നിർമ്മൂലമായിത്തീരുകയും ചെയ്തു. എന്നിട്ടു് അർത്ഥാപത്തി, അനുമാനമെന്നു സമർത്ഥിക്കുന്നു.

ഭാഷ്യം:—അതിനാൽ, വീട്ടിലില്ലെന്നതായി സിദ്ധമായ ലിംഗം(വ്യാപ്യം)കൊണ്ടു് ജീവിച്ചിരിക്കുന്ന ചൈത്രൻ പുറത്തുണ്ടെന്നതിനെ അനുമാനിക്കുന്നു എന്നതു യുക്തമാണു്.

വിവരണം:—സ്വപക്ഷം സമർത്ഥിക്കയാണു്. ജീവിച്ചിരിക്കുന്ന ചൈത്രൻ, വീട്ടിലില്ലെന്ന വ്യാപ്യംകൊണ്ടു്, പുറത്തുണ്ടെന്ന വ്യാപകത്തെ അനുമാനിക്കുന്നു. ഇതാണു യുക്തം. വൈരുദ്ധ്യപരിഹാരത്തിനുവേണ്ടി ചൈത്രൻ പുറത്തുണ്ടെന്ന കല്പന യുക്തമല്ല. വൈരുദ്ധ്യമേ ഇല്ലാതിരിക്കെ അതിനെ പരിഹരിക്കാൻ ശ്രമിക്കുന്നതിന്റെ യുക്തിശൂന്യത സ്പഷ്ടമാണു്. അതിനാൽ അർത്ഥാപത്തി അനുമാനമല്ലാതെ മറ്റൊരു പ്രമാണമല്ല.

ഭാഷ്യം:—ഇതിനാൽ, വിരുദ്ധങ്ങളായ പ്രമാണങ്ങളുടെ വിഷയവ്യവസ്ഥ നിമിത്തം അവിരോധസംപാദനമാണു് അർത്ഥാപത്തിയുടെ വിഷയം എന്നുവച്ചു നിരസിക്കപ്പെട്ടു.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

വിവരണം:—ചൈത്രൻ ജീവിച്ചിരിപ്പുണ്ടു്; ഇതു ശബ്ദ (ആപ്തവചനം) പ്രമാണം. വീട്ടിലില്ലെന്നതു പ്രത്യക്ഷപ്രമാണം. ഉണ്ടെന്നുമില്ലെന്നുമുള്ള ഈ വിരുദ്ധപ്രമാണങ്ങളുടെ വിഷയവ്യവസ്ഥകൊണ്ടാണു്, വീട്ടിലെ ഇല്ലായ്മയും പുറത്തെ ഉണ്മയും അന്യോന്യവിരോധമില്ലെന്നു സാധിച്ചതു്. തന്മൂലം അർത്ഥാപത്തിയുടെ വൈരുദ്ധ്യരൂപമായ ഫലം നിരാകൃതമായി. ആകയാൽ അനുമാനത്തിൽനിന്നു ഭിന്നമായ പ്രമാണമല്ല അർത്ഥാപത്തിയെന്നു സിദ്ധം.

അർത്ഥാപത്തിനിരാസം കഴിഞ്ഞു.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അഭാവപ്രമാണനിരാസം

ഭാഷ്യം:—അപ്രകാരം അഭാവവും പ്രത്യക്ഷംതന്നെ. എന്തു കൊണ്ടെന്നാൽ ഘടാഭാവം എന്നു പറയുന്നതു് ഭൂതലത്തിന്റെ പരിണാമവിശേഷമായ കേവലത്വത്തിൽനിന്നു് അന്യമല്ല.

വിവരണം:—അർത്ഥാപത്തി പ്രമാണമല്ലാത്തതുപോലെ അഭാവവും പ്രമാണമല്ല. അതു പ്രത്യക്ഷത്തിൽ അന്തർഭവിക്കുന്നതാണു് കാരണം. പദാർത്ഥത്തിന്റെ ഇല്ലായ്മയാണു് അഭാവം. അതിനെ ഭാട്ടമതമനുസരിച്ചു് അനുപലബ്ധിയെന്നും പറയും. അഭാവം അഥവാ അനുപലബ്ധി പ്രത്യക്ഷപ്രമാണത്തിൽ അന്തർഭൂതമാണത്രേ. പദാർത്ഥസന്നികർഷത്തിൽ ഇന്ദ്രിയസംബന്ധംകൊണ്ടുണ്ടാകുന്ന ബുദ്ധിതത്ത്വത്തിന്റെ വൃത്തിവിശേഷമാണല്ലോ പ്രത്യക്ഷം. പ്രകൃതത്തിൽ പദാർത്ഥമേ ഇല്ലാതിരിക്കെ തദ്രൂപമായ അഭാവമെങ്ങനെ പ്രത്യക്ഷമാകും? പറയാം. "ഇവിടെ കുടമല്ല" ഇതു് അഭാവത്തിന്റെ ഉദാഹരണമാണു്. മണ്ണിന്റെ പരിണാമമാണു കുടം. കുടത്തിന്റെ അഭാവത്തിലും ഉപാദാനമായ മണ്ണുണ്ടു്. മണ്ണാകട്ടെ ഭൂമിയുടെ പരിണാമവിശേഷമായ കേവലധർമ്മം തന്നെ. പരിണാമത്തിൽ സ്വരൂപനാശമല്ലാതെ വസ്തുനാശം സംഭവിക്കുന്നില്ല. സ്വർണ്ണത്തിന്റെ പരിണാമവിശേഷമാണല്ലോ കടകകുണ്ഡലാദികൾ. പരിണാമംകൊണ്ടു് കടകകുണ്ഡലാദികളുടെ സ്വരൂപം നശിക്കുന്നു. വസ്തുവായ സ്വർണ്ണമാകട്ടെ നശിക്കുന്നില്ല. സ്വർണ്ണത്തിൽനിന്നു്, അതു് പരിണാമമായ കടകകുണ്ഡലാദികൾ ഭിന്നമല്ലാതിരിക്കുന്നപോലെ ഭൂമിയുടെ കേവലധർമ്മമായ മണ്ണിൽനിന്നു് അതിന്റെ പരിണാമമായ കുടം ഭിന്നമല്ല. മണ്ണും കുടവും മണ്ണുതന്നെ. അപ്പോൾ കുടത്തിന്റെ അഭാവമെന്നു പറ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

യുന്നതു് മണ്ണല്ലാതെ മറെറാന്നുമല്ല എന്നു് ഇന്ദ്രിയപ്രത്യക്ഷവുമാണു്. ഇവിടെ അഭാവം പ്രത്യക്ഷത്തിൽ അന്തർഭവിക്കുന്നതു് സ്പഷ്ടമായി.

ഭാഷ്യം:—യാതൊന്നു ഹേതുവായിട്ടു്, ചേതനശക്തിയൊഴിച്ചു് എല്ലാ ഭാവ(പദാൎത്ഥ)ങ്ങളും പ്രതിക്ഷണപരിണാമികളാണു്. ആ പരിണാമം, ഐന്ദ്രികമെന്നതിനാൽ പ്രത്യക്ഷഗോചരമല്ലാത്ത വിഷയമായി ഭവിക്കുന്നില്ല. യാതൊന്നിൽ അഭാവമെന്നു പേരുള്ളതു് പ്രമാണാന്തരമായെങ്ങനെ ഭവിക്കും?

വിവരണം:—ഭൂമിയുടെ പരിണാമവിശേഷം കേവലഭാവമെന്നു പറഞ്ഞല്ലോ; ജഡസ്വഭാവമുള്ള ഭൂമിക്കു പരിണാമം സംഭവിക്കുന്നതെങ്ങനെയെന്ന സംശയം പരിഹരിക്കുന്നു. "ത്രിഗുണാത്മകമായ പ്രകൃതിയുടെ പരിണാമങ്ങളാണു പദാൎത്ഥങ്ങളെല്ലാം." ചേതനാത്മകനായ പുരുഷനൊഴികെ പ്രാകൃതികങ്ങളായ സകലപദാൎത്ഥങ്ങളും ത്രിഗുണത്വമിരിക്കുന്നതുകൊണ്ടു് പ്രതിക്ഷണം സ്വയമേ പരിണമിച്ചുകൊണ്ടിരിക്കുന്നു. അത്തരം പരിണാമമാകട്ടെ ഇന്ദ്രിയഗോചരമാണു്. തന്മൂലം പ്രത്യക്ഷവിഷയമാകുന്നു. ഇങ്ങനെ അഭാവം (അനുപലബ്ധി) മറെറാരു പ്രമാണമല്ലെന്നു സിദ്ധം.

അഭാവപ്രമാണനിരസനം കഴിഞ്ഞു.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സംഭവപ്രമാണനിരസനം

ഭാഷ്യം:—സംഭവമാകട്ടെ; ഖാരിയിൽ ദ്രോണാഢകപ്രസ്ഥാദികളുടെ അവഗമം യാതൊരു പ്രകാരമോ അപ്രകാരമുള്ളതാകുന്നു. അതും അനുമാനംതന്നെ. എന്തുകൊണ്ടെന്നാൽ, ദ്രോണാദ്യവിനാഭൂതമായ ഖാരിത്വം പ്രതീതമായിരിക്കുമ്പോൾ, ഖാരിയിൽ ദ്രോണാദിസത്വത്തെ അവഗമിക്കുന്നു.

വിവരണം:—സംഭവത്തെ പ്രമാണമായി പൗരാണികന്മാർ അംഗീകരിക്കുന്നു. സംഭവിക്കാൻ ന്യായമുള്ളതും ഇന്ദ്രിയങ്ങൾക്കു വിഷയമല്ലാത്തതുമായ കാര്യത്തിന്റെ നിശ്ചയജ്ഞാനമാണതിന്റെ ലക്ഷണം. ഖാരിയെന്ന വലിയ അളവിൽ ദ്രോണം ആഢകം മുതലായ ചെറിയ അളവുകൾ അടങ്ങിയിട്ടുള്ളതായറിയുന്നതു് സംഭവപ്രമാണത്തിന്റെ ഉദാഹരണം. നാലു മുഷ്ടി (നാലുപിടി) ഒരു കുഡവം (നാഴി); നാലു കുഡവം ഒരു പ്രസ്ഥം. (ഇടങ്ങഴി). നാലുപ്രസ്ഥം ഒരാഢകം. നാലാഢകം ഒരു ദ്രോണം. നാലുദ്രോണം ഒരു ഖാരി. ഇങ്ങനെ അളവുകളുടെ ക്രമം. ഈ കണക്കനുസരിച്ചു് അറുപത്തിനാലിടങ്ങഴിയാണു് ഒരു ഖാരി. ഇങ്ങനെ വലിയ അളവായ ഖാരിയിൽ ചെറിയ അളവുകളായ ദ്രോണാദികളുണ്ടെന്നതിന്റെ നിശ്ചയജ്ഞാനം (അവഗമം) ഉണ്ടാകുന്നതു സംഭവപ്രമാണമെന്നു പൗരാണികന്മാർ അഭിപ്രായപ്പെടുന്നു. സാംഖ്യപക്ഷത്തിൽ അനുമാനമാണതു്. എങ്ങനെയെന്നു പറയുന്നു. ദ്രോണാദികളോടു് ഖാരിത്വത്തിന്റെ അവിനാഭാവം (പിരിഞ്ഞിരിക്കാനൊക്കായ്ക) പ്രസിദ്ധമാണു്. അഗ്നിയോടു് ധൂമത്തിന്റെ അവിനാഭാവംപോലെ. അഗ്നിയോടു് അവിനാഭൂതമായ ധൂമത്തെ അറിയുമ്പോൾ, അഗ്നി അനുമാനവിഷയമാകുന്നു. അതുപോലെ, ദ്രോണാദികളോടു് അവിനാഭൂതമായ ഖാരിത്വത്തെ അറിയുമ്പോൾ അതിലടങ്ങിയിരിക്കുന്ന ദ്രോണാദികളെ അനുമാനിക്കയാണു്. ഇത്രയുംകൊണ്ടു് സംഭവം അനുമാനമെന്നു തെളിഞ്ഞു.

സംഭവപ്രമാണനിരസനം കഴിഞ്ഞു.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഐതിഹ്യപ്രമാണനിരസനം

ഭാഷ്യം:—ഇന്നായാൾ പറഞ്ഞതെന്നു നിർദ്ദേശമില്ലാത്തതും, പരമ്പരയാ സംഭാഷണമാത്രമായിരിക്കുന്നതും "പഴമക്കാർ ഇങ്ങനെ പറഞ്ഞിട്ടുണ്ട്" എന്ന രീതിയിലുള്ളതുമായ യാതൊന്നാണ് ഐതിഹ്യം. എങ്ങനെയെന്നാൽ "ഈ ആൽമരത്തിൽ യക്ഷൻ വസിക്കുന്നു" എന്നിങ്ങനെ ഇന്നായാൾ പറഞ്ഞു എന്നു നിർദ്ദേശമില്ലാത്തതുകൊണ്ട് സംശയാധീനമാകയാൽ അതു പ്രമാണമല്ല.

വിവരണം:—ഐതിഹാസികന്മാർ അംഗീകരിക്കുന്നതാണ്, ഐതിഹ്യപ്രമാണം. ഇന്നായാൾ പറഞ്ഞതെന്നു തിട്ടമില്ലാതിരിക്കുക; ജനങ്ങൾക്കിടയിൽ പറച്ചിൽ മാത്രമായി പരമ്പരയാ നിലനിന്നുപോരുക; "പണ്ടുള്ളവർ പറഞ്ഞതാണ്" എന്നിങ്ങനെയിരിക്കുക; ഇതിൽനിന്നുണ്ടാകുന്ന അറിവാണ് ഐതിഹ്യം. "ഈ ആൽമരത്തിൽ ഗന്ധർവ്വന്റെ വാസമുണ്ട്; ഐതിഹ്യത്തിന്റെ ഉദാഹരണമാണിതു്. അനിർദ്ദിഷ്ടവക്തൃകമായ ഐതിഹ്യത്തെ സാംഖ്യന്മാർ പ്രമാണമായി സ്വീകരിക്കുന്നില്ല. "ഇന്നായാൾ പറഞ്ഞു" എന്നു നിശ്ചയമില്ലാത്തതുകൊണ്ട്, പറഞ്ഞ കാര്യം സംശയാധീനമായിരിക്കും. സംശയാത്മകമായ അറിവു പ്രമാണമായിരിക്കയില്ല. അതുകൊണ്ട് ഐതിഹ്യം പ്രമാണമല്ല. ഇങ്ങനെ ഐതിഹ്യത്തിന്റെ പ്രമാണം നിരാകൃതമായി. അതോടൊപ്പം "ത്രിവിധം പ്രമാണ"മെന്ന പക്ഷം സമർത്ഥിക്കയുംചെയ്തു. സാംഖ്യപക്ഷമനുസരിച്ച് പ്രമാണങ്ങൾ മൂന്നുമാത്രം. പ്രത്യക്ഷവും അനുമാനവും ആപ്തവചനവും. ശേഷം അർത്ഥാപത്തി തുടങ്ങിയ പ്രമാണാന്തരങ്ങളെല്ലാം, ഈ മൂന്നു പ്രമാണങ്ങളിൽ ഉൾപ്പെട്ടുപോകുന്നു. അതിനു യുക്തിയുക്തം മേൽ സമർത്ഥിക്കയും ചെയ്തു.

പ്രമാണാന്തരനിരസനം സംപൂർണ്ണം.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പ്രമാണവിഷയനിരൂപണം

ഭാഷ്യം:—ഇപ്രകാരം, വ്യക്താവ്യക്തജ്ഞലക്ഷണപ്രമേയ സിദ്ധിക്കുവേണ്ടി പ്രമാണങ്ങൾ ലക്ഷിതങ്ങളായി. അതിൽ വ്യക്തമായ പൃഥിവ്യാദിയെ സ്വതന്ത്രരൂപംകൊണ്ട് പാംശുലപാദകനായിട്ട് അജ്ഞൻപോലും പ്രത്യക്ഷത്തിൽ അറിയുന്നു. പൂൎവ്വവത്തായ അനുമാനംകൊണ്ട് ധൂമാദിദൎശനത്തിൽനിന്ന് അഗ്ന്യാദികളേയും അറിയുന്നു. ഏതാദൃശമായ അറിവുകൊണ്ട് ശാസ്ത്രം അല്പപ്രയോജനമാകമെന്നുള്ളതിനാൽ, ഇതു (ശാസ്ത്രം) കൊണ്ട് അറിയാൻ പ്രയാസമുള്ളതിനെ അറിയേണ്ടതാകുന്നു. അതിൽ യാതൊരു പ്രമാണം യാതൊരിടത്തു ശക്തമാകുന്നു അതിനെ ഉക്തലക്ഷണങ്ങളായ പ്രമാണങ്ങളിൽനിന്നു വേർതിരിച്ച് കാണിക്കുന്നു.

വിവരണം:—പ്രമേയജ്ഞാനമാണു പ്രമാണത്തിന്റെ പ്രയോജനം. പ്രമാണംകൊണ്ടറിയുന്നതു പ്രമേയം. ഈ ശാസ്ത്രത്തിൽ മുഖ്യമായി മൂന്നുപ്രമേയം. വ്യക്തവും അവ്യക്തവും ജ്ഞനം. പൃഥിവി മുതലായ സ്ഥൂലഭൂതങ്ങൾ വ്യക്തം. തത്കാരണമായ മൂലപ്രകൃതി അവ്യക്തം. ജ്ഞൻ, പുരുഷൻ. പ്രമേയരൂപമായ ഇവയുടെ അനുഭവജ്ഞാനത്തിനുവേണ്ടിയാണ് പ്രത്യക്ഷാദിപ്രമാണങ്ങളെ വിചാരണചെയ്യുന്നതു്. മൂന്നു പ്രമേയങ്ങളുടെ കൂട്ടത്തിൽപ്പെട്ട വ്യക്തമുണ്ടല്ലോ; സ്ഥൂലഭൂതങ്ങളായ പൃഥിവ്യാദികൾ. അതിൽ പൃഥിവിയുടെ—ഭൂമിയുടെ—അനുഭവജ്ഞാനം, കാലിൽ പൊടിപററുന്നതുകൊണ്ടു നേരിൽതന്നെ അജ്ഞനും സിദ്ധമാണ്. "പൂൎവ്വവത്തെ"ന്ന അനുമാനവിശേഷംകൊണ്ട്, പുക കാണുന്നതിൽനിന്നു അഗ്നിയുടെ അനുഭവജ്ഞാനവും സിദ്ധമാകുന്നു. ഇങ്ങനെ പൃഥിവ്യാദി സ്ഥൂലപദാൎത്ഥങ്ങളുടെ അനുഭവജ്ഞാന

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ത്തിനുവേണ്ടിയായാൽ, ശാസ്ത്രം അല്പപ്രയോജനമായിത്തീരും. മറിച്ച് അറിയാൻ പ്രയാസമേറിയ പ്രകൃതിപുരുഷന്മാരുടെ അനുഭവജ്ഞാനമാണ ശാസ്ത്രംകൊണ്ടു സാധിക്കേണ്ടതു്. അതിനു് ഏതു പ്രമാണം എവിടെ സമർത്ഥമാണോ, ആ പ്രമാണത്തെ, ലക്ഷണവിചാരംചെയ്തുകഴിഞ്ഞ പ്രത്യക്ഷാദിപ്രമാണങ്ങളിൽനിന്നു പ്രത്യേകം എടുത്തുകാട്ടാൻ തുടങ്ങുന്നു.

കാരിക:—

സാമാന്യതസ്തു ദൃഷ്ടാ-
ദതീന്ദ്രിയാണാം പ്രതീതിരനുമാനാത്
തസ്മാദപി ചാസിദ്ധം
പരോക്ഷമാപ്താഗമാത് സിദ്ധം. 6

അർത്ഥം:—ഇന്ദ്രിയവിഷയമല്ലാത്തവയുടെ ജ്ഞാനം, സാമാന്യതോദൃഷ്ടത്തിൽനിന്നും ഉപലക്ഷണംകൊണ്ടു ശേഷവത്തിൽനിന്നും സിദ്ധമാണു്. അതിൽനിന്നും ഇന്ദ്രിയവിഷയമല്ലാതെ അസിദ്ധമാകുന്നതു് ആഗമത്തിൽനിന്നു സിദ്ധമാകുന്നു.

പ്രകൃതിയും പുരുഷനും ഇന്ദ്രിയവിഷയമല്ല; അതീന്ദ്രിയമാണു പ്രകൃതിയും പുരുഷനും. ഇന്ദ്രിയവിഷയമല്ലാത്ത പ്രകൃതിപുരുഷന്മാരുടെ ജ്ഞാനം, സാമാന്യതോദൃഷ്ടം, ശേഷവത്ത്, ഈ അനുമാനവിശേഷങ്ങൾകൊണ്ടു് സിദ്ധിക്കുന്നതാണു്. അതുകൊണ്ടും സിദ്ധമാകാത്തതു് ആഗമം അഥവാ ശബ്ദപ്രമാണംകൊണ്ടു സിദ്ധമാകുന്നു.

ഭാഷ്യം:—"സാമാന്യതസ്തു" എന്നതിലെ 'തു'ശബ്ദം പ്രത്യക്ഷപൂർവവത്തുകളിൽനിന്നു വിശേഷിപ്പിക്കുന്നു. സാമാന്യതോദൃഷ്ടമായ അനുമാനത്തിൽനിന്നു്; അധ്യവസായത്തിൽനിന്നു് അതീന്ദ്രിയങ്ങളായ പ്രകൃതിപുരുഷന്മാരുടെ പ്രതീതി (ജ്ഞാനം) ഭവിക്കുന്നു. (ബുദ്ധിയുടെ അധ്യവസായത്തിൽ ചിത്തിന്റെ ഛായാപത്തി എന്നർത്ഥം). ഇതു് ഉപലക്ഷണമായി ശേഷവത്തിൽനിന്നു് എന്നും കാണേണ്ടതാണു്.

വിവരണം.—സാമാന്യതഃ തു; സന്ധിചേരുമ്പോൾ സാമാന്യതസ്തു. ഇതിലെ 'തു'ശബ്ദം സാമാന്യതോദൃഷ്ടത്തെ പ്രത്യക്ഷം,

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പൂർവ്വവത്ത്, ഈ പ്രമാണങ്ങളിൽനിന്നു വേർതിരിച്ചുകാട്ടാൻ പ്രയോജനപ്പെടുന്നു. ഇന്ദ്രിയവിഷയമല്ലാത്ത പ്രകൃതിപുരുഷന്മാരുടെ ജ്ഞാനം, സാമാന്യതോദൃഷ്ടമെന്ന അനുമാനവിശേഷംകൊണ്ടു സാധിക്കും. പ്രത്യക്ഷവും, പൂർവ്വവത്തും, അതിനു പ്രയോജനപ്പെടുകയില്ല. പ്രകൃതിപുരുഷന്മാരെക്കൂടാതെ, മററു ചിലതുകൾ ഇന്ദ്രിയവിഷയമല്ലാതെയുണ്ടു്. അവയുടെ ജ്ഞാനം, ശേഷവത്തെന്ന അനുമാനഭേദംകൊണ്ടു് സാധിക്കുന്നതാണു്. ഉപലക്ഷണമായി ശേഷവത്തിനേയും അതീന്ദ്രിയവിഷയജ്ഞാനത്തിന്റെ പ്രമാണമായി കണ്ടുകൊള്ളണം. സാമാന്യമായ പ്രത്യക്ഷംകൊണ്ടു് അപ്രത്യക്ഷത്തെ അനുമാനിക്കുന്നതു് സാമാന്യതോദൃഷ്ടം. കാര്യം കണ്ടു കാരണത്തെ അനുമാനിക്കുന്നതു് ശേഷവത്ത്. ഇങ്ങനെ സാമാന്യതോദൃഷ്ടത്തിന്റെയും ശേഷവത്തിന്റെയും ലക്ഷണം മുമ്പു പറഞ്ഞിട്ടുള്ളതു് ഇവിടെ ഓർക്കണം. ഈ പ്രമാണങ്ങൾകൊണ്ടു് ഇന്ദ്രിയവിഷയമല്ലാത്തവയുടെ ജ്ഞാനം സിദ്ധിക്കുന്നതെങ്ങനെയെന്നു നോക്കാം.

സ്ഥൂലപദാർത്ഥങ്ങൾക്കു സമാനജാതിയിൽപ്പെട്ട സൂക്ഷ്മപദാർത്ഥങ്ങൾ കാരണമായിരിക്കും. കുടമെന്ന സ്ഥൂലപദാർത്ഥത്തിനു് സമാനജാതികമായ മണ്ണെന്ന സൂക്ഷ്മപദാർത്ഥം കാരണമായിരിക്കുന്നതു ദൃഷ്ടാന്തം. അതുപോലെ പൃഥിവ്യാദി സ്ഥൂലഭൂതങ്ങൾക്കു്, അവയുടെ ജാതിയിൽപ്പെട്ട സൂക്ഷ്മപദാർത്ഥങ്ങളെ കാരണമായനുമാനിക്കുന്നു. അങ്ങനെ ഇന്ദ്രിയവിഷയമല്ലാത്ത തന്മാത്രകളുടെ സിദ്ധി. സാധനംകൂടാതെ ക്രിയയില്ല; മറെറാരു വാക്കിൽ ക്രിയ, കരണവത്തായിരിക്കും. ഛേദനക്രിയയിൽ കോടാലി കരണമായിരിക്കുന്നതു ദൃഷ്ടാന്തം. ജ്ഞാനം, ക്രിയയാണു്. ക്രിയാരൂപമായ ജ്ഞാനംകൊണ്ടു് അതിന്റെ കരണത്തെ അനുമാനിക്കുന്നു. തന്മൂലം ഇന്ദ്രിയസിദ്ധി. ഈ ക്രമത്തിൽ തുടർന്നങ്ങോട്ടു് അതീന്ദ്രിയവിഷയങ്ങളായ പ്രകൃതിപുരുഷന്മാരുടെ ജ്ഞാനവും അനുമാനം കൊണ്ടു (സാമാന്യതോദൃഷ്ടം, ശേഷവത്ത്) സാധ്യമാണു്.

ഭാഷ്യം:—എന്നാൽ, അതീന്ദ്രിയങ്ങളായ എല്ലാററിലും സാമാന്യതോദൃഷ്ടംതന്നെ പ്രവർത്തിക്കുമോ? അങ്ങനെയാണെങ്കിൽ, യാതൊന്നിൽ സാമാന്യതോദൃഷ്ടമോ ശേഷവത്തോ പ്രവർത്തിക്കാതായാൽ അതില്ലാത്തതാകണം. മഹദാദ്യാരംഭക്രമത്തിലും

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സ്വർഗ്ഗാപൂർവ്വദേവതാദിയിലും, അതു പ്രവർത്തിക്കാത്തതിനാൽ അവയുടെ അഭാവം പ്രാപ്തമാകും എന്നുവച്ചു പറയുന്നു; "തസ്മാദപി" എന്നു്.

"തസ്മാദപി" എന്നിത്രയുംകൊണ്ടുതന്നെ സിദ്ധമായിരിക്കുമ്പോൾ, ചകാരംകൊണ്ടു് ശേഷവത്തിൽ നിന്നു് എന്നും സമുച്ചിതമാകുന്നു.

വിവരണം:—കാരികയിലെ "തസ്മാദപി" എന്ന അംശം വ്യാഖ്യാനിക്കുകയാണു്. ഇന്ദ്രിയവിഷയമല്ലാത്തവ പലതുണ്ടു്. അവയിലെല്ലാം, സാമാന്യതോദൃഷ്ടവും ശേഷവത്തുമായ പ്രമാണങ്ങൾ പ്രവർത്തിക്കുമോ? അങ്ങനെയെങ്കിൽ, ആ പ്രമാണങ്ങൾ, മഹത്തത്വം മുതലായവയുടെ ആരംഭക്രമത്തിലും സ്വർഗ്ഗാദി പരലോകത്തിലും അപൂർവ്വമെന്നു പറയുന്ന ധർമ്മാധർമ്മങ്ങളിലും ദേവതകളിലും പ്രവർത്തിക്കാത്തവയാണു്. എന്നുവരുമ്പോൾ അവയൊന്നുമില്ലാത്തതാകുമല്ലോ ആ ന്യൂനത ഒഴിവാക്കാൻവേണ്ടിയാണു് "അതിൽനിന്നും" (തസ്മാദപി) എന്നു പറഞ്ഞതു്. അതായതു് "സാമാന്യതോദൃഷ്ടത്തിൽനിന്നും" എന്നർത്ഥം തുടർന്നു 'ച'കാരം കൊണ്ടു് ശേഷവത്തിൽനിന്നു് എന്നുംകൂടിച്ചേർക്കണം. രണ്ടുമൊന്നിച്ചാകുമ്പോൾ, സാമാന്യതോദൃഷ്ടാനുമാനത്തിൽനിന്നും ശേഷവദനുമാനത്തിൽനിന്നും എന്നർത്ഥമാകും. അങ്ങനെ ആ രണ്ടുപ്രമാണത്തിൽനിന്നും സിദ്ധമാകാത്ത അതീന്ദ്രിയവിഷയജ്ഞാനം ആപ്തവചനത്തിൽനിന്നു സിദ്ധമാണു്, എന്നു് കാരികയുടെ ഉത്തരാദ്ധത്തിന്റെ കൂട്ടിയർത്ഥം. പ്രകൃതിപുരുഷന്മാർ, മഹത്തത്വാദികളുടെ ആരംഭക്രമം, സ്വർഗ്ഗാദിപരലോകം, അപൂർവ്വമെന്നു പേരുള്ള ധർമ്മാധർമ്മങ്ങൾ, ദേവതകൾ ഈ അതീന്ദ്രിയവിഷയങ്ങളുടെ ജ്ഞാനം സാമാന്യതോദൃഷ്ടവും ശേഷവത്തുമായ അനുമാനപ്രമാണംകൊണ്ടും ആപ്തവചനംകൊണ്ടും സിദ്ധിക്കുന്നതാണു്. ആപ്തവചനത്തെ ആഗമപ്രമാണമെന്നും പറയും.

പ്രമാണവിഷയനിരൂപണം കഴിഞ്ഞു.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പ്രത്യക്ഷപ്രതിബന്ധകനിരൂപണം

ഭാഷ്യം:—യായൊരുപ്രകാരം ആകാശപുഷ്പം, ആമയുടെ രോമം, മുയൽക്കൊമ്പു് ഇവയിൽ പ്രത്യക്ഷം അപ്രവൎത്തമാനമായിട്ടു് അവയുടെ അഭാവത്തെ അറിയിക്കുന്നു; അപ്രകാരം പ്രധാനാദികളിലും ഭവിക്കാമല്ലോ; അതിനാൽ സാമാന്യതോദൃഷ്ടാദികളിൽനിന്നു് അവയുടെ സിദ്ധി എങ്ങനെ ഭവിക്കുമെന്നു പറയുന്നു.

വിവരണം:—ആകാശപുഷ്പം, ആമരോമം, മുയൽക്കൊമ്പു് ഇവയിൽ പ്രത്യക്ഷപ്രമാണം പ്രവൎത്തിക്കുന്നില്ല; അതൊന്നുമില്ലാത്തതാണു കാരണം. ആകാശപുഷ്പം തുടങ്ങിയ വസ്തുക്കളൊന്നും ഉള്ളവയല്ല; അതുകൊണ്ടു് പ്രത്യക്ഷത്തിൽ അറിയാതിരിക്കയാണു്. അപ്രകാരം അതീന്ദ്രിയവിഷയങ്ങളായ പ്രധാനം (പ്രകൃതി), പുരുഷൻ മുതലായവയും ഇല്ലാത്തതാകകൊണ്ടു് പ്രത്യക്ഷത്തിൽ അറിയാത്തതായിവരാമല്ലോ. എന്നിരിക്കെ ഇന്ദ്രിയവിഷയമല്ലാത്ത പ്രധാനാദികളുടെ ജ്ഞാനം സാമാന്യതോദൃഷ്ടാദികൾകൊണ്ടു സിദ്ധിക്കുന്നതെങ്ങനെ? ഈ സംശയം പരിഹരിക്കാൻ പറയുന്നു.

കാരിക:—

അതിദൂരാത് സാമീപ്യാ-
ദിന്ദ്രിയഘാതാന്മനോനവസ്ഥാനാത്
സൌക്ഷ്മ്യാദ്വ്യവധാനാ
ദഭിഭവാത് സമാനാഭിഹാരാച്ച. 7

അൎത്ഥം:—അതിദൂരം, അതിസാമീപ്യം, ഇന്ദ്രിയങ്ങളുടെ തകരാറു്, മനസ്സിന്റെ നിലകേടു്, x സൂക്ഷ്മത്വം, മറവു്, അഭിഭവം,

x "സൂക്ഷ്മത്വാത്തദവിജ്ഞേയം." (ഭ-ഗീ.)

8

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

കൂടിക്കലൎപ്പ്, ഇവകൊണ്ടു് വസ്തുക്കൾ ഉണ്ടായിരുന്നാലും പ്രത്യക്ഷജ്ഞാനം സിദ്ധിക്കുന്നതല്ല.

വസ്തു ഉള്ളതായിരുന്നാലും അതിനെ, ചില കാരണങ്ങളാൽ പ്രത്യക്ഷത്തിൽ അറിയാനൊക്കുകില്ല. അക്കാരണങ്ങൾ ഏതൊക്കെയെന്നോ? വളരെദൂരം, കൂടുതലടുപ്പം, കണ്ണു ചെവി മുതലായ ജ്ഞാനേന്ദ്രിയങ്ങളുടെ തകരാറു്, മനസ്സിൻെറ ഉറപ്പില്ലായ്മ, പരമാണുത്വം, മററു വസ്തുക്കളുടെ മറവു്, വേറൊന്നിൻെറ കടന്നാക്രമണം, കൂടികലൎപ്പ്, ഇത്രയും കാരണം വസ്തുവിൻെറ പ്രത്യക്ഷജ്ഞാനം തടസ്സപ്പെടുന്നു. ആകാശപുഷ്പാദികൾപോലെ, പ്രധാനപുരുഷാദികൾ ഇല്ലാത്തവയല്ല; ഉള്ളവയാണു്. ഇവിടെ പറഞ്ഞ ചില കാരണങ്ങളാൽ അവ, പ്രത്യക്ഷജ്ഞാനവിഷയമാകുന്നില്ലെന്നു താത്പര്യം.

ഭാഷ്യം:—"അതിദൂരാത്" എന്നു്. "അനുപലബ്ധി" എന്നു് എട്ടാംകാരികയിൽ പറയാനിരിക്കുന്നതിനെ സിംഹാവലോകനന്യായേന കൂട്ടിച്ചേൎക്കണം. (അതിദൂരംനിമിത്തം അനുപലബ്ധി ഭവിക്കുന്നു.) എങ്ങനെയെന്നാൽ ആകാശത്തിലേയ്ക്കു യരുന്ന പക്ഷി അതിദൂരത്താകുമ്പോൾ, ഉള്ളതാണെങ്കിലും പ്രത്യക്ഷത്തിലറിയപ്പെടുന്നില്ല.

സാമീപ്യാത് എന്നിടത്തും അതി അനുവൎത്തനീയമാണു്; (അതിസാമീപ്യംനിമിത്തം അനുപലബ്ധി ഭവിക്കുന്നു.) എങ്ങനെയെന്നാൽ, കണ്ണിലെഴുതീട്ടുള്ള മഷി അതിസാമീപ്യം നിമിത്തം കാണപ്പെടുന്നില്ല.

കണ്ണുകാണായ്ക, ചെവികേൾക്കായ്ക മുതലായവയാണു് ഇന്ദ്രിയാഘാതം. മനോനവസ്ഥാനംനിമിത്തം അനുപലബ്ധി ഭവിക്കുന്നു. എങ്ങനെയെന്നാൽ കാമാദിദോഷവിധേയമനസ്സു്, നല്ല വെളിച്ചത്തിരിക്കുന്ന ഇന്ദ്രിയസന്നികൃഷ്ടമായ പദാൎത്ഥത്തേയും കാണുന്നില്ല.

സൌക്ഷ്മ്യംനിമിത്തം അനുപലബ്ധി ഭവിക്കുന്നു; എങ്ങനെയെന്നാൽ ഇന്ദ്രിയസന്നികൃഷ്ടമായ പരമാണുവിനെ അവഹിതമനസ്കൻപോലും കാണുന്നില്ല.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

വ്യവധാനം (മറവു്) നിമിത്തം അനുപലബ്ധി ഭവിക്കുന്നു. എങ്ങനെയെന്നാൽ, ഭിത്തി മുതലായവകൊണ്ടു മറയ്ക്കുകയാൽ രാജദാരാദികളെ കാണുന്നില്ല.

അഭിഭവംനിമിത്തം അനുപലബ്ധി ഭവിക്കുന്നു; എങ്ങനെയെന്നാൽ, പകൽ സൂര്യതേജസ്സിനാൽ കടന്നാക്രമിക്കപ്പെട്ടതാകുമ്പോൾ ഗ്രഹനക്ഷത്രസമൂഹത്തെ കാണുന്നില്ല.

സമാനാഭിഹാരംനിമിത്തം അനുപലബ്ധി ഭവിക്കുന്നു; എങ്ങനെയെന്നാൽ, മേഘാദികൾ വർഷിക്കുന്ന വെള്ളത്തുള്ളികൾ ജലാശയത്തിൽ വേർതിരിച്ചു കാണുന്നില്ല.

ചകാരം പറയാത്തതിന്റെ സമുച്ചയാർത്ഥമുള്ളതാണ്; അനുത്ഭവവും സംഗ്രഹീതമാകുന്നു. അനുത്ഭവംനിമിത്തം വസ്തുവിന്റെ അനുപലബ്ധി ഭവിക്കുന്നു; എങ്ങനെയെന്നാൽ ക്ഷീരാദ്യവസ്ഥയിൽ ദധ്യാദിയെ അനുത്ഭവംനിമിത്തം കാണുന്നില്ല.

വിവരണം:—പ്രത്യക്ഷജ്ഞാനത്തിനു തടസ്സമുണ്ടാക്കുന്ന കാരണങ്ങളെ വിശദമാക്കുകയാണ്. അതിദൂരാത് എന്നു തുടങ്ങുന്ന എല്ലാ പദങ്ങളോടും എട്ടാംകാരികയിൽ പറയാനിരിക്കുന്ന "അനുപലബ്ധി" (അറിയായ്ക) എന്ന പദം കൂട്ടിച്ചേർക്കണം. അപ്പോൾ 'അതിദൂരംനിമിത്തം അനുപലബ്ധി', 'അതിസാമീപ്യംനിമിത്തം അനുപലബ്ധി' ഈ ക്രമത്തിനു് ഓരോന്നുമാകും. കാട്ടിൽ സഞ്ചരിക്കുന്ന സിംഹം കാട്ടാളനെപ്പേടിച്ചു് ഇടയ്ക്കിടെ പിന്നിൽ നോക്കുന്നതുപോലെ, ഉത്തരവാക്യത്തിലെ പദങ്ങളെ പൂർവ്വവാക്യത്തിൽ കൂട്ടിച്ചേർക്കാം അങ്ങനെ ചെയ്യുന്നതിനെ സിംഹാവലോകനന്യായമെന്നു പറയും. ആ ന്യായമനുസരിച്ചാണു് പ്രകൃതത്തിൽ അനുപലബ്ധിയെന്ന പദം കൂട്ടിച്ചേർത്തതു്. വസ്തുവിന്റെ അതിദൂരം, പ്രത്യക്ഷജ്ഞാനത്തിനു തടസ്സമാണ്. ആകാശത്തേക്കു പറന്നുയരുന്നപക്ഷി വളരെയധികം ദൂരത്തായാൽ കാണാതാകുന്നതു ദൃഷ്ടാന്തം. വസ്തുവിന്റെ കൂടുതലായ അടുപ്പവും പ്രത്യക്ഷജ്ഞാനമുണ്ടാക്കുന്നതല്ല. കണ്ണിലെഴുതിയിരിക്കുന്ന മഷി ഉള്ളതാണെങ്കിലും കാണാനൊക്കാത്തതു ദൃഷ്ടാന്തം. കണ്ണുകാണായ്ക, ചെവികേൾക്കായ്ക, മുതലായ ഇന്ദ്രിയവൈകല്യം നിമിത്തവും വസ്തുവിന്റെ പ്രത്യക്ഷജ്ഞാനം ഉണ്ടാകുന്നതല്ല. മനസ്സിന്റെ പതച്ചിയും വസ്തുവിന്റെ പ്രത്യക്ഷജ്ഞാനത്തിനു തടസ്സമാണ്.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

കാമാദിവികാരദോഷങ്ങൾക്കു വശപ്പെട്ടുപോയ മനസ്സ്, വെളിച്ചമുള്ള നേരിട്ടറിയാവുന്നവണ്ണമിരിക്കുന്ന വസ്തുവിനെയുമറിയാതിരിക്കുന്നതു ദൃഷ്ടാന്തം. വസ്തു അധികം സൂക്ഷ്മമായിരിക്കുക; അതും പ്രത്യക്ഷജ്ഞാനത്തിനു യോജിച്ചതല്ല; അതിസൂക്ഷ്മമായ പരമാണുവിനെ കാണാനൊക്കാത്തതു ദൃഷ്ടാന്തം. ഭിത്തി മുതലായവയുടെ മറവും, വസ്തുവിൻെറ പ്രത്യക്ഷജ്ഞാനത്തിനു തടസ്സമാണു്. അന്തഃപുരത്തിലിരിക്കുന്ന രാജസ്ത്രീകളേയും മറവും കാണാൻ സാധിക്കാത്തതു ദൃഷ്ടാന്തം. മറെറാന്നിൻെറ കടന്നാക്രമണവും വസ്തുവിൻെറ പ്രത്യക്ഷജ്ഞാനത്തെ വിഘ്നപ്പെടുത്തുന്നതാണു്. പകൽ സൂര്യതേജസ്സിൻെറ കടന്നാക്രമണം നിമിത്തം ഗ്രഹങ്ങളേയും നക്ഷത്രങ്ങളേയും കാണാതിരിക്കുന്നതു ദൃഷ്ടാന്തം. സജാതീയപദാർത്ഥങ്ങളുടെ കൂട്ടിക്കലർപ്പ്, വസ്തുവിൻെറ പ്രത്യജ്ഞാനമുണ്ടാക്കുകയില്ല; മേഘം വർഷിക്കുന്ന വെള്ളത്തുള്ളികളെ, ജലാശയത്തിൽ കൂടിക്കലരുകനിമിത്തം വേർതിരിച്ചറിയാനൊക്കാത്തതു ദൃഷ്ടാന്തം.

കാരികയിൽക്കാണുന്ന സമുച്ചയാർത്ഥവാചിയായ ചകാരം, മേൽപറയാത്തതിനെക്കൂടി അധ്യാഹരിച്ചുകൊള്ളണമെന്നതിനെ കുറിക്കുന്നു. വസ്തുവിൻെറ അനുത്ഭവമാണു മേൽപറയാത്തതു്. അപ്പോൾ അനുത്ഭവം നിമിത്തവും വസ്തുവിൻെറ പ്രത്യക്ഷജ്ഞാനമുണ്ടാവുകയില്ലെന്നു സിദ്ധമായി. വസ്തു വെളിപ്പെടാതെ സൂക്ഷ്മരൂപമായി ഉപാദാനകാരണത്തിൽത്തന്നെ ലയിച്ചിരിക്കുന്ന അവസ്ഥയാണു് അനുത്ഭവം. ഈ അനുത്ഭവവും പ്രത്യക്ഷജ്ഞാനത്തിനു തടസ്സമാണു്. പാലായിരിക്കുമ്പോൾ, അതിൽ ലയിച്ചിരിക്കുന്ന തൈരിനെക്കാണാത്തതു ദൃഷ്ടാന്തം. ഇങ്ങനെ വസ്തു ഉള്ളതായാലും അതിൻെറ അനുപലബ്ധി അഥവാ പ്രത്യക്ഷാഭാവം, മുകളിൽ പറഞ്ഞ കാരണങ്ങൾകൊണ്ടു് സംഭവിക്കുമെന്നു് സമർത്ഥിച്ചു.

ഭാഷ്യം:—പറഞ്ഞതിതാണു; അതിപ്രസംഗംനിമിത്തം പ്രത്യക്ഷനിവൃത്തിമാത്രംകൊണ്ടു വസ്തുവിൻെറ അഭാവം ഭവിക്കുന്നില്ല; അപ്രകാരമായാൽ വീട്ടിൽനിന്നു പോയവൻ, വീട്ടിലുള്ളവരെ കാണാതിരിക്കുന്നതുകൊണ്ടു് അവരുടെ അഭാവം നിശ്ചയിക്കണം; അങ്ങനെയില്ല. എന്നാൽ, യോഗ്യപ്രത്യക്ഷനിവൃത്തികൊണ്ടു് അയാൾ അഭാവത്തെ നിശ്ചയിക്കുന്നു. പ്രധാനപുരു

CC-0. In Public Domain. Gurukul Kangri Collection, Haridwar

ഷാദികൾക്കു പ്രത്യക്ഷയോഗ്യതയില്ല എന്നതിനാൽ അതിന്റെ നിവൎത്തിമാത്രംകൊണ്ടു് തദഭാവനിശ്ചയം പ്രമാണജ്ഞാനമുള്ളവൎക്കു യുക്തമല്ല.

വിവരണം:—"പറഞ്ഞതിന്റെ ചുരുക്കമിതാണു്. പ്രത്യക്ഷനിവൎത്തിമാത്രംകൊണ്ടു് വസ്തുവിന്റെ അഭാവം നിശ്ചയിച്ചുകൂടാ. (നേരിൽക്കാണാനുള്ളതുമാത്രമടിസ്ഥാനമാക്കി പദാൎത്ഥമില്ലെന്നു നിശ്ചയിക്കരുതു്.) അപ്രകാരം നിശ്ചയിക്കുന്നതായാൽ വീട്ടിൽനിന്നു പോയവൻ, വീട്ടിലുള്ളവരെ കാണാതിരിക്കുമ്പോൾ അവരുടെ അഭാവം നിശ്ചയിക്കണം; അങ്ങനെ നിശ്ചയിക്കുന്നില്ല. എന്നാൽ, അയാൾ അഭാവം നിശ്ചയിക്കാത്തതെങ്ങനെയെന്നോ? പ്രത്യക്ഷത്തിന്റെ യോഗ്യതയുള്ളിടത്തു് പ്രത്യക്ഷം പ്രവൎത്തിക്കാതിരിക്കുന്നതിൽനിന്നാണു് അഭാവത്തെ നിശ്ചയിക്കുന്നതു്. യോഗ്യതയെന്നാൽ, അറിയാനുള്ള സാമഗ്രി. പ്രധാനപുരുഷാദികൾക്കു പ്രത്യക്ഷയോഗ്യതയില്ല. എന്നവല്ലു് അതു പ്രത്യക്ഷയോഗ്യതാനിവൎത്തിമാത്രംകൊണ്ടു്, പ്രമാണജ്ഞാനമുള്ളവർ പ്രധാനപുരുഷാദികളുടെ അഭാവനിശ്ചയം ചെയ്യുന്നതല്ല; പ്രധാനവും പുരുഷനും, അറിയാനുള്ള സാമഗ്രി പ്രവൎത്തിക്കാത്തതുമാത്രംകൊണ്ടു് പ്രമാണബോധമുള്ളവർ, ഇല്ലാത്തതായി തീരുമാനിക്കുകയില്ല."

പ്രത്യക്ഷപ്രതിബന്ധനിരൂപണം കഴിഞ്ഞു.

Digitized by Arya Samaj Foundation Chennai and eGangotri

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പ്രധാനാദ്യനുപലാപകകാര്യനിരൂപണം

ഭാഷ്യം:—പിന്നെ ഇവയിൽ പ്രധാനാദികളുടെ അനുപലബ്ധിയിലെ കാരണമേതെന്നു പറയുന്നു.

വിവരണം:—പ്രത്യക്ഷജ്ഞാനത്തിനു പ്രതിബന്ധമുണ്ടാക്കുന്ന അതിദൂരം മുതലായ കാരണങ്ങൾ പറഞ്ഞുകഴിഞ്ഞു. അക്കാരണങ്ങളിലേതായിരിക്കും, പ്രധാനം പുരുഷൻ ഈ അതീന്ദ്രിയവിഷയങ്ങളുടെ പ്രത്യക്ഷജ്ഞാനത്തിനു പ്രതിബന്ധമുണ്ടാക്കുന്നത്? ഇതൊരു സംശയമാണ്. അതിനെ പരിഹരിക്കുന്നു.

കാരിക:—

സൗക്ഷ്മ്യാത്തദനുപലബ്ധിർ-
നാഭാവാത് കാര്യതസ്തദുപലബ്ധൈഃ
മഹദാദി തച്ച കാര്യം
പ്രകൃതി സരൂപം വിരൂപം ച. 8

അർത്ഥം:—പ്രധാനത്തെ അറിയാത്തതു് അതിന്റെ സൂക്ഷ്മഭാവംകൊണ്ടാണ്; ഇല്ലാത്തതുകൊണ്ടല്ല. കാര്യത്തിൽനിന്ന് അതിന്റെ ഉപലബ്ധി സിദ്ധമാകുന്നു മഹത്തത്ത്വം മുതലായവയാണു കാര്യം. അതു് പ്രകൃതിയുടെ സമാനരൂപവും വിപരീതരൂപവുമാണ്.

പരമാണുവേക്കാൾ അതിസൂക്ഷ്മമാണു പ്രധാനം. അതേ അതിസൂക്ഷ്മതനിമിത്തം പ്രധാനത്തെ, പ്രത്യക്ഷമായറിയാത്തതാണ്; മറിച്ച് ഇല്ലായ്മനിമിത്തമല്ല. പ്രത്യക്ഷജ്ഞാനത്തിന്റെ പ്രതിബന്ധമായിപ്പറഞ്ഞ കാരണങ്ങളിൽ "അതിസൂക്ഷ്മത" എന്നതാണു പ്രധാനത്തിന്റെ പ്രത്യക്ഷജ്ഞാനത്തിനു പ്രതിബന്ധ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

മായിരിക്കുന്നത്. പ്രധാനമുണ്ടെന്ന് അതിൻെറ കാര്യമായ മഹത്തത്ത്വാദികൊണ്ട് അനുമാനിക്കാം. മഹത്തത്ത്വം മുതലായ പ്രകൃതികാര്യം, രണ്ടുവിധത്തിലാണ്; പ്രകൃതിയുടെ സമാനരൂപത്തിലും വിപരീതരൂപത്തിലും.

ഭാഷ്യം:—സൌക്ഷ്മ്യംനിമിത്തം എന്ന്. അഭാവംകൊണ്ട്. സപ്തമരസത്തിൻെറ എന്നപോലെ ഇവയുടെ അനുപലബ്ധി എന്തുകൊണ്ട് ഭവിക്കുന്നില്ല, എന്നതിനാൽ പറയുന്നു. അഭാവം കൊണ്ടല്ലെന്ന് (നാഭാവാത്.) എന്തുകൊണ്ട്? കാര്യംനിമിത്തമുള്ള അതിൻെറ ഉപലബ്ധികൊണ്ട് (കാര്യതസ്തദുപലബ്ധേഃ). തത് എന്നതു പ്രധാനത്തെ പരാമർശിക്കുന്നു പുരുഷാപലബ്ധിയിലെ പ്രമാണമാകട്ടെ "സംഘാതപരാർത്ഥത്വാത്" എന്ന് പതിനാറാംകാരികയിൽ പറയും

വിവരണം.—രസം ആറേയുള്ളു; ഏഴാമതൊരു രസമില്ല. ഇല്ലാത്തതുകൊണ്ട് ഏഴാമത്തെ രസത്തെ അറിയാതിരിക്കുന്നു. അതുപോലെ പ്രധാനപുരുഷാദികളും, ഇല്ലാത്തതുകൊണ്ട് അവയെ അറിയാത്തതാണെന്നു വന്നുകൂടെ? ഈ സംശയം പരിഹരിക്കാനാണ് ഇല്ലാത്തതുകൊണ്ടല്ല (നാഭാവാത്) എന്നു പറഞ്ഞതു്. എന്തുകൊണ്ടില്ലാത്തതല്ല? എന്നു വീണ്ടും സംശയം. മഹത്തത്ത്വം മുതലായതു് പ്രധാനത്തിൻെറ കാര്യമാണ്. കാരണം കൂടാതെ കാര്യമില്ല. കാര്യമായ പുക കണ്ട് കാരണമായ അഗ്നിയെ അനുമാനിച്ചറിയുന്നതുപോലെ മഹത്തത്ത്വാദികാര്യങ്ങളും കൊണ്ട് കാരണമായ പ്രധാനത്തെ അനുമാനിച്ചറിയാം. അതിസൂക്ഷ്മമായതുകൊണ്ട് അതിനെ പ്രത്യക്ഷമായറിയാത്തതാണ്. കാരികയിലെ "തദനുപലബ്ധി" എന്നിടത്തെ തച്ഛബ്ദം പ്രധാനത്തെ പരാമർശിക്കുന്നു; പുരുഷനെ പരാമർശിക്കുന്നില്ല. പുരുഷനെ കുറിച്ച് പതിനാറാം കാരികയിൽ പറയാനിരിക്കുന്നതാണു കാരണം

ഭാഷ്യം:— ദൃഢതരപ്രമാണങ്ങളാൽ അവധീരിതമായ പ്രധാനാദിയിൽ, യോഗ്യതാവിരഹംനിമിത്തം പ്രത്യക്ഷം അപ്രവർത്തനമായി വർത്തിക്കുന്നു എന്നു കല്പിക്കപ്പെട്ടിരിക്കയാണല്ലോ. ഏഴാമത്തെ രസമാകട്ടെ; പ്രമാണത്താൽ അവധീരിതമല്ല; എന്നതുകൊണ്ട് അതിൽ പ്രത്യക്ഷത്തിൻെറ അയോഗ്യത (യോഗ്യതാ വിരഹം) നിശ്ചയിക്കാൻ കഴികയില്ലെന്നഭിപ്രായം.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

വിവരണം.— പ്രധാനം മുതലായ അതീന്ദ്രിയവിഷയങ്ങളുണ്ടല്ലോ; അതെല്ലാം, പ്രബലമായ അനുമാനാദിപ്രമാണങ്ങൾകൊണ്ടു സമർത്ഥിച്ചുകഴിഞ്ഞതാണു്. ഏഴാമത്തെ രസം, അപ്രകാരം പ്രമാണംകൊണ്ടു സമർത്ഥിച്ചതല്ല; എന്നിരിക്കെ അനിശ്ചിതമായ രസകാര്യത്തിൽ പ്രത്യക്ഷത്തിന്റെ യോഗ്യതാവിരഹം തീർച്ചപ്പെടുത്തുക സാദ്ധ്യമല്ല. ഇല്ലാത്തതുകൊണ്ടു് ഏഴാമത്തെ രസം പ്രമാണസമർത്ഥിതമായില്ല. തന്മൂലം അതു പ്രത്യക്ഷയോഗ്യവുമല്ലെന്നു താത്പര്യം.

ഭാഷ്യം:— യാതൊന്നിൽനിന്നു പ്രധാനാനുമാനം ഭവിക്കുന്നു; ആ കാര്യം ഏതാണു് എന്നതിനാൽ പറയുന്നു; ആ കാര്യം മഹദാദിയാണെന്നു്. (മഹദാദി തത്ത്വ കാര്യം) ഇതു യാതൊരു പ്രകാരം ഗമകമാകുമോ അപ്രകാരം മേൽ ഉപപാദിക്കും.

ആ കാര്യത്തിന്റെ വിവേകജ്ഞാനോപയോഗികളായ സാരൂപ്യവൈരൂപ്യങ്ങളെപ്പറയുന്നു; പ്രകൃതി സരൂപവും വിരൂപവും എന്നു്. ഇവയും മേൽ വിഭജനീയങ്ങളാണു്.

വിവരണം:— പ്രധാനത്തെ, അതിന്റെ കാര്യംകൊണ്ടു് അനുമാനിക്കാമെന്നു പറഞ്ഞല്ലോ; മഹത്തത്ത്വം അഹംകാരം മുതലായതാണു് പ്രധാനത്തിന്റെ കാര്യം. മഹത്തത്ത്വാദി, പ്രധാനത്തിന്റെ പരിണാമമാണു്. പ്രധാനമായ കാരണത്തെ മഹത്തത്ത്വാദി കാര്യംകൊണ്ടു് എങ്ങനെ അനുമാനിക്കാമെന്നു പതിനാലും പതിനഞ്ചും കാരികകളിൽ പറയും. പ്രധാനത്തിന്റെ കാര്യമായ മഹത്തത്ത്വാദി, വിവേകജ്ഞാനത്തിനു പ്രയോജനപ്പെട്ടതാണു്. പ്രകൃതിയേയും പുരുഷനേയും തിരിച്ചറിയുകതന്നെ വിവേകജ്ഞാനം. അതിനു പ്രയോജനപ്പെട്ട മഹത്തത്ത്വാദി കാര്യം പൊതുവിൽ രണ്ടുവിധം. സാധർമ്മ്യംകൊണ്ടു പ്രകൃതിയോടു സമാനമായിരിക്കുന്നതു ഒരുവിധം. വൈധർമ്മ്യംകൊണ്ടു പ്രകൃതിയോടു വിപരീതരൂപമായിരിക്കുന്നതു് മറ്റൊരുവിധം. അവയെ ക്രമത്തിൽ സാരൂപ്യമെന്നും വൈരൂപ്യമെന്നും പറയും. ഈ സാരൂപ്യവൈരൂപ്യങ്ങളേയും പത്തും പതിനൊന്നും കാരികകളിൽ വിഭജിച്ചു പ്രതിപാദിക്കും.

പ്രധാനാദ്യനുമാപകനിരൂപണം കഴിഞ്ഞു.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സത്കാര്യവാദനിരൂപണം

ഭാഷ്യം:—കാര്യത്തിൽനിന്നും കാരണമാത്രത്തെ അറിയുന്നു. ഇതിൽ വാദികൾക്കു വിപ്രതിപത്തിയുമുണ്ട്. എങ്ങനെയെന്നാൽ; ചിലർ പറയുന്നു "അസത്തിൽനിന്നു സത്തു് ഉണ്ടാകുന്നു" എന്നു്. "ഏകമായ സത്തിന്റെ വിവർത്തമായിരിക്കുന്ന കാര്യജാതമായ വസ്തു സത്തല്ല" എന്നു വേറെ ചിലർ. മറ്റു ചിലരാകട്ടെ "സത്തിൽനിന്നു് അസത്തു് ഉണ്ടാകുന്നു" എന്നു്. സത്തിൽനിന്നു് സത്തുണ്ടാകുന്നു എന്നു് വൃദ്ധന്മാർ (സാംഖ്യന്മാർ.)

വിവരണം:—ഇന്ദ്രിയപ്രത്യക്ഷമായ പ്രപഞ്ചവും (ജഗത്തും) അതിന്റെ കാരണവുമാണിവിടെ വ്യവഹാരവിഷയം. ഉണ്ടായതെല്ലാം, കാര്യമാണു്. പ്രപഞ്ചം അഥവാ ജഗത്തു് ഉണ്ടായതാകയാൽ അതു കാര്യം. കാരണംകൂടാതെ കാര്യമില്ല. പ്രപഞ്ചരൂപമായ കാര്യത്തിൽനിന്നു് അതിനൊരു കാരണമുണ്ടെന്നു മാത്രം മനസ്സിലാക്കാം. ഇന്നു കാരണമെന്നു മനസ്സിലാക്കുക പ്രയാസമായിരിക്കുന്നു. തത്ത്വവാദികളായ ദാർശനികന്മാർ പ്രപഞ്ചകാരണത്തിന്റെ പേരിൽ അഭിപ്രായവ്യത്യാസമുള്ളവരാണു്. നാലു കൂട്ടരാണതിൽ മുന്നിട്ടുനിൽക്കുന്നതു്. ബൌദ്ധന്മാരും, വേദാന്തികളും, നൈയായികന്മാരും, സാംഖ്യന്മാരും. ബൌദ്ധദാർശനികന്മാരുടെ അഭിപ്രായത്തിൽ പ്രപഞ്ചകാരണം ശൂന്യമാണു്. ശൂന്യമെന്നാൽ, അസത്തു്; അഭാവം. അസത്തായ കാരണത്തിൽനിന്നു സത്തായ കാര്യപ്രപഞ്ചമുണ്ടാകുന്നു. കാര്യമെല്ലാം അഭാവ (അസത്) കാരണമാണത്രേ. വിത്തു നശിച്ചിട്ടാണു മുളയുണ്ടാവുക. പാലു നശിക്കാതെ തൈരുണ്ടാകുന്നില്ല. മണ്ണുരുള നശിച്ചിട്ടേ കുടമുണ്ടാകുന്നുള്ളൂ. ഇതെല്ലാം അസത്തിൽനിന്നു സത്തുണ്ടാകുന്നതിന്റെ ദൃഷ്ടാന്തങ്ങളായി അവർ എടുത്തുകാട്ടുന്നു. ബൌദ്ധ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പക്ഷത്തിൽ പ്രപഞ്ചം ഉള്ളതും, അതിൻെറ കാരണം ഇല്ലാത്തതു മാണ്.

സത്തിൽനിന്ന് അസത്തുണ്ടാകുന്നതായി വേദാന്തികൾ അഭിപ്രായപ്പെടുന്നു. ഏകമാത്രമായ ബ്രഹ്മം കാരണം. അതു സത്താണ്; ഉള്ളതാണ്. ഏകമാത്രവും സത്തുമായ ബ്രഹ്മത്തിൽ അവിദ്യാസംബന്ധംനിമിത്തം തോന്നുന്ന വിവർത്തമാണു നാനാരൂപമായ പ്രപഞ്ചം. ഒരു വസ്തു സ്വരൂപനാശംകൂടാതെ പലതായി വർത്തിക്കുന്നതു വിവർത്തം. കയററിൽ തോന്നുന്ന സർപ്പബുദ്ധിയും ചിപ്പിയിൽ തോന്നുന്ന രജതബുദ്ധിയും ദൃഷ്ടാന്തങ്ങൾ. അധിഷ്ഠാനമായ കയററിലും, ചിപ്പിയിലും, മുറയ്ക്കു തോന്നിയ സർപ്പബുദ്ധിയും രജതബുദ്ധിയും സത്യമറിയുമ്പോൾ നീങ്ങിപ്പോകുന്നു. അതു പോലെ കാരണമായ ബ്രഹ്മത്തെ നേരിട്ടറിയുമ്പോൾ—സാക്ഷാത്കരിക്കുമ്പോൾ അതിൽത്തോന്നിയ അവിദ്യാരൂപമായ നാനാത്വം നീങ്ങി ഏകത്വം അനുഭവപ്പെട്ടും. നാനാത്വം സത്യമല്ലാത്തതുകൊണ്ടു തദ്രൂപമായ കാര്യപ്രപഞ്ചം അസത്താണ്. കാരണമായ ബ്രഹ്മം സത്തും. ഇങ്ങനെ വേദാന്തികളുടെ അഭിപ്രായം.

നൈയായികന്മാർ രണ്ടുതരക്കാരുണ്ടു്; കണാദപക്ഷക്കാരും, ഗോതമപക്ഷക്കാരും. സിദ്ധാന്തപരമായി ഏതാനും അംശങ്ങളിൽമാത്രമേ അവർ തമ്മിൽ അഭിപ്രായവ്യത്യാസമുള്ളു. നൈയായികന്മാരുടെ അഭിപ്രായത്തിൽ, പരമാണു ഭാവരൂപമായതുകൊണ്ട് സത്താണ്. സത്തായ പരമാണു, ഇച്ഛാശക്തിനിമിത്തം ക്രിയാവിധേയമായി രണ്ടു പരമാണുക്കൾ കൂടിച്ചേരുന്നു. അതിനെ ദ്വ്യണുകമെന്നു പറയും. തുടർന്നു ദ്വ്യണുകം മൂന്നുകൂടിച്ചേർന്നു ത്ര്യണുകവും പിന്നെ ചതുരണുകവും അങ്ങനെ ക്രമത്തിൽ സംഘാതരൂപം പ്രാപിച്ച് ബ്രഹ്മാണ്ഡമായിത്തീരുന്നു. കാരണമായ പരമാണു ഉള്ളതും, കാര്യമായ ദ്വ്യണുകാദി മുമ്പില്ലാതിരുന്നതുമാണ്. അതിനാൽ പരമാണുരൂപമായ കാരണം സത്തും, അതിൽ നിന്നുണ്ടായ ദ്വ്യണുകാദിസംഘാതരൂപമായ ബ്രഹ്മാണ്ഡം, അഥവാ പ്രപഞ്ചം അസത്തുമാണെന്നു്, ന്യായവൈശേഷികപക്ഷക്കാർ സിദ്ധാന്തിക്കുന്നു. മറെറാരു വാക്കിൽ, സത്തിൽനിന്ന് അസത്ത് ഉണ്ടാവുകയാണത്രെ. മുമ്പില്ലാതിരുന്ന കാര്യം, കാരണസാമഗ്രിനിമിത്തം പിന്നീടുണ്ടാകുന്നതായി നൈയായികന്മാർ അഭിപ്രായപ്പെടുന്നു. മുമ്പില്ലാതിരുന്ന കടം; മണ്ണ്, കുശവൻ,

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

നിർമ്മാണോപകരണം (ദണ്ഡചക്രാദി) ഈ കാരണസാമഗ്രികൾ നിമിത്തം, പിന്നീട് ഉണ്ടാകുന്നതു ദൃഷ്ടാന്തം.

സാംഖ്യന്മാരുടെ അഭിപ്രായം സത്തിൽനിന്നു സത്തുണ്ടാകുന്നുവെന്നാണ്. കാര്യമായ പ്രപഞ്ചവും അതിന്റെ കാരണവും ഉള്ളതാണെന്ന്—സത്താണെന്ന്—സാംഖ്യന്മാർ അഭിപ്രായപ്പെടുന്നു. കാരണത്തിൽത്തന്നെ കാര്യം സൂക്ഷ്മമായിരിപ്പുണ്ടെന്നും, കാരകയോഗത്തിൽ അതു വെളിപ്പെടുകയാണെന്നുമത്രേ അവരുടെ സിദ്ധാന്തം. അതായതു്, കാരണംതന്നെ കാര്യമായി പരിണമിക്കയാണു്. പാലു് തൈരായി പരിണമിക്കുന്നതു ദൃഷ്ടാന്തം.

ഇങ്ങനെ ബൌദ്ധന്മാരുടെ ശൂന്യവാദവും, വേദാന്തികളുടെ വിവർത്തവാദവും, നൈയായികന്മാരുടെ ആരംഭവാദവും, സാംഖ്യന്മാരുടെ പരിണാമവാദവും (സത്കാര്യവാദം) എടുത്തുകാണിച്ചു. എന്നിട്ട് സാംഖ്യദർശനമംഗീകരിച്ചിരിക്കുന്ന പ്രധാന (പ്രകൃതി) മെന്ന കാരണത്തെ ബൌദ്ധാദിദർശനങ്ങൾ അംഗീകരിക്കാത്തതിന്റെ അനൌചിത്യം പരാമർശിക്കയാണു്.

ഭാഷ്യം:—അവയിൽ, ആദ്യത്തെ മൂന്നുപക്ഷത്തിൽ, പ്രധാനം സിദ്ധിക്കുന്നില്ല. സുഖദുഃഖമോഹഭേദവത്തുക്കളായ സ്വരൂപപരിണാമങ്ങളോടുകൂടിയ ശബ്ദാദ്യാത്മകത്വമാണല്ലോ ജഗത്കാരണത്തിന്റെ പ്രധാനത്വം, അതു് സത്ത്വരജസ്തമഃസ്വഭാവത്വവുമാകുന്നു.

വിവരണം:—നാലുപക്ഷമെടുത്തുകാണിച്ചതിൽ ആദ്യത്തെ മൂന്നുപക്ഷത്തിലും പ്രധാനത്തെ അംഗീകരിച്ചിട്ടില്ല. ശൂന്യവാദികളും വിവർത്തവാദികളും ആരംഭവാദികളും പ്രധാനത്തെ ജഗത്കാരണമായി അംഗീകരിക്കാത്തവരാകുന്നു. ജഗത്തു് സുഖദുഃഖമോഹരൂപമാണു്. കാര്യമായ ജഗത്ത് സുഖദുഃഖമോഹരൂപമായതുകൊണ്ടു് അതിന്റെ കാരണവും അതേ സ്വഭാവമുള്ളതായിരിക്കണം. ഈ അനുമാനംകൊണ്ടു് പ്രധാനമാണു ജഗത്തിന്റെ കാരണമെന്നു നിശ്ചയിക്കാം. ഇതു മുൻപറഞ്ഞ മൂന്നു പക്ഷത്തിലും സാധിച്ചിട്ടില്ല സുഖദുഃഖമോഹങ്ങൾ ശബ്ദാദിതന്മാത്രകളുടെ പരിണാമമാണു്. തന്മാത്രകളിലും തത്പരിണാമമായ സുഖദുഃഖമോഹങ്ങളിലും സത്ത്വരജസ്തമസ്സുകൾ അന്തർലീനമായിരിക്കുന്നു. നൂലുകളുടെ നിറം വസ്ത്രത്തിൽ മുഴുവൻ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

വ്യാപിക്കുന്നതുപോലെ, പ്രധാനമായ കാരണം ത്രിഗുണാത്മകമായതുകൊണ്ടു് കാര്യമായ തന്മാത്രകളിലും സുഖാദികളിലും കാരണത്തിൻെറ സ്വഭാവം സംക്രമിക്കുകയാണു്. ശബ്ദാദികളെ നിമിത്തമാക്കി സത്ത്വഗുണം സുഖമായും, രജോഗുണം ദുഃഖമായും, തമോഗുണം മോഹ (അജ്ഞാനം) മായും ജീവികളിൽ പ്രകാശിക്കുന്നു. അങ്ങനെ സത്ത്വരജസ്തമോരൂപമായ പ്രധാനമാണു്, സുഖദുഃഖമോഹാത്മകമായ ജഗത്തിൻെറ കാരണമെന്നു തീർച്ചപ്പെടുത്താം. സ്വപക്ഷസ്ഥാപനത്തിനുവേണ്ടി ഇതരപക്ഷങ്ങളെ മുറയ്ക്കു നിഷേധിക്കുന്നു.

ഭാഷ്യം:—അസത്തിൽനിന്നു സത്തു ജനിക്കുമെങ്കിൽ, അസത്തായ ഇന്നാതെന്നില്ലാത്ത കാരണം സുഖാദിരൂപശബ്ദാദ്യാത്മകമായെങ്ങനെ ഭവിക്കും; സദസത്തുകൾക്കു താദാത്മ്യോപപത്തിയില്ലാത്തതുകൊണ്ടു്.

വിവരണം:—ശൂന്യവാദിപക്ഷം നിഷേധിക്കുകയാണു്. "കാരണം അസത്താണെങ്കിൽ—ഇല്ലാത്തതാണെങ്കിൽ—സുഖദുഃഖമോഹരൂപത്തിൽ പരിണമിക്കുന്ന ശബ്ദാദികളെങ്ങനെയുണ്ടാകും?" ശബ്ദാദികളും അവയുടെ രൂപാന്തരമായ സുഖദുഃഖമോഹങ്ങളും എല്ലാക്കും അനുഭവത്തിലിരിക്കുന്നതുകൊണ്ടു് സത്തുതന്നെ; അസത്തല്ല. സത്തിനും അസത്തിനും, അഥവാ ഇല്ലായ്മയ്ക്കും ഉണ്മയ്ക്കും, സ്വഭാവം ഭിന്നമായിരിക്കെ, അവയ്ക്കുതമ്മിൽ താദാത്മ്യം ഉപപന്നമല്ല. കാര്യകാരണങ്ങൾക്കു താദാത്മ്യമില്ലാത്തതുകൊണ്ടു്, കാര്യം സത്തും കാരണം അസത്തുമായതുകൊണ്ടു്, ശൂന്യവാദിപക്ഷത്തിലെ പൊരുത്തക്കേടു സ്പഷ്ടമായിരിക്കുന്നു. അതിൽ സത്കാര്യപക്ഷം സ്വീകരിക്കാത്തതിനു തെളിവു് വേറെ അന്വേഷിക്കേണ്ടതില്ല.

ഭാഷ്യം:—ഇനിയത്തേതു്, ഏകമായ സത്തിൻെറ വിവർത്തം ശബ്ദാദിപ്രപഞ്ചമെന്നതാണു്. അപ്രകാരമായാലും "സത്തിൽനിന്നു സത്തു ജനിക്കുന്നു" എന്നുള്ളതു ഭവിക്കയില്ല. അദ്വയമായ ഇതിനു പ്രപഞ്ചാത്മകത്വമില്ല. പ്രപഞ്ചമല്ലാത്തതിൻെറ പ്രപഞ്ചരൂപമായ പ്രതീതിഭ്രമംതന്നെയാണു്.

വിവരണം:—പറഞ്ഞുവന്ന ക്രമമനുസരിച്ചു് പിന്നത്തേതു വേദാന്തികളുടെ വിവർത്തവാദമാണു്. "ഉള്ളതിൽനിന്നു് ഉള്ളതു

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ജനിക്കുന്നു" അഥവാ കാരണവും കാര്യവും ഉള്ളതാണ്, എന്ന സത്കാര്യപക്ഷത്തിന് വിവർത്തവാദത്തിലും സ്ഥാനമില്ല. കാരണമായ ബ്രഹ്മം ഒന്നേയുള്ളൂ. അതുമാത്രമാണുള്ളത്. ഏകകാരണമായ ബ്രഹ്മത്തിൻെറ നാനാരൂപമാണു ശബ്ദാദിപ്രപഞ്ചം. കാരണത്തിൻെറ ഏകത്വം സത്യമാകയാൽ അതിൻെറ നാനാത്വം മിഥ്യയാണ്. ശബ്ദാദിപ്രപഞ്ചംതന്നെ നാനാത്വം. അതായത്, ഏകമാത്രമായ ബ്രഹ്മത്തിനു നാനാരൂപമായ ശബ്ദാദിപ്രപഞ്ചാത്മകത്വമില്ല; പ്രപഞ്ചമല്ലാത്തതിനെ അജ്ഞാനജന്യമായ ഭ്രമംകൊണ്ട് പ്രപഞ്ചരൂപത്തിൽ തോന്നുകയാണ്. "കാരണമുള്ളതും കാര്യമില്ലാത്തതു"മെന്ന ഈ വേദാന്തപക്ഷത്തിലും, കാരണംപോലെതന്നെ കാര്യമുള്ളതാണെന്ന സത്കാര്യവാദത്തിൽ സ്ഥാനമില്ലാതിരിക്കുന്നതു സ്പഷ്ടം.

ഭാഷ്യം:—സത്തായ കാരണത്തിൽനിന്നുതന്നെ അസത്തിൻെറ ജന്മമെന്നു കണഭക്ഷാക്ഷചരണാദികളായ യാവചിലരുടെ മതമാകുന്നു; അവരുടെ മതത്തിലും സദസത്തുകളുടെ ഏകത്വാനുപപത്തികൊണ്ടു കാരണം കാര്യാത്മകമല്ല; എന്നതിനാൽ പ്രധാനസിദ്ധി അവരുടെ മതത്തിലും ഭവിക്കുന്നില്ല.

വിവരണം:—നൈയായികപക്ഷത്തിലും സത്കാര്യവാദത്തിനു സിദ്ധിയില്ലെന്നു സമർത്ഥിക്കുന്നു. നൈയായികപക്ഷത്തിൽ ന്യായവൈശേഷികദർശനങ്ങളുൾപ്പെടുന്നു. ന്യായദർശനത്തിൻെറ ആചാര്യൻ ഗോതമൻ. വൈശേഷികദർശനത്തിൻെറ ആചാര്യൻ കണാദൻ. ഭാഷ്യത്തിൽ പറഞ്ഞിരിക്കുന്ന കണഭക്ഷകൻ, വൈശേഷികാചാര്യനായ കണാദനാണ്. കണത്തെ — അന്നത്തെ — ഭക്ഷിക്കുന്നവനെന്നു ആ ശബ്ദത്തിൻെറ അവയവാർത്ഥം. അക്ഷചരണൻ ന്യായാചാര്യനായ ഗോതമൻ. അദ്ദേഹത്തിനു ആ പേരുണ്ടായതിനു ഒരൈതിഹ്യമുണ്ട്. വ്യാസൻ ഒരു *സൂത്രസന്ദർഭംകൊണ്ട് ആചാര്യനായ ഗോതമനെ അനാദരിക്കയുണ്ടായി. ഗോതമൻ കോപിച്ച് ഒരു ശപഥം ചെയ്തു; മുഖത്തെ കണ്ണുകൊണ്ടു വ്യാസനെ നോക്കുകയില്ലെന്ന്. ഒടുക്കം വ്യാസൻ, ഗോതമനെ പ്രസാദിപ്പിച്ചു; ശിഷ്യവാത്സല്യംനിമിത്തം പ്രസന്നനായ ഗോതമൻ, യോഗശക്തികൊണ്ടു കാലിൽ കണ്ണിനെ പ്രകാശിപ്പിച്ച്

* ഏതേന ശിഷ്ടാപരിഗ്രഹാ അപി വ്യാഖ്യാതാഃ (വേ—2.1-12.)

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

വ്യാസനെ നോക്കിയത്രേ. അന്നുതൊട്ട് "അക്ഷപാദ"നെന്നുകൂടി ഗോതമന്ന പേരുണ്ടായി. അക്ഷപാദൻതന്നെ അക്ഷചരണൻ. അങ്ങനെ കണാദൻെറ വൈശേഷികവും, ഗോതമൻെറ ന്യായവും, കാരണം സത്തും കാര്യം അസത്തുമെന്ന് അഭിപ്രായപ്പെടുന്നു. ഇപ്പറഞ്ഞ കണാദഗോതമപക്ഷത്തിലും കാരണം കാര്യാത്മകമല്ലെന്നു വ്യക്തമാണ്. അതോടൊപ്പം സത്കാര്യവാദത്തിൻേറയും തദധിഷ്ഠിതമായ പ്രധാനത്തിൻേറയും സിദ്ധി ഇല്ലാതാവുകയും.

കുറിപ്പ്:—ബുദ്ധമതം, വേദാന്തമതം, ന്യായവൈശേഷികമതം ഇവയിലെങ്ങും സത്കാര്യവാദത്തിന്നു പ്രസക്തിയില്ലെന്നിപ്പോൾ വ്യക്തമായി. തന്മൂലം ആ മതങ്ങളിൽ പ്രധാനത്തിന്നു സിദ്ധിയില്ലെന്നും.

ഭാഷ്യം:—ഇതുകൊണ്ടു പ്രധാനസിദ്ധിക്കുവേണ്ടി ആദ്യമായ സത്കാര്യത്തെ പ്രതിജ്ഞചെയ്യുന്നു.

വിവരണം:—അങ്ങനെ ബൌദ്ധാദിദർശനങ്ങളിൽ പ്രധാനം സിദ്ധമല്ലാതിരിക്കുന്നതുകൊണ്ടു്; അതിനെ സാംഖ്യദർശനത്തിൽ സാധിക്കാൻപോവുകയാണ്. ആദ്യമായി പ്രധാനസിദ്ധിക്കുപയുക്തമായ സത്കാര്യവാദത്തെ അംഗീകരിക്കുന്നു.

കാരികാ:—

> അസദകരണാദുപാദാന-
> ഗ്രഹണാത് സർവ്വസംഭവാഭാവാത്
> ശക്തസ്യ ശക്യകരണാത്
> കാരണഭാവാച്ച സത്കാര്യം. 9

അർത്ഥം:—ഇല്ലാത്തതിൻെറ പ്രവൃത്തിയില്ലായ്കയും കാരണത്തോടുള്ള കാര്യത്തിൻെറ സംബന്ധവും, എല്ലാററിൽനിന്നും എല്ലാമുണ്ടാകായ്കയും, ശക്തത്തിൻെറ ശക്യപ്രവർത്തനവും കാരണത്തിൻെറ ഉണ്മയും നിമിത്തം കാര്യമുള്ളതാണ്; സത്താണ്.

സത്കാര്യസമർത്ഥനത്തിന് അഞ്ചു കാരണമെടുത്തുകാട്ടുന്നു. ഒന്ന് അസദകരണം. ഇല്ലാത്തതു് (അസത്തു്) പ്രവർത്തിക്കയില്ല.

കാരണത്തിൻെറ പ്രവർത്തന(വ്യാപാര)ഫലമാണു കാര്യം. കാരണമില്ലാതായാൽ വ്യാപാരമില്ല; വ്യാപാരംകൂടാതെ ഫലവുമില്ല. ഇന്ദ്രിയപ്രത്യക്ഷമായ പ്രപഞ്ചം കാര്യമാണ്. കാരണത്തിൻെറ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

വ്യാപാരഫലവുമാണത്. കാരണം ഇല്ലാത്തതായിരുന്നെങ്കിൽ, പ്രപഞ്ചകാര്യത്തിന്ന സംഗതിയില്ല. അതിനാൽ പ്രപഞ്ചകാരണം അസത്തല്ല; ഇല്ലാത്തതല്ല. ഉള്ളതുതന്നെ. പിന്നെ ഉപാദാനഗ്രഹണം. കാര്യത്തോട്ട നിത്യബന്ധമുള്ള കാരണം ഉപാദാനം. അതിൻെറ സ്വീകരണം ഉപാദാനഗ്രഹണം. കാരണത്തിന്ന കാര്യത്തോട്ട നിത്യബന്ധമുള്ളതുകൊണ്ടാണ് കാരണം കാര്യത്തെ ജനിപ്പിക്കുന്നത്. പ്രപഞ്ചം കാര്യമായതുകൊണ്ട് അതിനോട്ട നിത്യബന്ധമുള്ള കാരണമുണ്ടെന്ന തീച്ച. അടുത്തത് സവ്വസംഭവാഭാവം. സവ്വത്തിൽനിന്നും സവ്വവും സംഭവിക്കുന്നില്ല. ഇന്ന കാരണത്തിൽനിന്ന് ഇന്ന കാര്യമെന്നല്ലാതെ, എല്ലാ കാരണങ്ങളിൽനിന്നും എല്ലാ കാര്യങ്ങളുമുണ്ടാകുന്നതല്ല. കാര്യകാരണങ്ങളുടെ ജന്യജനകത്വത്തിന് വ്യവസ്ഥയുണ്ട്. കുടത്തിന്ന മണ്ണു കാരണം. വസ്ത്രത്തിന്ന കാരണം നൂല്. അല്ലാതെ മണ്ണിൽനിന്ന വസ്ത്രമോ, നൂലിൽനിന്ന കുടമോ ഉണ്ടാകുന്നില്ല. കാര്യകാരണങ്ങളുടെ ഈ വ്യവസ്ഥയനുസരിച്ച് കാര്യമായ പ്രപഞ്ചത്തിന്ന വ്യവസ്ഥിതമായ കാരണമുണ്ട്. ഇനി ശക്തത്തിൻെറ ശക്യകാരണം. കാര്യശക്തിയുൾക്കൊണ്ട കാരണം ശക്തം. അത് അർഹമായ കാര്യത്തെ ജനിപ്പിക്കുന്നത് ശക്യകാരണം. കാര്യനിയാമകശക്തി കാരണത്തിലടങ്ങിയിരിക്കുന്നു. അപ്രകാരമല്ലെങ്കിൽ കാര്യത്തെ ജനിപ്പിക്കാൻ കാരണം ശക്തമാവുകയില്ല. ആകയാൽ കാരണം കാര്യശക്തിയുൾക്കൊണ്ടതും തദനുരൂപം പ്രവത്തിക്കുന്നതുമാണ്. ഒടുക്കത്തേത്; കാരണഭാവം. കാരണത്തിലെ കാര്യഭാവമാണ് കാരണഭാവം. കാരണത്തിലെ കാര്യത്തിൻെറ അവ്യാകൃതമായ ഉണ്മതന്നെ, കാര്യത്തിൻെറ കാരണാത്മകത്വം. അതായത് കാരണമുള്ളപ്പോൾ കാര്യവുമുള്ളതാണെന്ന ചുരുക്കം. ഇത്രയുംകൊണ്ട് പ്രപഞ്ചത്തിന്ന വ്യവസ്ഥിതമായ കാരണമുണ്ടെന്നും കാരണം പോലെതന്നെ കാര്യവുമുള്ളതാണെന്നും സമത്ഥിച്ചു കാര്യത്തിൻെറ ഉണ്മ സമത്ഥിക്കുന്ന തത്ത്വപദ്ധതിയാണ് സത്കാര്യവാദം. ഈ സത്കാര്യസമത്ഥനത്തിൽ ബൌദ്ധമതാന്തരങ്ങളുടെ ഖണ്ഡനവും സാധിച്ചിട്ടുണ്ട്. അത് ഭാഷ്യത്തിൽ കാണാം.

ഭാഷ്യം:—അസദകരണം നിമിത്തമെന്ന്; സത്കാര്യം കാരണവ്യാപാരത്തിന്നുമുമ്പും എന്ന ശേഷമുള്ളതാണ്. അപ്രകാരമാക

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

യാൽ, നൈയായികതനയന്മാരാൽ സിദ്ധാസാധനം ഉദ്ഭാവനീയ മാകുന്നില്ല.

വിവരണം:—സത്കാര്യം എന്നതിനോട്, കാരണവ്യാപാരത്തിനുമുമ്പും എന്നുകൂടി ചേർക്കണം. കാരണവ്യാപാരത്തിനു മുമ്പുമുള്ളതാണു സത്കാര്യമെന്നർത്ഥം. കാരണവ്യാപാരത്തിനു ശേഷം കാര്യമുണ്ടാകുന്നു; അതിനുമുമ്പു കാര്യമില്ല. നൈയായികന്മാരുടെ കാര്യസംബന്ധമായ അഭിപ്രായമാണിതു്. സാംഖ്യന്മാർക്കു സമ്മതമല്ല. അവരുടെ അഭിപ്രായത്തിൽ, കാരണവ്യാപാരത്തിനു മുമ്പും കാര്യമുള്ളതാണു്.+ കാരണംപോലെ കാര്യവും സത്തായതുകൊണ്ടു്, ഉള്ളതായതുകൊണ്ടു്, സത്കാര്യമെന്നു പറഞ്ഞു. നൈയായികപക്ഷം അനുസരിക്കുന്നവരാണു് നൈയായികതനയന്മാർ. പുത്രന്മാരെപ്പോലെ നൈയായികപക്ഷമനുസരിക്കുന്നവരെന്നു താത്പര്യം. അവൎക്കു്—നൈയായികമതാനുസാരികൾക്കു്—കാരണവ്യാപാരത്തിനുശേഷം കാര്യമെന്നതു്, (സിദ്ധസാധനം) കാരണവ്യാപാരത്തിനു മുമ്പും കാര്യമുള്ളതാണെന്നു സമർത്ഥിക്കുന്ന സാംഖ്യപക്ഷത്തിന്റെ മുമ്പിൽ പ്രദർശിപ്പിക്കുക സാദ്ധ്യമല്ല.

ഭാഷ്യം:—ബീജമൃത്പിണ്ഡാദികളുടെ നാശത്തിനുശേഷം, അങ്കുരഘടാദികളുടെ ഉത്പത്തി അറിയുന്നെങ്കിൽ, അപ്രകാരമായാലും അഭാവത്തിന്റെ കാരണത്വം ഭവിക്കുന്നില്ല; ബീജാദ്യവയവമായ ഭാവത്തിന്റെ കാരണത്വം ഭവിക്കുന്നു.

വിവരണം:—ജഗത്കാരണം അഭാവ(ശൂന്യം)മാണെന്ന ബൗദ്ധമതപക്ഷം ഖണ്ഡിക്കുന്നു. ഇല്ലാത്തതൊന്നും പ്രവൎത്തിക്കയില്ല. അസദകരണം എന്നതിന്റെ വിശദീകരണമാണിതു്. വിത്തു നശിച്ചശേഷം മുളയും, മൃത്പിണ്ഡം (മണ്ണുരുള) നശിച്ചശേഷം കുടവുമുണ്ടാകുന്നു. ഈ ദൃഷ്ടാന്തങ്ങൾ കാണിച്ചു് അഭാവത്തിൽനിന്നു ജഗത്തുണ്ടാകുന്നതായിട്ടാണല്ലോ ബൌദ്ധന്മാർ അഭിപ്രായപ്പെടുന്നതു്. അപ്രകാരം ആയാലും ജഗത്തിനു് അഭാവം കാരണമാവുകയില്ലത്രേ. എന്തുകൊണ്ടെന്നോ? വിത്തിന്റെ അവയവങ്ങളുടെ രൂപാന്തര—പരിണാമ—മാണു മുള. മറിച്ചു്

+ കാരണവ്യാപാരാത് പ്രാഗപി കാരണേ കാര്യം വിദ്യതേ.
(സാം—സൂ)

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

വിത്തിൻെറ അഭാവമല്ല. അതുപോലെതന്നെ കുടം മൃത്പിണ്ഡത്തിൻെറ പരിണാമമാണ്; അഭാവമല്ല. അതിനാൽ ജഗത്കാരണവും അഭാവമല്ല; ഇല്ലാത്തതല്ല. ഉള്ളതാണ്.

ഭാഷ്യം:—അഭാവത്തിനു ഭാവോത്പത്തി ഉള്ളതായിരിക്കുമ്പോൾ, അതിൻെറ എല്ലായിടത്തുമുള്ള സുലഭത്വംകൊണ്ട് എല്ലായിടത്തും എല്ലാ കാര്യങ്ങളുടേയും ഉത്പത്തി സംഗതമാകുന്നു.

വിവരണം:—ജഗത്തിൻെറ കാരണം അഭാവമായാലത്തെ ദോഷമെന്തെന്നു പറയുകയാണ്. അഭാവമെന്നാൽ ശൂന്യത; അതു മരുഭൂമിയിലും ആകാശത്തിലും സുലഭമായിരിക്കുന്നു. അങ്ങനെ അഭാവം അഥവാ ശൂന്യത എല്ലായിടത്തും സുലഭമായിരിക്കെ, മരുഭൂമിയിൽ സസ്യങ്ങൾ മുളയ്ക്കുകയോ, ആകാശത്തുനിന്നു കുടം മുതലായ പദാർത്ഥങ്ങളുണ്ടാവുകയോ ചെയ്യേണ്ടതാണ്. അപ്രകാരം സംഭവിക്കുന്നില്ലല്ലോ. എന്തുകൊണ്ട്? ശൂന്യതയിൽനിന്ന്, ഇല്ലായ്മയിൽനിന്ന്, ഒന്നുമുണ്ടാവുകയില്ല. അതുകൊണ്ടുതന്നെ. കൂടാതെ, ഇല്ലായ്മയിൽനിന്നാണു ജഗത്തുണ്ടാകുന്നതെങ്കിൽ ഇന്നതിൽനിന്ന് ഇന്നത് എന്ന വ്യവസ്ഥയ്ക്കു സംഗതിയില്ല; എല്ലാററിൽനിന്നുമെല്ലാമുണ്ടാകണം. എന്നാൽ നെല്ലിൽനിന്നു നെല്ലല്ലാതെ യവമുണ്ടാകുന്നില്ല. യവത്തിൽനിന്നു നെല്ലുമുണ്ടാകുന്നില്ല. വ്യവസ്ഥിതമായ കാരണത്തിൽനിന്നു വ്യവസ്ഥിതമായ കാര്യമുണ്ടാകുന്നതായി വേണം ഇതിൽനിന്നു മനസ്സിലാക്കാൻ. ഈ ദൃഷ്ടാന്തംകൊണ്ട് ബൌദ്ധന്മാരുടെ ശൂന്യവാദത്തിൻെറ ദോഷവും ദൌർബല്യവും വ്യക്തമാണ്.

ലോകത്തില്ലാത്തതു് എവിടെയും കാണുകയില്ല; അറിയുകയുമില്ല. ഇല്ലായ്മയിൽനിന്ന് എന്തെങ്കിലുമുണ്ടാകുമെങ്കിൽ, അതെവിടെങ്കിലുമൊന്നു കാണേണ്ടതാണ്. അങ്ങനെ കാണുകയോ അറിയുകയോ ചെയ്യാത്തതുകൊണ്ട്, ഇല്ലായ്മയിൽനിന്നു ജഗത്തുണ്ടാകുന്നു എന്ന അഭിപ്രായം കേവലം പ്രതിജ്ഞമാത്രമായി ശേഷിക്കയേയുള്ളു. ഇതിനെ സംബന്ധിച്ച് "ന്യായവാർത്തികടീക"യിൽ വാചസ്പതിമിശ്രൻ പറഞ്ഞിട്ടുണ്ട്.

ഭാഷ്യം:—ബാധകമില്ലാതിരിക്കുമ്പോൾ, പ്രപഞ്ചപ്രത്യയം മിഥ്യയെന്നു പറയാൻ ശക്യമല്ല.

9

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

വിവരണം:—ഇങ്ങനെ "അസതസ്സജ്ജായതേ" എന്ന ബൌദ്ധപക്ഷം നിഷേധിച്ചതിനുശേഷം വേദാന്തികളുടെ വിവർത്തവാദം നിഷേധിക്കുകയാണ്. കാരണമായ ബ്രഹ്മം സത്തും, കാര്യമായ ജഗത്ത് (പ്രപഞ്ചം) അസത്തുമെന്നു വേദാന്തികൾ അഭിപ്രായപ്പെടുന്നു. അസത്തിനെ മിഥ്യയെന്നു പറയും. വേദാന്തികളുടെ അഭിപ്രായത്തിൽ നാനാരൂപമായ ജഗത്ത് മിഥ്യയും, ഏകരൂപമായ ബ്രഹ്മം സത്യവുമാണ്. ആ പക്ഷം സാംഖ്യന്മാർ നിഷേധിക്കുന്നു. "പ്രപഞ്ചം ഇന്ദ്രിയപ്രത്യക്ഷമായിരിക്കുന്നു അതുള്ളതാണെന്നറിവിനു തടസ്സമായി യാതൊന്നുമില്ല. ചിപ്പിയിൽ വെള്ളിയുടെ തോന്നലുണ്ടാകുന്നു. ഉത്തരക്ഷണത്തിൽ ചിപ്പിയാണെന്നറിയുമ്പോൾ ആ തോന്നൽ നീങ്ങുകയും അതു വെള്ളിയല്ലെന്നറിയുകയും ചെയ്യുന്നു. പൂർവ്വക്ഷണത്തിൽ വെള്ളിയുണ്ടെന്നു തോന്നിച്ചതു മിഥ്യാജ്ഞാനമാണ്. വെള്ളിയില്ലെന്ന സത്യജ്ഞാനത്തിനു മിഥ്യാജ്ഞാനം ബാധകമായിരുന്നു. തന്മൂലം വെള്ളിയില്ലാത്തിടത്തു വെള്ളിയുണ്ടെന്നു തോന്നിപ്പോയി. അതുപോലെ പ്രപഞ്ചജ്ഞാനത്തിനു ബാധകമായി യാതൊന്നുമില്ല അതു പൂർവക്ഷണത്തിലും ഉത്തരക്ഷണത്തിലും സത്യമായിത്തന്നെയിരിക്കുന്നു. അങ്ങനെ പ്രപഞ്ചജ്ഞാനം സത്യമായിരിക്കെ അതെങ്ങനെ മിഥ്യയെന്നു പറയാൻ കഴിയും? ഒരിക്കലും കഴികില്ല. ബ്രഹ്മംമാത്രം സത്യവും ശേഷമെല്ലാം മിഥ്യയുമാണെങ്കിൽ ബ്രഹ്മമല്ലാത്ത വേദവും മിഥ്യയാകണമല്ലോ. വേദം മിഥ്യയാകുമ്പോൾ വേദപ്രതിപാദിതമായ ബ്രഹ്മം മിഥ്യയാകണം. ബ്രഹ്മം മിഥ്യയായാൽ വേദാന്തമതം മിഥ്യയാകണം. അപ്പോൾ ബൌദ്ധന്മാരുടെ ശൂന്യവാദവും വേദാന്തമതവുമൊരുപോലാകും. അതു സംഗതമല്ല. ആകയാൽ പ്രപഞ്ചാകാരമായ ജഗത്ത്, ഉള്ളതുതന്നെ. വേദാന്തികൾ പറയുംപോലെ ഇല്ലാത്തതല്ല; മിഥ്യയല്ല. ഇപ്രകാരം വേദാന്തികളുടെ ജഗന്മിഥ്യാത്മകമായ വിവർത്തവാദം നിരാകൃതമായി.

ഭാഷ്യം:—ഇങ്ങനെ കണഭക്ഷാക്ഷചരണമതമവശേഷിക്കുന്നു.

വിവരണം:—ബൌദ്ധന്മാരുടെ അഭാവ (ശൂന്യ) വാദവും വേദാന്തികളുടെ വിവർത്ത (അസത്കാര്യ) വാദവും നിഷേധിച്ചുകഴിഞ്ഞു. ഇനി ശേഷിക്കുന്നതു് വൈശേഷികമതവും നൈയായി

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

കമത്തവുമാണ്. ഖണ്ഡനീയമായി ശേഷിക്കുന്ന ന്യായവൈശേഷികപക്ഷമെടുത്തുകാണിക്കുകയാണിവിടെ. സ്വപക്ഷസ്ഥാപനത്തിന് അതിൻെറ ഖണ്ഡനവും ആവശ്യകമെന്നു സാരം. എന്നിട്ട് ന്യായവൈശേഷികപക്ഷത്തെ ഖണ്ഡിക്കുന്ന കാരികയിലെ സന്ദർഭങ്ങൾ വ്യാഖ്യാനിക്കുന്നു.

ഭാഷ്യം:—അതിനാൽ "സത്കാര്യം" എന്ന ഇതു പ്രതിജ്ഞാതമായി. അതിലെ കാരണം പറയുന്നു; "അസദകരണാത്" എന്ന്. കാരണവ്യാപാരത്തിനുമുമ്പു കാര്യമില്ലാത്തതാണെങ്കിൽ, ഇതിൻെറ സത്ത്വത്തെ ഉണ്ടാക്കാൻ ആരാലും ശക്യമല്ല; ആയിരം ശില്പികളെക്കൊണ്ടായാലും നീലത്തെ പീതമാക്കാൻ കഴിയുന്നതല്ല.

വിവരണം:—നൈയായികന്മാർ അസത്കാര്യവാദികളാണ്. കാരണവ്യാപാരത്തിനു ശേഷമല്ലാതെ അതിനുമുമ്പു കാര്യമുള്ളതായി അവക്കഭിപ്രായമില്ല. അതിൻെറ നിഷേധരൂപമായ പ്രതിജ്ഞയാണിതു്; കാര്യം കാരണവ്യാപാരത്തിനുമുമ്പും ഉള്ളതാണെന്ന്. എന്തുകൊണ്ടെന്നോ? കാര്യം കാരണവ്യാപാരത്തിനു മുമ്പില്ലാത്തതാണെങ്കിൽ അതിനെ പിന്നീടുണ്ടാക്കാൻ ആരാലും സാധ്യമല്ല. ആയിരക്കണക്കിനു ശില്പികൾ ശ്രമിച്ചാലും നീലത്തെ മഞ്ഞയാക്കാനൊക്കുന്നതല്ലല്ലോ. കാര്യം, കാരണവ്യാപാരത്തിനുമുമ്പുമുള്ളതാണെന്നതിൻെറ പ്രതിജ്ഞാവാക്യമാണ് കാരികയിലെ "സത്കാര്യം." "അസദകരണാത്" എന്നു് അതിൻെറ കാരണവും. ഇല്ലാത്തതു് പ്രവത്തിക്കയില്ലെന്നു് അതിൻെറ അത്ഥം. കാര്യമുള്ളതല്ലെങ്കിൽ അതുപിന്നെ ഉണ്ടാകുകയില്ലെന്നു താത്പര്യം. ഭാഷ്യത്തിൽ അതിനെ വിശദമാക്കുന്നു.

അസത്കാര്യവാദത്തിൻെറ സാമാന്യസ്വഭാവമിതാണ്. കുടം ചൂളയിൽവച്ചു പാകപ്പെടുത്തുന്നതിനുമുമ്പു കറുത്തിരിക്കും. പാകത്തിനുശേഷം ചെമന്നതാകും. ഇപ്പറഞ്ഞ കുടത്തിലുള്ളതായ കറുപ്പും പിന്നീടുണ്ടായ ചെമപ്പുമെന്നപോലെ സത്തും അസത്തും മാററത്തിൻെറ ധമ്മങ്ങളാണ്. അവ രണ്ടും സ്വകാരണത്തെ ആശ്രയിച്ചു സംഭവിക്കുന്നു. കുടത്തിൽ പാകത്തിനുമുമ്പു കറുപ്പും പാകത്തിനുശേഷം ചെമപ്പുമെന്നപോലെ, ഉത്പത്തിക്കുമുമ്പ് അസത്ത്വധമ്മവും, ഉത്പത്തിക്കുശേഷം സത്ത്വധമ്മവും സംഭവിക്കുക

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

യാണ്. പാകജന്യമായ ചെമപ്പു് കാര്യം. അതു്, പാകരൂപമായ കാരണവ്യാപാരത്തിനുമുമ്പു് ഇല്ലാത്തതായിരുന്നു. അപ്രകാരം എല്ലാകാര്യവും കാരണവ്യാപാരത്തിനു മുമ്പില്ലാത്തതാണു്.

നൈയായികന്മാരുടെ ഈ അസത്കാര്യവാദത്തെ സാംഖ്യന്മാർ നിഷേധിക്കുന്നു.

ഭാഷ്യം:—സത്ത്വവും അസത്ത്വവും കുടത്തിൻെറ ധർമ്മങ്ങളെന്നാണെങ്കിൽ, അപ്രകാരമായാലും ധർമ്മി അസത്തായിരിക്കുമ്പോൾ അതിൻെറ ധർമ്മം ഭവിക്കുന്നില്ല എന്നതുകൊണ്ടു സത്ത്വം തദവസ്ഥംതന്നെ. അങ്ങനെ അസത്ത്വം ഭവിക്കുന്നുമില്ല.

വിവരണം:—ധർമ്മിയെന്നാൽ കാര്യമായ വസ്തു. അതിനു രണ്ടു ധർമ്മമുണ്ടെന്നു നൈയായികപക്ഷം; അസത്ത്വമെന്നും സത്ത്വമെന്നും. അസത്ത്വധർമ്മം, ഇല്ലാത്ത അവസ്ഥ. സത്ത്വധർമ്മം ഉള്ള അവസ്ഥ ഈ രണ്ടുധർമ്മവും കാര്യമായ ധർമ്മിയെ ആശ്രയിച്ചിരിക്കുന്നു. കാരണവ്യാപാരത്തിനുമുമ്പു് കാര്യത്തിൻെറ അസത്ത്വധർമ്മവും, കാരണവ്യാപാരത്തിനുശേഷം സത്ത്വധർമ്മവും; ഇങ്ങനെ അസത്ത്വ-സത്ത്വധർമ്മങ്ങളുടെ സ്ഥിതി. ഉദാഹരണം കൊണ്ടിതു വിശദമാക്കാം. മണ്ണും കുടവും. മണ്ണു കാരണം, കുടം കാര്യം. മണ്ണാകുന്ന കാരണം, കാരകയോഗത്തിൽ കുടരൂപമായി വ്യാപരിച്ചതിനുശേഷം കാര്യമായ കുടം ഉണ്ടാകുന്നു. അതിനുമുമ്പു കുടമില്ല. ആ ഇല്ലാത്ത അവസ്ഥ അസത്ത്വധർമ്മം. കുടം ഉണ്ടായിരിക്കുന്ന അവസ്ഥ സത്ത്വധർമ്മവും. കുടമില്ലാതിരിക്കുമ്പോഴും അതിൻെറ ധർമ്മമുള്ളതാണെന്നു നൈയായികപക്ഷം. അതിനെ നിഷേധിക്കുന്നതാണു പ്രകൃതം. കാര്യമായ ധർമ്മിയെ ആശ്രയിച്ചിരിക്കുന്നതാണു ധർമ്മം. ധർമ്മിയെക്കൂടാതെ ധർമ്മത്തിനു സ്ഥിതിയില്ല. അപ്പോൾ, ധർമ്മിയായ കുടമില്ലാതിരിക്കെ, ധർമ്മം മാത്രമുള്ളതാകുന്നതെങ്ങനെ? തീർച്ചയായും ഉള്ളതാവുകയില്ല. ധർമ്മത്തിന് ആശ്രയമായ ധർമ്മിയെക്കൂടാതെ സ്ഥിതിയില്ലാത്തതാണു കാരണം. അതിനാൽ കാര്യവും അതിൻെറ സത്ത്വധർമ്മവും കാരണവ്യാപാരത്തിനു മുമ്പുള്ളതുതന്നെ. അതായതു് കാരണമുള്ളപ്പോൾ കാര്യവുമുള്ളതാണെന്നു ചുരുക്കം. നിഷേധം ഒന്നുകൂടി വ്യക്തമാക്കി സ്വപക്ഷം സമർത്ഥിക്കുന്നു.

ഭാഷ്യം:—അസംബദ്ധവും അതദാത്മകവുമായ അസത്ത്വം കൊണ്ടു് എങ്ങനെ "അസൻഘടം" യോജിക്കും?

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

വിവരണം:—കാര്യോത്പത്തിക്കു മുമ്പും അസത്തായധർമ്മമുണ്ടെന്ന (അസത്തായരൂപധർമ്മാശ്രയോ ഘടഃ) നൈയായികപക്ഷം നിഷേധിക്കുകയാണ്. "അസത്തായധർമ്മം, ധർമ്മിയോടു ബന്ധപ്പെട്ടതല്ല; ധർമ്മം സ്വരൂപകാത്മകവുമല്ല എന്നിരിക്കെ അസത്തായരൂപമായ ധർമ്മത്തിന്നാശ്രയമായ ഘടം എന്ന (അസദ്ഘടഃ) പക്ഷം എങ്ങനെ പൊരുത്തപ്പെടും? "നീലത്താമര" എന്നു പറഞ്ഞാൽ നീലഗുണരൂപമായ ധർമ്മത്തിന്റെ ആശ്രയമായ താമര എന്നർത്ഥം. അതുപോലെ അസത്തായ ഘടം (അസദ്ഘടഃ) എന്നതിന് അസത്തായരൂപമായ ധർമ്മത്തിന്റെ ആശ്രയമായ ഘടമെന്നു വാച്യാർത്ഥം. അതെങ്ങനെ യോജിക്കും? താമരയോടു നീലത്തിനു സംബന്ധമുണ്ടു; അതുപോലെ ഇല്ലാത്ത ഘടത്തിനോട് ഇല്ലാത്ത ധർമ്മത്തിനു സംബന്ധമില്ല. തന്മൂലം "അസത്തായരൂപമായ ധർമ്മത്തിന്റെ ആശ്രയമായ ഘട"മെന്ന പക്ഷം നിഷേധാർഹമാണ്. താമരയോടു നീലത്തിനെന്നപോലെ ഇല്ലാത്ത (അസത്ത്) ഘടത്തിനോട്, ഇല്ലാത്ത ധർമ്മ (അസത്തായധർമ്മ) ത്തിനു സംബന്ധമില്ലാത്തതുകൊണ്ട് ആ അഭിപ്രായം യോജിക്കയില്ല. ആശ്രയമില്ലാത്തപ്പോൾ ധർമ്മവുമില്ലാത്തതായിരിക്കും. ധർമ്മിസ്വരൂപംതന്നെയാണു ധർമ്മവും. ധർമ്മിധർമ്മങ്ങൾക്കു സാംഖ്യനയത്തിൽ ഭേദമില്ല.

ഭാഷ്യം:—അതുകൊണ്ടു കാരണവ്യാപാരത്തിനു പിമ്പും അതിനു മുമ്പും കാര്യമുള്ളതാകുന്നു. സത്തായ ഇതിന് (കാര്യത്തിനു) കാരണത്തിൽനിന്ന് അഭിവ്യക്തിയും അവശേഷിക്കുന്നു.

വിവരണം:—ഇങ്ങനെ നൈയായികപക്ഷം നിരാകൃതമായതുകൊണ്ട് കാരണവ്യാപാരത്തിനു മുമ്പും കാര്യമുള്ളതാണെന്നു സിദ്ധമായി. അതായതു കാരണംപോലെ കാര്യവുമുള്ളതാണെന്നു താത്പര്യം. കാര്യം കാരണത്തിൽനിന്നുണ്ടാവുകയല്ല, കാരണത്തിലുള്ള കാര്യം കാരകയോഗത്തിൽ വെളിപ്പെടുകയാണ്; പ്രകാശിക്കുകയാണ്. കാര്യം, കാരണത്തിന്റെ സൂക്ഷ്മമായിരിക്കുന്നു. അതു് കാരകവ്യാപാരംകൊണ്ട് വ്യവഹാരയോഗ്യമാംവണ്ണം വെളിപ്പെടുകയാണ്. കാര്യം സൂക്ഷ്മരൂപമായിരിക്കുമ്പോൾ വ്യവഹാരക്ഷമമല്ല. മണ്ണിൽ, ഘടം സൂക്ഷ്മരൂപമായിരിക്കുന്നു. ആ സ്ഥിതിയിൽ അതു ഘടമെന്ന വ്യവഹാരത്തിനർഹമല്ല. കാരകവ്യാപാരംകൊണ്ടു, കുശവന്റെ പ്രവൃത്തികൊണ്ട്, കാര്യം സൂക്ഷ്മരൂ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പംവിട്ട സ്ഥൂലരൂപമെടുക്കുമ്പോൾ മാത്രമേ അതിനെ കുടമെന്നു വ്യവഹരിക്കാനൊക്കൂ. കാരണത്തിൽനിന്നു കാര്യം വെളിപ്പെടുന്നതിനെ ഭാഷ്യത്തിൽ അഭിവ്യക്തിയെന്നു പറഞ്ഞിരിക്കുന്നു. സാംഖ്യപക്ഷത്തിൽ കാര്യം കാരണത്തിൽനിന്നുണ്ടാവുകയല്ല; പ്രകാശിക്കുകയാണ്; വ്യവഹാരവിഷയമാവത്തക്കവണ്ണം സ്ഥൂലരൂപമെടുത്തു വെളിപ്പെടുകയാണ്.

ഭാഷ്യം:—സത്തിന്റെ അഭിവ്യക്തി ഉത്പന്നമാകുന്നു. പീഡനംകൊണ്ട് എള്ളിൽ എണ്ണയെന്നപോലെയും, അവഘാതംകൊണ്ട് ധാന്യങ്ങളിൽ തണ്ഡുലങ്ങൾക്കെന്നപോലെയും, ദോഹനംകൊണ്ടു പശുക്കളിൽ പയസ്സിനെന്നപോലെയും. കാരണത്തിലാകട്ടെ, അസത്തിന്റെ ദൃഷ്ടാന്തമൊന്നുമില്ല. ഒരിടത്തും അസത്ത് വെളിപ്പെടുന്നതായിട്ടോ ഉണ്ടാകുന്നതായിട്ടോ കണ്ടിട്ടില്ല.

വിവരണം:—കാരണത്തിന്റെ സൂക്ഷ്മരൂപമായിരിക്കുന്ന കാര്യം, കാരകയോഗത്തിൽ സ്ഥൂലരൂപമെടുത്തു വെളിപ്പെടുന്നതായി പറഞ്ഞല്ലോ. അതിനു മൂന്നു ദൃഷ്ടാന്തം കാണിക്കുന്നു. എള്ള് കാരണവും എണ്ണ കാര്യവും. എള്ളാകുന്ന കാരണത്തിൽ എണ്ണയാകുന്ന കാര്യം സൂക്ഷ്മരൂപമായുണ്ട്. അതു് ആട്ടുക (പീഡനം) എന്ന കാരകപ്രയോഗംകൊണ്ട് സ്ഥൂലരൂപത്തിൽ വെളിപ്പെടുന്നു. അപ്രകാരം ധാന്യങ്ങളിലിരിക്കുന്ന അരി, കുത്തുക (അവഘാതം) എന്ന കാരകയോഗത്തിൽ വെളിപ്പെടുകയാണ്. പശുവിൽനിന്ന് ദോഹനം (കറവ) എന്ന കാരകയോഗംകൊണ്ട് പാലു വെളിപ്പെടുന്നതും അതുപോലെതന്നെ. കാരണത്തിലില്ലാത്ത ഒന്നിനും ദൃഷ്ടാന്തമായൊന്നുമില്ല. ഇല്ലാത്ത എന്തെങ്കിലും വെളിപ്പെടുന്നതായോ, ഉണ്ടാകുന്നതായോ എങ്ങും കണ്ടിട്ടില്ല.

കാരണവ്യാപാരത്തിനു മുമ്പും കാര്യമുണ്ടെന്നതിനു മറെറാരു കാരണംകൂടി എടുത്തുകാട്ടുന്നു. കാരികയിലെ "ഉപാദാനഗ്രഹണാത്" എന്ന അംശമാണതു്.

ഭാഷ്യം:—"ഉപാദാനഗ്രഹണം" നിമിത്തവും കാരണവ്യാപാരത്തിനു മുമ്പു കാര്യം ഉള്ളതുതന്നെ. ഉപാദാനങ്ങൾക്കു കാര്യത്തോടുള്ള ഗ്രഹണമാണ് ഉപാദാനഗ്രഹണം. ഉപാദാനങ്ങളോടുള്ള കാര്യത്തിന്റെ സംബന്ധമെന്നു താത്പര്യം.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

വിവരണം:—സത്കാര്യപക്ഷം സമർത്ഥിക്കാൻ, "അസദകരണം" എന്ന കാരികാംശം വ്യാഖ്യാനിച്ചുകഴിഞ്ഞു. കാര്യമില്ലാത്തതാണെങ്കിൽ പിന്നെ ഉണ്ടാവുകയില്ലെന്നു്. ഇനി സത്കാര്യസമർത്ഥനത്തിന്നു് മറെറാരു കാരണംകൂടി ഉന്നയിക്കുന്നു. "ഉപാദാനഗ്രഹണാ"ദാണതു്. കാര്യത്തോടു നിത്യബന്ധമുള്ള കാരണം, ഉപാദാനം. ഗ്രഹണമെന്നാൽ സംബന്ധം. ഉപാദാനങ്ങളോടുള്ള കാര്യത്തിന്റെ സംബന്ധമാണു് ഉപാദാനഗ്രഹണം. കാരണത്തോടുള്ള കാര്യത്തിന്റെ സംബന്ധവും, സത്കാര്യസമർത്ഥനത്തിന്നു സഹായകമാണത്രേ എന്നാശയമെന്നു പറയുന്നു

ഭാഷ്യം:—ഇതാണു പറഞ്ഞതു്; കാര്യത്തോടു സംബദ്ധമായ കാരണം കാര്യത്തിന്റെ ജനകമാകുന്നു. അസത്തായ കാര്യത്തിന്നു സംബന്ധം ഭവിക്കുന്നുമില്ല. അതുകൊണ്ടു് കാര്യം സത്താണു് എന്നു്.

വിവരണം.—കാരണത്തിന്നു കാര്യത്തോടു നിത്യസംബന്ധമുണ്ടു്: അതേ സംബന്ധം നിമിത്തമാണു് കാരണം കാര്യത്തെ ജനിപ്പിക്കുന്നതു്. കാര്യമില്ലാത്തതാണെങ്കിൽ അതിനോടു കാരണത്തിന്നു ബന്ധമുണ്ടാവുന്നതല്ല. ബന്ധമില്ലെങ്കിൽ കാരണം കാര്യജനകമാവുന്നതുമല്ല. കാരണത്തിന്റെ കാര്യജനകത്വം സ്വാഭാവികമായിരിക്കുന്നു. അതുകൊണ്ടു് കാര്യത്തോടു കാരണത്തിന്നു നിത്യബന്ധമുണ്ടെന്നു തീർച്ചയാണു്. തന്മൂലം കാര്യം ഉള്ളതാണെന്നും.

ഭാഷ്യം:—കാരണങ്ങളോടു് അസംബദ്ധമായ കാര്യം എന്തുകൊണ്ടു് ജനിക്കുന്നില്ല? അങ്ങനെ ആയാലും അസത്തുതന്നെ ഉത്പാദിക്കും. അതുകൊണ്ടു പറയുന്നു; "സർവ്വസംഭവാഭാവാത്" എന്നു്. അസംബദ്ധത്തിന്റെ ജന്യത്വത്തിൽ അസംബദ്ധാവിശേഷംകൊണ്ടു് സർവ്വമായ കാര്യസമൂഹവും സർവ്വത്തിൽനിന്നു ഭവിക്കണം; ഇതു ഭവിക്കുന്നുമില്ല. അതിനാൽ അസംബദ്ധം സംബദ്ധംകൊണ്ടു് ജനിക്കുന്നില്ല പിന്നെയോ, സംബദ്ധംകൊണ്ടു് സംബദ്ധമായ കാര്യം ജനിക്കുന്നു അപ്രകാരം സാംഖ്യപണ്ഡിതന്മാർ പറയുന്നു; "അസത്ത്വേ നാസ്തി സംബന്ധഃ കാരണൈഃ സത്ത്വസംഗിഭിഃ അസംബദ്ധസ്യ ചോത്പത്തിമിച്ഛതോ ന വ്യവസ്ഥിതിഃ" എന്നു്.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

വിവരണം:—കാരണങ്ങൾ കാര്യത്തോടു ബന്ധപ്പെടാതെ തന്നെ കാര്യത്തെ ജനിപ്പിക്കുന്നതായി നൈയായികന്മാർക്കഭിപ്രായമുണ്ട്.* അതിനെ നിഷേധിക്കുന്നു. ഓരോ കാരണവും അതിൻേറതായ കാര്യത്തെയാണു ജനിപ്പിക്കുന്നതു്. ഇന്ന കാരണത്തിനു് ഇന്ന കാര്യം എന്നു വ്യവസ്ഥയുണ്ടു്. ഓരോ കാരണവും അതിൻെറ വ്യവസ്ഥിതമായ കാര്യത്തോടു ബന്ധപ്പെട്ടിരിക്കുന്നു. അങ്ങനെ ബന്ധപ്പെടാത്ത കാരണം കാര്യജനനത്തിൻെറ വ്യവസ്ഥയില്ലായ്മയെയായിരിക്കും ജനിപ്പിക്കുക. അതായതു്, വ്യവസ്ഥയില്ലാതെ എല്ലാററിൽനിന്നും എല്ലാമുണ്ടാമുണ്ടാവുകയെന്നു വരും. അതു ശരിയല്ല; എല്ലാററിൽനിന്നും എല്ലാം ഉണ്ടാവുകയില്ല. "സർവ്വസംഭവാഭാവ"മെന്നു പറഞ്ഞതിൻെറ താത്പര്യമതാണു്. മണ്ണിൽനിന്നു കുടമല്ലാതെ വസ്ത്രമുണ്ടാവുന്നില്ല. നൂലിൽനിന്നു വസ്ത്രമല്ലാതെ കുടവുമുണ്ടാകുന്നില്ല. ഇപ്രകാരം കാര്യകാരണങ്ങളുടെ ജന്യജനകത്വം വ്യവസ്ഥിതമായിരിക്കുന്നതു്, ഓരോ കാരണവും അതതിൻെറ കാര്യത്തോടു ബന്ധപ്പെട്ടിരിക്കുന്നതുകൊണ്ടാണു്. സാംഖ്യപണ്ഡിതന്മാർ അതിനെക്കുറിച്ചിങ്ങനെ പറഞ്ഞിരിക്കുന്നു: "കാരണവ്യാപാരത്തിനുമുമ്പു കാര്യമില്ലാത്തതായിരിക്കുമ്പോൾ ഉള്ളവയായ കാരണങ്ങളോടു് അതിനു സംബന്ധമുണ്ടാവുന്നതല്ല കാരണത്തോടു ബന്ധപ്പെടാത്ത കാര്യത്തിൻെറ ഉത്പത്തിയെ അഭിലഷിക്കുന്നവൻെറ പക്ഷത്തിൽ വ്യവസ്ഥയുമില്ല."

ഭാഷ്യം.—കാര്യത്തോടു് അസംബദ്ധമായിരുന്നാലും സത്തായ കാരണം അതിനെ (കാര്യം) തന്നെ ഉണ്ടാക്കുന്നു. യാതൊന്നിൽ യാതൊരു കാരണം ശക്തമാണു്. കാരണത്തിൻെറ ശക്തി കാര്യദർശനംകൊണ്ടു് അറിയാവുന്നതുമാകുന്നു. അതിനാൽ അവ്യവസ്ഥ ഭവിക്കുന്നില്ല; എന്നതുകൊണ്ടു പറയുന്നു, "ശക്തസ്യ ശക്യകരണാത്" എന്നു്.

വിവരണം:—കാരണം, കാര്യത്തോടു ബന്ധപ്പെടാതിരുന്നാലും വ്യവസ്ഥിതമായ കാര്യത്തെ ജനിപ്പിക്കുമെന്നു നൈയായികന്മാർ സിദ്ധാന്തിക്കുന്നു. ഓരോ കാരണവും, അതതിൻെറ കാര്യത്തിൽ ശക്തിയോടുകൂടിയതാണത്രേ. വ്യവസ്ഥയില്ലാതെ എല്ലാ കാ

---

* അസംബദ്ധാന്യേവ കാരണാനി കാര്യം ജനയന്തി—(ന്യാ-സൂ)

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ര്യത്തിലും ആ ശക്തി ഇരിക്കുന്നില്ല. കാര്യത്തെ ജനിപ്പിക്കുന്നതു കൊണ്ടു് മനസ്സിലാക്കാം, കാരണത്തിനു കാര്യജനകശക്തിയുണ്ടെന്നു്. അതിനാൽ, കാര്യത്തോടു ബന്ധപ്പെടാത്ത കാരണം, കാര്യത്തെ അവ്യവസ്ഥിതമായി ജനിപ്പിക്കയില്ല. ഈ നൈയായികപക്ഷം ശരിയല്ലെന്നു സമർത്ഥിക്കാനാണു് "ശക്തസ്യ ശക്യകരണാത്" എന്നു കാരികയിൽ പറഞ്ഞതു്. 'ശക്തമായ കാരണത്തിൻെറ ശക്യമായ കാര്യനിഷ്പാദനംകൊണ്ടു'' എന്നാണതിൻെറ അർത്ഥം.

ഭാഷ്യം:—ശക്തകാരണാശ്രയമായ ആ ശക്തി എല്ലായിടത്തും ഉള്ളതായിരിക്കുമോ? അതോ ശക്യത്തിൽ മാത്രമുള്ളതായിരിക്കുമോ? എല്ലായിടത്തുമുള്ളതാണെങ്കിൽ ആ അവസ്ഥതന്നെ അവ്യവസ്ഥ. ശക്യത്തിലാണെങ്കിൽ, ശക്യം അസത്തായിരിക്കെ, അതിൽ ഉള്ളതായെങ്ങനെ പറയാം? യാതൊന്നു ഹേതുവായിട്ടു് ഒരു കാര്യത്തെ മാത്രം ജനിപ്പിക്കും, എല്ലാററിനേയും ജനിപ്പിക്കയില്ല, അതു് താദൃശമായ ശക്തിഭേദമെന്നാണെങ്കിൽ, ഹാ! കഷ്ടം, ആ ശക്തി വിശേഷം കാര്യസംബദ്ധമോ? അസംബദ്ധമോ? സംബദ്ധത്വത്തിൽ അസത്തിനോടു സംബന്ധമുണ്ടാവുകയില്ല എന്നതിനാൽ സത്കാര്യം ഭവിക്കുന്നു. അസംബദ്ധത്വത്തിൽ ആ അവ്യവസ്ഥ ഭവിക്കുന്നു. ഇതിനാൽ "ശക്തമായ കാരണത്തിൻെറ ശക്യമായ കാര്യനിഷ്പാദനംകൊണ്ടെ"ന്നു പറഞ്ഞതു ശരിയാണു്.

വിവരണം:—ശക്തിയോടുകൂടിയ കാരണം, ശക്തിക്കർഹമായ കാര്യ(ശക്യം)ത്തെ ജനിപ്പിക്കുന്നു. അതുകൊണ്ടു കാര്യം, കാരണവ്യാപാരത്തിനുമുമ്പുള്ളതാണെന്നും കാര്യത്തോടു കാരണം ബന്ധപ്പെട്ടതാണെന്നും സമർത്ഥിക്കുകയാണു്. നൈയായികപക്ഷത്തെ വികല്പിച്ചുകൊണ്ടു് ആക്ഷേപിക്കുന്നു. "കാര്യജനനശക്തി കാരണത്തിലുള്ളതാണെന്നു പറഞ്ഞല്ലോ; ആ ശക്തി, എല്ലാ കാര്യത്തേയും സംബന്ധിക്കുന്നതോ?" എല്ലാ കാര്യത്തേയും സംബന്ധിക്കുന്നതാണെങ്കിൽ, അതിനു കാര്യത്തെ ജനിപ്പിക്കുന്നതിൽ വ്യവസ്ഥയുണ്ടായിരിക്കയില്ല. മുമ്പു പറഞ്ഞതുപോലെ വ്യവസ്ഥയില്ലാതെ എല്ലാ കാര്യങ്ങളേയും ജനിപ്പിക്കുന്നതാകും. അതല്ല, ശക്യരൂപമായ കാര്യത്തെ മാത്രം സംബന്ധിക്കുന്നതാണെങ്കിൽ, കാരണവ്യാപാരത്തിനുമുമ്പു് കാര്യമില്ലാത്ത നിലയ്ക്കു് അതെങ്ങനെ യോജിക്കും? ഇനി, എല്ലാററിനേയും ജനിപ്പിക്കാത്ത, വ്യവസ്ഥിതമായ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഒരു കാര്യത്തെത്തന്നെ ജനിപ്പിക്കുന്ന, ഒരു ശക്തിവിശേഷമാണു കാരണത്തിലിരിക്കുന്നതെന്നുവരട്ടെ, അങ്ങനെയായാൽ ആ ശക്തിവിശേഷം കാര്യത്തോടു ബന്ധപ്പെട്ടതോ, ബന്ധപ്പെടാത്തതോ? കാര്യം മുമ്പില്ലാത്തതാണെങ്കിൽ അതിനോടു ബന്ധമുണ്ടാവുന്നതല്ല; സംബന്ധമുണ്ടാകാതെ കാര്യം ജനിക്കുന്നതുമല്ല. അപ്പോൾ കാരണവ്യാപാരത്തിനു മുമ്പും കാര്യമുള്ളതായിരിക്കണം. ഉള്ളതിനു്, ഉള്ളതിനോടല്ലാതെ ഇല്ലാത്തതിനോടു ബന്ധമുണ്ടാവുന്നതല്ല. കാരണനിഷ്ഠമായ ശക്തിവിശേഷം കാര്യത്തോടു ബന്ധപ്പെടാത്തതായാലോ? അത്ര വ്യവസ്ഥയില്ലാതെ കാര്യങ്ങളെ ജനിപ്പിക്കുന്നതാകും. അതിനാൽ കാരണനിഷ്ഠമായ ശക്തി, ഉള്ളതായ കാര്യത്തോട്ടു് ബന്ധപ്പെട്ടിരിക്കുന്നതുകൊണ്ടു് ശക്യരൂപമായ കാരണത്തെ ജനിപ്പിക്കുന്നതായി പറഞ്ഞതു ശരിയാണു്.

ഭാഷ്യം:—ഇതുകൊണ്ടും സത്‌കാര്യത്തെപ്പറയുന്നു; (കാരണഭാവാച്ച) കാരണത്തിൻെറ കാര്യാത്മകത്വംകൊണ്ടു്. കാരണത്തിൽനിന്നു കാര്യം ഭിന്നമല്ല. കാരണം സത്തു് എന്നിരിക്കുമ്പോൾ, കാര്യം തൽഭിന്നമായ അസത്തായി എങ്ങനെ ഭവിക്കും? കാര്യത്തിൻെറ കാരണഭേദസാധനങ്ങൾ പ്രമാണങ്ങളുമാകുന്നു. നൂലുകളിൽനിന്നു വസ്ത്രം ഭേദിക്കുന്നില്ല. അതിൻെറ ധർമ്മത്വം ഹേതുവായിട്ടു്. ഇവിടെ യാതൊന്നു യാതൊന്നിൽനിന്നു ഭേദിക്കുന്നു, അതു് അതിൻെറ ധർമ്മമായി ഭവിക്കുന്നില്ല എങ്ങനെയെന്നാൽ ഗോവു് (പശു) കുതിരയുടെ ധർമ്മമുള്ളതല്ല. വസ്ത്രം, നൂലുകളുടെ ധർമ്മമുള്ളതാകുന്നു. അതിനാൽ പദാർത്ഥഭിന്നത്വമില്ല.

ഉപാദാനോപാദേയഭാവംകൊണ്ടും തന്തുപടങ്ങൾക്കു് (നൂലും വസ്ത്രവും) ഭിന്നപദാർത്ഥത്വമില്ല. യാവചിലതുകൾക്കു പദാർത്ഥാന്തരത്വം (ഭിന്നപദാർത്ഥം) ഉണ്ടോ, അവയ്ക്കു് ഉപാദാനോപാദേയഭാവമുണ്ടാവുകയില്ല; കുടത്തിനും വസ്ത്രത്തിനുമെന്നപോലെ തന്തുപടങ്ങൾക്കും ഉപാദാനോപാദേയഭാവമുണ്ടു്. അതിനാൽ പദാർത്ഥഭിന്നത്വമില്ല.

വിവരണം:—കാരണഭാവമെന്നാൽ, കാര്യത്തിൻെറ കാരണാത്മകത്വം. കാരണത്തിൽ കാര്യം സൂക്ഷ്മരൂപമായിരിക്കുന്നതാണു കാരണാത്മകത്വം. അതും സത്‌കാര്യപക്ഷം സമർത്ഥിക്കാൻ സഹായകമാണത്രേ. കാരണത്തിൽനിന്നു ഭിന്നമല്ല കാര്യം. കാരണമുള്ളപ്പോൾ കാര്യവും ഉള്ളതുതന്നെ. കാരണം കാര്യമായി

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പരിണമിക്കുകയാണു്. കാരണത്തിൻെറ ധർമ്മം കാര്യത്തിലുമുണ്ടായിരിക്കും. അങ്ങനെ കാര്യപദാർത്ഥം കാരണഭിന്നമല്ല. നൂലുകളിൽനിന്നുണ്ടാകുന്ന വസ്ത്രം നൂലിൽനിന്നു ഭിന്നമല്ലാതിരിക്കുന്നതു് ഇവിടെ ദൃഷ്ടാന്തം. കാരണമായ നൂലിൻെറ ധർമ്മം, കാര്യമായ വസ്ത്രത്തിലുമുണ്ടായിരിക്കുന്നു. ധർമ്മത്തിൻെറ വൈജാത്യമാണു പദാർത്ഥങ്ങളെ തിരിക്കുന്നതു്. നോക്കു! പശുവിൻെറ ധർമ്മമല്ല, കുതിരയ്ക്കു്. അതുകൊണ്ടു് പശുവും കുതിരയും വെവ്വേറായിരിക്കുന്നു. അപ്രകാരം നൂലിനും വസ്ത്രത്തിനും ധർമ്മവൈജാത്യമില്ല. ആകയാൽ കാരണവും കാര്യവും ഒന്നുതന്നെ.

ഉപാദാനകാരണം, അതിൻെറ കാര്യം (ഉപാദേയം) ഈ സ്ഥിതിയിലും നൂലിൽനിന്നും വസ്ത്രം ഭിന്നമല്ല. ഉപാദാനവും ഉപാദേയ (കാര്യ) വും ഭിന്നമായാൽ പദാർത്ഥങ്ങളും ഭിന്നമായിരിക്കും. മണ്ണു്, ഉപാദാനവും, കുടം ഉപാദേയവും. നൂലു് ഉപാദാനവും വസ്ത്രം ഉപാദേയവും. ഇവിടെ, ഉപാദാനങ്ങളുടെ ഭിന്നത്വംകൊണ്ടു് ഉപാദേയങ്ങളായ കുടവും വസ്ത്രവും ഭിന്നപദാർത്ഥങ്ങളായി. എന്നാൽ നൂലിനും വസ്ത്രത്തിനും ഉപാദാനോപാദേയഭിന്നത്വമില്ല. അതിനാൽ പദാർത്ഥാന്തരത്വവുമില്ല.

ഭാഷ്യം:—സംയോഗപ്രാപ്ത്യഭാവം ഹേതുവായിട്ടും പടതന്തുക്കൾക്ക പദാർത്ഥാന്തരത്വമില്ല. പദാർത്ഥാന്തരത്വത്തിൽ സംയോഗം ദൃഷ്ടമാണു്; പാത്രവും ലന്തക്കുരുവുംപോലെ. അപ്രാപ്തിയും ദൃഷ്ടമാണു്; ഹിമവദ്വിന്ധ്യങ്ങൾക്കെന്നപോലെ. ഇതിൽ സംയോഗപ്രാപ്തികളും ഭവിക്കുന്നില്ല. അതിനാൽ പദാർത്ഥാന്തരത്വമില്ല.

വിവരണം:—പദാർത്ഥങ്ങളെ വേർതിരിക്കുന്ന രണ്ടു ഗുണങ്ങൾ മുകളിൽ എടുത്തുകാണിച്ചു; ധർമ്മവും കാര്യകാരണഭാവവും. ആ രണ്ടു ഗുണങ്ങൾകൊണ്ടും നൂലിൽനിന്നു വസ്ത്രം ഭിന്നമല്ലെന്നു സമർത്ഥിക്കയും ചെയ്തു. ഇനി മൂന്നാമതൊരു ഗുണമെടുത്തുകാട്ടി അതുകൊണ്ടും നൂലിൽനിന്നു വസ്ത്രം ഭിന്നമല്ലെന്നു സമർത്ഥിക്കാൻ പോവുകയാണു്. ആ ഗുണമേതെന്നോ? സംയോഗപ്രാപ്തികളുടെ അഭാവമാണു്. ചേർച്ചയില്ലാത്ത രണ്ടു വസ്തുക്കൾതമ്മിൽ ചേരുന്നതു് സംയോഗം. പാത്രവും ലന്തക്കുരുവും ദൃഷ്ടാന്തം. പാത്രത്തിൽ ലന്തക്കുരുവിരിക്കുന്നെങ്കിലും രണ്ടും രണ്ടുപദാർത്ഥമാണു്.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ചേർച്ചയുള്ള രണ്ടു വസ്തുക്കൾ അകന്നിരിക്കുന്നതു് അപ്രാപ്തി. അതിനെ വിഭാഗമെന്നും പറയും. വിന്ധ്യനും ഹിമവാനും അപ്രാപ്തിക്കു ദൃഷ്ടാന്തം. രണ്ടും മലയായതുകൊണ്ടു് ചേർച്ചയുള്ളവയാണെങ്കിലും അകന്നിരിക്കുന്നു. ഈ സംയോഗത്തിൻെറയും അപ്രാപ്തിയുടെയും ഇല്ലായ്മയാണു് സംയോഗാപ്രാപ്ത്യഭാവം. അങ്ങനെത്തെ സംയോഗവും അപ്രാപ്തിയും, നൂലിലും വസ്ത്രത്തിലുമില്ല. അതിനാൽ പദാർത്ഥാന്തരത്വമില്ല.

ഭാഷ്യം:—ഗുരുത്വാന്തരകാര്യഗ്രഹണം ഹേതുവായിട്ടും വസ്ത്രം നൂലുകളിൽനിന്നു ഭേദിക്കുന്നില്ല. ഇവിടെ യാതൊന്നു യാതൊന്നിൽനിന്നു ഭിന്നമാണോ, അതിൽനിന്നു് അതിൻെറ ഗുരുത്വാന്തരകാര്യമറിയപ്പെടുന്നു. എങ്ങനെയെന്നാൽ ഏകപലികമായ സ്വസ്തിക (ഒരുതരം കർണ്ണാഭരണം) ത്തിൻെറ യാതൊരു ഗുരുത്വാന്തരകാര്യം അവനതിവിശേഷമാകുന്നു; അതിൽനിന്നു ദ്വിപലികമായ സ്വസ്തികത്തിൻെറ ഗുരുത്വകാര്യമായ അവനതിഭേദം അധികമാണു്. അപ്രകാരം തന്തുഗുരുത്വകാര്യത്തിൽനിന്നു പടഗുരുത്വകാര്യാന്തരം കാണപ്പെടുന്നില്ല. അതിനാൽ പടം, തന്തുക്കളിൽനിന്നു് അഭിന്നമാകുന്നു.

ഈ അഭേദസാധനങ്ങൾ, ആ അവീതങ്ങളാണു്.

വിവരണം:— ഗുരുത്വാന്തരം, പദാർത്ഥങ്ങളെ വേർതിരിക്കുന്ന മറെറാരു ഗുണമാണു്. അതും, നൂലിനേയും വസ്ത്രത്തേയും ഭിന്നപദാർത്ഥങ്ങളാക്കുന്നില്ലെന്നു സമർത്ഥിക്കുന്നു. ഒന്നിനെ അപേക്ഷിച്ചു മറെറാന്നിനു് ഘനം (ഗുരുത്വം) അഥവാ തൂക്കം കൂടുന്നതാണു ഗുരുത്വാന്തരം. കാരണത്തേക്കാൾ കാര്യത്തിൻെറ ഗുരുത്വം വ്യത്യാസപ്പെടുന്നതു ഗുരുത്വാന്തരകാര്യം. അതിനെ ഉദാഹരണം കൊണ്ടു വ്യക്തമാക്കുന്നു. ഒരുപലം തൂക്കമുള്ള സ്വസ്തികമെന്ന ആഭരണം; രണ്ടുപലം തൂക്കമുള്ള മറെറാരു സ്വസ്തികാഭരണം. അതു രണ്ടും തുലാസ്സിൽ തൂക്കുമ്പോൾ രണ്ടുപലം തൂക്കമുള്ള ആഭരണമിരിക്കുന്ന തട്ടു് താഴും. ആ താഴ്ച (അവനതി) മറേറ ആഭരണത്തിൽനിന്നു് ഇതധികമെന്നു കാണിക്കുകയാണു്. അതേ അധികംതന്നെ ഗുരുത്വാന്തരകാര്യം. പദാർത്ഥങ്ങളെ വേർതിരിക്കുന്ന ആ ഗുരുത്വാന്തരകാര്യം നൂലിനും വസ്ത്രത്തിനും തമ്മിൽ കാണുന്നില്ല. കാരണമായ നൂലുകളുടെ ഗുരുത്വംതന്നെ കാര്യമായ വസ്ത്രത്തിനുമുണ്ടായിരിക്കും. അതിനാൽ ഗുരുത്വാന്തരകാര്യംകൊണ്ടും നൂലിൽനിന്നു വസ്ത്രം ഭിന്നമല്ല.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഇങ്ങനെ നൂലിനും വസ്ത്രത്തിനും അഭേദം സാധിച്ചതു്, വ്യതിരേകപ്രധാനമായ അവീതമെന്ന അനുമാനംകൊണ്ടാണു്. അഞ്ചാമത്തെ കാരിക വ്യാഖ്യാനിച്ചപ്പോൾ പ്രതിജ്ഞചെയ്തിട്ടുണ്ടു് "അസ്യ ചാഽവീതസ്യ വ്യതിരേകേണ ഉദാഹരണം അഗ്രേ അഭിധാസ്യതേ," എന്നു്. അതിവിടെ സ്മരിക്കുകയാണു്. അനുമാനനിരൂപണത്തിൽ നോക്കി അവീതത്തെ മനസ്സിലാക്കിക്കൊള്ളണം.

ഭാഷ്യം:—ഇപ്രകാരം അഭേദം സിദ്ധമായിരിക്കുമ്പോൾ, തന്തുക്കൾതന്നെ അതതു സംസ്ഥാനഭേദംകൊണ്ടു് പരിണതങ്ങളായി പടമായിഭവിക്കുന്നു. അതിനാൽ പടം തന്തുക്കളിൽനിന്നു് അന്യപദാർത്ഥമല്ല.

വിവരണം:—നൂലിനും വസ്ത്രത്തിനും ഭേദമില്ലെന്നു സമർത്ഥിച്ചു. അപ്പോൾ മറെറാരു സംശയം, ഇതു നൂലു്; ഇതു വസ്ത്രം. ഇങ്ങനെ ഭിന്നമായറിവും വ്യവഹാരവുമുണ്ടല്ലോ. നൂലും വസ്ത്രവുമൊന്നാണെങ്കിൽ—ഭേദമില്ലാത്തതെങ്കിൽ—അതിനു സംഗതിയുണ്ടോ.? ഈ സംശയം പരിഹരിക്കയാണു്. നൂലുകൾതന്നെ അതതു സംവിധാനക്രമംകൊണ്ടു രൂപാന്തരപ്പെട്ടു് വസ്ത്രമായിത്തീരുന്നു. അതിനാൽ നൂലല്ലാതെ മറെറാരു പദാർത്ഥമല്ല വസ്ത്രം.

ഭാഷ്യം:—സ്വാത്മാവിലെ ക്രിയാനിരോധങ്ങളും, ബുദ്ധിവ്യപദേശാർത്ഥക്രിയാവ്യവസ്ഥാഭേദങ്ങളും ഏകാന്തിക (പാരമാർത്ഥികം)മായ ഭേദത്തെ സാധിക്കാൻ അർഹങ്ങളാകുന്നില്ല; ഒന്നിൽത്തന്നെയും തത്തദ്വിശേഷാവിർഭാവതിരോഭാവങ്ങൾകൊണ്ടു് ഇവയുടെ വിരോധമില്ലായ്മ നിമിത്തം.

എങ്ങനെയെന്നാൽ ആമയുടെ അവയവങ്ങൾ, ആമയുടെ ശരീരത്തിൽ നിവേശിച്ചു മറയുകയും, പുറത്തുവന്നു വെളിപ്പെടുകയുംചെയ്യുന്നു. ആമയിൽനിന്നു് ആ അവയവങ്ങൾ ഉണ്ടാകുന്നതോ നശിക്കുന്നതോ അല്ല. അപ്രകാരം ഏകമായ മണ്ണിൻേറയോ സ്വർണ്ണത്തിൻേറയോ ഘടമുകുടാദികളായ വിശേഷങ്ങൾ (വ്യത്യസ്തഭാവങ്ങൾ) പുറത്തു വെളിപ്പെടുമ്പോൾ ഉത്പാദിക്കുന്നു എന്നു പറയുന്നു, നിവിശമാനങ്ങളായി മറയുമ്പോൾ വിനശിക്കുന്നു എന്നും. എന്നാൽ ഇല്ലാത്തവസ്തു ഉത്പാദമോ ഉള്ളവസ്തു നാശമോ ഇല്ല. ഭഗവാൻ കൃഷ്ണദ്വൈപായനൻ അങ്ങനെ പറഞ്ഞിരി

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ട്ടുണ്ട്; "നാസതോ വിദ്യതെ ഭാവോ—നാഭാവോ വിദ്യതേ സതഃ" എന്നു്. സംകോചവികാസികളായ അവയവങ്ങളിൽനിന്നു് ആമ ഭിന്നമല്ലാതിരിക്കുന്നതെപ്രകാരമോ അപ്രകാരം ഘടകമുകുടാദികളും മൃത്സുവർണ്ണാദികളിൽനിന്നു ഭിന്നങ്ങളല്ല.

വിവരണം:—സ്വാത്മാവു്, ഭേദപ്പെടാതിരിക്കുന്ന സ്വരൂപവസ്തു. ഇവിടെ നൂലു്. അഭിന്നമായ ഏതു സ്വരൂപവസ്തുവിലും രണ്ടു സ്വഭാവം കാണും. ഉത്പത്തിരൂപമായ ക്രിയയും നാശരൂപമായ നിരോധവും. അതായതു്, ഉണ്ടാവുകയും നശിക്കുകയും. ക്രിയാനിരോധങ്ങൾ എന്നു പറഞ്ഞതു് അതിനെയാണു്. ആ ക്രിയയും നിരോധവും, അഥവാ ഉണ്ടാവുകയും നശിക്കുകയും, ആ നൂലിലുമുണ്ടു്. അപ്പോൾ നൂലിൽനിന്നു വസ്ത്രമുണ്ടാവുകയും നശിക്കുകയും തീർച്ചയാണു്. സ്വരൂപവസ്തുവായ നൂലു് വസ്ത്രമല്ല; നൂലിൽനിന്നുണ്ടാകുന്നതാണു് വസ്ത്രം. ഈ പ്രകൃതത്തിൽ നൂലും വസ്ത്രവും ഭിന്നമാണെന്നു വ്യക്തം. പിന്നെ, "ബുദ്ധിവ്യപദേശാർത്ഥക്രിയാവ്യവസ്ഥാഭേദ"ങ്ങളും, നൂലും വസ്ത്രവും ഭിന്നപദാർത്ഥങ്ങളെന്നു തെളിയിക്കാൻപോരുന്നവയാണത്രേ. ഇതു് ദ്വന്ദ്വസമാസമായതുകൊണ്ടു് ഒടുവിലത്തെ ഭേദശബ്ദം ഘടകപദങ്ങളോടെല്ലാം ചേർക്കണം. അങ്ങനെ ചേർക്കുമ്പോൾ ബുദ്ധിഭേദം, വ്യപദേശഭേദം, അർത്ഥക്രിയാഭേദം, വ്യവസ്ഥാഭേദം എന്നു കിട്ടും. ബുദ്ധിഭേദമെന്നാൽ, അറിവിന്റെ വ്യത്യാസം. വ്യപദേശഭേദം, വ്യവഹാരവ്യത്യാസം. അർത്ഥക്രിയാഭേദം, പ്രയോജനനിഷ്പാദനവ്യത്യാസം. വ്യവസ്ഥാഭേദം, സ്ഥിതിനിയമവ്യത്യാസം. ഇതെല്ലാം നൂലിനോടും വസ്ത്രത്തോടും യോജിപ്പിച്ചു് അവയുടെ ഭിന്നപദാർത്ഥത്വം വ്യക്തമാക്കുന്നു. ഇതു് നൂലു്, ഇതു വസ്ത്രം, ഇങ്ങനെ അറിവിന്റെ വ്യത്യാസം. പാത്രത്തിൽ ഖണ്ഡക്കുരു എന്നപോലെ, നൂലാകുന്ന ആധാരത്തിൽ വസ്ത്രമാകുന്ന ആധേയമിരിക്കുന്നു. ഇതു് വ്യവഹാരവ്യത്യാസം. "നൂലുകൾകൊണ്ടു വസ്ത്രം നെയ്യുന്നു, വസ്ത്രംകൊണ്ടു് ദേഹം മറയ്ക്കുന്നു" എന്നിങ്ങനെ പ്രയോജനനിഷ്പാദനവ്യത്യാസം. നൂലു്, ഒററപ്പെട്ടും വസ്ത്രം നൂലുകൾ കൂടിച്ചേർന്നതായുമിരിക്കുന്നു. ഇതു് സ്ഥിതീനിയമവ്യത്യാസം. ഇങ്ങനെ ക്രിയാനിരോധങ്ങൾകൊണ്ടും, ബുദ്ധിഭേദം, വ്യപദേശഭേദം, അർത്ഥക്രിയാഭേദം, വ്യവസ്ഥാഭേദം ഇവകൊണ്ടും നൂലും വസ്ത്രവും ഭിന്നപദാർത്ഥങ്ങളെന്നു നൈയായികന്മാർ അഭിപ്രായ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പ്പെടുന്നു. ഈ പൂർവ്വപക്ഷം ഖണ്ഡിക്കുകയാണ്. ഇപ്പറഞ്ഞതൊന്നും, നൂലും വസ്ത്രവും ഭിന്നപദാർത്ഥങ്ങളെന്ന് പാരമാർത്ഥികമായി സമർത്ഥിക്കാൻ സഹായകമല്ല. ഇവയെല്ലാം അനുകൂലമായി ഒരു വസ്തുവിൽത്തന്നെയും വ്യത്യസ്തമായി വെളിപ്പെടുകയും മറയുകയും ചെയ്യുന്ന സ്വഭാവമിരിക്കുന്നതാണ് കാരണം. സ്വരൂപവസ്തു അതായിത്തന്നെയിരിക്കെ ആ വസ്തുവിൽ വെളിപ്പെടുകയും മറകയും എന്ന വ്യത്യസ്തസ്വഭാവമുള്ളതുകൊണ്ട് മേൽ ഉന്നയിച്ച "ക്രിയാനിരോധങ്ങൾ" സംഗതമല്ല. ഉദാഹരണംകൊണ്ടു സ്വപക്ഷം സമർത്ഥിക്കുന്നു.

ആമ; അതൊരു സ്വരൂപവസ്തുവാണ്. ആമയുടെ ശരീരത്തിൽ അതിൻെറ അവയവങ്ങൾ മറഞ്ഞിരിക്കയും വെളിപ്പെടുകയും ചെയ്യുന്നു. അവയവങ്ങൾ മറഞ്ഞിരിക്കുമ്പോൾ ഇല്ലാത്തതായോ വെളിപ്പെടുമ്പോൾ ഉണ്ടാകുന്നതായോ വരുന്നില്ല. അപ്രകാരം മണ്ണും, സ്വർണ്ണവും. അവയും ഓരോ സ്വരൂപവസ്തുവാണ്. മണ്ണിൽനിന്നു കുടം മുതലായ പാത്രങ്ങളും, സ്വർണ്ണത്തിൽനിന്ന് കിരീടം മുതലായ അലങ്കാരങ്ങളും വെളിപ്പെടുന്നു. അതിനെയാണ് ഉണ്ടാകുന്നു എന്നു പറയുന്നത്. വെളിപ്പെടാതിരിക്കുമ്പോൾ ഇല്ലെന്നും പറയുകയാണ്. ആമയുടെ ശരീരത്തിൽ മറഞ്ഞിരിക്കുന്ന അവയവങ്ങൾ വെളിപ്പെടുന്നതുപോലെ, ക്രമത്തിൽ മണ്ണിലും സ്വർണ്ണത്തിലും മറഞ്ഞിരിക്കുന്ന പാത്രങ്ങളും അലങ്കാരങ്ങളും വെളിപ്പെടുന്നു. അല്ലാതെ ഒന്നും ഉണ്ടാവുകയോ നശിക്കയോ ചെയ്യുന്നില്ല. ഉള്ളതുതന്നെ വെളിപ്പെടുകയും മറയുകയുമാണ്. അങ്ങനെ കൃഷ്ണദ്വൈപായനമഹർഷി ഗീതയിൽ പറഞ്ഞിട്ടുമുണ്ട്. "നാസതോ വിദ്യതെ ഭാവോ—നാഭാവോ വിദ്യതേ സതഃ" എന്നു. ഇല്ലാത്തതു് ഉണ്ടാവുകയില്ല; ഉള്ളതു നശിക്കയുമില്ല. അവയവങ്ങളിൽനിന്ന് ആമയുടെ ശരീരവും, കുടം കിരീടം മുതലായവയിൽനിന്നു മണ്ണും സ്വർണ്ണവും ഭിന്നപദാർത്ഥങ്ങളല്ലാതിരിക്കുന്നതുപോലെ നൂലിൽ മറഞ്ഞിരിക്കുന്ന വസ്ത്രം വെളിപ്പെടുമ്പോൾ ഉണ്ടാകുന്നതായും, വെളിപ്പെടാതിരിക്കുമ്പോൾ ഇല്ലാത്തതായും വ്യവഹരിക്കുകയാണ്. ഇപ്പോൾ സ്വരൂപവസ്തുവിലെ "ക്രിയാനിരോധങ്ങൾ" എന്ന ആദ്യത്തെ പൂർവ്വപക്ഷം നിരാകൃതമായി. അതോടൊപ്പം, ഇതു് നൂലു്, ഇതു വസ്ത്രം എന്ന ബുദ്ധിഭേദവും. ശേഷിച്ച വ്യപദേശഭേദം, അർത്ഥക്രിയാഭേദം, വ്യവസ്ഥാഭേദം; ഈ പൂർവ്വപക്ഷം ഓരോന്നും മുറയ്ക്കു നിഷേധിക്കുന്നു.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഭാഷ്യം:—അപ്രകാരം, ഈ നൂലുകളിൽ വസ്ത്രം ഭവിക്കുന്നു എന്ന വ്യപദേശവും, ഈ വനത്തിൽ തിലക (മഞ്ചാടിമര)വൃക്ഷങ്ങൾ ഭവിക്കുന്നു എന്ന വ്യപദേശംപോലെ ഉപപന്നമാണ്.

വിവ:—വ്യപദേശഭേദമെന്ന പൂർവ്വപക്ഷത്തെ നിഷേധിക്കുന്നു. "നൂലിൽ വസ്ത്രമുണ്ട്" എന്നു പറയുമ്പോൾ നൂലും വസ്ത്രവും വ്യവഹാരത്തിൽ ഭിന്നമാണെന്നു വരും. അതാണു വ്യപദേശഭേദം. വ്യവഹാരപരമായ അതേ വ്യത്യാസം, അഥവാ വ്യപദേശഭേദം, മഞ്ചാടിമരം മാത്രമുള്ള കാട്ടിൽ മഞ്ചാടിമരങ്ങളുണ്ടെന്നു പറയുന്നപോലെയാണ്. ആ വ്യവഹാരം യുക്തവുംതന്നെ. അതിനാൽ വ്യപദേശഭേദംകൊണ്ടും, നൂലും വസ്ത്രവും ഭിന്നപദാർത്ഥമല്ല.

ഭാഷ്യം:—അർത്ഥക്രിയാഭേദവും ഭേദത്തെ ആപാദിക്കുന്നില്ല. ഒന്നിനുതന്നെയും നാനാവിധമായ അർത്ഥക്രിയകൾ കാണുന്നതാണു കാരണം. എങ്ങനെയെന്നാൽ, വഹ്നി ഒന്നുതന്നെ ദാഹകവും പാചകവും പ്രകാശകവുമായിരിക്കുന്നു.

വിവരണം:—അർത്ഥക്രിയാഭേദമെന്ന പൂർവ്വപക്ഷം നിഷേധിക്കുകയാണ്. അർത്ഥമെന്നാൽ പ്രയോജനം. ക്രിയ, പ്രവൃത്തി. പ്രയോജനവും പ്രവൃത്തിയും അടിസ്ഥാനമാക്കി നൂലിനും വസ്ത്രത്തിനും ഭിന്നത്വമുണ്ടെന്നു നൈയായികപക്ഷം. നൂലുകൾകൊണ്ടു വസ്ത്രം നെയ്യുന്നു; അതു പ്രയോജനം. വസ്ത്രം ദേഹത്തെ മറയ്ക്കുന്നതു ക്രിയ. ഇങ്ങനെ പ്രയോജനം (അർത്ഥം) നൂലിനും, ക്രിയ വസ്ത്രത്തിനും ഭിന്നമായിരിക്കുന്നതുകൊണ്ട് നൂലും വസ്ത്രവും ഭിന്നപദാർത്ഥങ്ങളെന്നു പൂർവ്വപക്ഷം. അതിന്റെ സമാധാനം; ഒരു വസ്തുവിനുതന്നെ പലതരം പ്രയോജനവും പ്രവൃത്തിയുമുണ്ടാകാം. അതുകൊണ്ടുമാത്രം ആ വസ്തു ഭിന്നമാവുകയില്ല. ഉദാഹരണം അഗ്നിതന്നെ. ഒരേഒരഗ്നി ദഹിപ്പിക്കുകയും ആഹാരം പാകപ്പെടുത്തുകയും പ്രകാശമുണ്ടാക്കുകയും ചെയ്യുന്നു എന്നുവച്ച് അഗ്നി ഭിന്നമാകുന്നില്ല. അതുപോലെയാണു നൂലിനേയും വസ്ത്രത്തേയും സംബന്ധിക്കുന്ന അർത്ഥക്രിയാഭേദവും. അതിനാൽ നൂലും വസ്ത്രവും ഭിന്നപദാർത്ഥമല്ല.

ഭാഷ്യം:—വ്യവസ്ഥാഭേദവും വസ്തുഭേദത്തിൽ കാരണമല്ല; സമസ്തവ്യസ്തങ്ങളായ അവയ്ക്കുതന്നെ വ്യവസ്ഥ കാണുന്നതുകൊണ്ട്. എങ്ങനെയെന്നാൽ, വിഷ്ട്യ (പോണ്ട) ന്മാർ പ്രത്യേകം വഴി

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

നോക്കുക ലക്ഷണമായ അർത്ഥക്രിയയെ ചെയ്യുന്നു; ശിബികാവാഹനത്തെ ചെയ്യുന്നില്ല. അപ്രകാരം നൂലുകൾ പ്രത്യേകം പ്രവാരണ (മറയ്ക്കുക) ത്തെ ചെയ്യാത്തവയാണെങ്കിലും കൂടിച്ചേർന്നു വെളിപ്പെട്ട വസ്ത്രഭാവങ്ങളായിരിക്കുമ്പോൾ പ്രവാരണത്തെ ചെയ്യും.

വിവരണം:—ഒടുക്കത്തെ പൂർവ്വപക്ഷമായ വ്യവസ്ഥാഭേദത്തെ നിഷേധിക്കുന്നു. നൂലു് ഒററപ്പെട്ടും വസ്ത്രം നൂലുകൾ കൂടിച്ചേർന്നുമിരിക്കുന്നതു് ഭിന്നവ്യവസ്ഥകളാണു്. അങ്ങനെ വ്യവസ്ഥാഭേദമിരിക്കുന്നതുകൊണ്ടു് നൂലും വസ്ത്രവും ഭിന്നപദാർത്ഥങ്ങളെന്നു പൂർവ്വപക്ഷം. സമാധാനം: ഒററപ്പെട്ടും (വ്യത്യസ്തം) കൂട്ട (സമസ്ത) മായുമിരിക്കുക നൂലുകളുടേയും വസ്ത്രത്തിൻേറയും വ്യവസ്ഥയാണു്. പ്രത്യേകം നൂലായിരിക്കുകയും പിന്നെ നൂലുകളൊന്നിച്ചുചേർന്നു വസ്ത്രമായിരിക്കുകയും നൂലിൻേറയും വസ്ത്രത്തിൻേറയും സ്വാഭാവികവ്യവസ്ഥതന്നെ. അതേ വ്യവസ്ഥയുടെ അടിസ്ഥാനത്തിലാണു നൂലുകൊണ്ടു് വസ്ത്രം നെയ്യുന്നതും വസ്ത്രംകൊണ്ടു് ദേഹം മറയ്ക്കുന്നതും. അതിൽ നൂലിൻേറയും വസ്ത്രത്തിൻേറയും സ്വാഭാവികവ്യവസ്ഥയ്ക്കു ഭേദമൊന്നും സംഭവിക്കുന്നില്ല. കുറേ പോണ്ടന്മാർ പല്ലക്കെടുക്കുന്നു. അവർ, ഓരോരുത്തനായിട്ടാണു വഴി കാണുന്നതു്. പല്ലക്കെടുക്കുന്നതു കൂട്ടമായിട്ടും. അതുപോലെ, നൂലുമാത്രമായിരിക്കുമ്പോൾ, വസ്ത്രം നെയ്യുക എന്ന വ്യവസ്ഥയ്ക്കു വിധേയമായിരിക്കും. അനന്തരം നൂലു് വസ്ത്രരൂപമായി വെളിപ്പെടുമ്പോൾ ദേഹം മറയ്ക്കുക എന്ന വ്യവസ്ഥയ്ക്കും. അതിനാൽ വ്യവസ്ഥാഭേദം ഇവിടെ ശങ്കനീയമല്ല. തൻമൂലം നൂലും വസ്ത്രവും അഭിന്നപദാർത്ഥങ്ങളെന്നു സിദ്ധം.

ഭാഷ്യം:—പടത്തിൻെറ ആവിർഭാവം കാരണവ്യാപാരത്തിനുമുമ്പു് സത്തോ, അസത്തോ? അസത്താണെങ്കിൽ, എന്നാൽ അസദുത്പാദനം പ്രാപ്തമാണു്. അഥവാ, സത്താണെങ്കിൽ കാരണവ്യാപാരംകൊണ്ടു സാദ്ധ്യമല്ല. എന്തുകൊണ്ടെന്നാൽ കാര്യം സത്തായിരിക്കുമ്പോൾ കാരണവ്യാപാരപ്രയോജനം ഞങ്ങൾ കാണുന്നില്ല. ആവിർഭാവത്തിൽ ആവിർഭാവാന്തരകല്പനം സത്തായിരിക്കുമ്പോൾ അനവസ്ഥാപ്രസംഗം ഭവിക്കും. അതുകൊണ്ടു് തന്തുക്കൾതന്നെ ആവിർഭൂതപടഭാവങ്ങളായി ചെയ്യപ്പെടുന്നു എന്ന വാക്കു് പ്രമാണശൂന്യമാണു്.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

വിവരണം:—നൂലാകുന്ന കാരണവും, വസ്ത്രമാകുന്ന കാര്യവും, ഭിന്നമല്ലെന്നാണു സാംഖ്യപക്ഷം. സാംഖ്യന്മാരുടെ അഭിപ്രായത്തിൽ നൂലും വസ്ത്രവും ഉള്ളതുതന്നെ. അതു പ്രമാണശൂന്യമെന്നു കാണിക്കാൻ നൈയായികപൂർവ്വപക്ഷമുന്നയിക്കുകയാണ്, "ദോഹന (കറവ) ക്രിയകൊണ്ടു പാലെന്നപോലെ, മുമ്പുതന്നെ ഉള്ളതായ കാര്യം കാരണവ്യാപാരംകൊണ്ടു വെളിപ്പെട്ട (ആവിർഭാവം) നാതായി പറഞ്ഞല്ലോ; ആ വെളിപ്പെടൽ (ആവിർഭാവം) വസ്ത്രത്തെ സംബന്ധിച്ച് കാരണവ്യാപാരത്തിനു മുമ്പില്ലാത്തതോ? ഉള്ളതോ?" ഇല്ലാത്തതാണെങ്കിൽ, കാരണത്തിലില്ലാതിരുന്നതു് ഉണ്ടായതാകണം. അതോടൊപ്പം കാര്യമായ വസ്ത്രവും കാരണവ്യാപാരംകൊണ്ടുണ്ടാകുന്നതായി തീർച്ചപ്പെടുത്താം. അപ്പോൾ കാരണവ്യാപാരത്തിനുമുമ്പ് കാര്യമുള്ളതാണെന്നതിനു പ്രസക്തിയെവിടെ? അഥവാ ആ വെളിപ്പെടൽ ഉള്ളതാണെന്നിരിക്കട്ടെ; എന്നാൽ അതു കാരണവ്യാപാരംകൊണ്ട് സിദ്ധിച്ചതല്ല. കാരണവ്യാപാരത്തിന്റെ പ്രയോജനം കാര്യത്തെ ജനിപ്പിക്കയാണ്. കാര്യമുള്ളതാണെങ്കിൽ പിന്നെ കാരണവ്യാപാരം നിഷ്പ്രയോജനംതന്നെ. അതല്ല "യദനഭിർവ്യക്തം തദേവാവിർഭവതി" (ഏതൊന്നു വ്യക്തമാകാതിരുന്നുവോ അതുതന്നെയാണ് വെളിപ്പെടുന്നതു്) എന്ന സിദ്ധാന്തമനുസരിച്ച് വസ്ത്രത്തിന്റെ ആവിർഭാവം മറഞ്ഞിരുന്ന (അനഭിർവ്യക്തം) മറെറാന്നിന്റേതെന്നു സങ്കല്പിച്ചാൽ അതിനു മറെറാന്നിന്റേതിനെ സങ്കല്പിക്കണം; അങ്ങനെ അങ്ങോട്ടങ്ങോട്ടു സങ്കല്പം നിറുത്തില്ലാതെ നീണ്ടുപോകും. അതിനാൽ നൂലിലില്ലാതിരുന്ന വസ്ത്രം, കാരണവ്യാപാരംകൊണ്ട് ഉണ്ടാവുന്നതാണ്. അല്ലാതെ, നൂലുകൾതന്നെ വസ്ത്രമായി വെളിപ്പെടുകയല്ല. ആ പക്ഷം അപ്രാമാണികവുമാകുന്നു.

ഭാഷ്യം:—അസത്ത് ഉത്പാദിക്കുന്നു എന്ന പക്ഷത്തിലെ, ഉത്പത്തി എന്താണ്? സത്തോ, അസത്തോ? സത്താണെങ്കിൽ കാരണങ്ങൾകൊണ്ടു സിദ്ധമല്ല. അസത്താണെങ്കിൽ അതിനും ഉത്പത്ത്യന്തരമുണ്ടാകണം; എന്നതുകൊണ്ട് അനവസ്ഥ ഭവിക്കുന്നു.

വിവരണം:—മുകളിലുന്നയിച്ച പൂർവ്വപക്ഷം നിഷേധിക്കുകയാണ്. കാരണത്തിലില്ലാതിരിക്കുന്ന കാര്യം കാരണവ്യാപാരത്തിനു ശേഷമുണ്ടാകുന്നതായിട്ട് നൈയായികന്മാർ അഭിപ്രായ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പ്പെടുന്നു. അതു ശരിയല്ലത്രേ. ഉത്പത്തി (ഉണ്ടാവുക) യുടെ സ്വരൂപംതന്നെ എന്താണ്? സത്തോ, അസത്തോ? സത്താണെങ്കിൽ ഉള്ളതാണ്; ഉണ്ടായതല്ല. ഉള്ളതിനു കാരണമാവശ്യമല്ല. ഇല്ലാത്തതാണെങ്കിലോ? അതിനു മറ്റൊരുത്പത്തി കാരണമായിരിക്കും; പിന്നെ ആ ഉത്പത്തിക്കു വേറൊരുത്പത്തി കാരണമായിരിക്കും. അങ്ങനെ ഉത്പത്തി അനവസ്ഥാവിധേയമായിപ്പോകും. അതുകൊണ്ട് ഇല്ലാത്ത കാര്യം ഉണ്ടാകുന്നു; അഥവാ ഉത്പാദിക്കുന്നു എന്ന അഭിപ്രായം സംഗതമല്ല. ഇല്ലാത്തതു് ഒരിക്കലുമുണ്ടാകാത്തതാണ് കാരണം.

ഭാഷ്യം:—ഉത്പത്തി വസ്ത്രത്തിൽനിന്നു ഭിന്നമല്ല; പിന്നെയോ? വസ്ത്രംതന്നെ ഉത്പത്തി. അങ്ങനെയിരിക്കെ വസ്ത്രമെന്നു പറയുമ്പോൾതന്നെ ഉത്പാദിക്കുന്നു എന്നതും ഭവിക്കുന്നു. അതുകൊണ്ട് വസ്ത്രമെന്നു പറയുമ്പോൾ ഉത്പാദിക്കുന്നു എന്നതു വാച്യമല്ല; പൌനരുക്ത്യം നിമിത്തം. വിനശിക്കുന്നു എന്നതും വാച്യമല്ല; ഉത്പത്തിവിനാശങ്ങൾക്ക് ഒന്നിച്ചൊരിടത്തു വിരോധമുള്ളതുകൊണ്ട്.

വിവരണം:—പൂർവ്വപക്ഷം നിഷേധിച്ചതിനുശേഷം സിദ്ധാന്തപക്ഷം സമർത്ഥിക്കുന്നു. "ഉണ്ടാവുക (ഉത്പത്തിയും) വസ്ത്രവും രണ്ടല്ല. അതു് രണ്ടുമൊന്നുതന്നെ. വസ്ത്രമെന്നു പറയുമ്പോൾ അതിൽ ഉണ്ടാവുകയുമുൾപ്പെടുന്നു. അതുകൊണ്ട് വസ്ത്രം ഉണ്ടാകുന്നു എന്നു പറഞ്ഞുകൂടാ; പുനരുക്തിദോഷമാണതു്. വസ്ത്രം നശിക്കുന്നു എന്നും പറയരുതു്, ഉണ്ടാവുകയും നശിക്കുകയും—ഉത്പത്തിയും നാശവും—ഒന്നിച്ചൊരിടത്തിരിക്കാത്തതാണു കാരണം. ഉത്പത്തിനാശങ്ങൾ വിരുദ്ധധർമ്മങ്ങളാണ്. അവ ഒരുമിച്ചൊന്നിൽ ഇരിക്കയില്ല.

ഭാഷ്യം:—അതിനാൽ, ഈ വസ്ത്രോത്പത്തി, സ്വകാരണത്തോടു നിത്യബന്ധമുള്ളതോ? സ്വസത്തയോടു നിത്യബന്ധമുള്ളതോ? രണ്ടുപ്രകാരമായാലും ഉത്പാദിക്കുന്നില്ല. യായൊരുവിധമാണെങ്കിൽ തദർത്ഥങ്ങളായ കാരണങ്ങൾ വ്യാപരിക്കപ്പെടുന്നു. ഇപ്രകാരം സത്തായിത്തന്നെയുള്ള വസ്ത്രാദിയുടെ ആവിർഭാവത്തിനു കാരണാപേക്ഷ ഭവിക്കുന്നു എന്നതു യുക്തമാണ്.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

വിവരണം:—കാര്യമായ വസ്ത്രം, ഉണ്ടാവുകയല്ല; ഉള്ളതാണെന്നു സമർത്ഥിച്ചു. ഇനിയും ഉത്പത്തിപരമായ മറെറാരു കാരണംകൂടി എടുത്തുകാണിച്ച് അതിനേയും ഖണ്ഡിക്കുന്നു. "വസ്ത്രത്തിൻെറ ഉത്പത്തിയെന്നു പറയുന്നതു്, കാരണമായ നൂലിനോടു നിത്യബന്ധമുള്ളതാണോ? അതോ, വസ്ത്രരൂപമായ കാര്യത്തോടു നിത്യബന്ധമുള്ളതോ? രണ്ടുവിധത്തിലായാലും ഉത്പത്തിക്കു സംഗതിയില്ല. നിത്യബന്ധമെന്നാൽ, സമവായബന്ധം. അതിനുത്പത്തിയില്ല. അതുകൊണ്ടാണു്, കാരണമായ നൂലിനോടായാലും, കാര്യമായ വസ്ത്രത്തിനോടായാലും, നിത്യബന്ധമുണ്ടെങ്കിൽ ഉത്പത്തിക്കു സംഗതിയില്ലെന്നു പറഞ്ഞതു്. എന്നുവരുമ്പോൾ, ഉത്പത്തിപ്രയോജനമായ കാരണം, കാര്യാർത്ഥി (ആവശ്യക്കാർ) കളാൽ വ്യാപരിക്കപ്പെടുന്നതായി വേണം മനസ്സിലാക്കാൻ. ആ സ്ഥിതിക്കു ഉള്ളതുതന്നെയായ വസ്ത്രം, വെളിപ്പെടാൻവേണ്ടി കാരണത്തെ ആശ്രയിക്കുന്നതിൽ യുക്തിദോഷമൊന്നുമില്ല

ഭാഷ്യം:—കാരണങ്ങൾക്കു വസ്ത്രരൂപത്തോടു സംബന്ധവുമില്ല.

വിവരണം:—കാര്യമായ വസ്ത്രം, ആവിർഭാവത്തിനു കാരണത്തെ ആശ്രയിക്കുന്നതായി പറഞ്ഞതുകൊണ്ടു്, കാരണമായ നൂലിനു വസ്ത്രരൂപത്തോടു സംബന്ധമുണ്ടെന്നു വിചാരിക്കരുതു്. വസ്ത്രരൂപമെന്നാൽ വസ്ത്രത്തിൻെറ ഗുണമെന്നർത്ഥം. കാരണത്തിനു ക്രിയയോടല്ലാതെ ഗുണത്തിനോടു സംബന്ധമില്ല. അതുകൊണ്ടു പറഞ്ഞതാണു് വസ്ത്രരൂപത്തോടു കാരണത്തിനു സംബന്ധമില്ലെന്നു്. പ്രകൃതം ഭാഷ്യത്തിലു വിശദമാക്കുന്നു. സംബന്ധമില്ലാത്തതിൻെറ കാരണം വ്യക്തമാക്കുകയാണു്.

ഭാഷ്യം:—തദ്രൂപ (വസ്ത്രരൂപ)ത്തിൻെറ അക്രിയാത്വവും, കാരണങ്ങളുടെ ക്രിയാസംബന്ധിത്വവും മറവപ്രകാരത്തിൽ കാരണത്വാഭാവവും നിമിത്തം; "വസ്ത്രരൂപത്തോടു കാരണങ്ങൾക്കു സംബന്ധമില്ല." അതിനാൽ സത്കാര്യമെന്നതു പ്രാമാണികത്വം കൊണ്ടു ശ്രേഷ്ഠമാണു്.

വിവരണം:—കാരണത്തിനു സംബന്ധമില്ലെന്നു പറഞ്ഞതിനു മൂന്നു ഹേതുക്കൾ എടുത്തുകാട്ടുന്നു. ഗുണത്തിനു ക്രിയാസ്വഭാവമില്ലാത്തതാണൊന്നു്. കാരണം ക്രിയയോടു ബന്ധപ്പെട്ടിരിക്കു

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

നാണു രണ്ടാമത്തെ ഹേതു. ക്രിയയ്ക്കു കാരകത്തോടു ബന്ധമുണ്ടു്. കാരകബന്ധംകൊണ്ടാണു് ക്രിയ കാരണത്തിൽനിന്നു കാര്യത്തെ ജനിപ്പിക്കുന്നതു്. കാരകം, ക്രിയയേയും ക്രിയ കാര്യത്തേയും ജനിപ്പിക്കുന്നു. "ക്രിയാജനകത്വം കാരകത്വ"മെന്നു കാരകലക്ഷണം. അപ്പോൾ കാരകത്വം നിമിത്തമാണു കാരണം ക്രിയാസംബദ്ധമാകുന്നതു്. എന്നാൽ കാരണങ്ങളുടെ ക്രിയാസംബന്ധം അംഗീകരിക്കാതെ, കാരകസംബന്ധം അംഗീകരിച്ചാലെന്താണെന്നോ? (ഇതിനെയാണു മററുപ്രകാരത്തിൽ എന്നു ഭാഷ്യത്തിൽ പറഞ്ഞതു്.) ക്രിയയുണ്ടാകാതിരിക്കുക, കാരകമില്ലാതിരിക്കുന്നതുകൊണ്ടാണു്. കാരകമില്ലാതായാൽ, കാരണം കാര്യജനനസമർത്ഥമാവുകയില്ല. ആകയാൽ ക്രിയയും അതിനെ ജനിപ്പിക്കുന്ന കാരകവും, ക്രിയാകാരകങ്ങളോടു കാരണങ്ങൾക്കു സംബന്ധവും, കാര്യം വെളിപ്പെടുന്നതിനാവശ്യമാകുന്നു. ഇതാണു മൂന്നാമത്തെ ഹേതു. ഇപ്പറഞ്ഞതൊന്നുമില്ലാത്തതു നിമിത്തം, വസ്തുരൂപത്തോടു കാരണമായ ദ്രവ്യങ്ങൾക്കു സംബന്ധമില്ലെന്നു സാരം. ഇത്രയും കൊണ്ടു് കാര്യം കാരണവ്യാപാരത്തിനു മുമ്പുള്ളതാണെന്നു വ്യക്തമായി. അതു പ്രാമാണികത്വംകൊണ്ടു ശ്രേഷ്ഠമെന്നും.

സത്കാര്യവാദനിരൂപണം കഴിഞ്ഞു.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

വ്യക്താവ്യക്തങ്ങളുടെ വൈധർമ്മ്യനിരൂപണം

തന്തുപട (നൂലും വസ്ത്രവും) വാദംകൊണ്ട് കാരണമെന്ന പോലെ കാര്യവും ഉള്ളതെന്നു സമത്ഥിച്ചു. തന്മൂലം കാര്യമായ പ്രപഞ്ചത്തിൻേറയും അതിൻെറ കാരണമായ പ്രധാനത്തിൻേറയും ഉണ്മ സിദ്ധമാവുകയും ചെയ്തു. പ്രപഞ്ചപദാത്ഥങ്ങളെ പൊതുവിൽ വ്യക്തമെന്നും കാരണമായ പ്രധാനത്തെ അവ്യക്തമെന്നും ഈ ശാസ്ത്രത്തിൽ സംജ്ഞചെയ്തിരിക്കുന്നു. അവയുടെ തമ്മിലുള്ള സാധമ്മ്യവൈധമ്മ്യങ്ങൾ നിരൂപിക്കാൻ തുടങ്ങുകയാണ്. വൈധമ്മ്യമെന്നാൽ സ്വഭാവവ്യത്യാസം. സാധമ്മ്യം സ്വഭാവസാമ്യവും.

ഭാഷ്യം:—ഇപ്രകാരം, പ്രധാനസാധനാനുഗുണമായ സത്കാര്യത്തെ ഉപപാദിച്ചിട്ട്, ആ പ്രധാനത്തെ ഏതുമാതിരി സാധിക്കേണ്ടതാണോ, അമ്മാതിരി വെളിപ്പെടുത്തിക്കാട്ടാൻ വിവേകജ്ഞാനോപയോഗികളായ സാരൂപ്യവൈരൂപ്യങ്ങളെപ്പറയുന്നു.

വിവരണം:—ഇങ്ങനെ കാര്യമുള്ളതാണെന്നു സമത്ഥിച്ചു. കാരണമായ പ്രധാനത്തെ, സാധിക്കാൻ യോജിച്ചതാണാ സമത്ഥനം. ഇനി ആ പ്രധാനത്തെ യഥാവിധി വെളിവാക്കാൻ തുടങ്ങുകയാണ്. അതിനുവേണ്ടി കാരണമായ പ്രധാനത്തിൻേറയും, കാര്യമായ പ്രപഞ്ചപദാത്ഥങ്ങളുടേയും, സാരൂപ്യവൈരൂപ്യങ്ങളെ—സാമ്യവ്യത്യാസങ്ങളെ—പ്രതിപാദിക്കുന്നു. അങ്ങനെ പ്രതിപാദിക്കുന്നതു് വിവേകജ്ഞാനത്തിനു പ്രയോജനപ്പെടുന്നതാണ്. എട്ടാമത്തെ കാരികയിൽ "മഹാദികാര്യം, പ്രകൃതി വിരൂപം സരൂപം ച" എന്നു പറഞ്ഞതു് ഇവിടെ വിശദമാക്കുന്നു.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

കാരിക:—

ഹേതുമദനിത്യമവ്യാപി-
സക്രിയമനേകമാശ്രിതം ലിംഗം
സാവയവം പരതന്ത്രം
വ്യക്തം വിപരീതമവ്യക്തം. 10

അർത്ഥം:—ഹേതുമത്തും അനിത്യവും അവ്യാപിയും സക്രിയവും അനേകവും ആശ്രിതവും ലിംഗവും സാവയവവും പരതന്ത്രവുമാണു വ്യക്തം. അവ്യക്തം ഇപ്പറഞ്ഞതിനെല്ലാം വിപരീതവും.

കാരണമുള്ളതു്, നിത്യമല്ലാത്തതു്, കാരണത്തിൽ വ്യാപിക്കാത്തതു്, വികാരപ്പെടാത്തതു്, ഒന്നല്ലാത്തതു്, സ്വന്തകാരണത്തെ ആശ്രയിച്ചതു്, പ്രധാനത്തിന്റെ അടയാളമായതു്, അവയവമുള്ളതു്, സ്വതന്ത്രമല്ലാത്തതു്, ഇത്രയും സ്വഭാവമുള്ളതാണു വ്യക്തം. ഇതിനെല്ലാം വിപരീതസ്വഭാവമുള്ളതു് അവ്യക്തവും.

ഭാഷ്യം:—ഹേതുമത്തെന്നു്. വ്യക്തം ഹേതുമത്താണു്. ഹേതു; കാരണം. അതുള്ളതു് ഹേതുമത്തു്. അതിനെ മേൽ പറയും. അനിത്യം; വിനാശമുള്ളതു്. മറഞ്ഞുപോകുന്നതെന്നു താത്പര്യം. പരിണാമിയെ മുഴുവൻ വ്യാപിക്കാത്തതു് അവ്യാപി. കാരണം കാര്യത്തിലല്ലാതെ കാര്യം കാരണത്തിൽ പ്രവേശിക്കുന്നില്ല. കാര്യങ്ങളായ ബുദ്ധ്യാദികൾ കാരണമായ പ്രധാനത്തിൽ പ്രവേശിക്കാത്തതുകൊണ്ടു് അവ്യാപകങ്ങളാണു്. ചലനമുള്ളതാണു സക്രിയം. ബുദ്ധ്യാദികൾ എടുക്കുന്ന ദേഹത്തെ ഉപേക്ഷിക്കുകയും, മററുദേഹത്തെ എടുക്കുകയും, ചെയ്യുന്ന എന്നതു് അവയുടെ ചലനമാണു്. ശരീരം, പൃഥിവി മുതലായവയുടേയും ചലനം പ്രസിദ്ധംതന്നെ. ഓരോ പുരുഷനെക്കുറിച്ചുമുള്ള ബുദ്ധ്യാദികളുടെ ഭിന്നത്വംനിമിത്തം സംഭവിക്കുന്നതു് അനേകം. പൃഥിവ്യാദികളും ശരീരഘടാദിഭേദംകൊണ്ടു് അനേകംതന്നെ. ആശ്രിതം; സ്വകാരണത്തെ ആശ്രിതമായ ബുദ്ധ്യാദി. കാര്യകാരണങ്ങൾക്കു ഭേദമില്ലെങ്കിലും വ്യവഹാരത്തിൽ ഭേദവിവക്ഷകൊണ്ടു് ആശ്രയാശ്രയീഭാവം ഭവിക്കുന്നു. വനത്തിൽ തിലകവൃക്ഷങ്ങളുണ്ടെന്നു പറയുംപോലെ. പ്രധാനത്തിന്റേതാണു ലിംഗം ബുദ്ധ്യാദികൾ പ്രധാനത്തിന്റെ ലിംഗമല്ല; പുരുഷന്റെ ലിംഗമായി ഭവത്താക

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ന്നു എന്നു ഭാവം. അവയവത്തോടുകൂടിയതു സാവയവം. അവയവം, അന്യോന്യസംശ്ലേഷമാണ്; സംയോഗമെന്നു താത്പര്യം. ചേർച്ചയില്ലാത്തവ കൂടിച്ചേരുന്നതു സംയോഗം. അതോടുകൂടി വർത്തിക്കുന്നതു സാവയവം. എങ്ങനെയെന്നാൽ പൃഥിവ്യാദികൾ പരസ്പരം സംയോജിക്കുന്നു; അപ്രകാരം അന്യങ്ങളും. എന്നാൽ പ്രധാനത്തിനു ബുദ്ധ്യാദികളോടു സംയോഗമില്ല. താദാത്മ്യംനിമിത്തം. അപ്രാപ്തിയുടെ അഭാവംനിമിത്തം സത്ത്വരജസ്തമസ്സുകൾക്കും സംയോഗമില്ല. ബുദ്ധ്യാദി പരതന്ത്രമാണ്. സ്വകാര്യമായ അഹംകാരത്തെ ജനിപ്പിക്കേണ്ടതായിരിക്കുമ്പോൾ ബുദ്ധിയാൽ പ്രകൃതിസഹായത അപേക്ഷിക്കപ്പെടുന്നു. അതുകൊണ്ടു് പരയായ പ്രകൃതിയെ ആശ്രയിക്കുന്ന കാരണമാണെങ്കിലും സ്വകാര്യജനനത്തിൽ പരതന്ത്രമെന്നു വ്യക്തം.

വിവരണം:—ബുദ്ധി, അഹങ്കാരം, അഞ്ചു തന്മാത്രകൾ, പതിനൊന്നിന്ദ്രിയങ്ങൾ, അഞ്ചു മഹാഭൂതങ്ങൾ, ഇങ്ങനെ ഇരുപത്തിമൂന്നു പ്രപഞ്ചപദാർത്ഥങ്ങൾ. ഇവയെല്ലാം കൂടിയതു "വ്യക്തം." ഈ പദാർത്ഥങ്ങളുടെയൊക്കെ കാരണം, പ്രകൃതി അഥവാ പ്രധാനം. അതു് "അവ്യക്തം." ഇവിടെ വ്യക്തത്തിന്റെ ധർമ്മങ്ങൾ, സ്വഭാവങ്ങൾ പറയുകയാണ്. "പ്രകൃതിയാകുന്ന കാരണത്തിൽനിന്നുണ്ടാകുന്നതാണു വ്യക്തം അതുകൊണ്ടു് വ്യക്തം കാരണമുള്ളതാകുന്നു. "പ്രകൃതേർമഹാൻ" എന്നു തുടങ്ങുന്ന ഇരുപത്തിരണ്ടാംകാരികയിൽ വ്യക്തത്തിന്റെ ഉത്ഭവക്രമത്തെക്കുറിച്ചു വിശദമായി പറയും. എങ്ങനെയെന്നാൽ, ബുദ്ധിക്കു പ്രധാനം (പ്രകൃതി) കാരണം. അഹംകാരത്തിനു ബുദ്ധി കാരണം. തന്മാത്രകൾക്കും ഏകാദശേന്ദ്രിയങ്ങൾക്കും അഹംകാരം കാരണം. ആകാശത്തിനു ശബ്ദതന്മാത്ര കാരണം. വായുവിനു സ്പർശതന്മാത്ര കാരണം. തേജസ്സിനു രൂപതന്മാത്ര കാരണം. വെള്ളത്തിനു രസതന്മാത്ര കാരണം. പൃഥിവി (ഭൂമി)ക്കു ഗന്ധതന്മാത്ര കാരണം. ഇപ്രകാരം വ്യക്തം മുഴുവൻ കാരണത്തോടുകൂടിയിരിക്കുന്നു. ബുദ്ധ്യാദിപദാർത്ഥങ്ങളെല്ലാം ഒരിക്കൽ കാരണത്തിൽ ലയിക്കുന്നവയാണ്. എന്നുമൊരുപോലിരിക്കുന്നവയല്ല. അതുകൊണ്ടു് വ്യക്തം വിനാശിയാണ്. വിനാശമെന്നാൽ കാരണലയം. "നാശഃ കാരണലയഃ" എന്നു വിനാശലക്ഷണം ബുദ്ധ്യാദികൾ, അതതിന്റെ കാര്യത്തിലേയ്ക്കല്ലാതെ കാര

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ണത്തിൽ വ്യാപിക്കുന്നില്ല. തന്മൂലം വ്യക്തത്തെ അവ്യാപിയെന്നു പറഞ്ഞു. സക്രിയമെന്നാൽ ക്രിയയോടുകൂടിയതു്. ക്രിയ, പ്രവൃത്തി. ബുദ്ധ്യാദികൾ ശരീരത്തെ സ്വീകരിക്കയും വിടുകയും ചെയ്യുന്നു. അങ്ങനെ പ്രവൃത്തിയുള്ളതുകൊണ്ടു വ്യക്തം സക്രിയമാണു്. പിന്നെ ശരീരം ഭൂമി മുതലായവയുടെ പ്രവർത്തന(ചലന)വും വ്യക്തത്തിന്റെ ക്രിയാസ്വഭാവത്തിനു ദൃഷ്ടാന്തമാകുന്നു. പുരുഷൻ അനേകമുണ്ടു്; ഓരോ പുരുഷനെക്കുറിച്ചും ബുദ്ധ്യാദികൾ ഭിന്നമായിരിക്കുന്നു. ആകയാൽ വ്യക്തം, അനേകമെന്ന ധർമ്മമുള്ളതാണു്. ഒന്നിനൊന്നാശ്രയത്തോടുകൂടിയവയാണു ബുദ്ധ്യാദികൾ. ബുദ്ധി, പ്രധാനത്തെയും, അഹംകാരം ബുദ്ധിയേയും, തന്മാത്രകളും ഏകാദശേന്ദ്രിയങ്ങളും അഹംകാരത്തേയും, പഞ്ചതന്മാത്രകളെ പഞ്ചമഹാഭൂതങ്ങളും ആശ്രയിച്ചിരിക്കുന്നു. അതുകൊണ്ടു് വ്യക്തം ആശ്രിതമാണു്. കാര്യകാരണങ്ങൾക്കു വ്യത്യാസമില്ലെങ്കിൽ അവയു തമ്മിൽ ആശ്രയാശ്രയീഭാവമെങ്ങനെയുണ്ടാകുമെന്നു ശങ്കിക്കേണ്ടതില്ല. കാര്യമെന്നും കാരണമെന്നും വ്യവഹാരമുണ്ടല്ലോ. അതിനെ ആശ്രയിച്ചുമാത്രമാണിവിടത്തെ ആശ്രയാശ്രയീഭാവം. അതായതു്, മഞ്ചാടി(തിലകം) മരംമാത്രമുള്ള കാട്ടിൽ മഞ്ചാടിമരമുണ്ടെന്നു പറയുംപോലെയാണതു്. പ്രധാനത്തിൽ ബുദ്ധ്യാദികൾ ലയിക്കുന്നു*; ബുദ്ധ്യാദികളെക്കൊണ്ടു പ്രധാനത്തെ അനുമാനിക്കാനും സാധിക്കുന്നു. അങ്ങനെ പ്രധാനത്തിന്റെ അനുമാപകമാണു വ്യക്തം. അതുതന്നെ ലിംഗം. പ്രധാനത്തെക്കൊണ്ടു പുരുഷനെ അനുമാനിക്കാം. അതിനാൽ പ്രധാനം പുരുഷന്റെ ലിംഗമാണു്. ലിംഗമെന്നാൽ വ്യാപ്യം. ലയത്തെ പ്രാപിക്കുന്നതെന്നു വാച്യാർത്ഥം. അന്യോന്യം കൂടിച്ചേരുന്നതാണവയവം. സംയോഗമെന്നു ചുരുക്കം. ചേർച്ചയില്ലാത്ത വസ്തുക്കൾ തമ്മിൽ ചേരുന്നതു സംയോഗം. പഞ്ചമഹാഭൂതങ്ങൾക്കു സംയോഗമുണ്ടു്. അവയെല്ലാം ഭിന്നവസ്തുക്കളാണെങ്കിലും ഒന്നിച്ചിരിക്കുന്നു. അപ്രകാരം മററു പദാർത്ഥങ്ങൾക്കു സംയോഗമുണ്ടു്. എന്നാൽ പ്രധാനത്തിനു ബുദ്ധ്യാദികളോടു സംയോഗമില്ല. ബുദ്ധ്യാദികളിൽ പ്രധാനം തന്മയപ്പെട്ടിരിക്കുന്നതാണു കാരണം. ഒന്നൊന്നിൽ ലയിച്ചിരിക്കുന്നതു സംയോഗമല്ല. ഒരുമിച്ചിരുന്നാലും ഭിന്നമായിരിക്കണം; അതേ സംയോഗമാവൂ. സത്ത്വരജസ്തമ

* ലയം ഗച്ഛതീതി ലിംഗം

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സ്സുകൾ ഒന്നിച്ചുചേൎന്നാൽ ഭിന്നമായിരിക്കുന്നവയല്ല. അതുകൊണ്ടു് സത്വരജസ്തമസ്സുകൾക്കും സംയോഗമില്ല. ഇങ്ങനെ സംയോഗം, അഥവാ അവയവമുള്ളതുകൊണ്ടു വ്യക്തം സാവയവമാകുന്നു. ബുദ്ധ്യാദികൾ, അതതിന്റെ കാൎയ്യത്തെ ജനിപ്പിക്കുന്നതിൽ സ്വതന്ത്രമല്ല. ബുദ്ധി അഹംകാരത്തെ ജനിപ്പിക്കുന്നതു് പ്രകൃതിയുടെ സാഹായ്യംകൊണ്ടാണു്. ബുദ്ധിയുടെ സാഹായ്യംകൊണ്ടു് അഹംകാരം തന്മാത്രകളെ ജനിപ്പിക്കുന്നു. അങ്ങനെ ഓരോന്നും പരതന്ത്രമായിരിക്കുന്നു. അതിനാൽ വ്യക്തം പരതന്ത്രമാണു്.

ഭാഷ്യം:—വ്യക്തത്തിൽനിന്നു വിപരീതമാണു് അവ്യക്തം. അഹേതുമത്തു്, നിത്യം, വ്യാപി, നിഷ്ക്രിയം—അവ്യക്തത്തിനു പരിണാമലക്ഷണമായ ക്രിയയുണ്ടെങ്കിൽതന്നെയും പരിസ്പന്ദമില്ല. ഏകം, അനാശ്രിതം, അലിംഗം, അനവയവം, സ്വതന്ത്രം, ഇത്രയും അവ്യക്തധൎമ്മം.

വിവരണം:—ബുദ്ധ്യാദിപദാൎത്ഥങ്ങളുടെ കാരണമാണു് അവ്യക്തം. അതിന്റെ ധൎമ്മങ്ങൾ, ബുദ്ധ്യാദികാൎയ്യങ്ങളുടെ ധൎമ്മങ്ങൾക്കു വിപരീതമാണു്. ബുദ്ധ്യാദികളുൾപ്പെട്ട വ്യക്തതത്വത്തിന്റേതായി നിൎദ്ദേശിച്ച ഹേതുമതാദിധൎമ്മങ്ങളുണ്ടല്ലോ; അവയ്ക്കെല്ലാം വിപരീതമാണു കാരണമായ അവ്യക്തത്തിന്റെ ധൎമ്മങ്ങൾ. വ്യക്തധൎമ്മങ്ങളെ വിവരിച്ചതിൽനിന്നു് തദ്വിപരീതമായ അവ്യക്തധൎമ്മങ്ങളെ സ്വയം മനസ്സിലാക്കാവുന്നതേയുള്ളു. ആകയാൽ അവ്യക്തധൎമ്മങ്ങളുടെ വിശദീകരണം ഇവിടെ വിട്ടിരിക്കുന്നു. അവ്യക്തമായ പ്രധാനത്തിന്റെ പരിണാമമാണു ബുദ്ധ്യാദികൾ. അങ്ങനെ പരിണാമസ്വഭാവമുണ്ടെങ്കിലും പ്രധാനം ക്രിയാശൂന്യമാകുന്നു. അതുകൊണ്ടാണു നിഷ്ക്രിയമെന്നു പറഞ്ഞതു്.

ഭാഷ്യം:—ഈ പ്രബന്ധംകൊണ്ടു വ്യക്താവ്യക്തങ്ങളുടെ വൈധൎമ്മ്യം പറഞ്ഞു. ഇപ്പുറം അവയുടെ സാധൎമ്മ്യവും പുരുഷനിൽനിന്നുള്ള വൈധൎമ്മ്യവും പറയുന്നു.

വിവരണം:—തൊട്ടുമുൻകഴിഞ്ഞ കാരികയും അതിന്റെ ഭാഷ്യവും ലക്ഷ്യമാക്കിയാണു പ്രബന്ധമെന്നു പറഞ്ഞതു്. അത്രയുംകൊണ്ടു കാരണമായ അവ്യക്തത്തിനും കാൎയ്യമായ വ്യക്തത്തിനുംതമ്മിലുള്ള വൈധൎമ്മ്യം (വിരുദ്ധസ്വഭാവം) വിവരിച്ചു. ഇനി വ്യക്താവ്യക്തങ്ങളുടെ സാധൎമ്മ്യവും അവയ്ക്കു പുരുഷനോടുള്ള വൈധൎമ്മ്യവും വിവരിക്കാൻ പോവുകയാണു്.

വ്യക്താവ്യക്തങ്ങളുടെ വൈധൎമ്മ്യനിരൂപണം കഴിഞ്ഞു.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

വ്യക്താവ്യക്തങ്ങളുടെ സാധർമ്മ്യനിരൂപണം

കാരിക:—

ത്രിഗുണമവിവേകി വിഷയഃ
സാമാന്യമചേതനം പ്രസവധർമ്മി
വ്യക്തം തഥാ പ്രധാനം ത-
ദ്വിപരീതസ്തഥാ ച പുമാൻ. 11

അർത്ഥം:—വ്യക്തം, ത്രിഗുണവും അവിവേകിയും വിഷയവും സാമാന്യവും അചേതനവും പ്രസവധർമ്മിയുമാകുന്നു. അവ്യക്തവും അപ്രകാരമുള്ളതാണ്. പുരുഷൻ അവയ്ക്കു വിപരീതനും.

ത്രിഗുണജന്യമായ സുഖദുഃഖമോഹങ്ങളുള്ളതും, തന്നിൽനിന്നു വിവേചിക്കാനൊക്കാത്തതും, വിജ്ഞാനഭിന്നവും, സാധാരണവും, ജഡവും, ജനിപ്പിക്കു സ്വഭാവമുള്ളതുമാണ് വ്യക്തം. അവ്യക്തവും അങ്ങനെയിരിക്കുന്നതുതന്നെ. എന്നാൽ പുരുഷൻ, ഈ സമാനധർമ്മമുള്ള വ്യക്തത്തിനും അവ്യക്തത്തിനും വിപരീതമായ ധർമ്മത്തോടുകൂടിയതാണ്.

ഭാഷ്യം:—ത്രിഗുണം എന്നിങ്ങനെ. ത്രയമായ ഗുണങ്ങൾ—സുഖദുഃഖമോഹങ്ങൾ—ഇതിനുണ്ട് എന്നതിനാൽ ത്രിഗുണം. ഇതിനാൽ, സുഖദുഃഖാദികളുടെ ആത്മഗുണത്വമായ പരാഭിമതം നിരാകൃതമായി. അവിവേകി; പ്രധാനം, തന്നിൽനിന്നു വിവേചിക്കപ്പെടാതിരിക്കുന്നതുപോലെ, തദാത്മകത്വംകൊണ്ട് മഹദാദികളും പ്രധാനത്തിൽനിന്നു വിവേചിക്കപ്പെടുന്നില്ല. അല്ലെങ്കിൽ, കാര്യകാരണങ്ങളുടെ കൂടിക്കലർപ്പാണ് (സംഭൂയകാരിത) അവിവേകം. എന്തുകൊണ്ടെന്നാൽ, കൂടിക്കലന്നിട്ടല്ലാതെ, ഒരു തത്വംമാത്രം സ്വകാര്യത്തിൽ പര്യാപ്തമല്ല. ഒന്നിൽനിന്ന് ഒന്നി

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ന്റെ സംഭവം ഒന്നുകൊണ്ടും ഭവിക്കുന്നില്ല. യാവചിലർ പറയുന്നു; ഹർഷവിഷാദമോഹശബ്ദാദ്യാകാരം വിജ്ഞാനംതന്നെ; ഇതിൽനിന്നന്യധർമ്മമല്ലെന്നു്. അവരോടു പറയുന്നതാണു്: 'വിഷയ'മെന്നു്. വിഷയമെന്നാൽ ഗ്രാഹ്യം. വിജ്ഞാനത്തിനു പുറത്തുള്ളതു്. അതുകൊണ്ടു് സാമാന്യമാകുന്നു. സാധാരണം. അനേകന്മാരായ പുരുഷന്മാരാൽ ഗ്രഹിക്കപ്പെട്ടതെന്നർത്ഥം. വിജ്ഞാനാകാരത്വത്തിലാകട്ടെ വൃത്തിരൂപങ്ങളായ വിജ്ഞാനങ്ങളുടെ അസാധാരണത്വംകൊണ്ടു് അവയും (പദാർത്ഥങ്ങളും) അസാധാരണങ്ങളായി ഭവിക്കും. (അപ്രത്യക്ഷത്വം നിമിത്തം പരബുദ്ധിയുടെ വിജ്ഞാനം പരനാൽ ഗ്രഹിക്കപ്പെടാതിരിക്കുന്നതുപോലെ എന്നാഭിപ്രായം.) അപ്രകാരം, ഒന്നുമാത്രമായ നർത്തകീകടാക്ഷവിക്ഷേപത്തിൽ അനേകംപേരുടെ പ്രതിസന്ധാനം യുക്തമാകുന്നു. മററുവിധത്തിൽ അതു ഭവിക്കയില്ലെന്നു ഭാവം. അചേതനം: പ്രധാനബുദ്ധ്യാദികളെല്ലാംതന്നെ അചേതനങ്ങളാണു്; വൈനാശികന്മാർ (ബൗദ്ധന്മാർ) പറയുംപോലെ ബുദ്ധിക്കു ചൈതന്യമില്ല എന്നർത്ഥം. പ്രസവധർമ്മി—പ്രസവരൂപമായ യാതൊരു ധർമ്മമുണ്ടോ അതു് ഇതിനുണ്ടു് എന്നതിനാൽ പ്രസവധർമ്മി. പ്രസവധർമ്മം എന്നു വക്തവ്യമായിരിക്കുമ്പോൾ പ്രസവധർമ്മത്തിന്റെ നിത്യയോഗത്തെ പറയാൻ മത്വർത്ഥീയം ഭവിക്കുന്നു. സ്വരൂപവിരൂപപരിണാമങ്ങൾകൊണ്ടു് ഒരിക്കലും വിയോജിക്കുന്നില്ല എന്നർത്ഥം വ്യക്തവൃത്തത്തെ അവ്യക്തത്തിൽ അതിദേശിക്കുന്നു. അതുകൊണ്ടു്, 'തഥാപ്രധാനം' എന്നു പറഞ്ഞു. വ്യക്തമെപ്രകാരമോ അപ്രകാരം അവ്യക്തമെന്നർത്ഥം.

വിവരണം:—വ്യക്താവ്യക്തങ്ങൾക്കു തമ്മിൽ ഏതാനുമംശങ്ങളിൽ വൈധർമ്മ്യവും, ഏതാനുമംശങ്ങളിൽ സാധർമ്മ്യവുമുണ്ടു്. വൈധർമ്മ്യമേതെല്ലാമെന്നു പറഞ്ഞുകഴിഞ്ഞു. ഇനി സാധർമ്മ്യമേതൊക്കെയെന്നു പറയാൻപോവുകയാണു്. "വ്യക്തം ത്രിഗുണരൂപമായിരിക്കുന്നു." സത്വരജസ്തമസ്സുകളുടെ കാര്യമായ സുഖദുഃഖമോഹങ്ങളാണിവിടെ ത്രിഗുണം. അപ്രകാരം അവ്യക്തവും ത്രിഗുണസ്വരൂപമാണു്; സത്വരജസ്തമോരൂപമാണവ്യക്തം. കാര്യകാരണങ്ങൾക്കഭേദത്വമിരിക്കുന്നതുകൊണ്ടു്, കാരണമായ സത്വരജസ്തമസ്സുകൾക്കും കാര്യമായ സുഖദുഃഖമോഹങ്ങൾക്കും ഭേദമില്ല. ആകയാൽ തദാത്മകങ്ങളായ വ്യക്താവ്യക്തങ്ങൾക്കു സാധർമ്മ്യം. ഏറ്റം

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

വിധമായ വ്യക്താവ്യക്തങ്ങളുടെ ത്രിഗുണരൂപമായ സാധൎമ്മ്യസമത്ഥനംകൊണ്ടു് നൈയായികന്മാരുടെ ആത്മഗുണനിർദ്ദിഷ്ടമായ സുഖദുഃഖമോഹങ്ങൾ നിരാകൃതമായി. ന്യായവാദികളുടെ അഭിപ്രായത്തിൽ സുഖദുഃഖമോഹങ്ങൾ ആത്മാവിന്റെ ഗുണങ്ങളാണു്. ആ അഭിപ്രായം പ്രകൃതംകൊണ്ടു നിഷേധിച്ചിരിക്കുന്നു. അവിവേകിയെന്നാൽ വേർതിരിച്ചറിയാനൊക്കാത്തതു്. അവ്യക്തമായ പ്രധാനത്തെ പ്രധാനത്തിൽനിന്നു വേർതിരിച്ചറിയുക സാധ്യമല്ല; പ്രധാനത്തിന്റെ പരിണാമങ്ങളാണു വ്യക്തമായ മഹത്താദികൾ; അഥവാ ബുദ്ധ്യാദികൾ. തദാത്മകങ്ങളാകകൊണ്ടു് അവയിൽനിന്നും പ്രധാനത്തെ വേർതിരിച്ചറിയാനൊക്കില്ല. അങ്ങനെ വ്യക്തവും അവ്യക്തവും അവിവേകിത്വംകൊണ്ടു സമാനധൎമ്മമായിരിക്കുന്നു. മറെറാരുവിധം പറഞ്ഞാൽ കൂടിക്കലൎപ്പാണു് അവിവേകം. ഒരു പദാൎത്ഥവും കലൎപ്പുകൂടാതെ ഒററയ്ക്കു് അതിന്റേതായ കാര്യത്തെ ജനിപ്പിക്കാൻ മതിയാവുകയില്ല. പദാൎത്ഥങ്ങളുടെ കൂടിക്കലൎപ്പുകൊണ്ടു് തമ്മിൽ തിരിച്ചറിയാനൊക്കാതാവുന്നു. ഇനിയത്തേതു്, മൂന്നാമത്തെ വിഷയമെന്നാ സാധൎമ്മ്യമാണു്. ബൗദ്ധദാർശനികന്മാരിൽ വിജ്ഞാനവാദികളായ യോഗാചാരന്മാരുടെ അഭിപ്രായം, സുഖദുഃഖമോഹങ്ങളായി പരിണമിക്കുന്ന ശബ്ദാദിവിഷയപ്രപഞ്ചമെല്ലാം വിജ്ഞാനരൂപമെന്നാത്രേ. അറിയുന്നതും അറിയപ്പെടുന്നതും വിജ്ഞാനംതന്നെ. പദാൎത്ഥമായി വിജ്ഞാനമൊന്നുമാത്രമേയുള്ളു. വേറേ പദാൎത്ഥങ്ങളില്ല. സ്വയംപ്രകാശരൂപമായ വിജ്ഞാനം ബുദ്ധിയാണു്. അതു് ഓരോരോ വസ്തുവായിത്തീൎന്നു് സ്വന്തരൂപത്തെ പ്രകാശിപ്പിക്കുന്നു. ഗ്രാഹ്യവസ്തുവിനും ഗ്രാഹകബുദ്ധിക്കും തമ്മിൽ യാതൊരു വ്യത്യാസവുമില്ല. വിജ്ഞാനവാദികളുടെ ഈ പക്ഷം നിഷേധിക്കാനാണു്, വിഷയമെന്നു പറഞ്ഞതു്. വിഷയമെന്നാൽ ഗ്രാഹ്യവസ്തു. അറിവിനു വിഷയമായ പദാൎത്ഥം. വ്യക്തം, ഗ്രാഹ്യവസ്തുവാണു്; ഗ്രാഹകഭിന്നമായ വസ്തു. അറിയുന്നതും അറിയപ്പെടുന്നതും ഒന്നാണെന്ന അഭിപ്രായം യുക്തിസഹമല്ല. ബാഹ്യവസ്തു ഇന്ദ്രിയപ്രത്യക്ഷമായിരിക്കെ അതെങ്ങനെ ഇല്ലാത്തതാകും? ഞാൻ കടത്തെ അറിയുന്നു; ഞാൻ പടത്തെ (വസ്ത്രത്തെ) അറിയുന്നു; ഇത്യാദി വ്യവഹാരങ്ങളിൽ അറിവും—വിജ്ഞാനവും—അറിവിനു വിഷയമായ കടം പടം മുതലായവയും

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഭിന്നമായിരിക്കുന്നതു സ്പഷ്ടം. അതുകൊണ്ടു ബാഹ്യവസ്തുക്കൾ ഉള്ളതുതന്നെ;+ അവയെ വിജ്ഞാനം (അറിവു്) വിഷയമാക്കുന്നു. തന്മൂലം ബാഹ്യവസ്തുക്കൾ വിജ്ഞാനത്തിൽനിന്നു ഭിന്നമാണു്. അങ്ങനെ വിജ്ഞാനബാഹ്യമാണു് വ്യക്തം. അവ്യക്തവും അപ്ര കാരമുള്ളതുതന്നെ. വ്യക്തവും അവ്യക്തവും ഗ്രാഹ്യവസ്തു (വിഷയ) ങ്ങളായതുകൊണ്ടു് രണ്ടിനും ഗ്രാഹ്യത്വവിഷയകമായ സാധർമ്മ്യം. വ്യക്താവ്യക്തരൂപമായ വിഷയത്തെ അനേകം പുരുഷന്മാർ സാധാ രണഗതിയിൽ അറിയുന്നു. അതിനാൽ വ്യക്തത്തിനും അവ്യക്ത ത്തിനും സാമാന്യം സാധർമ്മ്യമാകുന്നു. മറിച്ചു് വ്യക്താവ്യക്തങ്ങൾ വിജ്ഞാനരൂപമായാൽ അവയ്ക്കു സാമാന്യമെന്ന സാധർമ്മ്യം സംഗതമാവുകയില്ല. വിജ്ഞാനത്തിന്റെ സ്വഭാവം ഓരോരു ത്തരെ സംബന്ധിച്ചും ഓരോവിധമായിരിക്കും. അതു ഭിന്നസ്വ ഭാവത്തിലായിരിക്കും പ്രവൎത്തിക്കുക. അപ്പോൾ അസാധാരണത്വ ത്തിനല്ലാതെ സാധാരണത്വത്തിനു സംഗതിയില്ല. സാധാരണ ത്വമില്ലെങ്കിൽ സാമാന്യമെന്ന സാധർമ്മ്യവുമില്ല. വിജ്ഞാനവും വിഷയവും ഭിന്നമെന്ന പക്ഷത്തിൽ സാധാരണത്വം സംഭവി ക്കുന്നു. ദൃഷ്ടാന്തം നോക്കുക. അസംഖ്യം കാഴ്ചക്കാർ നിറഞ്ഞ ഒരു സദസ്സിൽ ഒരു നടി നൃത്തം ചെയ്യുകയാണു്. അവളുടെ നാട്യ വിദ്യാനുഗുണമായ ഭ്രൂവിക്ഷേപാദ്യംഗചലനങ്ങൾ കാഴ്ചക്കാരെ ഒന്നുപോലെ രസിപ്പിക്കുന്നു. കാഴ്ചക്കാരുടെ വിജ്ഞാനവും നടിയുടെ നൃത്തവിദ്യാരൂപമായ വിഷയവും ഭിന്നമായിരുന്നതു കൊണ്ടാണു് എല്ലാവരും രസിക്കുകയെന്ന സാധാരണത്വമുണ്ടായ തു്. അല്ലെങ്കിൽ, സാധാരണത്വത്തിനുപകരം അസാധാരണത്വം സംഭവിക്കുമായിരുന്നു. വ്യക്തവും അവ്യക്തവും അചേതനമാണു്. രണ്ടും ജഡമായിരിക്കുന്നു. അങ്ങനെ അചേതനത്വമെന്ന സാധ ർമ്മ്യവും വ്യക്താവ്യക്തങ്ങൾക്കുണ്ടു്. വൈശേഷികദാർശനികന്മാരുടെ അഭിപ്രായത്തിൽ ബുദ്ധി ചേതനാത്മകമാണു്. അതിവിടെ നിഷേധിച്ചിരിക്കുന്നു. പ്രസവധർമ്മമുള്ളതാണു് പ്രസവധർമ്മി. പ്രസവമെന്നാൽ ജനനം. മററു പദാൎത്ഥങ്ങൾ ജനിപ്പിക്കുന്ന പരിണാമരൂപമായ സ്വഭാവമുള്ളതാണു പ്രസവധർമ്മി. വ്യക്ത ത്തിനും അവ്യക്തത്തിനും ആ സ്വഭാവമുണ്ടു്. ആകയാൽ രണ്ടും പ്രസവധർമ്മിയാണു്. അങ്ങനെ സാധർമ്മ്യമെന്നു ചുരുക്കം.

+ സന്തി ബാഹ്യാഃ പദാൎത്ഥാ യാൻ വിജ്ഞാനം വിഷയീക രോതി, തേ ച വിജ്ഞാനതോ ഭിന്നാഃ (സാം—സൂ—വ്യ)

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

വ്യക്താവ്യക്തങ്ങൾക്കു പ്രസവധമ്മത്തോട്—പദാത്ഥാന്തരജനന സ്വഭാവത്തോട്—നിത്യയോഗമുണ്ട്. അതേ അത്ഥം കുറിക്കുന്ന മത്വത്ഥീയ (മതുപ്) മായ ഇതിപ്രത്യയംവച്ച രൂപമാണ് പ്രസവ ധർമ്മി. അതു് കർമ്മധാരയസമാസവുമാണ്. എന്നാൽ, പ്രസവധർമ്മം (പ്രസവോ ധർമ്മോ യസ്യ) എന്നു ബഹുവ്രീഹിയായാൽ, പ്രസവധർമ്മത്തിൻെറ നിത്യസംബന്ധത്തിനു പ്രസക്തി പോരാതാകും. അതുകൊണ്ടു് പ്രസവധമ്മി (പ്രസവോ ധമ്മ അസ്യാസ്തി ഇതി) എന്നു കർമ്മധാരയനാക്കി പ്രയോഗിച്ചു. സമാസരൂപമായും വിപരീതമായും ഒരിക്കലും വേർപെടാതെ നിത്യ ബന്ധത്തിൽപ്പെട്ടു കഴിയുന്നവയാണു വ്യക്താവ്യക്തങ്ങളെന്നു സാരം. ബുദ്ധി അഹംകാരത്തേയും, അഹംകാരം പഞ്ചതന്മാത്രകളേയും ഏകാദശേന്ദ്രിയങ്ങളേയും, പഞ്ചതന്മാത്രകൾ പഞ്ചമഹാഭൂതങ്ങളേയും ജനിപ്പിക്കുന്നു. അപ്രകാരം പ്രധാനം, ബുദ്ധിയേയും ജനിപ്പിക്കുന്നു. അങ്ങനെ വ്യക്താവ്യക്തങ്ങൾക്കു പ്രസവധമ്മത്തിൽ സാധമ്മ്യം. ബുദ്ധ്യാദികളായ വ്യക്തത്തിലെ ത്രിഗുണ ധമ്മം (വൃത്തം) പ്രധാനമായ അവ്യക്തത്തിലും സംഗതമാണ്. അതുകൊണ്ടു് വ്യക്തമെങ്ങനെയോ അങ്ങനെതന്നെ അവ്യക്തവും.

ഭാഷ്യം:—അവയിൽനിന്നു പുരുഷനു വൈധമ്മ്യമുണ്ടു്. "തദ്വിപരീതഃ പുമാൻ" എന്നു്.

വിവരണം:—വ്യക്താവ്യക്തങ്ങളുടെ സാധമ്മ്യമെല്ലാം പറഞ്ഞു. ഇപ്പറഞ്ഞ സമാനധമ്മങ്ങളായ വ്യക്താവ്യക്തങ്ങളുണ്ടല്ലോ; അവയിൽനിന്നു വിപരീതമാണ് പുരുഷൻെറ ധർമ്മം. പ്രകൃതത്തിൽ വരാവുന്ന ഒരു സംശയമെടുത്തുകാണിച്ചു പരിഹരിക്കുന്നു.

ഭാഷ്യം:—അഹേതുമത്ത്വാ നിത്യത്വാദി പ്രധാനസാധമ്മ്യം പുരുഷനുണ്ടു്. അപ്രകാരം അനേകത്വമെന്ന വ്യക്തസാധർമ്മ്യവുമുണ്ടു്. അതുകൊണ്ടു് "തദ്വിപരീതഃ പുമാൻ" എന്നു് എങ്ങനെ പറയാം? എന്നതുകൊണ്ടു പറയുന്നു "തഥാ ച" എന്നു്. ചകാരത്തിനു് ഉം എന്നത്ഥം.

വിവരണം—പ്രധാനത്തിനു മറെറാരു കാരണമില്ല; സ്വതഃ കാരണമാണു പ്രധാനം. നിത്യവുമാണതു്. അങ്ങനെ അഹേതുമത്ത്വം, നിത്യത്വം ഈ ധർമ്മങ്ങളുള്ളതാണു പ്രധാനം. അതേ ധർമ്മങ്ങളുള്ളതാണു പുരുഷനും. പിന്നെ വ്യക്തത്തിനു് അനേകത്വമെന്ന ധർമ്മമുണ്ടു്. പുരുഷന്മാർ അനേകമായതുകൊണ്ടു്

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അനേകത്വാധർമ്മം പുരുഷനുമുണ്ട്. വ്യക്താവ്യക്തങ്ങളുടെ ധർമ്മങ്ങൾ പുരുഷനും തുല്യമായിരിക്കെ, പുരുഷൻ വിപരീതനാകുന്നതെങ്ങനെ? ഇതാണു സംശയം. കാരികയിലെ "തഥാ ച" എന്ന സന്ദർഭം ഈ സംശയത്തിന്റെ പരിഹാരമാണ്. ചകാരത്തിനിവിടെ അപി—ഉം—എന്നാർത്ഥം. എല്ലാം കൂട്ടിപ്പറയുന്നു.

ഭാഷ്യം:—അപ്രകാരം അഹേതുമത്ത്വാദികമായ സാധർമ്മ്യമുണ്ടെങ്കിലും അങ്ങനെയായാലും (തഥാ ച) ത്രൈഗുണ്യാദിവൈപരീത്യം ഇതിനു (പുരുഷനു) മാത്രമേയുള്ളു എന്നാർത്ഥം.

വിവരണം:—വ്യക്താവ്യക്തങ്ങൾക്കും പുരുഷനും അഹേതുമത്ത്വാദി സാധർമ്മ്യമുള്ളതു ശരിതന്നെ. അപ്രകാരമായാലും (തഥാപി) ത്രിഗുണത്വാദിധർമ്മം വ്യക്താവ്യക്തങ്ങൾക്കേയുള്ളു. പുരുഷനില്ല. ത്രിഗുണത്വാദിധർമ്മമില്ലാത്തതുകൊണ്ട് പുരുഷൻ വ്യക്താവ്യക്തങ്ങളിൽനിന്നു വ്യത്യസ്തനാണ്. അങ്ങനെ "തദ്വിപരീത"നാണു പുരുഷൻ.

വ്യക്താവ്യക്തങ്ങളുടെ സാധർമ്മ്യനിരൂപണം കഴിഞ്ഞു.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഗുണത്രയനിരൂപണം

ഭാഷ്യം—ത്രിഗുണമെന്നു പറഞ്ഞു; അതിൽ ത്രയങ്ങളായ ഗുണങ്ങൾ ഏതെല്ലാം? അവയുടെ ലക്ഷണമെന്ത്? എന്നതിനെ പറയുന്നു.

വിവരണം:—മുകളിൽ ത്രിഗുണം—മൂന്നുഗുണം—എന്നു പറഞ്ഞുവല്ലോ. ആ മൂന്നു ഗുണം ഏതെല്ലാമെന്നും അവയുടെ ലക്ഷണമെന്തെന്നും പറയുന്നു.

കാരിക:—

> പ്രീത്യപ്രീതിവിഷാദാത്മകാഃ
> പ്രകാശപ്രവൃത്തിനിയമാർത്ഥാഃ
> അന്യോന്യാഭിഭവാ-
> ശ്രയജനനമിഥുനവൃത്തയശ്ച ഗുണാഃ 12

അർത്ഥം:—പ്രീത്യപ്രീതിവിഷാദരൂപങ്ങളും, പ്രകാശപ്രവൃത്തിനിയമപ്രയോജനങ്ങളും, അന്യോന്യാഭിഭവവൃത്തികളും, അന്യോന്യാശ്രയവൃത്തികളും, അന്യോന്യജനനവൃത്തികളും അന്യോന്യമിഥുനവൃത്തികളുമാകുന്നു ഗുണങ്ങൾ.

ഗുണങ്ങൾ മൂന്ന്; സത്ത്വവും രജസ്സും തമസ്സും. മൂറയ്ക്ക് പ്രീതിയും അപ്രീതിയും വിഷാദവും ഗുണങ്ങളുടെ സ്വരൂപം. പ്രീതി സുഖവും, അപ്രീതി ദുഃഖവും, വിഷാദം മോഹവുമാണ്. യഥാക്രമം പ്രകാശവും പ്രവൃത്തി(ചലനം)യും പ്രകാശചലനങ്ങളുടെ പ്രതിബന്ധ(നിയമ)വും ഗുണങ്ങളുടെ പ്രയോജനം. അന്യോന്യാശ്രയം, അന്യോന്യാഭിഭവം, അന്യോന്യജനനം, അന്യോന്യമിഥുനം, ഈ വൃത്തികളോടുകൂടിയവയാണ ഗുണങ്ങൾ.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഭാഷ്യം:—ഗുണങ്ങൾ എന്നാൽ പരാർത്ഥങ്ങളാണ്. "സത്ത്വം ലഘുപ്രകാശകം" എന്നിടത്തു സത്ത്വാദികൾ ക്രമേണ നിർദ്ദേശിക്കപ്പെട്ടു. അതിനെ അനാഗതാവേക്ഷണംകൊണ്ടോ തന്ത്രയുക്തികൊണ്ടോ പ്രീത്യാദികളുടെ സംഖ്യയനുസരിച്ചറിയേണ്ടതാണ്.

വിവരണം:—പുരുഷന്റെ ഭോഗോപകരണങ്ങളാണ് സത്ത്വാദിഗുണങ്ങൾ. തന്മൂലം ഗുണങ്ങളെ പരാർത്ഥങ്ങളെന്നു വിശേഷിപ്പിച്ചു. മറ്റൊന്നിനു പ്രയോജനപ്പെടുന്നതെന്നു പരാർത്ഥത്തിന്റെ അവയവാർത്ഥം. രാജാവിന്റെ കാര്യങ്ങളെല്ലാം സാധിച്ചുകൊടുക്കുന്നതു മന്ത്രി മുതലായവരായിരിക്കുമല്ലോ; അപ്രകാരം സത്ത്വാദികൾ, പുരുഷന്റെ സുഖാദിഭോഗസാധകങ്ങളാണ്. പ്രകൃതത്തിലെ ഗുണങ്ങൾ, സത്ത്വാദികളായതെങ്ങനെയെന്നു വ്യക്തമാക്കുന്ന അടുത്ത പതിമൂന്നാംകാരികയിൽ "സത്ത്വം ലഘുപ്രകാശകം" എന്നിങ്ങനെ സത്ത്വാദികളെ ക്രമത്തിൽ നിർദ്ദേശിച്ചിട്ടുണ്ട്*. അതിനെ, മുൻകൂട്ടി കണ്ടിട്ടോ (അനാഗതാവേക്ഷണം), ശാസ്ത്രഗതമായ സാങ്കേതികയുക്തി (തന്ത്രയുക്തി) കൊണ്ടോ, പ്രീതി, അപ്രീതി, വിഷാദം ഇവയുടെ എണ്ണമൊപ്പിച്ച് ചേർത്തു മനസ്സിലാക്കണം. അതായതു പ്രീതി സത്ത്വഗുണം, അപ്രീതി രജോഗുണം, വിഷാദം തമോഗുണം, ഇങ്ങനെ ഭാഷ്യത്തിൽ അതിനെ വിശദമാക്കുന്നു.

ഭാഷ്യം:—പറഞ്ഞതിതാണ്; പ്രീതിയെന്നാൽ സുഖം. പ്രീത്യാത്മകമാണു സത്ത്വഗുണം. അപ്രീതി, ദുഃഖം അപ്രീത്യാത്മകമാണു രജോഗുണം. വിഷാദം, മോഹം വിഷാദാത്മകമാണു തമോഗുണം.

വിവരണം:—"പ്രീത്യപ്രീതിവിഷാദാത്മകാഃ" എന്നു കാരികാംശത്തിലെ ആത്മശബ്ദം പ്രീത്യാദികളോടു ചേർത്ത് മുറയ്ക്ക് പ്രീത്യാത്മകമെന്നും അപ്രീത്യാത്മകമെന്നും വിഷാദാത്മകമെന്നും പറഞ്ഞു. ആത്മശബ്ദം ഇവിടെ *സ്വഭാവവാചകമാണ്. അപ്പോൾ, സത്ത്വഗുണം പ്രീതിസ്വഭാവവും രജോഗുണം അപ്രീതിസ്വഭാവവും, തമോഗുണം വിഷാദസ്വഭാവവുമുള്ളതെന്നു വ്യക്തം.

---

* ആത്മാ കളേബരേ യത്നേ
സ്വഭാവേ പരമാത്മനി
ചിത്തേ, ധൃതൌ ച ബുദ്ധൌ ച
പരവ്യാവർത്തനേപി ച. (ധര—കോ)

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പ്രീതി സുഖം, അപ്രീതി ദുഃഖം. വിഷാദം മോഹം, അഥവാ അജ്ഞാനം. സത്ത്വഗുണത്തിന്റെ ലക്ഷണം സുഖസ്വഭാവം. ദുഃഖസ്വഭാവം രജോഗുണത്തിന്റെ ലക്ഷണം. തമോഗുണത്തിന്റെ ലക്ഷണം മോഹസ്വഭാവം. ഇങ്ങനെ ആശയം.

ഭാഷ്യം:—യാവ ചിലർ വിചാരിക്കുന്നു; പ്രീതി, ദുഃഖാഭാവത്തിൽനിന്നു വ്യത്യസ്തമല്ല; അപ്രകാരം ദുഃഖവും പ്രീത്യഭാവത്തിൽ നിന്നന്യമല്ല എന്ന്. അവരെ ഉദ്ദേശിച്ച് ആത്മഗ്രഹണം ഭവിക്കുന്നു. ആത്മശബ്ദത്തിന്റെ ഭാവവചനത്വംകൊണ്ട് സുഖാദികൾ ഭാവങ്ങ (ഉള്ളതുകൾ) ളാണ്. അഭാവാന്യാഭാവങ്ങളല്ല. പ്രീതി ആത്മാവായ ഭാവമായിട്ട യാവചിലതുകൾക്കുണ്ടോ അവ പ്രീത്യാത്മാക്കളാകുന്നു. ഇപ്രകാരം മററുള്ളതും വ്യാഖ്യാനിക്കേണ്ടതാണ്.

ഇവയുടെ ഭാവരൂപത്വം അനുഭവസിദ്ധമാകുന്നു. പരസ്പരാഭാവാത്മകത്വത്തിലാകട്ടെ പരസ്പരാശ്രയത്വംനിമിത്തം ഒന്നിന്റെ അസിദ്ധി ഹേതുവായിട്ട ഉഭയാസിദ്ധി ഭവിക്കുമെന്ന ഭാവം.

വിവരണം:—സ്വഭാവമെന്ന അർത്ഥത്തിൽ ആത്മശബ്ദം സ്വീകരിച്ചതു്—പ്രീത്യാത്മകം, അപ്രീത്യാത്മകം, വിഷാദാത്മകം, എന്നെല്ലാം ആത്മശബ്ദം കൂട്ടിപ്പറഞ്ഞതു്—മറെറാരുദ്ദേശത്തോടുകൂടിയാണ്. അതെന്താണെന്നോ? ചിലരുടെ അഭിപ്രായത്തിൽ സുഖം ദുഃഖത്തിന്റെ അഭാവമാണ്. ദുഃഖത്തിന്റെ അഭാവം സുഖവും. സുഖദുഃഖങ്ങൾ വെവ്വേറെയല്ല ചുമടെടുക്കുന്ന ആൾക്ക് ചുമടിറക്കുമ്പോൾ സുഖ . ജ്വരരോഗം പിടിച്ചവന് ജ്വരമൊഴിയുമ്പോൾ സുഖം. അതുപോലെ, ഇങ്ങനെ ദുഃഖമില്ലാതിരിക്കുന്നതു സുഖമെന്നും, സുഖമില്ലാതിരിക്കുന്നതു ദുഃഖമെന്നുമുള്ള അഭിപ്രായത്തെ നിഷേധിക്കാനാണ് ആത്മശബ്ദം സ്വീകരിച്ചതു്. സ്വഭാവമെന്ന് ആത്മശബ്ദത്തിന്റെ അർത്ഥം. സ്വന്തനിലയിൽ ഉള്ളതാണു സ്വഭാവം. അതേ അർത്ഥത്തിൽ ആത്മശബ്ദം ചേർന്നിരിക്കകൊണ്ടു് സുഖാദികൾ സ്വന്തനിലയിൽ ഉള്ളവയാണ്. മറിച്ച് ഒന്നിന്റെ അഭാവത്തിൽ മറെറാന്നുണ്ടാകുന്നവയല്ല. പ്രീതി ആത്മാവായുള്ളതു പ്രീത്യാത്മകമെന്നു പ്രീത്യാത്മകത്തിന്റെ വിഗ്രഹം. ഇപ്രകാരം അപ്രീത്യാത്മകം വിഷാദാത്മകം ഇവയേയും വിഗ്രഹിച്ചുകൊള്ളണം. സുഖവും ദുഃഖവും മോഹവും—ഇവ ഓരോന്നും ഉള്ളതാണ്. ഒന്നും, മറെറാന്നില്ലാതാകുമ്പോളുണ്ടാകുന്നതല്ല. സുഖദുഃഖമോഹങ്ങൾ, ഉള്ളവയെന്ന് അനുഭവസി

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഖമാണ്. അവയ്ക്ക് അന്യോന്യാശ്രയത്വമില്ല. സുഖവും ദുഃഖവും മോഹവും ഒറ്റപ്പെട്ടു നിൽക്കുന്നു. സുഖാദികൾക്ക് അന്യോന്യാശ്രയമുണ്ടായാൽ ഒന്നില്ലാതാകുമ്പോൾ മററു രണ്ടുംകൂടി ഇല്ലാതാകും. അങ്ങനെ സംഭവിക്കാത്തതുകൊണ്ട് അന്യോന്യാശ്രയരഹിതമാണു സുഖദുഃഖമോഹങ്ങളെന്നു സ്പഷ്ടം.

ഭാഷ്യം:—ഇവയുടെ സ്വരൂപത്തെ പറഞ്ഞിട്ട് പ്രയോജനത്തെ പറയുന്നു; "പ്രകാശപ്രവൃത്തിനിയമാർത്ഥാഃ" എന്നു്. ഇവിടെയും സംഖ്യയനുസരിച്ചുതന്നെയാണ്.

ഗുരുവായ തമസ്സിനാൽ നിയമിക്കപ്പെടുകയില്ലെങ്കിൽ, രജസ്സ് പ്രവർത്തകത്വം നിമിത്തം ലഘുവായ സത്വത്തെ എല്ലായിടത്തും പ്രവർത്തിപ്പിക്കും. തമോനിയതമായിട്ടാകട്ടെ ഒരിടത്തുതന്നെ പ്രവർത്തിപ്പിക്കുന്നു എന്നതുകൊണ്ട് തമസ്സു നിയമാർത്ഥമായി ഭവിക്കുന്നു.

വിവരണം:—സത്വാദിഗുണങ്ങളുടെ ലക്ഷണം പറഞ്ഞുകഴിഞ്ഞു എന്നിട്ട് അവയുടെ പ്രയോജനം പറയാൻ തുടങ്ങുകയാണ്. പ്രകാശവും പ്രവൃത്തിയും നിയമവുമാണ് പ്രയോജനം. "പ്രകാശപ്രവൃത്തിനിയമാർത്ഥം" എന്നതിലെ അർത്ഥശബ്ദം പ്രയോജനവാചിയാണ്. അതു് ഗുണങ്ങളുടെ സംഖ്യാക്രമത്തിനു ചേർക്കണം. അപ്പോൾ പ്രകാശാർത്ഥം സത്വം; പ്രവൃത്ത്യർത്ഥം രജസ്സ്; നിയമാർത്ഥം തമസ്സ് എന്നു കിട്ടും. അതായതു് സത്വത്തിന്റെ പ്രയോജനം പ്രകാശം. രജസ്സിന്റേതു് പ്രവൃത്തി, തമസ്സിന്റേതു് നിയമം (നിയന്ത്രണം). സത്വഗുണവും തമോഗുണവും സ്വയംപ്രവർത്തനശേഷിയില്ലാത്തവയാണ്. രജോഗുണം സത്വത്തെയും തമസ്സിനേയും അതതു കാര്യങ്ങളിൽ പ്രവർത്തിപ്പിക്കുന്നു. സ്വയംപ്രവർത്തനശേഷിയുള്ളതാണ് രജസ്സ്. സത്വഗുണം ലഘുവാണ്; ഘനമില്ലാത്തതാണ്. തമോഗുണം ഘനമുള്ളതും. ഘനരൂപമായ തമസ്സ്, തടസ്സമാകുന്നില്ലെങ്കിൽ പ്രവർത്തനശേഷിയുള്ള രജസ്സ് ലഘുവായ സത്വത്തെ എല്ലായിടത്തും പ്രവർത്തിപ്പിക്കും. അങ്ങനെ വരാതെ ഒരിടത്തുതന്നെ സത്വത്തെ പ്രവർത്തിപ്പിക്കുന്നതു് തമസ്സിന്റെ തടസ്സം, അഥവാ നിയമംകൊണ്ടാണ്. തന്മൂലം തമസ്സിന്റെ പ്രയോജനം നിയമമെന്നു പറഞ്ഞു. നിയമത്തിനു പ്രതിബന്ധമെന്ന അർത്ഥം ഇവിടെ സംഗതമാണ്.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഭാഷ്യം:—പ്രയോജനം പറഞ്ഞിട്ട ക്രിയയെ പറയുന്നു; "അന്യോന്യാഭിഭവാശ്രയജനനമിഥുനവൃത്തയശ്ച" എന്നു്. വൃത്തിയെന്നാൽ ക്രിയ. അതു് ഓരോന്നിനേയും സംബന്ധിക്കുന്നു. ഇവയിൽ പ്രയോജനവശാൽ സമുൽഭൂതമായ ഒന്നിനാൽ മററൊന്നു് അനുഭവിക്കപ്പെടുന്നു; അതാണു് അന്യോന്യാഭിഭവവൃത്തികൾ.

വിവരണം:—ലക്ഷണവും പ്രയോജനവും പറഞ്ഞു; അടുത്തതായി ഗുണങ്ങളുടെ ക്രിയ പറയാൻപോവുകയാണു്. "അന്യോന്യാഭിഭവാശ്രയജനനമിഥുനവൃത്തയഃ" എന്ന കാരികാംശം ഗുണങ്ങളുടെ ക്രിയയെ പരാമർശിക്കുന്നു. വൃത്തി,യെന്നാൽ ക്രിയ. അതേ ക്രിയാവാചകമായ വൃത്തിശബ്ദത്തെ ഓരോന്നിനോടും ചേർക്കണം. അങ്ങനെ ചേർക്കുമ്പോൾ, അന്യോന്യാഭിഭവവൃത്തിയും, അന്യോന്യാശ്രയവൃത്തിയും, അന്യോന്യജനനവൃത്തിയും, അന്യോന്യമിഥുനവൃത്തിയുമാകും. അഭിഭവത്തിന്റെ അത്ഥം തിരസ്കാരമെന്നാണു്; മറയ്ക്കുകയെന്നു താത്പര്യം. സത്വാദിഗുണങ്ങളിൽ ഏതെങ്കിലുമൊരു ഗുണത്താൽ, പ്രയോജനനിമിത്തമായ കാര്യജനനതാത്പര്യംകൊണ്ടു് മററൊരു ഗുണം മറയ്ക്കപ്പെടുന്നതാണു് അന്യോന്യാഭിഭവവൃത്തി. ഒരു ഗുണം അതിന്റെ കാര്യത്തെ ജനിപ്പിക്കുന്നതു മററുഗുണത്തെ മറച്ചുകൊണ്ടാണു്. സത്വാദിഗുണങ്ങളുടെ പൊതുവൃത്തിയാണിതു്. ഗുണങ്ങൾ ഇപ്രകാരം കാര്യജനനത്തിൽ അന്യോന്യം തിരസ്കരിക്കുന്നതുകൊണ്ടു് അന്യോന്യാഭിഭവവൃത്തികളെന്നു പറഞ്ഞു അതെങ്ങനെയെന്നു ഭാഷ്യത്തിൽ വിശദമാക്കുന്നു.

ഭാഷ്യം:—എങ്ങനെയെന്നാൽ, സത്വം, രജസ്തമസ്സുകളെ അഭിഭവിപ്പിച്ചു് ആത്മാവിന്റെ ശാന്തമായ വൃത്തിയെ പ്രാപിക്കുന്നു. അപ്രകാരം രജസ്സ്, സത്വതമസ്സുകളെ അഭിഭവിപ്പിച്ചു ഘോരതത്തെയും അപ്രകാരം തമസ്സ്, സത്വരജസ്സുകളെ അഭിഭവിപ്പിച്ചു മൂഢതയേയും പ്രാപിക്കുന്നു.

വിവരണം:—സത്വം, രജസ്സ്, തമസ്സ്, ഇവയുടെ സ്വരൂപം മുറയ്ക്കു ശാന്തതയും ഘോരതയും മൂഢതയുമാണു. ശാന്തത സുഖം; ഘോരത ദുഃഖം; മൂഢത അജ്ഞാനം. സത്വഗുണം, രജസ്തമസ്സുകളെ മറച്ചു് സ്വന്തം ശാന്തരൂപമായ സുഖമായി പരിണമിക്കുന്നു. രജോഗുണം, സത്വതമസ്സുകളെ മറച്ചു് തന്റെ ഘോരതാരൂപമായ ദുഃഖമായി പരിണമിക്കുകയാണു്. തമസ്സും സത്വര

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ജസ്സുകളെ മറച്ചുകൊണ്ടാണ് അതിന്റെ മൂഢതാരൂപമായ മോഹ(അജ്ഞാനം)മായി പരിണമിക്കുന്നതു്. ഇങ്ങനെ ഓരോ ഗുണവും അതിന്റെ വൃത്തി മററുഗുണങ്ങളെ മറച്ചിട്ടാണു വെളിപ്പെടുത്തുക.

ഭാഷ്യം:—അന്യോന്യാശ്രയവൃത്തികളെന്നാൽ; ആധാരാധേയഭാവംകൊണ്ടുള്ള ആശ്രയപ്രയോജനം ഘടിക്കുന്നില്ലെങ്കിലും, യാതൊന്നിനെ അപേക്ഷിച്ചു് യാതൊന്നിന്റെ ക്രിയ ഭവിക്കുന്നു, അതു് അതിന്റെ ആശ്രയമാകുന്നു.

എങ്ങനെയെന്നാൽ, സത്ത്വം പ്രവൃത്തിനിയമങ്ങളെ ആശ്രയിച്ചു രജസ്തമസ്സുകൾക്കു പ്രകാശംകൊണ്ടുപകരിക്കുന്നു. രജസ്സ്, പ്രകാശനിയമങ്ങളെ ആശ്രയിച്ചു് പ്രവൃത്ത്യാ ഇതരങ്ങൾക്കും—സത്ത്വതമസ്സുകൾക്കും—തമസ്സ്, പ്രകാശപ്രവൃത്തികളെ ആശ്രയിച്ചു് നിയമംകൊണ്ടു് ഇതരങ്ങൾക്കും—സത്ത്വരജസ്സുകൾക്കും—ഉപകരിക്കുന്നു.

വിവരണം:—അന്യോന്യാശ്രയത്തിന് ആധാരാധേയഭാവമെന്ന മുഖ്യാർത്ഥം ഇവിടെ യോജിക്കയില്ല ഒന്നിന്റെ ആശ്രയത്തിൽ മറെറാന്നിരിക്കുന്നതാണ് ആധാരാധേയത്വം. ഗുണങ്ങളുടെ അന്യോന്യാശ്രയത്വം അങ്ങനെയല്ല. ഒന്നിനെ അപേക്ഷിച്ചു് മറെറാന്നു പ്രവർത്തിക്കുക; അതാണു ഗുണങ്ങളുടെ ആശ്രയസ്വഭാവം. എങ്ങനെയെന്നു പറയാം. സത്ത്വകാര്യം പ്രകാശം. രജസ്കാര്യം പ്രവൃത്തി. തമസ്കാര്യം നിയമം (പ്രതിബന്ധം). സത്ത്വഗുണം, രജഃകാര്യമായ പ്രവൃത്തിയേയും തമഃകാര്യമായ നിയമത്തെയും ആശ്രയിച്ചു പ്രകാശംകൊണ്ടു രജസ്തമസ്സുകളെ സഹായിക്കുന്നു. രജോഗുണം, സത്ത്വതമഃകാര്യങ്ങളായ പ്രകാശനിയമങ്ങളെ ആശ്രയിച്ചു് പ്രവൃത്തികൊണ്ടു സത്ത്വതമസ്സുകളെ സഹായിക്കുന്നു. ഗുണങ്ങളുടെ ഏവംവിധമായ സഹകാരിത്വമാണ് അന്യോന്യാശ്രയം.

സത്ത്വഗുണകാര്യം പ്രകാശമാണ്. സ്വയംപ്രവർത്തനശേഷിയില്ലാത്തതുകൊണ്ടു സത്ത്വം, രജസ്സിന്റെ പ്രവൃത്തിയെ ആശ്രയിച്ചു പ്രകാശത്തെ സാധിക്കുന്നു. രജസ്സ് സ്വയംപ്രകാശരൂപമല്ല; അതു സത്ത്വകാര്യമായ പ്രകാശധർമ്മത്തെ ആശ്രയിച്ചു പ്രവൃത്തി സാധിക്കുകയാണ്. തമസ്സ്, സ്വയംപ്രവർത്തനശേഷിയില്ലാത്തതുകൊണ്ടു് രജസ്സിന്റെ പ്രവൃത്തിധർമ്മത്തെ ആശ്രയിച്ചു സ്വകാര്യമായ നിയമം സാധിക്കുന്നു.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഭാഷ്യം:—അന്യോന്യജനനവൃത്തികളെന്നാൽ, ഒന്നു മറ്റൊന്നിനെ ആശ്രയിച്ചു ജനിക്കുന്നു. ജനനമാകട്ടെ പരിണാമമാണ്. അതു് ഗുണങ്ങളുടെ സദൃശരൂപവും. ഇതുകൊണ്ടുതന്നെ ഹേതുമത്ത്വം ഭവിക്കുന്നില്ല. തത്ത്വാന്തരത്തിന്റെ ഹേതുവിന്റെ അഭാവം ഹേതുവായിട്ട്; തത്ത്വാന്തരത്തിലെ ലയഭാവംനിമിത്തം അനിത്യത്വവും ഭവിക്കുന്നില്ല.

വിവരണം:—ഒരു ഗുണം മറ്റൊരു ഗുണത്തെ ആശ്രയിച്ച് പരിണമിക്കുന്നതാണ് അന്യോന്യജനനവൃത്തി. സത്ത്വാദിഗുണങ്ങൾ അന്യോന്യജനനവൃത്തികളാണ്. എന്നുവച്ച് ഒരു ഗുണം മറ്റൊരു ഗുണത്തിന്റെ ഹേതുവല്ല. ഗുണങ്ങളുടെ പരിണാമം സദൃശരൂപമായിരിക്കുന്നതുതന്നെ കാരണം. മാത്രമല്ല, ഒരു പദാർത്ഥത്തിൽനിന്നു ജനിക്കുന്ന മറ്റൊരു പദാർത്ഥം വിജാതീയമായിത്തീരുന്നിടത്താണ കാര്യകാരണവ്യവഹാരം സംഗതമാവുക. ഇവിടെ അങ്ങനെയില്ല. സത്ത്വാദിഗുണങ്ങളുടെ സമാവസ്ഥാരൂപമായ പ്രധാനംതന്നെ പരിണമിക്കുകയാണ്. അതു പരിണാമം സത്ത്വാദിഗുണരൂപമായിരിക്കയും ചെയ്യുന്നു. ഗുണങ്ങൾ കാരണമുള്ളതായാൽ "ഹേതുമദനിത്യം" എന്ന പ്രമാണമനുസരിച്ചു നാശമുള്ളതെന്നു വരും. ഒരിക്കലും നശിക്കാത്തവയാണ ഗുണങ്ങൾ. അഥവാ ഗുണങ്ങൾക്കനിത്യത്വമില്ല. മറ്റൊരു പദാർത്ഥത്തിൽ ഗുണങ്ങൾ ലയിക്കാത്തതാണ കാരണം. സൃഷ്ടികാലത്തു ഗുണങ്ങൾ ക്ഷോഭിക്കുന്നതുകൊണ്ടു പ്രധാനത്തിനു നാശമുണ്ടാകുമെന്നു ശങ്കിക്കേണ്ടതില്ല. പ്രധാനമാകട്ടെ അപ്പോൾ ഗുണത്രയത്തിൽ ലയിക്കുകയേയുള്ളൂ നശിക്കുകയില്ല. ഗുണത്രയം (സത്ത്വാദി) സമാവസ്ഥയിലിരുന്നിട്ട് അതിരിക്താവസ്ഥാവത്താവുകയില്ല. അങ്ങനെ ത്രിഗുണങ്ങൾ പരസ്പരം പരിണാമവൃത്തികളും നിത്യങ്ങളുമാകുന്നു.

ഭാഷ്യം:—അന്യോന്യമിഥുനവൃത്തികളെന്നാൽ, അന്യോന്യസഹചരങ്ങൾ. അവിനാഭാവവത്തികളെന്നു താത്പര്യം. 'ച' സമുച്ചയത്തിൽ ഭവിക്കുന്നു. അതിന് ആഗമവുമുണ്ട്.

വിവരണം:—ഭാര്യാഭർത്താക്കന്മാരെന്നപോലെ ഒത്തുകൂടിക്കഴിയുന്നവയാണ ഗുണങ്ങൾ. ഒന്നിനെക്കൂടാതെ മറ്റൊന്നിരിക്കായ്കയാണ് അവിനാഭാവം. ഗുണങ്ങൾ, ഒന്നിച്ചല്ലാതെ, ഒറ്റപ്പെട്ടിരി

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ക്കാത്തതുകൊണ്ട് അവിനാഭാവവൃത്തികളാണ്. ചിലപ്പോൾ അന്യോന്യാഭിഭാവകത്വം, ചിലപ്പോൾ അന്യോന്യാശ്രയത്വം, ചിലപ്പോൾ അന്യോന്യജനനത്വം, ചിലപ്പോൾ അന്യോന്യമിഥുനത്വം ഇങ്ങനെ പാക്ഷികത്വമുണ്ടെങ്കിലും ഗുണങ്ങൾ ഒന്നിച്ചേ ഇരിക്കൂ. അതേ സമുച്ചയത്തെ സൂചിപ്പിക്കുന്നതാണ് പ്രകൃതത്തിലെ ചകാരം. ഗുണങ്ങൾ സമുച്ചയപ്രകൃതികളെന്നതിനു ശാസ്ത്ര (ആഗമ)വുമുണ്ട്.*

ഭാഷ്യം:—പ്രകാശപ്രവൃത്തിനിയമാർത്ഥങ്ങളെന്നു പറഞ്ഞു. അതിൽ ഇപ്രകാരമിരിക്കുന്നവ ഏതെല്ലാമെന്നും എന്തുകൊണ്ടെന്നും പറയുന്നു.

വിവരണം:—സത്ത്വാദിഗുണങ്ങളുടെ പ്രയോജനം, ക്രമത്തിൽ പ്രകാശവും പ്രവൃത്തിയും നിയമവുമെന്നു പറഞ്ഞു. ആ ഗുണങ്ങളുടെ പേരുകൾ, എന്തിനായിട്ടു ഗുണങ്ങൾ അന്യോന്യാഭിഭവാദിവൃത്തികളാകുന്നു, എന്നതിനെ പറയാൻ തുടങ്ങുകയാണിനി.

കാരിക:—

> സത്ത്വം ലഘു പ്രകാശക-
> മിഷ്ടമുപഷ്ടംഭകം ചലം ച രജഃ
> ഗുരുവാരണകമേവ തമഃ
> പ്രദീപവച്ചാർത്ഥതോ വൃത്തിഃ 13

അർത്ഥം:—സത്ത്വം ലഘുവും പ്രകാശകവും, രജസ്സ് ഉപഷ്ടംഭകവും ചലവും, തമസ്സ് ഗുരുവും ആവരണകവും തന്നെ എന്ന് ഇഷ്ടമാകുന്നു. പ്രയോജനത്തിനുള്ള (അർത്ഥത) ഗുണങ്ങളുടെ വൃത്തി പ്രദീപംപോലെയുമാണ്.

പ്രീത്യപ്രീതിവിഷാദങ്ങൾ കൂടാതെയും സത്ത്വാദിഗുണങ്ങൾക്കു ലക്ഷണങ്ങളുണ്ട്. അതിനെ പരാമർശിക്കുകയാണ്. ലഘുത്വവും പ്രകാശകത്വവും സത്ത്വത്തിന്റെ ലക്ഷണം. പ്രേരകത്വ (ഉപഷ്ടംഭകം)വും ക്രിയാവത്ത്വവും രജസ്സിന്റെ ലക്ഷണം. തമ

---

* അന്യോന്യമിഥുനാഃ സർവേ-സർവ സർവത്രഗാമിനഃ
രജസോ മിഥുനം സത്ത്വം-സത്ത്വസ്യ മിഥുനം രജഃ
തമസശ്ചാപി മിഥുനേ-തേ സത്ത്വരജസീ ഉഭേ
ഉഭയോ സത്ത്വരജസോ-ർമിഥുനം തമ ഉച്യതേ
നൈഷാമാദിഃ സമ്പ്രയോഗോ-വിയോഗോ വോപലഭ്യതേ.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സ്സിൻേറയു ഗുരുത്വ (ഫലനം)വും മറയ്ക്കു (ആവരണകം)ലും. കപിലാദികളായ സാംഖ്യാചാര്യന്മാൎക്ക് ഈ പക്ഷം ഇഷ്ടമാണ്. ഗുണങ്ങളുടെ പ്രവൃത്തികൾ പുരുഷപ്രയോജനത്തിനുവേണ്ടിയാകുന്നു. വിപരീതസ്വഭാവമുള്ള ഗുണങ്ങൾ പ്രവൃത്തികൊണ്ടു് പുരുഷനു പ്രയോജനപ്പെടുന്നതു്, വിരുദ്ധപ്രകൃതിയായ എണ്ണയും തിരിയും വിളക്കിനു പ്രയോജനപ്പെടുന്നതുപോലെയാണു്.

ഭാഷ്യം:—"സത്ത്വം, ലഘു" എന്നിങ്ങനെ. സത്ത്വംതന്നെ ലഘുവും പ്രകാശകവുമെന്നു സാംഖ്യാചാര്യന്മാരാൽ ഇഷ്ടമാകുന്നു. അതിൽ കാൎയ്യോദ്ഗമനത്തിൽ ഹേതുവായ ധൎമ്മം ലാഘവമാണു്; ഗൌരവപ്രതിദ്വന്ദിയും. യാതൊന്നു ഹേതുവായിട്ടു് അഗ്നിക്കു ഊൎദ്ധ്വജ്വലനം ഭവിക്കുന്നു. ആ ലാഘവംതന്നെ ചിലതിൻെറ തിൎയ്യഗ്ഗമനത്തിൽ ഹേതുവായി ഭവിക്കുന്നു. അപ്രകാരം വായുവിനു തിൎയ്യഗ്ഗമനമുണ്ടു്. കരണങ്ങളുടെ വൃത്തിപടുതയിൽ ഹേതു ലാഘവമാണു്. യാതൊന്നുനിമിത്തം ഗുരുത്വത്തിൽ മന്ദങ്ങളായി ഭവിക്കും. ഇങ്ങനെ സത്ത്വത്തിൻെറ പ്രകാശകത്വം ഉക്തമായി.

വിവരണം:—സാംഖ്യാചാര്യന്മാരുടെ അഭിപ്രായത്തിൽ ലഘുത്വവും പ്രകാശകത്വവും സത്ത്വഗുണത്തിൻെറ ധൎമ്മമാണു്. ഇന്ദ്രിയവിഷയമാകുന്ന പദാൎത്ഥങ്ങളെ സത്ത്വഗുണമാണു പ്രകാശിപ്പിക്കുന്നതു്. ലഘുത്വംനിമിത്തം സത്ത്വത്തെ പ്രകാശകമെന്നു പറയുന്നു. അതായതു്, സത്ത്വത്തിൻെറ പദാൎത്ഥപ്രകാശനധൎമ്മം ലഘുത്വത്തെ ആശ്രയിച്ചുള്ളതാണു്. ഗുരുത്വത്തിൻെറ എതിരായ ലഘുത്വം, ഉയരുക (ഉദ്ഗമനം) എന്ന കാൎയ്യത്തിൻെറ കാരണമാകുന്നു. അഗ്നി മേല്പോട്ടു കത്തുന്നതു് ദൃഷ്ടാന്തം. ലഘുത്വാശ്രയം കൊണ്ടാണു് അഗ്നി മേല്പോട്ടു കത്തുന്നതു്. ചിലതിൻെറ വിലങ്ങായ സഞ്ചരണത്തിനും ലഘുത്വം കാരണമാകുന്നു. വായു, വിലങ്ങനെ സഞ്ചരിക്കുന്നതു ദൃഷ്ടാന്തം. വിലങ്ങനെ വായു സഞ്ചരിക്കുന്നതു ലഘുത്വംകൊണ്ടാണു്. അതുപോലെതന്നെ, ഇന്ദ്രിയങ്ങൾക്കു് അതതു വിഷയഗ്രഹണത്തിൽ സാമൎത്ഥ്യമുണ്ടാകുന്നതിനും ലഘുത്വമാണു കാരണം. മറിച്ചു് ലഘുത്വവിരോധിയായ ഗുരുത്വം കാരണമായാൽ ഇന്ദ്രിയങ്ങൾ വിഷയഗ്രഹണത്തിനു് അസമൎത്ഥങ്ങളായിപ്പോകും. ഇത്രയുംകൊണ്ടു് സത്ത്വഗുണത്തിൻെറ ലഘുത്വനിമിത്തമായ പ്രകാശകത്വത്തെ പറഞ്ഞു.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഭാഷ്യം:—സത്ത്വതമസ്സുകൾ, സ്വയമേയുള്ള അക്രിയതകൊണ്ട് സ്വസ്വകാര്യപ്രവൃത്തിയെ അവസീദത്തുകളായിരിക്കുമ്പോൾ രജസ്സിനാൽ ഉപഷ്ടംഭിക്കപ്പെടുന്നു; അവസാദത്തിൽനിന്നു ഭ്രംശിപ്പിച്ച് (പ്രച്യാവ്യ) സ്വകാര്യത്തിൽ ഉത്സാഹപ്രയത്നമാക്കി ചെയ്യപ്പെടുന്നു. അതുകൊണ്ടാണിങ്ങനെ പറഞ്ഞത്, "ഉപഷ്ടംഭകം രജഃ" എന്ന്.

വിവരണം:—സത്ത്വവും തമസ്സും സ്വയം പ്രവർത്തിക്കാൻ കഴിവില്ലാത്തവയാണ്. തന്മൂലം അവ, പ്രകാശകത്വാദികളായ സ്വസ്വകാര്യങ്ങളുടെ പ്രവർത്തനത്തിൽ അശക്തങ്ങളായിരിക്കും. അങ്ങനെ അശക്തങ്ങളായ സത്ത്വതമസ്സുകളെ ആ അശക്തത മാററി സ്വകാര്യപ്രവർത്തനത്തിന് ഊന്നായി(ഉപഷ്ടംഭകം) നിന്ന് ഉത്തേജിപ്പിക്കുന്നതു രജസ്സാണ്. സത്ത്വതമസ്സുകൾക്കു സ്വകാര്യപ്രവർത്തനത്തിൽ ഉപഷ്ടംഭകമായിരിക്കുന്നതുകൊണ്ടു രജസ്സിനെ ഉപഷ്ടംഭകമെന്നു പറഞ്ഞു. ഉപഷ്ടംഭകമെന്നാൽ ഊന്ന്.

ഭാഷ്യം:—എന്തിനിങ്ങനെ പറഞ്ഞു; "ചല"മെന്ന്. ഇതു കൊണ്ടു രജസ്സിൻെറ പ്രവൃത്തിപ്രയോജനം കാണിച്ചിരിക്കയാണ്.

വിവരണം:—രജസ്സിൻെറ ധർമ്മം ഉപഷ്ടംഭകവും ചലവുമെന്നു പറഞ്ഞല്ലോ. സ്വയംപ്രവർത്തനശേഷിയില്ലാത്ത സത്ത്വതമസ്സുകളെ സ്വകാര്യവൃത്തിയിൽ ഉത്തേജിപ്പിക്കുന്നതാണ് ഉപഷ്ടംഭകമെന്നും പറഞ്ഞു. പിന്നെ 'ചല' (സക്രിയം) മെന്നു പ്രത്യേകം പറഞ്ഞതെന്തിന്? രജസ്സിൻെറ പ്രവർത്തനശീലം വെളിപ്പെടുത്തുന്നതാണത്. "ഉപഷ്ടംഭകം" രജസ്സിൻെറ പ്രവർത്തനരീതിയേയും 'ചലം' അതിൻെറ പ്രവർത്തനശീലത്തേയും വെളിവാക്കുന്നു.

ഭാഷ്യം:—രജസ്സാകട്ടെ പ്രവർത്തനശീലതകൊണ്ടു് ചുററിലും ത്രിഗുണാത്മകമായ ഇന്ദ്രിയത്തെ (ത്രൈഗുണ്യം) പ്രവർത്തിപ്പിക്കുമ്പോൾ, ഗുരുവും ആവരണകവുമായ തമസ്സിനാൽ അവിടവിടെയുള്ള പ്രവൃത്തിപ്രതിബന്ധകംകൊണ്ടു് ഓടിടത്തുതന്നെ പ്രവർത്തിക്കപ്പെടുന്നു. ഇങ്ങനെ അതതിൽനിന്നു വ്യാവർത്തിപ്പിക്കുന്നതു കൊണ്ടു് തമസ്സ്, നിയാമകമെന്നു പറയപ്പെട്ടു. ഗുരുവരണംതന്നെയാണു തമസ്സ്.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

വിവരണം:—രജസ്സ്, സ്വന്തമായ ക്രിയാശേഷികൊണ്ടു ത്രിഗുണാത്മകമായ ഇന്ദ്രിയങ്ങളെ പ്രവർത്തിപ്പിക്കുന്നു. ഇന്ദ്രിയങ്ങളുടെ അതതുപ്രവർത്തനം പരപ്പിൽപോകാതെ അതതുവിഷയങ്ങളിൽ നിയന്ത്രിതമാകുന്നതു തമസ്സിന്റെ ഘന(ഗുരുത്വം)വും പ്രതിബന്ധക (ആവരണകം)വും നിമിത്തമാണ്. അങ്ങനെ രജഃപ്രവർത്തകമായ ഇന്ദ്രിയങ്ങളെ തത്തത്കാര്യങ്ങളിൽ നിയന്ത്രിക്കുന്നതുകൊണ്ടു് തമസ്സ് നിയാമകമായി. തമസ്സിന്റെ നിയാമകധർമ്മം, ഗുരുത്വവും ആവരണകവുംതന്നെ.

ഭാഷ്യം:—ഏവശബ്ദം ഭിന്നക്രമമായി ഓരോന്നിനോടും സംബന്ധിക്കപ്പെടുന്നു; സത്ത്വം ഏവ, രജഃ ഏവ, തമഃ ഏവ എന്നിങ്ങനെ.

വിവരണം:—കാരികയിലെ ഏവ (തന്നെ) എന്ന ശബ്ദം, ഒന്നിനോടു മാത്രമല്ല, സത്ത്വാദികളായ ഓരോന്നിനോടും ബന്ധപ്പെടുത്തി അന്വയിക്കണം. ഇതാണു ഭിന്നക്രമം. ലഘുത്വം കൊണ്ടു പ്രകാശകമായതു സത്ത്വംതന്നെ. ചലത്വംകൊണ്ടു് ഉപഷ്ടംഭകമായതു രജസ്സുതന്നെ. ഗുരുത്വംകൊണ്ടു് ആവരണകമായതു തമസ്സുതന്നെ. ഇങ്ങനെ ഭിന്നക്രമം.

ഭാഷ്യം:—പരസ്പരവിരോധശീലങ്ങളാണല്ലോ ഗുണങ്ങൾ. സുന്ദോപസുന്ദന്മാരെപ്പോലെ പരസ്പരം ധ്വംസിക്കുന്നു എന്നതിനാൽ അവയുടെ ഏകക്രിയാകർത്തൃതയും മുമ്പേത്തതുതന്നെ യുക്തം; എന്നതുകൊണ്ടു പറയുന്നു; "പ്രദീപവച്ചാർത്ഥതോ വൃത്തിഃ" എന്നു്.

വിവരണം:—ഗുണങ്ങൾ, അന്യോന്യം വിരുദ്ധസ്വഭാവമുള്ളവയാണു്. തന്മൂലം അവ പരസ്പരം ധ്വംസിക്കുന്നു. സുന്ദോപസുന്ദന്മാരെന്നപോലെ. മുമ്പു് സഹോദരന്മാരായ രണ്ടസുരന്മാരായിരുന്നു സുന്ദനും, ഉപസുന്ദനും. അവർ തപസ്സുചെയ്തു് ഈശ്വരനിൽനിന്നു് ഒരു വരം വാങ്ങി; തങ്ങളെ മററാരും കൊല്ലരുതെന്നു്. അങ്ങനെ വരബലംകൊണ്ടു് അജയ്യന്മാരായ സുന്ദോപസുന്ദന്മാർ ഒരിക്കൽ ഒരു സുന്ദരിയെ കണ്ടാഗ്രഹിച്ചു. രണ്ടുപേക്കും അവളെ വേണമെന്നായി. ഒടുക്കം അവർ ആ സുന്ദരിക്കുവേണ്ടി തമ്മിൽത്തല്ലി നശിച്ചു. അപ്രകാരം ഗുണങ്ങളും പരസ്പരം ധ്വംസിക്കുമാണു്. എന്നിരിക്കെ അത്തരം ഗുണങ്ങൾക്കു പുരുഷനു ഭോഗ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

രൂപമായി പ്രയോജനപ്പെടുക എന്ന ഏകരൂപമായ ക്രിയയിൽ എങ്ങനെ കർത്തൃത്വമുണ്ടാകും? അതു് മുമ്പുപറഞ്ഞ സുന്ദോപസുന്ദന്മാരുടെ കഥപ്പോലത്തെതായിരിക്കും. ഈ സന്ദേഹം മഴിവാക്കാൻവേണ്ടിയാണു് "പ്രദീപവച്ചാർത്ഥതോ വൃത്തിഃ" എന്നു പറഞ്ഞതു്. അതായതു് ഗുണങ്ങൾ, ഏകകർത്തൃകമായി പുരുഷനു പ്രയോജനപ്പെടുന്നതു്, വിളക്കുപോലെയാണു്. വിളക്കിൻെറ ദൃഷ്ടാന്തം ഭാഷ്യത്തിൽ വിശദമാക്കുന്നു.

ഭാഷ്യം:—ഇതു പ്രത്യക്ഷമാണു്; തിരിയും എണ്ണയും അഗ്നിവിരോധികളായിരുന്നിട്ടും, കൂടിച്ചേർന്നു് അഗ്നിയോടുകൂടി രൂപപ്രകാശലക്ഷണമായ കാര്യത്തെ ചെയ്യുന്നതും, പരസ്പരവിരോധികളായ വാതപിത്തശ്ലേഷ്മങ്ങൾ, ശരീരധാരണരക്ഷണകാര്യകാരികളാകുന്നതും എപ്രകാരമോ അപ്രകാരം സത്ത്വരജസ്തമസ്സുകൾ, അന്യോന്യം വിരുദ്ധങ്ങളാണെങ്കിലും അനുവർത്തിക്കുകയും സ്വകാര്യത്തെ ചെയ്യുകയും ചെയ്യുന്നു.

വിവരണം:—പരസ്പരവിരുദ്ധങ്ങളായ ത്രിഗുണങ്ങൾ, പുരുഷഭോഗമാകുന്ന ഒററക്കാര്യത്തിൽ യോജിച്ചു പ്രവർത്തിക്കുന്നതിനൊരു ദൃഷ്ടാന്തം പറഞ്ഞതല്ലോ; വിളക്കിൻെറ ദൃഷ്ടാന്തം. അതിനെ വിശദമാക്കുന്നു. എണ്ണയും തിരിയും അഗ്നിക്കു വിരോധികളാണു്; എന്നാലും അവ അഗ്നിയോടൊത്തുകൂടി പ്രകാശരൂപമായ കാര്യത്തെ ജനിപ്പിക്കുന്നു. ഇതു് വിളക്കിൻെറ ദൃഷ്ടാന്തം. ഇനി വേറെയൊന്നു്. വാതം പിത്തം കഫം ഈ മൂന്നും വൈദ്യശാസ്ത്രപ്രകാരം ത്രിദോഷങ്ങളാണു്. പരസ്പരവിരോധികളുമാണു് ത്രിദോഷങ്ങൾ. എന്നാലും അവ, മനുഷ്യശരീരത്തിൻെറ നിലനില്പിനും പോഷണത്തിനുംവേണ്ടി യോജിച്ചു പ്രവർത്തിക്കുന്നു. ഈ രണ്ടു ദൃഷ്ടാന്തവും പ്രത്യക്ഷവിഷയമാണു്. അതുപോലെ വിരുദ്ധപ്രകൃതികളായ ത്രിഗുണങ്ങളും പുരുഷൻെറ ഭോഗകാര്യത്തിൽ ഏകകർത്തൃകമായി പ്രവർത്തിക്കുന്നതായി മനസ്സിലാക്കണം.

ഭാഷ്യം:—"അർത്ഥതഃ" എന്നാൽ, പുരുഷനുവേണ്ടി (പുരുഷപ്രയോജനം ഹേതുവായിട്ടു്) എന്നു താത്പര്യം. അതെങ്ങനെയെന്നു് "പുരുഷാർത്ഥ ഏവ ഹേതു — ന്ന കേനചിത് കാര്യതേ കാരണം" എന്നിപ്രകാരം മുപ്പത്തൊന്നാംകാരികയിൽ പറയും.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

വിവരണം:—കാരികയിലെ "അർത്ഥതഃ" എന്ന സന്ദർഭം വ്യാഖ്യാനിക്കുകയാണ്. അതിൻെറ അർത്ഥം പുരുഷനുവേണ്ടി എന്ന് (പുരുഷതഃ): പുരുഷന്, ഭോഗാപവർഗ്ഗങ്ങൾ (വിഷയാനുഭവവും മോക്ഷവും) സാധിച്ചുകൊടുക്കാനാണ് സത്ത്വരജസ്തമസ്സുകളുടെ യോജിച്ചുള്ള പ്രവർത്തനം. അതിനെക്കുറിച്ചു മുപ്പത്തൊന്നാംകാരികയിൽ വിശദമായിപ്പറയും.

ഭാഷ്യം:—ഇതിൽ (ത്രിഗുണപ്രസ്താവത്തിൽ) പരസ്പരവിരോധികളായ സുഖദുഃഖമോഹങ്ങൾ, സ്വസ്വാനുരൂപങ്ങളായി _സുഖദുഃഖമോഹാത്മകങ്ങളായി നിമിത്തങ്ങളെ ആശ്രയിക്കുന്നു. അവയ്ക്കും (ധർമ്മാദിനിമിത്തങ്ങൾ) അഭിഭാവ്യാഭിഭാവകത്വംനിമിത്തം നാനാത്വമുണ്ട്.

വിവരണം:—"ത്രിഗുണമവിവേകി" എന്നിങ്ങനെ സത്ത്വരജസ്തമോഗുണങ്ങൾ വേർതിരിക്കാനൊക്കാത്തവയെന്നു പറഞ്ഞല്ലോ; ത്രിഗുണകാര്യങ്ങൾ, മുറയ്ക്കു സുഖദുഃഖമോഹങ്ങളെന്നും. അതായത്, സത്ത്വഗുണത്തിൻെറ കാര്യം സുഖം. രജോഗുണത്തിൻെറതു ദുഃഖം. മോഹം, തമോഗുണത്തിൻെറ കാര്യം. സുഖദുഃഖമോഹകാര്യങ്ങളായ ത്രിഗുണങ്ങളുടെ പരിണാമമാണു വസ്തുക്കളെല്ലാം. എന്നുവരുമ്പോൾ സകല വസ്തുക്കളും സകലർക്കുമൊന്നുപോലെ സുഖരൂപമായും ദുഃഖരൂപമായും മോഹരൂപമായുമിരിക്കണം. ഒരുവിധത്തിൽ ആ വ്യവസ്ഥ ശരിയുമാണ്. ചന്ദനം, പൂമാല തുടങ്ങിയ അനുകൂലവസ്തുക്കൾ എല്ലാക്കും സുഖമുണ്ടാക്കുന്നു. പാമ്പ്, തേള്, മുള്ള് മുതലായവ ദുഃഖമുണ്ടാക്കുന്നവയാണെല്ലാക്കും. എന്നാൽ അതേ വ്യവസ്ഥയ്ക്കുതന്നെ പ്രത്യക്ഷത്തിൽ വ്യത്യാസം കാണുന്നുണ്ട്. ചന്ദനം കുങ്കുമം മുതലായ വസ്തുക്കൾ മഞ്ഞുകാലത്തു സുഖമുണ്ടാക്കുന്നില്ല. മുള്ള്, ഒട്ടകത്തിനു സുഖകരമാണ്. മനുഷ്യനപ്രകാരമല്ല. ഇങ്ങനെ നോക്കുമ്പോൾ, സുഖദുഃഖമോഹങ്ങൾ, വസ്തുസ്വഭാവമല്ല. ജാതികാലാദികളെ ആശ്രയിച്ചിരിക്കുന്നവയെന്നു പറയണം. ആ പക്ഷം സംഗതമല്ലെന്നു സമർത്ഥിക്കുകയാണു പ്രകൃതംകൊണ്ട്.

സുഖവും ദുഃഖവും മോഹവും ത്രിഗുണകാര്യങ്ങളാണ്; അവ പരസ്പരം വിരോധികളും. എല്ലായിടത്തും സുഖദുഃഖമോഹങ്ങൾ സമാനമായിരിക്കുന്നു. സുഖാദികൾ എല്ലായിടത്തുമുള്ളതാണെ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ങ്കിലും കാരണംകൂടാതെ എങ്ങും വെളിപ്പെടുന്നതല്ല. സുഖം അനുഭവപ്പെടുന്നതു് സുഖരൂപമായ കാരണത്തെ ആശ്രയിച്ചായിരിക്കും. ദുഃഖരൂപമായ കാരണത്തെ ആശ്രയിച്ചു് ദുഃഖം അനുഭവപ്പെടും. മോഹരൂപമായ കാരണത്തെ ആശ്രയിച്ചു് മോഹവും അനുഭവപ്പെടുകയാണു്. സുഖത്തിന്റെ ആശ്രയകാരണം ധർമ്മം. ദുഃഖമോഹങ്ങളുടേതു് അധർമ്മവും. ഒരുവന്റെ മനസ്സിൽ ധർമ്മം ഫലോന്മുഖമാകുമ്പോൾ, മനസ്സിലേയും സമീപവസ്തുവിലേയും സത്വഗുണം ഉത്കർഷം പ്രാപിച്ചു് രജസ്തമസ്സുകളെ മറച്ചു് സുഖരൂപമായ അറിവിനെ ഉണ്ടാക്കുന്നു. ആ വസ്തു അയാളെസംബന്ധിച്ചു സുഖമുള്ളതായിത്തീരുന്നു. അപ്രകാരം അധർമ്മം ഫലോന്മുഖമാകുമ്പോൾ രജോഗുണം വർദ്ധിച്ചു് സത്വതമസ്സുകളെ മറച്ചു് ദുഃഖരൂപമായ അറിവുണ്ടാക്കുകയാണു്. തമസ്സു വർദ്ധിച്ചു് സത്വരജസ്സുകളെ മറച്ചു് മോഹരൂപമായ അറിവുണ്ടാക്കുന്നതും അധർമ്മം ഫലോന്മുഖമാകുമ്പോഴാണു്. സുഖാദിവിഷയങ്ങൾ ഇങ്ങനെ ധർമ്മാധർമ്മങ്ങളെ നിമിത്തീകരിച്ചു് അനുഭവപ്പെടുന്നു. ത്രിഗുണാത്മകമാണു് വസ്തുക്കളൊക്കെയും. ക്ഷണംതോറും ത്രിഗുണങ്ങൾ മാറിക്കൊണ്ടിരിക്കുന്നു. തദാത്മകങ്ങളായ വസ്തുക്കളും മാറിക്കൊണ്ടിരിക്കയാണു്. തൻമൂലം എല്ലാ വസ്തുക്കളും എപ്പോഴും ഒരേ സ്വഭാവത്തിലനുഭവപ്പെടുന്നില്ല. ഒരിക്കൽ സുഖമായി തോന്നിയ വസ്തു പിന്നൊരിക്കൽ സുഖമായിത്തോന്നാത്തതിന്റെ കാരണമിതാണു്. സുഖാദിനിമിത്തമായ ധർമ്മാധർമ്മങ്ങളുണ്ടല്ലോ; അവയ്ക്കും നാനാത്വമുണ്ടു്; ധർമ്മാദികളെ ആശ്രയിച്ചു് അനുഭവവിഷയമാകുന്ന സുഖാദികളുടെ ഉത്കർഷാപകർഷങ്ങൾ (അഭിഭാവ്യാഭിഭാവകങ്ങൾ) നിമിത്തമാണു മുൻപറഞ്ഞ നാനാത്വം സംഭവിക്കുന്നതു്.

ഭാഷ്യം:—അതു് എങ്ങനെയെന്നാൽ—രൂപയൌവനകുലസമ്പന്നയായ ഒരു സ്ത്രീതന്നെ, ഭർത്താവിനെ അനുകൂലതകൊണ്ടു സുഖിയാക്കുന്നു. അതെതിന്റെ കാരണംകൊണ്ടു്? ആ സ്ത്രീതന്നെ, പ്രതികൂലതകൊണ്ടു് സപത്നികളെ ദുഃഖമുള്ളവരാക്കുന്നു. എന്തിന്റെ കാരണംകൊണ്ടാണതു്? അവരെക്കുറിച്ചുള്ള അവളുടെ ദുഃഖരൂപസമുത്ഭവംകൊണ്ടു്. അപ്രകാരം, അവളെ ലഭിക്കാത്ത മറെറാരു പുരുഷനെ അവൾതന്നെ മോഹിപ്പിക്കയും ചെയ്യുന്നു. അതെന്തു കാരണംകൊണ്ടു്? അവനെക്കുറിച്ചുള്ള അവളുടെ മോഹ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

രൂപസമുത്ഭവംകൊണ്ട്. ഈ സ്ത്രീയിലൂടെ സർവ്വപദാർത്ഥങ്ങളും വ്യാഖ്യാതങ്ങളായി.

വിവരണം.—ഒരു പദാർത്ഥംതന്നെ ഒരാൾക്കു സുഖമായും മററൊരാൾക്കു ദുഃഖമായും, വേറൊരാൾക്കു മോഹമായും അനുഭവപ്പെടുന്നതിനെ ദൃഷ്ടാന്തംകൊണ്ടു സമർത്ഥിക്കുന്നു. സൌന്ദര്യവും യൗവനവും കുലമഹിമയുമൊത്തിണങ്ങിയ ഒരു സ്ത്രീ, ആനുകൂല്യംകൊണ്ട് അവളുടെ ഭർത്താവിനെ സുഖിപ്പിക്കുന്നു. ഭർത്തൃഹൃദയത്തിലുണ്ടായ ധർമ്മരൂപമായ നിമിത്തത്തെ ആശ്രയിച്ചു സത്ത്വം ഉത്കർഷംപ്രാപിച്ചു സംക്രമിച്ചതുകൊണ്ടാണ് ആ സ്ത്രീ സുഖകാരണമായിത്തീർന്നത്. സത്ത്വോത്കർഷത്തിൽ തത്കാര്യമായ സുഖം സമീപവസ്തുവായ സ്ത്രീയിലും സമുൽഭൂതമായി. അതിനെയാണ് സുഖസമുത്ഭവമെന്നു പറഞ്ഞത്. അതേ സ്ത്രീതന്നെ അവളുടെ സപത്നിമാക്കു (കൂട്ടുഭാര്യമാർ) ദുഃഖകാരണമായിത്തീരുന്നു. എന്തുകൊണ്ടങ്ങനെ? സപത്നിമാരുടെ മനസ്സിലുണ്ടായ അധർമ്മത്തെ നിമിത്തമാക്കി രജസ്സ്, ഉത്കർഷപ്പെടുന്നതുകൊണ്ട് തത്കാര്യമായ ദുഃഖം അനുഭവപ്പെടുകയാണ്. ഇപ്പറഞ്ഞ സുന്ദരിയായ സ്ത്രീ, ചൈത്രൻെറ ഭാര്യയാണെന്നിരിക്കട്ടെ. അപ്പോൾ മൈത്രനെന്ന മററൊരുവൻ അവളെക്കണ്ടു മോഹിക്കുന്നു. അഹോ! സുകൃതശാലിയായ ചൈത്രൻെറ സ്ത്രീരത്നമാണിവൾ; ഭാഗ്യദോഷിയായ എൻെറയല്ല;" എന്നെല്ലാം. ആ മോഹത്തിനെന്താണു കാരണം? അന്യപുരുഷനായ മൈത്രൻെറ മനസ്സിലുണ്ടായ അധർമ്മം നിമിത്തമാക്കി തമസ്സ് ഉത്കർഷം പ്രാപിച്ചതിൽനിന്ന് തത്കാര്യമായ മോഹം അനുഭവപ്പെടുന്നതുതന്നെ. ഇങ്ങനെ ഒരു വസ്തു, സുഖദുഃഖമോഹരൂപമായ ഭിന്നാനുഭവങ്ങൾക്ക്—അഥവാ വിജ്ഞാനങ്ങൾക്ക്—കാരണമാകുന്നതിന് ഈ സ്ത്രീയുടെ ദൃഷ്ടാന്തം പര്യാപ്തമാണ്. കൂടാതെയും ഇതിനു ദൃഷ്ടാന്തമുണ്ട്. മഴ, എന്നൊരു പദാർത്ഥം. അതു കർഷകനെ സന്തോഷിപ്പിക്കയും വഴിയാത്രക്കാരനെ ദുഃഖിപ്പിക്കയും വിരഹിയെ മോഹിപ്പിക്കയും ചെയ്യുന്നു. ഇങ്ങനെ വേറെയും ദൃഷ്ടാന്തങ്ങൾ സ്വയമൂഹിച്ചുകൊള്ളണം.

ഭാഷ്യം:—അതിൽ, യാതൊന്നു സുഖകാരണം; അതു സുഖാത്മകമായ സത്ത്വം. യാതൊന്നു ദുഃഖകാരണം; അത് ദുഃഖാത്മ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

കമായ രജസ്സ്; യാതൊന്നു മോഹകാരണം, അതു് മോഹാത്മകമായ തമസ്സ്.

വിവരണം:—മേൽക്കാണിച്ച സ്ത്രീദൃഷ്ടാന്തത്തിൽ, സ്ത്രീമുഖാന്തിരം ഭർത്താവിനുണ്ടായ സുഖത്തിനും, സപത്നികൾക്കുണ്ടായ ദുഃഖത്തിനും, കാമുകനായ മൈത്രനുണ്ടായ മോഹത്തിനും കാരണം, യഥാക്രമം, സുഖരൂപമായ സത്ത്വവും, ദുഃഖരൂപമായ രജസ്സും, മോഹരൂപമായ തമസ്സുമാകുന്നു.

കുറിപ്പ്:—ഇത്രയുംകൊണ്ടു് ഒരു തത്ത്വം മനസ്സിലാക്കേണ്ടതുണ്ടു്. സാധാരണഗതിയിൽ സുഖാദികളുടെ ഭിന്നാനുഭവങ്ങൾ ബാഹ്യപദാർത്ഥങ്ങളെ ആശ്രയിച്ചു സംഭവിക്കുന്നതായിട്ടാണു തോന്നുക. വ്യവഹാരദശയിൽ അതു തോന്നൽ ശരിയുമാണ്. പക്ഷേ, പാരമാർത്ഥികദശയിൽ അതു സത്യമല്ല. സുഖാദികൾ അവനവനിൽത്തന്നെയാണിരിക്കുന്നതു്; അവ, ബാഹ്യപദാർത്ഥങ്ങളിൽ സംക്രമിച്ചു് അനുഭവപ്പെടുകയാണ്. സത്ത്വാദിഗുണങ്ങൾ അതിനു കാരണവും.

ഭാഷ്യം:—സഹദർശനംനിമിത്തം, ഒന്നിൽ ഒരുമിച്ചുഭവിക്കുന്നതിൽ സുഖപ്രകാശകലാഘവങ്ങൾക്കു് അവിരോധം ഭവിക്കുന്നു. അതുകൊണ്ടു്, വിരോധികളായ സുഖദുഃഖമോഹങ്ങളാലെന്നപോലെ, അവിരോധികളായി ഏകൈകഗുണവൃത്തികളായ സുഖപ്രകാശലാഘവങ്ങളാൽ നിമിത്തഭേദങ്ങൾ ഉന്നയിക്കപ്പെടുന്നില്ല. അപ്രകാരം ദുഃഖോപഷ്ടംഭകപ്രവർത്തകങ്ങളാലും, അപ്രകാരം മോഹഗുരുത്വാവരണങ്ങളാലും, നിമിത്തഭേദങ്ങൾ ഉന്നയിക്കപ്പെടുന്നില്ല. എന്നതിനാൽ ത്രിഗുണാത്മകത്വം സിദ്ധമാണ്.

വിവരണം:—ത്രിഗുണകാര്യമായ സുഖദുഃഖമോഹങ്ങൾ, ഒരു പദാർത്ഥത്തിന്റെ പേരിൽ ഭിന്നനിമിത്തങ്ങളെ ആശ്രയിക്കുന്നതായി സ്ത്രീദൃഷ്ടാന്തംകൊണ്ടു വ്യക്തമായല്ലോ. അപ്പോൾ ഒരു സംശയം നേരിടുന്നു; സത്ത്വാദികളുടെ സ്വഭാവഗുണവൃത്തികളും ഭിന്നനിമിത്തങ്ങളെ ആശ്രയിക്കുമോ എന്നു്. ആ സംശയം പരി

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഹരിക്കുകയാണ്. സത്ത്വഗുണത്തിന്റെ സ്വഭാവഗുണവൃത്തികൾ, മുറയ്ക്ക് സുഖവും പ്രകാശവും ലാഘവവും. ഒരുമിച്ചു കാണുകയും ഒന്നിൽത്തന്നെ ഒരുമിച്ചു സംഭവിക്കുകയും ചെയ്യുന്നതുകൊണ്ട് ആ സ്വഭാവഗുണവൃത്തികൾക്ക് അന്യോന്യവിരോധമില്ല. അങ്ങനെ വിരോധമില്ലായ്കനിമിത്തം സുഖദുഃഖമോഹങ്ങളെന്നപോലെ, സുഖപ്രകാശലാഘവങ്ങൾ ഭിന്നനിമിത്തങ്ങളെ ആശ്രയിക്കുന്നില്ല. അപ്രകാരംതന്നെ രജസ്സിന്റെ സ്വഭാവഗുണവൃത്തികളായ ദുഃഖോപഷ്ടംഭകപ്രവർത്തകത്വങ്ങളും, തമസ്സിന്റെ സ്വഭാവഗുണവൃത്തികളായ മോഹഗുരുത്വാവരണങ്ങളും ഭിന്നനിമിത്തങ്ങളെ ആശ്രയിക്കുന്നില്ല. അതിനാൽ പദാർത്ഥങ്ങളുടെ ത്രിഗുണസ്വരൂപം സിദ്ധമാണ്.

ഗുണത്രയനിരൂപണം കഴിഞ്ഞു.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അവിവേകിത്വാദിസിദ്ധിനിരൂപണം

ഭാഷ്യം: — അനുഭൂയമാനങ്ങളായ പൃഥിവ്യാദികളിലെ അവിവേകിത്വാദികൾ അനുഭവസിദ്ധങ്ങളാണെന്നിരിക്കട്ടെ. എന്നാൽ യാവചില സത്ത്വാദികൾ അനുഭവപഥത്തെ അധിരോഹിക്കുന്നില്ല; അവയ്ക്കെങ്ങനെയുള്ളതാണ് അവിവേകിത്വവും വിഷയത്വവും സാമാന്യത്വവും അചേതനത്വവും പ്രസവധർമ്മിത്വവും എന്നതിനെ പറയുന്നു.

വിവരണം: — പദാർത്ഥങ്ങളെല്ലാം ത്രിഗുണരൂപങ്ങളെന്നു സമർത്ഥിച്ചു. ഏകാദശേന്ദ്രിയങ്ങൾ, അഹങ്കാരരൂപങ്ങൾ, അഹങ്കാരം, മഹത്തത്ത്വരൂപം, മഹത്തത്ത്വം, പ്രധാനരൂപം, പ്രധാനം, ഗുണത്രയരൂപം, ഇങ്ങനെ അപ്പോൾ ഒരു സംശയം: ത്രിഗുണം, അവിവേകി, വിഷയം, സാമാന്യം, അചേതനം, പ്രസവധർമ്മി, ഇതെല്ലാം വ്യക്തത്തിന്റെയും അവ്യക്തത്തിന്റെയും ധർമ്മങ്ങളെന്നു പറഞ്ഞു. അതിൽ വ്യക്തരൂപമായ പ്രപഞ്ചത്തിലെ പൃഥിവി (ഭൂമി) മുതലായ സ്ഥൂലപദാർത്ഥങ്ങൾ പ്രത്യക്ഷമായിരിക്കുന്നു. അവയിലെ അവിവേകിത്വാദിധർമ്മങ്ങളും (ഘടകപദാർത്ഥങ്ങളെ വേർതിരിക്കാനൊക്കായ്ക) പ്രത്യക്ഷമാണ്. എന്നാൽ അവ്യക്തത്തിന്റെ ത്രിഗുണധർമ്മം പ്രത്യക്ഷമല്ല. പ്രത്യക്ഷവിഷയമല്ലാത്ത ത്രിഗുണവും തദ്രൂപമായ അവ്യക്ത(പ്രധാന)വും ഉണ്ടെന്നു മനസ്സിലാക്കാനെന്താണു തെളിവ്? ഈ സംശയം പരിഹരിക്കുന്ന കാരിക ഉദ്ധരിക്കുന്നു.

കാരിക: —

> അവിവേക്യാദേസ്സിദ്ധി-
> സ്ത്രൈഗുണ്യാത്തദ്വിപര്യയാഭാവാത്
> കാരണഗുണാത്മകത്വാത്-
> കാര്യസ്യാഽവ്യക്തമപി സിദ്ധം.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അത്ഥം: —ത്രൈഗുണ്യംനിമിത്തവും തദ്വിപര്യയാഭാവംനിമി ത്തവും അവിവേക്യാദിയുടെ സിദ്ധി ഭവിക്കുന്നു. കാര്യത്തിന്റെ കാരണഗുണാത്മകത്വം നിമിത്തം അവ്യക്തത്തിന്റേറയും സിദ്ധി യുണ്ട്.

ത്രിഗുണരൂപമായിരിക്കുന്നതെല്ലാം അവിവേകിത്വാദി ധമ്മ ങ്ങളുള്ളതാണ്. പ്രപഞ്ചപദാത്ഥങ്ങളൊന്നുമില്ല ത്രിഗുണരൂപമല്ലാ ത്തതായിട്ട്. പുരുഷനിൽ അവിവേകിത്വാദി ധമ്മങ്ങളില്ല; തന്മൂലം ത്രിഗുണത്വവുമില്ല. അങ്ങനെ പദാത്ഥങ്ങളുടെ ത്രിഗുണ രൂപത്വംകൊണ്ടും, അവിവേകിത്വാദി ധമ്മാഭാവം നിമിത്തം പുരുഷനിൽ (ആത്മാ) ത്രിഗുണത്വമില്ലാത്തതുകൊണ്ടും, വ്യക്തത്തി ലെന്നപോലെ അവ്യക്തത്വത്തിലും, അവിവേകിത്വാദിധമ്മങ്ങ ളുണ്ടെന്നു മനസ്സിലാക്കാം. ബുദ്ധിമുതൽക്കിങ്ങോട്ടുള്ള പരിണാമ കാര്യങ്ങളെല്ലാം സുഖദുഃഖമോഹാത്മകമായിരിക്കുന്നു. ത്രിഗുണകാ ര്യങ്ങളാണല്ലോ സുഖദുഃഖമോഹങ്ങൾ. കാരണഗുണം, കായ്യങ്ങളി ലുമുണ്ടാവുക സ്വാഭാവികമാണ്. ബുദ്ധ്യാദികാര്യങ്ങൾ സുഖദുഃഖ മോഹാത്മകമായതുകൊണ്ട്, തത്കാരണമായ അവ്യക്ത(പ്രധാന) ത്തിന്റെ ത്രിഗുണാത്മകത്വവും സിദ്ധമാകുന്നു.

ഭാഷ്യം: —അവിവേകിത്വമാണ് അവിവേകി; എങ്ങനെയെ ന്നാൽ "ദ്വേ്യകയോർദ്വിവചനൈകവചനെ" എന്നിടത്ത് "ദ്വിത്വൈകത്വ"ങ്ങളിൽ എന്നാണ്. മററുവിധമായാൽ "ദ്വേക" ങ്ങളിൽ എന്നാകും.

വിവരണം: —അവിവേകിഭാവമെന്ന അത്ഥത്തിലാണ്, കാരികയിൽ അവിവേകിയെന്നു പറഞ്ഞത്. പാണിനീയത്തിൽ ഏകവചനത്തേയും ദ്വിവചനത്തേയും വിധിക്കുന്ന ഒരു സൂത്രമു ണ്ട്; "ദ്വ്യേകയോർദ്വിവചനൈകവചനേ" എന്ന്. ദ്വിത്വൈക ത്വങ്ങളിൽ—ദ്വിത്വത്തിലും ഏകത്വത്തിലും—മുറയ്ക്ക് ദ്വിവചന വും ഏകവചനവും വരുമെന്നു സൂത്രാത്ഥം. ദ്വി, ഏക ഇവയോട് ഭാവാത്ഥത്തിലെ ത്വപ്രത്യയം ചേത്ത് ദ്വിത്വം ഏകത്വം എന്നി ങ്ങനെ വ്യാഖ്യാനിക്കുന്നില്ലെങ്കിൽ, എന്തു സംഭവിക്കുമെന്നോ? ദ്വേ്യകങ്ങളിൽ—രണ്ടുമൊന്നുമായവയിൽ—അഥവാ ബഹുത്വ ത്തിൽ എന്നത്ഥമാകും. ദ്വിത്വം, ഏകത്വം ഇവയെ ദ്വി, ഏക എന്നു പാണിനി ഭാവാത്ഥത്തിൽ പറഞ്ഞതുപോലെ, ഇവിടെ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അവിവേകി എന്നു പറഞ്ഞതു്, അവിവേകിത്വമെന്ന ഭാവാൎത്ഥത്തിലാണു്.

ഭാഷ്യം:—അവിവേകിത്വാദിയുടെ സിദ്ധി, എങ്ങനെയെന്നു പറയുന്നു; "ത്രൈഗുണ്യാത്" എന്നു്. ഏതേതു സുഖദുഃഖമോഹാത്മകമാകുന്നു, അതതു് അവിവേകിത്വാദിയോഗമുള്ളതാണു്. ഇതു് വ്യക്തമെന്നാദപോലെ അനുഭൂയമാനമാകുന്നു. ഇങ്ങനെ സ്ഫുടത്വംനിമിത്തം അന്വയംകൊണ്ടു പറഞ്ഞില്ല വ്യതിരേകമായി പറയുന്നു; അവിവേക്യാദിവിപൎയ്യയമായ പുരുഷനിൽ ത്രൈഗുണ്യാഭാവംനിമിത്തമെന്നു്.

വിവരണം:—ഇന്ദ്രിയപ്രത്യക്ഷമല്ലാത്ത പ്രധാനാദികളിലെ അവിവേകിത്വാദിധൎമ്മങ്ങൾ, അന്വയംകൊണ്ടും വ്യതിരേകംകൊണ്ടും സാധിക്കുന്നു. അനുമാനനിരൂപണത്തിൽ അന്വയവ്യതിരേകങ്ങളെക്കുറിച്ചു പറഞ്ഞിട്ടുള്ളതു് ഇവിടെ ഓൎക്കണം. "സുഖരൂപമായും ദുഃഖരൂപമായും മോഹരൂപമായും ഏതെല്ലാമുണ്ടോ അതൊക്കെ ത്രിഗുണാത്മകമാണു്. അവിവേകിത്വാദിധൎമ്മങ്ങളുൾപ്പെട്ടതായിരിക്കും ത്രിഗുണാത്മകപദാൎത്ഥങ്ങളെല്ലാം. ത്രിഗുണജന്യമായ സുഖാദികൾ, കടം മുതലായ സ്ഥൂലപദാൎത്ഥങ്ങൾ എന്നപോലെ അനുഭൂതിവിഷയമാകുന്നു. ഇങ്ങനെ ത്രിഗുണത്വം സിദ്ധമായതുകൊണ്ടു് അവിവേകിത്വാദിധൎമ്മങ്ങളും സിദ്ധമാണു്; ഇതു് അന്വയരൂപമായ സമൎത്ഥനം. കാരികാകാരൻ ഇപ്രകാരം പറഞ്ഞിട്ടില്ല; സ്വയം ഊഹിക്കാവുന്നതാണു്. ത്രിഗുണാത്മകമായ പ്രധാനാദികളിലെ അവിവേകിത്വാദിധൎമ്മങ്ങൾ പുരുഷനില്ല; തദ്വിപൎയ്യയനാണു പുരുഷൻ. അനുഭവപ്രത്യക്ഷമായ ത്രിഗുണം പുരുഷനില്ലെങ്കിൽ പിന്നെയുള്ളതു പ്രധാനത്തിലെന്നു തീൎച്ച്. അവിടെയും ത്രിഗുണത്തിൻെറ അവിവേകിത്വാദിധൎമ്മങ്ങൾ സിദ്ധം. വ്യതിരേകരൂപമായ സമൎത്ഥനമാണിതു്.

ഭാഷ്യം:—അല്ലെങ്കിൽ, വ്യക്താവ്യക്തങ്ങളെ പക്ഷീകരിച്ചിട്ട് അന്വയാഭാവംകൊണ്ടു് ത്രൈഗുണ്യംനിമിത്തം എന്ന ഹേതു, അവീതമായിത്തന്നെ വക്തവ്യമാകുന്നു.

വിവരണം:—സ്ഥൂലപദാൎത്ഥങ്ങളിൽ, അവിവേകിത്വാദിധൎമ്മങ്ങളും ത്രിഗുണത്വവും സിദ്ധാവത്കരിച്ചുകൊണ്ടു് ഇന്ദ്രിയാതീതമായ പ്രധാനാദികളെ പക്ഷീകരിക്കുമ്പോൾ—സിദ്ധാന്തി

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

കുമ്പോൾ—ത്രൈഗുണ്യംനിമിത്തം എന്ന ഹേതു അന്വയസ്വഭാവമുള്ളതാകും. എന്നാൽ വ്യക്താവ്യക്തരൂപമായ സകല തത്ത്വത്തെയും സിദ്ധാന്തിക്കുമ്പോൾ, തദതിരിക്തനായ പുരുഷനിൽ അവിവേകിത്വത്രിഗുണത്വങ്ങളില്ലാത്തതുകൊണ്ടു് ത്രൈഗുണ്യംനിമിത്തം എന്ന ഹേതു വ്യതിരേക (അവീതം) വ്യാപ്തിയായി പറയാവുന്നതാണു്. സ്ഥൂലവസ്തുക്കൾ, സുഖദുഃഖമോഹാത്മകമായതുകൊണ്ടു് അവയിൽ ത്രിഗുണത്വമുണ്ടു്. സ്ഥൂലവസ്തുക്കൾ സൂക്ഷ്മവസ്തുക്കളുടെ പരിണാമമായതുകൊണ്ടു് സൂക്ഷ്മവസ്തുക്കളും ത്രിഗുണാത്മകമാണു്. ത്രിഗുണത്വമുള്ളിടത്തു് അവിവേകിത്വാദി ധർമ്മങ്ങളുമുണ്ടു്. ഇങ്ങനെ സൂക്ഷ്മപദാർത്ഥങ്ങളായ പ്രധാനാദികളിലെ അവിവേകിത്വാദിധർമ്മങ്ങളെ അനുമാനിക്കുന്നു. അതു് ത്രൈഗുണ്യമെന്ന ഹേതുവിനെ ആശ്രയിച്ചാണു്. ഇവിടെ ത്രൈഗുണ്യഹേതു അന്വയവ്യാപ്തി. ത്രിഗുണത്വവും അവിവേകിത്വാദിയും പുരുഷനില്ലാത്തതുകൊണ്ടു്, അവ, പ്രധാനാദികളിലുണ്ടെന്നനുമാനിക്കുന്നതും ത്രൈഗുണ്യം ഹേതുവായിത്തന്നെ. അപ്പോൾ ത്രൈഗുണ്യഹേതു, വ്യതിരേകവ്യാപ്തിയെന്നുവേണം പറയാൻ. അന്വയവ്യാപ്തികൊണ്ടുള്ള സമർത്ഥനം, സ്ഫുടമായതുകൊണ്ടു് കാരികയിൽ എടുത്തുപറയാതിരുന്നതാണു്.

ഭാഷ്യം —അവ്യക്തസിദ്ധിയുള്ളപ്പോൾ, അതിന്റെ അവിവേകിത്വാദികളായ ധർമ്മങ്ങൾ സിദ്ധിക്കുന്നു. അവ്യക്തമാകട്ടെ ഇപ്പോഴും സിദ്ധിക്കുന്നില്ല. അതുകൊണ്ടു് എങ്ങനെ അവിവേകിത്വാദിസിദ്ധിയുണ്ടാകും എന്നതിനാൽ പറയുന്നു. "കാരണഗുണാത്മകത്വാത്" എന്നു്. (കാരണഗുണരൂപം നിമിത്തം). ഉദ്ദേശമിതാണു്; കാര്യം, കാരണരൂപമായിരിക്കുന്നതു പ്രത്യക്ഷമാകുന്നു; വസ്ത്രം തന്ത്വാദിഗുണരൂപമായിരിക്കുന്നതുപോലെ. അപ്രകാരം മഹദാദിലക്ഷണമായ കാര്യം സുഖദുഃഖമോഹരൂപമായതിനാൽ സ്വകാരണഗതസുഖദുഃഖമോഹരൂപംകൊണ്ടു ഭവിച്ചതാകണം. ഇങ്ങനെ തത്കാരണവും സുഖദുഃഖമോഹരൂപവും പ്രധാനവുമായ അവ്യക്തം സിദ്ധമായി ഭവിക്കുന്നു.

വിവരണം:—അവിവേകിത്വാദിധർമ്മങ്ങൾ ഉണ്ടെന്നു സമർത്ഥിച്ചു; എന്നാൽ അതേ ധർമ്മങ്ങളുള്ളതായ അവ്യക്തത്തെ ഇപ്പോൾവരെ സമർത്ഥിച്ചതുമില്ല പിന്നെങ്ങനെ അവിവേകിത്വാദികളുടെ സമർത്ഥനം സാധുവാകും? ഈ സംശയത്തിന്റെ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പരിഹാരമാണ് "കാരണഗുണാത്മകത്വാത്" എന്ന കാരികാസന്ദർഭം. അതിന്റെ ആശയമിതാണ്. "കാരണത്തിന്റെ ഗുണം കാര്യത്തിലുമുണ്ടായിരിക്കും." ഇതു പ്രത്യക്ഷമാണ്. കാരണമായ നൂലിന്റെ ഗുണം, കാര്യമായ വസ്ത്രത്തിലുമുണ്ടായിരിക്കുന്നതു ദൃഷ്ടാന്തം. ബുദ്ധ്യാദികൾ, കാര്യങ്ങളാണ്. സുഖദുഃഖമോഹരൂപമാണ് ബുദ്ധ്യാദികൾ. അതിൽനിന്ന് ബുദ്ധി മുതലായ കാര്യങ്ങളുടെ കാരണവും സുഖദുഃഖമോഹാത്മകമെന്നു മനസ്സിലാക്കാം. സുഖദുഃഖമോഹാത്മകമെന്നു പറഞ്ഞാൽ, മറെറാരത്ഥത്തിൽ ത്രിഗുണാത്മകം. അങ്ങനെ സുഖദുഃഖമോഹരൂപമായ ബുദ്ധ്യാദികാര്യങ്ങളുടെ കാരണവും പ്രധാനവുമായ അവ്യക്തം സിദ്ധമാകുന്നു.

അവിഭക്തിത്വസിദ്ധിനിരൂപണം കഴിഞ്ഞു.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അവ്യക്തസിദ്ധിനിരൂപണം

ഭാഷ്യം:—'വ്യക്തത്തിൽനിന്നു വ്യക്തം ഉത്പാദിക്കുന്നു' എന്നു കണഭക്ഷാക്ഷചരണതനയന്മാർ സിദ്ധാന്തിക്കുന്നു. എന്തു കൊണ്ടെന്നാൽ, പരമാണുക്കൾ വ്യക്തങ്ങളാണ്. അവയിൽ ദ്വ്യണുകാദിക്രമംകൊണ്ടു പൃഥിവ്യാദിലക്ഷണമായ കാര്യം വ്യക്തമായാരംഭിക്കപ്പെടുന്നു. പൃഥിവ്യാദികളിലും കാരണഗുണക്രമം കൊണ്ടു് രൂപാദ്യുത്പത്തിയുണ്ട്. അതിനാൽ വ്യക്തത്തിന്റെയും തദ്ഗുണങ്ങളുടെയും ഉത്പത്തിക്കു സിദ്ധി ഭവിക്കുന്നു; അപ്രത്യക്ഷമായ അവ്യക്തംകൊണ്ടു ഭവിക്കുന്നില്ല; എന്നതുകൊണ്ടു പറയുന്നു.

വിവരണം:—കണഭക്ഷാക്ഷചരണതനയന്മാർ; കണാദന്റെയും ഗോതമന്റെയും അന്തേവാസികൾ ന്യായവൈശേഷികസിദ്ധാന്തങ്ങളെ ആദരിക്കുന്നവരെന്നുസാരം. അവരുടെ അഭിപ്രായത്തിൽ വ്യക്തത്തിൽനിന്നു വ്യക്തമുണ്ടാവുകയാണ്. വ്യക്തമെന്നാൽ സ്ഥൂലം. വ്യക്തത്തിൽനിന്നു വ്യക്തമുണ്ടാകുന്നതിന്റെ ദൃഷ്ടാന്തം കാണിക്കുന്നു. പരമാണുക്കൾ വ്യക്തമാണ്. വ്യക്തമായ പരമാണുക്കൾ, ദ്വ്യണുകം ത്ര്യണുകം ചതുരണുകം ഈ ക്രമത്തിൽ സംഘാതം പ്രാപിച്ചു് ഭൂമി തുടങ്ങിയ മഹാഭൂതങ്ങളുൾപ്പെട്ട വ്യക്തരൂപമായ പ്രപഞ്ചമായിത്തീരുന്നു. അപ്രകാരം ഭൂമി മുതലായവയിൽ നിന്നു കാരണഗുണമനുസരിച്ചു് രൂപമുള്ളവയാണുണ്ടാകുന്നതു്. അതുകൊണ്ടു വ്യക്തത്തിൽനിന്നുതന്നെ വ്യക്തത്തിന്റെയും വ്യക്തഗുണങ്ങളുടേയും ഉത്പത്തിയെന്നു തീരുമാനിക്കാം. അവ്യക്തം പ്രത്യക്ഷമല്ല. പ്രത്യക്ഷമല്ലാത്ത അവ്യക്തത്തിൽനിന്നു പ്രത്യക്ഷമായ വ്യക്തം ഒരിക്കലുമുണ്ടാവുന്നതല്ല. ഈ അഭിപ്രായം, കാരിക കൊണ്ടു നിഷേധിക്കുന്നു.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

കാരിക:—

ഭേദാനാം പരിമാണാത്
സാമാന്യാത് ശക്തിതഃ പ്രവൃത്തേശ്ച
കാരണകാര്യവിഭാഗാ-
ദവിഭാഗാദ്വൈശ്വരൂപ്യസ്യ 15

കാരണമസ്ത്യവ്യക്തം
പ്രവർത്തതേ ത്രിഗുണതഃ സമുദയാച്ച
പരിണാമതഃ സലിലവത്
പ്രതിപ്രതിഗുണാശ്രയവിശേഷാത്. 16

അർത്ഥം:—പരിമാണവും സമന്വയവും ശക്തിഹേതുകമായ പ്രവൃത്തിയും കാരണകാര്യവിഭാഗവും വൈശ്വരൂപ്യത്തിൻെറ അവിഭാഗവും നിമിത്തം, ഭേദങ്ങളുടെ—മഹത്തത്ത്വാദികളുടെ—കാരണം അവ്യക്തമാണ്. അതു് ത്രിഗുണം മുഖാന്തിരം സമുദയംകൊണ്ടും പ്രതിപ്രതിഗുണാശ്രയംകൊണ്ടും പ്രവർത്തിക്കയും ചെയ്യുന്നു. പരിണാമംകൊണ്ടു ജലമെന്നപോലെ.

ബുദ്ധി (മഹത്തത്ത്വം) മുതൽ ഭൂമിവരെയുള്ള വ്യത്യസ്തപരിണാമങ്ങളുടെ കാരണം അവ്യക്തമാണു്. പരിമാണം, സമന്വയം, ശക്തിപ്രവർത്തനം കാരണകാര്യവിഭാഗം, വിശ്വരൂപത്തിൻെറ അവിഭാഗം, ഈ അഞ്ചു സംഗതികൾകൊണ്ടു് അതു സിദ്ധമാകുന്നു അചേതനമായ അവ്യക്തം (പ്രധാനം) ത്രിഗുണം നിമിത്തം, അന്യോന്യസംമിശ്രണംകൊണ്ടും ഓരോ ഗുണത്തിൻേറയും ഭിന്നാഭിന്നമാത്രകളുടെ സമ്മേളനംകൊണ്ടും പ്രവർത്തിക്കയും ചെയ്യുന്നു. വർഷജലം പരിണാമംകൊണ്ടു ഭിന്നരസമായിത്തീരുന്നതുപോലെ (വൈശ്വരൂപ്യത്തിനു വിശ്വരൂപമെന്നു അർത്ഥമുള്ള. ഷ്യഞ്പ്രത്യയം—യ—സ്വാർത്ഥത്തിൽ പ്രയോഗിച്ചിരിക്കുന്നു. അതിനു വൈയാകരണസമ്മതിയുണ്ടു്.*)

ഭാഷ്യം:—വ്യത്യസ്തങ്ങളായി മഹദാദികളായി ഭൂമ്യാന്തങ്ങളായ കാര്യങ്ങളുടെ കാരണം—മൂലകാരണം—അവ്യക്തമാകുന്നു. എന്തുകൊണ്ടെന്നാൽ? കാരണകാര്യവിഭാഗംകൊണ്ടും, മുഴുവൻ കാര്യ (വിശ്വരൂപ)ത്തിൻെറ അവിഭാഗംകൊണ്ടും. കാരണ

* ചതുർവർണ്ണാദീനാം സ്വാർത്ഥ ഉപസംഖ്യാനം. (വാർത്തികം)

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ത്തിൽ കാര്യം സത്തായി സ്ഥിതമെന്നു സിദ്ധാന്തിച്ചിട്ടുണ്ട്. എങ്ങനെയെന്നാൽ, കൂർമ്മശരീരത്തിലുള്ള അംഗങ്ങൾ തന്നെ പുറത്താകുമ്പോൾ വിഭജിക്കപ്പെടുന്നു; ഇതു കൂർമ്മശരീരം, ഇവ ഇതിൻെറ അംഗങ്ങൾ എന്നിങ്ങനെ. അതുപോലെ. അപ്രകാരം അവ (അവയവങ്ങൾ) ഉള്ളിലിരിക്കുമ്പോൾ അതിൽ (കൂർമ്മം) അവ്യക്തങ്ങളാകുന്നു. അപ്രകാരം മൃത്പിണ്ഡത്തിൽനിന്നോ സ്വർണ്ണപിണ്ഡത്തിൽനിന്നോ കാര്യങ്ങളായ ഘടമുകുടാദികൾ (കുടം കിരീടം മുതലായവ) ഉള്ളവതന്നെ വെളിപ്പെടുകയും വിഭജിക്കപ്പെടുകയും ചെയ്യുന്നു. അതുപോലെ ഉള്ളവയായ പൃഥിവ്യാദികളും കാരണമായ തന്മാത്രയിൽനിന്നു വെളിപ്പെടുകയും വിഭജിക്കപ്പെടുകയും ചെയ്യുന്നു. ഉള്ളവയായ തന്മാത്രകളും കാരണമായ അഹങ്കാരത്തിൽനിന്നും, ഉള്ളതായ അഹങ്കാരം കാരണമായ മഹത്തത്ത്വത്തിൽനിന്നും, ഉള്ളതായ മഹത്തത്ത്വം പരമാവ്യക്തത്തിൽനിന്നും വെളിപ്പെടുന്നു. പരമാവ്യക്തമായി സാക്ഷാത്തായ കാരണത്തിൽ നിന്നു പാരമ്പര്യത്തോടുകൂടിയതായ മുഴുവൻ കാര്യത്തിൻെറ വിഭാഗമിതാണ്.

വിവരണം:—ബുദ്ധിതത്ത്വം മുതൽ ഭൂമി വരെയുള്ളതൊക്കെ ഭിന്നപദാർത്ഥങ്ങളാണ്. പരമാവ്യക്തമാണ് അവയുടെയെല്ലാം ആദികാരണം. പരമാവ്യക്തമെന്നാൽ മൂലപ്രകൃതി. ബുദ്ധ്യാദികളുടെ പരിമാണം തുടങ്ങി അവ്യക്തകാരണമടിസ്ഥാനപ്പെടുത്തിയാണ് പരമാവ്യക്തം ആദികാരണമെന്നു പറഞ്ഞത്. പരമാവ്യക്തത്തിൻെറ ആദികാരണം തെളിയിക്കാൻ, പരിമാണാദികളോരോന്നും വിശദമാക്കുന്നു. കാരികയിലേതാണു പരിമാണാദിക്രമം. വ്യാഖ്യാനസൗകര്യം നോക്കി, "കാരണകാര്യവിഭാഗ"ത്തെ ആദ്യമായെടുക്കുന്നു. കാരണത്തിൻേറയും കാര്യത്തിൻേറയും വിഭജനമാണു കാരണകാര്യവിഭാഗം. കാരണംപോലെ കാര്യവുമുള്ളതാണെന്നും, അതു കാരണത്തിൽത്തന്നെ അവ്യക്തമായിരിക്കുന്നെന്നും ഒൻപതാംകാരികയിൽ പറഞ്ഞിട്ടുള്ളതു് ഇവിടെ ഓർക്കണം. കാരണത്തിൽ കാര്യം അവ്യക്തമായിരിക്കുന്നതിനും കാരണകാര്യവിഭാഗത്തിനും ഒരു ദൃഷ്ടാന്തം കാണിക്കുന്നു. ആമയുടെ ശരീരമാകുന്ന കാരണത്തിൽ, അവ്യക്തമായിരുന്ന അവയവങ്ങളാകുന്ന കാര്യങ്ങൾ പുറത്തുവരാറുണ്ടല്ലോ. അപ്പോൾ, ഇതു് ആമയുടെ ശരീരം, ഇതെല്ലാം അവയവങ്ങൾ ഇങ്ങനെ കാരണകാര്യരൂപമായി വിഭ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ജിക്കയും ചെയ്യുന്നു. അതുപോലെ കാരണമായ തന്മാത്രകളിൽ ഇരിക്കുന്ന കാര്യമായ പൃഥിവ്യാദികൾ വെളിപ്പെടുകയും തന്മാത്രകൾ കാരണമായും പൃഥിവ്യാദികൾ കാര്യമായും വിഭജിക്കപ്പെടുകയുമാണ്. അപ്രകാരംതന്നെ കാരണമായ അഹങ്കാരത്തിലിരിക്കുന്ന കാര്യമായ തന്മാത്രകളും, കാരണമായ മഹത്തത്ത്വത്തിലിരിക്കുന്ന കാര്യമായ അഹങ്കാരവും, കാരണമായ പരമാവ്യക്തത്തിലിരിക്കുന്ന കാര്യമായ മഹത്തത്ത്വവും വെളിപ്പെടുകയും വിഭജിക്കപ്പെടുകയും ചെയ്യുന്നു. ആദികാരണമായ പരമാവ്യക്തത്തിൽനിന്നു തദ്രൂപമായി പരമ്പരയാ ഉണ്ടാകുന്ന മുഴുവൻ കാര്യത്തിന്റെയും വിഭാഗമിതാണ്.

ഭാഷ്യം:—പ്രതിസർഗ്ഗത്തി(സംഹാരകാലം)ലാകട്ടെ, ഘടമുകുടാദികൾ മുത്പിണ്ഡത്തെയും സ്വർണ്ണപിണ്ഡത്തെയും പ്രാപിക്കുന്നവയായി അവ്യക്തീഭവിക്കുന്നു. അനഭിവ്യക്തമായ കാര്യത്തെ അപേക്ഷിച്ച് അതിന്റെ കാരണം അവ്യക്തമാണ്. അപ്രകാരം പൃഥിവ്യാദികൾ തന്മാത്രകളെ പ്രാപിച്ച് സ്വാപേക്ഷയാ തന്മാത്രകളെ അവ്യക്തങ്ങളാക്കുന്നു. അങ്ങനെ തന്മാത്രകൾ അഹങ്കാരത്തെ പ്രാപിച്ച് അഹങ്കാരത്തെ അവ്യക്തമാക്കുന്നു. അതേവിധം അഹങ്കാരം മഹത്തത്ത്വത്തെ പ്രാപിച്ച് മഹത്തത്ത്വത്തെ അവ്യക്തമാക്കുന്നു. മഹത്തത്ത്വം സ്വകാരണമായ പ്രകൃതിയെ പ്രാപിച്ച് പ്രകൃതിയെ അവ്യക്തമാക്കുന്നു. പ്രകൃതിക്ക് ഒന്നിലും (കാരണം) പ്രവേശമില്ലാത്തതുകൊണ്ട് അത് സർവ്വകാര്യങ്ങൾക്കും അവ്യക്തം തന്നെ. പ്രകൃതിയിലെ നാനാരൂപമായ മുഴുവൻ (വൈശ്വരൂപ്യം) കാര്യത്തിന്റെ അവിഭാഗമിതാണ്. വൈശ്വരൂപ്യത്തിന്റെ ഷ്യഞ് (യ) സ്വാർത്ഥികമാകുന്നു. അതിനാൽ കാരണത്തിലുള്ളതായ കാര്യത്തിന്റെ വിഭാഗാവിഭാഗങ്ങൾകൊണ്ട് അവ്യക്തം കാരണമായി ഭവിക്കുന്നു. ഇതുകൊണ്ട് അവ്യക്തമുണ്ട്; എന്നതിനാൽ പറയുന്നു. "ശക്തിതഃ പ്രവൃത്തേശ്ച" എന്ന്. കാരണശക്തിനിമിത്തം കാര്യം പ്രവർത്തിക്കുന്നു എന്നതു സിദ്ധം. അശക്തമായ കാരണത്തിൽനിന്ന് കാര്യത്തിന്റെ അനുത്പത്തി ഹേതുവായിട്ട്. ശക്തിയാകട്ടെ കാരണഗതമായ കാര്യത്തിന്റെ അവ്യക്തത്വത്തിൽനിന്നു അന്യമല്ല. സത്കാര്യപക്ഷത്തിൽ കാര്യത്തിന്റെ അവ്യക്തതയിൽനിന്ന് അന്യമായ ശക്തിയിൽ പ്രമാണമില്ല.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

വിവരണം:—സൃഷ്ടികാലത്തുള്ളതാണ കാരണകാര്യവിഭാഗം. കാരണത്തിൽ അവ്യക്ത(സൂക്ഷ്മ)മായിരിക്കുന്ന കാര്യം സൃഷ്ടികാലത്താണല്ലോ വ്യക്തമാകുന്നതു്. അതിനെ ആമയുടെ ദൃഷ്ടാന്തം കാണിച്ചു സമർത്ഥിക്കുകയും, എല്ലാററിനും ആദികാരണം പരമമായ അവ്യക്തമെന്നു സ്ഥാപിക്കയും ചെയ്തു. ഇനി പ്രതിസർഗ്ഗത്തിലെ അവിഭാഗംകൊണ്ടും ആദികാരണം പരമാവ്യക്തമെന്നു സ്ഥാപിക്കാൻപോവുകയാണു്. പ്രതിസർഗ്ഗമെന്നാൽ സംഹാരകാലം. എല്ലാ കാര്യങ്ങളും യഥാക്രമം കാരണത്തിൽ ലയിച്ചു് കാരണമാത്രമാകുന്നതു് അവിഭാഗം. അതിന്നു്, മുമ്പു കാണിച്ച രണ്ടാം ദൃഷ്ടാന്തത്തിലെ മണ്ണും സ്വർണ്ണവും ഉദാഹരണമായെടുക്കുന്നു. മണ്ണിൽനിന്നുണ്ടായ കുടം മുതലായവയും, സ്വർണ്ണത്തിൽനിന്നുണ്ടായ കിരീടാദികളും, നശിക്കുമ്പോൾ മുറയ്ക്കു് കാരണമായ മണ്ണിലും സ്വർണ്ണത്തിലും ലയിച്ചു് അവ്യക്തമായിത്തന്നെ തീരുകയാണു്; പൂർവ്വാവസ്ഥയെ പ്രാപിക്കുകയാണു്. സംഹാരദശയിൽ ഓരോ കാര്യവും അതതിന്റെ കാരണത്തിൽ ലയിച്ചു് അവ്യക്തമാകുന്നു. അങ്ങനെ അവ്യക്തമാകുന്ന കാര്യത്തെ അപേക്ഷിച്ചു് അതിന്റെ കാരണവും അവ്യക്തമായിരിക്കും. അതുകൊണ്ടാണു് കാരണത്തെ അവ്യക്തമെന്നു പറയുന്നതു്. രണ്ടുവിധമുണ്ടു കാരണം. ആദികാരണമെന്നും അവാന്തരകാരണമെന്നും. പ്രകൃതി, അഥവാ പ്രധാനം ആദികാരണം. അതു പരമാവ്യക്തം. മഹത്തത്ത്വം മുതൽ തന്മാത്രകൾവരേയുള്ളതെല്ലാം അവാന്തരകാരണങ്ങൾ. അവാന്തരകാരണം ഓരോന്നും അതതിന്റെ കാര്യത്തെ അപേക്ഷിച്ചവ്യക്തമാണു്. സംഹാരകാലത്തു്, പൃഥിവ്യാദിമഹാഭൂതങ്ങൾ തന്മാത്രകളിൽ ലയിച്ചു് തന്മാത്രകളെ അവ്യക്തമാക്കുന്നു. അപ്രകാരം തന്മാത്രകൾ അഹങ്കാരത്തിലും, അഹങ്കാരം മഹത്തത്ത്വത്തിലും, മഹത്തത്ത്വം സ്വകാരണമായ പ്രധാനത്തിലും ലയിച്ചു് ക്രമത്തിൽ തന്മാത്രകൾ അഹങ്കാരത്തേയും അഹങ്കാരം മഹത്തത്ത്വത്തേയും മഹത്തത്ത്വം പ്രധാനത്തേയും അവ്യക്തമാക്കുന്നു. കാരണമായി മറെറാന്നുമില്ലാത്തതുകൊണ്ടു പ്രധാനം ഒന്നിലും ലയിക്കുന്നില്ല. അവാന്തരകാരണങ്ങളുടേയും കാരണമായ പ്രധാനം പരമാവ്യക്തമായി ശേഷിക്കുന്നു. പ്രതിസർഗ്ഗത്തിലെ അവിഭാഗമിതാണു്. ഇങ്ങനെ സൃഷ്ടികാലത്തിലെ കാര്യവിഭാഗവും, സംഹാരകാലത്തിലെ കാര്യാവിഭാഗവുംകൊണ്ടു്, ആദികാരണം പരമാവ്യക്തമെന്നു സിദ്ധമായി. വിശ്വരൂപശബ്ദത്തിന്നു് ഷ്യഞ്പ്രത്യയം

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

വച്ചതാണു വൈശ്വരൂപ്യം. ഭാവാൎത്ഥത്തിലും കൎമ്മാൎത്ഥത്തിലും ഷ്യഞ് വരും*. ഇവിടെ ആ രണ്ടൎത്ഥവും വിവക്ഷിതമല്ല. സ്വാൎത്ഥത്തിൽ ഷ്യഞ് പ്രയോഗിച്ചിരിക്കയാണ്. അപ്പോൾ വൈശ്വരൂപ്യത്തിന്, വിശ്വരൂപമെന്നൎത്ഥം. വിശ്വരൂപമായ കാൎയ്യമെന്നാൽ, പ്രപഞ്ചരൂപമായ കാൎയ്യമെന്നോ, മുഴുവൻ കാൎയ്യമെന്നോ അൎത്ഥം പറയാം. x

പരമാവ്യക്തമുണ്ടെന്നു സമൎത്ഥിച്ചുകഴിഞ്ഞല്ലോ. അതിനു ശേഷം, ശക്തിപ്രവൎത്തനം നിമിത്തമായും പരമാവ്യക്തത്തിന്റെ സിദ്ധി സമൎത്ഥിക്കാൻ തുടങ്ങുന്നു. കാരണനിഷ്ഠമായ ശക്തികൊണ്ടാണ് കാൎയ്യം പ്രവൎത്തിക്കുന്നതു്; ജനിക്കുന്നതു്. അശക്തമായ കാരണത്തിനു കാൎയ്യത്തെ ജനിപ്പിക്കുക സാദ്ധ്യമല്ല. കാൎയ്യജനകമായി കാരണത്തിലിരിക്കുന്ന ശക്തി ഏതാണെന്നോ? കാരണത്തിലിരിക്കുന്ന കാൎയ്യത്തിന്റെ അവ്യക്തത്വംതന്നെ. അതിൽനിന്നു വ്യത്യസ്തമായ മറ്റൊരു ശക്തിയുമല്ല. സത്കാൎയ്യനയത്തെ ഉപജീവിക്കുമ്പോൾ, കാൎയ്യത്തിന്റെ അവ്യക്തതയിൽനിന്നു ഭിന്നമായ ശക്തിയുണ്ടെന്നതിനു പ്രമാണവുമില്ല. അതിനാൽ അവ്യക്തവും, തത്കാരണമായ പരമാവ്യക്തവും ഉണ്ടെന്നുസിദ്ധം.

ഭാഷ്യം:— എന്തുകൊണ്ടെന്നാൽ, തൈലോപാദാനങ്ങളായ തിലങ്ങൾക്ക്, സികത(മണൽ)കളിൽനിന്നുള്ള ഭേദം ഇതാണ്. യാതൊരു തൈലം ഇവയിൽത്തന്നെ അനാഗതാവസ്ഥ (അവ്യക്തം)മായിരിക്കുന്നു; സികതകളിലിരിക്കുന്നില്ല.

വിവരണം:— ഓരോ കാരണത്തിലും അതിന്റേതായ കാൎയ്യം അവ്യക്തമായിരിക്കുന്നതിനു പുറമേ അതു വ്യവസ്ഥിതവുമാണ്. ഏതു കാരണത്തിനും വ്യവസ്ഥിതമായ അതിന്റെ കാൎയ്യത്തെ മാത്രമേ ജനിപ്പിക്കാൻ കഴിയൂ. അന്യകാൎയ്യത്തെ ജനിപ്പിക്കാൻ കഴികില്ല. ദൃഷ്ടാന്തം കാണിക്കുന്നു. എണ്ണയുടെ ഉപാദാനകാരണം എള്ളാണ്. എണ്ണയാകുന്ന കാൎയ്യം എള്ളിൽ അവ്യക്തവും വ്യവസ്ഥിതവുമായിരിക്കുന്നു. മണലിനു അപ്രകാരമിരിക്കുന്നില്ല. അതുകൊണ്ട് കാരണമായ എള്ളിനു മാത്രമേ എണ്ണ ജനിപ്പിക്കാനൊക്കൂ; മണലിനൊക്കുകയില്ല. ഈ ദൃഷ്ടാന്തത്തിൽനിന്നു

* ഗുണവചനബ്രാഹ്മണാദിഭ്യഃ കൎമ്മണി ച. (പാണിനി)

x വിശ്വമശേഷം കൃത്സ്നം. (അ-കോ)

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

കാരണത്തിൽ കാര്യം അവ്യക്തവും വ്യവസ്ഥിതവുമായിരിക്കുന്ന വിധം സ്പഷ്ടമായി മനസ്സിലാക്കാം.

ഭാഷ്യം:—ശക്തിനിമിത്തമായ പ്രവൃത്തിയും കാരണകാര്യ വിഭാഗാവിഭാഗങ്ങളും മഹത്തത്ത്വത്തിന്റെ മാത്രം പരമാവ്യക്തത്വത്തെ സാധിക്കുന്ന അതിൽനിന്ന് പരമമായ അവ്യക്തം ഇല്ലാത്തതാകരുതോ എന്നതുകൊണ്ടു പറയുന്നു; "പരിമാണാത്" എന്ന്.

പരിമാണമെന്നാൽ പരിമിതത്വം, അവ്യാപിത്വമെന്നു താത്പര്യം. (അതിനാൽ, മഹത്തത്ത്വം പരമാവ്യക്തമല്ല.) വിവാദാധ്യാസികളായ മഹദാദിഭേദങ്ങൾ അവ്യക്തകാരണവസ്തുക്കളാണ്, പരിമാണംകൊണ്ടു കടം മുതലായവ എന്നപോലെ. യാതൊന്നു ഹേതുവായിട്ട് കടം മുതലായവ പരിമിതികൊണ്ട് മൃദാദ്യവ്യക്തകാരണകങ്ങളായി ദൃഷ്ടങ്ങളാകുന്നു. ഇതു പറഞ്ഞിട്ടുണ്ട്. എങ്ങനെയെന്നാൽ കാര്യത്തിന്റെ അവ്യക്താവസ്ഥയാണ് കാരണമെന്ന്. മഹത്തത്ത്വത്തിന്റെ കാരണം യാതൊന്നോ, അതു് പരമാവ്യക്തമാണ്, അതിനേക്കാൾ പരതരമായ അവ്യക്തകല്പനയിൽ പ്രമാണമില്ലാത്തതുകൊണ്ട്.

വിവരണം:—പ്രകൃതത്തിൽ ഒരു സംശയം വരാമത്രേ. ശക്തിപ്രവർത്തനം, കാരണകാര്യവിഭാഗം, അവിഭാഗം, ഇതെല്ലാം കൊണ്ട്, മഹത്തത്ത്വത്തിന്റെ പരമാവ്യക്തത്വമല്ലാതെ, അതിനപ്പുറമവ്യക്തമായൊന്നുണ്ടെന്നു എങ്ങനെ മനസ്സിലാക്കാം? ഇതാണു സംശയം. പരിമാണംനിമിത്തം മഹത്ത്വത്തിനു പരമാവ്യക്തത്വമില്ലെന്നു സമാധാനം. പരിമാണമെന്നാൽ പരിമിതി; കാരണത്തിൽ വ്യാപിക്കാതിരിക്കുകയാണു പരമിതിയുടെ സ്വഭാവം. കാലദേശപരിച്ഛിന്നമായ വസ്തുതന്നെ പരിമിതി. അതു കാര്യവും അനിത്യവുമായിരിക്കും. ഉദാഹരണം, കടം. പരിച്ഛിന്നവസ്തുവായ കടം, മണ്ണാകുന്ന കാരണമുള്ളതായിരിക്കുന്നതുപോലെ, മഹത്തത്ത്വം മുതലായ ഭിന്നപദാർത്ഥങ്ങളും പരിമിതത്വംകൊണ്ട് അവ്യക്തമായ കാരണമുള്ളവയെന്നു തീരുമാനിക്കാം. കാര്യത്തിന്റെ അവ്യക്താവസ്ഥയാണു കാരണമെന്നു പറഞ്ഞിട്ടുള്ളതു് ഇവിടെ ഓർക്കണം. കാലദേശപരിച്ഛിന്നമായതുകൊണ്ടു മഹത്തത്ത്വം കാര്യമാണ്. ആ കാര്യത്തിന്റെ അവ്യക്താവസ്ഥ അതിന്റെ കാരണം. അതുതന്നെ പരമമായ അവ്യക്തം. പ്രമാണമില്ലാത്ത

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ത്തുകൊണ്ട് അതിനപ്പുറം മററൊരവ്യക്തത്തെ കല്പിക്കുക, സാദ്ധ്യമല്ല. പരമാവ്യക്തം പ്രധാനമാണ്. മററു കാരണമില്ലാത്തതുകൊണ്ടു പരമാവ്യക്തമായ പ്രധാനം സ്വതഃകാരണവുമത്രേ.

ഭാഷ്യം:—ഇത്തുനിമിത്തവും—സമന്വയംനിമിത്തവും—വിവാദാധ്യാസിതങ്ങളായ ഭേദങ്ങൾ അവ്യക്തകാരണവത്തുക്കളാണ്. ഭിന്നങ്ങളുടെ സമാനരൂപതയാണു സമന്വയം. അധ്യവസായാദിലക്ഷണങ്ങളായ ബുദ്ധ്യാദികൾ സുഖദുഃഖമോഹസമന്വിതങ്ങളായി അറിയപ്പെടുന്നവരല്ലാ. യാവചിലതുകൾ യദ്രൂപസമന്വിതങ്ങളാകുന്നു; അവ തത്സ്വഭാവാവ്യക്തകാരണങ്ങളാണ്. എങ്ങനെയെന്നാൽ, മണ്ണ് സ്വർണ്ണം ഇവകൊണ്ടുള്ള കുടം കിരീടം മുതലായവ മണ്ണും സ്വർണ്ണവുമാകുന്ന അവ്യക്തകാരണത്തോടുകൂടിയവയായിരിക്കുന്നു. എന്നതിനാൽ ഭേദങ്ങൾക്കു (ബുദ്ധ്യാദിഭിന്നപരിണാമങ്ങൾക്ക്) അവ്യക്തം കാരണമായുണ്ടെന്നു സിദ്ധം.

വിവരണം:—ബുദ്ധ്യാദിപരിണാമഭേദങ്ങളുടെ സമന്വയംകൊണ്ട് പരമകാരണമായ അവ്യക്തത്തെ സമർത്ഥിക്കുന്നു. അധ്യവസായം (നിശ്ചയം) തുടങ്ങിയ ലക്ഷണങ്ങൾകൊണ്ട് ബുദ്ധ്യാദിപരിണാമങ്ങൾ പരസ്പരഭിന്നങ്ങളാണ്. എന്നാൽ അവയുടെയെല്ലാം കാരണം അവ്യക്തംതന്നെ. ബുദ്ധ്യാദികളുടെ സമന്വയസ്വഭാവംകൊണ്ടതു മനസ്സിലാക്കാം. ഭിന്നപദാർത്ഥങ്ങളിൽ കാണുന്ന സമാനരൂപതയാണു സമന്വയം. കുടം കലം മുതലായവ ഭിന്നപദാർത്ഥങ്ങളാണെങ്കിലും അവയിലെല്ലാം മണ്ണു സമരൂപമായിരിക്കുന്നു; അതു സമന്വയത്തിന്റെ ദൃഷ്ടാന്തം. അപ്രകാരം ബുദ്ധ്യാദികൾക്കും സമന്വയസ്വഭാവമുണ്ട്. സുഖദുഃഖമോഹങ്ങളോടുകൂടിയവയാണു ബുദ്ധ്യാദികൾ. മററൊരു വാക്കിൽ സുഖവും ദുഃഖവും മോഹവും ബുദ്ധ്യാദികളുടെ സമന്വയസ്വഭാവമാണ്. ഏതൊരു വസ്തു ഏതു രൂപത്തിലിരിക്കുമോ ആ വസ്തുവിന്റെ അവ്യക്തമായ കാരണവും അതേ സ്വഭാവമുള്ളതായിരിക്കും. ദൃഷ്ടാന്തം നോക്കുക; മണ്ണുകൊണ്ടുള്ള കുടത്തിനും സ്വർണ്ണംകൊണ്ടുള്ള കിരീടത്തിനും ക്രമത്തിൽ മണ്ണും സ്വർണ്ണവും കാരണമായിരിക്കുന്നു. ഈ തത്ത്വമനുസരിച്ച് സുഖദുഃഖമോഹരൂപമായ ബുദ്ധ്യാദികാര്യങ്ങളുടെ കാരണം, തദാത്മകമായ അവ്യക്തമെന്നു സിദ്ധമാണ്; അതു് ത്രിഗുണരൂപമായ പ്രധാനമെന്നും. ആദികാരണമായ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അവ്യക്തം ബ്രഹ്മമായിക്കൂടെ? എന്തുകൊണ്ടതു പ്രധാനമായി? ഈ സംശയം പ്രകൃതത്തിൽ സംഗതമാണ്. സമാധാനം: ത്രിഗുണകാര്യങ്ങളാണ സുഖദുഃഖമോഹങ്ങൾ. ബുദ്ധ്യാദികൾ സുഖദുഃഖമോഹാത്മകമായതുകൊണ്ട് അവയുടെ കാരണമായ അവ്യക്തം, ത്രിഗുണരൂപമായിരിക്കണം. ഗുണാത്മകത്വം ബ്രഹ്മത്തിനില്ല, പ്രധാനത്തിനേയുള്ളു. അതിനാൽ ബുദ്ധ്യാദികളുടെ കാരണമായ, അവ്യക്തം പ്രധാനംതന്നെ; ബ്രഹ്മമല്ല.

ഭാഷ്യം:—അവ്യക്തത്തെ സാധിച്ചിട്ട് ഇതിൻെറ പ്രവൃത്തിപ്രകാരത്തെ പറയുന്നു, "പ്രവൎത്തതേ ത്രിഗുണതഃ" എന്ന്. പ്രതിസർഗ്ഗാവസ്ഥയിൽ സത്ത്വവും രജസ്സും തമസ്സും സദൃശപരിണാമങ്ങളായി ഭവിക്കുന്ന പരിണാമസ്വഭാവമുള്ള ഗുണങ്ങൾ പരിണമിക്കാതെ ക്ഷണംപോലും സ്ഥിതിചെയ്യുന്നില്ല. അതിനാൽ സത്ത്വം സത്ത്വരൂപതകൊണ്ടും, രജസ്സ് രജോരൂപതകൊണ്ടും, തമസ്സ് തമോരൂപതകൊണ്ടും പ്രതിസർഗ്ഗാവസ്ഥയിലും പ്രവൎത്തിക്കുന്നു. അതിനെയാണിപ്പറഞ്ഞതു് "ത്രിഗുണതഃ" എന്ന്.

വിവരണം.—അവ്യക്തം ആദികാരണമെന്നും, അതു ത്രിഗുണരൂപമായ പ്രധാനമാണ് ബ്രഹ്മമല്ലെന്നും, സാധിച്ചുകഴിഞ്ഞു. തുടൎന്നു പ്രധാനത്തിൻെറ പ്രവൎത്തനമെങ്ങനെയെന്നു പറയുന്നു. പ്രധാനം ജഡമാണ്; അതു രണ്ടു രീതിയിൽ പ്രവൎത്തിക്കയും ചെയ്യുന്നു. സൃഷ്ടിരൂപമായും സംഹാരരൂപമായും. സൃഷ്ടി; സർഗ്ഗം. സംഹാരം; പ്രതിസർഗ്ഗം. ജഡമായ പ്രധാനം, സൃഷ്ടിരൂപത്തിലും സംഹാരരൂപത്തിലും പ്രവൎത്തിക്കുന്നതെങ്ങനെയെന്ന ചോദ്യത്തിന്, ത്രിഗുണംനിമിത്തം പ്രവൎത്തിക്കുന്നു (ത്രിഗുണതഃ പ്രവൎത്തതേ) എന്നുത്തരം. പ്രധാനത്തിൻെറ ത്രിഗുണനിമിത്തകമായ പ്രവൎത്തനം സംഹാരദശയിൽ എങ്ങനെയെന്ന് ആദ്യമായി പറയുന്നു. സത്ത്വാദിഗുണങ്ങൾ ഓരോന്നും സംഹാരകാലത്ത് സമനിലയിലായിരിക്കും പ്രവൎത്തിക്കുക. സൃഷ്ടികാലത്തെന്നപോലെ വിലക്ഷണമായി പ്രവൎത്തിക്കുന്നില്ല. പരിണാമശീലമിരിക്കകൊണ്ടു് ഗുണങ്ങൾ, നിമിഷംതോറും പരിണമിച്ചുകൊണ്ടേയിരിക്കും. സംഹാരദശയിലും ഗുണങ്ങൾ പ്രവൎത്തിക്കാൻ കാരണമതാണ്. എന്നാൽ ആ പ്രവൎത്തനം സൃഷ്ടികാലത്തതിൽനിന്നു വ്യത്യാസപ്പെട്ടിരിക്കുമെന്നുമാത്രം. അതായതു്, സത്ത്വഗുണം സത്ത്വരൂപമായും, രജോഗുണം രജോരൂപമായും, തമോഗുണം തമോരൂപമായും

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

മാത്രമേ സംഹാരദശയിൽ പ്രവർത്തിക്കുന്നുള്ളൂ. ത്രിഗുണം നിമിത്തം (ത്രിഗുണതഃ) എന്നുപറഞ്ഞതു് അതേ പ്രവർത്തനത്തെയാണു്.

ഭാഷ്യം:—പ്രവൃത്ത്യന്തരത്തെ പറയുന്നു; "സമുദയാത് ച" എന്നു്. സമേത്യ (അന്യോന്യംകൂടിച്ചേർന്നു്) ഉദയ (ആവിർഭാവ)മാണു സമുദയം. സമവായമെന്നു താത്പര്യം. ഗുണപ്രധാനഭാവം കൂടാതെ ഗുണങ്ങളുടെ സമുദയം ഭവിക്കുന്നില്ല. ഗുണപ്രധാനഭാവമാകട്ടെ വൈഷമ്യംകൂടാതെയും ഭവിക്കുന്നില്ല. ഉപമർദ്ദ്യോപമർദ്ദകഭാവം കൂടാതെ വൈഷമ്യവുമില്ല. ഇങ്ങനെ മഹദാദിഭാവംകൊണ്ടു രണ്ടാമത്തെ പ്രവൃത്തി ഭവിക്കുന്നു.

വിവരണം:—സംഹാരദശയിലെ പ്രധാനത്തിന്റെ പ്രവർത്തനവിധം പറഞ്ഞതിനുശേഷം സൃഷ്ടികാലത്തെ പ്രവർത്തനം പറയുന്നു. സൃഷ്ടികാലപ്രവർത്തനമാണു പ്രവൃത്ത്യന്തരം. ത്രിഗുണങ്ങൾ സൃഷ്ടികാലത്തു സമുദയരൂപമായി പ്രവർത്തിക്കുന്നു. അന്യോന്യം കൂടിച്ചേർന്നു വെളിപ്പെടുന്നതു സമുദയം. സമവായംതന്നെ സമുദയം. പരസ്പരവിരുദ്ധങ്ങളും സമബലങ്ങളുമായ ഗുണങ്ങൾക്കു് സമവായമുണ്ടാവില്ല. പിന്നെയോ? ഏതെങ്കിലുമൊരു ഗുണം പ്രധാനമായിരിക്കണം. അങ്ങനെ ഗുണപ്രധാനഭാവമുണ്ടെങ്കിലേ ഗുണങ്ങൾക്കു സമവായം സംഭവിക്കൂ. ഗുണവൈഷമ്യം—ഏററക്കുറവു്—കൂടാതെ, ഗുണപ്രധാനഭാവം സംഗതമല്ല. ഗുണങ്ങൾക്കു് ഏററക്കുറവുണ്ടാകണമെങ്കിലോ? കീഴടക്കുകയും കീഴടങ്ങുകയുംചെയ്യുന്ന സ്വഭാവം വേണം. രജസ്തമസ്സുകളെ കീഴടക്കി സത്ത്വം പ്രധാനമാവുക, സത്ത്വതമസ്സുകളെ കീഴടക്കി രജസ്സു പ്രധാനമാവുക, സത്ത്വരജസ്സുകളെ കീഴടക്കി തമസ്സു പ്രധാനമാവുക, അങ്ങനെ ഉപമർദ്ദ്യോപമർദ്ദകത്വംകൊണ്ടുവൈഷമ്യംപ്രാപിച്ചു് ഏതെങ്കിലുമൊന്നു പ്രധാനമായിത്തീർന്നാണു ഗുണങ്ങൾ സൃഷ്ടികാലത്തു പ്രവർത്തിക്കുന്നതു്. തന്മൂലം മഹത്തത്ത്വംമുതലായ സൃഷ്ടികാര്യങ്ങൾ നടക്കുന്നു.

കുറിപ്പു്:—സമീപത്തിൽ മർദ്ദനവിധേയമാകുന്നതു് ഉപമർദ്ദ്യം മർദ്ദനം ചെയ്യുന്നതു് ഉപമർദ്ദകം. ഇതിനെയാണു കീഴടങ്ങുന്നതെന്നും കീഴടക്കുന്നതെന്നും പറഞ്ഞതു്. അഭിഭാവ്യവും അഭിഭാവകവും ഇതുതന്നെ. ഗുണങ്ങളിൽ ക്ഷോഭം സംഭവിച്ചി

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ട്ടാണു സൃഷ്ടിയുടെ ആരംഭം.* അങ്ങനെ ഗുണങ്ങളിൽ ക്ഷോഭമുണ്ടാകുമ്പോൾ ഏതെങ്കിലുമൊരു ഗുണം പ്രധാനമായി പ്രവർത്തിക്കും. മററു രണ്ടു ഗുണങ്ങൾ അതിനു കീഴടങ്ങി നില്ക്കുകയും ചെയ്യും. പ്രധാനമായ ഗുണം അഭിഭാവകം, അഥവാ ഉപമർദ്ദകം. മറേറതു രണ്ടും അഭിഭാവ്യം; ഉപമർദ്ദ്യം. ഒരു ഗുണം പ്രധാനമാകുമ്പോൾതന്നെ ഗുണങ്ങൾക്കു ന്യൂനാധിക്യം—വൈഷമ്യം—വന്നുകഴിയും. പിന്നീടങ്ങോട്ടു ഗുണപ്രാധാന്യഭാവംകൊണ്ടു് അന്യോന്യം കൂടിച്ചേർന്നു സത്വാദികൾ, മഹത്തത്വാദിരൂപമായി പരിണമിക്കുന്നു. അതായതു് പ്രധാനത്തിന്റെ പ്രവൃത്തി രണ്ടുവിധം; സംഹാരമെന്നും സൃഷ്ടിയെന്നും. ത്രിഗുണങ്ങളുടെ സമാനരൂപമായ പരിണാമം സംഹാരം. ഭിന്നരൂപമായ പരിണാമം സൃഷ്ടി.

ഭാഷ്യം:—ഏകരൂപങ്ങളായ ഗുണങ്ങൾക്കു് അനേകരൂപമായ പ്രവൃത്തി എങ്ങനെ ഭവിക്കും, എന്നതുകൊണ്ടു പറയുന്നു. "പരിണാമതഃസലിലവത്" (പരിണാമംനിമിത്തം വെള്ളമെന്നപോലെ) എന്നു്. എങ്ങനെയെന്നാൽ, മേഘമുക്തമായ വാരി ഏകരസമാണെങ്കിലും അതതു ഭൂവികാരമനുസരിച്ചു് നാരികേലതാലതാലീവില്വചിരവില്വതിന്ദുകാമലകപ്രാചീനാമലകകപിത്ഥാദി[x] ഫലരസതയിലൂടെ പരിണമത്തായി, മധുരാമ്ലലവണതിക്തകഷായകടുത്വംകൊണ്ടു വികല്പിക്കുന്നു. അപ്രകാരം, ഏകൈകഗുണസമുത്ഭവംനിമിത്തം അപ്രധാനഗുണങ്ങൾ പ്രധാനഗുണങ്ങളെ ആശ്രയിച്ചിട്ടു് പരിണാമഭേദങ്ങളെ പ്രവർത്തിപ്പിക്കുന്നു. അതിനെയാണിപ്പറഞ്ഞതു്, "പ്രതിപ്രതിഗുണാശ്രയവിശേഷാത്" എന്നു്. ഏകൈകഗുണാശ്രയംകൊണ്ടു യാതൊരു വിശേഷം ഭവിക്കുമോ അതുനിമിത്തമെന്നർത്ഥം.

---

* ഗുണക്ഷോഭെ ജായമാനെ മഹാൻപ്രാദുർബഭൂവഹ. (ധ—ശാ)

x നാരികേലഫലം = തേങ്ങ. താലഫലം = പനങ്കായ്. താലീഫലം = കിഴുകാനെല്ലിക്കായ്. വില്വഫലം = കൂവളക്കായ്. ചിരവില്വഫലം = ഉങ്ങിൻകായ്. തിന്ദുകഫലം = പനച്ചിക്കായ്. ആമലകഫലം = നെല്ലിക്കായ്. പ്രാചീനാമലകഫലം = പഴനെല്ലിക്കായ്. കപിത്ഥഫലം = വിളാങ്കായ്.

അമ്ലം = പുളി. ലവണം = ഉപ്പു്. തിക്തം = കയ്പു്. കഷായം = ചവർപ്പു്. കടു = എരിവു്

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

വിവരണം:—ഗുണപ്രധാനത്വംകൊണ്ടാണു സൃഷ്ടിനടക്കുക. സൃഷ്ടികാര്യത്തിൽ ഏതെങ്കിലുമൊരു ഗുണം പ്രധാനരൂപമായിരിക്കും. ഒന്നുകിൽ സത്വം പ്രധാനം. അഥവാ തമസ്സു പ്രധാനം. ഇങ്ങനെ സൃഷ്ടികാര്യത്തിൽ പ്രധാനത്വംകൊണ്ടു് ഏകരൂപമായി പ്രവർത്തിക്കുന്ന ഗുണങ്ങൾ ഭിന്നപദാർത്ഥങ്ങളായി പരിണമിക്കുന്നതെങ്ങനെ? ഇതൊരു സംശയമാണു്. പരിണാമംകൊണ്ടാണെന്നു (പരിണാമതഃ) സംശയത്തിന്റെ പരിഹാരം. ദൃഷ്ടാന്തം, വെള്ളംപോലെ (സലിലവത്) എന്നും. അതായതു് ഗുണങ്ങൾ പരിണാമംകൊണ്ടാണു് ഭിന്നപദാർത്ഥങ്ങളായി മാറുന്നതു്; ഭൂപ്രകൃതിയുടെ വ്യത്യാസമനുസരിച്ചു് മഴവെള്ളം ഭിന്നരസമായിത്തീരുന്നതുപോലെ. മഴവെള്ളത്തിന്റെ ദൃഷ്ടാന്തം കുറേക്കൂടി വിശദമാക്കുന്നു. ഏകരസമാണു് മഴവെള്ളം. അതു ഭൂപ്രകൃതിയനുസരിച്ചു വികാരപ്പെട്ടു് തേങ്ങ, പനങ്കായ്, കുവളക്കായ്, പനച്ചിക്കായ്, നെല്ലിക്കായ് മുതലായവയിലൂടെ മധുരം, പുളി, ഉപ്പു്, കയ്പു്, ചവർപ്പു് ആദിയായ ഭിന്നരസമായി വ്യത്യാസപ്പെടുന്നു. അപ്രകാരം പ്രധാനമായി വരുന്ന ഓരോ ഗുണത്തെയും ആശ്രയിച്ചു് അപ്രധാനഗുണങ്ങൾ പരിണമിക്കുന്നതുകൊണ്ടു് ഭിന്നപദാർത്ഥങ്ങളായിത്തീരുകയാണു്. പ്രധാനഗുണസമാശ്രയംനിമിത്തമുണ്ടാകുന്ന ഭിന്നപരിണാമത്തെയാണു് കാരികയിൽ "പ്രതിപ്രതിഗുണാശ്രയവിശേഷ"മെന്നു പറഞ്ഞതു്. ഇത്രയുംകൊണ്ടു് പ്രധാനമായ പരമാവ്യക്തമുണ്ടെന്നും, അതു ത്രിഗുണങ്ങൾവഴി സംഹാരരൂപമായും സൃഷ്ടിരൂപമായും പ്രവർത്തിക്കുന്നുവെന്നും സിദ്ധമായി.

അവ്യക്തസിദ്ധിനിരൂപണം കഴിഞ്ഞു.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പുരുഷസിദ്ധിനിരൂപണം

ഭാഷ്യം:—യാവചിലരാകട്ടെ തൌഷ്ടികന്മാരായിട്ട് അവ്യക്ത ത്തേയോ മഹത്തത്ത്വത്തേയോ അഹങ്കാരത്തേയോ ഇന്ദ്രിയങ്ങളേ യോ ഭൂതങ്ങളേയോ, ആത്മാവായി അഭിമാനിച്ച് അവയെ ഉപാസി ക്കുന്നു; അവരോടു പറയുന്നു.

വിവരണം:—തുഷ്ടി പ്രയോജനമുള്ളവർ, തൌഷ്ടികന്മാർ.* ബാഹ്യസുഖത്തിൽനിന്നുണ്ടാകുന്ന സംതൃപ്തിയാണ തുഷ്ടി. അഞ്ചു തരം ബാഹ്യതുഷ്ടികളെക്കുറിച്ച് അൻപതാം കാരികയിൽ പ റയും. അനിത്യമായ പ്രാപഞ്ചികസുഖംകൊണ്ട് സംതൃപ്തരാകുന്ന വരാണ് തൌഷ്ടികന്മാർ. അവർ ആത്മബുദ്ധിയോടെ അവ്യക്ത (പ്രധാന)ത്തെയോ മഹത്തത്ത്വത്തേയോ അഹങ്കാരത്തേയോ ഇന്ദ്രി യങ്ങളേയോ പഞ്ചഭൂതങ്ങളേയോ ഉപാസിക്കുന്നു. അവ്യക്താദി കൾ ആത്മ(പുരുഷ)ബാഹ്യങ്ങളായതുകൊണ്ട് അവയിൽനിന്നു കിട്ടുന്ന സുഖം നിത്യവും സത്യവുമായിരിക്കയില്ല; ക്ഷണികവും മിഥ്യയുമായിരിക്കും. അത്തരം ക്ഷണികസുഖകാംക്ഷികളെ— തൌഷ്ടികന്മാരെ—ഉദ്ദേശിച്ച് നിത്യസുഖത്തിൻെറ മാർഗ്ഗം നിർദ്ദേശിച്ചുകൊണ്ടു പറയുകയാണ്.

(ത്രിഗുണാത്മകമായ പ്രധാനം സൃഷ്ടിസംഹാരരൂപമായി പ്രവർത്തിക്കുന്നതെന്തിന്? പുരുഷൻെറ ഭോഗാപവർഗ്ഗങ്ങൾക്ക വേണ്ടിയാണെങ്കിൽ, പുരുഷൻ ഉണ്ടെന്നതിന്ന തെളിവാവശ്യമാ യിരിക്കുന്നു, അതു പുരുഷസിദ്ധിനിരൂപണംകൊണ്ടു സാധി

* തുഷ്ടിശബ്ദത്തിനോട്ട് പ്രയോജനാർത്ഥത്തിൽ ഠണ്പ്രത്യയം വച്ച് 'തൌഷ്ടിക' എന്ന രൂപം.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ക്കാൻപോവുകയാണ്. നിർഗ്ഗുണനായ പുരുഷന്റെ ഉപാസനം നിത്യസുഖരൂപമായ മുക്തിക്കു കാരണമായുമാകുന്നു.x)

കാരിക:—

സംഘാതപരാത്ഥത്വാദ്-
ത്രിഗുണാദിവിപര്യയാദധിഷ്ഠാനാത്
പുരുഷോസ്തി ഭോക്തൃഭാവാത്
കൈവല്യാത്ഥം പ്രവൃത്തേശ്ച. 17

അത്ഥം:—സംഘാതപരാത്ഥത്വവും, ത്രിഗുണാദിവിപര്യയവും, അധിഷ്ഠാനവും, ഭോക്തൃത്വവും, കൈവല്യാത്ഥമായ പ്രവൃത്തിയുംനിമിത്തം പുരുഷൻ ഉണ്ട്.

സംഘാതപരാത്ഥത്വം, ത്രിഗുണാദിവിപര്യയം, അധിഷ്ഠാനം, ഭോക്തൃത്വം, കൈവല്യാത്ഥമായ പ്രവൃത്തി ഇങ്ങനെ അഞ്ചു കാരണംകൊണ്ട് പുരുഷൻ ഉണ്ടെന്നു സിദ്ധാന്തിക്കുന്നു. ഭാഷ്യത്തിൽ ഓരോ കാരണവും വിവരിക്കുകയാണ്.

ഭാഷ്യം:—അവ്യക്താദിയിൽനിന്ന് അതിരിക്തനായ പുരുഷൻ ഉണ്ട്. എന്തുകൊണ്ട്? സംഘാതപരാത്ഥത്വംകൊണ്ട്. അവ്യക്തമഹദഹങ്കാരാദികൾ പരാത്ഥങ്ങളാണ്. സംഘാതത്വംകൊണ്ട് ശയനാസനാഭ്യംഗാദികൾപോലെ, സുഖദുഃഖമോഹാത്മകതകൊണ്ട് അവ്യക്താദികൾ എല്ലാം സംഘാതങ്ങളാകുന്നു.

വിവരണം.—സ്ഥൂലജഗത്തിന്റെ സൂക്ഷ്മരൂപമായ മൂലപദാത്ഥങ്ങളാണ് പ്രകൃതി (പ്രധാനം) യും പുരുഷനും. അതിൽ പ്രധാനത്തിന്റെ അസ്തിത്വം, അവ്യക്തസിദ്ധിനിരൂപണംകൊണ്ടു സാധിച്ചു. ഇനി പുരുഷന്റെ അസ്തിത്വം സമത്ഥിക്കാൻ തുടങ്ങുകയാണിവിടെ. "സംഘാതങ്ങളുടെ പരാത്ഥത്വംകൊണ്ട് പുരുഷൻ ഉണ്ടെ"ന്നനുമാനിക്കാം. അവ്യക്തരൂപമായ പ്രധാനവും തത്പരിണാമങ്ങളായ മഹദഹങ്കാരാദികളുമാണ് സംഘാതങ്ങൾ; കൂട്ടായ ഭിന്നപദാത്ഥങ്ങൾ. പദാത്ഥങ്ങൾ; പരപ്രയോജനങ്ങൾ. മറ്റൊന്നിനു പ്രയോജനപ്പെടുന്നവ. പ്രധാനാദിസംഘാതങ്ങ

x നിർഗ്ഗുണം പുരുഷം പ്രാപ്യ
കാലസംഖ്യാ ന വിദ്യതേ. (പ-പു)

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ളുടെ പ്രയോജനം സുഖദുഃഖമോഹരൂപമാണ്. പ്രധാനാദികൾ ജഡങ്ങളായതുകൊണ്ട് സുഖദുഃഖമോഹങ്ങൾ അവയ്ക്കു പ്രയോജനപ്പെടുന്നതല്ല. ചേതനരൂപമായ അന്യനൊരുവനായിരിക്കണം പ്രയോജനപ്പെടുക. അവ്യക്താദികളിൽനിന്ന് ഭിന്നമായ അതേ അന്യപദാർത്ഥംതന്നെ പുരുഷൻ. കട്ടിൽ, കിടക്ക, ഇരിപ്പിടം മുതലായ ജഡവസ്തുസംഘാതങ്ങൾ, മനുഷ്യശരീരത്തിനു സുഖാദിരൂപത്തിൽ പ്രയോജനപ്പെടുന്നതുപോലെ, പ്രധാനാദിസംഘാതങ്ങൾ, സുഖദുഃഖമോഹരൂപമായി ചേതനാത്മകനായ പുരുഷനു പ്രയോജനപ്പെടുന്നു. അതുകൊണ്ടു പുരുഷൻ ഉണ്ട്. ഇങ്ങനെ "സംഘാതപരാർത്ഥത്വം" എന്ന ആദ്യകാരണംകൊണ്ടു പുരുഷന്റെ അസ്തിത്വം സമർത്ഥിച്ചു.

ഭാഷ്യം:—ശയനാസനാദികളായ സംഘാതങ്ങൾ, സംഹതശരീരാർത്ഥങ്ങളായി ദൃഷ്ടങ്ങളാണ്; അവ്യക്താദ്യതിരിക്തമായ ആത്മാവിനെക്കുറിച്ചുകൂട്ടെ പരാർത്ഥങ്ങളല്ല. അതിനാൽ പരനെ സംഘാതാന്തരമായിത്തന്നെ അനുമാനിക്കണം; അസംഹതനായ ആത്മാവായി അനുമാനിക്കാവുന്നതല്ല എന്നതുകൊണ്ടു പറയുന്നു, "ത്രിഗുണാദിവിപര്യയാത്" എന്ന്.

വിവരണം:—പുരുഷന്റെ അസ്തിത്വം സമർത്ഥിക്കാൻ, കാരികയിലെ "ത്രിഗുണാദിവിപര്യയാത്" എന്ന രണ്ടാമത്തെ കാരണം പരാമർശിക്കുന്നു. കിടക്ക ഇരിപ്പിടം മുതലായ സംഘാതങ്ങൾ, അവയവങ്ങളുടെ സംഹതരൂപമായ ശരീരത്തിനല്ലാതെ ശരീരത്തിനതിരിക്തവും അസംഹതവു (കലർപ്പില്ലാത്ത) മായ ആത്മാവിനു പ്രയോജനപ്പെടുന്നില്ലെന്നു പരക്കെയറിയാം. എന്നിരിക്കെ പ്രധാനാദിസംഘാതങ്ങൾ സുഖദുഃഖമോഹരൂപമായി പ്രയോജനപ്പെടുന്ന പരവസ്തുവും, മറ്റൊരു സംഘാതമായിത്തന്നെ അനുമാനിക്കണം; മറിച്ച് അസംഹതമായ പുരുഷ (ആത്മാ) നായി അനുമാനിക്കുക സാധ്യമല്ല. ഈ സംശയം പരിഹരിക്കുന്നതാണ പ്രകൃതത്തിലെ, "ത്രിഗുണാദിവിപര്യയം." ത്രിഗുണാദികളിൽനിന്നു വ്യത്യസ്തനാകയാൽ പുരുഷൻ, അസംഹത (ശുദ്ധകേവല) നാണ്; ശരീരമെന്നവണ്ണം സംഹതരൂപനല്ല. ഇതിനെ ഭാഷ്യത്തിൽ വിശദമാക്കുന്നു.

ഭാഷ്യം:—ഇതാണഭിപ്രായം; സംഘാതപരാർത്ഥത്വം സത്തായിരിക്കുമ്പോൾ അതിന്റെയും സംഘാതത്വംനിമിത്തം, അതു

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

കൊണ്ടും സംഘാതാന്തരാർത്ഥമായി ഭവിക്കണം; അങ്ങനെ അതതു കൊണ്ടെന്നതിനാൽ അനവസ്ഥ ഉണ്ടാകും. കല്പനാഗൌരവ പ്രസംഗംനിമിത്തം വ്യവസ്ഥ സത്തായിരിക്കുമ്പോൾ അനവസ്ഥ യുക്തമല്ല. സംഹതത്വത്തിന്റെ പാരാർത്ഥ്യമാത്രംകൊണ്ടുള്ള അന്വയംനിമിത്തം പ്രമാണവത്തംകൊണ്ടു കല്പനാഗൌരവത്തെ നിഷേധിക്കുന്നുവെന്നതു യുക്തവുമല്ല. ദൃഷ്ടാന്തദൃഷ്ടസർവ്വധർമ്മാനുരോധംകൊണ്ടാകട്ടെ അനുമാനമിച്ഛിക്കുന്നവന്, സർവ്വാനുമാനോച്ഛേദപ്രസംഗം ഭവിക്കുമെന്നു ന്യായവാർത്തികതാത്പര്യടീകയിൽ പ്രതിപാദിക്കപ്പെട്ടിരിക്കുന്നു. അതിനാൽ അനവസ്ഥാഭീതികൊണ്ടു് ഇതിന്റെ (പുരുഷ) അസംഘാതത്വമിച്ഛിക്കുന്നവനാൽ അത്രിഗുണത്വവും അവിവേകിത്വവും അവിഷയത്വവും അസാമാന്യത്വവും ചേതനത്വവും അപ്രസവധർമ്മിത്വവും അംഗീകരിക്കപ്പെടേണ്ടതാണ്. യാതൊന്നു ഹേതുവായിട്ടു്, സംഹതത്വംകൊണ്ടു വ്യാപ്തങ്ങളാണു ത്രിഗുണാദികളായ ധർമ്മങ്ങൾ, ആ സംഹതത്വം, ഈ പരത്തിലെ വ്യാവർത്തമാനമായ ത്രിഗുണാദിയെ വ്യാവർത്തിപ്പിക്കുന്നു; ബ്രാഹ്മണത്വം വ്യാവർത്തമാനമായ കഠാദികളെ എന്നപോലെ അതുകൊണ്ടു "ത്രിഗുണാദിവിപര്യയാത്" എന്നിങ്ങനെ പറയുന്ന ആചാര്യനാൽ പരം അസംഹിതമായി വിവക്ഷിതമാകുന്നു. അതു് ആത്മാവെന്നു സിദ്ധവുമാണ്.

വിവരണം:—സംഘാതം, മറ്റൊരു സംഘാതത്തിനായിരിക്കും പ്രയോജനപ്പെടുക; അല്ലാതെ അസംഹതമായ—സംഘാതമല്ലാത്ത—ആത്മാവിനായിരിക്കയില്ല ഇതായിരുന്നല്ലോ സംശയം. സമാധാനം പറയുന്നു: "ഒരു സംഘാതം മറ്റൊരു സംഘാതത്തിനാണു പ്രയോജനപ്പെടുന്നതെങ്കിൽ ആ സംഘാതം പിന്നെ വേറൊരു സംഘാതത്തിനു പ്രയോജനപ്പെടുന്നതായിരിക്കണം. തുടർന്നു് അതു മറ്റൊന്നിനു പ്രയോജനപ്പെടുന്നതാകണം; അങ്ങനെ അനവസ്ഥാദോഷത്തിൽ ചെന്നെത്തും. കല്പനാനിമിത്തകമായ വ്യവസ്ഥ നിലവിലിരിക്കുമ്പോൾ, മേൽകാണിച്ചവിധം അനവസ്ഥയിലേയ്ക്കു നീങ്ങുക യുക്തമല്ലതാനും. മാത്രമല്ല പരാർത്ഥത്വം—അന്യത്തിനു പ്രയോജനപ്പെടുക—എന്നതിനുമാത്രമേ ഇവിടെ പ്രസക്തിയുള്ളു 'ഏതെല്ലാം സംഘാതമാണോ അതെല്ലാം പരാർത്ഥം' എന്നുമാത്രം. (യത് യത് സംഘാതം തത് തത് പരാർത്ഥം യഥാ ശയനാസനാദി.) പ്രകൃതത്തിലെ സംഘാതത്വം

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അപ്രസക്തമായതുകൊണ്ടു് അതിനെ ദൃഷ്ടാന്തത്തിൽ പരിഗണിക്കേണ്ടതില്ല. കൂടാതെ ദൃഷ്ടാന്തത്തിൽ കാണുന്ന എല്ലാ ധർമ്മങ്ങളോടും അനുകൂലമായി നോക്കിയാൽ അനുമാനമേ ഇല്ലെന്നു വരും. ഉദാഹരണം കാണിക്കാം. "പുകയുള്ളതുകൊണ്ടു പർവ്വതത്തിൽ തീയുണ്ടു്;" അടുക്കള ദൃഷ്ടാന്തം. ഇതൊരനുമാനമാണു്. തീയ്യും പുകയും ഏകരൂപമായ ആശ്രയമാണടുക്കള. അടുക്കളയുടെ ആ ധർമ്മം പർവ്വതത്തിലില്ല ദൃഷ്ടാന്തധർമ്മം പക്ഷത്തിലില്ലാത്തതുകൊണ്ടു് അനുമാനം സിദ്ധമല്ലെന്നു പറയണം. അതു സംഗതവുമല്ല. ന്യായവാർത്തികടീക എന്ന ഗ്രന്ഥത്തിൽ ഇതിനെക്കുറിച്ചു വിശദമായി പറഞ്ഞിട്ടുണ്ടു്. ഇപ്പോൾ ആത്മാവിന്റെ അസംഘാതത്വം, അഥവാ അസംഹതത്വം (കലർപ്പില്ലായ്മ) വ്യക്തമായി. അതോടൊപ്പം അതിന്റെ — ആത്മാവിന്റെ — അത്രിഗുണത്വവും അവിവേകിത്വവും അവിഷയത്വവും അസാമാന്യത്വവും ചേതനത്വവും പ്രസവധർമ്മിത്വവുംകൂടി അംഗീകരിച്ചുകൊള്ളണം. സംഹതരൂപമായി വ്യാപിക്കുന്നതു ത്രിഗുണധർമ്മങ്ങളാണു്. അത സംഹതത്വം ആത്മാവിലെ വ്യത്യസ്തമായ ത്രിഗുണാദിയെ വേർതിരിക്കുന്നു. മറെറാരു വാക്കിൽ, ആത്മാവിനെ ത്രിഗുണാദിയിൽനിന്നു വേർതിരിച്ചറിയാൻ സാധിക്കുന്നതു സംഹതത്വംകൊണ്ടാണു്. സംഹതത്വം ത്രിഗുണങ്ങൾക്കേയുള്ളു. ആത്മാവിനില്ല. യജുർവ്വേദത്തിലെ കഠശാഖ അധ്യയനംചെയ്ത ബ്രാഹ്മണനിലെ കഠത്വം* ക്ഷത്രിയാദിയിലെ ബ്രാഹ്മണത്വത്തെ വേർതിരിക്കുന്നതുപോലെയാണു് സംഹതത്വം ആത്മാവിലെ ത്രിഗുണാദിയെ വേർതിരിക്കുന്നതു്. ആകയാൽ, "ത്രിഗുണാദിവിപര്യയാത്" എന്നതുകൊണ്ടു് അസംഹതമായ പദത്തെ — ജ്ഞാനചേതനാരൂപമായ അവ്യക്താദ്യതിരിക്തപദാർത്ഥത്തെ — യാണു് ആചാര്യൻ വിവക്ഷിക്കുന്നതു്: അതു ആത്മാവു് (പുരുഷൻ) എന്നു സിദ്ധവുമാണു്.

ഭാഷ്യം:— ഇതുകൊണ്ടും പരനായ പുരുഷനുമുണ്ടു് — അധിഷ്ഠാനംകൊണ്ടും, ത്രിഗുണരൂപങ്ങളുടെ അധിഷ്ഠീയമാനത്വംകൊണ്ടും.

യാതൊന്നു യാതൊന്നു സുഖദുഃഖമോഹരൂപമാകുന്നു, അതെല്ലാം അന്യനാൽ അധിഷ്ഠാനം (നിയന്ത്രണം) ചെയ്യപ്പെട്ട

---

* കഠോ മുനൌ തദാഖ്യ തഃ
വേദാദ്ധ്യേതൃജ്ഞയോഃ സ്വരേ. (മേദിനി)

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ന്നതു പ്രത്യക്ഷമാണു്; രഥാദികൾ യന്ത്രാദികളാലെന്നപോലെ. ഈ ബുദ്ധി മുതലായതു സുഖദുഃഖമോഹരൂപമാണു്. ഇതും അന്യത്താൽ അധിഷ്ഠാനം ചെയ്യപ്പെടേണ്ടതാകുന്നു. ആ അന്യം ത്രൈഗുണ്യത്തിൽനിന്നു വേറായ ആത്മാവുമത്രേ.

വിവരണം:—"അധിഷ്ഠാനാത്" എന്ന മൂന്നാമത്തെ കാരണം വിശദമാക്കുന്നു. അധിഷ്ഠാനംകൊണ്ടും അവ്യക്താദികളിൽനിന്നു് അതിരിക്തനായ (പരനായ) പുരുഷനുണ്ടെന്നു അനുമാനിക്കാം. അധിഷ്ഠാനമെന്നാൽ നിയന്ത്രണം. തേരാളി, യന്ത്രം മുതലായവയാൽ രഥാദികൾ നിയന്ത്രിക്കപ്പെടുന്നതുപോലെ സുഖദുഃഖമോഹരൂപമായിട്ടുള്ളതെല്ലാം മറ്റേതോ ഒന്നിനാൽ നിയന്ത്രിക്കപ്പെടുന്നതു് അനുഭവസിദ്ധമാണു്. സുഖദുഃഖമോഹാത്മകമാണ ബുദ്ധ്യാദികൾ. അതിനാൽ ബുദ്ധ്യാദികളും മറ്റൊന്നിനാൽ നിയന്ത്രിക്കപ്പെടുന്നതാകണം. ആ മറ്റൊന്നു് ത്രിഗുണഭിന്നമായ പുരുഷൻ (ആത്മാ) തന്നെ. അപ്പോൾ ഒരു സംശയം: അധിഷ്ഠാതാവായ പുരുഷൻ നിഷ്ക്രിയനും നിർവികാരനുമായിരിക്കെ, ബുദ്ധ്യാദികളെ പ്രവർത്തിപ്പിക്കുന്നതെങ്ങനെ? പറയാം; അയസ്കാന്തംx സാമീപ്യമാത്രംകൊണ്ടു് ഇരുമ്പിനെ ചലിപ്പിക്കുന്നുണ്ടല്ലോ. അതുപോലെ പുരുഷനും സ്വസാന്നിദ്ധ്യമാത്രംകൊണ്ടു ബുദ്ധ്യാദികളെ പ്രവർത്തിപ്പിക്കുന്നു.

ഭാഷ്യം:—ഇതുകൊണ്ടും പരനായ പുരുഷനുണ്ടു്; ഭോക്തൃഭാവംകൊണ്ടു് ഭോഗ്യങ്ങളായ സുഖദുഃഖങ്ങളെ ഉപലക്ഷിക്കുന്നു. ഭോഗ്യങ്ങളായ സുഖദുഃഖങ്ങൾ, അനുകൂലപ്രതികൂലവേദനീയങ്ങളായി അവരവർക്കു് അനുഭവപ്പെടുന്നവയാണല്ലോ, അതുകൊണ്ടു് ഇവയ്ക്കു് (സുഖദുഃഖങ്ങൾക്കു്) അനുകൂലവേദനീയനും പ്രതികൂലവേദനീയനുമായ ഒരന്യൻ ഉണ്ടായിരിക്കണം. ബുദ്ധ്യാദികൾ അനുകൂലവേദനീയങ്ങളോ പ്രതികൂലവേദനീയങ്ങളോ ആയി ഭവിക്കയുമില്ല. അവയ്ക്കു സുഖദുഃഖമോഹരൂപത്വംകൊണ്ടു തന്നിൽ വൃത്തിവിരോധമുള്ളതുനിമിത്തം. അതിനാൽ, സുഖാദിരൂപനല്ലാത്ത യാവനൊരുത്തനുണ്ടോ, അവനാണു്, അനുകൂലനീയനോ പ്രതികൂലനീയനോ ആയിരിക്കുന്നതു്. അതു് പുരുഷ (ആത്മാ)നമാണു്.

---

x തത്സന്നിധാനാദധിഷ്ഠാതൃത്വം മണിവത്. (സാം·സൂ.)
മണി=അയസ്കാന്തമണി.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

വിവരണം:—ഭോക്തൃഭാവംകൊണ്ടും പുരുഷനുണ്ടെന്നു സമർത്ഥിക്കുന്നു. ഇതു പുരുഷന്റെ അസ്തിത്വം സമർത്ഥിക്കുന്ന നാലാമത്തെ കാരണമാണു്. ഭോക്തൃഭാവം എന്നതുകൊണ്ടു ഭോഗ്യങ്ങളെക്കൂടി മനസ്സിലാക്കണം. ഭോക്താവു്; അനുഭവിക്കുന്നവൻ. അനുഭവവിഷയം; ഭോഗ്യം. ഭോക്താവിനെക്കൂടാതെ ഭോഗ്യവും, ഭോഗ്യത്തെക്കൂടാതെ ഭോക്താവുമില്ല. ഇവിടെ ഭോഗ്യങ്ങൾ സുഖദുഃഖങ്ങളാണു്. അനുഭവത്തിൽ, സുഖം അനുകൂലവിഷയവും, ദുഃഖം പ്രതികൂലവിഷയവുമായിരിക്കുന്നു. അവരവക്കനുഭവസിദ്ധവുമാണിതു്. ബുദ്ധ്യാദികളായിരിക്കുമോ, ഇപ്പറഞ്ഞ അനുകൂലവിഷയവും പ്രതികൂലവിഷയവുമായ സുഖദുഃഖങ്ങളെ അനുഭവിക്കുന്നതു്? ഒരിക്കലുമായിരിക്കയില്ല. ബുദ്ധ്യാദികൾ സ്വാത്മവൃത്തിക്കു വിരോധമായിരിക്കാത്തതാണു കാരണം. അഗ്നിക്കു ദാഹകസ്വഭാവമുണ്ടെങ്കിലും സ്വയം ദഹിക്കാറില്ലല്ലോ. അപ്പോൾ സുഖദുഃഖങ്ങളുടെ അനുഭവത്തിനു ബുദ്ധ്യാദികളിൽനിന്നു വ്യതിരിക്തമായ വേറൊന്നുണ്ടായിരിക്കണം. സുഖദുഃഖമോഹരൂപമല്ലാത്ത അതാണു്; അനുകൂലവിഷയമായ സുഖത്തിന്റെയോ പ്രതികൂലവിഷയമായ ദുഃഖത്തിന്റെയോ ഭോക്താവു്. അതേ ഭോക്താവു തന്നെ പുരുഷൻ (ആത്മാവു്).

ഭാഷ്യം:—ചിലർ പറയുന്നു; ദൃശ്യങ്ങളായ ബുദ്ധ്യാദികളാണു ഭോഗ്യങ്ങൾ. ദ്രഷ്ടാവിനെക്കൂടാതെ അവയുടെ ദൃശ്യത യുക്തമല്ല. അതിനാൽ ദൃശ്യബുദ്ധ്യാദ്യതിരിക്തനായ ആ ദ്രഷ്ടാവു് ആത്മാവാണെന്നു്. ഭോക്തൃഭാവമെന്നാൽ ദ്രഷ്ടൃഭാവം, ദൃശ്യത്വംകൊണ്ടു്, ദ്രഷ്ടാവിന്റെ അനുമാനത്വം ഹേതുവായിട്ടു്. ബുദ്ധ്യാദികളുടെ ദൃശ്യത്വം, സുഖാദ്യാത്മകത്വംകൊണ്ടു അനുമിതമാണു്. പൃഥിവ്യാദികളെന്നപോലെ.

വിവരണം:—"അപ്രസംഗോഹ്യയം പുരുഷഃ" എന്നിങ്ങനെയുള്ള ശ്രുതിവാക്യംകൊണ്ടു് പുരുഷന്റെ അഥവാ ആത്മാവിന്റെ നിസ്സംഗത്വം വ്യക്തമായിരിക്കുന്നു. നിസ്സംഗനായ പുരുഷൻ ഒരിക്കലും ഭോക്താവാകയില്ല. എന്നുവരുമ്പോൾ, മുൻവ്യാഖ്യാനം അസംഗതമായിത്തീരും. അതിനാൽ പുരുഷന്റെ നിസ്സംഗത്വം ആദരിച്ചുകൊണ്ടു ചിലർ പ്രകൃതത്തെ ഇങ്ങനെ വ്യാഖ്യാനിക്കുന്നു. "ഭോക്തൃഭാവമെന്നാൽ, ഭോക്താവിന്റെ ഭാവം. ഭോക്താവു്, ദ്രഷ്ടാവാണു്. ബുദ്ധ്യാദികൾ ദൃശ്യങ്ങളും. ദ്രഷ്ടാവിനെക്കൂടാതെ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ബുദ്ധ്യാദികളുടെ ദൃശ്യത്വം സംഗതമല്ല. അപ്പോൾ ബുദ്ധ്യാദിദൃശ്യങ്ങളിൽനിന്നു വ്യത്യസ്തനായ ദ്രഷ്ടാവുണ്ടെന്നു യുക്തമായനുമാനിക്കാം. ആ ദ്രഷ്ടാവാണു പുരുഷൻ അല്ലെങ്കിൽ ആത്മാവു്. ഘടം മുതലായവപോലെ ബുദ്ധ്യാദികൾ ദൃശ്യങ്ങളാണു്. അവയുടെ ദൃശ്യത്വംകൊണ്ടു ദ്രഷ്ടാവിന്റെ അനുമാനം സാധ്യമാകുന്നു. ബുദ്ധ്യാദികളുടെ ദൃശ്യത്വമാകട്ടെ സുഖാദിസ്വഭാവംകൊണ്ടു്, ഭൂമിതുടങ്ങിയ സ്ഥൂലപദാർത്ഥങ്ങളെയെന്നപോലെ വ്യക്തമായനുമാനിക്കാൻ കഴിയും. രണ്ടാമത്തെ വ്യാഖ്യാനത്തിൽ അസംഗനായ പുരുഷനു ദർശനത്വമുണ്ടെന്നു പറഞ്ഞിരിക്കുന്നു. അതെങ്ങനെയെന്നു സംശയിക്കാം. പരമാർത്ഥത്തിൽ പുരുഷനു ദർശനത്വമില്ല; അസംഗനാകകൊണ്ടു്. ബുദ്ധ്യുപാധികമാണു ദർശനം. അതിനെ അവിവേകംനിമിത്തം പുരുഷനിൽ അധ്യാസിക്കുകയാണു്. ആ പക്ഷത്തിൽ മുൻവ്യാഖ്യാനത്തിലെ ഭോക്തൃത്വവും ബുദ്ധ്യുപാധികമായി പരിഗണിക്കണം. അപ്പോൾ അതും അംഗീകാര്യംതന്നെ.

ഭാഷ്യം:—ഇതുകൊണ്ടും പുരുഷനുണ്ടു്, എന്നതിനാൽ പറയുന്നു; "കൈവല്യാർത്ഥം പ്രവൃത്തേശ്ച" എന്നു്. ശാസ്ത്രങ്ങളുടെയും ദിവ്യദൃഷ്ടികളായ മഹർഷികളുടെയും കൈവല്യത്തിനുവേണ്ടിയുള്ള പ്രവൃത്തിനിമിത്തം പുരുഷനുണ്ടു്. അത്യന്തദുഃഖത്രയപ്രശമലക്ഷണമായ കൈവല്യം ബുദ്ധ്യാദികൾക്കു സംഭവിക്കുന്നില്ല. എന്തുകൊണ്ടെന്നാൽ ദുഃഖാദ്യാത്മകങ്ങളായ അതുകൾ (ബുദ്ധ്യാദികൾ) സ്വഭാവത്തിൽനിന്നു് എങ്ങനെ വിയോജിക്കാൻ ശക്യങ്ങളാകും? അവയിൽനിന്നതിരിക്തമായ തദാത്മാവല്ലാത്തതിനാകട്ടെ അതിൽനിന്നുള്ള വിയോഗം ശക്യമാകുന്നു. അതിനാൽ, കൈവല്യത്തിനുവേണ്ടിയുള്ള ശാസ്ത്രങ്ങളുടേയും മഹാത്മാക്കളുടേയും പ്രവൃത്തികൊണ്ടു ബുദ്ധ്യാദിവ്യതിരിക്തമായ പുരുഷൻ (ആത്മാ) ഉണ്ടെന്നു സിദ്ധം.

വിവരണം:—ശുദ്ധകേവലത്വമാണു കൈവല്യം. അത്യന്തദുഃഖനിവൃത്തിലക്ഷണമായ മോക്ഷംതന്നെ. കൈവല്യം പ്രയോജനമായിട്ടുള്ളതു, കൈവല്യാർത്ഥം. കൈവല്യം പ്രയോജനമായ പ്രവൃത്തി, ആരുടേതെന്ന ജിജ്ഞാസ ശമിക്കാൻ ശാസ്ത്രങ്ങളുടെ എന്നും, ദിവ്യദൃഷ്ടികളായ മഹർഷികളുടെ എന്നും, അധ്യാഹരിക്കണം. അപ്പോൾ, ശാസ്ത്രങ്ങളുടേയും ദിവ്യദൃഷ്ടികളായ മഹർഷിക

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ളുടെയും കൈവല്യത്തിനുവേണ്ടിയുള്ള പ്രവൃത്തികൊണ്ടു് എന്നാകും. ശാസ്ത്രങ്ങളും, ദിവ്യദൃഷ്ടികളായ മഹർഷികളും കൈവല്യത്തിനുവേണ്ടി പ്രവർത്തിക്കുന്നു. അതുകൊണ്ടു പുരുഷനുണ്ടെന്നു് അനുമാനിക്കാം. ദുഃഖത്രയത്തിന്റെ അത്യന്തനിവൃത്തിലക്ഷണമാണു കൈവല്യം. അതു ബുദ്ധ്യാദികൾക്കില്ല. ദുഃഖാദിസ്വഭാവമുള്ള ബുദ്ധ്യാദികൾക്കു സ്വന്തം പ്രകൃതിയെ വിട്ടുനില്ക്കാനൊക്കാത്തതാണു കാരണം. എന്നാൽ ബുദ്ധ്യാദികളിൽനിന്നു ഭിന്നവും സുഖദുഃഖമോഹരൂപമല്ലാത്തതുമായതിനുമാത്രമേ ദുഃഖാദികളെ വിട്ടുനില്ക്കാൻ കഴിയൂ. ആ കൈവല്യത്തിനുവേണ്ടിയാണു ശാസ്ത്രങ്ങളും മഹാമതികളായ മഹർഷികളും പ്രവർത്തിക്കുന്നതു്. അതുകൊണ്ടു് ബുദ്ധ്യാദികളിൽനിന്നു വ്യത്യസ്തനും സുഖദുഃഖമോഹസ്വഭാവരഹിതനുമായ പുരുഷൻ ഉണ്ടെന്നു സിദ്ധം. അഞ്ചാമത്തെ കാരണംകൊണ്ടും പുരുഷന്റെ അസ്തിത്വം സമർത്ഥിച്ചു.

പുരുഷസിദ്ധിനിരൂപണം കഴിഞ്ഞു.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പുരുഷബഹുത്വസിദ്ധിനിരൂപണം

ഭാഷ്യം:—ഇങ്ങനെ പുരുഷാസ്തിത്വത്തെ സമർത്ഥിച്ചിട്ട്, അവൻ സർവ്വശരീരങ്ങളിലും ഏകനോ ക്ഷേത്രം(ശരീരം)തോറും അനേകനോ, എന്ന സംശയത്തിൽ അവന്റെ (പുരുഷന്റെ) ശരീരംതോറുമുള്ള അനേകത്വത്തെ പ്രതിപാദിക്കുന്നു.

വിവരണം:—പുരുഷന്റെ അസ്തിത്വം—പുരുഷൻ ഉണ്ടെന്ന്—സമർത്ഥിച്ചു. അതിനുശേഷം, എല്ലാ ശരീരങ്ങളിലേയും പുരുഷൻ ഒന്നുതന്നെയോ, അതോ ഓരോ ശരീരത്തിലും ഓരോ പുരുഷനോ? ഈ സംശയം പരിഹരിക്കാൻ പുരുഷൻ അനേകമുണ്ടെന്നു സിദ്ധാന്തിക്കുന്നു. ശരീരനിഷ്ഠമായ ചൈതന്യമാണ് പുരുഷൻ; ആത്മാവെന്നും പറയും. പൂരിൽ ശയിക്കുന്നതുകൊണ്ട് പുരുഷൻ* (പുരി ശേതേ ഇതി). ശരീരത്തിൽ ശയിക്കുന്നവനെന്ന പുരുഷശബ്ദത്തിന്റെ വാച്യാർത്ഥം. ആ പുരുഷൻ ഒന്നോ, അനേകമോ എന്നു സംശയം. അനേകമുണ്ടെന്നു സമാധാനം. എങ്ങനെയെന്നു വിശദമാക്കുന്നു.

കാരികഃ—

ജന്മമരണകരണാനാം
പ്രതിനിയമാദയുഗപത് പ്രവൃത്തേശ്ച
പുരുഷബഹുത്വം സിദ്ധം
ത്രൈഗുണ്യവിപര്യയാച്ചൈവ. 18

---

* പുരത്രയെ ക്രീഡതി യശ്ച ജീവഃ (കൈ—ഉ.)

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അൎത്ഥം:—ജനനമരണകരണങ്ങളുടെ പ്രതിനിയമവും അയുഗപത്തായ പ്രവൃത്തിയും ത്രൈഗുണ്യവിപൎയ്യയവുംനിമിത്തം പുരുഷബഹുത്വം സിദ്ധമാണു്.

ജനനം മരണം ഇന്ദ്രിയങ്ങൾ ഇവയുടെ പ്രത്യേകവ്യവസ്ഥ, ഒരുമിച്ചല്ലാത്ത പ്രവൃത്തി, ത്രിഗുണരാഹിത്യം, ഈ മൂന്നു കാരണംകൊണ്ടു്, പുരുഷൻ അനേകമുണ്ടെന്നു അനുമാനിക്കാമത്രേ. ഓരോ കാരണവും ഭാഷ്യത്തിൽ വിശദമാക്കുന്നു.

ഭാഷ്യം:—പുരുഷബഹുത്വം സിദ്ധമാണു്; എന്തുകൊണ്ടു്? ജന്മമരണകരണങ്ങളുടെ പ്രതിനിയമംകൊണ്ടു്. സമൂഹവിശിഷ്ടങ്ങളും അപൂൎവ്വങ്ങളുമായ ദേഹേന്ദ്രിയമനോഹംകാരവേദനകളോടുള്ള പുരുഷന്റെ അഭിസംബന്ധമാണു ജന്മം. പുരുഷനാകട്ടെ പരിണാമമില്ല; അവന്റെ അപരിണാമത്വംനിമിത്തം. ഉപാത്തങ്ങളായ ആ ദേഹാദികളുടെ പരിത്യാഗമാണു മരണം. ആത്മാവിനാകട്ടെ വിനാശമില്ല; അതിന്റെ കൂടസ്ഥനിത്യത്വംനിമിത്തം. ബുദ്ധ്യാദികളായ പതിമൂന്നെണ്ണമാണു കാരണങ്ങൾ. ആ, ജന്മമരണകരണങ്ങളുടെ പ്രതിനിയമമെന്നാൽ, വ്യവസ്ഥ. അതു്. സൎവ്വശരീരങ്ങളിലെ ഏകനായ പുരുഷനിൽ യോജിക്കുന്നില്ല. അപ്പോൾ, ഒരു പുരുഷൻ ജനിക്കുമ്പോൾ എല്ലാരും ജനിക്കണം; മരിക്കുമ്പോൾ മരിക്കയും വേണം. ഒരുവൻ അന്ധനായിരിക്കുമ്പോൾ എല്ലാരും അന്ധന്മാരാകണം. ഒരുവൻ ഉറങ്ങുമ്പോൾ എല്ലാരും ഉറങ്ങണം; എന്നിങ്ങനെ അവ്യവസ്ഥയുണ്ടാകും. ശരീരംതോറും പുരുഷഭേദമിരിക്കുമ്പോഴാകട്ടെ വ്യവസ്ഥ ഭവിക്കുന്നു.

വിവരണം:—ജന്മമരണകരണങ്ങളുടെ പ്രതിനിയമംകൊണ്ടു്, പുരുഷൻ അനേകമുണ്ടെന്നു സമൎത്ഥിക്കുകയാണു്. ജന്മം, മരണം, കരണങ്ങൾ, ഇവ ഓരോന്നും വ്യക്തമാക്കുന്നു. മനുഷ്യപക്ഷിമൃഗാദിരൂപത്തിൽ, കൂട്ടംകൊണ്ടു വ്യത്യാസപ്പെട്ടിരിക്കുന്നതു്, സമൂഹവിശിഷ്ടം. അങ്ങനെ കൂട്ടംകൊണ്ടു വ്യത്യാസപ്പെട്ടതും മുമ്പില്ലാതിരുന്നതുമായ, ദേഹം ഇന്ദ്രിയങ്ങൾ, മനസ്സു്, അഹങ്കാരം, ബുദ്ധി ഇവയുടെ അനുഭവ(വേദന)ത്തോടു പുരുഷൻ ബന്ധപ്പെടുന്നതാണു ജന്മം. വികാരരഹിതനായതുകൊണ്ടു പുരുഷനു പരിണാമമില്ല. ബന്ധപ്പെട്ട ദേഹേന്ദ്രിയാദികൾ വിട്ടുപോകുന്നതു മരണം. സ്ഥാവരജംഗമരൂപമായ ശരീരമാണു ജനിക്കുന്നതും

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

മരിക്കുന്നതും*; ഉണ്ടാകുന്നതും നശിക്കുന്നതും. പുരുഷൻ അഥവാ ജീവാത്മാവു്, ജനനമരണങ്ങളില്ലാത്ത നിത്യവസ്തുവാണ്. കരണങ്ങൾ ആകെ പതിമൂന്നു്. ബുദ്ധിയും അഹംകാരവും മനസ്സും അഞ്ചു ജ്ഞാനേന്ദ്രിയങ്ങളും അഞ്ചു കർമ്മേന്ദ്രിയങ്ങളും. ഈ ജനനമരണങ്ങളും കരണങ്ങളും ഓരോ മനുഷ്യശരീരത്തെ സംബന്ധിച്ചും വ്യവസ്ഥിതമായിരിക്കുന്നു. അതാണു പ്രതിനിയമം. ഇപ്രകാരം വ്യവസ്ഥയിരിക്കുമ്പോൾ, എല്ലാ ശരീരങ്ങളിലുമൊരു പുരുഷൻമാത്രമാവുക യുക്തിസഹമല്ല. അങ്ങനെ ഒരു പുരുഷൻതന്നെയാണെങ്കിൽ, ഒരുവൻ ജനിക്കുമ്പോൾ എല്ലാരും ജനിക്കണം. ഒരാൾ മരിക്കുമ്പോൾ സകലരും മരിക്കയും വേണം. ഒരുവൻ കുരുടനോ പൊട്ടനോ ആയാൽ മററുള്ളവരും ആവിധമാകണം. ഒരാൾ ഉറങ്ങുമ്പോൾ എല്ലാരും ഉറങ്ങണം. അതു നിലവിലിരിക്കുന്ന വ്യവസ്ഥയ്ക്കു യോജിക്കാത്തതാണ്; അവ്യവസ്ഥയാണ്. മറിച്ചു് ഓരോ ശരീരത്തിലും ഓരോ പുരുഷൻ എന്നായാൽ വ്യവസ്ഥയ്ക്കനുഗുണമായിരിക്കും. അതിനാൽ പുരുഷൻ ഏകനല്ല; അനേകനെന്നു സിദ്ധം.

ഭാഷ്യം:— ഏകനായ പുരുഷനായാലും ദേഹോപാധിഭേദംനിമിത്തം വ്യവസ്ഥ ഭവിക്കാമെന്നതു യുക്തമല്ല; പാണിസ്തനാദ്യുപാധിഭേദത്തോടുകൂടിയതാണെങ്കിലും, ജന്മമരണാദിവ്യവസ്ഥാപ്രസംഗംകൊണ്ടു്, പാണികൾ ഛേദിക്കപ്പെട്ടിരിക്കുമ്പോഴോ, മഹത്തായ അവയവമാകുന്ന സ്തനാദികൾ ജാതമാകുമ്പോഴോ യുവതി ജാതയോ മൃതയോ ആയി ഭവിക്കുന്നില്ല.

വിവരണം:— ഇവിടെ ഒരു സംശയം. പലതരമുപാധികളുണ്ടല്ലോ ശരീരത്തിനു്; കയ്യു്, സ്തനം മുതലായ പലതരം ഉപാധികൾ. ആ സ്ഥിതിക്കു് ഒരാൾ കുരുടനായെന്നുവച്ചു് മററുള്ളവരും കുരുടരാകണമെന്നില്ല. പുരുഷൻ ഏകനായിരുന്നാലും ഈ വ്യവസ്ഥ യോജിക്കുമല്ലോ; സംശയമിതാണു്. സമാധാനം: ഉപാധിഭേദങ്ങളോടുകൂടിയതാണെങ്കിലും ശരീരത്തെ സംബന്ധിച്ചിടത്തോളം ജനനവും മരണവും വ്യവസ്ഥിതമായിരിക്കുന്നു ശരീരത്തിലെ ഒന്നോ രണ്ടോ അവയവങ്ങൾ നഷ്ടമാകുന്നതുകൊണ്ടു മരിക്കുന്നില്ല. അവയവങ്ങളുണ്ടാകുന്നതുകൊണ്ടു ജനിക്കുന്നുമില്ല.

* "ചരാചരവ്യപാശ്രയസ്തു സ്യാത് തദ്വ്യപദേശോ ഭാക്തസ്തദ്ഭാവഭാവിത്വാത്." (ബ്ര—സൂ)

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഒരു യുവതിയുടെ കയ്യ് മുറിച്ചുകളഞ്ഞതുകൊണ്ടു് അവൾ മരിച്ചതായോ, സ്തനങ്ങൾ തടിച്ചുവളർന്നതുകൊണ്ടു് ജനിച്ചതായോ ആരും വിചാരിക്കയില്ല. ശരീരത്തെക്കുറിച്ചു് പറയുമ്പോൾ ജനനമരണങ്ങൾക്കാണു വ്യവസ്ഥയുടെ പ്രാധാന്യം. അവയവങ്ങളുടെ നഷ്ടമോ ആവിർഭാവമോ പ്രസക്തമല്ല.

ഭാഷ്യം:—ഇതുകൊണ്ടും പുരുഷഭേദം ശരീരംതോറും ഭവിക്കുന്നു എന്നു പറയുന്നു. "അയുഗപത് പ്രവൃത്തേശ്ച" എന്നു്. പ്രയത്നലക്ഷണമായ പ്രവൃത്തി അന്തഃകരണവർത്തിനിയാണെങ്കിലും പുരുഷനിൽ ആരോപിതമാകുന്നു. അപ്രകാരം അവൻ ഒരു ശരീരത്തിൽ പ്രയത്നമാനനായിരിക്കുമ്പോൾ അവൻതന്നെ സർവ്വശരീരങ്ങളിലും ഏകൻ എന്നതിനാൽ എല്ലായിടത്തും പ്രയത്നിക്കണം. തന്മൂലം സർവങ്ങളായ ശരീരങ്ങളെ ഒരുമിച്ചു ചലിപ്പിക്കയും വേണം. നാനാത്വത്തിലാകട്ടെ ഈ ദോഷം ഭവിക്കുന്നില്ല.

വിവരണം:—പുരുഷന്റെ അസ്തിത്വം സമർത്ഥിക്കുന്ന രണ്ടാമത്തെ കാരണം "അയുഗപത്പ്രവൃത്തി"യാണ്. അയുഗപത് പ്രവൃത്തിയെന്നാൽ ഒരുമിച്ചല്ലാത്ത പ്രവൃത്തി. പ്രയത്നലക്ഷണമാണു പ്രവൃത്തി. അതു് അന്തഃകരണവർത്തിയാണെങ്കിലും പുരുഷനിൽ ആരോപിതമാകുന്നു. യുദ്ധത്തിലുണ്ടാകുന്ന ജയപരാജയങ്ങൾ സൈന്യനിമിത്തമാണെങ്കിലും രാജാവിലാണല്ലോ ആരോപിതമാവുക; അതുപോലെയാണിവിടെയും. എല്ലാ ശരീരങ്ങളിലേയും പുരുഷൻ ഒന്നാണെങ്കിൽ, ഒരിടത്തു പ്രയത്നമുണ്ടാകുമ്പോൾ മറ്റെല്ലാ ശരീരങ്ങളിലും പ്രയത്നമുണ്ടാവുകയും തന്മൂലം സകല ശരീരങ്ങളും പ്രവൃത്തിരൂപമായി ചലിക്കയും വേണം. അങ്ങനെ സംഭവിക്കുന്നില്ല; ഒരു ശരീരം പ്രവർത്തിക്കുമ്പോൾ എല്ലാ ശരീരങ്ങളും പ്രവർത്തിക്കുന്നില്ല. അയുഗപത്താണു് ശരീരങ്ങളുടെ പ്രവൃത്തി; ഒരുമിച്ചല്ലാത്തതാണ്. അതുകൊണ്ടു് ഓരോ ശരീരത്തിലും ഓരോ പുരുഷൻ എന്നു് അനുമാനിക്കാം. ഇവിടെ പുരുഷന്റെ അനേകത്വം സിദ്ധം.

ഭാഷ്യം:—ഇതുകൊണ്ടും പുരുഷഭേദമുണ്ടെന്നു പറയുന്നു; "ത്രിഗുണവിപര്യയാച്ചൈവ" എന്നു്. ഏവകാരം ഭിന്നക്രമമാണ്; സിദ്ധം എന്നതിന്റെശേഷം കാണേണ്ടതാകുന്നു. സിദ്ധാതന്നെ (ഏവ), അസിദ്ധമല്ല. ത്രയങ്ങളായ ഗുണങ്ങൾ ത്രൈഗുണ്യം.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അതിൻെറ വിപര്യയമെന്നാൽ അന്യഥാത്വം. ചില പ്രാണിസമൂഹങ്ങൾ സത്ത്വബഹുലരാകുന്നു. ദൃഷ്ടാന്തം ഊർദ്ധ്വസ്രോതസ്സുകൾ. ചിലർ രജോബഹുലരാകുന്നു; ദൃഷ്ടാന്തം മനുഷ്യർ. ചിലർ തമോബഹുലരാകുന്നു; ദൃഷ്ടാന്തം തിര്യഗ്യോനികൾ. ഇതുപോലിരിക്കുന്നതാണ് ആ ത്രൈഗുണ്യവിപര്യയം. ആ പ്രാണിസമൂഹങ്ങളിൽ പുരുഷൻ ഏകനായിരുന്നെങ്കിൽ അന്യഥാഭാവം ഭവിക്കയില്ല. ഭേദമുള്ളപ്പോഴാകട്ടെ ഇതു് അദോഷമാകുന്നു.

വിവരണം:—"ത്രൈഗുണ്യവിപര്യയ"മെന്ന മൂന്നാമത്തെ കാരണംകൊണ്ടും പുരുഷൻെറ അനേകത്വം സമർത്ഥിക്കുന്നു. ത്രിഗുണങ്ങളുടെ അന്യഥാത്വമാണ ത്രൈഗുണ്യവിപര്യയം. അതായതു്, ചിലകൂട്ടർ സത്ത്വഗുണപ്രധാനന്മാർ. മററു ചിലർ രജോഗുണപ്രധാനന്മാർ. പിന്നെ ചിലർ തമോഗുണപ്രധാനന്മാർ. ഇങ്ങനെ ജീവിസമൂഹങ്ങൾ ഭിന്നഗുണപ്രധാനരായിരിക്കുന്നതാണ ത്രിഗുണങ്ങളുടെ അന്യഥാത്വം. സത്ത്വഗുണപ്രധാനക്കു ദൃഷ്ടാന്തം, ഊർദ്ധ്വസ്രോതസ്സുകൾ—ത്രികാലജ്ഞാനികളാണ്. അവർ ഉത്തമന്മാർ. സാധാരണമനുഷ്യരെല്ലാം രജോഗുണപ്രധാനക്കു ദൃഷ്ടാന്തം. അവർ മധ്യമരാണ്. തമോഗുണപ്രധാനക്കു ദൃഷ്ടാന്തം തിര്യഗ്ജന്തുക്കൾ. അവരധമപ്രകൃതികളാണ്. ഉത്തമമദ്ധ്യമാധമരൂപമായി ജീവിസമൂഹങ്ങളിൽ കാണുന്ന ഈ അന്യഥാത്വം—ത്രൈഗുണ്യവിപര്യയം—സകല ജീവികളിലും പുരുഷൻ ഏകനായിരുന്നെങ്കിൽ സംഭവിക്കയില്ല. അതുകൊണ്ടു് ഓരോ ജീവിയിലും ഓരോ പുരുഷനായിരിക്കാനേ തരമുള്ളു. അങ്ങനെ പുരുഷൻെറ അനേകത്വം ത്രൈഗുണ്യവിപര്യയംകൊണ്ടും സിദ്ധം.

കാരികയുടെ അവസാനത്തെ 'ഏവ'ശബ്ദമുണ്ടല്ലോ; അതു ക്രമമനുസരിച്ചു് അന്വയിക്കേണ്ടതല്ല. ഭിന്നക്രമമാണ്. സിദ്ധം എന്നതിൻെറ പിന്നാലെ ഏവശബ്ദം അന്വയിച്ചുകൊള്ളണം, സിദ്ധമേവ എന്നു്. സിദ്ധംതന്നെ, അസിദ്ധമല്ല ഇങ്ങനെ അർത്ഥം, പുരുഷബഹുത്വം സിദ്ധംതന്നെ എന്നു താത്പര്യം.

പുരുഷബഹുത്വസിദ്ധിനിരൂപണം കഴിഞ്ഞു.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സാക്ഷിത്വസിദ്ധിനിരൂപണം

ഭാഷ്യം:—ഇപ്രകാരം പുരുഷബഹുത്വത്തെ പ്രതിപാദിച്ചിട്ട് വിവേകജ്ഞാനോപയോഗിതകൊണ്ട് അവന്റെ (പുരുഷന്റെ) ധർമ്മങ്ങളെ പറയുന്നു.

വിവരണം:—പുരുഷന്റെ അനേകത്വം പ്രതിപാദിച്ചുകഴിഞ്ഞു. എന്നിട്ടു പുരുഷൻ, സാക്ഷിത്വം ദ്രഷ്ടൃത്വം മുതലായ ധർമ്മങ്ങളുള്ളവനെന്നു സമർത്ഥിക്കാൻപോവുകയാണ്. പുരുഷധർമ്മങ്ങളായ സാക്ഷിത്വം ദ്രഷ്ടൃത്വം ആദിയായവ വിവേകജ്ഞാനത്തിനു പ്രയോജനപ്പെടുന്നു. അതുകൊണ്ടു് അവയുടെ സിദ്ധിവിചാരം ആവശ്യമാണ്.

കാരിക:—

തസ്മാച്ച വിപര്യാസാത്
സിദ്ധം സാക്ഷിത്വമസ്യ പുരുഷസ്യ
കൈവല്യം മാധ്യസ്ഥ്യം
ദ്രഷ്ടൃത്വമകർത്തൃഭാവാശ്ച. 19

അർത്ഥം:—ആ വിപര്യാസംകൊണ്ടു് ഈ പുരുഷന്റെ സാക്ഷിത്വവും കൈവല്യവും മാധ്യസ്ഥ്യവും ദ്രഷ്ടൃത്വവും അകർത്തൃഭാവവും സിദ്ധമാകുന്നു.

പതിനൊന്നാം കാരികയിൽ പുരുഷന്റേതായിപ്പറഞ്ഞ ത്രിഗുണാദിയുടെ വിപരീതത്വമുണ്ടല്ലോ; അത്രിഗുണത്വം, വിവേകിത്വം, അവിഷയത്വം, അസാധാരണത്വം, ചേതനത്വം, അപ്രസവധർമ്മിത്വം ഇതെല്ലാം. ആ വിപരീതത്വംകൊണ്ടു പുരുഷന്റെ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സാക്ഷിത്വവും കൈവല്യവും മാധ്യസ്ഥ്യവും ദ്രഷ്ടൃത്വവും കർത്തൃത്വമില്ലായ്മയും സിദ്ധമാണ്. അതെങ്ങനെയെന്നു ഭാഷ്യത്തിൽ വിശദമാക്കുന്നു.

ഭാഷ്യം:—"തസ്മാച്ച" എന്നതിലെ 'ച'ശബ്ദം പുരുഷൻെറ ബഹുത്വത്തോടുകൂടി ധർമ്മാന്തരങ്ങളേയും സമുച്ചയിക്കുന്നു.

വിവരണം:—തസ്മാത്, ച; ഇതിലെ ചകാരം പുരുഷൻെറ അനേകത്വത്തോടൊപ്പം സാക്ഷിത്വാദികളായ മററു ധർമ്മങ്ങളേയും സമുച്ചയിക്കുന്നതാണ്; കൂട്ടിച്ചേർക്കുന്നതാണ്. അവയെക്കൂടി മനസ്സിലാക്കാനുള്ളതെന്നു ചുരുക്കം.

ഭാഷ്യം:—ഈ (അസ്മാത്) വിപര്യാസംകൊണ്ട് എന്നു പറയുമ്പോൾ, ത്രൈഗുണ്യവിപര്യയംകൊണ്ടെന്ന് അനന്തരോക്തത്തെ സംബന്ധിക്കും; ആകയാൽ അതിനെ നിരസിക്കാൻ, അതുകൊണ്ട് (തസ്മാത്) എന്നു പറഞ്ഞു. അനന്തരോക്തം അടുപ്പം നിമിത്തം ഇദംശബ്ദത്തിൻെറ വിഷയമാണ്. തച്ഛബ്ദത്തിൻെറ വിഷയം വിപ്രകൃഷ്ട (അകന്നതു്) വും. എന്നതിനാൽ വിപ്രകൃഷ്ടമായ "ത്രിഗുണമവിവേകി" ഇത്യാദി സംബന്ധിക്കപ്പെടുന്നു. അതുകൊണ്ട് (തസ്മാത്)—ത്രിഗുണാദികൊണ്ട്—യാതൊരു വിപര്യാസ (വിപരീതം) മോ അതു്; പുരുഷൻെറ അത്രിഗുണത്വവും വിവേകിത്വവും അവിഷയത്വവും അസാധാരണത്വവും ചേതനത്വവും അപ്രസവധർമ്മിത്വവുമാണ്.

വിവരണം:—ഈ വിപരീതംകൊണ്ട് (വിപര്യയാദസ്മാത്) എന്നു പറയാതെ, ആ വിപരീതംകൊണ്ട് (തസ്മാദ്വിപര്യയാത്) എന്നു പറഞ്ഞതിൻെറ കാരണം വിശദമാക്കുന്നു. "അസ്മാത്" ഇദംശബ്ദവും, "തസ്മാത്" തച്ഛബ്ദവുമാണ്. രണ്ടും സർവ്വനാമമാണെങ്കിലും, ഇദംശബ്ദം അടുത്ത വിഷയത്തേയും തച്ഛബ്ദം അകന്ന വിഷയത്തേയും പരാമർശിക്കുന്നു. ഇവിടെ അസ്മാത് എന്നു പറയുമ്പോൾ അടുത്തു പറഞ്ഞുകഴിഞ്ഞ വിഷയത്തെയായിരിക്കും അതു പരാമർശിക്കുക. "ത്രൈഗുണ്യവിപര്യയാത്" എന്നാണടുത്തു പറഞ്ഞുകഴിഞ്ഞതു്. അതിനിവിടെ പ്രസക്തിയില്ലായ്കയാൽ 'തസ്മാത്' എന്നു ദൂരസ്ഥവിഷയപരാമർശകമായ തച്ഛബ്ദം പ്രയോഗിച്ചു. പതിനൊന്നാംകാരികയിലെ "ത്രിഗുണമവിവേകി" എന്നതിനെയാണു പ്രകൃതത്തിലെ തച്ഛബ്ദം പരാമർശിക്കുന്നതു്.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അപ്പോൾ, ആ ത്രിഗുണാദികൊണ്ടുള്ള വിപരീതംനിമിത്തം (തസ്മാത് ത്രിഗുണാദേഃ വിപര്യാസാത്) എന്നാകും. അതായതു്, ത്രിഗുണാദികൾക്കു വിപരീതമായ പുരുഷന്റെ അത്രിഗുണത്വം അവിവേകിത്വം അവിഷയത്വം അസാധാരണത്വം ചേതനത്വം അപ്രസവധർമ്മിത്വം ഇവ നിമിത്തം എന്നു താത്പര്യം. ഇപ്പറഞ്ഞ അത്രിഗുണാദികൾനിമിത്തം പുരുഷന്റെ സാക്ഷിത്വാദിധർമ്മങ്ങൾ സിദ്ധമാണത്രേ. അതിനെ വിവരിക്കുന്നു.

ഭാഷ്യം:—അതിൽ ചേതനത്വംകൊണ്ടും അവിഷയത്വംകൊണ്ടും സാക്ഷിത്വദ്രഷ്ടൃത്വങ്ങൾ ദർശിതങ്ങളാണു്. ചേതനം ദ്രഷ്ടാവാകുന്നു; അചേതനം ദ്രഷ്ടാവാകുന്നില്ല. ദർശിതവിഷയൻ സാക്ഷിയുമാകുന്നു. യാവനൊരുത്തനായ്ക്കൊണ്ടു വിഷയം പ്രദശിപ്പിക്കപ്പെടുന്നു, അവൻ സാക്ഷിയാണു്. ലോകത്തു വാദിപ്രതിവാദികൾ വിവാദവിഷയത്തെ സാക്ഷിക്കു കാണിക്കുന്നതു ദൃഷ്ടാന്തം. അപ്രകാരം പ്രകൃതിയും സ്വോപഗൃഹീതമായ വിഷയത്തെ പുരുഷനു കാട്ടുന്നു, എന്നതിനാൽ പുരുഷൻ സാക്ഷിയാകുന്നു. അചേതനമോ വിഷയമോ വിഷയത്തെ കാട്ടാൻ ശക്യമല്ല. ഇങ്ങനെ ചൈതന്യംനിമിത്തവും അവിഷയത്വംനിമിത്തവും സാക്ഷിയായി ഭവിക്കുന്നു; ഇതുകൊണ്ടുതന്നെ ദ്രഷ്ടാവായും ഭവിക്കുന്നു.

വിവരണം:—പുരുഷന്റെ സാക്ഷിത്വവും ദ്രഷ്ടൃത്വവും സമത്ഥിക്കുന്നു. മുമ്പുപറഞ്ഞ അത്രിഗുണാദികളുണ്ടല്ലോ; അവയിലെ ചേതനത്വവും അവിഷയത്വവുംകൊണ്ടു് പുരുഷൻ, സാക്ഷിയും ദ്രഷ്ടാവുമാണെന്നു് അനുമാനിക്കാം. സാക്ഷിയും ദ്രഷ്ടാവുമായിരിക്കാൻ ചേതനത്തിനേ കഴിയൂ; അചേതനത്തിനു കഴിയില്ല. പുരുഷൻ, ചേതനാരൂപമായതുകൊണ്ടു സാക്ഷിത്വവും ദ്രഷ്ടൃത്വവും സംഗതംതന്നെ. വിഷയത്തെ—വസ്തുവിനെ—കാണുന്നവനാണല്ലോ സാക്ഷി. വാദിപ്രതിവാദികൾ, വിവാദവിഷയം സാക്ഷിക്കു കാട്ടിക്കൊടുക്കുന്നതു ദൃഷ്ടാന്തം. അതുപോലെ, ബുദ്ധിരൂപമായി പരിണമിച്ചിരിക്കുന്ന പ്രകൃതിയും, സ്വാന്തവിഷയങ്ങളെ തന്നിൽ പ്രതിബിംബിതനായ പുരുഷനു കാട്ടിക്കൊടുക്കുന്നു. ബുദ്ധിയും വിഷയവും അചേതനമായതുകൊണ്ടു്, കാണാൻ കഴിവുള്ളവയല്ല. അതിനാൽ ചേതനാവാനായ പുരുഷൻ സാക്ഷിയെ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

നാ സിദ്ധം*. സാക്ഷിത്വമെന്നാ ദ്രഷ്ടാവ്. ദൃക്ശക്തിയും ജ്ഞാനവാചകമായതുകൊണ്ട് ദ്രഷ്ടാവെന്നാൽ ജ്ഞാതാവ്.x

ഭാഷ്യം:—അത്രൈഗുണ്യംകൊണ്ട്, ഇവൻെറ (പുരുഷൻെറ) കൈവല്യം സിദ്ധമാണ്. ആത്യന്തികമായ ദുഃഖത്രയാഭാവമാണ് കൈവല്യം. അത്, അവൻെറ സ്വാഭാവികമായ അത്രൈഗുണ്യത്തിൽനിന്ന്—സുഖദുഃഖമോഹരഹിതത്വത്തിൽനിന്ന് — സിദ്ധവുമാകുന്നു. ഇതേ അത്രൈഗുണ്യംകൊണ്ടുതന്നെ മാധ്യസ്ഥ്യവും സിദ്ധമാണ്. എന്തുകൊണ്ടെന്നാൽ, സുഖി സുഖംകൊണ്ടു തൃപ്തി അനുഭവിക്കുന്നു. ദുഃഖി ദുഃഖത്തെ ദ്വേഷിക്കുന്നു. മധ്യസ്ഥൻ ഒന്നും ചെയ്യുന്നില്ല. അതു രണ്ടുമില്ലാത്തവനാകട്ടെ മാധ്യസ്ഥനെന്നും ഉദാസീനനെന്നും പറയപ്പെടുന്നു.

വിവരണം:—അത്രൈഗുണ്യംകൊണ്ടു പുരുഷൻെറ കൈവല്യധർമ്മവും മാധ്യസ്ഥ്യധർമ്മവും സിദ്ധമാണല്ലോ. ത്രിഗുണത്വമില്ലായ്കയാണ്, അത്രൈഗുണ്യം. ത്രിഗുണത്വമില്ലാത്തതുകൊണ്ട് അതിൻെറ കാര്യമായ സുഖദുഃഖമോഹത്വവുമില്ല. പുരുഷൻെറ അത്രൈഗുണ്യം; സുഖദുഃഖമോഹരാഹിത്യം സ്വാഭാവികമാണ്. സുഖദുഃഖമോഹരാഹിത്യമെന്നാൽ ആത്യന്തികദുഃഖനിവൃത്തി. മററൊരു വാക്കിൽ, മൂന്നുവക ദുഃഖങ്ങളുടേയും പരമാഭാവം. അതുതന്നെ കൈവല്യം. ശുദ്ധകേവലത്വം. ഈ അത്രൈഗുണ്യംകൊണ്ടു പുരുഷൻെറ മാധ്യസ്ഥ്യവും വ്യക്തമാണ്. സുഖി, സുഖത്തെ ഇഷ്ടപ്പെടുന്നു. ദുഃഖി, ദുഃഖത്തെ വെറുക്കുന്നു. സുഖവും ദുഃഖവുമില്ലാത്തവൻ, ഇഷ്ടപ്പെടുന്നുമില്ല; വെറുക്കുന്നുമില്ല. അങ്ങനെയിരിക്കുന്നതാണു മാധ്യസ്ഥ്യം. പുരുഷനു ത്രൈഗുണ്യരാഹിത്യംനിമിത്തം സുഖദുഃഖങ്ങളില്ല. തന്മൂലം പുരുഷൻെറ മാധ്യസ്ഥ്യം സിദ്ധം. മധ്യസ്ഥനെ ഉദാസീനനെന്നും പറയും. എല്ലാം കൂട്ടിപ്പറയുമ്പോൾ, ശുദ്ധകേവലനും, മധ്യസ്ഥ(ഉദാസീ)നുമാണു പുരുഷൻ.

ഭാഷ്യം:—വിവേകിത്വവും അപ്രസവധർമ്മിത്വവുംകൊണ്ട് അകർത്താവെന്നു സിദ്ധമാകുന്നു.

---

* നാസാം വിലക്ഷണോ ജീവഃ
സാക്ഷിത്വേന വ്യവസ്ഥിതഃ (സാ - പ്ര—ഭാ.)

x ജ്ഞാനാധാരത്വം ദ്രഷ്ടൃത്വം, ജ്ഞാതൃത്വമിതി യാവത്.
(യോ—ഭാ)

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

വിവരണം:—പ്രകൃതിയെ വേർവിട്ടിരിക്കുന്നതു വിവേകിത്വം; ഒന്നിനേയും ജനിപ്പിക്കാത്തതു് അപ്രസവധർമ്മിത്വം; ഇതുരണ്ടുംനിമിത്തം പുരുഷന്റെ അകർത്തൃത്വം സിദ്ധമാണു്. ഒന്നും ചെയ്യാതിരിക്കുന്നതാണു് അകർത്തൃത്വം. കർത്താവല്ലാതിരിക്കുക.

ഭാഷ്യം:—പ്രമാണംകൊണ്ടു ചെയ്യേണ്ട കാര്യമറിഞ്ഞു ചേതനനായ ഞാൻ ചെയ്യാനിച്ഛയുള്ളവനായിട്ടു ചെയ്യുന്നു; എന്നിങ്ങനെ കൃതിചൈതന്യങ്ങളുടെ സമാനാധികരണത്വം അനുഭവസിദ്ധമാണു്. അതു്, ചേതനന്റെ അകർത്തൃത്വവും, (ബുദ്ധ്യാദികമായ) കർത്താവിന്റെ അചേതനത്വംനിമിത്തവും ഈ മതത്തിൽ യോജിക്കുന്നില്ല; എന്നതുകൊണ്ടു പറയുന്നു.

വിവരണം:—പുരുഷൻ, ദ്രഷ്ടാവാണെന്നും കർത്താവല്ലെന്നും പറഞ്ഞ ആ പക്ഷത്തിൽ വരാവുന്ന സംശയം വെളിവാക്കുന്നു. "സാധാരണഗതിയിൽ ചേതനനായ ഞാൻ, ചെയ്യേണ്ടകാര്യത്തെ അറിയുകയും അതിനെ ചെയ്യാനിച്ഛിക്കുകയും പിന്നെ ചെയ്യുകയുമാണു്; പ്രവർത്തിക്കയുമാണു്. ഈ അറിവും ഇച്ഛയും പ്രവൃത്തിയും ഞാൻ എന്ന കർത്താവിനെ ആശ്രയിച്ചിരിക്കുന്നു. അതായതു് അറിവിന്റെയും പ്രവൃത്തിയുടേയും സമാനാധികരണം—ഏകാശ്രയം—ഞാൻ എന്ന കർത്താവാണു്. എല്ലാക്കുമനുഭവസിദ്ധവുമാണിതു്. ആ, സമാനാധികരണത്വം, ചേതനനായ പുരുഷൻ ദ്രഷ്ടാ(ജ്ഞാതാ)വാണു കർത്താവല്ലെന്ന പക്ഷത്തിൽ യോജിക്കയില്ല. അചേതനമായ ബുദ്ധിയാണു് കർത്താവെന്നു പറയുന്നതും യോജിക്കയില്ല. അചേതനത്തിനു ചെയ്യേണ്ടതറിയാനും അറിവനുസരിച്ചു പ്രവർത്തിക്കാനും സാധ്യമല്ലാത്തതാണു കാരണം. ചേതനനായ കർത്താവിനെ ആശ്രയിച്ചുതന്നെ കർമ്മവുമുണ്ടാവുക അനുഭവസിദ്ധമായിരിക്കെ, അതിനു വിപരീതമായി ചേതനനായ പുരുഷൻ കർത്താവല്ലെന്നും അചേതനമായ ബുദ്ധി കർത്താവാണെന്നുമുള്ള അഭിപ്രായം എങ്ങനെ യോജിക്കുമെന്നു താത്പര്യം. ഈ സംശയം ഒഴിവാക്കാനായി പറയുന്നു.

കാരിക:—

തസ്മാത്തത്സംയോഗാ-
ദചേതനം ചേതനാവദിവ ലിംഗം
ഗുണകർത്തൃത്വേപി തഥാ
കർത്തേവ ഭവത്യുദാസീനഃ 20

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അർത്ഥം:—ലിംഗം, അചേതനമാണെങ്കിലും പുരുഷസംയോഗം നിമിത്തം ചേതനവത്തായി തോന്നുകയാണ്. അപ്രകാരം ഗുണകർത്തൃത്വത്തിലും ഉദാസീനനായ പുരുഷൻ കർത്താവെന്നപോലെ ഭവിക്കുന്നു.

ലിംഗമെന്നാൽ ബുദ്ധി മുതലായ സൂക്ഷ്മതത്ത്വം. അതു വാസ്തവത്തിൽ അചേതനമാണ്. എന്നാലും ചേതനനായ പുരുഷന്റെ സാമീപ്യത്തിൽ ബുദ്ധി, ചേതനവത്തായി തോന്നുന്നു. ഗുണങ്ങളുടെ കർത്തൃത്വത്തിൽ, കർത്താവല്ലാത്ത ഉദാസീനനായ പുരുഷനെ കർത്താവായും തോന്നുകയാണ്. ബുദ്ധിയുടെ ചേതനത്വവും, പുരുഷന്റെ കർത്തൃത്വവും ഭ്രമജന്യമെന്നു ചുരുക്കം.

ഭാഷ്യം:—യാതൊന്നുകൊണ്ട് ചൈതന്യകർത്തൃത്വങ്ങൾ ഭിന്നാധികരണങ്ങളെന്നു യുക്തിനിമിത്തം സിദ്ധങ്ങളാകുന്നു, അതുകൊണ്ട് ഇതു് (ഏകാശ്രയബുദ്ധി) ഭ്രാന്തിയെന്ന് അർത്ഥം. ഭ്രാന്തികാരണം, അതിന്റെ സംയോഗം; (പുരുഷന്റെ) സാമീപ്യമാണ്. ലിംഗമെന്നാൽ മഹദാദിസൂക്ഷ്മപര്യന്തത്തെ പറയണം. ശേഷം സ്പഷ്ടാർത്ഥം.

വിവരണം:—ഏകാശ്രയമായിരിക്കേണ്ട ചൈതന്യവും കർത്തൃത്വവും ഭിന്നാശ്രയമായതിനെക്കുറിച്ചാണല്ലോ സംശയമുന്നയിച്ചതു്. അതു് ഭ്രമംകൊണ്ട്—തെററായ ധാരണകൊണ്ട്—തോന്നുന്നതാണെന്നു സമാധാനം. ചൈതന്യകർത്തൃത്വങ്ങൾ ഏകാധികരണമായിത്തോന്നുന്നതു് തെററായ ധാരണനിമിത്തമാണ്. സത്യത്തിൽ ഭിന്നാധികരണമാണ് ചൈതന്യവും കർത്തൃത്വവും. എങ്ങനെയെന്നോ? ചൈതന്യം, പ്രകാശകത്വം. അതു പുരുഷധർമ്മം. കർത്തൃത്വം, ബുദ്ധിധർമ്മം. ത്രിഗുണപരിണാമിത്വംകൊണ്ട് ബുദ്ധിക്ക് കർത്തൃത്വമുണ്ട്. അചേതനമായ ബുദ്ധി, ഗുണപരിണാമമായതുകൊണ്ട് ക്രിയാശേഷിയുള്ളതായിത്തീരുന്നു; ബുദ്ധിയിലൂടെ ഗുണങ്ങൾ പ്രവർത്തിക്കുന്നു. "ത്രിഗുണകർത്തൃത്വ"മെന്നു കാരികയിൽ പറഞ്ഞതിവിടെ ഓർക്കണം. ചേതനനായ പുരുഷന്റെ സാമീപ്യംനിമിത്തം അചേതനമായ ബുദ്ധി, ചേതനവത്തായി തോന്നുകയാണ്. അടുപ്പംകൊണ്ട് ബുദ്ധിയിൽ പ്രതിഫലിക്കുന്ന പുരുഷചൈതന്യത്തെ അഭേദപ്രതീതിനിമിത്തം, ബുദ്ധിയുടേതെന്നു തെററായി ധരിക്കുകയാണ്. തന്മൂലം ചൈതന്യകർത്തൃത്വങ്ങൾ ഏകാധികരണമായിത്തോന്നുകയും. ചൈതന്യം

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പുരുഷധർമ്മവും കർത്തൃത്വം ബുദ്ധിധർമ്മവുമാണു സത്യത്തിൽ. അങ്ങനെ ചൈതന്യകർത്തൃത്വങ്ങൾ ഭിന്നാശ്രയങ്ങളാണ്. ഭ്രമം നിമിത്തം രണ്ടും ഏകാശ്രയമായിത്തോന്നിപ്പോവുകമാത്രം. ഇത്രയും പറഞ്ഞതിൽനിന്ന് പ്രകൃതിപുരുഷന്മാരുടെ "സംയോഗ"* സ്വഭാവംകൂടി മനസ്സിലാക്കണം; പുരുഷന്റെ സാമീപ്യത്തിൽ (സംയോഗം) പ്രകൃതി (പ്രധാനം) മഹത്തത്ത്വാദിരൂപമായി പരിണമിക്കുന്നു എന്നു സ്വഭാവം

പ്രകൃതിയുടെ പരിണാമഹേതുകമായ പുരുഷസ്വഭാവമുണ്ടല്ലൊ; അതിനെക്കുറിച്ചു പറയുന്നു.

ഭാഷ്യം:—"തത്സംയോഗാത്" എന്നു പറഞ്ഞു; പ്രകൃതിപുരുഷന്മാരുടെ സംയോഗം ആവശ്യം (അപേക്ഷ) കൂടാതെ ഭവിക്കുന്നില്ല. ഉപകാര്യോപകാരകഭാവം കൂടാതെ ആവശ്യവും ഭവിക്കുന്നില്ല. എന്നതിനാൽ ആവശ്യകാരണമായ ഉപകാരത്തെപ്പറയുന്നു

വിവരണം:—പ്രകൃതിയുടെ പുരുഷസാമീപ്യം ആവശ്യംകൂടാത്തതല്ല. ഉപകരിക്കയും ഉപകരിക്കപ്പെടുകയും ചെയ്യുന്നതിന്റെ അടിസ്ഥാനത്തിലുള്ളതാണ് ആ ആവശ്യം. അപ്പോൾ, ഉപകാര്യവും ഉപകാരകവും, ആവശ്യത്തിന്റെ കാരണമെന്നു വ്യക്തം. അതിനെ വിശദമാക്കുകയാണ്; ഏതു് ഏതിന് ഉപകരിക്കുന്നു; ഏതു് ഉപകരിക്കപ്പെടുന്നു എന്നു്.

കാരിക:—

പുരുഷസ്യ ദർശനാർത്ഥം
കൈവല്യാർത്ഥം തഥാ പ്രധാനസ്യ
പംഗ്വന്ധവദുഭയോരപി
സംയോഗസ്തത്കൃതഃ സർഗ്ഗഃ 21

അർത്ഥം:—പ്രധാനത്തിന്റെ ദർശനത്തിനുവേണ്ടിയും അപ്രകാരം പുരുഷന്റെ കൈവല്യത്തിനുവേണ്ടിയും രണ്ടുപേർക്കും, മുടന്തനും കുരുടനുമെന്നപോലെ, സംയോഗമുണ്ടാകുന്നു. അതിനാലുണ്ടാക്കപ്പെടുന്നതാണു സൃഷ്ടി.

പ്രകൃതി (പ്രധാനം) സ്വന്തം സുഖദുഃഖാദികളെ അനുഭവവിഷയമാക്കാൻവേണ്ടി—ഭോഗത്തിനുവേണ്ടി—യാണു പുരുഷസാമീ

* ഉപരാഗാത്കർത്തൃത്വം ചിത്സന്നിധാനാത്. (സാം—സൂ)

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പ്യം ആവശ്യപ്പെടുന്നതു്. പ്രകൃതി—അനുഭവവിഷയമാകുന്ന സുഖാദിരൂപമായ ഭോഗത്തിനു പുരുഷൻ ഭോക്താവായുപകരിക്കുന്നു. ഇവിടെ പുരുഷൻ ഉപകാരകനും പ്രകൃതി ഉപകാര്യയും. പുരുഷൻ, പ്രകൃതിസാമീപ്യം ആവശ്യപ്പെടുന്നതു കൈവല്യത്തിനു വേണ്ടിയാണു്. സ്വന്തമായ പരിണാമവൃത്തികൊണ്ടു്, പ്രകൃതി പുരുഷകൈവല്യത്തിനു് ഉപകരിക്കുന്നു. അപ്പോൾ പ്രകൃതി ഉപകാരികയും പുരുഷൻ ഉപകാര്യനും. സംഗതമായ ആവശ്യത്തിന്റെ അടിസ്ഥാനത്തിലുള്ള പ്രകൃതിപുരുഷന്മാരുടെ അന്യോന്യോപകാരകത്വം പംഗ്വന്ധന്മാരുടേ(മുടന്തനും കുരുടനും)തുപോലെയാണു്. അതേ സംഗത്തിൽനിന്നാണു പ്രപഞ്ചസൃഷ്ടി ഉണ്ടാകുന്നതു്.

ഭാഷ്യം:—പ്രധാനസ്യ, എന്നതു കർമ്മണിഷഷ്ഠിയാണു്. സർവ്വകാരണമായ പ്രധാനത്തിന്റെ യാതൊരു ദർശനം പുരുഷനാൽ ഭവിക്കപ്പെടണമോ അതിനുവേണ്ടി; ഇതുകൊണ്ടു പ്രധാനത്തിന്റെ ഭോഗത്വം ദർശിതമായി. അതിൽനിന്നു്, ഭോക്താവിനെക്കൂടാതെ പ്രധാനമായ ഭോഗ്യം സംഭവിക്കുന്നില്ല എന്നതിനാൽ ഇതിന്റെ ഭോക്ത്രപേക്ഷ യുക്തമാകുന്നു.

വിവരണം:—കർമ്മത്തിൽ ഷഷ്ഠി പ്രയോഗിച്ചിരിക്കുന്നതിനാൽ ഇവിടെ ദർശനമെന്നു കർമ്മം കൂട്ടിച്ചേർക്കണം. അപ്പോൾ കിട്ടുന്ന അർത്ഥമിതാണു്. "പ്രധാനം സർവ്വകാരണമാകുന്നു; അതു പുരുഷസാമീപ്യം ആവശ്യപ്പെടുന്നതെന്തിനെന്നോ? സുഖദുഃഖാദിരൂപമാണു പ്രധാനം. പുരുഷസാമീപ്യം കൂടാതെ സ്വന്തമായ സുഖദുഃഖാദികളുടെ അനുഭവം (ഭോഗം) പ്രധാനത്തിനു സാധ്യമല്ല. അതു സാധിക്കാൻവേണ്ടിയാണു പ്രധാനം, പുരുഷസാമീപ്യം ആവശ്യപ്പെടുന്നതു്. പ്രകൃതത്തിലെ ദർശനശബ്ദം പുരുഷസാമീപ്യത്തെ ലക്ഷ്യമാക്കുന്നു. ഇപ്പോൾ, പ്രധാനത്തിന്റെ ഭോഗവിധേയത്വം വ്യക്തമായി. ഭോക്താവിനെക്കൂടാതെ ഭോഗ്യമില്ല. അതിനാൽ ഭോഗ്യമായ പ്രധാനം, ഭോക്താവായ പുരുഷന്റെ സാമീപ്യം (ദർശനം) ആവശ്യപ്പെടുന്നതു യുക്തമായിരിക്കുന്നു. പ്രധാനം ഭോഗ്യം. പുരുഷൻ ഭോക്താവു്. സുഖാദികളുടെ അനുഭവം ഭോഗം. പ്രധാനം (പ്രകൃതി) പുരുഷനെ ആശ്രയിക്കുന്നതിന്റെ പ്രയോജനം പറഞ്ഞു.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഭാഷ്യം: —പുരുഷന്റെ ആവശ്യത്തെ കാണിക്കുന്നു; "പുരുഷസ്യ കൈവല്യാർത്ഥം" എന്നു്. എങ്ങനെയെന്നാൽ, പ്രധാനത്തോടു സംഭിന്നനായ പുരുഷൻ, അതിലെ ദുഃഖത്രയത്തെ തന്നിൽ അഭിമാനിക്കുന്നവനായി കൈവല്യത്തെ ആവശ്യപ്പെടുന്നു. അതാകട്ടെ പ്രധാനപുരുഷന്മാരിൽനിന്നന്യപ്രകാരമായ ജ്ഞാനം കാരണമായിട്ടുള്ളതാണു്. പ്രധാനപുരുഷന്മാരിൽനിന്നന്യപ്രകാരമായ ജ്ഞാനം പ്രധാനത്തെ (ബുദ്ധി)ക്കൂടാതെ ഭവിക്കയില്ല; എന്നതുകൊണ്ടു പുരുഷൻ കൈവല്യത്തിനുവേണ്ടി പ്രധാനത്തെ ആവശ്യപ്പെടുന്നു. സംയോഗപരമ്പരയുടെ അനാദിത്വംനിമിത്തം, (പുരുഷൻ) ഭോഗത്തിനായിക്കൊണ്ടു സംയുക്തനാണെങ്കിലും കൈവല്യത്തിനായിക്കൊണ്ടു വീണ്ടും സംയോജിക്കുന്നു എന്നതു യുക്തം തന്നെ.

വിവരണം: —പ്രധാനത്തിന്റെ സംയോഗം—സാമീപ്യം—പുരുഷൻ ആവശ്യപ്പെടുന്നതെന്തിനെന്നു പറയുന്നു. കൈവല്യത്തിനു – ദുഃഖമോചനത്തിനു —വേണ്ടിയാണു്, പുരുഷൻ പ്രധാനത്തിന്റെ സംയോഗം ആവശ്യപ്പെടുന്നതു്. അതെങ്ങനെയെന്നു പറയാം പ്രധാനത്തിൽനിന്നു തുലോം വ്യത്യസ്തനാണു പുരുഷൻ. എന്നാലും അത്യന്തസാമീപ്യംനിമിത്തം പ്രധാനത്തിലെ മൂന്നുവക ദുഃഖ (ദുഃഖത്രയ)ങ്ങളും അഭേദബുദ്ധികൊണ്ടു തനിക്കുള്ളതായി പുരുഷൻ അഭിമാനിക്കുന്നു. എന്നിട്ടു് ആ ദുഃഖത്രയത്തിൽനിന്നു മോചനം നേടേണ്ടതു പുരുഷന്റെ ആവശ്യമാണു്. ദുഃഖത്രയമോചനമാണു് കൈവല്യം. അതേ കൈവല്യത്തിനുവേണ്ടി പുരുഷൻ പ്രധാനത്തിന്റെ സംയോഗം ആവശ്യപ്പെടുന്നു. വിവേകജ്ഞാനമാണു കൈവല്യത്തിന്റെ—ദുഃഖനിവൃത്തിയുടെ —കാരണം. പ്രധാനപുരുഷന്മാരിൽനിന്നു വേറിട്ടതാണു വിവേകജ്ഞാനം. അതു ബുദ്ധിയെ ആശ്രയിച്ചിരിക്കുന്നു. പ്രധാനത്തിന്റെ പരിണാമമാണു ബുദ്ധിതത്ത്വം. ആകയാൽ ബുദ്ധിതത്ത്വാത്മകമായ പ്രധാനത്തെ, പുരുഷൻ കൈവല്യത്തിനുവേണ്ടി —ദുഃഖത്രയമോചനത്തിനുവേണ്ടി— ആശ്രയിക്കുന്നു പ്രധാനപുരുഷന്മാരുടെ ഈദൃശമായ സംയോഗം അനാദിയാണു്; പണ്ടേയുള്ളതാണു്. ആ നിലയിൽ പുരുഷൻ, ഭോഗത്തിനായി പ്രധാനത്തോടു സംയോജിക്കുകയാണെങ്കിലും, പിന്നെ കൈവല്യത്തിനു സംയോജിക്കുന്നു എന്നതു യുക്തമാണു്. ഭോഗവും അപവർഗ്ഗ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

(കൈവല്യം)വുമാണ പ്രധാനസംയോഗത്തിൽനിന്നുള്ള പുരുഷപ്രയോജനം.

പുരുഷനു ദർശനശക്തിയുണ്ടു്, ക്രിയാശക്തിയില്ല. പ്രധാനത്തിനു ക്രിയാശക്തിയുണ്ടു്, ദർശനശക്തിയില്ല. ദർശനശക്തിയുള്ള പുരുഷന്റേയും ക്രിയാശക്തിയുള്ള പ്രധാനത്തിന്റേയും സംയോഗത്തെക്കുറിച്ചാണല്ലോ മേൽപറഞ്ഞതു്. അതു്, മുടന്തന്റേയും കുരുടന്റേയും കൂട്ടുകെട്ടുപോലെയെന്നു ദൃഷ്ടാന്തം പറഞ്ഞിട്ടുണ്ടു് (പംഗ്വന്ധവത്). ഒരു മുടന്തനും കുരുടനും തമ്മിൽ യാത്രയ്ക്കു കൂട്ടുകൂടി. മുടന്തനു കണ്ണുകാണാം; നടക്കാൻവയ്യ. കുരുടനു നടക്കാം; കാണാൻവയ്യാ. അതിനവർ യോജിച്ചു. കുരുടന്റെമേൽ മുടന്തൻ കയറിയിരുന്നു യാത്രയായി. അതുപോലെ ദർശനശേഷിയുള്ള പുരുഷനും, ക്രിയാശേഷിയുള്ള പ്രധാനവും, അന്യോന്യോപകാരകരൂപമായ സംയോഗത്തെ ആശ്രയിക്കുന്നു.

ഭാഷ്യം:—ഇവക്കു് — പ്രധാനപുരുഷന്മാക്കു് — സംയോഗമുണ്ടാകട്ടെ; മഹദാദിസംസർഗ്ഗമാകട്ടെ എങ്ങനെയുള്ളതു്? എന്നതിനാൽ പറയുന്നു. "തത്കൃതഃ സർഗ്ഗഃ" എന്നു്. സംയോഗം, മഹദാദിസർഗ്ഗത്തെക്കൂടാതെ ഭോഗത്തിനായിക്കൊണ്ടും കൈവല്യത്തിനായിക്കൊണ്ടും പര്യാപ്തമല്ല; എന്നതുകൊണ്ടു സംയോഗംതന്നെ ഭോഗാപവർഗ്ഗത്തിനുവേണ്ടി സർഗ്ഗത്തെ ചെയ്യുന്നു എന്നാർത്ഥം.

വിവരണം:—പ്രകൃതിപുരുഷന്മാരുടെ സംയോഗംകൊണ്ടെന്തു സംഭവിക്കുമെന്നോ? മഹത്തത്ത്വം, അഹങ്കാരം, തന്മാത്രകൾ, മഹാഭൂതങ്ങൾ എന്നീ പ്രപഞ്ചസൃഷ്ടി മുഴുവൻ ആ സംയോഗം നിമിത്തമാണു് സംഭവിക്കുന്നതു്. സൃഷ്ടികൂടാതെ, സംയോഗം ഭോഗാപവർഗ്ഗങ്ങൾക്കു മതിയാകയുമില്ല. സുഖദുഃഖാദികളുടെ അനുഭവം ഭോഗം. ദുഃഖങ്ങളുടെ ആത്യന്തികനിവൃത്തി അപവർഗ്ഗം; മോക്ഷം; (കൈവല്യം). സംയോഗത്തിൽനിന്നു സൃഷ്ടിയും സൃഷ്ടിനിമിത്തം ഭോഗവും തന്മൂലം അപവർഗ്ഗവും സിദ്ധമാകുന്നു. അതിനാൽ പ്രകൃതിപുരുഷന്മാരുടെ സംയോഗം ഭോഗാപവർഗ്ഗങ്ങൾക്കുവേണ്ടി സൃഷ്ടികാര്യം നടത്തുകയാണെന്നു താത്പര്യം.

സാക്ഷിത്വസിദ്ധിയുടേയും സംയോഗസിദ്ധിയുടേയും
നിരൂപണം കഴിഞ്ഞു.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സർഗ്ഗക്രമനിരൂപണം

കാരിക.—

> പ്രകൃതേർമഹാംസ്തതോഽഹം-
> കാരസ്തസ്മാദ് ഗണശ്ച ഷോഡശകഃ
> തസ്മാദപി ഷോഡശകാത്-
> പഞ്ചഭ്യ പഞ്ചഭൂതാനി. ൨൨

അർത്ഥം:—പ്രകൃതിയിൽനിന്ന് മഹത്തത്വവും അതിൽനിന്ന് അഹംകാരവും, അതിൽനിന്ന ഷോഡശകമായ ഗണവും ആ ഷോഡശഗണത്തിലെ അഞ്ചിൽനിന്ന പഞ്ചഭൂതങ്ങളുമുണ്ടാകുന്നു.

പ്രകൃതിയുടെ ആദ്യപരിണാമം ബുദ്ധിതത്വമാണ്. ബുദ്ധിതത്വത്തിന്റെ പരിണാമം അഹങ്കാരം. ഏകാദശേന്ദ്രിയങ്ങൾ തന്മാത്രകൾ അങ്ങനെ പതിനാറെണ്ണമായി അഹങ്കാരം പരിണമിക്കുന്നു. അഞ്ചു ജ്ഞാനേന്ദ്രിയങ്ങൾ, അഞ്ചു കർമ്മേന്ദ്രിയങ്ങൾ, മനസ്സ്, എല്ലാംകൂടിയതു് ഏകാദശേന്ദ്രിയങ്ങൾ. തന്മാത്രകൾ അഞ്ചു്. ഇത്രയുംകൂടിയതാണ് ഷോഡശഗണം; പതിനാറെണ്ണം. ആ പതിനാറെണ്ണത്തിലെ അഞ്ചു തന്മാത്രകളാണല്ലോ; അവയുടെ പരിണാമമാണ് ആകാശാദി പഞ്ചമഹാഭൂതങ്ങൾ.

ഭാഷ്യം:—പ്രകൃതിയെന്നാൽ അവ്യക്തം. മഹദഹങ്കാരങ്ങൾ പറയാനിരിക്കുന്നവയാണ്. ഏകാദശേന്ദ്രിയങ്ങളും അഞ്ചു തന്മാത്രകളും പറയാനിരിക്കുന്നവയാകുന്നു. ഇതു്, ഷോഡശസംഖ്യാപരിമിതമായ ഗണമാകയാൽ ഷോഡശകം ആ ഷോഡശകത്തിൽനിന്ന് അപകൃഷ്ടമായ അഞ്ചു തന്മാത്രകളിൽനിന്ന് ആകാശാദികളായ പഞ്ചഭൂതങ്ങൾ. ഇങ്ങനെ സർഗ്ഗക്രമം.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

വിവരണം:—സർഗ്ഗമെന്നാൽ സൃഷ്ടി. പ്രപഞ്ചസൃഷ്ടിയുടെ ക്രമം പറയുന്നു. പ്രകൃതിയിൽനിന്നു ബുദ്ധിതത്ത്വവും ബുദ്ധിതത്ത്വത്തിൽനിന്ന് അഹങ്കാരവുമുണ്ടാകുന്നു. ബുദ്ധിതത്ത്വത്തേയും അഹങ്കാരത്തേയുംകുറിച്ച് അടുത്തുതന്നെ പറയും. അഹങ്കാരത്തിൽനിന്നുണ്ടാകുന്നവയാണ്, ഏകാദശേന്ദ്രിയങ്ങളും അഞ്ചു തന്മാത്രകളും മനസ്സും. അവയെ സംബന്ധിച്ചും അടുത്തു പറയും. ഏകാദശേന്ദ്രിയങ്ങളും മനസ്സും തന്മാത്രകളുമുൾപ്പെടെ പതിനാറുകൂട്ടമുള്ളതുകൊണ്ട് അവയെ ഷോഡശകമെന്നു പറഞ്ഞു. ഈ പതിനാറെണ്ണത്തിലുമുൾപ്പെട്ട തന്മാത്രകളുണ്ടല്ലോ; അഞ്ചു തന്മാത്രകൾ. അവയിൽനിന്നാണ് ആകാശം മുതലായ പഞ്ചമഹാഭൂതങ്ങളുണ്ടാകുന്നത്. ഷോഡശഗണത്തെ ഷോഡശവികാരങ്ങളെന്നും പറയും (പതിനാറു വികാരങ്ങൾ).

ഭാഷ്യം:—അതിൽ, അഞ്ചു തന്മാത്രത്തിൽനിന്നു ശബ്ദഗുണമായ ആകാശവും, ശബ്ദതന്മാത്രത്തോടുകൂടിയ സ്പർശതന്മാത്രത്തിൽനിന്ന് ശബ്ദസ്പർശഗുണമായ വായുവും, ശബ്ദസ്പർശതന്മാത്രത്തോടുകൂടിയ രൂപതന്മാത്രത്തിൽനിന്നു ശബ്ദസ്പർശരൂപഗുണമായ തേജസ്സും (അഗ്നി), ശബ്ദസ്പർശരൂപതന്മാത്രത്തോടുകൂടിയ രസതന്മാത്രത്തിൽനിന്ന് ശബ്ദസ്പർശരൂപരസഗുണമായ അപ്പും (വെള്ളം) ശബ്ദസ്പർശരൂപരസതന്മാത്രത്തോടുകൂടിയ ഗന്ധമാത്രത്തിൽനിന്നു ശബ്ദസ്പർശരൂപരസഗന്ധഗുണമായ പൃഥിവി(ഭൂമി)യും ഉണ്ടാകുന്നു.

വിവരണം:—പഞ്ചതന്മാത്രകളിൽനിന്ന് ആകാശാദിപഞ്ചമഹാഭൂതങ്ങളുണ്ടാകുന്നതായി പറഞ്ഞല്ലോ. ആകാശം, വായു, അഗ്നി, വെള്ളം, ഭൂമി ഇത്രയുമാണു മഹാഭൂതങ്ങൾ. ആകാശാദി മഹാഭൂതങ്ങളുടെ സൂക്ഷ്മാംശങ്ങളാണു തന്മാത്രകൾ. മറ്റൊരുവിധം പറഞ്ഞാൽ, തന്മാത്രകൾ സൂക്ഷ്മകാരണങ്ങളും ആകാശാദികൾ അവയുടെ സ്ഥൂലകാര്യങ്ങളും. ശബ്ദം, സ്പർശം, രൂപം, രസം, ഗന്ധം ഇങ്ങനെ അഞ്ചു തന്മാത്രകൾ. ഇവയിൽ ഏതേതിൽനിന്ന് ഏതേതു സ്ഥൂലഭൂതമുണ്ടാകുന്നു എന്നു പറയുന്നു. ശബ്ദതന്മാത്രയിൽനിന്നാണ് ആകാശമുണ്ടാകുന്നത്. ആകാശത്തിന്റെ ഗുണം (വിഷയം) ശബ്ദം. അതായത് ശബ്ദത്തിന്റെ പരിണാമം ആകാശം. അതിന്റെ വിഷയം ശബ്ദം. ശബ്ദത്തോടുകൂടിയതാണു സ്പർശതന്മാത്ര; അതിൽനിന്നു വായുവുണ്ടാകുന്നു. ശബ്ദസ്പർശങ്ങളുടെ പരിണാമം വായു. അതിന്റെ ഗുണങ്ങൾ (വിഷയം) ശബ്ദ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

വും സ്പർശവും. ശബ്ദസ്പർശാത്മകമാണു രൂപതന്മാത്ര. അതിൽനിന്നു് അഗ്നി(തേജസ്സ്)യുണ്ടാകുന്നു. ശബ്ദസ്പർശാത്മകമായ രൂപതന്മാത്രയുടെ പരിണാമം അഗ്നി. ശബ്ദവും സ്പർശവും രൂപവും അഗ്നിയുടെ ഗുണങ്ങൾ (വിഷയം). ശബ്ദസ്പർശരൂപാത്മകമായ രസതന്മാത്രയിൽനിന്നു വെള്ളമുണ്ടാകുന്നു. വെള്ളം, ശബ്ദസ്പർശരൂപാത്മകമായ രസതന്മാത്രയുടെ പരിണാമമാണു്. ശബ്ദവും സ്പർശവും രൂപവും രസവും വെള്ളത്തിന്റെ ഗുണങ്ങൾ (വിഷയങ്ങൾ). ശബ്ദസ്പർശരൂപരസാത്മകമാണു ഗന്ധതന്മാത്ര. അതിൽനിന്നു പൃഥിവി (ഭൂമി) ഉണ്ടാകുന്നു. ശബ്ദസ്പർശരൂപരസാത്മകമായ ഗന്ധതന്മാത്രയുടെ പരിണാമം പൃഥിവി. ശബ്ദവും സ്പർശവും രൂപവും രസവും ഗന്ധവും അതിന്റെ ഗുണങ്ങൾ (വിഷയങ്ങൾ). അതിസൂക്ഷ്മമായ ശബ്ദാദിതന്മാത്രകളോരോന്നും അനുക്രമം കൂടിച്ചേർന്നു് സ്ഥൂലരൂപമെടുക്കുന്നതനുസരിച്ചുണ്ടാകുന്ന പരിണാമഭേദങ്ങളാണു ആകാശംമുതൽ ഭൂമിവരെയുള്ള പഞ്ചമഹാഭൂതങ്ങൾ. അവയുടെ ഉത്പത്തിക്രമം കുറേക്കൂടി വ്യക്തമായിങ്ങനെ പറയാം. ശബ്ദപരിണാമം ആകാശം. ആകാശപരിണാമം വായു. വായുപരിണാമം തേജസ്സ് (അഗ്നി). തേജഃപരിണാമം ജലം. ജലപരിണാമം ഭൂമി. താമസാഹങ്കാരത്തിന്റെ പരിണാമമാണു ശബ്ദാദിതന്മാത്രകൾ.

സർഗ്ഗക്രമനിരൂപണം കഴിഞ്ഞു.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ബുദ്ധിതത്ത്വനിരൂപണം

ഭാഷ്യം:—അവ്യക്തം, "തദ്വിപരീതം" (11-ാംകാരിക) എന്നതുകൊണ്ടു സാമാന്യമായും, "സത്ത്വം ലഘുപ്രകാശകം" (13-ാംകാരിക) എന്നതുകൊണ്ടു വിശേഷമായും ലക്ഷിതമായി. വ്യക്തവും, "ഹേതുമത്" (10-ാംകാരിക) എന്നതുകൊണ്ടു ലക്ഷിതമായി. ഇപ്പോൾ വിവേകജ്ഞാനോപയോഗിത്വംകൊണ്ടു വ്യക്തവിശേഷമായ ബുദ്ധിയെ ലക്ഷ്യമാക്കുന്നു.

വിവരണം:—അവ്യക്തത്തിൻെറ—പ്രധാനത്തിൻെറ—സാമാന്യവും വിശേഷവുമായ ലക്ഷണങ്ങൾ പറഞ്ഞുകഴിഞ്ഞു. പതിനൊന്നാംകാരികയിലെ "തദ്വിപരീതം" അവ്യക്തത്തിൻെറ സാമാന്യലക്ഷണവും, പതിമൂന്നാംകാരികയിലെ "സത്ത്വം ലഘുപ്രകാശകം" വിശേഷലക്ഷണവുമാണ്. അവ്യക്തത്തിൻെറ പരിണാമമാണല്ലോ വ്യക്തം. അതിൻെറ സാമാന്യലക്ഷണം "ഹേതുമത്" എന്ന പത്താംകാരികയിലും പറഞ്ഞിട്ടുണ്ടു്. ബുദ്ധി, അഹംകാരം മുതലായ അനേകം പരിണാമങ്ങളുൾപ്പെട്ടതാണു വ്യക്തം. കൂട്ടത്തിൽ ബുദ്ധി, വിവേകജ്ഞാനത്തിന്, പ്രകൃതിപുരുഷന്മാരെ തിരിച്ചറിയുന്നതിന്, പ്രയോജനപ്പെടുന്നു. അതിനാൽ വ്യക്തവിശേഷമാണു ബുദ്ധി. അങ്ങനെയുള്ള ബുദ്ധിതത്ത്വത്തിൻെറ ലക്ഷണവിചാരംചെയ്യുന്നു.

കാരിക:—

അധ്യവസായോ ബുദ്ധി-
ർധർമ്മോ ജ്ഞാനം വിരാഗമൈശ്വര്യം
സാത്ത്വികമേതദ്രൂപം
താമസമസ്മാദ്വിപര്യസ്തം.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അത്ഥം:—അധ്യവസായമാണു ബുദ്ധിയുടെ ലക്ഷണം. ധമ്മവും ജ്ഞാനവും വിരാഗവും ഐശ്വര്യവും ബുദ്ധിയുടെ സാത്ത്വികരൂപം. അതിൻെറയെല്ലാം വിപരീതം ബുദ്ധിയുടെ താമസരൂപമാണു്.

അധ്യവസായമെന്നാൽ; തീരുമാനം. അതാണു ബുദ്ധിയുടെ ലക്ഷണം. സാത്ത്വികരൂപമെന്നും താമസരൂപമെന്നും ബുദ്ധി രണ്ടുവിധം. ധമ്മം, ജ്ഞാനം, നാലുതരം വൈരാഗ്യം, എട്ടുതരം ഐശ്വര്യം, ഇത്രയും സാത്ത്വികബുദ്ധിയുടെ ധമ്മങ്ങളാണു്. അവയ്ക്കു വിപരീതമായ അധമ്മവും അജ്ഞാനവും അവൈരാഗ്യവും അനൈശ്വര്യവും താമസബുദ്ധിയുടെ ധമ്മങ്ങളും. ധമ്മത്തിനിവിടെ സ്വഭാവമെന്നത്ഥം.

ഭാഷ്യം:—ക്രിയാക്രിയാവത്തുക്കളുടെ അഭേദവിവക്ഷകൊണ്ടു "അധ്യവസായോ ബുദ്ധിഃ" സംഗതമാകുന്നു. സകലവ്യവഹത്താവും ആലോചിച്ചു മനനംചെയ്തു ഞാനിതിൽ അധികാരിയെന്നഭിമാനിച്ചു് ഇതു കത്തവ്യമെന്നു് അധ്യവസായംചെയ്യുന്നു. അനന്തരം പ്രവത്തിക്കയുംചെയ്യുന്ന എന്നതു ലോകപ്രസിദ്ധമാണു്. അതിൽ യാതൊന്നായ ഇതു കത്തവ്യമെന്നു വിനിശ്ചയമായി ഭവിക്കുന്നു; അതു് ചിതിസന്നിധാനംനിമിത്തം ആപന്നചൈതന്യമായ ബുദ്ധിയുടെ അധ്യവസായമാണു്. ബുദ്ധിയുടെ സാധാരണമായ വ്യാപാരവുമാണതു്. തദഭേദമാണു ബുദ്ധി. അതു് സമാനാസമാനജാതീയവ്യവച്ഛേദകത്വംനിമിത്തം ബുദ്ധിയുടെ ലക്ഷണവുമാകുന്നു.

വിവരണം:—അധ്യവസായത്തിനു്; നിശ്ചയം, അഥവാ തീരുമാനമെന്നത്ഥം. ഏതു കാര്യവും തീരുമാനപ്പെടുത്തുന്നതു ബുദ്ധിയാണു്. അതുകൊണ്ടു ബുദ്ധിയുടെ ലക്ഷണം തീരുമാനം; നിശ്ചയം ബുദ്ധിയുടെ പ്രവൃത്തിയാണു് അധ്യവസായം. എന്നിരിക്കുമ്പോൾ, "അധ്യവസായവതീ ബുദ്ധിഃ" എന്നു വിശേഷണവിശേഷ്യങ്ങളെ പൊരുത്തപ്പെടുത്തി പറയേണ്ടതായിരുന്നു. അങ്ങനെ ചെയ്യാതെ "അധ്യവസായോ ബുദ്ധിഃ" എന്നു പൊരുത്തപ്പെടുത്താതെ പറഞ്ഞതു ശരിയോ? എന്നു സംശയിക്കാം. അധ്യവസായം ഉള്ളതല്ലാതെ, അധ്യവസായം ബുദ്ധിയാവുകയില്ലല്ലോ. ഈ സംശയം സംഗതമല്ല; ബുദ്ധിയേയും അതിൻെറ വ്യാപാരമായ അധ്യ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

വസായത്തേയും അഭേദകല്പനംചെയ്തു പറഞ്ഞതാണു് "അധ്യവസായോ ബുദ്ധിഃ" എന്നു്. പ്രവൃത്തിയേയും പ്രവൃത്തിയുള്ളതിനേയും തമ്മിൽ അഭേദവിവക്ഷകൊണ്ടു വ്യവഹരിക്കാറുണ്ടല്ലോ; അതുപോലെയാണിവിടെയും

ലോകവ്യവഹാരത്തിലേർപ്പെട്ടു കഴിയുന്ന ഏതൊരു മനുഷ്യന്റേയും കർമ്മത്തെ സംബന്ധിച്ചു് നാലുഘട്ടം സ്വാഭാവികമാണു്. ആദ്യം ജ്ഞാനേന്ദ്രിയംവഴിക്കു വസ്തുവിനെ സാമാന്യമായി അറിയുക; പിന്നെ അതിന്നതെന്നു മനസ്സിലാക്കുക; എന്നിട്ടു് ചെയ്യാനൊക്കുന്നതാണെങ്കിൽ തന്റെ കഴിവുണ്ടെന്നഭിമാനിക്കുക; അനന്തരം ചെയ്യാൻ തീരുമാനിക്കുക. അതിനുശേഷമാണു കർമ്മം നടക്കുന്നതു്. വസ്തുസാമാന്യജ്ഞാനത്തിൽ ജ്ഞാനേന്ദ്രിയവും, ഇന്നതെന്നു സങ്കല്പിക്കുന്നതിൽ മനസ്സും, കഴിവുമെന്നഭിമാനിക്കുന്നതിൽ അഹങ്കാരവും, ചെയ്യാൻ തീരുമാനിക്കുന്നതിൽ ബുദ്ധിയും, പ്രവർത്തിക്കുന്നു. ബുദ്ധിയുടെ നിശ്ചയരൂപമായ അന്ത്യപ്രവർത്തനംതന്നെ അധ്യവസായം; അസാധാരണവ്യാപാരമെന്നു ചുരുക്കം. വ്യാപാരമായ അധ്യവസായവും, അതുള്ളതായ ബുദ്ധിയും അഭിന്നമാണു്. രണ്ടും അഭേദമായിരിക്കുന്നു. ബുദ്ധിയാകട്ടെ സ്വന്തനിലയിൽ ജഡമാണു്. അതു ചേതനനായ പുരുഷന്റെ സാമീപ്യംനിമിത്തം ചൈതന്യവത്തായിത്തീരുകയും തന്മൂലം അധ്യവസായരൂപത്തിൽ വ്യാപരിക്കുകയുമാണത്രേ. 'ചിതിസന്നിധി'യെന്നും 'ആപന്നചൈതന്യ'യെന്നും പറഞ്ഞതിന്റെ താത്പര്യമിതാണു്. മനസ്സു മുതലായ സമാനജാതികളായ ഇന്ദ്രിയങ്ങളിൽനിന്നും പഞ്ചതന്മാത്രകളായ അസമാനജാതികളിൽനിന്നും വേറാക്കപ്പെട്ടതാണു ബുദ്ധി. അതിനാൽ അധ്യവസായം ബുദ്ധിയുടെ ലക്ഷണംതന്നെ.

ഭാഷ്യം:— ഇപ്രകാരം ബുദ്ധിയെ ലക്ഷണംചെയ്തിട്ടു് അതിന്റെ വിവേകജ്ഞാനോപയോഗികളായി സാത്വികതാമസങ്ങളായ ധർമ്മാധർമ്മങ്ങളെപ്പറയുന്നു. ധർമ്മം, ജ്ഞാനം, വിരാഗം, ഐശ്വര്യം ഇതു സാത്വികമായ രൂപം. താമസം ഇതിൽനിന്നു വിപര്യസ്തമാകുന്നു, എന്നു്.

വിവരണം:—ബുദ്ധിയുടെ ലക്ഷണം പറഞ്ഞു. അതിന്റെ സ്വരൂപമാണിനി പറയാൻപോകുന്നതു്. സ്വരൂപമെന്നാൽ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ധർമ്മം. രണ്ടുവക സ്വരൂപമുണ്ട് ബുദ്ധിക്ക്; സാത്ത്വികമെന്നും താമസമെന്നും. ധർമ്മം ജ്ഞാനം വൈരാഗ്യം ഐശ്വര്യം ഇവ നാലും ബുദ്ധിയുടെ സാത്ത്വികരൂപം. അതിനു വിപരീതമാണു താമസരൂപം. അതായത് അധർമ്മവും അജ്ഞാനവും അവൈരാഗ്യവും അനൈശ്വര്യവും. വിവേകജ്ഞാനത്തിന്, ആത്യന്തികദുഃഖനിവൃത്തിക്ക്, ബുദ്ധിയുടെ സ്വരൂപജ്ഞാനം പ്രയോജനപ്പെടുന്നു.

ഭാഷ്യം:—ധർമ്മം, അഭ്യുദയനിഃശ്രേയസഹേതുവാണ്. അതിൽ യാഗദാനാദ്യനുഷ്ഠാനത്തിൽനിന്നുണ്ടാകുന്ന ധർമ്മം അഭ്യുദയഹേതു. അഷ്ടാംഗയോഗാനുഷ്ഠാനത്തിൽനിന്നുണ്ടാകുന്നതു നിഃശ്രേയസഹേതുവും. ബുദ്ധിപുരുഷന്മാരിൽനിന്നു വിഭിന്നമാണ് ജ്ഞാനം. വിരാഗമെന്നാൽ വൈരാഗ്യം; രാഗാഭാവം.

വിവരണം—സത്ത്വവും തമസ്സും സ്വയംപ്രവർത്തനശേഷിയുള്ളവയല്ല; രജസ്സിന്റെ സഹായംകൊണ്ടാണവ പ്രവർത്തിക്കുന്നത്. ആകയാൽ ബുദ്ധിയുടെ സാത്ത്വികരൂപത്തിലും താമസരൂപത്തിലും രജസ്സിന്റെ സാന്നിദ്ധ്യമുണ്ടായിരിക്കും. തന്മൂലം രാജസരൂപത്തെ പ്രത്യേകമെടുത്തുപറയാതിരുന്നതാണ്. അഭ്യുദയത്തിനും നിഃശ്രേയസത്തിനും കാരണമായുള്ളതാണു ധർമ്മം. ഭൗതികസുഖത്തിന്റെ പരമാവസ്ഥ അഭ്യുദയം. അത്യന്തദുഃഖനിവൃത്തിലക്ഷണമായ കൈവല്യം അഥവാ മോക്ഷം നിഃശ്രേയസം. യജ്ഞം, ദാനം മുതലായവയുടെ അനുഷ്ഠാനംകൊണ്ട് അഭ്യുദയം സിദ്ധമാവുന്നു. അഷ്ടാംഗയോഗത്തിന്റെ അനുഷ്ഠാനംകൊണ്ട് നിഃശ്രേയസവും. യമം, നിയമം, ആസനം, പ്രാണായാമം, പ്രത്യാഹാരം, ധാരണ, ധ്യാനം, സമാധി ഇതെട്ടുമുൾപ്പെട്ടതാണ് അഷ്ടാംഗയോഗം. (കൂടുതൽ വിവരത്തിനു യോഗദർശനം നോക്കുക.) ബുദ്ധി, പുരുഷൻ ഇവയിൽനിന്നു ഭിന്നമായുള്ളതാണു ജ്ഞാനം. വിഷയസുഖങ്ങളിലെ വെറുപ്പ് വിരാഗം. വൈരാഗ്യവും അതുതന്നെ.

വൈരാഗ്യം നാലുവിധം. ഓരോന്നും നാമനിർദ്ദേശംചെയ്തു വിവരിക്കുന്നു.

ഭാഷ്യം:—അതിന്, യതമാനസംജ്ഞ, വ്യതിരേകസംജ്ഞ, ഏകേന്ദ്രിയസംജ്ഞ, വശീകാരസംജ്ഞ ഇങ്ങനെ നാലു സംജ്ഞകൾ ഭവിക്കുന്നു.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

വിവരണം:—വൈരാഗ്യത്തിനു നാലു പിരിവു്; യതമാനം, വ്യതിരേകം, ഏകേന്ദ്രിയം, വശീകാരം ഇങ്ങനെ അവയുടെ പേരുകൾ.

യതമാനവൈരാഗ്യത്തിൻെറ ലക്ഷണം

ഭാഷ്യം:—രാഗാദികളായ ചിലചില കഷായ (അഴുക്ക്)ങ്ങൾ ചിത്തവൃത്തികളാകുന്നു, അവയാൽ ഇന്ദ്രിയങ്ങൾ സ്വന്തവിഷയങ്ങളിൽ പ്രവൃത്തിക്കപ്പെടുകയാണു്. അങ്ങനെ ഇന്ദ്രിയങ്ങൾ ഈ വിഷയങ്ങളിൽ പ്രവൃത്തിക്കരുതെന്നുവച്ചു് അവയുടെ പരിപാചനത്തിനുവേണ്ടിയുള്ള ആരംഭശ്രമമാണു് യതമാന സംജ്ഞ.

വിവരണം:—രാഗാദികളായ ചില മനോദോഷങ്ങളുണ്ടു്; രാഗം (വിഷയാഭിലാഷം), ദ്വേഷം, ഈർഷ്യ, പരദ്രോഹചിന്ത, അസൂയ, അമർഷം, ഇവ ആറുമാണു് രാഗാദികൾ. ഈ മനോദോഷങ്ങൾ ഇന്ദ്രിയങ്ങളെ അവയുടെ വിഷയത്തിൽ പ്രവൃത്തിപ്പിക്കുന്നു. തന്മൂലം ജീവിതക്ലേശങ്ങൾ അനുഭവപ്പെടുകയാണു്. അതുകൊണ്ടു് രാഗാദിമനോദോഷങ്ങൾക്കു വിധേയമായി വിഷയങ്ങളിൽ പ്രവൃത്തിക്കാതിരിക്കണം. എന്നു കരുതി ഇന്ദ്രിയപ്രേരകങ്ങളായ രാഗാദികളെ തുടച്ചുനീക്കാൻ ചെയ്യുന്ന പ്രാരംഭയത്നത്തെ യതമാനവൈരാഗ്യമെന്നു പറയുന്നു.

വ്യതിരേകവൈരാഗ്യലക്ഷണം

ഭാഷ്യം:—പരിപാചനം (തുടച്ചുനീക്കൽ) അനുഷ്ഠിയമാനമാകുമ്പോൾ ചില കഷായ(മാലിന്യ)ങ്ങൾ പക്വങ്ങളാകുന്നു; ചിലതു പചിക്കാനുണ്ടായിരിക്കും. അപ്രകാരം പൂർവ്വാപരഭാവമിരിക്കുമ്പോൾ പചിക്കാനുണ്ടായിരിക്കുന്ന കഷായങ്ങളിൽനിന്നു പക്വങ്ങളെ വേർതിരിച്ചു് അവധാരണംചെയ്യുന്നതു വ്യതിരേക സംജ്ഞ

വിവരണം:—രാഗാദിമനോദോഷങ്ങൾ തുടച്ചുനീക്കുന്ന ശ്രമത്തിൽ ചില ദോഷങ്ങൾ നിശ്ശേഷം തുടച്ചുമാററപ്പെടും; മററു ചിലതു മാററപ്പെടേണ്ടതായിരിക്കും. ആ സ്ഥിതിയിൽ തുടച്ചുമാററിയ ദോഷങ്ങളിൽനിന്നു തുടച്ചുമാറേറണ്ട ദോഷങ്ങളെ വേർതിരിച്ചു തിട്ടപ്പെടുത്തുന്നതു് വ്യതിരേകവൈരാഗ്യം.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഏകേന്ദ്രിയവൈരാഗ്യത്തിന്റെയും വശീകാര വൈരാഗ്യത്തിന്റെയും ലക്ഷണങ്ങൾ

ഭാഷ്യം:—പകങ്ങളായ രാഗാദികൾക്ക് ഇന്ദ്രിയപ്രവൎത്തനാസമൎത്ഥതകൊണ്ടു മനസ്സിൽ ഔത്സുക്യമാത്രമായ വ്യവസ്ഥാനം ഭവിക്കുന്നായ് ഏകേന്ദ്രിയസംജ്ഞ. ദൃഷ്ടാനുശ്രവികവിഷയങ്ങൾ ഉപസ്ഥിതങ്ങളായിരിക്കുമ്പോഴും ഔത്സുക്യമാത്രത്തിന്റെപോലും യാതൊരു നിവൃത്തി ഭവിക്കുന്നു, സംജ്ഞാത്രയത്തിൽനിന്നു പരാചീനമായ അതാണ് വശീകാരസംജ്ഞ

വിവരണം:—രാഗാദിദോഷങ്ങൾ മുടച്ചുനീക്കുമ്പോൾ, ഇന്ദ്രിയങ്ങൾ വിഷയങ്ങളിൽ പ്രവൎത്തിക്കാൻ ശേഷിയില്ലാത്തവയാകും. എങ്കിലും മനസ്സിൽ അല്പമാത്രമായ ഔത്സുക്യം സ്ഥാനംപിടിച്ചിരിക്കും. അതാണ് ഏകേന്ദ്രിയവൈരാഗ്യം.

ചന്ദനം, മാല, സ്ത്രീ, അന്നപാനാദികൾ, സ്വർഗ്ഗീയസുഖങ്ങൾ ഈവക വിഷയങ്ങൾ സന്നാധമായിരുന്നാലും അവയിലൊന്നും ഔത്സുക്യമാത്രമായിട്ടുപോലും പ്രവൎത്തിക്കാതിരിക്കുക: മൂന്നു വക വൈരാഗ്യസംജ്ഞയിൽനിന്നു പിന്നാലെയുള്ള—നാലാമത്തേതായ, വശീകാരവൈരാഗ്യം അതാണ്.

ഭാഷ്യം:—യാതൊന്നിനെ പൂജ്യനായ പതഞ്ജലി വൎണ്ണിച്ചു "ദൃഷ്ടാനുശ്രവികവിഷയവിതൃഷ്ണസ്യ വൈരാഗ്യം" എന്ന്. അതു ബുദ്ധിധൎമ്മമായ വിരാഗമാണ്.

വിവരണം:—പൂജ്യപാദനായ പതഞ്ജലി യോഗദർശനത്തിൽ വശീകാരവൈരാഗ്യത്തെക്കുറിച്ചു ലക്ഷണനിർദ്ദേശം ചെയ്തിരിക്കുന്നതിപ്രകാരമാണ്: "ലൌകിക(ദൃഷ്ട)ങ്ങളും, അലൌകിക(ആനുശ്രവിക)ങ്ങളുമായ വിഷയങ്ങളിൽ ആസക്തിയില്ലാതിരിക്കുന്നതാണ് വൈരാഗ്യം." ഏവംവിധമായ വൈരാഗ്യം ബുദ്ധിധൎമ്മമാണ്.

ഐശ്വര്യമെന്ന ബുദ്ധിധൎമ്മത്തെ വിചാരണചെയ്യുന്നു.

ഭാഷ്യം:—ഐശ്വര്യവും ബുദ്ധിധൎമ്മമാണ്. യാതൊന്നിൽ നിന്ന് അണിമാദിപ്രാദുർഭാവം ഭവിക്കുന്നു, അതിൽ അണിമ; അണുഭാവം. യാതൊന്നു ഹേതുവായിട്ട് ശിലയിൽപോലും പ്രവേശിക്കുന്നു, ലഘിമ; ലഘുഭാവം. യാതൊന്നു ഹേതുവായിട്ടു സൂൎയ്യ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

രശ്മികളെ ആശ്രയിച്ചു സൂര്യലോകത്തേക്കു പോകുന്നു. മഹിമ; മഹത്തിൻെറ ഭാവം. യാതൊന്നു ഹേതുവായിട്ടു് മഹാനായിത്തീരുന്നു. പ്രാപ്തി; അംഗുല്യഗ്രംകൊണ്ടു ചന്ദ്രമസ്സിനെ സ്പർശിക്കുന്നു, പ്രാകാമ്യം; ആഗ്രഹം വിഘ്നപ്പെടാതിരിക്കുക. യാതൊന്നു ഹേതുവായിട്ടു് ഉദകത്തിലെന്നപോലെ ഭൂമിയിൽ മുങ്ങാനും പൊങ്ങാനും കഴിയുന്നു. വശിത്വം; ഭൂതഭൗതികത്തെ അവശ്യം വശപ്പെടുത്തുക. ഈശിത്വം; ഭൂതഭൗതികങ്ങളുടെ പ്രഭവവ്യൂഹവ്യയങ്ങൾക്കു് ഈശനാവുക. യാതൊന്നിൽ കാമാവസായിത്വം; സത്യസങ്കല്പത. ഭൂതങ്ങളിൽ ഇവൻെറ സങ്കല്പം യാതൊരു പ്രകാരമോ ഭൂതങ്ങൾ അപ്രകാരം ഭവിക്കുന്നു. അന്യരായ മനുഷ്യരുടെ നിശ്ചേതവ്യം അനുവിധാനംചെയ്യുന്നു. യോഗിയുടേതാകട്ടെ, നിശ്ചേതവ്യങ്ങളായ പദാർത്ഥങ്ങൾ നിശ്ചയമാകുന്നു. ഇങ്ങനെ നാലു സാത്വികങ്ങളായ ബുദ്ധിധർമ്മങ്ങൾ.

വിവരണം:—ബുദ്ധിയുടെ നാലാമത്തെ സ്വരൂപമാണു് ഐശ്വര്യം. അണിമാദികളിലുൾപ്പെട്ടതാണു് ഐശ്വര്യം. അണിമ, ലഘിമ, മഹിമ, പ്രാപ്തി, പ്രാകാമ്യം, വശിത്വം, ഈശിത്വം, കാമാവസായിത്വം ഇവ എട്ടും അണിമാദികൾ. പാറയിൽപ്പോലും കടക്കാൻതക്കവണ്ണം അത്ര ചെറുതായിരിക്കുക അണിമ, സൂര്യരശ്മികളെ ആശ്രയിച്ചു സൂര്യലോകമെത്താൻ കഴിയുംവിധം ലഘുവായതു ലഘിമ, വലുതായിരിക്കുക മഹിമ, എത്രകണ്ടകലത്തിലിരിക്കുന്ന വസ്തുവിനേയും വിരൽകൊണ്ടു തൊടുവാൻ സാധിക്കുന്നതു പ്രാപ്തി. ആഗ്രഹമെങ്ങും തടസ്സപ്പെടാതിരിക്കുന്നതു് പ്രാകാമ്യം. ഇതുകൊണ്ടു വെള്ളത്തിലെന്നപോലെ ഭൂമിയിൽ ആണ്ടുപോകാനും ഉയരാനും സാധിക്കും. പഞ്ചഭൂതങ്ങളേയും തത്പരിണാമങ്ങളായ ചരാചരങ്ങളേയും വശപ്പെടുത്തുന്നതു് വശിത്വം. ഈശനായിരിക്കുകയാണീശിത്വം. പഞ്ചഭൂതങ്ങളുടേയും ചരാചരങ്ങളുടേയും സൃഷ്ടിസ്ഥിതിസംഹാരങ്ങൾ നടത്താൻ ഈശിത്വംകൊണ്ടു സാധിക്കുന്നു. സത്യസങ്കല്പതയാണു് കാമാവസായിത്വം. ഒന്നിനെക്കുറിച്ചെങ്ങനെ വിചാരിക്കുന്നുവോ അതു് അങ്ങനെയായിത്തീരുന്നതാണു സത്യസങ്കല്പത്തിൻെറ സാമാന്യസ്വഭാവം. യോഗികൾക്കു് അതു സാദ്ധ്യമാണു്. യോഗികളല്ലാത്ത സാധാരണമനുഷ്യരുടെ പദാർത്ഥജ്ഞാനം പദാർത്ഥങ്ങളെ അനുസരിച്ചിരിക്കും. യോഗികൾക്കങ്ങനെയല്ല; അവർ സങ്കല്പിക്കുന്ന വിധമായിരിക്കും പദാർത്ഥങ്ങൾ.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

വിഷത്തെ അമൃതമെന്നു സങ്കല്പിച്ചാൽ അമൃതംതന്നെയായിരിക്കും. ഇങ്ങനെ സാത്വികമായ ബുദ്ധിധർമ്മങ്ങൾ നാലും പറഞ്ഞുകഴിഞ്ഞു.

ഭാഷ്യം:—താമസങ്ങളായ ബുദ്ധിധർമ്മങ്ങൾ തദ്വിപരീതങ്ങളാണ്. അധർമ്മം, അജ്ഞാനം, അവൈരാഗ്യം, അനൈശ്വര്യം ഇവ നാലുമെന്നർത്ഥം.

വിവരണം:—ബുദ്ധിയുടെ താമസരൂപവും നാലുവിധം. അതു സാത്വികസ്വരൂപത്തിനു വിപരീതമായിരിക്കുന്നു. അധർമ്മം, അജ്ഞാനം, അവൈരാഗ്യം, അനൈശ്വര്യം ഇത്രയുമാണു ബുദ്ധിയുടെ താമസസ്വരൂപങ്ങൾ. അധർമ്മംകൊണ്ടു നരകാനുഭവം. അജ്ഞാനംകൊണ്ട് അനിത്യവസ്തുക്കളിൽ നിത്യതാപ്രതീതി. അവൈരാഗ്യംകൊണ്ട് വിഷയതൃഷ്ണ. അനൈശ്വര്യംകൊണ്ട് ആത്മാഭംഗം

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അഹങ്കാരനിരൂപണം

കാരിക:—

അഭിമാനോഽഹംകാര-
സ്തസ്മാത് ദ്വിവിധഃ പ്രവർത്തതേ സർഗ്ഗഃ
ഏകാദശകശ്ച ഗണഃ
തന്മാത്രപഞ്ചകശ്ചൈവ. 24

അർത്ഥം:— അഭിമാനമാണ് അഹങ്കാരം. അതിൽനിന്ന് രണ്ടുവിധം സൃഷ്ടി പ്രവർത്തിക്കുന്നു. ഏകാദശഗണവും തന്മാത്രപഞ്ചകവും.

അഹങ്കാരമെന്നാൽ, ഞാനെന്ന അഭിമാനം. ആ അഭിമാനത്തിൽനിന്ന് രണ്ടിനം സൃഷ്ടി പ്രവർത്തിക്കുന്നു. അഞ്ചു ജ്ഞാനേന്ദ്രിയവും അഞ്ചു കർമ്മേന്ദ്രിയവും മനസ്സുമുൾപ്പെടെ പതിനൊന്നിന്ദ്രിയങ്ങളൊന്ന്. അഞ്ചു തന്മാത്രകൾ മറ്റൊന്ന്.

ഭാഷ്യം.— യാതൊന്ന് ആലോചിതവും മതവുമാകുന്നു; അതിൽ ഞാൻ അധികൃതനാണ്; ഞാൻ ശക്തനാണ്, എനിക്കു വേണ്ടിയാണ് ഈ വിഷയങ്ങൾ, ഇതിൽ ഞാനല്ലാതെ മറ്റൊരുവൻ അധികൃതനല്ല, ഇതുകൊണ്ടു ഞാനധികാരിയാണ് എന്നിങ്ങനെ യാതൊരഭിമാനമുണ്ടോ, ആ അസാധാരണവ്യാപാരമാണ് അഹങ്കാരം. അതിനെ ഉപജീവിച്ചു ബുദ്ധി അദ്ധ്യവസായം ചെയ്യുന്നു, എന്നാൽ കർത്തവ്യമാണെന്നിങ്ങനെ

വിവരണം:— അഹങ്കാരത്തിന്റെ ലക്ഷണവിചാരം ചെയ്യുന്നു.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അഭിമാനമാണ് അഹങ്കാരം. അതെങ്ങനെയെന്നോ? ഏതെങ്കിലുമൊരു സംഗതിയെക്കുറിച്ചറിഞ്ഞു മനസ്സുകൊണ്ടു സങ്കല്പിക്കുക; ആ സംഗതിയിൽ ഞാനാണധികാരി, എനിക്കതിനു കഴിവുണ്ട്, ഈ വിഷയങ്ങളൊക്കെ എൻെറ പ്രയോജനത്തിനുള്ളവയാണ്, ഞാനല്ലാതെ വേറെയാരുമിതിനധികാരിയല്ല; എനിക്കിതിൽ മമതയുണ്ട്, എന്നിങ്ങനെ വരുന്ന മനോഭാവമാണ് അഭിമാനം. അതേ അഭിമാനംതന്നെ അഹങ്കാരം. അഹങ്കാരത്തെ ആശ്രയിച്ചാണ് ബുദ്ധി ഓരോന്നിനെക്കുറിച്ചും തീരുമാനമെടുക്കുന്നത്; "ഞാനിതു ചെയ്യേണ്ടതാണെ"ന്നും മററും.

ഭാഷ്യം:—അതിൻെറ കാര്യഭേദത്തെ പറയുന്നു; "അതിൽനിന്ന് ദ്വിവിധമായ സർഗ്ഗം പ്രവർത്തിക്കുന്നു." പ്രകാരദ്വയത്തെ പറയുന്നു; ഏകാദശഗണമെന്നും (ഇന്ദ്രിയസംജ്ഞ) തന്മാത്രപഞ്ചകമെന്നും. രണ്ടുവിധമായ സർഗ്ഗവും അഹങ്കാരത്തിൽനിന്നാകട്ടെ, അന്യമല്ല. എന്നിങ്ങനെ അവധാരണംചെയ്യുന്നു.

വിവരണം:—അഹങ്കാരത്തിൽനിന്നു രണ്ടുതരം കാര്യമുണ്ടാകുന്നു. പതിനൊന്നിന്ദ്രിയങ്ങളൊന്ന്. മററൊന്ന് അഞ്ചു തന്മാത്രകളും. ഇവ രണ്ടും അഹങ്കാരത്തിൻെറ സൃഷ്ടികളാണ്.

ഭാഷ്യം:—അഹങ്കാരമായ ഏകകാരണത്തിൽനിന്ന് ജഡപ്രകാശകങ്ങളായി വിലക്ഷണങ്ങളായ ഗണങ്ങളെങ്ങനെ ഭവിക്കുന്നുവെന്നു പറയുന്നു

വിവരണം:—ഇവിടെ ഒരു സംശയം. ഒരു കാരണത്തിൽനിന്നു സമാനമായ ഒരു കാര്യമേ ഉണ്ടാകൂ; അനേകം കാര്യങ്ങളുണ്ടാവുകയില്ല. പ്രകൃതത്തിൽ അഹങ്കാരമെന്ന ഒരു കാരണം. അതിൽനിന്ന് പതിനൊന്നിന്ദ്രിയങ്ങളും അഞ്ചു തന്മാത്രകളും. ഇങ്ങനെ രണ്ടുവക കാര്യങ്ങളുണ്ടാകുന്നതായി പറഞ്ഞിരിക്കുന്നു. മാത്രമല്ല; ഇന്ദ്രിയങ്ങൾ പ്രകാശകങ്ങളും തന്മാത്രകൾ പ്രകാശവിധേയങ്ങളുമാണ്. അങ്ങനെ അവയ്ക്കു വിലക്ഷണതയുമുണ്ട്. ഒരു കാരണത്തിൽനിന്ന് അന്യോന്യവിലക്ഷണങ്ങളായ ഒന്നിലധികം കാര്യങ്ങളുണ്ടാകുന്നതെങ്ങനെ? ഈ സംശയം അടുത്ത കാരികയൊട്ടു പരിഹരിക്കുന്നു.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

കാരിക:—

സാത്വിക ഏകാദശകഃ
പ്രവർത്തതേ വൈകൃതാദഹങ്കാരാത്
ഭൂതാദേസ്തന്മാത്രഃ
സ താമസസ്തൈജസാദുഭയം. 25

അർത്ഥം:—വൈകൃതമായ അഹങ്കാരത്തിൽനിന്നു സാത്വികമായ ഏകാദശകവും ഭൂതാദിയിൽനിന്നു താമസമായ ആ തന്മാത്രകളും പ്രവർത്തിക്കുന്നു. തൈജസത്തിൽനിന്നാണു് രണ്ടും പ്രവർത്തിക്കുന്നതു്.

വൈകൃതമായ അഹങ്കാരമെന്നാൽ സാത്വികാഹങ്കാരം. വൈകൃതത്തിനു സാത്വികമെന്നർത്ഥം. ഭൂതാദി; താമസാഹങ്കാരം. തൈജസം, രാജസാഹങ്കാരം. സാത്വികമായ ഏകാദശേന്ദ്രിയം സാത്വികാഹങ്കാരത്തിൽനിന്നും താമസമായ തന്മാത്രകൾ താമസാഹങ്കാരത്തിൽനിന്നുമാണുണ്ടാകുന്നതു്. ഈ രണ്ടു വകയ്ക്കും കാരണം രാജസാഹങ്കാരമാണു്.

ഭാഷ്യം:—പ്രകാശലാഘവങ്ങളോടുകൂടിയ സാത്വികമായ ഏകാദശേന്ദ്രിയഗണം വൈകൃതത്തിൽനിന്നു്—സാത്വികാഹങ്കാരത്തിൽനിന്നു്—പ്രവർത്തിക്കുന്നു. ഭൂതാദിയിൽനിന്നു്—താമസമായ അഹങ്കാരത്തിൽനിന്നാകട്ടെ തന്മാത്രഗണം പ്രവർത്തിക്കുന്നു. എന്തുകൊണ്ടു്? യാതൊന്നു ഹേതുവായിട്ടു അതു് (തന്മാത്ര) താമസമാണു്.

വിവരണം:—ഗുണങ്ങളെ ആശ്രയിച്ചു് അഹങ്കാരം മൂന്നുവിധം. സത്വഗുണപ്രധാനമായതു സാത്വികാഹങ്കാരം. തമോഗുണപ്രധാനമായതു താമസാഹങ്കാരം. രജോഗുണപ്രധാനമായതു രാജസാഹങ്കാരം ഇവയ്ക്കു് യഥാക്രമം വൈകൃതം, ഭൂതാദി, തൈജസം, ഇങ്ങനെ സംജ്ഞകൾ. സാത്വികാഹങ്കാരത്തിൽനിന്നു ജനിക്കുന്നവയാണു പതിനൊന്നിന്ദ്രിയങ്ങൾ. പ്രകാശവും ലാഘവവും സത്വഗുണത്തിന്റെ ലക്ഷണം. അതുകൊണ്ടു് ഇന്ദ്രിയങ്ങൾ പ്രകാശലാഘവങ്ങളോടുകൂടിയതായിരിക്കുന്നു. തന്മാത്രകൾ ജനിക്കുന്നതു് താമസാ(ഭൂതാദി)ഹങ്കാരത്തിൽനിന്നാണു്. ഗുരുത്വവും അപ്രകാശകത്വവുമാണു തമോഗുണലക്ഷണം. അതുക-

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

യാൽ തന്മാത്രകൾ അതേ ലക്ഷണമുൾക്കൊണ്ടിരിക്കുന്നു. സ്വയം പ്രവർത്തനശേഷിയുള്ളതല്ല, സത്ത്വഗുണവും തമോഗുണവും. അവ രണ്ടും രജോഗുണത്തിന്റെ സാന്നിധ്യത്തിൽ പ്രവർത്തനക്ഷമങ്ങളാവുന്നു. ഈ തത്ത്വം വച്ചുകൊണ്ടാണ് "തൈജസാദുഭയ"മെന്നു കാരികയിൽ സൂചിപ്പിച്ചതു്.

ഭാഷ്യം:—പറഞ്ഞതിതാണ്; അഹംകാരം ഏകമാണെങ്കിലും ഗുണഭേദോൽഭവാഭിഭവങ്ങൾകൊണ്ട് ഭിന്നമായ കാര്യത്തെ ചെയ്യുന്നു എന്ന്.

വിവരണം:—അഹംകാരം ഒന്നേയുള്ളൂ. ഗുണഭേദങ്ങളുണ്ടല്ലോ; സത്ത്വം, രജസ്സ്, തമസ്സ്, ഈ ഗുണഭേദങ്ങൾ. അവയുടെ ഉൽഭവാഭിഭവങ്ങൾ—ഏറ്റക്കുറവുകൾ—അതനുസരിച്ച്; ഏകകാരണമായ അഹങ്കാരത്തിൽനിന്ന് ഏകാദശേന്ദ്രിയങ്ങൾ, തന്മാത്രകൾ ഇങ്ങനെ ഭിന്നകാര്യങ്ങൾ ജനിക്കുന്നു.

'തൈജസാദുഭയ'മെന്ന കാരികാംശം വിശദമാക്കുന്നു:

ഭാഷ്യം:—സത്ത്വതമസ്സുകളിൽനിന്നുമാത്രം സർവ്വമായ കാര്യം ജനിക്കുന്നെങ്കിൽ അകിഞ്ചിത്കരമായ രജസ്സ് വേണ്ടല്ലോ, എന്നതുകൊണ്ട് പറയുന്നു; "തൈജസാദുഭയ"മെന്ന്. തൈജസത്തിൽ—രാജസത്തിൽനിന്ന്, ഗണദ്വയം (ഉഭയം) ഭവിക്കുന്നു.

വിവരണം:—ഒരു സന്ദേഹമുന്നയിച്ചു പരിഹരിക്കുന്നു. സാത്ത്വികാഹങ്കാരം താമസാഹംകാരം ഇവയിൽനിന്ന് എല്ലാ കാര്യങ്ങളുമുണ്ടാകുമെങ്കിൽ പിന്നെ രാജസാഹംകാരമെന്തിന്? അതു നിഷ്പ്രയോജനമെന്നു വരികയില്ലേ? ഈ സന്ദേഹം പരിഹരിക്കാനാണ്, ഏകാദശേന്ദ്രിയങ്ങളും തന്മാത്രകളുമെന്ന രണ്ടു വകയും തൈജസത്തിൽ—രാജസാഹങ്കാരത്തിൽ—നിന്നുണ്ടാകുന്നതായി പറഞ്ഞത്.

ഭാഷ്യം:—രജസ്സിൽനിന്നു കാര്യാന്തരം ഭവിക്കുന്നില്ലെങ്കിലും, സ്വയമക്രിയങ്ങളായ സത്ത്വതമസ്സുകൾ സമർത്ഥങ്ങളായാലും സ്വസ്വകാര്യത്തെ ചെയ്യുന്നില്ല. രജസ്സാകട്ടെ ചലതകൊണ്ട് അവയെ എപ്പോൾ ചലിപ്പിക്കുന്നു അപ്പോൾ സ്വസ്വകാര്യത്തെ ചെയ്യുന്നു. എന്നതുകൊണ്ട് ഉഭയഭിന്നമായ കാര്യത്തിൽ സത്ത്വതമസ്സുകൾക്കു ക്രിയോൽപാദനദ്വാരേണ രജസ്സിന്റെ കാരണത്വം ഭവിക്കുന്നു. അതിനാൽ രജസ്സ് വ്യർത്ഥമല്ല.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

വിവരണം:—കശവൻെറ ദണ്ഡചക്രാദികൾ, കടമുണ്ടാക്കാൻ കഴിവുള്ളതാണെങ്കിലും അവ, സ്വയം പ്രവൎത്തിച്ചു കടത്തെ ഉണ്ടാക്കുന്നില്ല. കശവൻ പ്രവൎത്തിപ്പിക്കണം; എങ്കിലേ ദണ്ഡചക്രാദികൾ കടമുണ്ടാക്കാൻ സമൎത്ഥങ്ങളാവൂ. അതുപോലെയാണ് സത്ത്വതമസ്സുകൾ. ആ രണ്ടു ഗുണവും കാൎയ്യത്തെ ജനിപ്പിക്കുന്നതിൽ കഴിവുള്ളതാണെങ്കിലും സ്വയം പ്രവൎത്തിച്ചു കാൎയ്യത്തെ ജനിപ്പിക്കുന്നില്ല. തനിയെ പ്രവൎത്തിക്കാൻ കഴിവില്ലാത്തതാണു കാരണം. രജോഗുണമാകട്ടെ സ്വയംപ്രവൎത്തനശക്തിയുള്ളതാണ്. അതേ രജസ്സിൻെറ പ്രവൎത്തനശേഷിയുപജീവിച്ചു സത്ത്വതമസ്സുകൾ പ്രവൎത്തിക്കുകയും അതതിൻെറ കാൎയ്യത്തെ ജനിപ്പിക്കായുമാണ്. മററു ഗുണങ്ങളോടു ചേൎന്നിട്ടല്ലാതെ രജസ്സു മാത്രമായൊരു കാൎയ്യത്തെയുമുളവാക്കുന്നില്ല. ഇങ്ങനെ കാൎയ്യനിഷ്പാദനത്തിൽ സത്ത്വതമസ്സുകൾക്കു കാരണമായിരിക്കുന്നതുകൊണ്ടു രജോഗുണം നിഷ്പ്രയോജനമല്ല.

സാത്ത്വികാഹംകാരത്തിൽനിന്നു ജനിക്കുന്ന പതിനൊന്നിന്ദ്രിയങ്ങളുണ്ടല്ലോ, അവയെക്കുറിച്ചു പറയാൻവേണ്ടി പുറമേയുള്ള പത്തിന്ദ്രിയങ്ങളെപ്പററി വിചാരണചെയ്യുന്നു.

കാരിക:—

ബുദ്ധീന്ദ്രിയാണി ചക്ഷുഃ
ശ്രോത്രഘ്രാണരസനത്വഗാഖ്യാനി
വാൿപാണിപാദപായൂ-
പസ്ഥാഃ കൎമ്മേന്ദ്രിയാണ്യാഹുഃ 26

അൎത്ഥം:—ചക്ഷുസ്സ്, ശ്രോത്രം, ഘ്രാണം, രസനം, ത്വക് ഇവ ബുദ്ധീന്ദ്രിയങ്ങളും, വാക്ക്, പാണി, പാദം, പായു, ഉപസ്ഥം ഇവ കൎമ്മേന്ദ്രിയങ്ങളുമെന്നു പറയുന്നു.

ഇന്ദ്രിയങ്ങൾ പൊതുവിൽ രണ്ടുതരം. ബുദ്ധീന്ദ്രിയങ്ങളെന്നും കൎമ്മേന്ദ്രിയങ്ങളെന്നും. ബുദ്ധീന്ദ്രിയങ്ങൾ; ജ്ഞാനേന്ദ്രിയങ്ങൾ. അവ കണ്ണ്, കാതു്, മൂക്ക്, നാക്ക്, തൊലി ഇങ്ങനെ അഞ്ച്. വാക്കും, കയ്യും, കാലും, ഗുദവും, ജനനേന്ദ്രിയവും എന്ന് അഞ്ചു കൎമ്മേന്ദ്രിയങ്ങൾ. ജ്ഞാനേന്ദ്രിയങ്ങളും കൎമ്മേന്ദ്രിയങ്ങളും കൂടി ആകെ ഇന്ദ്രിയങ്ങൾ പത്തു്. സാംഖ്യാചാൎയ്യന്മാരുടെ അഭിപ്രായമാണിതു്.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഭാഷ്യം:—സാത്ത്വികാഹംകാരോപാദാനകത്വമാണ് ഇന്ദ്രിയത്വം; അതു രണ്ടുവിധം. ബുദ്ധീന്ദ്രിയമെന്നും കർമ്മേന്ദ്രിയമെന്നും. ഇതു് (ഇന്ദ്രിയം) ഉഭയമാണ്. ഇന്ദ്രന്റെ, ആത്മാവിന്റെ ചിഹ്നത്വം ഹേതുവായിട്ട് ഇന്ദ്രിയമെന്നു പറയപ്പെടുന്നു. അവ സ്വസംജ്ഞകളായ ചക്ഷുരാദികൾകൊണ്ടു് ഉക്തങ്ങളായിരിക്കുന്നു.

വിവരണം:—സാത്ത്വികാഹംകാരം, ഇന്ദ്രിയങ്ങളുടെ ഉപാദാനകാരണമാണു. കാര്യത്തോടു നിത്യബന്ധമുള്ളതു് ഉപാദാനകാരണം. മണ്ണും കുടവും ഉദാഹരണം. മണ്ണിനു്, കാര്യമായ കുടത്തോടു് നിത്യബന്ധമുണ്ടു്. അതിനാൽ മണ്ണു്, കുടത്തിന്റെ ഉപാദാനകാരണം അതുപോലെ ഇവിടെയും. ഇന്ദ്രിയം രണ്ടു തരം. ബുദ്ധീന്ദ്രിയമെന്നും കർമ്മേന്ദ്രിയമെന്നും രൂപാദിവിഷയങ്ങളുടെ ബോധത്തിനു്—ജ്ഞാനത്തിനു്—കാരണമായ ഇന്ദ്രിയം ബുദ്ധീന്ദ്രിയം. അതായതു് ജ്ഞാനേന്ദ്രിയം. കണ്ണു്, കാതു്, മൂക്കു്, നാക്കു്, തൊലി ഇത്രയും ജ്ഞാനേന്ദ്രിയങ്ങൾ. ജ്ഞാനമനുസരിച്ചു് കർമ്മം ചെയ്യുന്നതു്—പ്രവർത്തിക്കുന്നതു്—കർമ്മേന്ദ്രിയം. വാക്കു്, കയ്യു്, കാലു്, ഗുദം, ജനനേന്ദ്രിയം ഇങ്ങനെ കർമ്മേന്ദ്രിയങ്ങളും. ഇന്ദ്രന്റെ*—ആത്മാവിന്റെ—ചിഹ്നമായതുകൊണ്ടു് ഇന്ദ്രിയമെന്നു പറയപ്പെടുന്നു. കണ്ണു മുതലായവ ആത്മചിഹ്നങ്ങളാണു്. തന്മൂലം അവയെ ഇന്ദ്രിയസംജ്ഞകൊണ്ടു നിർദ്ദേശിച്ചിരിക്കുന്നു.

ഭാഷ്യം:—അവയിൽ രൂപഗ്രഹണലിംഗമാണു ചക്ഷുസ്സു് (കണ്ണു്). ശബ്ദഗ്രഹണലിംഗം ശ്രോത്രം (കാതു്). ഗന്ധഗ്രഹണലിംഗം ഘ്രാണം (മൂക്കു്). രസഗ്രഹണലിംഗം രസനം (നാക്കു്). സ്പർശഗ്രഹണലിംഗം ത്വക് (തൊലി) വാഗാദികളുടെ കാര്യം പറയും.

വിവരണം:—ആത്മാവിന്റെ ചിഹ്നം അഥവാ ലിംഗമാണു ഇന്ദ്രിയങ്ങളെന്നു പറഞ്ഞല്ലോ. ലിംഗമെന്നുവച്ചാൽ അടയാളം. ആത്മാവിന്റെ വിഷയഗ്രഹണപരമായ അടയാളമാണു് ഇന്ദ്രിയം. അതിനു ചിഹ്നം അഥവാ ലിംഗമെന്നു് ഈ ശാസ്ത്രത്തിൽ സംജ്ഞ ചെയ്തിരിക്കുന്നു. ലിംഗസംജ്ഞാനിർദ്ദിഷ്ടമായ ഓരോ ഇന്ദ്രി

* "ഇന്ദ്രിയമിന്ദ്രലിംഗം"—പാണിനി.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

യത്തേയും അതിന്റെ വിഷയത്തേയും വിവരിക്കുകയാണ്. രൂപമറിയുന്ന ഇന്ദ്രിയം (ലിംഗം) കണ്ണ്. ശബ്ദമറിയുന്നതു്, കാതു്. മണമറിയുന്നതു് മൂക്കു്. രസമറിയുന്നതു നാക്കു്. സ്പർശമറിയുന്നതു് തൊലി. ഇങ്ങനെ ജ്ഞാനേന്ദ്രിയങ്ങളും അവയുടെ വിഷയങ്ങളും. കർമ്മേന്ദ്രിയങ്ങളെക്കുറിച്ചു് ഇരുപത്തിയെട്ടാമത്തെ കാരികയിൽ പറയും.

പതിനൊന്നാമത്തെ ഇന്ദ്രിയമായ മനസ്സിനെപ്പററി പറയുന്നു.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

മനോനിരൂപണം

കാരിക:—

ഉഭയാത്മകമത്ര മനഃ
സങ്കല്പകമിന്ദ്രിയം ച സാധർമ്മ്യാത്
ഗുണപരിണാമവിശേഷാ-
ന്നാനാത്വം ബാഹ്യഭേദാശ്ച. 27

അർത്ഥം:—ഇതിൽ ഉഭയാത്മകമായ മനസ്സ് സാധർമ്മ്യം ഹേതുവായിട്ട് ഇന്ദ്രിയവും സങ്കല്പാത്മകവുമാണ്. ഗുണപരിണാമം നിമിത്തം ബാഹ്യഭേദങ്ങളെന്നപോലെ നാനാത്വം ഭവിക്കുന്നു.

ഏകാദശേന്ദ്രിയങ്ങളുടെ കൂട്ടത്തിൽ രണ്ടുവക ഇന്ദ്രിയങ്ങളുമുൾപ്പെട്ടതാണ് മനസ്സ്. സാത്ത്വികാഹങ്കാരത്തിൽനിന്നുണ്ടായതാകകൊണ്ട് സാധർമ്മ്യം നിമിത്തം മനസ്സും ഇന്ദ്രിയംതന്നെ. താമസാഹങ്കാരത്തിൽനിന്ന ശബ്ദാദിതന്മാത്രകളെന്നപോലെ, ഗുണപരിണാമത്തിൽനിന്ന് പലതരമിന്ദ്രിയമുണ്ടാകുന്നു.

ഭാഷ്യം:—ഏകാദശങ്ങളായ ഇന്ദ്രിയങ്ങളുടെ മദ്ധ്യത്തിൽ മനസ്സ്, ഉഭയാത്മകമാണ്. ബുദ്ധീന്ദ്രിയവും കർമ്മേന്ദ്രിയവും കൂടിയതാണ്, മനോധിഷ്ഠിതങ്ങളായ ചക്ഷുരാദികൾക്കും വാഗാദികൾക്കും സ്വസ്വവിഷയങ്ങളിൽ പ്രവൃത്തി ഹേതുവായിട്ട്.

വിവരണം:—പതിനൊന്നിന്ദ്രിയങ്ങളുടെ കൂട്ടത്തിൽ ജ്ഞാനേന്ദ്രിയങ്ങളെ നിരൂപണംചെയ്തുകഴിഞ്ഞു. കർമ്മേന്ദ്രിയങ്ങളെ ഇരുപത്തെട്ടാം കാരികയിൽ നിരൂപണംചെയ്യുമെന്ന പ്രതിജ്ഞയുംചെയ്തു. പിന്നെ പതിനൊന്നാമത്തെ ഇന്ദ്രിയമായ മനസ്സിനെ നിരൂപണംചെയ്യുകയാണ്. ജ്ഞാനേന്ദ്രിയങ്ങളും കർമ്മേന്ദ്രിയ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ങ്ങളും അവയുടെ വിഷയങ്ങളിൽ പ്രവർത്തിക്കുന്നതു മനസ്സിനെ അധിഷ്ഠാനംചെയ്തുകൊണ്ടാണ്. ആകയാൽ ആ രണ്ടുവക ഇന്ദ്രിയങ്ങളുമുൾപ്പെട്ടതാണ് മനസ്സെന്നു സിദ്ധമാകുന്നു.

ഭാഷ്യം:—അതിനെ അസാധാരണരൂപംകൊണ്ടു ലക്ഷ്യമാക്കുന്നു; "സങ്കല്പാത്മകം മനഃ" എന്ന്. സങ്കല്പമായ രൂപംകൊണ്ടു മനസ്സു ലക്ഷിക്കപ്പെടുന്നു. "ഇതു" വസ്തുവാണെന്ന് ഇന്ദ്രിയത്താൽ സംമുഗ്ദ്ധമായി ആലോചിതമായതിനെ ഇതിങ്ങനെയാണ്, ഇങ്ങനെയല്ല, എന്നിങ്ങനെ സമ്യക്കായി കല്പിക്കുന്നു; വിശേഷണവിശേഷ്യഭാവംകൊണ്ടു വിവേചിക്കുന്നു.

വിവരണം:—മനസ്സിന്റെ ലക്ഷണനിർദ്ദേശം ചെയ്യുന്നു: സങ്കല്പരൂപമാണു മനസ്സ്. വസ്തുക്കളെ വേണ്ടവണ്ണം വകതിരിച്ചറിയുന്നതു സങ്കല്പം. വസ്തുവിഷയകമായ അറിവു രണ്ടുതരം, സംമുഗ്ദ്ധമെന്നും സങ്കല്പമെന്നും. സംമുഗ്ദ്ധം x വസ്തുസാമാന്യമായ അറിവാണ്; അതിനെ അനുവൃത്തമെന്നും പറയും. വസ്തുവിനെ വേർതിരിച്ചറിയുന്നതു സങ്കല്പം. വ്യാവൃത്തമെന്നും സങ്കല്പത്തിനു വ്യവഹാരമുണ്ട്. ജ്ഞാനേന്ദ്രിയങ്ങൾ, വസ്തുസാമാന്യത്തെ അറിയുന്നു. അതിനെ ഇന്നതെന്നു വേർതിരിച്ചറിയുന്നതു സങ്കല്പമാണ്. ഈ സങ്കല്പംതന്നെ മനസ്സിന്റെ സ്വരൂപം.

സംമുഗ്ദ്ധം സങ്കല്പം ഇവയെക്കുറിച്ചു പൂർവ്വാചാര്യന്മാർ ഇങ്ങനെ പറഞ്ഞിരിക്കുന്നു: "മനോവ്യാപാരത്തിനുമുമ്പ്, കണ്ണു മുതലായ ജ്ഞാനേന്ദ്രിയങ്ങൾ വ്യാപരിച്ചു സാമാന്യവിശേഷഭേദംകൂടാതെ സംമുഗ്ദ്ധമായി വസ്തുമാത്രത്തെ അറിയുന്നു; (ജ്ഞാനേന്ദ്രിയവ്യാപാരംകൊണ്ടു കേവലവസ്തുബോധമല്ലാതെ, "ഇതിന്നതെന്നു വസ്തുവിശേഷബോധമുണ്ടാകുന്നില്ല.) പിന്നെ മനോവ്യാപാരം അതിനെ—വസ്തുവിനെ—സാമാന്യവിശേഷങ്ങൾകൊണ്ടു സങ്കല്പിക്കയാണ്, വേർതിരിച്ചറിയുകയാണ്.

---

x സംമുഗ്ദ്ധം വസ്തുമാത്രം ഹി
പ്രാഗ്ഗൃഹ്ണാത്യവികല്പിതം
തത് സാമാന്യവിശേഷാഭ്യാം
കല്പയന്തി മനീഷിണഃ (യാജ്ഞവല്ക്യഃ)

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അപ്രകാരം കൌമാരിലശ്ലോകവാർത്തികത്തിൽ ഇങ്ങനെ കാണാം.* "ആദ്യമായുള്ള ഇന്ദ്രിയജ്ഞാനം നിർവ്വികല്പകമാണ്". ബാലൻ, അജ്ഞൻ, ഇവരുടെ അറിവെന്നപോലെ കേവലം വസ്തുമാത്രവിഷയമായിരിക്കുമത്. പിന്നീട് ജാതി, ഗുണം, ക്രിയ ഈ ധർമ്മങ്ങൾകൊണ്ട് നിർവികല്പവിഷയകവസ്തു ഇന്നതെന്നു വേർതിരിച്ചറിയുന്നത് പ്രത്യക്ഷം. ആ അറിവ് (ജ്ഞാനം) പ്രത്യക്ഷവുമാണ്. ഇവിടെ സംമുഗ്ദ്ധത്തിന്നു നിർവ്വികല്പകവും സങ്കല്പത്തിന്നു പ്രത്യക്ഷവും പര്യായങ്ങൾ സ്വീകരിച്ചിരിക്കുന്നെന്നേയുള്ളൂ. ആ പക്ഷത്തിലെയും ആശയം ഒന്നുതന്നെ. ഇന്ദ്രിയജനിതമായ ആദ്യത്തെ നിർവ്വികല്പകജ്ഞാനം പ്രത്യക്ഷമല്ല. അതിന്നുശേഷം ഇന്ദ്രിയസഹായത്തോടെ മനസ്സിന്നുണ്ടാകുന്ന സവികല്പജ്ഞാനമാണ് പ്രത്യക്ഷം. വസ്തുസാമാന്യജ്ഞാനം നിർവ്വികല്പം. വിശേഷജ്ഞാനം സവികല്പം

ഇന്ദ്രിയജ്ഞാനം, കേവലം വസ്തുസാമാന്യത്തെ മാത്രമല്ല വസ്തുവിശേഷത്തെയും വിഷയമാക്കുന്നു. അങ്ങനെയല്ലെങ്കിൽ ഇന്ദ്രിയജ്ഞാനത്തിന്നുശേഷം മനസ്സിന്നു വസ്തുസംബന്ധമായ വിശേഷമുണ്ടാകുന്നതെങ്ങനെ? ഇന്ദ്രിയങ്ങളോടു ബന്ധപ്പെടാതെ ബാഹ്യവസ്തുജ്ഞാനം നേടുക മനസ്സിന്നു സാദ്ധ്യമല്ല. എന്നിരിക്കെ ഇന്ദ്രിയങ്ങൾകൊണ്ടു വസ്തുവിന്റെ സാമാന്യജ്ഞാനവും മനസ്സുകൊണ്ടു വിശേഷജ്ഞാനവും സിദ്ധിക്കുന്നതായെങ്ങനെ പറയാം? ഇതൊരു പൂർവ്വപക്ഷമാണ്; "സാമാന്യമിന്ദ്രിയഗ്രാഹ്യം വിശേഷശ്ച മനോഗ്രാഹ്യം" എന്ന ബൗദ്ധപക്ഷത്തെ ഖണ്ഡിക്കുന്ന പൂർവപക്ഷം. ഇതിന്നു സമാധാനം ഇന്ദ്രിയജ്ഞാനം വസ്തുവിനെ സാമാന്യവിശേഷങ്ങളടക്കം വിഷയമാക്കുന്നു; മനസ്സാകട്ടെ, സാമാന്യത്തെയും വിശേഷത്തെയും വേർതിരിച്ചു വസ്തുവിനെ ഗ്രഹിക്കുകയാണ്.

ഭാഷ്യം:—മനസ്സിന്റെ സങ്കല്പലക്ഷണമായ ഈ വ്യാപാരം സമാനാസമാനജാതീയങ്ങൾകൊണ്ടു വ്യവച്ഛേദിച്ചു മനസ്സിനെ ലക്ഷ്യമാക്കുന്നു.

---

* അസ്തിഹ്യാലോചനം ജ്ഞാനം-പ്രഥമം നിർവ്വികല്പകം
ബാലമൂകാദി വിജ്ഞാന-സദൃശം ശുദ്ധവസ്തുജം
തതഃപരം ശുദ്ധവസ്തു-ധർമ്മൈർജാത്യാദിഭിര്യയാ
ബുദ്ധ്യാ വസീയതേ സാപി-പ്രത്യക്ഷതേന സമ്മത.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

വിവരണം:—സങ്കല്പത്തിന്റെ വ്യാഖ്യാനം കഴിഞ്ഞു. ഇനി "സങ്കല്പാത്മക"മെന്ന മനസ്സിന്റെ ലക്ഷണസമന്വയം സമർത്ഥിക്കുകയാണ്. സമാനജാതിയായ ബുദ്ധിയിൽനിന്നും, അസമാനജാതിയായ പഞ്ചേന്ദ്രിയങ്ങളിൽനിന്നും മനസ്സിനെ വേർതിരിക്കണം. ലക്ഷണനിർദ്ദേശം കൂടാതെ വേർതിരിച്ചുകാട്ടുകക സാദ്ധ്യമല്ല. അതിനുവേണ്ടി മനസ്സിന്റെ വ്യാപാരരൂപമായ സങ്കല്പത്തെ അതിന്റെ ലക്ഷണമായി നിർദ്ദേശിച്ചു. അങ്ങനെ മനസ്സ്, സങ്കല്പലക്ഷണമെന്നു സമർത്ഥിതമായി; "സങ്കല്പലക്ഷണവ്യാപാരവത്വം മനസ്ത്വം."

ഭാഷ്യം:—അസാധാരണവ്യാപാരയോഗികളായ മഹദഹങ്കാരങ്ങൾ ഇന്ദ്രിയമല്ലാത്തതുപോലെ, അസാധാരണവ്യാപാരയോഗിയായ മനസ്സും ഇന്ദ്രിയമായി ഭവിക്കാനർഹിക്കുന്നില്ല എന്നതുകൊണ്ട് പറയുന്നു; "ഇന്ദ്രിയം ച" എന്ന്. എന്തുകൊണ്ട്? സാധർമ്മ്യംകൊണ്ട്. മററിന്ദ്രിയങ്ങളോടുള്ള സാത്ത്വികാഹംകാരോപാദാനത്വമാണ് സാധർമ്മ്യം; ഇന്ദ്രിയലിംഗത്വമില്ല; മഹദഹംകാരങ്ങൾക്കും ആത്മലിംഗത്വംകൊണ്ട് ഇന്ദ്രിയത്വപ്രസംഗം ഹേതുവായിട്ട്. അതിനാൽ, വ്യുത്പത്തിമാത്രമാണിന്ദ്രലിംഗത്വം. പ്രവൃത്തിനിമിത്തമല്ല.

വിവരണം:—മനസ്സിന്റെ ഇന്ദ്രിയത്വം വ്യക്തമാക്കുന്നു. സങ്കല്പം മനസ്സിന്റെ ലക്ഷണമാണല്ലോ. അസാധാരണവ്യാപാരമാണു സങ്കല്പം. ബുദ്ധിയും അഹംകാരവും അസാധാരണവ്യാപാരമുള്ളവയാണ്. അവ രണ്ടുമിന്ദ്രിയങ്ങളല്ലതാനും. അതുപോലെ മനസ്സും ഇന്ദ്രിയമല്ലാതിരിക്കേണ്ടതല്ലേ? ഈ സംശയമൊഴിവാക്കാനാണ് കാരികയിൽ "ഇന്ദ്രിയം ച" എന്നു പറഞ്ഞത്. മനസ്സ്, ഇന്ദ്രിയംകൂടിയാണെന്ന് അതിന്റെ അർത്ഥം. എങ്ങനെയെന്നോ? മനസ്സുൾപ്പെടെയുള്ള പതിനൊന്നിന്ദ്രിയങ്ങൾക്കും സാത്ത്വികാഹംകാരം ഉപാദാനകാരണമാണ്. അങ്ങനെ ഇതരേന്ദ്രിയങ്ങളുടെ സമാനധർമ്മത്വമിരിക്കുന്നതുകൊണ്ട് മനസ്സ് ഇന്ദ്രിയം തന്നെ. എന്നാൽ, മററിന്ദ്രിയങ്ങൾക്കെന്നപോലെ, മനസ്സിനിന്ദ്രലിംഗത്വ(ആത്മചിഹ്നത്വം)മില്ല. ഉണ്ടായാൽ ബുദ്ധ്യഹങ്കാരങ്ങൾക്കും ഇന്ദ്രലിംഗത്വം ബാധകമാകും. ഇന്ദ്രലിംഗത്വമെന്നാൽ ഇന്ദ്രിയത്വം. അതു മനസ്സിനില്ലെങ്കിൽ പിന്നെ മനസ്സ് ഇന്ദ്രിയമാകുന്നതെങ്ങനെ? മനസ്സിനെ സംബന്ധിച്ചിടത്തോളം

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഇന്ദ്രലിംഗത്വം അഥവാ ഇന്ദ്രിയത്വം വ്യുത്പത്തിമാത്രമാണ്; പ്രവൃത്തിനിമിത്തമല്ല. ഗോശബ്ദം മൃഗവിശേഷത്തെ കുറിക്കുന്നു. "ഗച്ഛതീതി" എന്നു് അതിന്റെ വ്യുത്പത്തി. ഗമിക്കുന്നതെന്നു ത്ഥം. ഗമനം മനുഷ്യാദിയിലും സംഗതമാണു്. എന്നാൽ താട മുതലായതു ഗോശബ്ദത്തിന്റെ പ്രവൃത്തിനിമിത്തത്തെ ആശ്രയിക്കുന്നു. അതുപോലെ, മനസ്സിനു വ്യുത്പത്തിമാത്രമായ ഇന്ദ്രിയത്വമേയുള്ളു. ചക്ഷു(കണ്ണ്)രാദിയിലെ പ്രവൃത്തിനിമിത്തമായ ഇന്ദ്രിയത്വമില്ല.

ഭാഷ്യം:—ഇനി ഏകമായ സാത്ത്വികാഹംകാരത്തിൽനിന്നു് ഏകാദശേന്ദ്രിയങ്ങൾ എങ്ങനെ ഭവിക്കുന്നു എന്നു പറയുന്നു. "ഗുണപരിണാമവിശേഷനാനാത്വം ബാഹ്യഭേദാശ്ച" എന്നു്. ശബ്ദാദ്യുപഭോഗപ്രവത്തകാദൃഷ്ടസഹകാരിഭേദത്തിൽനിന്നു കാര്യഭേദം ഭവിക്കുന്നു. അദൃഷ്ടഭേദമാകട്ടെ ഗുണപരിണാമംതന്നെ.

വിവരണം:—സാത്ത്വികാഹംകാരമൊന്നുമാത്രം. അതിൽനിന്നു പതിനൊന്നിന്ദ്രിയങ്ങളുണ്ടായതെങ്ങനെയെന്ന സംശയം പരിഹരിക്കുന്നു. ഗുണപരിണാമത്തിന്റെ വിശേഷത്തിൽനിന്നാണു നാനാവിധമായ ഇന്ദ്രിയങ്ങളുണ്ടാകുന്നതു്. അതായതു്, ശബ്ദാദികളുടെ അനുഭവമുണ്ടാക്കുന്ന അദൃഷ്ടകാരണവിശേഷം നിമിത്തം കാര്യവിശേഷമായ ഇന്ദ്രിയനാനാത്വം ജനിക്കുന്നു. അദൃഷ്ടവിശേഷമെന്നുവച്ചാൽ ഗുണപരിണാമം. അതിനെ ദൃഷ്ടാന്തം കാണിച്ചു സമത്ഥിക്കുന്നു.

ഭാഷ്യം:—"ബാഹ്യഭേദാശ്ച" എന്നതു ദൃഷ്ടാന്തപ്രയോജനത്തോടുകൂടിയതാണു്. ബാഹ്യഭേദങ്ങളെങ്ങനെയോ അങ്ങനെയിതുമെന്നത്ഥം.

വിവരണം:—ബാഹ്യഭേദാശ്ച എന്നതിലെ ചകാരം സാദൃശ്യവാചകമാണു്. ബാഹ്യഭേദങ്ങളെന്നാൽ, പുറമേയുള്ള ശബ്ദസ്പശരൂപരസഗന്ധങ്ങൾ; തന്മാത്രകൾ. താമസാഹംകാരമൊന്നേയുള്ളു. അതിൽനിന്നു ശബ്ദസ്പശാദികളായ നാനാവിധതന്മാത്രകളുണ്ടാകുന്നു. അതുപോലെ ഏകമായ സാത്ത്വികാഹംകാരത്തിൽനിന്നു് ഇന്ദ്രിയനാനാത്വമുണ്ടാവുകയാണു്.

16

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഭാഷ്യം: — ഇങ്ങനെ ഏകാദശേന്ദ്രിയങ്ങളുടെ സ്വരൂപം പറഞ്ഞിട്ട് ദശേന്ദ്രിയങ്ങളുടെ അസാധാരണവൃത്തികളെ പറയുന്നു.

വിവരണം: — ജ്ഞാനേന്ദ്രിയങ്ങൾ, കർമ്മേന്ദ്രിയങ്ങൾ, മനസ്സ് ഈ പതിനൊന്നിന്ദ്രിയങ്ങളുടെ സ്വരൂപനിരൂപണം സാധിച്ചു. ഇനി മനസ്സൊഴിച്ചുള്ള പത്തിന്ദ്രിയങ്ങളുടെ സാധാരണവ്യാപാരങ്ങളെക്കുറിച്ചു പറയാൻപോറുകയാണ്.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഇന്ദ്രിയവൃത്തിനിരൂപണം

കാരിക:—

> രൂപാദിഷു പഞ്ചാനാ-
> മാലോചനമാത്രമിഷ്യതേ വൃത്തിഃ
> വചനാദാനവിഹരണോ-
> ത്സർഗ്ഗാനന്ദാശ്ച പഞ്ചാനാം. ൨൮

അർത്ഥം:—രൂപാദികളിലെ ആലോചനമാത്രമാണ് ജ്ഞാനേന്ദ്രിയങ്ങളുടെ വൃത്തി. വചനം, ആദാനം, വിഹരണം, ഉത്സർഗ്ഗം, ആനന്ദം ഇത്രയും കർമ്മേന്ദ്രിയങ്ങളുടെ വൃത്തിയും.

രൂപാദിവിഷയങ്ങളെ വസ്തുമാത്രമായറിയുക ജ്ഞാനേന്ദ്രിയങ്ങളുടെ വ്യാപാരം. കർമ്മേന്ദ്രിയങ്ങളുടെ വ്യാപാരം, വാക്ക്, എടുക്കുക (കൈയുടെ പ്രവൃത്തി), സഞ്ചാരം (കാലിൻെറ പ്രവൃത്തി), മലവിസർജ്ജനം (ഗുദത്തിൻെറ പ്രവൃത്തി), ആനന്ദം (ഉപസ്ഥത്തിൻെറ പ്രവൃത്തി) ഇത്രയുമാണ്.

ഭാഷ്യം:—ബുദ്ധീന്ദ്രിയങ്ങളുടെ സമ്മുഗ്ദ്ധവസ്തുമാത്രദർശനമായ ആലോചനത്തെ പറഞ്ഞിട്ടുണ്ട്. അഞ്ചു കർമ്മേന്ദ്രിയങ്ങളുടെ വൃത്തികൾ, വചനാദാനവിഹരണോത്സർഗ്ഗാനന്ദങ്ങളാണ്. കണ്ഠതാല്വാദിസ്ഥാനമായ ഇന്ദ്രിയമാണ് വാക്ക്. അതിൻെറ വൃത്തി വചനം. അന്യം സ്പഷ്ടമാണ്.

വിവരണം:—ബുദ്ധീന്ദ്രിയങ്ങളെന്നാൽ,ജ്ഞാനേന്ദ്രിയങ്ങൾ അവയുടെ പ്രവൃത്തി വസ്തുസാമാന്യമാത്രമായ ജ്ഞാനമെന്നു മുമ്പു പറഞ്ഞിട്ടുണ്ട്. ആകയാൽ, ജ്ഞാനേന്ദ്രിയവൃത്തികളുടെ വിവരണം, ഇവിടെ ആവശ്യമില്ല. പിന്നെ അഞ്ചു കർമ്മേന്ദ്രിയപ്രവൃത്തികളെക്കുറിച്ചാണ പറയാനുള്ളത്. വാക്കെന്ന കർമ്മേന്ദ്രിയമു

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ണ്ടല്ലോ; അതിൻെറ സ്ഥാനം കണ്ഠവും താലുവും. പ്രവൃത്തി, വചനം അഥവാ സംഭാഷണം. കൈയുടെ പ്രവൃത്തി പിടുക്കുക കൊടുക്കുക മുതലായവ. നടപ്പാണ കാലിൻെറ പ്രവൃത്തി. മലമൂത്ര വിസർജ്ജനം ഗുദത്തിൻെറ പ്രവൃത്തി. സ്ത്രീപുരുഷസംയോഗം കൊണ്ടുള്ള ആനന്ദം ഉപസ്ഥത്തിൻെറ പ്രവൃത്തിയാണ്. വാക്കൊഴികെ മറ്റെല്ലാ കർമ്മേന്ദ്രിയങ്ങളുടെയും വ്യാപാരം—വൃത്തി— എല്ലാവർക്കുമറിയാവുന്നതുകൊണ്ട് അന്യം സ്പഷ്ടമെന്ന പറഞ്ഞു.

അന്തഃകരണവൃത്തിയെക്കുറിച്ചു പറയുന്നു. മനസ്സും ബുദ്ധിയും അഹങ്കാരവുംകൂടിയതാണ് അന്തഃകരണം.

കാരികഃ—

സ്വാലക്ഷണ്യം വൃത്തി-
സ്ത്രയസ്യ സൈഷാ ഭവത്യസാമാന്യാ
സാമാന്യകരണവൃത്തി
പ്രാണാദ്യവായവഃ പഞ്ച. 29

അർത്ഥം:—ത്രയത്തിൻെറ സ്വാലക്ഷണ്യം വൃത്തിയാണ്; ആയത് അസാമാന്യയാകുന്നു. പ്രാണാദികളായ പഞ്ചവായുക്കൾ സാമാന്യകരണവൃത്തിയും.

ത്രയമെന്നാൽ മൂന്ന്; ബുദ്ധിയും അഹങ്കാരവും മനസ്സും. ഈ മൂന്നും കൂടിയത് അന്തഃകരണം. ബുദ്ധിയുടേയും അഹങ്കാരത്തിൻേറയും മനസ്സിൻേറയും ലക്ഷണം പറഞ്ഞിട്ടുണ്ട്. ആ ലക്ഷണംതന്നെ ഓരോന്നിൻേറയും വ്യാപാരം; വൃത്തി. അന്തഃകരണത്തിൻെറ അസാമാന്യവ്യാപാരമാണത്. പ്രാണൻ മുതലായ പഞ്ചവായുക്കളുടെ വ്യാപാരം സാമാന്യവും.

ഭാഷ്യം:—"സ്വാലക്ഷണ്യം വൃത്തിസ്ത്രയസ്യ"; സ്വലക്ഷണങ്ങളോടുകൂടിയവയുടെ ഭാവമാണ സ്വാലക്ഷണ്യം. സ്വലക്ഷണങ്ങളോടുകൂടിയവ, മഹദഹംകാരമനസ്സുകളാണ്. അവയുടെ ഭാവം സ്വാലക്ഷണ്യം. അതു് സ്വന്തം സ്വന്തം ലക്ഷണങ്ങളാകുന്ന വൃത്തിയുള്ളതായിരിക്കുന്നു. എങ്ങനെയെന്നാൽ മഹത്തിന് (ബുദ്ധിക്ക്) അധ്യവസായം; അഹങ്കാരത്തിന് അഭിമാനം; മനസ്സിനു സങ്കല്പം.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

വിവരണം:—"സ്വാലക്ഷണ്യം വൃത്തിസ്ത്രയസ്യ" എന്ന കാരികാംശം വ്യാഖ്യാനിക്കുകയാണ്. സ്വന്തലക്ഷണങ്ങളോടു കൂടിയ ബുദ്ധി, അഹങ്കാരം, മനസ്സ് ഇവയുടെ ഭാവമെന്നു സ്വാലക്ഷണ്യത്തിന്റെ അർത്ഥം. ബുദ്ധ്യാദികൾക്കു പറഞ്ഞിട്ടുള്ള ലക്ഷണംതന്നെ അവയുടെ വ്യാപാരം (വൃത്തി). അതായതു്, ബുദ്ധിയുടെ വ്യാപാരം അധ്യവസായം (നിശ്ചയം). അഹങ്കാരത്തിന്റേതു് അഭിമാനം മനസ്സിന്റേതു് സങ്കല്പം. ഇങ്ങനെ ബുദ്ധിയുമഹങ്കാരവും മനസ്സുമുൾപ്പെട്ട അന്തഃകരണത്തിന്റെ വൃത്തി അഥവാ വ്യാപാരം.

ഭാഷ്യം:—സാധാരണാസാധാരണഭേദങ്ങൾകൊണ്ടു് വൃത്തി രണ്ടുവിധം. ആയിതു സാമാന്യയാണു്, അസാധാരണിയാണു്. സാമാന്യകരണവൃത്തി പ്രാണാദികളായ പഞ്ചവായുക്കളാകുന്നു. സാമാന്യമായ കരണവൃത്തിയാണു സാമാന്യകരണവൃത്തി; മൂന്നു കരണങ്ങളുടെ വൃത്തി, പഞ്ചവായുക്കൾ; അതു ജീവനവുമാണു്. അതിന്റെ ഭാവത്തിൽ ഉള്ളതുകൊണ്ടും അതിന്റെ അഭാവത്തിൽ ഇല്ലാത്തതുകൊണ്ടും.

വിവരണം:—അന്തഃകരണത്തിന്റെ വ്യാപാരം, പ്രവൃത്തി രണ്ടുതരം; അസാമാന്യമെന്നും സാമാന്യമെന്നും. അതിനെ അസാധാരണം, സാധാരണം, ഇങ്ങനെയും പറയും അസാമാന്യവ്യാപാരം മേൽവിവരിച്ചുകഴിഞ്ഞു. പിന്നെ സാമാന്യവ്യാപാരം, പ്രാണൻ തുടങ്ങിയ പഞ്ചവായുക്കളാണു്. പഞ്ചപ്രാണങ്ങളെന്നും പഞ്ചവായുക്കളെ പറയും. ഒന്നിച്ചുചേർന്ന മനോബുദ്ധ്യഹങ്കാരങ്ങളുടെ സാധാരണവ്യാപാരമാണു് പഞ്ചപ്രാണങ്ങൾ. ആ വ്യാപാരമുള്ളപ്പോഴാണു് ജീവിതമുള്ളതു്; ഇല്ലെങ്കിൽ ജീവിതമില്ല. അതുകൊണ്ടു് അന്തഃകരണത്തിന്റെ സാമാന്യവ്യാപാരരൂപമായ പ്രാണങ്ങൾ ജീവനാണു്. പ്രാണൻ, അപാനൻ, സമാനൻ, ഉദാനൻ, വ്യാനൻ ഈ അഞ്ചുമാണു പഞ്ചപ്രാണങ്ങൾ അഥവാ പഞ്ചവായുക്കൾ

പ്രാണാദികളിൽ ഓരോന്നിന്റെ പേരും പ്രവർത്തനസ്ഥാനങ്ങളും പറയുന്നു.

ഭാഷ്യം:—അവയിൽ പ്രാണൻ, നാസാഗ്രഹൃന്നാഭിപാദാംഗുഷ്ഠവൃത്തിയാണു്. കൃകാടികാപൃഷ്ഠപാദപായൂപസ്ഥപാർശ്വവൃത്തിയാണു് അപാനൻ. സമാനൻ, ഹൃന്നാഭിസർവ്വസന്ധിവൃത്തിയായി

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

രിക്കുന്നു. ഏത്കണ്ഠതാലുമൂർദ്ധഭ്രൂമധ്യവൃത്തിയാണ് ഉദാനൻ. വ്യാനൻ ത്വഗ്വൃത്തിയും. ഇങ്ങനെ പഞ്ചവായുക്കൾ.

വിവരണം:—മൂക്ക്, ഹൃദയം, നാഭി, കാലിന്റെ പെരുവിരൽ, ഈ സ്ഥാനങ്ങളിൽ പ്രാണവായു പ്രവർത്തിക്കുന്നു. പ്രാണനം കൊണ്ട്—ശരീരധാരണംകൊണ്ട്—പ്രാണനെന്ന പേരിന് സാർത്ഥക്യം. അപാനവായുവിന്റെ പ്രവർത്തനസ്ഥാനങ്ങൾ, പിൻകഴുത്തും തലയും പോരുന്നിടവും പുറവും പാദവും ഗുദവും വശങ്ങളും. ഹൃദയത്തിലും നാഭിയിലും എല്ലാ സന്ധികളിലും സമാനവായു പ്രവർത്തിക്കുന്നു. ഉദാനവായു പ്രവർത്തിക്കുന്നത് ഹൃദയം, കഴുത്ത്, മേലണ്ണാക്ക്, ശിരസ്സ്, പുരികമദ്ധ്യം ഇവിടങ്ങളിലാണ്. തൊലിയിൽ വ്യാനവായു പ്രവർത്തിക്കുന്നു. പ്രാണൻ തുടങ്ങിയ പഞ്ചവായുക്കളുടെ പ്രവൃത്തിസ്ഥാനങ്ങളാണിപ്പറഞ്ഞതെല്ലാം.

ഭാഷ്യം:—ചതുർവിധകരണത്തിന്റെ അസാധാരണങ്ങളായ വൃത്തികളിലെ ക്രമാക്രമങ്ങളെ സപ്രകാരങ്ങളായി പറയുന്നു.

വിവരണം:— ഇന്ദ്രിയസഹിതമായ മനസ്സ്, കേവലമായ മനസ്സ്, അഹങ്കാരം, ബുദ്ധി ഇവ നാലും കൂടിയത് ചതുർവിധകരണം. ഈ ചതുർവിധകരണത്തിന്റെ സങ്കല്പവും അഭിമാനവും അദ്ധ്യവസായവുമായ അസാധാരണവ്യാപാരങ്ങൾ, ചിലപ്പോൾ ക്രമമായും മററു ചിലപ്പോൾ ഒന്നിച്ചും നടക്കും. ആ രണ്ടുതരം വ്യാപാരസ്വഭാവങ്ങൾ വിവരിക്കുകയാണ്.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

വൃത്തിപ്രകാരനിരൂപണം

കാരിക:—

യുഗപച്ചതുഷ്ടയസ്യ തു
വൃത്തിഃ ക്രമശശ്ച തസ്യ നിർദ്ദിഷ്ടാ
ദൃഷ്ടേ തഥാപ്യദൃഷ്ടേ
ത്രയസ്യ തത്പൂർവ്വികാവൃത്തിഃ 30

അർത്ഥം:—ദൃഷ്ട (പ്രത്യക്ഷ) ത്തിൽ ചതുഷ്ടയമായ അതിന് യുഗപത്തായും ക്രമമായും വൃത്തി നിർദ്ദിഷ്ടയാകുന്നു അദൃഷ്ട (അപ്രത്യക്ഷ)ത്തിൽ ത്രയത്തിന്—അന്തഃകരണത്തിന്—അപ്രകാരം തത്പൂർവ്വികയായ വൃത്തി ഭവിക്കുന്നു.

ചതുഷ്ടയമെന്നാൽ, മുൻപറഞ്ഞ ചതുർവിധകരണം. കേവലമനസ്സും അഹങ്കാരവും ബുദ്ധിയുമുൾപ്പെട്ടതാണു ത്രയം. ഇതു രണ്ടുമന്തഃകരണംതന്നെ. പ്രത്യക്ഷസ്ഥലത്തു് ചതുർവിധകരണത്തിന്റെ വ്യാപാരം ചിലപ്പോൾ ഒന്നിച്ചും ചിലപ്പോൾ ക്രമമായും നടക്കുമെന്നു സാംഖ്യാചാര്യന്മാർ നിർദ്ദേശിച്ചിരിക്കുന്നു. അപ്രത്യക്ഷത്തിൽ, ഇന്ദ്രിയസഹിതമായ മനസ്സിനെക്കൂടാതുള്ള അന്തഃകരണ(ത്രയ)ത്തിന്റെ വ്യാപാരമേ സംഭവിക്കൂ. അതും പ്രത്യക്ഷത്തിലെന്നപോലെ ഒന്നിച്ചും ക്രമമായുമാണ് സംഭവിക്കുക.

ഭാഷ്യം:—ദൃഷ്ടത്തിൽ എങ്ങനെയെന്നാൽ—സന്തമസാന്ധകാരത്തിൽ വിദ്യുത്സംപാതമാത്രംകൊണ്ട് അഭിമുഖമായി അതിസന്നിഹിതമായ വ്യാഘ്രത്തെ എപ്പോൾ കാണുന്നു അപ്പോൾ ഇതിന്റെ (കരുവായുടെ) ആലോചന സങ്കല്പാഭിമാനാദ്ധ്യവസായങ്ങൾ യുഗപത്തായിത്തന്നെ ആവിർഭവിക്കുന്നു. യാതൊന്നു ഹേതു

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

വായിട്ട് അനന്തരം ഉത്പ്ലവിച്ച് തത്സ്ഥാനത്തുനിന്നു ക്ഷണത്തിൽ അപസരിക്കുന്നു.

വിവരണം:—പ്രത്യക്ഷത്തിൽ, ചതുഷ്ടയത്തിന്റെ വ്യാപാരം ഒന്നിച്ച് (യുഗപത്) നടക്കുന്നതിനെ ഉദാഹരിക്കുകയാണ്. ഒരാൾ ഇരുട്ടിൽ സഞ്ചരിക്കുമ്പോൾ മിന്നലിന്റെ വെളിച്ചംകൊണ്ടു നേരിട്ടടുത്തെത്തിയ കടുവായെക്കണ്ടു്, അവിടെനിന്നു ക്ഷണം ഓടിപ്പോകുന്നു. ഈ പ്രകൃതത്തിൽ ജ്ഞാനേന്ദ്രിയവും മനസ്സും അഹങ്കാരവും ബുദ്ധിയും ഒന്നിച്ചു വ്യാപരിച്ചിട്ടുണ്ടു്. എങ്ങനെയെന്നു പറയാം. കടുവായെക്കണ്ടമാത്രയിൽ, വസ്തുമാത്രജ്ഞാനമുണ്ടായി. അതു കണ്ണിന്റെ വ്യാപാരം (ആലോചനം). പിന്നെ കടുവായെന്നു വേർതിരിച്ചറിഞ്ഞതു് മനസ്സിന്റെ വ്യാപാരം(സങ്കല്പം). അനന്തരം എന്റെ നേരെ കൊല്ലാൻ വരികയാണെന്നുണ്ടായ അറിവു് അഹങ്കാരത്തിന്റെ വ്യാപാരം (അഭിമാനം). ഒടുവിൽ, ഇവിടെനിന്നു മാറണമെന്ന നിശ്ചയം ബുദ്ധിയുടെ വ്യാപാരം (അദ്ധ്യവസായം). ഇങ്ങനെ ആലോചനവും സങ്കല്പവും അഭിമാനവും അദ്ധ്യവസായവുമായ നാലു വൃത്തികളും കടുവായെ കാണുകയെന്ന പ്രത്യക്ഷത്തിൽ ഒന്നായി പ്രവർത്തിച്ചു.

ഭാഷ്യം:—പ്രത്യക്ഷത്തിൽ, ക്രമമെങ്ങനെയെന്നാൽ; അല്പമായ വെളിച്ചത്തിൽ പ്രഥമമായി വസ്തുമാത്രമായ സംമുഗ്ദ്ധത്തെ കാണുന്നു. അനന്തരം പ്രതിഹിതമനസ്സായിട്ട്, കർണ്ണാന്താകൃഷ്ടസശരശിഞ്ജിതമണ്ഡലീകൃതകോദണ്ഡനായി പ്രചണ്ഡതരനായ പാടച്ചരനാണിവനെന്നു നിശ്ചയിക്കുന്നു. പിന്നെ എന്റെ നേരെ വരുന്നെന്നഭിമാനിക്കുന്നു. എന്നിട്ട് അദ്ധ്യവസായം ചെയ്യുന്നു; ഈ സ്ഥാനത്തുനിന്നു് അപസരിക്കണമെന്ന്.

വിവരണം:—ക്രമമായ അന്തഃകരണവ്യാപാരങ്ങൾക്ക് ഉദാഹരണം. ഒരാൾ മങ്ങിയ വെളിച്ചത്തു സഞ്ചരിക്കയാണ്. അപ്പോൾ ഒരു വസ്തുവിനെക്കണ്ടു. ഉടനെ ശ്രദ്ധിക്കാൻ തുടങ്ങി. ക്രമത്തിൽ അതു്, ചെവിയോളം വലിച്ചസ്ത്രംതൊടുത്തു കുലച്ച വില്ലോടുകൂടിയ അതിഭയങ്കരനായ കള്ളനെന്നു തിരിച്ചറിയുന്നു. പിന്നെ ഇവൻ എന്റെ നേരെ വരുന്നതായി മനസ്സിലാക്കുകയും അനന്തരം ഇവിടെനിന്ന് ഓടിപ്പോകണമെന്നു തീരുമാനമെടുക്കുകയും ചെയ്യുന്നു. ഇതിൽ ആദ്യത്തെ വസ്തുമാത്രജ്ഞാനം, സംമുഗ്ദ്ധം, ചക്ഷുരിന്ദ്രിയത്തിന്റെ വ്യാപാരം. പിന്നെ ശ്രദ്ധിച്ചപ്പോഴുണ്ടായ, കുറി

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

യല്ല [illegible]ാണെന്ന വിവേചനജ്ഞാനം, സങ്കല്പം, മനസ്സിന്റെ വ്യാപാരം. എന്റെ നേരേ വരുന്നു എന്നതു് അഭിമാനം; അഹങ്കാരത്തിന്റെ വ്യാപാരം. ഇവിടെനിന്നു് ഓടിപ്പോകണമെന്ന തീരുമാനം (അദ്ധ്യവസായം) ബുദ്ധിയുടെ വ്യാപാരം. ഈ വ്യാപാരങ്ങൾ ഇവിടെ ക്രമമായി പ്രവൎത്തിക്കുന്നു. നാലുവക കരണങ്ങളുടെ പ്രത്യക്ഷത്തിലെ ക്രമാക്രമവൃത്തികൾ സോദാഹരണം വിവരിച്ചുകഴിഞ്ഞു. അടുത്തതായി പ്രത്യക്ഷമല്ലാത്ത (പരോക്ഷ) സ്ഥലത്തെ ക്രമാക്രമങ്ങൾ വിവരിക്കാൻ തുടങ്ങുന്നു.

ഭാഷ്യം:—പരോക്ഷത്തിലാകട്ടെ, അന്തഃകരണത്രയത്തിനു് ബാഹ്യേന്ദ്രിയവൎജ്ജമായ വൃത്തി ഭവിക്കുന്നതുകൊണ്ടു് "അദൃഷ്ടേ ത്രയസ്യ തത്പൂൎവ്വികാവൃത്തി"യെന്നു പറഞ്ഞു. അന്തഃകരണത്രയത്തിന്റെ യുഗപത്ക്രമംകൊണ്ടുള്ള വൃത്തി ദൃഷ്ടപൂൎവ്വികയെന്നു സാരം. യാതൊന്നു ഹേതുവായിട്ടു് പരോക്ഷമായ അൎത്ഥത്തിൽ അനുമാനാഗമസ്മൃതികൾ ദൎശനപൂൎവ്വങ്ങളായി പ്രവൎത്തിക്കുന്നു; മറ്റുവിധം പ്രവൎത്തിക്കുന്നില്ല. അതുകൊണ്ടു് ദൃഷ്ടത്തിലെപ്രകാരമോ അദൃഷ്ടത്തിലും അപ്രകാരമെന്നു യോജനം ഭവിക്കുന്നു.

വിവരണം:—പ്രത്യക്ഷമല്ലാത്ത സ്ഥലത്തു് അനുമാനം, ആഗമം (ശബ്ദം), സ്മരണം ഇവയിൽ ബാഹ്യേന്ദ്രിയങ്ങളോടുകൂടിയ മനസ്സിന്റെ വ്യാപാരമില്ല. അവിടെ കേവലമനസ്സും അഹങ്കാരവും ബുദ്ധിയും (ത്രയം) മാത്രമേ പ്രവൎത്തിക്കുന്നുള്ളു. എന്നാൽ അപ്രത്യക്ഷ (അദൃഷ്ട)ത്തിലെ അനുമാനാദികളും പ്രത്യക്ഷത്തിന്റെ അടിസ്ഥാനത്തിലാണു പ്രവൎത്തിക്കുന്നതു്. തന്മൂലം പ്രത്യക്ഷത്തിലെപ്പോലെയാണപ്രത്യക്ഷത്തിലുമെന്നതിനു യോജിപ്പുണ്ടു്.

പരോക്ഷത്തിലെ അനുമാനാദികൾക്കു പ്രത്യക്ഷത്വം (ദൎശനപൂൎവ്വത്വം) എങ്ങനെയെന്നു വ്യക്തമാക്കുന്നു. വ്യാപ്തിജ്ഞാനം കൊണ്ടുവേണം അനുമാനം സാധിക്കാൻ. വ്യാപ്തിജ്ഞാനമാകട്ടെ പ്രത്യക്ഷമാണു്. പുക കണ്ടു് അഗ്നിയെ അനുമാനിക്കുന്നതു് ദൃഷ്ടാന്തം. ഇവിടെ പുക, വ്യാപ്തി. അതു പ്രത്യക്ഷമാണല്ലോ. ആഗമത്തെ ശബ്ദമെന്നും പറയും. ശബ്ദത്തിൽ, ശക്തിഗ്രഹം പ്രത്യക്ഷം. അൎത്ഥബോധത്തിനു സഹായിക്കുന്ന വൃത്തിയാണു ശക്തിഗ്രഹം. 'അഭിധ'യെന്നും അതിനു പേരുണ്ടു്. സ്മരണത്തിലെ പ്രത്യക്ഷം, അനുഭവരൂപമായ സംസ്കാരം. ഇങ്ങനെ അപ്രത്യക്ഷമായവയിലും പ്രത്യക്ഷത്തിന്റെ അന്തൎഭാവം.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അപ്രത്യക്ഷത്തിലെ അനുമാനാദികളിലും അന്തഃകരണവൃത്തികൾ, ക്രമാക്രമങ്ങളായി—ക്രമമായുമൊന്നിച്ചും—പ്രവർത്തിക്കുന്നു.

ഭാഷ്യം:—നാലിന്റെയോ മൂന്നിന്റെയോ (നാലുവക അന്തഃകരണം മൂന്നുവക അന്തഃകരണം, ഇവയുടെ) വൃത്തികൾ തന്മാത്രാധീനങ്ങളാണ്. അവയുടെ സദാതനത്വംകൊണ്ടു വൃത്തികൾക്ക് സദോത്പാദപ്രസംഗം ഹേതുവായിട്ട്. ആകസ്മികത്വത്തിലാകട്ടെ വൃത്തിസങ്കരപ്രസംഗം ഭവിക്കും, നിയതഹേതുവിന്റെ അഭാവംനിമിത്തം. എന്നതുകൊണ്ടു പറയുന്നു.

വിവരണം:—നാലു കരണവും മൂന്നു കരണവുമുൾപ്പെട്ട രണ്ടിനും അന്തഃകരണമുണ്ടെന്നു പറഞ്ഞല്ലോ; അതിൽ ആദ്യത്തെതിന്റെ വൃത്തികൾ പ്രത്യക്ഷവിഷയമാണ്. രണ്ടാമത്തേതിന്റേതു് പരോക്ഷവിഷയവും. ആ രണ്ടിന്റെ വൃത്തികളും ബുദ്ധ്യാദികളെ മാത്രമല്ല തന്മാത്രകളേയും ആശ്രയിക്കുന്നു. ശബ്ദാദിവിഷയങ്ങളാണ് തന്മാത്രകൾ. ബുദ്ധ്യാദികൾ എപ്പോഴുമുള്ളവയാകകൊണ്ട്, വൃത്തികൾ അവയെമാത്രമാശ്രയിക്കയാണെങ്കിൽ എപ്പോഴും ഉണ്ടായിക്കൊണ്ടിരിക്കും. വ്യവസ്ഥിതമായ കാരണമില്ലാത്തതുകൊണ്ട് വൃത്തികൾ സംകരമായി പ്രവർത്തിക്കയുംചെയ്യും. മറിച്ച് ശബ്ദാദിവിഷയങ്ങൾക്കധീനമായാൽ വൃത്തികളെപ്പോഴുമുണ്ടാവുകയില്ല, സംകരമായി—വ്യവസ്ഥയില്ലാതെ—പ്രവർത്തിക്കയുമില്ല. അന്തഃകരണവൃത്തികൾ ശബ്ദാദിവിഷയങ്ങളെക്കൂടി ആശ്രയിക്കുന്നതുകൊണ്ടാണ്, വിഷയസാന്നിദ്ധ്യത്തിൽ (എപ്പോഴുമുണ്ടാകാതെ) മാത്രമുണ്ടാകുന്നതും ഇന്ന വിഷയത്തിന് ഇന്ന വൃത്തിയെന്നു വ്യവസ്ഥിതമായി പ്രവർത്തിക്കുന്നതും.

കാരിക:—

സ്വാംസ്വാം പ്രതിപദ്യന്തെ
പരസ്പരാകൂതഹേതുകാം വൃത്തിം
പുരുഷാർത്ഥ എവ ഹേതു-
ർന്നകേനചിത് കാര്യതെ കരണം. 31

അർത്ഥം:—കരണങ്ങൾ, പരസ്പരാകൂതഹേതുകമായ തന്റെ വൃത്തിയെ പ്രാപിക്കുന്നു. (ഇവയുടെ പ്രവൃത്തിയിൽ) പുരുഷാർത്ഥം തന്നെ ഹേതു; ഒന്നിനാലും കരണം വ്യാപരിക്കപ്പെടുന്നില്ല.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പ്രത്യക്ഷവിഷയങ്ങളും അപ്രത്യക്ഷവിഷയങ്ങളുമായ ബുദ്ധ്യാദികരണങ്ങൾ അന്യോന്യപ്രവൎത്തനോന്മുഖമായ കരണമാത്രയിച്ചു് അതതു വൃത്തിയെ പ്രാപിക്കുന്നു. ഈദൃശപ്രവൎത്തനത്തിന്റെ കരണം പുരുഷാൎത്ഥമാണു്. മറെറാന്നുകൊണ്ടും ബുദ്ധ്യാദികരണങ്ങൾ വ്യാപരിക്കുന്നില്ല.

ഭാഷ്യം:—കരണങ്ങൾ എന്നുവേണം. എങ്ങനെ ബഹുക്കളായ പുരുഷന്മാർ ശാക്തികന്മാരും യാഷ്ടികന്മാരും കാർപ്പാണികന്മാരുമായിട്ടു കൃതസങ്കേതന്മാരായി പരാവസ്കന്ദനത്തിനു പ്രവൎത്തന്മാരായിരിക്കുമ്പോൾ അവരിൽ ഒരുത്തന്റെ ആകൂതം (അഭിപ്രായം) അവഗമിച്ചു് മറെറാരുവൻ പ്രവൎത്തിക്കുന്നു. പ്രവൎത്തമാനനായ ശാക്തികനാകട്ടെ ശക്തി (വേലു്) യെ എടുക്കുന്നു; യഷ്ടി (വടി) മുതലായവ എടുക്കുന്നില്ല. അപ്രകാരം യാഷ്ടികൻ യഷ്ടിയെത്തന്നെയെടുക്കുന്നു; ശക്തി മുതലായവ എടുക്കുന്നില്ല. അങ്ങനെ ഒരു കരണത്തിന്റെ ആകൂതം—സ്വകാര്യകരണാഭിമുഖ്യം—കൊണ്ടു് മറെറാരു കരണം പ്രവൎത്തിക്കുന്നു. ആ പ്രവൃത്തിയുടെ ഹേതുമത്വം കൊണ്ടാണു വൃത്തിസങ്കരപ്രസംഗം ഭവിക്കുന്നില്ലെന്നു പറഞ്ഞതു്, "സ്വാം സ്വാം വൃത്തിം പ്രതിപദ്യന്തേ" എന്നു്.

വിവരണം—അന്തഃകരണവൃത്തികൾ, അതതുവിഷയങ്ങളിൽ വ്യവസ്ഥിതമായി പ്രവൎത്തിക്കുന്നു. അതിനൊരു കാരണംകൂടാതെ കഴികില്ല. ആ കാരണമെന്തെന്നു വ്യക്തമാക്കുകയും വൃത്തികൾ സ്വസ്വവിഷയങ്ങളിൽ പ്രവൎത്തിക്കുന്നതിനെ ഒരു ദൃഷ്ടാന്തം കാണിച്ചു സമൎത്ഥിക്കുകയുമാണു്. ആദ്യം ദൃഷ്ടാന്തം പറയുന്നു. ശത്രുവിനെ ആക്രമിക്കാൻ കുറേ ആൾക്കാർ ആയുധപാണികളായി സങ്കേതസ്ഥലത്തേക്കു പുറപ്പെടുന്നു. വേലു്, വടി, വില്ലു്, വാളു്, ഇങ്ങനെ യുദ്ധത്തിൽ പെരുമാറാൻ പരിചയംനേടിയിട്ടുള്ള ആയുധങ്ങളാരോരോരുത്തരും എടുത്തിരിക്കുന്നതു്. അവർ സങ്കേതസ്ഥലത്തെത്തി. കൂട്ടത്തിൽ ഒരുവന്റെ നിർദ്ദേശമനുസരിച്ചു് മറെറാരോരുത്തരും പ്രവൎത്തിക്കുന്നു. വേൽക്കാരൻ വേലു് മാത്രമേ പ്രയോഗിക്കുന്നുള്ളു. വടി പ്രയോഗിക്കുന്നില്ല. അപ്രകാരം വടിക്കാരൻ വടിതന്നെ പ്രയോഗിക്കുന്നു; വേലു് പ്രയോഗിക്കുന്നില്ല. അതുപോലെ കരണങ്ങളിലൊന്നിന്റെ സ്വകാര്യകരണതാത്പൎയ്യംകൊണ്ടു മറെറാരു കരണം പ്രവൎത്തിക്കുന്നു. ആ പ്രവൃത്തിക്കു കാരണമുള്ളതുകൊണ്ടു് വൃത്തികൾ സംകരപ്പെടുന്നില്ല.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഭാഷ്യം:—യാഷ്ടികാദികൾ ചേതനത്വംകൊണ്ടു പരസ്പരമഭിപ്രായമറിഞ്ഞു പ്രവൎത്തിക്കുന്നു എന്നതു യുക്തമാണ്. കരണങ്ങളാകട്ടെ അചേതനങ്ങളാകുന്നു. അതുകൊണ്ടു് അപ്രകാരം പ്രവൎത്തിക്കാൻ ഉദ്യുക്തങ്ങളാകുന്നില്ല. ആകയാൽ ഈ കരണങ്ങളുടെ സ്വരൂപസാമൎത്ഥ്യോപയോഗാഭിജ്ഞനായ ഒരു അധിഷ്ഠാതാവുണ്ടായിരിക്കണം, എന്നതുകൊണ്ടു പറയുകയാണ്. പുരുഷാൎത്ഥംതന്നെ കാരണം; മററൊന്നുമല്ല കരണത്തെ പ്രവൎത്തിപ്പിക്കുന്നതെന്ന്.

വിവരണം:—മുൻപറഞ്ഞ വേൽക്കാർ, വടിക്കാർ മുതലായവരുണ്ടല്ലോ, അവരാണ് യാഷ്ടികാദികൾ. (യഷ്ടി ആയുധമായുള്ളവൻ യാഷ്ടികൻ.) അവർ ചൈതന്യമുള്ളവരാകുകൊണ്ടു് അന്യോന്യമഭിപ്രായമറിഞ്ഞു പ്രവൎത്തിക്കുന്നതായി പറഞ്ഞതു യോജിക്കുന്നു. എന്നാൽ, അന്തഃകരണങ്ങൾ അചേതനങ്ങളാണ്. അവയ്ക്കു ജീവനുള്ള യാഷ്ടികാദികളെപ്പോലെ അന്യോന്യമഭിപ്രായമറിഞ്ഞു പ്രവൎത്തിക്കാൻ കഴികില്ല. അതുകൊണ്ടു് ജീവനില്ലാത്ത കരണങ്ങളെ പ്രവൎത്തിപ്പിക്കാൻ അവയുടെ സ്വരൂപവും കഴിവും ഉപയോഗവുമറിഞ്ഞ ഏതെങ്കിലുമൊരു പ്രയോജകനുണ്ടായിരിക്കണം. അതാണ് പുരുഷാൎത്ഥം. കരണങ്ങളെ പ്രവൎത്തിപ്പിക്കുന്നതു പുരുഷാൎത്ഥമല്ലാതെ മററൊന്നുമല്ല.

ഭാഷ്യം:—ഭോഗാപവൎഗ്ഗലക്ഷണമായ പുരുഷാൎത്ഥംതന്നെ അനാഗതാവസ്ഥമായി കരണങ്ങളെ പ്രവൎത്തിപ്പിക്കുന്നു ഇതിൽ തത്സ്വരൂപാഭിജ്ഞനായ കൎത്താവു വേണ്ട.

വിവരണം:—ഭോഗം; സുഖദുഃഖാനുഭവമാണ്. അപവൎഗ്ഗം മോക്ഷവും. ഇതു രണ്ടും പുരുഷാൎത്ഥത്തിന്റെ ലക്ഷണം. ഭോഗാപവൎഗ്ഗലക്ഷണമായ പുരുഷാൎത്ഥം ഗുണനിഷ്ഠമായി വെളിപ്പെടാ (അനാഗതാവസ്ഥം) തിരുന്നുകൊണ്ടു് അന്തഃകരണങ്ങളെ വൃത്തിരൂപമായി പ്രവൎത്തിപ്പിക്കുന്നു. മററാരുംതന്നെ അന്തഃകരണപ്രവൎത്തനത്തിൽ കൎത്താവായിട്ടില്ല. പുരുഷാൎത്ഥമാത്രമാണ് അന്തഃകരണവ്യാപാരത്തിന്റെ കാരണമെന്നു താത്പൎയ്യം. ഇതിനെക്കുറിച്ചു് അൻപത്തേഴാമത്തെ കാരികയിൽ വിശദമായി പറയും

“ന കേനചിത് കാൎയ്യതേ കരണം” (പുരുഷാൎത്ഥമല്ലാതെയൊന്നും കരണത്തെ വ്യാപരിപ്പിക്കുന്നില്ല) എന്നു കാരികയിൽ പറഞ്ഞിട്ടുണ്ടു്; അതിലെ “കരണ”ത്തെ വിഭജിക്കുന്നു.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

കരണവിഭാഗനിരൂപണം

കാരിക: —

കരണം ത്രയോദശവിധം
തദാഹരണധാരണപ്രകാശകരം
കാര്യം ച തസ്യ ദശധാf-
ഹാര്യം ധാര്യം പ്രകാശ്യം ച. 32

അർത്ഥം: — കരണം പതിമൂന്നുവിധം. അതു് ആഹരണവും ധാരണവും പ്രകാശകരവുമാണു്. ആഹാര്യവും ധാര്യവും പ്രകാശ്യവും എന്നു് അതിൻെറ കാര്യം പത്തുവിധം.

അഞ്ചു കർമ്മേന്ദ്രിയം, അഞ്ചു ജ്ഞാനേന്ദ്രിയം, മനസ്സ്, അഹങ്കാരം, ബുദ്ധി, ഇതെല്ലാംകൂടിയതു പതിമൂന്നു കരണം. ഓരോ വിഭാഗത്തിൻെറയും പ്രവൃത്തി കർമ്മേന്ദ്രിയങ്ങളുടേതു മൊത്തം ആഹരണം. മനോബുദ്ധ്യഹങ്കാരങ്ങളുടേതു ധാരണം. ജ്ഞാനേന്ദ്രിയങ്ങളുടേതു പ്രകാശകരം. കരണത്തിൻെറ കാര്യം, പ്രവൃത്തിവിഷയം, ക്രമത്തിൽ ആഹാര്യം ധാര്യം പ്രകാശ്യം. ഇവയോരോന്നിനും ദിവ്യാദിവ്യഭേദമനുസരിച്ചു പത്തുവിധം. ഇവയുടെ കൂടുതൽ വിശദാംശം ഭാഷ്യവിവരണത്തിൽ വായിക്കാം.

ഭാഷ്യം: — ഏകാദശേന്ദ്രിയങ്ങളും ബുദ്ധ്യഹംകാരങ്ങളും — ഇങ്ങനെ കരണം പതിമൂന്നുവിധം. കാരകവിശേഷമാണു കരണം. വ്യാപാരാവേശംകൂടാതെ കാരകത്വം ഭവിക്കുന്നില്ല. എന്നതുകൊണ്ടു് വ്യാപാരാവേശത്തെ പറയുന്നു, "തദാഹരണധാരണപ്രകാശക"മെന്നു്. അതിൽ വാഗാദികളായ കർമ്മേന്ദ്രിയങ്ങൾ അതതിൻെറതു് ആചരിക്കുന്നു; സ്വന്തമായതു സ്വീകരി

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ക്കുന്നു. സ്വവ്യാപാരംകൊണ്ടു പ്രാപിക്കുന്നുവെന്നു താത്പര്യം. ബുദ്ധ്യഹംകാരമനസ്സുകളാകട്ടെ സ്വവൃത്തിയായ പ്രാണാദിലക്ഷണ കൊണ്ടു ധരിക്കുന്നു. ബുദ്ധീന്ദ്രിയങ്ങൾ (ജ്ഞാനേന്ദ്രിയങ്ങൾ) പ്രകാശിപ്പിക്കുന്നു.

വിവരണം:—കരണമാകപ്പാടെ പതിമൂന്നുവിധം. പുറത്തുള്ള രണ്ടിനം കരണം. അഞ്ചു കർമ്മേന്ദ്രിയവും, അഞ്ചു ജ്ഞാനേന്ദ്രിയവും, രണ്ടുംകൂടി പത്തു കരണം. പിന്നെ അകത്തുള്ള കരണം ഒരിനം. അതു മൂന്നു്; മനസ്സും അഹംകാരവും ബുദ്ധിയും. അങ്ങനെ അകത്തും പുറത്തുമായി മൊത്തം പതിമൂന്നു കരണം. മനസ്സിനു ബാഹ്യേന്ദ്രിയങ്ങളോടു നിത്യബന്ധമുള്ളതുകൊണ്ടു് പത്തിന്ദ്രിയങ്ങളോടൊപ്പം മനസ്സിനെയും കൂട്ടി പതിനൊന്നു് (ഏകാദശം) ഇന്ദ്രിയങ്ങളെന്നു പറഞ്ഞു.

വ്യാകരണദൃഷ്ടിയിൽ കരണമൊരു കാരകവിശേഷമാണു്; ആറുവക കാരകങ്ങളിലൊന്നാണു കരണം. വ്യാപാരാശ്രയംകൂടാതെ—ക്രിയാസംബന്ധമില്ലാതെ—കാരകമില്ല. ക്രിയാസംബന്ധമുള്ളതായിരിക്കുമെല്ലാ കാരകവും. പ്രകൃതത്തിലെ കരണം കാരകമായതുകൊണ്ടു് ഏതെങ്കിലും ക്രിയയോടു് അഥവാ പ്രവൃത്തിയോടു ബന്ധപ്പെട്ടിരിക്കണം. ആ ക്രിയാസംബന്ധം കരണങ്ങൾക്കെല്ലാമുണ്ടായിരിക്കയും ചെയ്യും. ആകയാൽ ഇവിടെ പറഞ്ഞ പതിമൂന്നുതരം കരണങ്ങളുടെ പ്രവൃത്തികളെന്തെല്ലാമെന്നു നിർദ്ദേശിക്കുകയാണു്. വാക്കു തുടങ്ങിയ അഞ്ചു കർമ്മേന്ദ്രിയങ്ങൾ. അവയുടെ കാര്യമായ വചനാദികളെ സ്വീകരിക്കുകയെന്ന പ്രവൃത്തിയോടു ബന്ധപ്പെട്ടിരിക്കുന്നു. സ്വീകരണരൂപമായ ആ പ്രവൃത്തിക്കു് "ആഹരണ''മെന്നു് ശാസ്ത്രസംജ്ഞ. ജ്ഞാനേന്ദ്രിയങ്ങൾ തത്കാര്യങ്ങളായ ശബ്ദാദികളെ പ്രകാശിപ്പിക്കയെന്ന പ്രവൃത്തിയോടു ബന്ധപ്പെട്ടിരിക്കയാണു്. ആ പ്രവൃത്തിയെ "പ്രകാശകം" എന്നു പറഞ്ഞു. ബുദ്ധ്യഹംകാരമനസ്സുകൾ, പ്രാണാദിപഞ്ചവായുക്കളെക്കൊണ്ടു് ശരീരത്തെ ധരിക്കുക എന്ന പ്രവൃത്തിയോടുകൂടിയതാണു്. ധാരണമെന്നു് ആ പ്രവൃത്തിയെ നിർദ്ദേശിച്ചു. ഇപ്രകാരം, ആഹരണവും പ്രകാശകവും ധാരണവും പതിമൂന്നു കരണത്തിന്റെ പ്രവൃത്തികൾ.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഭാഷ്യം:—ആഹരണധാരണാദിക്രിയകളുടെ സകർമ്മതകൊണ്ടു് എന്താണു കർമ്മം? എത്രവിധം? എന്നതിനാൽ പറയുന്നു, "കാര്യം ച തസ്യ" എന്നു്. അതിന്റെ (തസ്യ) പതിമൂന്നുവിധമായ കരണത്തിന്റെ, പത്തുവിധമായ ആഹാര്യവും ധാര്യവും പ്രകാശ്യവും കാര്യമാണു്. ആഹാര്യമെന്നാൽ വ്യാപ്യം; കർമ്മേന്ദ്രിയങ്ങളുടെ വചനാദാനവിഹരണോത്സർഗ്ഗാനന്ദങ്ങൾ യഥായഥം വ്യാപ്യങ്ങളാകുന്നു. അവ, ദിവ്യാദിവ്യതകൊണ്ടു പത്തെന്നതിനാൽ ആഹാര്യം പത്തുവിധം. അപ്രകാരം അന്തഃകരണത്രയത്തിന്റെ പ്രാണാദിലക്ഷണമായ വൃത്തിയോടുകൂടിയ ശരീരവുമാണു്. അതു്, പാർത്ഥിവാദി പാഞ്ചഭൗതികമാകുന്നു. ശബ്ദാദികളായ അഞ്ചിന്റെ സമൂഹം പൃഥിവിയായിരിക്കുന്നതിനാൽ ആ അഞ്ചും ദിവ്യാദിവ്യതകൊണ്ടു പത്താകുന്നു. ആകയാൽ ധാര്യവും പത്തുവിധം. അപ്രകാരം, ബുദ്ധീന്ദ്രിയ(ജ്ഞാനേന്ദ്രിയ)ങ്ങളുടെ ശബ്ദസ്പർശരൂപരസഗന്ധങ്ങൾ, യഥായഥം വ്യാപ്യങ്ങളാണു്. അവയും ദിവ്യാദിവ്യതകൊണ്ടു പത്താകയാൽ പ്രകാശ്യവും പത്തുവിധം.

വിവരണം:—കരണത്തിന്റേതായി പറഞ്ഞ ആഹരിക്കുന്നു, ധരിക്കുന്നു, പ്രകാശിപ്പിക്കുന്നു, ഈ ക്രിയ(പ്രവൃത്തി)കൾ സകർമ്മകങ്ങളാണു്; കർമ്മത്തോടുകൂടിയവയാണു്. ആഹരിക്കുന്നതും ധരിക്കുന്നതും പ്രകാശിപ്പിക്കുന്നതും എന്തിനെയെല്ലാമെന്നു്, ആ കർമ്മങ്ങൾ ഏതൊക്കെ, എത്രവിധമെന്നു പറയുന്നു. കർമ്മത്തെ കാര്യമെന്നും പറയും. ആഹരണത്തിന്റെ കർമ്മം ആഹാര്യം. അതിൽ വചനവും ആദാനവും വിഹരണ(സഞ്ചാര)വും ഉത്സർഗ്ഗവും ആനന്ദവും ഉൾപ്പെടുന്നു. ഈ ഓരോന്നിനേയും അതിന്റെ ഇന്ദ്രിയങ്ങളായ വാക്കും പാണിയും പാദവും പായുവും ഉപസ്ഥവും മുറയ്ക്കു് ആഹരിക്കുന്നു. ആഹരണം ക്രിയയും വചനാദികളുംകൊണ്ടു ആഹാര്യം കർമ്മവും. ആഹാര്യവിഷയമായ വചനാദികൾ ദിവ്യമെന്നും അദിവ്യമെന്നും രണ്ടുവിധം. ദിവ്യം അലൗകികം. അദിവ്യം ലൗകികം, ഈ ഭേദമനുസരിച്ചു് ആഹാര്യം പത്തുവിധം. ധാരണക്രിയയുടെ കർമ്മം ധാര്യം. ശരീരമാണതു്. പൃഥിവീപ്രധാനം, ജലപ്രധാനം, തേജഃപ്രധാനം, വായുപ്രധാനം, ആകാശപ്രധാനം, ഇങ്ങനെ പഞ്ചഭൂതവികാരമായ ശരീരം അഞ്ചുതരം. കൂട്ടത്തിൽ മനുഷ്യശരീരം പൃഥിവി(ഭൂമി)

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പ്രധാനമാണ്. ശബ്ദാദിതന്മാത്രകളുടെ സംഘാതരൂപമായ സ്ഥൂലപരിണാമമാണ പൃഥിവി. ദിവ്യാദിവ്യഭേദമനുസരിച്ച് ശബ്ദാദികൾ രണ്ടുവിധം. ദിവ്യം സൂക്ഷ്മവും, അദിവ്യം സ്ഥൂലവും. സ്ഥൂലസൂക്ഷ്മഭേദങ്ങളുടെ അടിസ്ഥാനത്തിൽ ശബ്ദാദിതന്മാത്രകൾ പത്തുവിധം. അപ്പോൾ തത്പരിണാമമായ പൃഥിവിയും പൃഥിവീപ്രധാനമായ മനുഷ്യശരീരവും പത്തുവിധമെന്നു സിദ്ധമായി. ധാര്യരൂപമായ ശരീരത്തിൻെറ വിഷയങ്ങൾ; പ്രാണാദി പഞ്ചവായുക്കൾ. അവ പത്തുവിധം. പ്രകാശനക്രിയയുടെ കർമ്മം പ്രകാശ്യം. ശബ്ദസ്പർശരൂപരസഗന്ധങ്ങൾ പ്രകാശ്യവിഷയങ്ങൾ. അവ രണ്ടുവിധം; ദിവ്യമെന്നും അദിവ്യമെന്നും. അതിനാൽ ശബ്ദാദിജ്ഞാനേന്ദ്രിയവിഷയങ്ങളും പത്തുവിധം. ആഹരണക്രിയയുടെ കർമ്മം ആഹാര്യം; വചനാദികൾ, ആഹാര്യവിഷയങ്ങൾ. ലൗകികം അലൗകികം ഈ ഭേദമനുസരിച്ച് ആ വിഷയങ്ങൾ പത്തുവിധം. ധാരണക്രിയയുടെ കർമ്മം ധാര്യം. ധാര്യവിഷയമായ ശരീരം, ശബ്ദാദിതന്മാത്രകളുടെ അടിസ്ഥാനത്തിൽ സ്ഥൂലസൂക്ഷ്മഭേദങ്ങളനുസരിച്ച് പത്തുവിധം. ധാര്യരൂപമായ ശരീരത്തിൻെറ വിഷയങ്ങൾ; പ്രാണൻ മുതലായ പഞ്ചവായുക്കൾ. ലൗകികാലൗകികഭേദമനുസരിച്ച് പ്രാണാദികളും പത്തുവിധം. പ്രകാശനക്രിയയുടെ കർമ്മം പ്രകാശ്യം. അതിൻെറ വിഷയങ്ങൾ, ശബ്ദസ്പർശാദികൾ. അവയും ലൗകികം അലൗകികം എന്ന ഭേദമനുസരിച്ച് പത്തുവിധം. ഇങ്ങനെ പതിമൂന്നുതരം കരണത്തിൻെറ ക്രിയ(പ്രവൃത്തി)കളും, കർമ്മങ്ങളും വിഷയങ്ങളും, വിഷയഭേദങ്ങളും.

പതിമൂന്നുവിധം കരണത്തിലെ അവാന്തരവിഭാഗം:

കാരിക:—

അന്തഃകരണം ത്രിവിധം
ദശധാബാഹ്യം ത്രയസ്യ വിഷയാഖ്യം
സാംപ്രതകാലം ബാഹ്യം
ത്രികാലമാഭ്യന്തരം കരണം. 33

അർത്ഥം:—അന്തഃകരണം മൂന്നുവിധം; പത്തുവിധമായ ബാഹ്യകരണം, ത്രയ(അന്തഃകരണം)ത്തിൻെറ വിഷയമെന്നു പേരുള്ളതാണ്. സാംപ്രതകാല(വർത്തമാനം)മാണ ബാഹ്യകരണം. ആഭ്യന്തരമായ കരണം ത്രികാലവും.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

കരണം രണ്ടുവിധം. അകത്തുള്ളതെന്നും പുറത്തുള്ളതെന്നും (അന്തഃകരണവും ബാഹ്യകരണവും). അകത്തുള്ള കരണം മൂന്നു വിധം (മനസ്സും അഹംകാരവും ബുദ്ധിയും). പത്തുവിധമാണു പുറത്തുള്ള കരണം (അഞ്ചു കർമ്മേന്ദ്രിയവും അഞ്ചു ജ്ഞാനേന്ദ്രിയവും). പുറത്തെ കരണം വർത്തമാനകാലവിഷയം. അകത്തേതു ത്രികാലവിഷയവും.

ഭാഷ്യം:—ത്രികാലവിഷയമാണു അന്തഃകരണം. അതെങ്ങനെയെന്നാൽ, നദീവേഗത്തിന്റെ വ്യത്യാസംകൊണ്ടു് മഴയുണ്ടായി, പുകയുള്ളതുകൊണ്ടു് ഈ പർവതത്തിൽ തീയുണ്ടു്, പാർപ്പിടത്തിനു് ഉപദ്രവം നേരിടാതിരുന്നിട്ടും എറുമ്പുകൾ മുട്ടയുമായി സഞ്ചരിക്കുന്നതുകൊണ്ടു് മഴയുണ്ടാകും. ഇപ്രകാരം അവസ്ഥാനുകൂലങ്ങളായ സങ്കല്പാഭിമാനാധ്യവസായങ്ങളുണ്ടാകുന്നു.

വിവരണം:—അന്തഃകരണത്തിനു മൂന്നു കാലവും വിഷയമാണു്. വർത്തമാനവും ഭൂതവും ഭാവിയും. ഉദാഹരണംകൊണ്ടു പ്രകൃതം വ്യക്തമാക്കുന്നു. "നദിയുടെ ശക്തിയായ ഒഴുക്കുകൊണ്ടു്, മഴയുണ്ടായി" എന്നനുമാനിക്കുന്നു. ഇവിടെ ഭൂതകാലവിഷയം. പുകയുള്ളതുകൊണ്ടു് ഈ മലയിൽ തീയുണ്ടെന്ന അനുമാനം വർത്തമാനകാലവിഷയം. പാർപ്പിടത്തിനുപദ്രവമുണ്ടാകാതിരുന്നിട്ടും എറുമ്പുകൾ മുട്ടയുമായി സഞ്ചരിക്കുന്നു. അതുകൊണ്ടു മഴയുണ്ടാകുമെന്നഭിമാനിക്കുന്നതു് ഭാവികാലവിഷയം.

ഇങ്ങനെ ബാഹ്യകരണം വർത്തമാനവിഷയമെന്നും, അന്തഃകരണം ത്രികാലവിഷയമെന്നും തമ്മിൽ വ്യത്യാസം.

ഭാഷ്യം:—കാലമാകട്ടെ വൈശേഷികമതത്തിൽ ഏകവും അനാഗതാദിവ്യവഹാരഭേദത്തെ പ്രവർത്തിപ്പിക്കാൻ അർഹതയില്ലാത്തതുമാണു്. അതിനാൽ ഇതു് യാവചില ഉപാധിഭേദങ്ങൾകൊണ്ടു് അനാഗതാദിവ്യവഹാരഭേദത്തെ പ്രാപിക്കുന്നു; അനാഗതാദിവ്യവഹാരഹേതുക്കളായ ആ ഉപാധികൾ ഇരുന്നുകൊള്ളട്ടെ. നിരർത്ഥകമായ ഈ കാലംകൊണ്ടെന്തു പ്രയോജനമെന്നു സാംഖ്യാചാര്യന്മാർ. ആകയാൽ കാലരൂപമായ തത്ത്വാന്തരത്തെ സ്വീകരിക്കേണ്ടതില്ല.

വിവരണം:—ബാഹ്യവും ആഭ്യന്തരവുമായ കരണങ്ങൾക്കു കാലവിഷയം നിർദ്ദേശിച്ചതുകൊണ്ടു സാംഖ്യശാസ്ത്രത്തിൽ കാല

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ത്തെ ഒരു തത്ത്വമായംഗീകരിച്ചതായി സംശയിക്കാം ആ സംശയം പരിഹരിക്കയാണ്.

വൈശേഷികന്മാരുടെ അഭിപ്രായത്തിൽ കാലമൊന്നേയുള്ളൂ. അത് അഖണ്ഡവും ദണ്ഡായമാനവുമത്രേ. ഭൂതവും ഭാവിയും ഉപാധിഭേദമനുസരിച്ച് ഏകമായ കാലത്തെക്കുറിച്ചുള്ള കേവല വ്യവഹാരമാണ്. കാര്യത്തിന്റെ തുടക്കം, മധ്യം, അവസാനം, ഇതുതന്നെ ഉപാധിഭേദം. ഒരു മനുഷ്യനെ അച്ഛൻ, മകൻ, സഹോദരൻ, എന്നെല്ലാമറിയാറുണ്ടല്ലോ. അതുപോലെ ഏകമാന കാലത്തെ ഭൂതഭാവിവർത്തമാനങ്ങൾകൊണ്ട് വ്യവഹരിക്കുന്നു. ഈ പക്ഷം നൈയായികന്മാർക്ക് സമ്മതമല്ല. അവർ, കാലത്തെ ദ്രവ്യമായംഗീകരിക്കുകയും അതിന് ഭൂതഭാവിവർത്തമാനങ്ങൾ വ്യവസ്ഥപ്പെടുത്തുകയും ചെയ്യുന്നു. സാംഖ്യന്മാരാകട്ടെ കാലത്തെ തത്ത്വമായംഗീകരിക്കുന്നില്ല. സൂര്യന്റെ ചലനരൂപമായ ക്രിയ തന്നെയാണ് അവരുടെ അഭിപ്രായത്തിൽ കാലം. ക്ഌപ്തപദാർത്ഥമായിരിക്കുന്നതുകൊണ്ട് ആ ക്രിയാരൂപമായ കാലത്തെ തത്ത്വമായംഗീകരിച്ചുകൂടെന്നു സാംഖ്യന്മാർ സിദ്ധാന്തിക്കുന്നു. അതായത് കാലം നിഷ്പ്രയോജനമെന്നു സാംഖ്യപക്ഷം.

വർത്തമാനകാലവിഷയമായ ബാഹ്യേന്ദ്രിയങ്ങളുടെ വിഷയത്തെ വേർതിരിക്കുന്നു.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

വിഷയവിവേചനനിരൂപണം

കാരിക:—

ബുദ്ധീന്ദ്രിയാണി തേഷാം
പഞ്ചവിശേഷാവിശേഷവിഷയാണി
വാഗ്ഭവതി ശബ്ദവിഷയം
ശേഷാണി തു പഞ്ചവിഷയാണി. 34

അത്ഥം:—അവയിൽ, ബുദ്ധീന്ദ്രിയങ്ങളഞ്ചും വിശേഷവിഷയങ്ങളും അവിശേഷവിഷയങ്ങളുമാണു്. വാക്കു് ശബ്ദവിഷയമാകുന്നു; ശേഷങ്ങൾ പഞ്ചവിഷയങ്ങളും.

ബാഹ്യേന്ദ്രിയങ്ങൾ പത്തെന്നു പറഞ്ഞല്ലോ; അവയിൽ ജ്ഞാനേന്ദ്രിയങ്ങളുടെ വിഷയം രണ്ടുവിധം. വിശേഷവിഷയമെന്നും അവിശേഷവിഷയമെന്നും. കമ്മേന്ദ്രിയങ്ങളിൽ വാക്കിന്റെ വിഷയം ശബ്ദമാണു്. ശേഷം നാലിന്റെയും വിഷയങ്ങൾ ശബ്ദാദികളഞ്ചുംതന്നെ.

ഭാഷ്യം:—ദശേന്ദ്രിയങ്ങളിൽവച്ചു ബുദ്ധീന്ദ്രിയങ്ങൾ (ജ്ഞാനേന്ദ്രിയങ്ങൾ) അഞ്ചും, വിശേഷാവിശേഷവിഷയങ്ങളാണു്. വിശേഷങ്ങൾ, സ്ഥൂലങ്ങളായ ശബ്ദാദികൾ. ശാന്തഘോരമൂഢരൂപങ്ങളായ പൃഥിവ്യാദിരൂപങ്ങൾ. അവിശേഷങ്ങൾ, തന്മാത്രകൾ, സൂക്ഷ്മങ്ങളായ ശബ്ദാദികൾ. മാത്രശബ്ദംകൊണ്ടു് ഭൂതഭാവത്തെ അപാകരിക്കുന്നു. വിശേഷങ്ങളും അവിശേഷങ്ങളും; വിശേഷാവിശേഷങ്ങൾ. അവയാകുന്ന വിഷയങ്ങൾ യാവചില ബുദ്ധീന്ദ്രിയങ്ങൾക്കു ഭവിക്കുന്നു, അവ അപ്രകാരം ഉക്തങ്ങളായി.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

വിവരണം:—ശബ്ദാദികളാണല്ലോ ജ്ഞാനേന്ദ്രിയങ്ങളുടെ വിഷയങ്ങൾ. വിശേഷങ്ങൾ, അവിശേഷങ്ങൾ ഇങ്ങനെ ആ വിഷയങ്ങൾ രണ്ടുവിധം. വിശേഷങ്ങളെന്നുവച്ചാൽ സ്ഥൂലങ്ങൾ. അവിശേഷങ്ങൾ സൂക്ഷ്മങ്ങളും. ശബ്ദാദികളുടെ സ്ഥൂലരൂപങ്ങളാണ് പൃഥിവ്യാദിപഞ്ചഭൂതങ്ങൾ. സൂക്ഷ്മരൂപങ്ങൾ തന്മാത്രകൾ. സ്ഥൂലങ്ങളായ പൃഥിവ്യാദി പഞ്ചഭൂതങ്ങളും സൂക്ഷ്മങ്ങളായ ശബ്ദാദിതന്മാത്രകളും ജ്ഞാനേന്ദ്രിയങ്ങളുടെ വിഷയങ്ങളാണ്. ഭൂതത്വം (സ്ഥൂലത) ഒഴിവാക്കാൻവേണ്ടി ഇവിടെ മാത്രശബ്ദം ഉപയോഗിച്ചിരിക്കുന്നു. വിശേഷങ്ങളും അവിശേഷങ്ങളുമായ വിഷയങ്ങളോടുകൂടിയതാകകൊണ്ടു ജ്ഞാനേന്ദ്രിയങ്ങളെ—ബുദ്ധീന്ദ്രിയങ്ങളെ—വിശേഷാവിശേഷവിഷയങ്ങളെന്നു പറഞ്ഞു.

ഭാഷ്യം:—അതിൽ, ഊർദ്ധ്വരേതസ്സുകളുടെയും യോഗികളുടേയും ശ്രോത്രം (കാത്) ശബ്ദതന്മാത്രവിഷയവും സ്ഥൂലശബ്ദവിഷയവുമാണ്. നമ്മൾമുതൽപേരുടേതാകട്ടെ സ്ഥൂലശബ്ദവിഷയം മാത്രവും. അപ്രകാരം അവരുടെ ത്വക്ക് (തൊലി) സ്ഥൂലസൂക്ഷ്മസ്പർശവിഷയമാകുന്നു. നമ്മൾമുതൽപേരുടേതാകട്ടെ സ്ഥൂലസ്പർശവിഷയംമാത്രമാണ്. അപ്രകാരം, അവരുടേയും നമ്മൾമുതൽപേരുടേയും ചക്ഷു(കണ്ണ്)രാദികളും രൂപാദികളിൽ സ്ഥൂലസൂക്ഷ്മവിഷയങ്ങളായി കണ്ടുകൊള്ളണം.

വിവരണം:—ശബ്ദാദികളുടെ സൂക്ഷ്മാംശമാണ് തന്മാത്രകൾ. സ്ഥൂലങ്ങളായ ശബ്ദാദികൾ മാത്രമേ, സാധാരണഗതിയിൽ ജ്ഞാനേന്ദ്രിയങ്ങൾക്കു വിഷയമാകാവുള്ളു. ഇവിടെ സൂക്ഷ്മങ്ങളായ തന്മാത്രകളും വിഷയമാകുമെന്നു പറഞ്ഞതല്ലോ; അതെങ്ങനെ? ഈ സംശയം പരിഹരിക്കുന്നു.

നൈഷ്ഠികബ്രഹ്മചാരികൾ (ഊർദ്ധ്വരേതസ്സുകൾ), യോഗികൾ, ഇവരുടെ കാതിനു സ്ഥൂലശബ്ദവും സൂക്ഷ്മശബ്ദവും വിഷയമാകും. സാധാരണക്കാരായ നമ്മുടെ കാതിനാകട്ടെ സ്ഥൂലശബ്ദമേ വിഷയമാകൂ. അതുപോലെതന്നെ സ്ഥൂലസ്പർശവും സൂക്ഷ്മസ്പർശവും നൈഷ്ഠികബ്രഹ്മചാരിയുടേയും യോഗിയുടെയും ത്വക്കിനു വിഷയമാകും. നമ്മുടെ തൊലിക്കു വിഷയമാകുന്നതു സ്ഥൂലസ്പർശം മാത്രമായിരിക്കും. രൂപാദികളായ മററു വിഷയങ്ങളിലും ഈ വ്യത്യാസം കണ്ടുകൊള്ളണം.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഭാഷ്യം:—കർമ്മേന്ദ്രിയങ്ങളിൽ വാഗിന്ദ്രിയം സ്ഥൂലശബ്ദവിഷയമാകുന്നു. തദ്ധേതുത്വംകൊണ്ടു ശബ്ദതന്മാത്രത്തിന്റെ ഹേതുഭവിക്കുന്നില്ല. അതിന്, അഹംകാരകാരണമായ വാഗിന്ദ്രിയത്തോടുകൂടി ഏകകാരണത്വം ഹേതുവായിട്ട്. ശേഷങ്ങളായ നാലു്; പായു(ഗുദം)പസ്ഥപാണിപാദങ്ങളെന്നു പേരുള്ളവ, പാണ്യാദ്യാഹാര്യങ്ങളായ ഘടാദികളുടെ പഞ്ചശബ്ദാത്മകത്വം കൊണ്ടു പഞ്ചവിഷയങ്ങളാണു്.

വിവരണം:—വാക്കു മുതലായ കർമ്മേന്ദ്രിയങ്ങളുണ്ടല്ലോ; അവയിൽ വാക്കിന്റെ വിഷയം സ്ഥൂലശബ്ദമാണു്. സ്ഥൂലമായ ശബ്ദത്തെ ജനിപ്പിക്കുന്നതുതന്നെ കാരണം. എന്നാൽ ശബ്ദതന്മാത്രയിൽനിന്നല്ല വാഗിന്ദ്രിയമുണ്ടാകുന്നതു്. വാഗിന്ദ്രിയവും ശബ്ദതന്മാത്രയും അഹംകാരത്തിൽനിന്നുണ്ടാകുന്നു. സാത്ത്വികാഹംകാരത്തിൽനിന്നാണു വാഗിന്ദ്രിയമുണ്ടാകുന്നതു്. താമസാഹംകാരത്തിൽനിന്നു ശബ്ദതന്മാത്രയും. ഒരേ കാരണത്തിൽനിന്നു ജനിച്ചതാണെങ്കിലും വാഗിന്ദ്രിയവും ശബ്ദതന്മാത്രയും ഭിന്നസ്വഭാവമായിരിക്കുന്നു. പരിണാമഭേദമാണു കാരണം. വാക്കൊഴികെയുള്ള മററു നാലു കർമ്മേന്ദ്രിയങ്ങളുടെയും വിഷയങ്ങൾ, ശബ്ദരൂപാദികളഞ്ചുംതന്നെ. എങ്ങനെയെന്നോ? കയ്യ്, കാലു്, ഉപസ്ഥം (ജനനേന്ദ്രിയം), പായു (ഗുദം) ഇത്രയുമാണല്ലോ വാക്കൊഴിച്ചുള്ള കർമ്മേന്ദ്രിയങ്ങൾ. അവയ്ക്കു സ്ഥൂലപദാർത്ഥങ്ങളുമായി മാത്രമേ സമ്പർക്കം പുലർത്താനൊക്കൂ. ശബ്ദാദിതന്മാത്രകളുടെ പരിണാമമാണു് സ്ഥൂലപദാർത്ഥങ്ങളെല്ലാം. അതിന്റെ അടിസ്ഥാനത്തിലാണു് ശബ്ദരൂപാദിവിഷയങ്ങളുമെന്നു പറഞ്ഞതു്.

പതിമൂന്നു കരണങ്ങളിൽ ചിലതുകളുടെ ഗുണഭാവത്തേയും ചിലതുകളുടെ പ്രധാനഭാവത്തേയും സകാരണം പറയുന്നു.

കാരിക:—

സാന്തഃകരണാ ബുദ്ധിഃ
സർവം വിഷയമവഗാഹതേ യസ്മാത്
തസ്മാത് ത്രിവിധം കരണം
ദ്വാരി, ദ്വാരാണി ശേഷാണി. 35

അർത്ഥം:—അന്തഃകരണത്തോടുകൂടിയ ബുദ്ധി, യാതൊന്നുകൊണ്ടു സർവവിഷയത്തേയും അവഗാഹനംചെയ്യുന്നു; അതുകൊ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ണ്ട് ത്രിവിധമായ കരണം ദ്വാരിയാകുന്നു; ശേഷങ്ങൾ ദ്വാരങ്ങളും.

ബുദ്ധി, അഹങ്കാരമനസ്സുകളോടൊന്നിച്ചു് എല്ലാ വിഷയങ്ങളിലും പ്രവേശിക്കുന്നു. അതുകൊണ്ടു് ഈ കരണം മൂന്നും (ബുദ്ധിയും അഹംകാരവും മനസ്സും) പ്രധാനങ്ങളാണു്. ശേഷിച്ച പത്തിന്ദ്രിയങ്ങൾ അപ്രധാനങ്ങളും.

ഭാഷ്യം:—ദ്വാരി; പ്രധാനം. ശേഷങ്ങൾ; കരണങ്ങളായ ബാഹ്യേന്ദ്രിയങ്ങൾ. ദ്വാരങ്ങൾ; അപ്രധാനങ്ങൾ. അവയാലുപനീതമായി സർവമായ വിഷയത്തെ സമനോഹംകാരമായ ബുദ്ധി യാതൊന്നുകൊണ്ടു് അധ്യവസായം ചെയ്യുന്നു; അതുകൊണ്ടു് ബുദ്ധീന്ദ്രിയങ്ങൾ അപ്രധാനങ്ങളും അന്തഃകരണത്തോടുകൂടിയ ബുദ്ധി പ്രധാനവുമാണു്.

വിവരണം:—ബുദ്ധി, അഹംകാരമനസ്സുകളോടൊപ്പം ബാഹ്യേന്ദ്രിയങ്ങൾവഴി സകല വിഷയങ്ങളിലും പ്രവേശിക്കുന്നു. അതുകൊണ്ടു് അഹംകാരമനസ്സുകളോടൊത്ത ബുദ്ധി പ്രധാനവും ബാഹ്യേന്ദ്രിയങ്ങൾ അപ്രധാനവുമാണു്.

ഭാഷ്യം:—ബാഹ്യേന്ദ്രിയങ്ങളെ അപേക്ഷിച്ചു മാത്രമല്ല; ദ്വാരികളായ അഹംകാരമനസ്സുകളെ അപേക്ഷിച്ചും ബുദ്ധി പ്രധാനമെന്നു പറയുന്നു.

കാരിക:—

ഏതേ പ്രദീപകല്പാഃ
പരസ്പരവിലക്ഷണാ ഗുണവിശേഷാഃ
കൃത്സ്നം പുരുഷസ്യാർത്ഥം
പ്രകാശ്യ ബുദ്ധൌ പ്രയച്ഛന്തി. 36

അർത്ഥം:—ഗുണവിശേഷങ്ങളായ ഇവകൾ പരസ്പരവിലക്ഷണങ്ങളാണെങ്കിലും പ്രദീപകല്പങ്ങളായിട്ടു പുരുഷനു വിഷയം മുഴുവൻ പ്രകാശിപ്പിച്ചു ബുദ്ധിയിൽ സമർപ്പിക്കുന്നു

സത്ത്വാദിഗുണങ്ങളുടെ പരിണാമങ്ങളാണു ബാഹ്യേന്ദ്രിയങ്ങളും അഹംകാരമനസ്സുകളും. ഇവ അന്യോന്യവിരുദ്ധങ്ങളുമാണു്. എന്നാലും ഇവകൾ വിളക്കുകൾപോലെ, പുരുഷനു് ഏതെ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ങ്കിലും തന്നിൽ ദാനവിഷയമായാൽ അതിനെ മുഴുവൻ സ്വസ്വവിഷയരൂപം പ്രകാശിപ്പിച്ച് ബുദ്ധിയിൽ എത്തിച്ചുകൊടുക്കുന്നു.

ഭാഷ്യം:—വില്ലേജധികാരികൾ വീട്ടുകാരിൽനിന്നു കരം വാങ്ങി ദേശാധികാരിക്കു കൊടുക്കുന്നു. ദേശാധികാരി സർവ്വാധികാരിക്കു കൊടുക്കുന്നു. സർവ്വാധികാരി രാജാവിനു കൊടുക്കുന്നു. അതുപോലെ, ബാഹ്യേന്ദ്രിയങ്ങൾ, വസ്തുസാമാന്യജ്ഞാനത്തെ മനസ്സിൽ സമർപ്പിക്കുന്നു. മനസ്സ് സങ്കല്പിച്ച് അഹംകാരത്തിലും അഹംകാരം അഭിമാനിച്ചു സർവ്വാധ്യക്ഷഭൂതമായ ബുദ്ധിയിലും സമർപ്പിക്കുന്നു. അതിനെയാണ്, "പുരുഷസ്യാർത്ഥം പ്രകാശ്യ ബുദ്ധൗ പ്രയച്ഛന്തി" എന്നു പറഞ്ഞതു്. ബാഹ്യേന്ദ്രിയമനോഹംകാരങ്ങൾ ഗുണവിശേഷങ്ങളാണ്; സത്ത്വരജസ്തമസ്സുകളുടെ വികാരങ്ങളാണ്. അവ പരസ്പരവിരോധസ്വഭാവമുള്ളവയാണെങ്കിലും പുരുഷാർത്ഥമായ ഭോഗാപവർഗ്ഗരൂപംകൊണ്ടു ഏകവാക്യതയിലേക്കു നീതങ്ങളാകുന്നു. തിരിയും എണ്ണയും തീയും കൂരിരുട്ടൊഴിവാക്കി രൂപപ്രകാശത്തിനു വിളക്കിൽ ഒന്നായിച്ചേരുന്നതുപോലെ.

വിവരണം:—വസ്തുബോധമുളവാകുന്നതിന്റെ ക്രമം വിവരിക്കുകയാണ്.

വിഷയം (വസ്തു) ആദ്യം ബാഹ്യേന്ദ്രിയങ്ങളിൽ പ്രകാശിക്കുന്നു. അപ്പോളുണ്ടാകുന്നതു് വസ്തുസാമാന്യജ്ഞാനം. അനന്തരം അതു മനസ്സിൽ പതിയുന്നു. ഉടനെ സങ്കല്പംകൊണ്ടു് വസ്തുവിവേചനമാകും. പിന്നെ ആ വിവേചനജ്ഞാനം അഹംകാരത്തിലെത്തി അഭിമാനമായിത്തീരുന്നു. ഒടുക്കം അഭിമാനരൂപമായ വിവേകജ്ഞാനം ബുദ്ധിയെ പ്രാപിച്ചു നിശ്ചയമായി പരിണമിക്കുകയാണ്. ഈ വസ്തുബോധക്രമത്തെ ഒരു ദൃഷ്ടാന്തംകൊണ്ടു് സമർത്ഥിക്കുന്നു വില്ലേജധികാരി കുടിയാന്മാരിൽനിന്നു കരം വസൂൽചെയ്തു് ദേശാധികാരിയെ ഏല്പിക്കുന്നു. അയാൾ അതു സർവ്വാധികാരിയേയും സർവ്വാധികാരി രാജാവിനേയും ഏല്പിക്കുന്നു അതുപോലെ.

ഏതൊരു വിഷയവും ബുദ്ധിക്കപ്പുറം പോകുന്നില്ല. വസ്തുബോധത്തെ സംബന്ധിച്ചിടത്തോളം അവസാനതീരുമാനമെടുക്കുന്നതും ബുദ്ധിതന്നെ. അതുകൊണ്ടു് ബുദ്ധി, കരണങ്ങളിൽ സർവ്വപ്രധാനമാണ്. സാംഖ്യപക്ഷത്തിൽ എല്ലാ ജ്ഞാനവും ബുദ്ധി

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

യിലിരിക്കുന്നു. ജ്ഞാനത്തിൻെറ അധിഷ്ഠാനം. ആത്മാവെന്നാണു നൈയായികന്മാരുടെ അഭിപ്രായം. പദാൎത്ഥജ്ഞാനം നേരിട്ടുള്ള സംബന്ധംകൊണ്ടു് ആത്മാവിൽനിന്നുണ്ടാകുന്നതായും ഇന്ദ്രിയങ്ങൾ അതിനു സഹായിക്കുന്നതായും അവർ സിദ്ധാന്തിക്കുന്നു. സാംഖ്യന്മാൎക്കു സമ്മതമല്ല. അവരുടെ അഭിപ്രായത്തിൽ, പദാൎത്ഥജ്ഞാനത്തിൻെറ ഛായ മാത്രമേ ആത്മാവിൽ പതിയുന്നുള്ളു. പദാൎത്ഥങ്ങളുടെ നേരിട്ടുള്ള സംബന്ധംകൊണ്ടുണ്ടാകുന്ന ജ്ഞാനം ഭ്രമാത്മകമാണു്. ശരിയായ ജ്ഞാനം ബുദ്ധിയെ അധിഷ്ഠാനംചെയ്യുന്നു. അതിനാൽ ബുദ്ധിയ്ക്കാണു സർവേന്ദ്രിയപ്രധാനത്വം; ആത്മാവിനല്ല.

വസ്തുസാമാന്യജ്ഞാനത്തിനു പ്രയോജകപ്പെടുന്ന ബാഹ്യേന്ദ്രിയങ്ങൾ സത്വരജസ്തമോഗുണങ്ങളുടെ പരിണാമമാണു്. സത്വാദിഗുണങ്ങൾ പരസ്പരഭിന്നങ്ങളാണല്ലോ; തൻമൂലം അവയുടെ പരിണാമങ്ങളായ ബാഹ്യേന്ദ്രിയങ്ങളും അന്യോന്യം ഭിന്നപ്രകൃതികളായിരിക്കുന്നു. എങ്കിലും അവ പുരുഷൻെറ സുഖാനുഭൂതി(ഭോഗം)യ്ക്കും മോക്ഷ(അപവർഗ്ഗം)ത്തിനുംവേണ്ടി ഒന്നായി പ്രവൎത്തിക്കുകയാണു്. തിരിയും എണ്ണയും തീയും തമ്മിൽ വിരുദ്ധപ്രകൃതികളാണെങ്കിലും ഇതുട്ടൊഴിവാക്കി വസ്തുപ്രകാശനത്തിനു വിളക്കിൽ ഒന്നിച്ചുനിന്നു പ്രവൎത്തിക്കുന്നുണ്ടല്ലോ, അതുപോലിവിടെയും കണ്ടുകൊള്ളണം.

ഭാഷ്യം:— എന്തുകൊണ്ടു (വസ്തുബോധം) ബുദ്ധിയിൽ കൊടുക്കുന്നു; പ്രധാനമായ അഹംകരത്തിനോ മനസ്സിനോ, ബുദ്ധി കൊടുക്കാതിരിക്കുന്നതും എന്തുകൊണ്ടെന്നു പറയുന്നു.

വിവരണം:—ബാഹ്യേന്ദ്രിയവഴിക്കുള്ള വസ്തുബോധം തീരുമാനത്തിനെത്തുന്നതു യഥാക്രമം ബുദ്ധിയിലാണല്ലോ. ബുദ്ധിയിൽതന്നെ അങ്ങനെ എത്തുന്നതെന്തുകൊണ്ടു്? ബുദ്ധിയാകട്ടെ. തന്നെപ്പോലെ പ്രധാനമായ അഹംകാരത്തിനോ മനസ്സിനോ എന്തുകൊണ്ടു വസ്തുബോധം കൊടുക്കുന്നില്ല? ഈ സംശയങ്ങൾ പരിഹരിക്കുന്നു. ഇതുകൊണ്ടു ബുദ്ധിപ്രാധാന്യത്തിൻെറ കാരണം വ്യക്തമാകും.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

കാരിക:—

സർവം പ്രത്യുപഭോഗം
യസ്മാത് പുരുഷസ്യ സാധയതി ബുദ്ധിഃ
സൈവ ച വിശിനഷ്ടി
പുനഃ പ്രധാനപുരുഷാന്തരം സൂക്ഷ്മം. 37

അത്ഥം:— ബുദ്ധി യാതൊന്നുകൊണ്ടു പുരുഷൻെറ ഉപഭോഗമെല്ലാം സാധിപ്പിക്കുന്നു, സൂക്ഷ്മമായ പ്രധാനപുരുഷന്മാരുടെ അന്തരത്തെ വിവേകദശയിൽ ചെയ്യുന്നതും ആ ബുദ്ധിതന്നെ.

ശബ്ദാദിവിഷയങ്ങളെല്ലാം പുരുഷൻെറ അനുഭവദശയിൽ എത്തിച്ചുകൊടുക്കുന്നതു ബുദ്ധിയാണു്. കൂടാതെ പ്രധാനത്തിൻെറയും പുരുഷൻെറയും സൂക്ഷ്മമായ വ്യത്യാസവും വിവേകദശയിൽ ബുദ്ധിനിമിത്തം സംഭവിക്കുന്നു. പ്രധാനത്തിൻെറ ആദ്യപരിണാമംതന്നെ ബുദ്ധിയെന്നു സാരം.

ഭാഷ്യം:— പുരുഷാത്ഥത്തിൻെറ പ്രയോജകത്വം ഹേതുവായിട്ടു് അതിനു യാതൊന്നു സാക്ഷാത്തായ സാധനമാകുന്നു അതു പ്രധാനമാണു്. ബുദ്ധിയാണിതിൻെറ സാക്ഷാത്തായ പ്രധാനം. അതുകൊണ്ടു് അതു് (ബുദ്ധി തന്നെ) പ്രധാനം. എങ്ങനെയെന്നാൽ സർവാധ്യക്ഷൻ (മുഖ്യമന്ത്രി) നേരിട്ടു രാജ്യകാര്യങ്ങൾ സാധിക്കുന്നതുകൊണ്ടു പ്രധാനമാണു്. ഗ്രാമാധ്യക്ഷാദികളായ മററുള്ളവരാകട്ടെ അവനെക്കുറിച്ചു് ഉപകാരകന്മാരും. ബുദ്ധിപുരുഷസന്നിധാനത്തിൽനിന്നുള്ള ഛായാപാതംകൊണ്ടു തദ്രൂപമായിത്തന്നെ പുരുഷൻെറ സർവവിഷയോപഭോഗത്തെ സാധിച്ചുകൊടുക്കുന്നു (പുരുഷസ്യ സാധയതി). സുഖദുഃഖാനുഭവമാണു ഭോഗം. അതു് (ഭോഗം) ബുദ്ധിയിൽ ഭവിക്കുന്നു. ബുദ്ധി, പുരുഷരൂപംതന്നെ. അതു് (ബുദ്ധി) പുരുഷനെ അനുഭവിപ്പിക്കുന്നു. എപ്രകാരം അത്ഥാലോചനസങ്കല്പാഭിമാനങ്ങൾ തത്തദ്രൂപപരിണാമംകൊണ്ടു് ബുദ്ധിയിൽ സംക്രമിക്കുന്നു, അപ്രകാരം ഇന്ദ്രിയവ്യാപാരങ്ങളും ബുദ്ധിയുടെ സ്വവ്യാപാരമായ അധ്യവസായത്തോടുകൂടി ഏകവ്യാപാരങ്ങളായിത്തീരുന്നു. സ്വസൈന്യത്തോടുകൂടിയ ഗ്രാമാധ്യക്ഷാദിസൈന്യം സർവാധ്യക്ഷൻെറ സൈന്യമാകുന്നതുപോലെ. ശബ്ദാദികമായ സർവത്തെക്കുറിച്ചും യാതൊരു ഉപഭോഗമുണ്ടോ അതിനെ പുരുഷനു സാധിച്ചുകൊടുക്കുന്നു.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

വിവരണം:—പുരുഷന്റെ സുഖദുഃഖാനുഭവത്തിൽ—ഭോഗത്തിൽ—ബുദ്ധി നേരിട്ടു പ്രയോജനപ്പെടുന്നു. അതുകൊണ്ടു ബുദ്ധിതന്നെ കരണങ്ങളിൽ സർവപ്രധാനം. എങ്ങനെയെന്നാൽ നേരിട്ടുനിന്നു രാജ്യകാര്യങ്ങളെല്ലാം സാധിക്കുന്നതുകൊണ്ടു സർവാധികാരി പ്രധാനനായിരിക്കുന്നു. വില്ലേജധികാരികളായ മററുള്ളവർ അദ്ദേഹത്തെ അപേക്ഷിച്ച് അപ്രധാനന്മാരും. അതുപോലെ, സാമീപ്യംനിമിത്തം പുരുഷച്ഛായ പ്രതിഫലിപ്പിക്കുന്നതുകൊണ്ടു ബുദ്ധി പുരുഷരൂപമെടുക്കുന്നു. അതേ രൂപത്തിലിരുന്നുകൊണ്ടു പുരുഷന്റെ വിഷയഭോഗത്തെ മുഴുവൻ സാധിച്ചുകൊടുക്കുകയും ചെയ്യുന്നു. സുഖദുഃഖങ്ങളുടെ അനുഭവമാണു ഭോഗം. അതു ബുദ്ധിയിലെത്തുകയും പുരുഷരൂപമായ ബുദ്ധി, തൻമുഖാന്തിരം നേരിട്ടു പുരുഷനെ അനുഭവിപ്പിക്കയുമാണ്. വസ്തുമാത്രജ്ഞാനവും സങ്കല്പവും അഭിമാനവും അതതു രൂപപരിണാമത്തോടെ ബുദ്ധിയിൽ സംക്രമിക്കുന്നതുപോലെ ഇന്ദ്രിയവ്യാപാരങ്ങളും ബുദ്ധിയുടെ സ്വന്തവ്യാപാരമായ അധ്യവസായത്തോടുചേർന്ന് ഒററവ്യാപാരമായിത്തീരുന്നു. വില്ലേജധികാരികളുടെ സൈന്യം, സർവാധികാരിയുടെതായിത്തീരുന്നതിവിടെ ദൃഷ്ടാന്തം. ഇങ്ങനെ ശബ്ദാദികമായ ഉപഭോഗമെല്ലാം ബുദ്ധി, പുരുഷനു സാദ്ധ്യമാക്കിത്തീർക്കുന്നു.

ഭാഷ്യം:—ബുദ്ധി, പുരുഷന്റെ സർവവിഷയോപഭോഗസമ്പാദികയാണെങ്കിലും നിർമ്മോക്ഷമെന്നതിനെ പറയുന്നു; "സൈവ ച" (അതുതന്നെ)യെന്ന്. പിന്നീട് പ്രധാനപുരുഷന്മാരുടെ അന്തരമെന്നാൽ വിശേഷം. "വിശിനഷ്ടി" (വിശേഷിപ്പിക്കുന്നു) എന്നതിന് ചെയ്യുന്നു (കരോതി) എന്നർത്ഥം. ഓദനപാകം പചതി (ചോറു പാകംചെയ്യുന്നു) എന്നതുപോലെ. ഇതുകൊണ്ട് പുരുഷവിഷയകമായ അപവർഗ്ഗം ദർശിതമായി. പ്രധാനപുരുഷന്മാരുടെ അന്തരത്തിനു കൃതകത്വംകൊണ്ട് അനിത്യത്വവും തത്കൃതമായ മോക്ഷത്തിന് അനിത്യത്വവും ഭവിക്കുമെന്നുവച്ചു പറയുന്നു 'സൂക്ഷ്മ'മെന്ന്. സൂക്ഷ്മമെന്നാൽ, ദുർല്ലക്ഷ്യമാണു തദന്തരമെന്നർത്ഥം. സവികാരമായ പ്രധാനം വേറെ; ഞാൻ വേറെ എന്നു വ്യത്യാസമുള്ളപ്പോൾത്തന്നെ അവിവേകംകൊണ്ട് ഇല്ലാത്തതുപോലെ ബുദ്ധി തോന്നിക്കുന്നു; ഉണ്ടാകുന്നില്ല. യാതൊന്നുകൊണ്ട് അനിത്യത്വമെന്നർത്ഥം. കാരണമാകട്ടെ പ്രതിപാദനമാകുന്നു.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

വിവരണം:—ഭോഗം, അപവർഗ്ഗം ഇതു രണ്ടും പുരുഷനെ സംബന്ധിക്കുന്നതാണ്. ഭോഗം, സുഖാദികളുടെ അനുഭവം. അതു് അവിവേകദശയിൽ പുരുഷനെ ബദ്ധനെപ്പോലെ തോന്നിക്കുന്നു. വിവേകദശയിൽ ആ പ്രാതീതികബന്ധമൊഴിഞ്ഞുപോകയും ചെയ്യുന്നു. അതാണ് അപവർഗ്ഗം അഥവാ മോക്ഷം കാരികയിലെ പൂർവ്വാർദ്ധത്തിൽ പുരുഷൻെറ ഭോഗവും അതു് സാധിച്ചു കൊടുക്കുന്നതിൽ ബുദ്ധിക്കുള്ള കരണപരമായ സർവ്വപ്രാധാന്യവും നിർദ്ദേശിച്ചിരിക്കുന്നു. അപവർഗ്ഗത്തെ സംബന്ധിക്കുന്ന നിർദ്ദേശമാണ് ഉത്തരാർദ്ധത്തിൽ. അവിടെയും ബുദ്ധിക്കു പങ്കുണ്ട്. പുരുഷൻെറ ഭോഗങ്ങളെല്ലാം നേരിട്ടു സാധിപ്പിക്കുന്നതു് ബുദ്ധിയാണെങ്കിലും മോക്ഷാവസ്ഥയല്ലതു്. വിവേകദശയിലാണ് മോക്ഷം (അപവർഗ്ഗം) സിദ്ധിക്കുക. പ്രധാനത്തിനും പുരുഷനും തമ്മിലുള്ള അതിസൂക്ഷ്മമായ വ്യത്യാസം അറിയുകതന്നെ വിവേകം. ഈ വ്യത്യാസം ബുദ്ധിയാണുണ്ടാക്കുന്നതു്. അതു് വിവേകവിഷയമാകുന്നതോടെ അപവർഗ്ഗമാകും. ഇവിടെ ഒരു സംശയം. ഉണ്ടാകുന്നതെല്ലാം നശിക്കുമെന്നു തീർച്ചയാണ്. പ്രധാന പുരുഷന്മാരുടെ വ്യത്യാസം ബുദ്ധിയുണ്ടാക്കുന്നതാണെങ്കിൽ അതു നിശ്ചയമായും നശിക്കണമല്ലോ. മാത്രമല്ല, നാശസ്വഭാവമുള്ള ആ വ്യത്യാസത്തിൽനിന്നുണ്ടാകുന്ന അപവർഗ്ഗവും നാശമുള്ളതാകണം. ഇതെങ്ങനെ യോജിക്കും? പറയാം; പ്രധാനം മാററ(സവികാരം)മുള്ളതും പുരുഷൻ (അഹം) മാററമില്ലാത്തതുമെന്ന വ്യത്യാസമുള്ളതാണ്. അവിവേകദശയിൽ ബുദ്ധി ആ വ്യത്യാസമില്ലാത്തതായി തോന്നിക്കുന്നു. വിവേകദശയിലാകട്ടെ, ബുദ്ധിതന്നെ അതേ വ്യത്യാസത്തെ തെളിച്ചുകാട്ടുകയും ചെയ്യുന്നു ഒരിക്കൽ ഇല്ലെന്നു തോന്നിയ വ്യത്യാസ(അന്തരം)ത്തിനു് അനിത്യതം സംഗതമായി. ഇങ്ങനെ ബുദ്ധി പുരുഷൻെറ ഭോഗാപവർഗ്ഗങ്ങളുടെ സഹായവൃത്തിയിൽ പ്രധാനമായിരിക്കുന്നു

വിശിനഷ്ടി എന്നതിനു് വിശേഷിപ്പിക്കുന്നുവെന്നാണ് നേരെയുള്ള അർത്ഥം. അപ്പോൾ പ്രകൃതത്തിലെ "അന്തരം വിശിനഷ്ടി" എന്നതിനു് വ്യത്യാസത്തെ വ്യത്യാസപ്പെടുത്തുന്നു എന്നു വേണം അർത്ഥം പറയാൻ അതു യോജിക്കുന്നില്ല. ആകയാൽ ഉണ്ടാകുന്നു (കരോതി) എന്നു് "വിശിനഷ്ടി"ക്കർത്ഥകല്പനം ചെയ്യണം. "ഓദനപാകം പചതി" എന്നും മററും പ്രയോഗമുണ്ട

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ല്ലോ. അവിടെ "പചതി"ക്കു 'കരോതി'യെന്നർത്ഥം. അതു പോലെ.

ഇപ്രകാരം കരണങ്ങളെ വിഭജിച്ചു് വ്യത്യാസവും വ്യത്യാസമില്ലായ്മയും വേർതിരിച്ചുകാട്ടുന്നു.

കാരിക:—

തന്മാത്രാണ്യവിശേഷാ-
സ്തേഭ്യോ ഭൂതാനി പഞ്ചപഞ്ചഭ്യഃ
ഏതേ സ്മൃതാ വിശേഷാഃ
ശാന്താ ഘോരാശ്ച മൂഢാശ്ച. 38

അർത്ഥം:—പഞ്ചതന്മാത്രകൾ വ്യത്യാസമുള്ളവയല്ല. ആ പഞ്ചതന്മാത്രകളിൽനിന്നുണ്ടാകുന്നവയാണു് ആകാശാദി പഞ്ചമഹാഭൂതങ്ങൾ. ഇതുകൾ ശാന്തങ്ങളും ഘോരങ്ങളും മൂഢങ്ങളുമാകയാൽ വ്യത്യാസമുള്ളവയാണു്.

ശബ്ദാദികളുടെ സൂക്ഷ്മാംശങ്ങളാണു പഞ്ചതന്മാത്രകൾ. സൂക്ഷ്മതനിമിത്തം ഇന്ദ്രിയവിഷയമാകാത്തതുകൊണ്ടു തന്മാത്രകൾക്കു വ്യത്യാസമൊന്നുമില്ല. അതേ തന്മാത്രകളുടെ സ്ഥൂലപരിണാമങ്ങളാണു് ആകാശാദിമഹാഭൂതങ്ങൾ. അവയിൽ ചിലതു ശാന്തം; ചിലതു ഘോരം; ചിലതു മൂഢം. ഇങ്ങനെ ആകാശാദിപഞ്ചമഹാഭൂതങ്ങളുടെ വ്യത്യാസം പ്രകടമായിരിക്കുന്നു.

ഭാഷ്യം:—ശബ്ദാദിതന്മാത്രകൾ സൂക്ഷ്മങ്ങളാണു്; ഇവയ്ക്കു ശാന്തത്വം തുടങ്ങി ഉപഭോഗയോഗ്യമായ വ്യത്യാസം ഭവിക്കുന്നില്ലെന്നതാണു മാത്രശബ്ദത്തിന്റെ അർത്ഥം. വ്യത്യാസമില്ലാത്തവയെ പറഞ്ഞിട്ടു വ്യത്യാസമുള്ളവയെ പറയാൻ അവയുടെ ഉത്പത്തിയെ പറയുന്നു. അവയിൽനിന്നു്—തന്മാത്രകളായ സംഖ്യമുറയ്ക്കു് ഒന്നു് രണ്ടു് മൂന്നു് നാലു് അഞ്ചു് ഇവയിൽനിന്നു്—ഭൂതങ്ങളായ ആകാശം വായു അഗ്നി വെള്ളം ഭൂമി അഞ്ചുമുണ്ടാകുന്നു. അഞ്ചു തന്മാത്രകളിൽനിന്നാണു് ഈ ഭൂതങ്ങളുടെ ഉത്പത്തി. വിശേഷത്വത്തിൽ എന്തു വന്നിരിക്കുന്നുവെന്നു പറയുന്നു; ഇവ വിശേഷങ്ങളായി സ്മരിക്കപ്പെടുന്നുവെന്നു്. എങ്ങനെ? ശാന്തങ്ങളും ഘോരങ്ങളും മൂഢങ്ങളുമായിട്ടു്. (ശാന്താ ഘോരാശ്ച മൂഢാശ്ച) ചകാരം, ഒന്നാമത്തേതു് ഹേതുവിലും രണ്ടാമത്തേതു സമുച്ച

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

യത്തിലും ഭവിക്കുന്നു. യാതൊന്നു ഹേതുവായിട്ട് സ്ഥൂലങ്ങളായ ആകാശാദികളിലെ സത്വപ്രധാനതകൊണ്ടു ചിലതു് ശാന്തങ്ങളാണ്; സുഖപ്രസന്നങ്ങളാണ്. ചിലതു് രജഃപ്രധാനതകൊണ്ടു ഘോരങ്ങൾ അഥവാ ദുഃഖമയങ്ങൾ ആണ്. തമഃപ്രധാനതകൊണ്ടു മൂഢങ്ങ(ഘനദ്രവ്യങ്ങൾ)ളായിരിക്കുകയാണു ചിലതു്. ആയിട്ടുകൾ അന്യോന്യം വ്യത്യസ്തങ്ങളായി അനുഭവപ്പെടുന്നവയായിട്ട് വിശേഷങ്ങളെന്നും സ്ഥൂലങ്ങളെന്നും പറയപ്പെടുന്നു. തന്മാത്രകളാകട്ടെ നമ്മളാൽ അന്യോന്യം വ്യത്യസ്തങ്ങളായിട്ട് അനുഭവിക്കപ്പെടുന്നില്ല. എന്നതിനാൽ അവിശേഷങ്ങളെന്നും സൂക്ഷ്മങ്ങളെന്നും പറയപ്പെടുന്നു.

വിവരണം:—ശബ്ദം, രൂപം, രസം, ഗന്ധം, സ്പർശം ഇവയുടെ സൂക്ഷ്മാംശമാണു തന്മാത്രകൾ. അവയുടെ വിശേഷം—വ്യത്യാസം—നമുക്കനുഭവവിഷയമല്ല. ആകാശം മുതലായ പഞ്ചമഹാഭൂതങ്ങളുടെ ശാന്തത്വം തുടങ്ങിയ വ്യത്യാസം നമുക്കനുഭവപ്പെടുന്നു. അപ്രകാരം സൂക്ഷ്മതനിമിത്തം തന്മാത്രകളുടെ അന്യോന്യവ്യത്യാസം അനുഭവപ്പെടുന്നില്ല. അതിനെ അർത്ഥമാക്കിയുള്ളതാണു മാത്രശബ്ദം. ഇങ്ങനെ പരസ്പരവ്യത്യാസമില്ലാത്ത തന്മാത്രകളെ പറഞ്ഞു. ഇനി വ്യത്യാസമുള്ളവയെ പറയാൻ പോവുകയാണ്. അവ, അഞ്ചു തന്മാത്രയിൽനിന്ന് സംഖ്യാക്രമമനുസരിച്ചുണ്ടാകുന്ന ആകാശാദികളായ അഞ്ചു മഹാഭൂതങ്ങളാകുന്നു. കേവലമായ ആകാശതന്മാത്രയിൽനിന്ന് ആകാശം. വായുതന്മാത്രയോടുകൂടിയ ആകാശത്തിൽനിന്ന് വായു. തേജസ്തന്മാത്രയോടുകൂടിയ ആകാശവായുതന്മാത്രകളിൽനിന്ന് തേജസ്സ് (അഗ്നി). അപ്തന്മാത്രയോടുകൂടിയ ആകാശവായുതേജസ്തന്മാത്രകളിൽനിന്നു വെള്ളം (അപ്). ഭൂമിതന്മാത്രയോടുകൂടിയ ആകാശവായുതേജോപ്തന്മാത്രകളിൽനിന്ന് ഭൂമി. ഈ ക്രമത്തിലാണു പഞ്ചതന്മാത്രകളിൽനിന്നു പഞ്ചമഹാഭൂതങ്ങളുണ്ടാകുന്നതു്. ആകാശാദി സ്ഥൂലഭൂതങ്ങളുടെ ഉത്ഭവം തന്മാത്രകളിൽനിന്നാണെന്നിവിടെ വ്യക്തം. സ്ഥൂലഭൂതങ്ങളായ ആകാശാദികൾ നമുക്കനുഭവപ്പെടത്തക്കവണ്ണം അന്യോന്യം വ്യത്യാസമുള്ളവയാണ്. ആ വ്യത്യാസങ്ങളെന്തൊക്കെയെന്നോ? സ്ഥൂലഭൂതങ്ങളിൽ ചിലതു സത്വഗുണപ്രധാനമായിരിക്കും. തന്മൂലം അതു സുഖപ്രസന്നമായി അനുഭവപ്പെടും. രജോഗുണപ്രധാനമായതുകൊണ്ടു മററുചിലതു ദുഃഖമയവും സ്വരൂപ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സ്ഥിതിയില്ലാത്തതുമായിരിക്കും. തമഃപ്രധാനത്വംകൊണ്ടു കട്ടിപിടിച്ചതായിരിക്കും വേറെ ചിലതു്. ഇത്തരം അന്യോന്യവ്യത്യാസമുള്ളതുകൊണ്ടു് ആകാശാദിഭൂതങ്ങളെ വിശേഷങ്ങളെന്നും സ്ഥൂലങ്ങളെന്നും പറയുന്നു. തന്മാത്രകളുടെ അതിസൂക്ഷ്മമായ പരസ്പരവിശേഷം നമുക്കനുഭവപ്പെടുന്നില്ല. അതുകൊണ്ടാണവയെ—തന്മാത്രകളെ—അവിശേഷങ്ങളെന്നും സൂക്ഷ്മങ്ങളെന്നും പറയുന്നതു്.

വ്യത്യാസങ്ങളുടെ അവാന്തരവ്യത്യാസത്തെ പറയുന്നു.

കാരിക:—

സൂക്ഷ്മാ മാതാ പിതൃജാഃ
സഹപ്രഭൂതൈസ്ത്രിധാ വിശേഷാഃ സ്യുഃ
സൂക്ഷ്മാസ്തേഷാം നിയതാ
മാതാപിതൃജാ നിവർത്തന്തേ. 39

അർത്ഥം:—മഹാഭൂതങ്ങളുൾപ്പെടെ സൂക്ഷ്മങ്ങളും മാതാപിതൃജങ്ങളുമായിട്ടു് വിശേഷങ്ങൾ മൂന്നുവിധം ഭവിക്കും. അവയിൽ സൂക്ഷ്മങ്ങൾ നിത്യങ്ങളും മാതാപിതൃജങ്ങൾ നിവർത്തിക്കുന്നവയുമാണു്.

മഹാഭൂതങ്ങളുടെ അന്യോന്യവ്യത്യാസം വ്യക്തമാക്കി. ഇനി അവയുടെ അവാന്തരവ്യത്യാസം വ്യക്തമാക്കുന്നു.

മഹാഭൂതങ്ങൾ, സ്ഥൂലശരീരങ്ങൾ, സൂക്ഷ്മശരീരങ്ങൾ ഇങ്ങനെ വ്യത്യാസം മൂന്നുവിധം. കൂട്ടത്തിൽ സൂക്ഷ്മശരീരങ്ങൾ നശിക്കുന്നില്ല. മാതാപിതാക്കളിൽനിന്നുണ്ടാകുന്നതാണു സ്ഥൂലശരീരങ്ങൾ. അവ, മരണകാലത്തു വീണുപോകുന്നു; നശിക്കുന്നു. മഹാഭൂതങ്ങളും പ്രളയദശയിൽ അവ്യക്തമായ സ്വസ്വകാരണത്തിൽ വിലയംകൊള്ളുന്നവയാണു്. പുരുഷനെയൊഴിച്ചു പ്രകൃതിതത്ത്വങ്ങൾ ഇരുപത്തിനാലുണ്ടല്ലോ. അവ പലതുമൊന്നിച്ചുചേർന്നു മൂന്നുതരം വ്യത്യസ്തവസ്തുക്കളുണ്ടാകുന്നു. പുരുഷന്റെ ഉപഭോഗത്തിനുള്ളതാണതു മൂന്നും. ആ വസ്തുക്കളിലൊന്നാമത്തേതു സൂക്ഷ്മശരീരം. അതു് തത്ത്വജ്ഞാനോദയംവരെ നിലനില്ക്കുന്നു. മററു രണ്ടു വസ്തുക്കളെയപേക്ഷിച്ചു സൂക്ഷ്മശരീരം നിത്യമെന്നു പറയാം. രണ്ടാമത്തേതായ സ്ഥൂലശരീരം അച്ഛനമ്മമാരിൽനിന്നുണ്ടാകുന്നതാണു്. മരണപര്യന്തമേ സ്ഥൂലശരീരത്തിനു

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സ്ഥിതിയുള്ളു. മരണശേഷം അതിന്റെ തത്വങ്ങൾ സമാനതത്വങ്ങളിൽ ചെന്നുചേരുന്നു. മഹാഭൂതങ്ങളാണു മൂന്നാമത്തെ വസ്തു. പ്രളയകാലത്തു മഹാഭൂതങ്ങൾ അവയുടെ അവ്യക്തകാരണങ്ങളിൽ പോയി ലയിക്കുന്നു.

ഭാഷ്യം:—മൂന്നുവിധ വിശേഷങ്ങൾ ഭവിക്കും. ആ വിശേഷപ്രകാരങ്ങളെ പറയുന്നു. സൂക്ഷ്മങ്ങൾ എന്നിങ്ങനെ. സൂക്ഷ്മദേഹങ്ങൾ പരികല്പിതങ്ങളാണ്. ഷട്കോശനിർമ്മിതമാണു മാതാപിതൃജങ്ങൾ. അതിൽ, മാതാവിൽനിന്നു രോമരക്തമാംസങ്ങൾ. പിതാവിൽനിന്നു സ്നായ്വസ്ഥിമജ്ജകൾ. ഇങ്ങനെ ആറുകൂട്ടം. പ്രകൃഷ്ടങ്ങളായ—മഹത്തുകളായ—ഭൂതങ്ങളാണു പ്രഭൂതങ്ങൾ; അവയോടുകൂടിയതു്. സൂക്ഷ്മശരീരമൊന്നാമത്തെ വിശേഷം. മാതാപിതൃജം രണ്ടാമത്തേതു്. മഹാഭൂതങ്ങൾ മൂന്നാമത്തേതു്. മഹാഭൂതവർഗ്ഗത്തിൽ കുടം മുതലായവയുടെ നിവേശവുമുണ്ടു്. സൂക്ഷ്മദേഹത്തിന്റെയും മാതാപിതൃജദേഹത്തിന്റെയും വിശേഷം പറയുന്നു; സൂക്ഷ്മങ്ങളെന്നു്. വിശേഷങ്ങളുടെ കൂട്ടത്തിൽ സൂക്ഷ്മങ്ങൾ നിയതങ്ങളാണു്. മാതാപിതൃജങ്ങളാകട്ടെ രസാന്തങ്ങളായോ ഭസ്മാന്തങ്ങളായോ മലാന്തങ്ങളായോ നിവർത്തിക്കുന്നു.

വിവരണം:—പ്രകൃതിതത്വങ്ങളുടെ സമ്മേളനംകൊണ്ടു മൂന്നുതരം വസ്തുക്കളുണ്ടാകുന്നു. സൂക്ഷ്മശരീരവും സ്ഥൂലശരീരവും പഞ്ചമഹാഭൂതങ്ങളും. അവയ്ക്കുതമ്മിൽ പ്രകടമായ വ്യത്യാസ (വിശേഷം)മുണ്ടു്. സൂക്ഷ്മശരീരം, അനുമാനഗമ്യമാണു്. സൂക്ഷ്മത്വം നിമിത്തം സ്ഥൂലശരീരത്തെയെന്നപോലെ അതിനെ നേരിട്ടറിയുക സാധ്യമല്ല. എന്നാൽ സുഖദുഃഖാദികളുടെ അനുഭവജ്ഞാനമുണ്ടാകുന്നതു സൂക്ഷ്മശരീരംകൊണ്ടാണു്. അതിനാൽ സൂക്ഷ്മശരീരത്തെ വൃദ്ധാചാര്യന്മാർ അനുമാനിക്കുന്നു. കേവലപുരുഷനു സുഖദുഃഖാദികളുടെ അനുഭവമില്ല. സ്ഥൂലശരീരവും സുഖദുഃഖാദികളനുഭവിക്കുന്നില്ല. അനുഭവത്തിൽ സുഖദുഃഖാദികളുണ്ടുതാനും. അപ്പോൾ സത്വാദികൾക്കു പുരുഷനും സ്ഥൂലശരീരവുമല്ലാതെ മൂന്നാമതൊരനുഭോക്താവുണ്ടായിരിക്കണം. അതു മറുജന്മത്തിൽ സ്വീകരിച്ച മറ്റൊരു ശരീരം; സൂക്ഷ്മശരീരമാണിതെന്നനുമാനിക്കുകയാണു്. സ്ഥൂലശരീരം വഴിക്കാണു സൂക്ഷ്മശരീരം സുഖദുഃഖാദികളനുഭവിക്കുന്നതു്. പരലോകപ്രാപ്തിയും അവിടെയുള്ള സുഖാദ്യനുഭവങ്ങളും വേദങ്ങളിൽ നിഷ്കർഷിച്ചിട്ടുണ്ടു്. സ്ഥൂലശരീരം മരണശേ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഷം നശിച്ചുപോകുന്നതുകൊണ്ടു പരലോകപ്രാപ്തിക്കു സംഗതിയില്ല. പിന്നെ വേദനിർദ്ദിഷ്ടമായ പരലോകം പ്രാപിക്കുന്നതും സുഖമനുഭവിക്കുന്നതും സൂക്ഷ്മശരീരമാകാനേ തരമുള്ളു. ഇങ്ങനെ അനുമാനഗമ്യമാണു സൂക്ഷ്മശരീരം. ജ്ഞാനോദയംവരെ സൂക്ഷ്മശരീരം നിലനില്ക്കുന്നു. അച്ഛനമ്മമാരിൽനിന്നു സ്ഥൂലശരീരമുണ്ടാകുന്നു. ആറുകൂട്ടം (ഷഡ്ഗണം) ഉൾക്കൊണ്ടതാണു സ്ഥൂലശരീരം. മറെറാരു വാക്കിൽ സ്ഥൂലശരീരം ഷഡ്കോശാത്മകമാണു്. രോമം, രക്തം, മാംസം, ഞരമ്പു്, അസ്ഥി, മജ്ജ ഇത്രയുമാണാറുകൂട്ടം. അമ്മയിൽനിന്നു രോമവും രക്തവും മാംസവുമുണ്ടാകുന്നു. ശേഷിച്ച മൂന്നും (ഞരമ്പും അസ്ഥിയും മജ്ജയും) അച്ഛനിൽനിന്നും. ഈ ആറുകൂട്ടവുമൊത്തിണങ്ങിയതാണു സ്ഥൂലശരീരം. അതു മരണശേഷം നശിച്ചുപോകുന്നു; മണ്ണാ(രസാന്തം)യിട്ടോ, ദഹിച്ചു ചാമ്പ(ഭസ്മാന്തം)ലായിട്ടോ, ജന്തുക്കൾ ഭക്ഷിച്ചു മല(വിഡന്തം)മായിട്ടോ. പ്രഭൂതങ്ങളെന്നാൽ, മഹാഭൂതങ്ങളാണു്; ഭൂമി മുതലായ പഞ്ചമഹാഭൂതങ്ങൾ. മഹാഭൂതങ്ങളെ പരിഗണിക്കുമ്പോൾ, പൃഥിവീപരിണാമമായ കുടം മുതലായവയും കണക്കാക്കേണ്ടതുണ്ടു്. പ്രളയകാലത്തു് മഹാഭൂതങ്ങൾ സ്വസ്വകാരണങ്ങളിൽ ലയിച്ചു് അപ്രത്യക്ഷമാകുന്നു.

ജന്മാന്തരായത്തമായ സൂക്ഷ്മശരീരം അനുമാനഗമ്യമാണു്; അഥവാ പരികല്പിതമാണു്. അതു പ്രകൃതിപുരുഷന്മാരെ വേർതിരിച്ചറിയുന്നതുവരെ—ജ്ഞാനോദയംവരെ—നിലനില്ക്കുന്നു. സ്ഥൂലശരീരം ഷഡ്കോശാത്മകമാണു്. അച്ഛനമ്മമാരിൽനിന്നു സ്ഥൂലശരീരമുണ്ടാകുന്നു. അതിന്റെ നിലനില്പ്പു് മരണംവരെമാത്രം. പഞ്ചമഹാഭൂതങ്ങൾ പ്രളയംവരെ നിലനില്ക്കുന്നു. ഇങ്ങനെ മൂന്നുതരം വസ്തുക്കളും അവയുടെ വ്യത്യാസ(വിശേഷ)ങ്ങളും.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സൂക്ഷ്മശരീരനിരൂപണം

സൂക്ഷ്മശരീരത്തെ വിഭജിക്കുന്നു.

കാരികഃ—

പൂർവോല്പന്നമസക്തം
നിയതം മഹദാദിസൂക്ഷ്മപര്യന്തം
സംസരതി നിരുപഭോഗം
ഭാവൈരധിവാസിതം ലിംഗം. 10

അർത്ഥം:—സൂക്ഷ്മശരീരം (ലിംഗം) സൃഷ്ടിയുടെ ആദ്യമുണ്ടായി എവിടെ പ്രവേശിക്കാനും തടസ്സമില്ലാതെ, പ്രളയപര്യന്തം നിലനില്പോടെ ബുദ്ധി തുടങ്ങിയ പതിനെട്ടു തത്വങ്ങളുടെ സമൂഹരൂപത്തിൽ സ്ഥൂലശരീരത്തിലൂടെ സുഖദുഃഖാദികളനുഭവിച്ചുകൊണ്ടു് ധർമ്മാധർമ്മങ്ങളുടെ വാസനയോടുകൂടി സംസരിക്കുന്നു; പൂർവ്വശരീരമുപേക്ഷിച്ചു് നൂതനശരീരം സ്വീകരിക്കുന്നു.

ആദി സൃഷ്ടിയിലുണ്ടായതാണു് സൂക്ഷ്മശരീരം. അതിനെ ലിംഗശരീരമെന്നും പറയും. എവിടെ കടക്കാനും കഴിവുണ്ടു് സൂക്ഷ്മശരീരത്തിനു്. കാരികയിലെ "അസക്ത"ത്തിന്റെ താല്പര്യാർത്ഥം അതാണു്. മഹാപ്രളയംവരെ സൂക്ഷ്മശരീരം സ്ഥിതിചെയ്യുന്നു. ബുദ്ധി, അഹങ്കാരം, മനസ്സു്, അഞ്ചു ജ്ഞാനേന്ദ്രിയം, അഞ്ചു കർമ്മേന്ദ്രിയം, അഞ്ചു തന്മാത്ര, ഈ പതിനെട്ടു തത്വത്തിന്റേയും സമൂഹരൂപമാണു് സൂക്ഷ്മശരീരം. അതു ധർമ്മാദികളുടെ വാസനയോടുകൂടിയതുമാണു്. ഇപ്രകാരമിരിക്കുന്ന സൂക്ഷ്മശരീരം, മുമ്പുമുമ്പുള്ള സ്ഥൂലശരീരത്തെ വിട്ടു് പുതിയ പുതിയ സ്ഥൂലശരീ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

രത്തെയെടുക്കുന്നു. അങ്ങനെ സംസരിക്കുന്നു. സംസരണം അഥവാ സംസാരമതാണ്.

ഭാഷ്യം:—"പൂർവ്വോത്പന്നം"മെന്നാൽ; പ്രധാനത്താൽ ആദിസർഗ്ഗത്തിൽ ഓരോ പുരുഷനുംവേണ്ടി ഓരോന്നായുല്പാദിപ്പിക്കപ്പെട്ടതു്. പാറയിൽപ്പോലും അവ്യാഹതമായി പ്രവേശിക്കുന്നതു് "അസക്തം." "നിയതം" സൃഷ്ടിമുതൽ മഹാപ്രളയംവരെയുള്ള അവസ്ഥാനമാണ്. മഹദഹംകാരദശേന്ദ്രിയപഞ്ചതന്മാത്രപര്യന്തമാണു്, മഹദാദിസൂക്ഷ്മപര്യന്തം. ഇവയുടെ സമുദായമായ സൂക്ഷ്മശരീരം, ശാന്തഘോരമൂഢങ്ങളായ ഇന്ദ്രിയങ്ങളോടുകൂടിയതാകയാൽ വിശേഷമുള്ളതാകുന്നു.

വിവരണം:—ബുദ്ധി, അഹങ്കാരം, മനസ്സു്, കർമ്മജ്ഞാനേന്ദ്രിയങ്ങൾ, പഞ്ചതന്മാത്രകൾ ഇവയുടെ സമൂഹരൂപമാണു് സൂക്ഷ്മശരീരം. അതു് ഓരോ പുരുഷനുവേണ്ടിയും ഓരോന്നുവീതം സൃഷ്ടിയുടെ ആരംഭത്തിൽ പ്രധാനം (പ്രകൃതി) സൃഷ്ടിക്കയുണ്ടായി. എവിടെയും കടന്നുചെല്ലാൻ കഴിവുള്ള സൂക്ഷ്മശരീരത്തിന്റെ സ്ഥിതി മഹാപ്രളയംവരെയുണ്ടു്. അന്യോന്യം വ്യത്യാസമില്ലാത്ത തന്മാത്രകൾകൂടിയുൾപ്പെട്ടതാണെങ്കിലും സൂക്ഷ്മശരീരങ്ങൾ തമ്മിൽ വ്യത്യാസമുള്ളവയാണു്. ബുദ്ധ്യഹങ്കാരങ്ങൾക്കും, കർമ്മജ്ഞാനേന്ദ്രിയങ്ങൾക്കും, സത്ത്വാദിഗുണാധിഷ്ഠിതമായ ശാന്തതയും ഘോരതയും മൂഢതയും സംഗതമായിരിക്കുമല്ലോ. സൂക്ഷ്മശരീരത്തിൽ ബുദ്ധ്യാദികളും ദശേന്ദ്രിയങ്ങളുമുൾപ്പെടുന്നു. വ്യത്യാസമില്ലാത്ത തന്മാത്രകളേക്കാൾ വ്യത്യാസമുള്ള ബുദ്ധ്യാദികരണങ്ങൾക്കു സൂക്ഷ്മശരീരഗതമായ അന്തർഭാവത്തിൽ ആധിക്യമുണ്ടു്. അതിനാൽ, "അധികേന വ്യപദേശാ ഭവന്തി" എന്ന ന്യായമനുസരിച്ചു് കരണങ്ങളുടെ അടിസ്ഥാനത്തിൽ ഓരോ സൂക്ഷ്മശരീരവും പരസ്പരം ശാന്തഘോരമൂഢത്വങ്ങൾകൊണ്ടു വ്യത്യസ്തമാണു്.

ഭാഷ്യം:—ഈ ശരീരം പുരുഷന്റെ ഭോഗായതനംതന്നെയെന്നിരിക്കട്ടെ; കാണപ്പെടുന്ന ഷഡ്കോശാത്മകമായ ശരീരംകൊണ്ടെന്തിനെ പറയുന്നു; "സംസാരിക്കുന്നു"വെന്നു്. സ്വീകരിച്ച ഷഡ്കോശാത്മകമായ ശരീരത്തെ ഉപേക്ഷിക്കുന്നു. കൂടെക്കൂടെ ഉപേക്ഷിക്കയും സ്വീകരിക്കുകയും ചെയ്യുന്നു. എന്തുകൊണ്ടു്? "നിരുപഭോഗം"; ഷഡ്കൗശികമായ ശരീരം നിരുപഭോഗമാണു്. അതുകൊണ്ടു സംസരിക്കുന്നു.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

വിവരണം:—ഇതുവരെ പറഞ്ഞതിൽനിന്ന് സൂക്ഷ്മശരീരം, പുരുഷന്റെ സുഖദുഃഖാദികളുടെ അനുഭവത്തിനടിസ്ഥാനമെന്ന വ്യക്തമായി. പിന്നെ ഷഡ്കോശാത്മകമായ സ്ഥൂലശരീരത്തിന്റെ പ്രയോജനമെന്താണ്? സ്ഥൂലശരീരം സ്വന്തനിലയിൽ സുഖാദികളനുഭവിക്കാൻ സമർത്ഥമല്ല; നിരുപഭോഗമാണ്. എന്നാൽ സൂക്ഷ്മശരീരത്തിന സുഖാദികളനുഭവിക്കാൻ സ്ഥൂലശരീരം കൂടിയേ കഴിയൂ. സ്ഥൂലശരീരം കൂടാതെ സൂക്ഷ്മശരീരത്തിന സുഖാദ്യനുഭവം സാധ്യമല്ല; അതുകൊണ്ട സൂക്ഷ്മശരീരം പഴയ പഴയ സ്ഥൂലത്തെ വിടുകയും പുതിയ പുതിയ സ്ഥൂലശരീരത്തെ എടുക്കുകയും ചെയ്യുന്ന സൂക്ഷ്മശരീരത്തിന്റെ സ്ഥൂലശരീരാന്തരസ്വീകരണമാണ സംസാരം*

ഭാഷ്യം:—ധർമ്മാധർമ്മനിമിത്തമാണല്ലോ സംസാരം. സൂക്ഷ്മശരീരത്തിന് അതിന്റെ യോഗം ഭവിക്കുന്നില്ല. അതിനാലെങ്ങനെ സംസരിക്കുന്നു? എന്നതുകൊണ്ട പറയുന്നു. ഭാവങ്ങളാൽ അധിവാസിതമായിട്ടെന്ന്; ധർമ്മം അധർമ്മം ജ്ഞാനം അജ്ഞാനം വൈരാഗ്യം അവൈരാഗ്യം ഐശ്വര്യം അനൈശ്വര്യം ഇവയാണ ഭാവങ്ങൾ. അവയോടുകൂടിയതാണ ബുദ്ധി. സൂക്ഷ്മശരീരം ആ ബുദ്ധിയുമായി ബന്ധപ്പെട്ടതാകകൊണ്ട് അതും ഭാവങ്ങളാൽ അധിവാസിതമായിരിക്കും. സൗരഭ്യമുള്ള ചെമ്പകപ്പൂവിന്റെ സംസർഗ്ഗംകൊണ്ട വസ്ത്രം സൗരഭ്യമുള്ളതായിത്തീരുന്നതുപോലെ. അതിനാൽ ഭാവങ്ങളുടെ അധിവാസിതത്വംനിമിത്തം സംസരിക്കുന്നു. പിന്നെ എന്തുകൊണ്ട പ്രധാനമെന്നപോലെ മഹാപ്രളയത്തിലും ആ ശരീരം സ്ഥിതിചെയ്യുന്നില്ല? എന്നതുകൊണ്ട പറയുന്നു; "ലിംഗം"—ലയത്തെ ഗമിക്കുന്നതുകൊണ്ട ലിംഗമായി. ഹേതുമത്ത്വംകൊണ്ട് ഇതിന ലിംഗത്വമുണ്ടായി എന്ന ഭാവം.

വിവരണം:—സൂക്ഷ്മശരീരം മററു സ്ഥൂലശരീരത്തെ സ്വീകരിക്കുന്നതു ധർമ്മാധർമ്മങ്ങളുടെ അടിസ്ഥാനത്തിലാണ്. ധർമ്മാധർമ്മങ്ങളോട സൂക്ഷ്മശരീരത്തിന ബന്ധമില്ലതാനും. പിന്നെങ്ങനെ സ്ഥൂലശരീരസ്വീകരണം സാദ്ധ്യമാകും? പറയാം. ധർമ്മാദികളുണ്ടല്ലോ; ഭാവങ്ങൾ ധർമ്മം അധർമ്മം ജ്ഞാനം അജ്ഞാനം ഐശ്വര്യം അനൈശ്വര്യം വൈരാഗ്യം അവൈരാഗ്യം, ഇങ്ങനെ എട്ടു

---

* "സംസാരശ്ച മിഥ്യാധീപ്രഭവാ വാസനാ" എന്ന പ്രമാണ്യവാദത്തിൽ ഗദാധരഭട്ടൻ.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഭാവങ്ങൾ. ഇവയാണ സ്ഥൂലശരീരഗ്രഹണത്തിന്റെ അടിസ്ഥാനം. ബുദ്ധി ഈ ഭാവങ്ങളോടുകൂടിയതാണ്. സുരഭിലമായ ചെമ്പകപ്പൂവിന്റെ സംസർഗ്ഗം വസ്ത്രത്തെ ഒന്നാകെ സുരഭിലമാക്കുന്നതുപോലെ ധർമ്മാദിഭാവങ്ങളുടെ അധിവാസം ബുദ്ധിയെ തത്തത്പ്രേരണാധീനമാക്കുന്നു. താദൃശമായ ബുദ്ധിയാകട്ടെ സൂക്ഷ്മശരീരത്തിൽ അന്തർഭൂതമാണല്ലോ. ധർമ്മാധർമ്മങ്ങളുടെ പ്രചോദനം ബുദ്ധിയിലൂടെ സൂക്ഷ്മശരീരത്തെ ബാധിക്കുന്നു. അങ്ങനെ സൂക്ഷ്മശരീരം ധർമ്മാദിപ്രചോദനത്തിനു വിധേയമായി നിർദ്ദിഷ്ടമായ സ്ഥൂലശരീരത്തെ സ്വീകരിക്കയാണ്. മറിച്ച് സ്വതന്ത്രനിലയ്ക്കു സ്ഥൂലശരീരഗ്രഹണം, സൂക്ഷ്മശരീരത്തിൽ സാധ്യമല്ല. അപ്പോൾ മറെറാരു ചോദ്യമുദിക്കുന്നു. പ്രളയകാലത്തും നശിക്കാത്തതാണല്ലോ പ്രധാനം അഥവാ പ്രകൃതി. സൂക്ഷ്മശരീരത്തിനുമെന്തുകൊണ്ടു പ്രധാനമെന്നപോലെ നശിക്കാതിരുന്നുകൂടാ? ഇതിന്റെ ഉത്തരം സുഗമമാണ്. ഉണ്ടായതെല്ലാം നശിക്കണമല്ലോ! സൂക്ഷ്മശരീരം ഉണ്ടായതാണ് ആകയാൽ അതു നശിക്കാതെ നിർവാഹമില്ല. പ്രധാനം ഉള്ളതാണ്; ഉണ്ടായതല്ല. തന്മൂലം മഹാപ്രളയത്തിലും പ്രധാനം നശിക്കാതെ നിലനില്ക്കുന്നു. സൂക്ഷ്മശരീരത്തിന്റെ നാശത്തെ ഉപലക്ഷിച്ചുകൊണ്ടാണ പര്യായമായ ലിംഗശബ്ദം കാരികയിൽ പ്രയോഗിച്ചതു്. ലയത്തെ—നാശത്തെ—ഗമിക്കുന്നതു്—പ്രാപിക്കുന്നതു് എന്നു ലിംഗശബ്ദത്തിന്റെ വ്യുത്പത്തി (ലയം ഗച്ഛതി ഇതി ലിംഗം). മറെറാന്നിൽനിന്നുണ്ടായതാകകൊണ്ടു്, ഹേതുമത്ത്വമുണ്ടു് സൂക്ഷ്മശരീരത്തിനു്. അതിനാലാണ നാശം പ്രാപിക്കുന്നതെന്നാത്ഥമായ ലിംഗശബ്ദം സൂക്ഷ്മശരീരത്തിന്റെ പര്യായമായിത്തീന്നതു്.

ഭാഷ്യം:—അഹംകാരം ഇന്ദ്രിയങ്ങൾ ഇവയോടുകൂടിയ ബുദ്ധിതന്നെ എന്തുകൊണ്ടു സ്ഥൂലശരീരത്തെ സ്വീകരിക്കുന്നില്ല? അപ്രധാനമായ സൂക്ഷ്മശരീരത്തോടുകൂടി അതിനെ സ്വീകരിക്കുന്നതെന്തിനു്? ഇതിനെക്കുറിച്ചു പറയുന്നു.

കാരിക:—

ചിത്രം യഥാശ്രയമൃതേ
സ്ഥാണ്വാദിഭ്യോ വിനാ യഥാ ഛായാ
തദ്വദ്വിനാ വിശേഷൈർന
തിഷ്ഠതി നിരാശ്രയം ലിംഗം. 41

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അർത്ഥം:—ആശ്രയംകൂടാതെ ചിത്രവും സ്ഥാണ്വാദികൾ കൂടാതെ ഛായയും നില്ക്കുന്നില്ല. അതുപോലെ നിരാശ്രയമായ ലിംഗവും വിശേഷങ്ങളോടുകൂടാതെ നിൽക്കുന്നില്ല.

ബുദ്ധാദി മുതലായതാണിവിടെ ലിംഗം. അതു നിരാശ്രയമാകകൊണ്ടു സൂക്ഷ്മശരീര (അവിശേഷ) ങ്ങളോടുകൂടാതെ നിൽക്കുന്നില്ല. ചിത്രം ഭിത്ത്യാദി കൂടാതെയും നിഴൽ കററി (സ്ഥാണു), മരം മുതലായവകൂടാതെയും നില്ക്കാത്തതുപോലെ.

ഭാഷ്യം:—ലിംഗനംകൊണ്ട്; ജ്ഞാപനംകൊണ്ട്, ബുദ്ധ്യാദികളാണു ലിംഗം. അത് ആശ്രയംകൂടാതെ സ്ഥിതിചെയ്യുന്നില്ല. ജന്മമരണങ്ങളുടെ ഇടയിൽ ബുദ്ധ്യാദികൾ പ്രത്യുത്പന്നശരീരാശ്രിതങ്ങളാകുന്നു. പ്രത്യുത്പന്നപഞ്ചതന്മാത്രവത്തായുള്ളപ്പോൾ ബുദ്ധ്യാദിതമിരിക്കുന്നതുകൊണ്ട് സൂക്ഷ്മശരീരങ്ങളോടുകൂടി ദൃശ്യമാനമായ ബുദ്ധ്യാദിപോലെ ഇതിനു പ്രമാണമുണ്ട്. "അംഗുഷ്ഠമാത്രം പുരുഷം നിശ്ചകർഷയമോ ബലാത്" എന്ന്. അംഗുഷ്ഠമാത്രതാം സൂക്ഷ്മതയെ ഉപലക്ഷിക്കുന്നു. ആത്മാവിന്റെ ശരീരഗ്രഹണാ(നിഷ്കർഷ) സംഭവംകൊണ്ടു സൂക്ഷ്മമായ ശരീരം പുരുഷനാണ്. ആ പ്രകാരം, സ്ഥൂലശരീരത്തിൽ ശയിക്കുന്നതെന്നു വ്യുത്പത്തി. (പുരി—സ്ഥൂലശരീരേ—ശേതെ ഇതി.)

വിവരണം:—ലിംഗശബ്ദത്തിനു ബുദ്ധാദി മുതലായതെന്നാണിവിടെ അർത്ഥം. "ലിംഗനാത്—ജ്ഞാപനാത്" എന്ന് ലിംഗത്തിന്റെ വ്യുത്പത്തി. അറിയിക്കുന്നതെന്ന് അതിന്റെ വാച്യാർത്ഥം. പ്രധാനത്തിന്റെ അനുമാനജ്ഞാനമുണ്ടാകുന്നതു് ബുദ്ധാദിയാകയാൽ തദ്വാചകമായ ലിംഗത്തിനു സ്വാത്മക്യം ആശ്രയംകൂടാതെ ബുദ്ധ്യാദികൾ നിലനില്ലില്ല. സൂക്ഷ്മശരീരത്തെ ആശ്രയിച്ച് ബുദ്ധ്യാദി നിലനിൽക്കുന്നു. ജനനത്തിനുമുമ്പും മരണത്തിനു ശേഷവുമുള്ള മാധ്യകാലമത്രയും ബുദ്ധ്യാദികൾ-ക്കാശ്രയമായേതെങ്കിലുമൊന്നുണ്ടാവാതെ തരമില്ല. പഞ്ചതന്മാത്രകളുള്ളപ്പോൾ ബുദ്ധ്യാദികളുണ്ടുതാനും. അങ്ങനെ ബുദ്ധ്യാദികളുണ്ടായിരിക്കെ അവയ്ക്കാശ്രയവുമുണ്ടായിരിക്കണം. ആ ആശ്രയമാണ് സൂക്ഷ്മശരീരം. മരണശേഷം സ്ഥൂലശരീരമെടുക്കുന്നതുവരെ ബുദ്ധ്യാദികൾ സൂക്ഷ്മശരീരത്തെ ആശ്രയിച്ചു കഴിയുന്നു. വർത്തമാനദശയിൽ സൂക്ഷ്മശരീരങ്ങളോടുകൂടി ബുദ്ധ്യാദികൾ സ്ഥൂലശരീരത്തെ ആശ്രയിച്ചിരിക്കുന്നതു ദൃഷ്ടാന്തം. "അംഗുഷ്ഠമാത്രം പുരുഷം

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

നിശ്ചകർഷയമോ ബലാത്" ഇങ്ങനെ സൂക്ഷ്മശരീരമുണ്ടെന്ന തിന്നു പ്രമാണം. ഇതിലെ അംഗുഷ്ഠമാത്രത്വം (പെരുവിരലിൻറ ത്രയും) സൂക്ഷ്മതയെ കുറിക്കുന്നു. പുരുഷശബ്ദത്തിന് ആത്മാവെന്ന അർത്ഥത്തിലാണു പ്രസിദ്ധി. എന്നാൽ ശരീരഗ്രഹണ സ്വഭാവം ആത്മാവിനില്ലാത്തതുകൊണ്ട് പ്രകൃതത്തിൽ സൂക്ഷ്മ ശരീരമെന്നു ശബ്ദത്തിനർത്ഥം. അതേ അർത്ഥത്തിൽ "പുരി ശേതേ ഇതി" — സ്ഥൂലശരീരത്തിൽ ശയിക്കുന്നതെന്ന്—വ്യുത്പത്തി.

ഇപ്രകാരം സൂക്ഷ്മശരീരമുണ്ടെന്നു സമർത്ഥിച്ചതിനുശേഷം അതു സ്ഥൂലശരീരഗ്രഹണം ചെയ്യുന്നതെങ്ങനെ? എന്തു കാരണം കൊണ്ട്? ഇതു രണ്ടിനേയുംപററി പറയുകയാണ്.

കാരിക:—

പുരുഷാർത്ഥഹേതുകമിദം
നിമിത്തനൈമിത്തികപ്രസംഗേന
പ്രകൃതേർവിഭുത്വയോഗാ-
ന്നടവദ് വ്യവതിഷ്ഠതേ ലിംഗം. 42

അർത്ഥം:—പുരുഷൻെറ ഭോഗാപവർഗ്ഗം കാരണമായി ഈ സൂക്ഷ്മശരീരം നിമിത്തമായ ധർമ്മാദിയുടെയും നൈമിത്തികമായ സ്ഥൂലദേഹാദിയുടേയും സംബന്ധംകൊണ്ടു പ്രകൃതിയുടെ വിഭുത്വയോഗം നിമിത്തം ദേവമനുഷ്യാദി വിവിധശരീരങ്ങളെ സ്വീകരിക്കുന്നു; നടൻ പലതരം വേഷങ്ങളെടുക്കുന്നതുപോലെ.

സൂക്ഷ്മശരീരത്തിൻെറ സ്ഥൂലശരീരസ്വീകരണത്തിനു കാരണം പുരുഷൻെറ ഭോഗാപവർഗ്ഗങ്ങളാണ്. ധർമ്മാധർമ്മങ്ങളുടെ സ്ഥൂലദേഹഗ്രഹണരൂപമായ താല്പര്യമനുസരിച്ച് സൂക്ഷ്മദേഹം, സത്ത്വബഹുലങ്ങളും രജോബഹുലങ്ങളും തമോബഹുലങ്ങളുമായ പ്രാണിദേഹങ്ങളിൽ തക്കതിനെ സ്വീകരിക്കുന്നു. അങ്ങനെ സ്വീകരിക്കാൻ കഴിയുന്നതു് പ്രകൃതിയുടെ സർവ്വഗതമായ ധർമ്മസംബന്ധംകൊണ്ടാണ്. നടൻ പലതരം വേഷങ്ങളെടുക്കാറുണ്ടല്ലോ; അതുപോലെയാണ് സൂക്ഷ്മശരീരം, ദേവമനുഷ്യാദിരൂപമായ പലതരം സ്ഥൂലദേഹങ്ങളെടുക്കുന്നതു്.

ഭാഷ്യം:—പുരുഷാർത്ഥമായ കാരണത്താൽ പ്രയുക്തമായിട്ട് നിമിത്തം; ധർമ്മാദി, നൈമിത്തികം; അവയുടെ സമൂഹങ്ങളിൽവച്ച് യഥാർഹമായ ഷാട്കൗശികശരീരഗ്രഹണമുള്ളതാകുന്നു. അതു്

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ധർമ്മാദിനിമിത്തപ്രഭവമാണ്. നിമിത്തവും നൈമിത്തികവുമുള്ളിടത്തു് യാതൊരു പ്രസംഗമോ (പ്രസക്തി) അതുകൊണ്ടു് "ലിംഗം"—സൂക്ഷ്മശരീരം—നടനെന്നപോലെ പ്രവർത്തിക്കുന്നു. എങ്ങനെയെന്നാൽ നടൻ, അതതു വേഷമണിഞ്ഞു് പരശുരാമനോ ധർമ്മപുത്രനോ ഉദയനനോ (വത്സരാജ) ആയി ഭവിക്കുന്നു. അതുപോലെ സൂക്ഷ്മശരീരം അതതു സ്ഥൂലശരീരഗ്രഹണംകൊണ്ടു ദേവനായോ മനുഷ്യനായോ മൃഗമായോ വൃക്ഷമായോ തീരുന്നു. ഇപ്രകാരമുള്ള മഹത്ത്വം എവിടെനിന്നാണെന്നോ? പ്രകൃതിയുടെ വിഭുത്വയോഗത്തിൽനിന്നു്. അപ്രകാരം പുരാണമുണ്ടു്; "വൈശ്വരൂപ്യാത് പ്രധാനസ്യ പരിണാമോയമത്ഭുതഃ" എന്നു്.

വിവരണം:—സൂക്ഷ്മശരീരം, പുരുഷന്റെ ഭോഗാപവർഗ്ഗങ്ങളെ ഉദ്ദേശിച്ചാണു് സ്ഥൂലശരീരം സ്വീകരിക്കുന്നതു്. ധർമ്മാധർമ്മങ്ങളുടെ സ്വഭാവമനുസരിച്ചു് സ്ഥൂലശരീരത്തെ സ്വീകരിക്കുകയാണു്. അതിനാൽ ധർമ്മാദികൾ നിമിത്തവും, തത്കാര്യമായ സ്ഥൂലശരീരസ്വീകരണം നൈമിത്തികവുമായി. ഈ നിമിത്തനൈമിത്തികങ്ങളിലെ സംബന്ധം(പ്രസക്തി)കൊണ്ടു് സ്ഥൂലശരീരഗ്രഹണം നടക്കുന്നു. അതായതു് നിമിത്തമായ ധർമ്മാദിബുദ്ധിയെ ഉപാധീകരിച്ചു് സൂക്ഷ്മശരീരഗതമായിരുന്നുകൊണ്ടു് നൈമിത്തികമായ സ്ഥൂലശരീരഗ്രഹണത്തിനു് സൂക്ഷ്മശരീരത്തെ പ്രേരിപ്പിക്കുന്നു. ആ നിമിത്തനൈമിത്തകങ്ങളുടെ സംബന്ധംകൊണ്ടു സൂക്ഷ്മശരീരം ധർമ്മാദികൾക്കനുരൂപമായ സ്ഥൂലദേഹത്തെ സ്വീകരിക്കയും ചെയ്യുന്നു. ദേവമനുഷ്യമൃഗാദികളുടേതായിട്ടു് സ്ഥൂലദേഹങ്ങൾ പലതരമുണ്ടല്ലോ. ധർമ്മാധർമ്മങ്ങൾക്കനുരൂപമായി അവയിലേതെങ്കിലുമൊരു സ്ഥൂലദേഹമായിരിക്കും സ്വീകരിക്കുക. സൂക്ഷ്മശരീരത്തിന്റെ ഈ നാനാവിധമായ സ്ഥൂലദേഹഗ്രഹണം, നടന്റെ പലതരം വേഷമെടുക്കൽപോലെയാണു്. ധർമ്മാദിക്കൊത്തു ലോകത്തിലേതുതരം സ്ഥൂലദേഹം വേണമെങ്കിലും സൂക്ഷ്മശരീരത്തിനെടുക്കാനൊക്കും. അതു വിശ്വരൂപമായ പ്രകൃതിയുടെ മാഹാത്മ്യംകൊണ്ടാണു സാധിക്കുന്നതു്. "വൈശ്വരൂപ്യാത് പ്രധാനസ്യ പരിണാമോയമത്ഭുതഃ." പ്രധാനത്തിന്റെ—പ്രകൃതിയുടെ—വിശ്വരൂപത്വത്തിൽനിന്നാണു് ഈ അത്ഭുതമായ പരിണാമം.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

"നിമിത്തനൈമിത്തികപ്രസംഗേന" എന്നു പറഞ്ഞതിലെ നിമിത്തത്തേയും നൈമിത്തികത്തേയും വിഭജിക്കുന്നു.

കാരിക:—

സംസിദ്ധികാശ്ച ഭാവാഃ
പ്രാകൃതികാ വൈകൃതികാശ്ച ധർമ്മാദ്യാഃ
ദൃഷ്ടാഃ കരണാശ്രയിണഃ
കാര്യാശ്രയിണശ്ച കലലാദ്യാഃ 43

അർത്ഥം:—കരണാ(ബുദ്ധി)ശ്രയികളായ ധർമ്മാദിഭാവങ്ങൾ സാംസിദ്ധികങ്ങളായും അസാംസിദ്ധികങ്ങളായും കാണപ്പെടുന്നു. സാംസിദ്ധികങ്ങൾ പ്രാകൃതികങ്ങളും അസാംസിദ്ധികങ്ങൾ വൈകൃതികങ്ങളുമാണ്. ധർമ്മം ജ്ഞാനം ഐശ്വര്യം വൈരാഗ്യം ഈ നാലു ഭാവങ്ങളാണ് പ്രാകൃതികങ്ങൾ. ആ ഭാവങ്ങളത്രയും നിമിത്തങ്ങൾ. ഇതേ ഭാവങ്ങൾ സാംസിദ്ധികങ്ങളല്ലാതെയും വരും. വൈകൃതങ്ങളായ അതെല്ലാം നൈമിത്തികങ്ങൾ. അപ്രകാരം ബ്രഹ്മഹത്യാദികളിൽനിന്നുണ്ടാകുന്ന അധർമ്മം, അജ്ഞാനം, അനൈശ്വര്യം, അവൈരാഗ്യം ഇവയും നൈമിത്തികങ്ങളാണ്. കാര്യാ(ശരീരം)ശ്രയികളായ കലലാദ്യങ്ങളും സാംസിദ്ധികങ്ങളും അസാംസിദ്ധികങ്ങളുമായി ദൃഷ്ടങ്ങളാകുന്നു.

നിമിത്തരൂപങ്ങളായ ധർമ്മാദിഭാവങ്ങൾ ബുദ്ധിനിഷ്ഠങ്ങളാണ്. ആ ഭാവങ്ങൾ രണ്ടുവിധം. സ്വഭാവസിദ്ധങ്ങളെന്നും പ്രയത്നസാദ്ധ്യങ്ങളെന്നും. സ്വഭാവസിദ്ധങ്ങളാണ് പ്രാകൃതികങ്ങൾ. പ്രയത്നസാദ്ധ്യങ്ങൾ വൈകൃതികങ്ങളും. ധർമ്മം ജ്ഞാനം ഐശ്വര്യം വൈരാഗ്യം ഇത്രയും ഭാവങ്ങൾ സ്വഭാവസിദ്ധങ്ങളായും അല്ലാതെയുമിരിക്കും. സ്വഭാവസിദ്ധമല്ലാത്തവയെ പ്രയത്നംകൊണ്ട് സാധിക്കാം. പിന്നത്തെ നാലു ഭാവങ്ങളുണ്ടല്ലോ, അധർമ്മവും അജ്ഞാനവും അനൈശ്വര്യവും അവൈരാഗ്യവും. അതെല്ലാം ബ്രഹ്മഹത്യാദികളായ മഹാപാപങ്ങളിൽനിന്നുണ്ടാകുന്നവയാണ്. ഇങ്ങനെ നിമിത്തമായ ധർമ്മാദിക്കെന്നപോലെ നൈമിത്തികമായ സ്ഥൂലദേഹത്തിന്റെ അവസ്ഥാഭേദത്തിനും പ്രാകൃതങ്ങളും വൈകൃതങ്ങളുമായ എട്ടു ഭാവങ്ങളുണ്ട്. അവ കാര്യത്തെ—ശരീരത്തെ—ആശ്രയിച്ചിരിക്കുന്ന കലലാദ്യങ്ങളാണ്. ഗർഭാശയത്തിൽ, ശുക്ലശോണിതങ്ങൾ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

യോജിക്കുന്നതിൻെറ അഞ്ചാംദിവസത്തെ പരിണാമമാണ് കലലം. അഞ്ചുദിവസം പൂർത്തിയായ ഗർഭം.

ഭാഷ്യം:—വൈകൃതികങ്ങൾ; നൈമിത്തികങ്ങളാണ്. പ്രാകൃതികങ്ങൾ സ്വാഭാവികങ്ങളും. അതായതു സാംസിദ്ധികങ്ങളാവ ങ്ങൾ. എങ്ങനെയെന്നാൽ, സൃഷ്ടിയുടെ ആദ്യം, ആദിവിദ്വാനായ ഭഗവാൻ കപിലമഹർഷി ധർമ്മജ്ഞാനൈശ്വര്യവൈരാഗ്യസമ്പന്നനായി ജനിച്ചുവെന്നറിയുന്നു. വൈകൃതഭാവങ്ങൾ അസാംസിദ്ധികങ്ങളാണ്. അവ ഉപായമായ അനുഷ്ഠാനങ്ങൾകൊണ്ടുണ്ടാകുന്നു. വാല്മീകി മുതലായ മഹർഷികൾക്കുണ്ടായ ധർമ്മജ്ഞാനാദികൾപോലെ. ഇവ എവിടെ കാണപ്പെട്ടവയാണെന്നു പറയുന്നു. കരണാശ്രയികളായിട്ടും കാര്യാശ്രയികളായിട്ടും. കരണം; ബുദ്ധിസത്വം. കാര്യം; ശരീരം. അതിനെ ആശ്രയിക്കയെന്നാൽ; ഗർഭസ്ഥമായ അതിൻെറ—ശരീരത്തിൻെറ—അവസ്ഥകളായ, കലലം, ബുദ്ബുദം, മാംസപേശി, കണ്ഡം, ഈ അംഗപ്രത്യംഗസമൂഹങ്ങൾ. അവിടെനിന്നു പുറത്തുവന്ന ബാലൻെറ ബാല്യകൗമാരയൗവനവാർദ്ധകങ്ങളും.

വിവരണം:—ധർമ്മാദിഭാവങ്ങൾ നിമിത്തരൂപങ്ങളാണ്. സ്ഥൂലശരീരത്തിൻെറ കാരണമായതുകൊണ്ടും ധർമ്മാദികളെ നിമിത്തമെന്നു പറയുന്നു. രണ്ടുവിധമുണ്ട് ധർമ്മാദികൾ. സ്വാഭാവികമായുള്ളവയെന്നും പ്രയത്നംകൊണ്ടുണ്ടായവയെന്നും. അവയെ മുറയ്ക്ക് പ്രാകൃതികങ്ങളെന്നും വൈകൃതികങ്ങളെന്നും പറയും. ജനനാൽത്തന്നെ കപിലമഹർഷി, ധർമ്മവും ജ്ഞാനവും ഐശ്വര്യവും വൈരാഗ്യവും തികഞ്ഞവനായിരുന്നു. അതു് പ്രാകൃതികവിഭാഗത്തിൽപ്പെട്ട ധർമ്മാദിഭാവങ്ങൾക്കുദാഹരണം. വാല്മീകിമഹർഷി ജനനശേഷം ദേവതാരാധനം മുതലായ ഉപായങ്ങൾകൊണ്ടാണ ധർമ്മജ്ഞാനൈശ്വര്യവൈരാഗ്യങ്ങൾ നേടിയതു്. ആകയാൽ വാല്മീകിയുടെ ധർമ്മാദിസമ്പാദനം വൈകൃതികവിഭാഗത്തിനുദാഹരണം. അധർമ്മവും അജ്ഞാനവും അനൈശ്വര്യവും അവൈരാഗ്യവും ബ്രഹ്മഹത്യാദിപാപങ്ങളിൽ നിന്നുണ്ടാകുന്നതുകൊണ്ടു് അതൊന്നും സ്വാഭാവികമല്ല. അധർമ്മാദികൾ വൈകൃതികമാണ്. പ്രാകൃതികവും വൈകൃതികവുമായ ധർമ്മാദി, ബുദ്ധിതത്ത്വത്തെ ആശ്രയിച്ചിരിക്കുന്നു. ധർമ്മാദി നിമിത്തരൂപമാണല്ലോ. അതിൻെറ കാര്യമായ സ്ഥൂലദേഹം

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

നൈമിത്തികമാണ്. നിമിത്തത്തിനെന്നപോലെ നൈമിത്തികമായ സ്ഥൂലദേഹത്തിനും എട്ടു ഭാവങ്ങളുണ്ട്. ഗർഭത്തിൽവച്ചു നാലു്, പുറത്തുവന്നശേഷം നാലു്; ഇങ്ങനെ. ഗർഭത്തിലിരിക്കുന്ന സ്ഥൂലദേഹത്തിന്റെ നാലുഭാവങ്ങളേതെല്ലാമെന്നോ? കലലവും, ബുദ്ബുദവും, മാംസപേശിയും, കരണ്ഡവും. ശുക്ലശോണിതങ്ങളുടെ മിശ്രഭാവമാണു കലലം. അതിന്റെ വസ്തുളാവസ്ഥ, ബുദ്ബുദം, സാമാന്യഘനഭാവം, മാംസപേശി. കൂടുതൽ ഘനഭാവം കരണ്ഡം. ഈ നാലവസ്ഥകളിലായതിനുശേഷം, ഗർഭസ്ഥമായ സ്ഥൂലദേഹം അംഗപ്രത്യംഗങ്ങളായി തിരിയുന്നു. സ്വാഭാവികമാകകൊണ്ട് ഇതു നാലും പ്രാകൃതികം. ഗർഭത്തിൽനിന്നു പുറത്തായതിൽപിന്നെയുള്ള നാലുഭാവം, ബാല്യവും കൗമാരവും യൗവനവും വാർദ്ധക്യവുമാണ്. ബാല്യാദിഭാവങ്ങൾ, തിന്നുക കുടിക്കുക മുതലായവകൊണ്ട് ശരീരം പുഷ്ടിപ്പെടുന്നതിന്റെ പേരിൽ സംഭവിക്കുന്നതാകയാൽ വൈകൃതങ്ങളായി പരിഗണിക്കപ്പെടുന്നു.

ഗർഭഗതമായ സ്ഥൂലദേഹത്തിൽ അവയവങ്ങൾ രൂപമെടുക്കുന്നതിനെക്കുറിച്ച് ആചാര്യന്മാർക്കിടയിൽ ഭിന്നാഭിപ്രായമുണ്ട്. ശൗനകന്റെ അഭിപ്രായത്തിൽ ആദ്യം രൂപപ്പെടുന്നതു ശിരസ്സാണ്. ഹൃദയമാണെന്നു കൃതവീര്യൻ അഭിപ്രായപ്പെടുന്നു. പാരാശര്യന്റെ അഭിപ്രായം നാഭിയാണെന്ന്. എല്ലാ അവയവങ്ങളും ഒന്നിച്ചു രൂപപ്പെടുന്നതായി ധന്വന്തരി അഭിപ്രായപ്പെടുന്നു.

ഭാഷ്യം:—ഇങ്ങനെ നിമിത്തനൈമിത്തികങ്ങൾ അറിഞ്ഞു കഴിഞ്ഞു. ഇനി ഏതു നിമിത്തത്തിന് ഏതു നൈമിത്തികമെന്നു പറയുന്നു.

വിവരണം:—നിമിത്തം കാരണവും നൈമിത്തികം കാര്യവും. ധർമ്മാദിഭാവങ്ങളെട്ടും നിമിത്തമാണല്ലോ. അപ്പോൾ അതിനെല്ലാം നൈമിത്തികവുമുണ്ടാകണം. ധർമ്മാദികളായ ഓരോ ഭാവത്തിനും ഓരോ ഫലമുണ്ടായിരിക്കണമെന്നു സാരം. ഏതു ഭാവത്തിന് ഏതു ഫലമെന്നു പറയാൻപോവുകയാണ്.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ധർമ്മാദിഫലനിരൂപണം

കാരികഃ—

ധർമ്മേണ ഗമനമൂർദ്ധ്വം
ഗമനമധസ്താദ്ഭവത്യധർമ്മേണ
ജ്ഞാനേന ചാപവർഗ്ഗോ
വിപര്യയാദിഷ്യതെ ബന്ധഃ 44

അർത്ഥം:—ധർമ്മംകൊണ്ട് ഊർദ്ധ്വഗതിയും, അധർമ്മംകൊണ്ട് അധോഗതിയും, ജ്ഞാനംകൊണ്ട് മോക്ഷവും, വിപരീതമായ അജ്ഞാനംകൊണ്ടു ബന്ധവും സംഭവിക്കുന്നു.

സ്വർഗ്ഗം മുതലായ ഊർദ്ധ്വലോകങ്ങളെ പ്രാപിക്കുകയാണു ധർമ്മത്തിന്റെ ഫലം. അധർമ്മഫലമാകട്ടെ, സുതലം തുടങ്ങിയ അധോലോകങ്ങളെ പ്രാപിക്കയും. മുക്തിയാണു ജ്ഞാനത്തിന്റെ ഫലം. അജ്ഞാനത്തിന്റെ ഫലം ലൌകികബന്ധവും; സംസാരവും.

ഭാഷ്യം:—ധർമ്മംകൊണ്ടു സ്വർഗ്ഗം തുടങ്ങിയ ലോകങ്ങളിൽ ഊർദ്ധ്വമായ ഗമനം ഭവിക്കുന്നു. അധർമ്മംകൊണ്ട് സുതലാദി ലോകങ്ങളിൽ അധസ്താത്ഗമനം ഭവിക്കുന്നു. ഏതുവരെ വിവേകസിദ്ധി ഉണ്ടാകുന്നില്ല, അതുവരെ പുരുഷഭോഗത്തിനുവേണ്ടി പ്രകൃതി പ്രവർത്തിക്കുന്നു. അനന്തരം വിവേകസിദ്ധിസത്തായിരിക്കുമ്പോൾ കൃതകൃത്യതകൊണ്ട്, വിവേകസിദ്ധിനേടിയ പുരുഷനെ വിട്ടൊഴികയും ചെയ്യുന്നു. യാതൊന്നിനെക്കുറിച്ചു പറയുന്നു, “വിവേകഖ്യാതിപര്യന്തം ജ്ഞേയം പ്രകൃതിചേഷ്ടിതം” എന്ന്. വിപര്യയം; അതത്ത്വജ്ഞാനംനിമിത്തം ബന്ധത്തെ പ്രാപിക്കുന്നു. അത് (ബന്ധം) മൂന്നുവിധം. പ്രാകൃതികമെന്നും

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

വൈകൃതികമെന്നും ദാക്ഷിണകമെന്നും. അവയിൽ, ഏവർ പ്രകൃതിയിൽ ആത്മജ്ഞാനംനിമിത്തം പ്രകൃതിയെ ഉപാസിക്കുന്നു. അവരുടേതു പ്രാകൃതികമായ ബന്ധം. പ്രകൃതിലയന്മാരെക്കുറിച്ചുള്ള യാതൊന്നു (ബന്ധം) പുരാണത്തിൽ പറയപ്പെടുന്നു, "പൂർണ്ണം ശതസഹസ്രം തു തിഷ്ഠന്ത്യവ്യക്തചിന്തകാഃ" എന്നു്. ഭൂതേന്ദ്രിയാഹംകാരബുദ്ധികളായ വികാരങ്ങളെ പുരുഷബുദ്ധിയോടെ ഏതവർ ഉപാസിക്കുന്നു അവരുടെതാണു് വൈകാരിക(വൈകൃതികം)മായ ബന്ധം. അവരെക്കുറിച്ചിങ്ങനെ പറഞ്ഞിരിക്കുന്നു:

ദശമന്വന്തരാണീഹ
തിഷ്ഠന്തീന്ദ്രിയചിന്തകാഃ
ഭൗതികാസ്തു ശതം പൂർണ്ണം
സഹസ്രം ത്വാഭിമാനികാഃ
ബൗദ്ധാദശസഹസ്രാണി
തിഷ്ഠന്തി വിഗതജ്വരാഃ

ആർക്കെല്ലാം വൈകൃതികമായ ബന്ധമുണ്ടാകുമോ അവർ വിദേഹന്മാരാണു്. ഇഷ്ടാപൂർത്തംകൊണ്ടു് ദാക്ഷിണകമായ ബന്ധമുണ്ടാകുന്നു. പുരുഷതത്ത്വമറിയാതെ ഇഷ്ടാപൂർത്തം ചെയ്യു കാമാവിഷ്ടമനസ്കരായി ബന്ധത്തിൽപ്പെടുന്നു.

വിവരണം:—നിമിത്തങ്ങളിൽ ആദ്യത്തേതു ധർമ്മം. അതിന്റെ പ്രയോജനം സ്വർഗ്ഗം മുതലായ ഉപരിലോകങ്ങളിലെത്താൻ സാധിക്കുകയാണു്. ശാസ്ത്രത്തിനു യോജിക്കാത്ത അനുഷ്ഠാനമാണു് അധർമ്മം. രൗരവം, മഹാരൗരവം തുടങ്ങിയ നരകലോകങ്ങളിൽ അധഃപതിക്കുന്നു, അധർമ്മംകൊണ്ടു്. ജ്ഞാനത്തിന്റെ പ്രയോജനം മോക്ഷം. പ്രകൃതിയേയും പുരുഷനേയും വകതിരിക്കുന്ന വിവേകജ്ഞാനമുണ്ടാകുന്നതുവരെ പ്രകൃതി, പുരുഷഭോഗത്തിനായി പ്രവർത്തിച്ചുകൊണ്ടിരിക്കും. വിവേകജ്ഞാനമുണ്ടാകുമ്പോൾ, പ്രകൃതി ചരിതാർത്ഥമായി പുരുഷനെ വിട്ടൊഴിയുന്നു; പ്രകൃതിയുടെ സൃഷ്ടിപരമായ പ്രവർത്തനം നിലയ്ക്കുന്നു, വിവേകജ്ഞാനത്തിന്റെ വെളിച്ചമെത്തിയ പുരുഷനെമാത്രം. "വിവേകസിദ്ധിവരെമാത്രം പ്രകൃതിയുടെ പ്രവർത്തനമറിയേണ്ടതാണെ"ന്നു വിദഗ്ദ്ധാഭിപ്രായമുണ്ടു്. വിപര്യയമെന്നാൽ വിപരീതം ജ്ഞാനത്തിന്റെ വിപരീതം അജ്ഞാ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

നം. അതിന്റെ ഫലമെന്താണെന്നല്ലേ? ലൗകികബന്ധം; അഥവാ സംസാരം. മൂന്നുതരമാണു ലൗകികബന്ധം. പ്രാകൃതികവും വൈകൃതികവും ദാക്ഷിണകവും. ആത്മാവെന്നുവച്ചു പ്രകൃതിയെ ആരാധിക്കുന്നവരുടെ ബന്ധം പ്രാകൃതികം. "പ്രകൃത്യാരാധകന്മാർ തികച്ചും ഒരുലക്ഷം മന്വന്തരം പ്രാകൃതികബന്ധത്തിൽ പെട്ടുകിടക്കു"മെന്നു പുരാണത്തിൽ പറയുന്നു. പ്രകൃതിപരിണാമങ്ങളായ ഭൂതങ്ങൾ, ഇന്ദ്രിയങ്ങൾ, അഹംകാരം, ബുദ്ധി ഇവയെ പുരുഷബുദ്ധിയോടെ ഉപാസിക്കുന്നവരുടെ ബന്ധമാണു വൈകൃതികം. ഇതിനെ വൈകാരികബന്ധമെന്നും പറയും. വൈകാരികബന്ധത്തിൽപെട്ടവരെപ്പററി ഇങ്ങനെ പറഞ്ഞുകാണുന്നു: "ആത്മബുദ്ധിയോടെ ഇന്ദ്രിയങ്ങളെ ഉപാസിക്കുന്നവർ പത്തു മന്വന്തരവും,* ഭൂതങ്ങളെ ഉപാസിക്കുന്നവർ നൂറുമന്വന്തരവും അഹങ്കാരത്തെ ഉപാസിക്കുന്നവർ (ആഭിമാനികന്മാർ) ആയിരം മന്വന്തരവും ബുദ്ധിയെ ഉപാസിക്കുന്നവർ പതിനായിരം മന്വന്തരവും വിവിധദേഹങ്ങളെടുത്തു് വൈകാരികബന്ധത്തിൽപ്പെട്ടു കഴിയുമത്രേ." സ്വർഗ്ഗാദിപുണ്യഫലങ്ങളാഗ്രഹിച്ചുകൊണ്ടു് ഇഷ്ടാപൂർത്തം ചെയ്യുന്നവരുണ്ടു്. യാഗാദികൾ നടത്തുക, വഴികളും വഴികിണറു് വഴിയമ്പലം മുതലായവ ഉണ്ടാക്കുക ഇതൊക്കെയാണു് ഇഷ്ടാപൂർത്തം. അത്തരം ഇഷ്ടാപൂർത്തത്തിന്റെ ആചരണം സ്വർഗ്ഗാദിഫലകാമനയുള്ളതുകൊണ്ടു് ബന്ധകാരണമാകുന്നു. ആ ബന്ധമാണു് ദാക്ഷിണകം. ഇഷ്ടാപൂർത്തം ചെയ്യുന്നവർ പുരുഷനെ—ആത്മാവിനെ—അറിയാതെ സ്വർഗ്ഗാദിപുണ്യലാഭത്തിനായി കാമനയോടെ പ്രവർത്തിക്കുന്നു. അങ്ങനെ കാമോപഹതബുദ്ധികളാവുകനിമിത്തം ബന്ധമുണ്ടാവുകയാണു്.

ശേഷിച്ച വൈരാഗ്യാദിനിമിത്തങ്ങളുടെ ഫലം പറയുന്നു.

കാരിക:—

വൈരാഗ്യാത് പ്രകൃതിലയഃ
സംസാരോ ഭവതി രാജസാദ്രാഗാത്
ഐശ്വര്യാദവിഘാതോ
വിപര്യയാത്തദ്വിപര്യയഃ 45

---

* എഴുപത്തൊന്നു ചതുർയ്യുഗം കഴിയുമ്പോൾ ഒരു മന്വന്തരമാകും. ഒരു മനുവിന്റെ ജീവിതകാലമാണു മന്വന്തരം.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അർത്ഥം:—വൈരാഗ്യത്തിൽനിന്നു പ്രകൃതിലയവും, രാജസമായ രാഗത്തിൽനിന്നു സംസാരവും ഐശ്വര്യത്തിൽനിന്നു് ഇച്ഛാനിവൃത്തിയും (അവിഘാതം) വിപരീതത്തിൽ (അനൈശ്വര്യം) നിന്നു് ഇച്ഛാവിഘ്നവും (തദ്വിപര്യാസം) ഉണ്ടാകുന്നു.

കാണുക, കേൾക്കുക, മുതലായ വിഷയങ്ങളിലുണ്ടാകുന്ന കേവലമായ അലംബുദ്ധിയാണിവിടെ വൈരാഗ്യം. അതു് ആത്മജ്ഞാനമുണ്ടാകുകയല്ല, മറിച്ചു് പ്രകൃതിയിലും തത്കാര്യങ്ങളായ മഹത്തത്വാദികളിലും ആത്മബുദ്ധി ജനിപ്പിക്കുന്നു. തന്മൂലം പ്രകൃതിയേയും പ്രകൃതികാര്യങ്ങളേയും ആത്മബുദ്ധിയോടെ ഉപാസിക്കയും അവയിൽത്തന്നെ ലയിക്കുകയുമാണു്. രജോഗുണകാര്യമാണു രാജസം. അതിൽനിന്നു രാഗം അഥവാ കർമ്മഫലാസക്തിയുണ്ടാകുന്നു. തന്നിമിത്തം സംസാരവും. രാഗമെന്നു വച്ചാലിവിടെ അവൈരാഗ്യം. അതിന്റെ ഫലം സംസാരം (ജനനമരണം). ഐശ്വര്യം അണിമാദികളെ ലക്ഷ്യമാക്കുന്നു. നിർവിഘ്നം ഇച്ഛകൾ സാധിക്കുകയാണു് ഐശ്വര്യത്തിന്റെ ഫലം. പിന്നെ അനൈശ്വര്യം. അതിന്റെ ഫലം എല്ലാത്തരം ഇച്ഛകളേയും തടസ്സപ്പെടുത്തുകയാണു്.

ഭാഷ്യം:—പുരുഷതത്വമറിയാത്തവന്റെ കേവലവൈരാഗ്യത്തിൽനിന്നു് പ്രകൃതിലയമുണ്ടാകുന്നു. പ്രകൃതിഗ്രഹണംകൊണ്ടു്, പ്രകൃതികാര്യമായ മഹദഹംകാരഭൂതേന്ദ്രിയങ്ങളേയും ഗ്രഹിക്കണം. അവ ആത്മബുദ്ധിയോടെ ഉപാസ്യമാനങ്ങളായിരിക്കുമ്പോൾ ലയം ഭവിക്കുന്നു. രാജസംഹേതുവായിട്ടെന്നതുകൊണ്ടു് രജസ്സിന്റെ ദുഃഖത്വത്തിൽനിന്നല്ല സംസാരത്തിന്റെ ദുഃഖത്വം സൂചിതമായി. ഐശ്വര്യത്തിൽനിന്നു് ഇച്ഛയുടെ അവിഘാതം (തടസ്സമില്ലായ്മ) ഉണ്ടാകുന്നു. ഈശ്വരൻ യാതൊന്നിച്ഛിക്കുന്നു, അതിനെ ചെയ്യുന്നു. അനൈശ്വര്യത്തിൽനിന്നു അതിന്റെ വിപരീതമാണുണ്ടാകുന്നതു്. എല്ലായിടത്തുമിച്ഛ വിഘ്നമെന്നർത്ഥം.

വിവരണം:—പുരുഷതത്വമറിയുമ്പോൾ, ആത്മജ്ഞാനം സിദ്ധിക്കുമ്പോൾ ഐഹികവുമാമുഷ്മികവുമായ സുഖാദികളിലെ താത്പര്യമററുപോകും. മോക്ഷകാരണമായ യഥാർത്ഥവൈരാഗ്യമതാണു്. പിന്നെ പ്രകൃതിയിലെ സുഖാദികളനുഭവിച്ചു മടുക്കുമ്പോൾ ഒരുവക വൈരാഗ്യം സംഭവിക്കാറുണ്ടു്; കേവലവൈരാഗ്യം. അത്തരം വൈരാഗ്യത്തിന്റെ ഫലം പ്രകൃതിയിൽ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ത്തന്നെ ലയിക്കുകയാകുന്നു. പ്രകൃതിയെന്നു പറഞ്ഞതുകൊണ്ടു് പ്രകൃതിയേയും അതിൽനിന്നുണ്ടാകുന്ന മഹത്തത്വം അഹങ്കാരം പഞ്ചഭൂതങ്ങൾ ഇന്ദ്രിയങ്ങൾ ഇവയേയും മനസ്സിലാക്കണം. പ്രാകൃതികമായ സുഖാദികളിൽ മഗ്നനായവൻ, പ്രകൃതിയേയും തത്കാര്യങ്ങളായ മഹദാദികളേയും ആത്മബുദ്ധിയോടെ ഉപാസിക്കയും അവസാനം അവയിൽത്തന്നെ വിലയിക്കുകയും ചെയ്യുന്നു. അവൈരാഗ്യത്തെ ഉദ്ദേശിച്ചാണിവിടെ രാഗമെന്നു പറഞ്ഞതു്. രാഗം, രജോമയമാണു്. രജോഗുണത്തിന്റെ ദുഃഖത്വം പ്രസിദ്ധം. അതിൽനിന്നു ജനനമരണരൂപമായ സംസാരക്ലേശം സൂചിതമായി അതായതു് അവൈരാഗ്യത്തിന്റെ ഫലം സംസാരക്ലേശമുണ്ടാകുകയാണു്. ഐശ്വര്യം ഇച്ഛകൾ നിർബ്ബാധം സാധിക്കാൻ പ്രയോജനപ്പെടുന്നു. അതിന്റെ വിപരീതമായ അനൈശ്വര്യം ഇച്ഛകളെ വിഘ്നപ്പെടുത്തുന്നതിനും. ഇച്ഛകളൊക്കെ മുടക്കിക്കളയുന്നതാണു് അനൈശ്വര്യമെന്നു താത്പര്യം.

ധർമ്മാദിനിമിത്തങ്ങളുടേയും നൈമിത്തികങ്ങളുടേയും ഒരു പട്ടിക ഗ്രഹണസൗകര്യത്തിനുവേണ്ടി കാണിക്കാം.

നിമിത്തം	നൈമിത്തികം
ധർമ്മം	ഊർദ്ധ്വഗതി
അധർമ്മം	അധോഗതി
ജ്ഞാനം	മോക്ഷം
അജ്ഞാനം	ബന്ധം
വൈരാഗ്യം	പ്രകൃതിലയം
അവൈരാഗ്യം	സംസാരം
ഐശ്വര്യം	ഇച്ഛാലാഭം
അനൈശ്വര്യം	ഇച്ഛാവിഘ്നം

ഭാഷ്യം:—മുമുക്ഷുക്കൾക്കു സ്വീകരിക്കേണ്ടവയും ഉപേക്ഷിക്കേണ്ടവയുമായ ധർമ്മാദികളായ എട്ടു ഭാവങ്ങളെ ചുരുക്കിയും വിസ്തരിച്ചും കാണിക്കാൻ ആദ്യമായിട്ടു ചുരുക്കമായിപ്പറയുന്നു.

വിവരണം:—ധർമ്മം അധർമ്മം തുടങ്ങി എട്ടു ഭാവങ്ങളെക്കുറിച്ചു പറഞ്ഞല്ലോ; അതെല്ലാം ബുദ്ധിധർമ്മങ്ങളാണു്. കൂട്ടത്തിൽ മോക്ഷേച്ഛുക്കൾക്കു സ്വീകരിക്കേണ്ടവയും ഉപേക്ഷിക്കേണ്ടവയുമുണ്ടു്. അവയെ ചുരുക്കിയും വിസ്തരിച്ചും പ്രതിപാദിക്കേണ്ടിയിരിക്കുന്നു. ആദ്യം ചുരുക്കി പ്രതിപാദിക്കാൻപോവുകയാണു്.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ബുദ്ധിധർമ്മനിരൂപണം

കാരിക:—

ഏഷ പ്രത്യയസർഗ്ഗോ
വിപര്യയാശക്തിതുഷ്ടിസിദ്ധ്യാഖ്യഃ
ഗുണവൈഷമ്യവിമർദ്ദാ-
ത്തസ്യ ച ഭേദാസ്തു പഞ്ചാശത്. 46

അർത്ഥം:—വിപര്യയവും അശക്തിയും തുഷ്ടിയും സിദ്ധിയും ഇതെല്ലാം ബുദ്ധിസൃഷ്ടി(പ്രത്യയസർഗ്ഗം)യാണ്. ഗുണങ്ങളുടെ വൈഷമ്യവിമർദ്ദം നിമിത്തം അതിന് അൻപതു ഭേദമുണ്ടാകുന്നു.

പ്രത്യയശബ്ദത്തിനു ബുദ്ധിയെന്നർത്ഥം (പ്രതീയതേ ഇതി). സർഗ്ഗം; സൃഷ്ടി. ബുദ്ധിയുടെ സൃഷ്ടിയെന്നു പ്രത്യയസർഗ്ഗത്തിന്റെ അർത്ഥം. വിപര്യയവും അശക്തിയും തുഷ്ടിയും സിദ്ധിയും ബുദ്ധിയുടെ സൃഷ്ടിയാണ്. ഇവ നാലും സത്ത്വരജസ്തമോഗുണങ്ങളുടെ ന്യൂനാധികബലരൂപമായ സമ്മർദ്ദം നിമിത്തം അൻപതു തരമായിത്തീരുന്നു. അതിന്റെ വ്യക്തമായ വിവരണം തുടർന്നു വായിക്കുമ്പോൾ കാണാം.

ഭാഷ്യം:—'പ്രതീയതേ അനേന' എന്നതിനാൽ പ്രത്യയം; (ഇതുകൊണ്ടറിയുന്നു) ബുദ്ധി. അതിന്റെ സർഗ്ഗം; പ്രത്യയസർഗ്ഗം. അതിൽ വിപര്യയവും (അജ്ഞാനം, അവിദ്യ) ബുദ്ധിധർമ്മമാണ്. കരണവൈകല്യഹേതുവായ അശക്തിയും ബുദ്ധിധർമ്മംതന്നെ. തുഷ്ടിസിദ്ധികളും പറയാനിരിക്കുന്ന ബുദ്ധിധർമ്മങ്ങളത്രേ. ആ വിപര്യയാശക്തിതുഷ്ടികളിൽ യഥായോഗ്യമനുസരിച്ച് ജ്ഞാനമൊഴികെ ധർമ്മാദികളായ ഏഴിന്റെ അന്തർഭാവമുണ്ട്. സിദ്ധിയിൽ ജ്ഞാനവും അന്തർഭവിക്കുന്നു. ഇത് സമാസ(ചുരുക്ക)മാണ്. വ്യാസ(വിസ്തര)ത്തെ പറയുന്നു. അതിന്റെ ഭേദങ്ങൾ അൻപതാ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ണെന്നു്. എന്തുകൊണ്ടു്? ഗുണങ്ങളുടെ വൈഷമ്യം; ഓരോ ഗുണത്തിൻേറയോ ഈരണ്ടു ഗുണത്തിൻേറയോ അധികബലതയും ഓരോരോ ഗുണത്തിൻേറയോ ഈരണ്ടു ഗുണത്തിൻേറയോ ന്യൂനബലതയും രണ്ടുംകൂടിയ ന്യൂനാധിക്യങ്ങൾ മന്ദമദ്ധ്യാധിക്യമാത്രതയ്ക്കൊത്തു കാൎയ്യത്തെ ഉന്നയിക്കുന്നു; അതാണു് ഗുണങ്ങളുടെ വൈഷമ്യം; അതുകൊണ്ടുള്ള വിമർദ്ദം; ന്യൂനബലമായ ഓരോന്നിൻേറയോ ഈരണ്ടിൻേറയോ അഭിഭവം (മറയുക). അതുനിമിത്തം അൻപതു ഭേദങ്ങൾ ഭവിക്കുന്നു.

വിവരണം:—ബുദ്ധിനിഷ്ഠമായ ധൎമ്മാദികളെ ചുരുക്കിയും വിസ്തരിച്ചും പറയാമെന്നാണു പ്രതിജ്ഞ. അതിൻപ്രകാരം കാരികയിലെ പൂർവാൎദ്ധംകൊണ്ടു ധൎമ്മാദികളെ ചുരുക്കിപ്പറഞ്ഞു. ഉത്തരാൎദ്ധംകൊണ്ടു വിസ്തരിച്ചും എങ്ങനെയെന്നോ? വിപൎയ്യയം, അശക്തി, തുഷ്ടി, സിദ്ധി, ഇത്രയും ബുദ്ധിയുടെ സൃഷ്ടിയാണു്, അഥവാ ബുദ്ധിധൎമ്മമാണു്. ഇതിൽ തുഷ്ടിയും സിദ്ധിയും പറയാനിരിക്കുന്നതേയുള്ളു. ജ്ഞാനമൊഴിച്ചുള്ള ധൎമ്മാദികൾക്കേഴിനും ഇപ്പറഞ്ഞ വിപൎയ്യയത്തിലും അശക്തിയിലും തുഷ്ടിയിലും അന്തർഭാവമുണ്ടു്. അജ്ഞാനം വിപൎയ്യയത്തിലും, അധൎമ്മവും അവൈരാഗ്യവും അനൈശ്വൎയ്യവും അശക്തിയിലും, ധൎമ്മവും വൈരാഗ്യവും തുഷ്ടിയിലും അന്തർഭവിക്കുന്നു; ജ്ഞാനത്തിനു സിദ്ധിയിലന്തർഭാവം. ഇപ്രകാരം ധൎമ്മാദികളുടെ ചുരുക്കം. അതിനെ വിസ്തരിക്കുകയാണിനി. പറഞ്ഞ ബുദ്ധിധൎമ്മങ്ങൾക്കു് അൻപതു വകഭേദമുണ്ടു്. സത്ത്വരജസ്തമോഗുണങ്ങളുടെ ശക്തിവിഷയകമായ ഏററക്കുറവനുസരിച്ചാണല്ലോ, സുഖാദികാൎയ്യങ്ങളുണ്ടാവുക. അതു് അല്പം (മന്ദം), അല്പാധികം (മദ്ധ്യം), അധികം ഈ ക്രമത്തിൽ സംഭവിക്കുന്നു. തറുലമാണു് അൻപതു വകഭേദം ബുദ്ധിധൎമ്മങ്ങൾക്കുണ്ടാകുന്നതു്. ആ ഭേദങ്ങൾ അടുത്ത കാരികയിൽ വിശദമാക്കുന്നു.

അൻപതു ഭേദങ്ങളെ പരിഗണിക്കുന്നു.

കാരിക:—

പഞ്ചവിപൎയ്യയഭേദാഃ
ഭവന്ത്യശക്തിശ്ച കരണവൈകല്യാത്
അഷ്ടാവിംശതിഭേദാ-
തുഷ്ടിർനവധാഷ്ടധാ സിദ്ധി. 47

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അർത്ഥം:—വിപര്യയഭേദങ്ങൾ അഞ്ചുവിധം. ഏകാദശേന്ദ്രിയങ്ങളുടേയും ബുദ്ധ്യഹംകാരങ്ങളുടേയും തകരാറാണു് കരണവൈകല്യം. അതിന്റെ അടിസ്ഥാനത്തിൽ അശക്തി ഇരുപത്തെട്ടുവിധം. തുഷ്ടി ഒൻപതുവിധം. സിദ്ധി എട്ടുവിധം. എല്ലാം കൂടി അൻപതു്. ഇങ്ങനെ ബുദ്ധിധർമ്മത്തിന്റെ അൻപതു വകഭേദങ്ങൾ.

ഭാഷ്യം: — അവിദ്യാസ്മിതാരാഗദ്വേഷാഭിനിവേശങ്ങൾ സംഖ്യയനുസരിച്ചു് തമസ്സ്, മോഹം, മഹാമോഹം, താമിസ്രം, അന്ധതാമിസ്രം ഇങ്ങനെ പേരുകളോടുകൂടി വിപര്യയഭേദങ്ങൾ അഞ്ചു്. വിപര്യയപ്രഭവങ്ങളായ അസ്മിതാദികളുടെ വിപര്യയസ്വഭാവംനിമിത്തമാണതു്. അഥവാ, അവിദ്യകൊണ്ടു യാതൊരു വസ്തു വിപര്യയമായി അവധാരണംചെയ്യുന്നു; അസ്മിതാദികളും തത്സ്വഭാവങ്ങളായിട്ടു് അതിനെ വിഷയീകരിക്കുന്നു. ഇതു കൊണ്ടുതന്നെയാണു് ഭഗവാൻ വാർഷഗണ്യൻ "അവിദ്യാ പഞ്ചപർവ്വ"* യെന്നു പറഞ്ഞതു്.

വിവരണം:—വിപര്യയം, അജ്ഞാനമാണു്. അവിദ്യതന്നെ അജ്ഞാനം. അസ്മിത രാഗം ദ്വേഷം അഭിനിവേശം ഇവ അവിദ്യയിൽനിന്നുണ്ടാകുന്നു. മറെറാരു വാക്കിൽ അവിദ്യയുടെ വകഭേദങ്ങളാണിതെല്ലാം. അവിദ്യയും തജ്ജന്യമായ അസ്മിതാദികളും ആകെ അഞ്ചുണ്ടു്. ആ സംഖ്യാക്രമത്തിനു വിപര്യയത്തിന്റെ അഞ്ചു ഭേദങ്ങൾ മനസ്സിലാക്കണം. തമസ്സ്, മോഹം, മഹാമോഹം, താമിസ്രം, അന്ധതാമിസ്രം എന്നു് വിപര്യയം അഞ്ചുവിധം. അതിനെ അവിദ്യാദികളുടെ ക്രമത്തിൽ ചേർത്തു കൊള്ളണം. തമസ്സിനു് അവിദ്യ, മോഹത്തിനു് അസ്മിത, മഹാമോഹത്തിനു് രാഗം, താമിസ്രത്തിനു ദ്വേഷം, അന്ധതാമിസ്രത്തിനു് അഭിനിവേശം, ഇങ്ങനെ. അജ്ഞാനമൂലകമായ അസ്മിതാദികളുടെ വിപരീതസ്വഭാവം നിമിത്തമാണിപ്രകാരം ഭേദങ്ങൾ സംഭവിക്കുന്നതു്. വിപര്യയം, അജ്ഞാനം, അവിദ്യ, തമസ്സ് ഇതെല്ലാമൊന്നുതന്നെ. വസ്തുക്കളെ വിപരീതമായറിയുക

* തമോ മോഹോ മഹാമോഹ-
സ്താമിസ്രോഹ്യന്ധസംജ്ഞകഃ
അവിദ്യാ പഞ്ചപർവ്വൈഷാ
പ്രാദുർഭൂതാ മഹാത്മനഃ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

യാണ് വിപര്യയാദികളുടെ സ്വഭാവം. ചിപ്പിയിൽ രജതപ്രതീതിയും കയറിൽ സർപ്പബുദ്ധിയുമുണ്ടാകുന്നതു് ഉദാഹരണം. തെററായ അറിവിനെ കുറിക്കുന്ന വിപര്യയാദികൾ ഓരോ ദാർശനികപക്ഷത്തിലുമുൾപ്പെട്ട സാങ്കേതികസംജ്ഞകളാണ്. സാംഖ്യപക്ഷത്തിൽ വിപര്യയവും തമസ്സും. യോഗപക്ഷത്തിൽ അവിദ്യ. വേദാന്തപക്ഷത്തിൽ അജ്ഞാനം. എല്ലാം അർത്ഥത്തിൽ ഒന്നു തന്നെ. അവിദ്യയിൽനിന്നു ജനിക്കുന്ന അസ്മിതാദികളുണ്ടല്ലോ; അവയും കാരണമായ അവിദ്യപോലെ വസ്തുക്കളിൽ വിപരീതമായ അറിവിനെത്തന്നെയുണ്ടാക്കുന്നു. അതുകൊണ്ടാണ് സാംഖ്യാചാര്യനായ "വാർഷഗണ്യൻ" അവിദ്യ അഞ്ചുവിധമെന്നു നിർദ്ദേശിച്ചതു്.

വിപര്യയം അഞ്ചുവിധമെന്നും ഏതെല്ലാമെന്നും പറഞ്ഞു. ഇനി അവയുടെ അവാന്തരവിഭാഗങ്ങൾ പറയുന്നു.

കാരിക:—

ഭേദസ്തമസോഷ്ടവിധഃ
മോഹസ്യ ച ദശവിധോ മഹാമോഹഃ
താമിസ്രോഷ്ടാദശധാ
തഥാ ഭവത്യന്ധതാമിസ്രഃ 48

അർത്ഥം:—തമസ്സിനും മോഹത്തിനും ഭേദം എട്ടുവിധം. മഹാമോഹത്തിനു പത്തുഭേദം. താമിസ്രത്തിനും അന്ധതാമിസ്രത്തിനും പതിനെട്ടുവിധം ഭേദം.

തമസ്സ് എട്ടുവിധം. മോഹം എട്ടുവിധം. മഹാമോഹം പത്തുവിധം. താമിസ്രം പതിനെട്ടുവിധം. അന്ധതാമിസ്രവും പതിനെട്ടുവിധം. എല്ലാംകൂടി അറുപത്തിരണ്ടുവിധം.

ഭാഷ്യം:—തമസ്സിന്, അവിദ്യയ്ക്കു്, എട്ടുതരം ഭേദം. അവ്യക്തം (പ്രധാനം) മഹത്തത്ത്വം അഹംകാരം പഞ്ചതന്മാത്രകൾ ഈ എട്ടിലും ആത്മബുദ്ധിയുണ്ടാവുന്നതാണവിദ്യ; അതുതന്നെ തമസ്സും. അവ്യക്തം തുടങ്ങി എട്ടുതരം വിഷയമിരിക്കുന്നതുകൊണ്ടു് തമസ്സ് അഥവാ അവിദ്യ എട്ടുതരം. "മോഹസ്യ ച" എന്നുള്ളതിനാൽ അതിലും എട്ടുതരം ഭേദമുണ്ടെന്നു ചകാരം കൊണ്ടു സംഗതമാണ്. ദേവന്മാർ എട്ടുതരമൈശ്വര്യങ്ങളെ പ്രാപി

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ച്ച് അമൃതത്വാഭിമാനികളായി, സ്വന്തമായ അണിമാദികം ശാശ്വതികമെന്നഭിമന്യമാരാകുന്നു. ഈ അസ്മിതാമോഹം എട്ടു വിധമൈശ്വര്യവിഷയമായതുകൊണ്ടു് എട്ടുതരം ഭേദം. മഹാമോഹം പത്തുവിധമെന്നു്. ശബ്ദാദിപഞ്ചമായി ദിവ്യാദിവ്യത കൊണ്ടു ദശവിധമായി രഞ്ജനീയങ്ങളായ വിഷയങ്ങളിലെ രാഗം അഥവാ ആസക്തിയാണു മോഹം. അതു ദശവിധവിഷയത്വം കൊണ്ടു പത്തുവിധം. താമിസ്രം, ദ്വേഷമാണു്; അതു പതിനെട്ടു വിധം. ശബ്ദാദികളായ ദശവിഷയങ്ങൾ സ്വരൂപത്തിൽ രഞ്ജനീയങ്ങളാണു്. അണിമാദികമായ ഐശ്വര്യമാകട്ടെ സ്വരൂപത്തിൽ രഞ്ജനീയമല്ല. എന്നാൽ രഞ്ജനീയശബ്ദാദ്യുപായങ്ങളായി സാധനതമങ്ങളായ അവയും ശബ്ദാദികൾ ഉപസ്ഥിതങ്ങളായിരിക്കുമ്പോൾ പരസ്പരം ഉപഹത്യമാനങ്ങളായിട്ടു തദുപായങ്ങളായ അണിമാദികളും കോപനീയങ്ങളായി ഭവിക്കുന്നു. എന്നതിനാൽ ശബ്ദാദികൾ പത്തും അണിമാദികളെട്ടും കൂടിയതാണു തദ്വിഷയമായ ദ്വേഷം. ഇങ്ങനെ അഷ്ടാദശവിഷയത്വംകൊണ്ടു താമിസ്രം (ദ്വേഷം) പതിനെട്ടുവിധം. അപ്രകാരം അന്ധതാമിസ്രവും പതിനെട്ടുവിധം. അഭിനിവേശമാണന്ധതാമിസ്രം. "തഥാ" എന്നതുകൊണ്ടു "അഷ്ടാദശധാ" എന്നു കൂട്ടിച്ചേർക്കണം. ദേവന്മാർ അണിമാദികമഷ്ടവിധമൈശ്വര്യം പ്രാപിച്ചു ശബ്ദാദികളായ പത്തു വിഷയങ്ങളെ അനുഭവിക്കുമ്പോൾ, ശബ്ദാദികളായ ഭോഗ്യങ്ങളും തദുപായങ്ങളായ അണിമാദികളും അസുരാദികൾ നിമിത്തം നമുക്കു നഷ്ടപ്പെട്ടേക്കുമെന്നു ഭയക്കുന്നു. ഈ ഭയമാണു് അഭിനിവേശം. ഭയദമാണു് അഭിനിവേശത്തിന്റെ സ്വരൂപം. അഷ്ടാദശവിഷയത്വംകൊണ്ടു് അന്ധതാമിസ്രം (അഭിനിവേശം) പതിനെട്ടുവിധം. ഈ പഞ്ചവികല്പമായ വിപര്യയം (തമസ്സ്) അവാന്തരഭേദം നിമിത്തം അറുപത്തിരണ്ടുവിധം.

വിവരണം:—അഞ്ചുതരം വിപര്യയങ്ങളുടെ അവാന്തരഭേദങ്ങൾ ഓരോന്നും നിർദ്ദേശിക്കുന്നു.

1. തമസ്സ് (അവിദ്യ). പ്രധാനം മഹത്തത്ത്വം അഹംകാരം പഞ്ചതന്മാത്രകൾ, ഇവയെ ആത്മാവായി തെററിദ്ധരിക്കുന്നതാണു തമസ്സ് അല്ലെങ്കിൽ അവിദ്യ. പ്രധാനാദികളും തന്മാത്രകളുമാകെ എട്ടുണ്ടു്. അങ്ങനെ എട്ടു വിഷയങ്ങളെ ഉപജീവിക്കുന്നതുകൊണ്ടു തമസ്സ് എട്ടുവിധം.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

2. മോഹം (അസ്മിത—അഭിമാനം). അഭിമാനം അഥവാ അസ്മിത, അഹംകാരലക്ഷണമാണ്. സാംഖ്യശാസ്ത്രത്തിൽ അതിനെ മോഹമായി പരിഗണിച്ചിരിക്കുന്നു. ഈ മോഹവും എട്ടുവിധമുണ്ട്. അണിമാദികളായ അഷ്ടൈശ്വര്യങ്ങൾ നേടിയ ദേവന്മാർ, അണിമാദികൾ നശിക്കാത്തവയെന്നും തങ്ങൾ മരിക്കാത്തവരെന്നും അഭിമാനിക്കുന്നു. അഭിമാനവിഷയമായ അണിമാദികൾ എട്ടുള്ളതുകൊണ്ട് മോഹം എട്ടുവിധം.

3. മഹാമോഹം (രാഗം—ആസക്തി). ശബ്ദാദിവിഷയങ്ങൾ അഞ്ച്. ശബ്ദം, രൂപം, രസം, ഗന്ധം, സ്പർശം ഈ അഞ്ചും ശബ്ദാദിവിഷയങ്ങൾ. ദിവ്യാദിവ്യഭേദമനുസരിച്ച് ശബ്ദാദികൾ രണ്ടുവിധം ദിവ്യം; അലൌകികം. അദിവ്യം ലൌകികം. ഈ ഭേദമനുസരിച്ച് ശബ്ദാദിവിഷയങ്ങളാകെ പത്തുവിധം. ലൌകികവും അലൌകികവുമായ പത്തുവക ശബ്ദാദിവിഷയങ്ങളിലുണ്ടാകുന്ന ആസക്തിയാണു രാഗം. അതിനെ മഹാമോഹമെന്നു സാംഖ്യശാസ്ത്രം നിർദ്ദേശിക്കുന്നു. ആസക്തിനിമിത്തമായ ശബ്ദാദിവിഷയങ്ങൾ പത്തായതുകൊണ്ടു തദ്രൂപമായ മഹാമോഹം പത്തുവിധം. ലൗകികശബ്ദാദികൾ സ്ഥൂലങ്ങളും അലൌകികശബ്ദാദികൾ സൂക്ഷ്മങ്ങളുമാണ്.

4. താമിസ്രം (ദ്വേഷം). ശബ്ദാദിവിഷയങ്ങൾ പത്തും, അണിമാദികളായ ഐശ്വര്യമെട്ടും അങ്ങനെ താമിസ്രം പതിനെട്ടുവിധം. നേരിട്ടിച്ഛാദിവിഷയമാണു ശബ്ദാദികൾ പത്തും. അണിമാദികളാകട്ടെ അപ്രകാരമല്ല. വിഷയങ്ങളല്ല അണിമാദികൾ. എന്നാൽ ഇച്ഛാദിവിഷയമായ ശബ്ദാദികളെ അനുഭവിക്കാൻ അണിമാദികളുപായമാകുന്നു. ശബ്ദാദികളിൽ ഇഷ്ടമായ ഒന്ന് അനുഭവവിഷയമാകുമ്പോൾ മറ്റൊന്നിനെ ഇഷ്ടപ്പെടുകയില്ല ഏററവും ഹിതകരമായ വാർത്ത ശ്രവിച്ചുകൊണ്ടിരിക്കെ ഉഷ്ണകാലത്തായാലും ചന്ദനാദിസ്പർശനസുഖം അനിഷ്ടമായിരിക്കും. സ്പർശനസുഖമനുഭവിച്ചിരിക്കെ എത്ര മധുരമായ ശബ്ദത്തെയുമിഷ്ടപ്പെടുന്നില്ല. മററുള്ളവയെ സംബന്ധിച്ചും സ്ഥിതി ഇതുതന്നെ. ഇങ്ങനെ ശബ്ദാദിവിഷയങ്ങൾ അനുഭവദശയിൽ അന്യോന്യം ദ്വേഷാർഹമായിത്തീരുക സ്വാഭാവികമാണ്. അതേ ദ്വേഷസ്വഭാവം തദുപായമായ അണിമാദികളേയും ബാധിക്കും. അപ്പോൾ ദ്വേഷവിഷയങ്ങൾ ശബ്ദാദികളും അണിമാദികളുമുൾപ്പെടെ പതിനെ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ട്ടെണ്ണമാകും. താമിസ്രം അഥവാ ദ്വേഷം പതിനെട്ടുവിധമാകുന്നതിങ്ങനെയാണ്.

5. അന്ധതാമിസ്രം (അഭിനിവേശം). ഭയലക്ഷണമാണ് അന്ധതാമിസ്രം. അഭിനിവേശമെന്നും അതിനെ പറയും. പതിനെട്ടു ഭേദമാണ് അന്ധതാമിസ്രത്തിന്. ശബ്ദാദിവിഷയങ്ങൾ പത്ത്, തദുപായങ്ങളായ അണിമാദികൾ എട്ട്, എല്ലാംകൂടി പതിനെട്ട്. അതെങ്ങനെയെന്നോ? ദേവന്മാർ അണിമാദികളായ എട്ടുതരമൈശ്വര്യങ്ങൾ നേടിയാണ ശബ്ദാദിവിഷയങ്ങളനുഭവിക്കുന്നത്. അസുരന്മാർ, ഭോഗ്യങ്ങളായ ശബ്ദാദികളെ വിഘ്നപ്പെടുത്തുമെന്ന് ദേവന്മാർ ഭയക്കുന്നു. തന്മൂലം ശബ്ദാദികളും അണിമാദികളും ഭയവിഷയമാകുമല്ലോ. അപ്രകാരം അന്ധതാമിസ്രം പതിനെട്ടുവിധമായി.

ഇങ്ങനെ വിപര്യയത്തിന്റെ അഞ്ചു ഭേദം വിവരിച്ചു. ഇനി ഇരുപത്തെട്ടു ഭേദമുള്ള അശക്തിയെ വിവരിക്കുന്നു.

അശക്തി

കാരിക:—

ഏകാദശേന്ദ്രിയവധാഃ
സഹബുദ്ധിവധൈരശക്തിരുദ്ദിഷ്ടാ
സപ്തദശാ വധാ
ബുദ്ധേർവ്വിപര്യയാത്തുഷ്ടിസിദ്ധീനാം. 49

അർത്ഥം:—ബുദ്ധിദോഷ(വധ)ങ്ങളോടുകൂടിയ ഏകാദശേന്ദ്രിയദോഷങ്ങൾ അശക്തിയെന്നു പറയപ്പെടുന്നു തുഷ്ടിസിദ്ധികളുടെ വിപര്യയം നിമിത്തം ബുദ്ധിദോഷങ്ങൾ പതിനേഴാണ്.

വധശബ്ദത്തിനിവിടെ ദോഷമെന്നർത്ഥം ബുദ്ധിവധമെന്നാൽ ബുദ്ധിദോഷം. വിപര്യയം (അജ്ഞാനം) നിമിത്തം ബുദ്ധിക്കും തന്മൂലം ഇന്ദ്രിയങ്ങൾക്കും ദോഷങ്ങൾ സംഭവിക്കുന്നു. ബുദ്ധിദോഷം പതിനേഴ്. ഇന്ദ്രിയദോഷം പതിനൊന്ന്. എല്ലാംകൂടി ഇരുപത്തെട്ട്. ഇപ്പറഞ്ഞ ഇരുപത്തെട്ടു ദോഷങ്ങളൊന്നാകെ അശക്തിയെന്നു പറയുന്നു. തുഷ്ടിയുടെ വിപര്യയം അതുഷ്ടി. അതെട്ടുവിധം. സിദ്ധിയുടെ വിപര്യയം അസിദ്ധി. ഒൻപതുവിധമസിദ്ധി. ഇതു പതിനേഴുമാണു ബുദ്ധിദോഷം.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഭാഷ്യം:—ഇന്ദ്രിയദോഷം (വധം) ബുദ്ധിദോഷം (വധം) കൊണ്ടുണ്ടാകുന്നു. അശക്തി ഭേദപൂർണ്ണതകൊണ്ടുണ്ടാകുന്നതല്ല. പതിനൊന്നിന്ദ്രിയദോഷങ്ങൾ; കേട്ടുകൂടായ്ക (ചെവി), തൊട്ടറിയാൻ കഴിയായ്ക (ത്വക്ക്), കണ്ടുകൂടായ്ക (കണ്ണ്), മരവിപ്പ് (നാക്ക്), ഗന്ധമറിയായ്ക (മൂക്ക്), സംസാരിക്കാൻ വയ്യായ്ക (വാക്ക്), കൈയ് വയ്യായ്ക (പാണി), മുടന്ത് (പാദം), നപുംസകത്വം (ഉപസ്ഥം), മലമൂത്രാദിനിരോധം (ഗുദം), അജ്ഞത (മനസ്സ്). ശ്രോത്രാദികളായ ഇന്ദ്രിയങ്ങളുടെ സംഖ്യയനുസരിച്ച് ഈ ദോഷങ്ങൾ ഭേദിക്കുന്നു. ഇത്രയുംതന്നെ തദ്ധേതുകമായ അശക്തി ബുദ്ധിക്ക് സ്വവ്യാപാരത്തിലുണ്ടാകുന്നു. അങ്ങനെ ഏകാദശഹേതുകത്വംനിമിത്തം ബുദ്ധിയുടെ അശക്തി പതിനൊന്നുവിധമെന്നു പറയുകയാണ്. കാര്യകാരണങ്ങളുടെ അഭേദവിവക്ഷകൊണ്ട് സമാനാധികരണത്വം. ഇപ്രകാരം ഇന്ദ്രിയദോഷംവഴി ബുദ്ധിയുടെ അശക്തിയെ പറഞ്ഞിട്ട് സാക്ഷാത്തായ അശക്തിയെ പറയുന്നു. ബുദ്ധിയുടെ സാക്ഷാത്തായ ദോഷങ്ങൾ എത്രയെന്നു പറയുകയാണ്. പതിനേഴു ദോഷങ്ങൾ ബുദ്ധിക്കുണ്ടെന്ന്. എന്തുകൊണ്ടെന്നോ? തുഷ്ടികൾ ഒൻപതുവിധം. അവയുടെ വിപര്യയങ്ങൾ പ്രതിയോഗിത്വംകൊണ്ട് ഒൻപതുവിധമാകുന്നു. അപ്രകാരം സിദ്ധികൾ എട്ടുവിധം. അവയുടെ വിപര്യയങ്ങൾ പ്രതിയോഗിത്വംകൊണ്ട് എട്ടുവിധമുണ്ട്.

വിവരണം:—അശക്തിയുടെ ഇരുപത്തെട്ടു ഭേദങ്ങൾ ഏതെല്ലാമെന്നു വിശദമാക്കുന്നു. ബുദ്ധിയെ ആശ്രയിച്ചും ഇന്ദ്രിയങ്ങളെ ആശ്രയിച്ചും അശക്തിരൂപമായ ദോഷം രണ്ടുരീതിയിൽ വരും. ബുദ്ധിദോഷങ്ങളും ഇന്ദ്രിയദോഷങ്ങളും. ബുദ്ധിയെമാത്രം ബാധിക്കുന്നവ, ബുദ്ധിനിമിത്തം ഇന്ദ്രിയങ്ങളെ ബാധിക്കുന്നവ, ഇങ്ങനെ ദോഷങ്ങളുടെ സ്വഭാവം. ജ്ഞാനേന്ദ്രിയങ്ങളും കർമ്മേന്ദ്രിയങ്ങളും മനസ്സുമുൾപ്പെടെ ഇന്ദ്രിയങ്ങളാകെ പതിനൊന്ന്. ഓരോ ഇന്ദ്രിയവും അതതിന്റെ പ്രവൃത്തിചെയ്യാൻ കഴിവില്ലാതാവുകയാണ് ഇന്ദ്രിയദോഷം അഥവാ ഇന്ദ്രിയവൈകല്യം. ഇന്ദ്രിയങ്ങൾ പതിനൊന്നുള്ളതുകൊണ്ട് അവയുടെ ദോഷങ്ങളും പതിനൊന്നുവിധമെന്നു വ്യക്തം. പിന്നെ ബുദ്ധിയെ മാത്രമാശ്രയിക്കുന്ന ധർമ്മമാണ് തുഷ്ടിയും സിദ്ധിയും. തുഷ്ടി ഒൻപതുവിധം. സിദ്ധി എട്ടുവിധം. തുഷ്ടിസിദ്ധികളുടെ വിപര്യയമാണിവിടെ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

വിവക്ഷിതം. അതായത്തു് അതുഷ്ടിയും അസിദ്ധിയും. തുഷ്ടി ഒൻപതുവിധമായതുകൊണ്ടു് അതിന്റെ വിപരീതമായ അതുഷ്ടിയും ഒൻപതുവിധം. അതുപോലെ സിദ്ധി എട്ടുവിധമാകയാൽ തദ്വിപരീതമായ അസിദ്ധിയും എട്ടുവിധംതന്നെ. പതിനൊന്നു് ഇന്ദ്രിയദോഷങ്ങളും പതിനേഴു ബുദ്ധിദോഷങ്ങളും ഉൾപ്പെടെ ദോഷങ്ങൾ അഥവാ വൈകല്യങ്ങളാകെ ഇരുപത്തെട്ടു്. ഈ ദോഷങ്ങളെ കാര്യകാരണഭേദകല്പനം ചെയ്തു് പൊതുവിൽ ബുദ്ധിദോഷങ്ങളെന്നു പറയും.

തുഷ്ടി ഒൻപതുവിധമെന്നു പറഞ്ഞു. അതിനെ വിചാരണ ചെയ്യുകയാണു്.

കാരികഃ—

ആധ്യാത്മികൃശ്ചതസ്രഃ
പ്രകൃത്യുപാദാനകാലഭാഗാഖ്യാഃ
ബാഹ്യാ വിഷയോപരമാത്
പഞ്ച നവതുഷ്ടയോഽഭിമതാഃ 50

അർത്ഥം:—ആത്മാവിനെ അധികരിച്ചുണ്ടാകുന്ന തുഷ്ടികൾ നാലുവിധം. പ്രകൃതിയും ഉപദാനവും കാലവും ഭാഗവും. വിഷയവിരക്തിയിൽനിന്നുണ്ടാകുന്ന ബാഹ്യതുഷ്ടികൾ അഞ്ചുവിധം. ആകെക്കൂടി തുഷ്ടികൾ ഒൻപതുവിധമെന്നു് അഭിമതമാകുന്നു.

തുഷ്ടി പൊതുവിൽ രണ്ടുവിധം. ആഭ്യന്തരതുഷ്ടിയും ബാഹ്യതുഷ്ടിയും. തുഷ്ടിയെന്നാൽ സംതൃപ്തി. ആത്മവിഷയകമായുള്ളതു് ആഭ്യന്തരതുഷ്ടി. ബാഹ്യമായ ജ്ഞാനേന്ദ്രിയവിഷയകമായതു ബാഹ്യതുഷ്ടിയും. പ്രകൃതി, ഉപാദാനം, കാലം, ഭാഗം ഇങ്ങനെ ആഭ്യന്തരതുഷ്ടി നാലുതരം. ശബ്ദാദിവിഷയങ്ങളിലെ വിരക്തികൊണ്ടുണ്ടാകുന്നതാണ് ബാഹ്യതുഷ്ടി. ശബ്ദാദികൾ അഞ്ചുണ്ടല്ലോ; ആകയാൽ തജ്ജന്യമായ തുഷ്ടിയും അഞ്ചുവിധം ഇങ്ങനെ ബാഹ്യാഭ്യന്തരതുഷ്ടികളാകപ്പാടെ ഒൻപതുവിധം.

ഭാഷ്യം:—പ്രകൃതിഭിന്നമായ ആത്മാവുണ്ടെന്നറിഞ്ഞു് യാവനൊരുത്തൻ അസദുപദേശതുഷ്ടനായിട്ടു ശ്രവണമനനാദികൊണ്ടു് അതിൽ (പ്രകൃതിയിൽ) നിന്നു് ഇതിന്റെ (ആത്മാവിന്റെ) വിവേകസാക്ഷാത്കാരത്തിനു പ്രയതിക്കുന്നില്ല; അവനു്

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ആദ്ധ്യാത്മികകളായ നാലുതരം തുഷ്ടികൾ ഭവിക്കുന്നു. പ്രകൃതിഭിന്നമായ ആത്മാവിനെ അധികരിച്ചുണ്ടായവയാകയാൽ ആ തുഷ്ടികൾ ആദ്ധ്യാത്മികകളായി. അവ ഏതെല്ലാമെന്നു പറയുന്നു. പ്രകൃതി, ഉപാദാനം, കാലം, ഭാഗം ഈ പേരുള്ളവ. അതിൽ പ്രകൃതിയെന്നു പേരുള്ള തുഷ്ടി എങ്ങനെയെന്നാൽ; ഒരുവൻെറ ഉപദേശത്തിൽ; "വിവേകസാക്ഷാത്കാരം പ്രകൃതിപരിണാമഭേദമാണ്, അതിനെ പ്രകൃതിതന്നെ ഉണ്ടാക്കുകയും ചെയ്യും. അതിനുവേണ്ടി ധ്യാനാഭ്യാസം വേണ്ട. അതിനാൽ ഹേ! വത്സ! നീ ഇങ്ങനെതന്നെയിരുന്നുകൊള്ളുക" എന്നിങ്ങനെയുള്ള ഉപദേശത്തിനു വിധേയനായ ശിഷ്യൻെറ തുഷ്ടി പ്രകൃതിയിൽ ഭവിക്കുന്നു. ആ തുഷ്ടിയാണ് പ്രകൃതിയെന്നു പേരുള്ളത്. അതിനെ "അംഭ" എന്നു പറയുന്നു.

വിവരണം:—ആത്മാവ്, പ്രകൃതിയിൽനിന്ന് വ്യത്യസ്തമായുണ്ടെന്നറിഞ്ഞാലും ദുരുപദേശംകൊണ്ട് തുഷ്ടനായി അതിനെ ശ്രവണമനനാദിവഴിക്കു സാക്ഷാത്കരിക്കാൻ ശ്രമിക്കാതിരിക്കുന്നവന് നാലുതരം ആദ്ധ്യാത്മികതുഷ്ടികൾ സംഭവിക്കുന്നു. ആത്മവിഷയമായതുകൊണ്ടാണവയ്ക്ക് ആദ്ധ്യാത്മികങ്ങളെന്നു പേരുണ്ടായത്. പ്രകൃതി, ഉപാദാനം, കാലം, ഭാഗം ഇങ്ങനെ ആദ്ധ്യാത്മികതുഷ്ടികൾ നാല്.

<u>പ്രകൃതി.</u> ഇത് ആദ്ധ്യാത്മികതുഷ്ടികളിലാദ്യത്തേതാണ്. ദുരുപദേശം നിമിത്തമാണിതുണ്ടാകുന്നത്. എങ്ങനെയെന്നോ? ഒരുവൻ ശിഷ്യനെ ഉപദേശിക്കയാണ്: "വത്സ! പ്രകൃതിപുരുഷന്മാരെ വേർതിരിച്ചറിയുക, അഥവാ വിവേകസാക്ഷാത്കാരം നേടുക, പ്രകൃതിയുടെ പരിണാമവിശേഷംകൊണ്ടു സംഭവിക്കുന്നതാണ്. അതിനെ പ്രകൃതിതന്നെ ഉണ്ടാക്കുകയും ചെയ്യും. ധ്യാനരൂപമായ പരിശീലനം ഒന്നും ആവശ്യമില്ല. നീ ഇങ്ങനെതന്നെ ഇരുന്നുകൊള്ളുക." ഈ ദുരുപദേശത്തിനു വഴങ്ങുന്ന ശിഷ്യന് പ്രകൃതിയിൽ മാത്രമായിരിക്കും തുഷ്ടി ജനിക്കുക. അത്തരം പ്രാകൃതികതുഷ്ടിയാണു പ്രകൃതി. "അംഭ" എന്ന് അതിൻെറ ശാസ്ത്രീയസംജ്ഞ.

ഭാഷ്യം:—യാതൊരു വിവേകജ്ഞാനം പ്രാകൃതികമാണെങ്കിലും അതു പ്രകൃതിമാത്രത്തിൽനിന്നു ഭവിക്കുന്നില്ല. തന്മാത്ര

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ത്തിന്റെ സർവ്വഭേദവും കുറിച്ചുള്ള അവിശേഷംനിമിത്തം സർവ്വർക്കും സർവ്വദാ വിവേകജ്ഞാനമുണ്ടാകണം. അങ്ങനെ സംഭവിക്കില്ല. അതു (വിവേകജ്ഞാനം) പ്രവ്രജ്യയിൽനിന്നുണ്ടാകുന്നു. അതിനാൽ നീ പ്രവ്രജ്യയെ ഉപാസിക്കുക; ആയുഷ്മാനേ! നിനക്കു ധ്യാനാഭ്യാസം ആവശ്യമില്ല. എന്നീയുപദേശത്തിൽ യാതൊരു തുഷ്ടി ഭവിക്കുന്നു അതാണ് ഉപാദാനമെന്നു പറയുന്നതു്. "സലില"മെന്നാണതിന്റെ ശാസ്ത്രീയസംജ്ഞ.

വിവരണം:—ഉപാദാനമെന്ന രണ്ടാമത്തെ ഉപദേശം. "ഹേ വത്സ! വിവേകജ്ഞാനം പ്രകൃത്യധീനമാണെങ്കിലും പ്രകൃതിപരിണാമംകൊണ്ടു മാത്രമതുണ്ടാവുകയില്ല എല്ലാ പുരുഷന്മാരെ സംബന്ധിച്ചും പ്രകൃതിയുടെ പരിണാമം ഒന്നുപോലെയാണ്. എന്നിരിക്കെ, എല്ലാ പുരുഷന്മാർക്കും എപ്പോഴും വിവേകജ്ഞാനമുണ്ടാകണം. അതു സംഭവിക്കുന്നതല്ലല്ലോ; അതിനാൽ നീ സന്യാസം സ്വീകരിക്കുക, സന്യാസത്തിൽനിന്നാണു വിവേകജ്ഞാനമുണ്ടാകുന്നതു്. ധ്യാനപരിശീലനമതിനാവശ്യമില്ല." ഈ ഉപദേശംനിമിത്തമുണ്ടാകുന്നതാണ് ഉപാദാനതുഷ്ടി. അതിനെ "സലില"മെന്നും ശാസ്ത്രത്തിൽ പറയും.

ഭാഷ്യം:—"യാതൊരു പ്രവ്രജ്യ(സംന്യാസം) നിർവ്വാണദയാണെങ്കിലും അതു പെട്ടെന്നു നിർവ്വാണമുണ്ടാക്കുകയില്ല; കാലപരിപാകത്തെ അപേക്ഷിച്ചു നിനക്കു സിദ്ധിയെച്ചെയ്യുന്നതായിരിക്കും. അതുകൊണ്ടു നിനക്കു വ്യാകുലത വേണ്ട" ഇപ്രകാരമുള്ള ഉപദേശത്തിലെ തുഷ്ടി കാലമെന്നു പേരുള്ളതാണ്. അതിനെ "മേഘ"മെന്നും പറയും.

വിവരണം:—കാലം—മൂന്നാമത്തെ ഉപദേശം. സംന്യാസം മോക്ഷകാരണമാണെങ്കിലും അതിനു പെട്ടെന്നു മോക്ഷം സാധിച്ചുതരാൻ കഴികില്ല. കാലത്തിനേ അതു കഴിയൂ. കൃഷിക്കു ഫലസമൃദ്ധിയുണ്ടാവാൻ മഴവേണം.* മഴയുണ്ടാകുന്നതു കാലമാണ്. അതുപോലെ, കാലത്തിന്റെ അനുകൂലസാഹചര്യമു

* കൃഷേർവൃഷ്ടിസമായോഗാദ്
ദൃശ്യന്തേ ഫലസിദ്ധയഃ
നാസ്തു കാലേ പ്രദൃശ്യന്തേ
നൈവാകാലേ കഥംചന.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ണ്ടെങ്കിലേ മോക്ഷലാഭത്തിനെളുപ്പമുള്ളു. ആകയാൽ പ്രിയശിഷ്യ! നീ വ്യാകുലപ്പെടേണ്ടതില്ല. കാലമനുകൂലമാകുമ്പോൾ മോക്ഷം (വിവേകജ്ഞാനം) സിദ്ധിച്ചുകൊള്ളും. ഇത്തരം ഉപദേശം നിമിത്തമുണ്ടാകുന്നതാണു കാലമെന്ന തുഷ്ടിവിശേഷം. മേഘമെന്നും അതിനു പേരുണ്ടു്.

ഭാഷ്യം:—"യാതൊരു വിവേകജ്ഞാനമാകട്ടെ പ്രകൃതിയിൽനിന്നും ഉപാദാനത്തിൽനിന്നും കാലത്തിൽനിന്നും മാത്രമുണ്ടാകുന്നതല്ല; പിന്നെയോ? ഭാഗ്യത്തിൽനിന്നാണു്. ഇതുകൊണ്ടാണു് അതിബുദ്ധികളായ മദാലസയുടെ സന്താനങ്ങൾ മാതാവിന്റെ ഉപദേശംനിമിത്തം വിവേകജ്ഞാനമുള്ളവരായി മുക്തന്മാരായിത്തീർന്നു്. അതിനാൽ ഭാഗ്യംതന്നെ കാരണം; മറ്റൊന്നല്ല." ഈ ഉപദേശത്തിലെ തുഷ്ടി യാതൊന്നോ അതാണു ഭാഗമെന്നു പേരുള്ളതു്.

വിവരണം:—ഭാഗം. നാലാമത്തെ ഉപദേശം. "സൗമ്യ! കേവലമായ പ്രകൃതിയും ഉപാദാനവും കാലവും മാത്രം പോരാ വിവേകജ്ഞാനമുണ്ടാകാൻ; ഭാഗ്യംകൂടി വേണം. എന്തെല്ലാമുണ്ടായാലും ഭാഗ്യമില്ലെങ്കിൽ സകലതും നിഷ്പ്രയോജനംതന്നെ. മദാലസയെന്ന ഗന്ധർവ്വസ്ത്രീയുടെ മക്കൾ മാതാവിന്റെ ഉപദേശംകൊണ്ടു് എല്ലാരും മുക്തിനേടിയ കഥ ഭാഗ്യത്തിനു ദൃഷ്ടാന്തമാണു്. അതിനാൽ വിവേകജ്ഞാനം സിദ്ധിക്കാൻ ഭാഗ്യമാണു മുഖ്യകാരണം; മറ്റൊന്നുമല്ല." ഈദൃശമായ ഉപദേശത്തിൽനിന്നുണ്ടാകുന്നതാണു ഭാഗതുഷ്ടി. അതിനെ വൃഷ്ടിയെന്നു പറയും.

മേൽക്കാണിച്ച നാലുപദേശങ്ങളും വിവേകജ്ഞാനലാഭത്തിനു പറ്റിയതല്ല. അതിനാൽ എല്ലാം മിഥ്യോപദേശങ്ങളാണു്; മിഥ്യോപദേശജന്യമായ തുഷ്ടി (സംതൃപ്തി) ശരിയായിരിക്കയില്ല; തെറ്റായിരിക്കും. അതുഷ്ടിയായിരിക്കും അപ്പോൾ. ഇപ്പറഞ്ഞ നാലുവക മിഥ്യോപദേശത്തിൽനിന്നുമുണ്ടാകുന്ന പ്രകൃത്യാദികൾ നാലും "അതുഷ്ടിക"ളെന്നിവിടെ വ്യക്തമാണു്. ഈ അതുഷ്ടികൾ ആത്മാവിനെ അധികരിച്ചുള്ളതാകകൊണ്ടു് ആധ്യാത്മികങ്ങളെന്നു പറയപ്പെടുന്നു. ഇങ്ങനെ ആഭ്യന്തരതുഷ്ടികൾ വിവരിച്ചു. ഇനി ബാഹ്യതുഷ്ടികളെ പരിഗണിക്കുന്നു.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഭാഷ്യം:— ബാഹ്യങ്ങളെ കാണിക്കുന്നു. വിഷയോപരമം നിമിത്തം ബാഹ്യങ്ങളായ തുഷ്ടികൾ അഞ്ച്. ആത്മാവല്ലാത്ത പ്രകൃതി മഹദഹംകാരാദികളെ ആത്മാവെന്നഭിമാനിക്കുന്നവന്റെ വൈര്യം സത്തായിരിക്കുമ്പോൾ യാവചിലതുകളുണ്ടാകുന്നു, അവയാണ് ബാഹ്യമായ തുഷ്ടികൾ. ആത്മജ്ഞാനമില്ലാതിരിക്കുമ്പോൾ അനാത്മാവിനെ അധികരിച്ചുള്ള പ്രവൃത്തിഹേതുവായിട്ട്. ആ തുഷ്ടികൾ വൈരാഗ്യമുള്ളപ്പോൾ സംഭവിക്കുന്നു എന്നതിനാൽ വൈരാഗ്യഹേതുവാത്മാവായതുകൊണ്ട് വൈരാഗ്യങ്ങളും അഞ്ചായി. അവയുടെ പഞ്ചത്വം നിമിത്തം തുഷ്ടികൾ അഞ്ചായിത്തീർന്നു. ഇതിനാൽ ഉപരമിക്കപ്പെടുന്നു എന്നതുകൊണ്ട് ഉപരമം; വൈരാഗ്യമെന്നർത്ഥം. വിഷയത്തിൽനിന്നുള്ള ഉപരമമാണു വിഷയോപരമം. വിഷയങ്ങൾ; ഭോഗ്യങ്ങളായ ശബ്ദാദികളഞ്ചും. ഉപരമങ്ങളും അഞ്ച്. അപ്രകാരം അർജ്ജനം, രക്ഷണം, ക്ഷയം, ഭോഗം, ഹിംസാദോഷദർശനം, ഇവകാരണമായി അഞ്ച് ഉപരമങ്ങൾ ഭവിക്കുന്നു. സേവാദികൾ ധനാർജ്ജനോപായങ്ങളാണ്. അവ സേവകാദികളെ ദുഃഖിപ്പിക്കുന്നു.

വിവരണം:— ജ്ഞാനേന്ദ്രിയങ്ങളെ അധികരിച്ചുള്ള തുഷ്ടികൾ പറയാൻപോറുകയാണ്. പുറത്തുള്ളവയാണല്ലോ ജ്ഞാനേന്ദ്രിയങ്ങൾ. തന്മൂലം തദധികൃതങ്ങളായ തുഷ്ടികൾ ബാഹ്യതുഷ്ടികളെന്നു വ്യവഹരിക്കപ്പെടുന്നു. വിഷയോപരമത്തിൽനിന്നാണു തുഷ്ടികളുണ്ടാകുന്നത്. ഉപരമമെന്നാൽ വൈരാഗ്യം; വെറുപ്പ്. വിഷയങ്ങളിലെ വൈരാഗ്യമാണ് വിഷയോപരമം. ഭോഗ്യങ്ങളായ ശബ്ദാദികൾതന്നെ വിഷയങ്ങൾ. ആകെ വിഷയങ്ങൾ അഞ്ചാകകൊണ്ടു തജ്ജന്യമായ ഉപരമങ്ങളും അഞ്ചാണ്. ഉപരമം സംഭവിക്കുന്നതെങ്ങനെയെന്നോ? ആത്മാവല്ലാത്ത പ്രകൃതിയേയും തത്പരിണാമമായ മഹത്തത്ത്വം അഹങ്കാരം ഇവയേയും ആത്മാവായി തെററിദ്ധരിക്കുക. തൻമൂലം ശബ്ദാദിവിഷയങ്ങളിലുപരമ (വൈരാഗ്യ)മുണ്ടാകുന്നു. ശബ്ദാദിവിഷയങ്ങളും അവയിൽനിന്നുണ്ടാകുന്ന ഉപരമങ്ങളും അഞ്ചായിരിക്കുന്നതുപോലെ അതേവിഷയങ്ങളുടെ കാരണവും അഞ്ചുണ്ട്. ധനാർജ്ജനം, രക്ഷണം, ക്ഷയം, ഭോഗം, ഹിംസ ഇവയാലുണ്ടാകുന്ന ദോഷദൃഷ്ടിയാണ് അഞ്ചു കാരണം. ധനാർജ്ജനത്തിന്റെ ഉപായം സേവനാദികളാണ്. ഭിക്ഷ, കൃഷികാര്യം, വിദ്യ, വ്യവഹാരം, കച്ചവടം ഇവയെല്ലാം

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സേവാദികൾകൊണ്ടു മനസ്സിലാക്കണം. ധനസമ്പാദനത്തിന്റെ ഉപായങ്ങളായ സേവനാദികൾ ദുഃഖജനകങ്ങളാകയാൽ അവയിൽ ദോഷദൃഷ്ടിയുണ്ടാകുന്നു. കൂടെ അതിനോടെല്ലാം വൈരാഗ്യവും. പിന്നെ സുഖലാഭത്തിന് ആത്മാവിലേക്കു തിരിയുകയായി. അവിടെ അജ്ഞതമൂലം പ്രകൃതിമഹത്തത്ത്വാദികളെ ആത്മാവായി തെററിദ്ധരിക്കുകയാണ്. എന്നിട്ടവയെ ആത്മബുദ്ധിയോടെ ഉപാസിക്കുകയും. അതിൽനിന്നനുഭവപ്പെടുന്ന തുഷ്ടികൾ സത്യമായിരിക്കയില്ല. മിഥ്യാതുഷ്ടികളായിരിക്കും. മറെറാരു വാക്കിൽ അതുഷ്ടികളായിരിക്കും. അങ്ങനെ ജ്ഞാനേന്ദ്രിയവിഷയകമായ ബാഹ്യതുഷ്ടികൾ, അതുഷ്ടികളായി.

ധനാർജ്ജനാദികളിലെ ദോഷദൃഷ്ടിയും തജ്ജന്യമായ ഉപരമങ്ങളിൽനിന്നുണ്ടാകുന്ന തുഷ്ടികളുടെ പേരും നിർദ്ദേശിക്കുന്നു.

ഭാഷ്യം:— ഇപ്രകാരം അന്യമായ ധനാർജ്ജനോപായങ്ങളും ദുഃഖങ്ങളെന്നുവച്ചുള്ള വിഷയോപരമത്തിൽ യാതൊരു തുഷ്ടി ഭവിക്കുന്നു, അതിനെ "പാര"മെന്നു പറയുന്നു. അപ്രകാരം ആർജ്ജിതമായ ധനം രാജാവ്, കള്ളൻ, തീയ്യ്, ജലപ്രവാഹം ഇവകൊണ്ടു നശിക്കുമെന്നതിനാൽ അതിന്റെ രക്ഷണത്തിൽ മഹത്തായ ദുഃഖമാണെന്ന് വിചാരിക്കുന്നവന്റെ വിഷയോപരമത്തിലെ രണ്ടാമത്തെ തുഷ്ടിയെ "സുപാര"മെന്നു പറയുന്നു.

അപ്രകാരം മഹത്തായ യത്നംകൊണ്ട് സമ്പാദിച്ച ധനം അനുഭവിക്കുനാളുകൊണ്ട് ക്ഷയിച്ചുപോകുമെന്നു ധനക്ഷയത്തെ വിചാരിക്കുന്നവന്റെ വിഷയോപരമത്തിലെ മൂന്നാമത്തെ തുഷ്ടി "പാരാപാര"മെന്നു പറയുന്നു.

അപ്രകാരം ശബ്ദാദ്യനുഭവങ്ങളുടെ പരിചയത്തിൽനിന്നു കാമങ്ങൾ വദ്ധിക്കുന്നു. അവ, വിഷയം അപ്രാപ്തമായിരിക്കുമ്പോൾ കാമിയെ ദുഃഖിപ്പിക്കയും ചെയ്യുന്നു. ഇങ്ങനെ വിചാരിക്കുന്നവന്റെ വിഷയോപരമത്തിലെ അഞ്ചാമത്തെ തുഷ്ടി "ഉത്തമാംഭസ്സ്"ന്നു പറയുന്നു.

അപ്രകാരം ആധ്യാത്മികകളായ നാലും ബാഹ്യങ്ങളായ അഞ്ചും കൂടിയ ഒൻപതു തുഷ്ടികൾ അഭിമതങ്ങളാകുന്നു.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

വിവരണം:—ശബ്ദാദിവിഷയങ്ങളുടെ ഉപരമത്തിൽനിന്നാണ് അഞ്ചുതരം ബാഹ്യതുഷ്ടികളുണ്ടാകുന്നതു്. വിഷയങ്ങളുടെ ഉപരമത്തിനു കാരണം ദോഷദൃഷ്ടികളാണ്. ഭൗതികസുഖസംപാദനത്തിന്റെ ഉപായങ്ങളിൽ ദോഷം കാണുക. ധനമാണു ഭൗതികസുഖത്തിന്റെ പരമാശ്രയം. അതു സമ്പാദിക്കാനുള്ള ഉപായങ്ങളോ? സേവനം (ഭൃത്യവേല), കൃഷി, കച്ചവടം മുതലായവയും. ധനസമ്പാദനത്തിന്റെ അത്തരമുപായങ്ങളൊക്കെ ദുഃഖമൂലവാക്കുന്നവയാണ്. മാത്രമല്ല, ധനത്തിന്റെ സമ്പാദനം, രക്ഷണം, അനുഭവം ഇവയും ദുഃഖമായിരിക്കുന്നു. ധനവിഷയകമായ സമ്പാദനത്തിലും രക്ഷണത്തിലും അനുഭവത്തിലും ദുഃഖമിരിക്കുന്നതുകൊണ്ടു് അവയിൽ ദോഷദൃഷ്ടി സംഗതമാണ്. താദൃശ്യമായ ദോഷദൃഷ്ടിനിമിത്തം വിഷയോപരമം ജനിക്കുകയും മൂറയ്ക്കു മൂന്നുതരം തുഷ്ടികളുണ്ടാറുകയുംചെയ്യുന്നു. അതായതു്, ധനത്തിന്റെ സമ്പാദനോപായം ദുഃഖഹേതുകമെന്നു മനസ്സിലാക്കി അതിലുള്ള വിഷയവൈരാഗ്യംനിമിത്തമുണ്ടാകുന്ന തുഷ്ടി "പാരം". വളരെയധികം ശ്രമപ്പെട്ടു നേടിയ ധനം രാജാവു കയ്യടക്കുകയോ കള്ളൻ മോഷ്ടിക്കുകയോ വെള്ളമോ തീയോകൊണ്ടു നശിക്കുകയോ ചെയ്യുമെന്നുവച്ചു് അതിന്റെ രക്ഷണത്തിൽ അതിയായ ദുഃഖം നേരിടേണ്ടിവരുന്നു. ഈ ദോഷം കണ്ടറിഞ്ഞു തന്മൂലമുള്ള വിഷയവിരക്തിയിൽനിന്നുണ്ടാകുന്ന തുഷ്ടി "സുപാരം." പ്രയാസപ്പെട്ടു സമ്പാദിച്ച ധനം അനുഭവിക്കുന്നതുകൊണ്ടു ക്ഷയിച്ചുപോകുമെന്നു കരുതിയുണ്ടാകുന്ന വിഷയവൈരാഗ്യത്തിൽനിന്നു "പാരാപാര"മെന്ന തുഷ്ടി ജനിക്കുന്നു. ശബ്ദാദിവിഷയങ്ങളുടെ അനുഭവരൂപമായ പരിചയം കൂടുതൽ ആഗ്രഹം ജനിപ്പിക്കുന്നതാണ്. ആഗ്രഹം സാധിക്കാതെവരുമ്പോൾ ദുഃഖമാകും. അതേ ഭോഗദോഷം മനസ്സിലാക്കിയുള്ള വിഷയോപരമത്തിൽനിന്നു ജനിക്കുന്നതു് "അനുത്തമാംഭസ്സെ"ന്ന തുഷ്ടിയാണ്. ഹിംസ കൂടാതെ വിഷയാനുഭവം സാധ്യമല്ല. ഹിംസയാകട്ടെ ദുഃഖമയമാണ്. അങ്ങനെ ഹിംസാദോഷംനിമിത്തമുള്ള വിഷയവിരക്തിയിൽനിന്നു് "ഉത്തമാംഭസ്സെ"ന്ന തുഷ്ടി ജനിക്കുന്നു. ഇപ്രകാരം അഞ്ചുതരം ബാഹ്യതുഷ്ടികൾ. ആഭ്യന്തരവും ബാഹ്യവുമായ തുഷ്ടികളാകെ ഒൻപതു്.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഗൗണമുഖ്യസിദ്ധിനിരൂപണം

ഗൗണമുഖ്യഭേദങ്ങളായ സിദ്ധികളെ പറയുന്നു.

സിദ്ധിയെന്നാൽ, പുരുഷപ്രയോജനനിഷ്പത്തി. പ്രയോജനം ഇച്ഛാവിഷയമാണു്. അതു രണ്ടുവിധം. അന്യേച്ഛയ്ക്കധീനമല്ലാത്ത വിഷയസ്വഭാവമുള്ളതെന്നും, അധീനമായ വിഷയസ്വഭാവമുള്ളതെന്നും. ദുഃഖവിഘാതമാണ് മുഖ്യമായ പ്രയോജനം. അതു് അന്യേച്ഛാധീനമല്ല. "എനിക്കു സുഖമുണ്ടാകണം; ദുഃഖമുണ്ടാകരുതു്" ഏവംവിധമായ ഇച്ഛയാണതു്. അങ്ങനെ സ്വേച്ഛാധീനമായ ദുഃഖവിഘാതനിഷ്പാദനം മുഖ്യമായതുകൊണ്ടു് മുഖ്യസിദ്ധി. വേദാധ്യയനം മുതലായവയും ദുഃഖവിഘാതകമാണ്. പക്ഷേ, അന്യേച്ഛാവിഷയമായതുകൊണ്ടു് അതിന്റെ പ്രയോജനം, ദുഃഖവിഘാതനിഷ്പാദനത്തിൽ അപ്രധാന (ഗൗണ)മായിരിക്കുന്നു. ആകയാൽ അതു് ഗൗണസിദ്ധി. ഇങ്ങനെ മുഖ്യസിദ്ധിയും ഗൗണസിദ്ധിയും. ബുദ്ധിധർമ്മനിരൂപണത്തിൽ സിദ്ധിയെപ്പററി സൂചിപ്പിച്ചിട്ടുള്ളതിവിടെ ഓർക്കണം.

കാരിക:—

ഊഹശ്ശബ്ദോഽധ്യയനം
ദുഃഖവിഘാതാസ്ത്രയഃ സുഹൃത്പ്രാപ്തിഃ
ദാനം ച സിദ്ധയോഽഷ്ടൌ
സിദ്ധേഃ പൂർവ്വോഽങ്കുശസ്ത്രിവിധഃ 51

അർത്ഥം:—മൂന്നു ദുഃഖവിഘാതങ്ങളും, ഊഹവും ശബ്ദവും അധ്യയനവും സുഹൃത്പ്രാപ്തിയും ദാനവും ഇങ്ങനെ സിദ്ധികൾ എട്ടുവിധം. അതിനുമുമ്പുള്ള മൂന്നും (വിപര്യയം അശക്തി തുഷ്ടി) സിദ്ധിക്കു തടസ്സങ്ങളാണ്.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ബുദ്ധിധർമ്മങ്ങളായ വിപര്യയവും അശക്തിയും തുഷ്ടിയും വിവരിച്ചുകഴിഞ്ഞു. ഇപ്പോൾ നാലാമത്തേതായ സിദ്ധിയെ പരാമർശിക്കുന്നു. ജ്ഞാനാത്മകമാണു സിദ്ധി. ദുഃഖനാശം സിദ്ധിയുടെ പ്രയോജനം. പ്രയോജനത്തിൻെറ അടിസ്ഥാനത്തിൽ സിദ്ധി രണ്ടുവിധം. മുഖ്യസിദ്ധിയെന്നും ഗൗണസിദ്ധിയെന്നും. ദുഃഖനാശമണ്ണി മുഖ്യസിദ്ധി. അതു സാധിച്ചുകൊടുക്കുന്നതു ഗൌണസിദ്ധി. മുഖ്യസിദ്ധി മൂന്നും ഗൌണസിദ്ധി അഞ്ചും. അങ്ങനെ ആകെ എട്ടുതരം സിദ്ധികൾ. പ്രയോജനരൂപമായ ദുഃഖനാശത്തിൽ ആദ്ധ്യാത്മികവും ആധിദൈവികവും ആധിഭൌതികവുമായ മൂന്നുവക ദുഃഖങ്ങളുടെ നാശം പ്രധാനമായിരിക്കുന്നു. അതിനാൽ ആ ദുഃഖനാശം മൂന്നും മുഖ്യസിദ്ധികൾ. മുഖ്യസിദ്ധികളെ സാധിക്കാനുള്ള ഉപായങ്ങളാണു് ഊഹവും, ശബ്ദവും, അദ്ധ്യയനവും, സുഹൃത്പ്രാപ്തിയും, ദാനവും. അവ അഞ്ചും ഗൌണസിദ്ധികൾ. എല്ലാംകൂടി എട്ടു സിദ്ധികൾ. സിദ്ധിക്കു മുൻപറഞ്ഞ ബുദ്ധിധർമ്മങ്ങളുണ്ടല്ലോ. വിപര്യയവും അശക്തിയും തുഷ്ടിയും. അതു മൂന്നും സിദ്ധിക്കു തടസ്സമാണു്. ആനയ്ക്കു തോട്ടിയെന്നപോലെ.

ഭാഷ്യം:—നശിക്കേണ്ടതായ ദുഃഖത്തിൻെറ ത്രിത്വംകൊണ്ടു്, അതിൻെറ നാശങ്ങളും മൂന്നാണു്. എന്നതിനാൽ ഇവ മൂന്നും മുഖ്യസിദ്ധികൾ. തദുപായങ്ങളായ മററുള്ളതഞ്ചും ഗൌണസിദ്ധികൾ. അവയും (രണ്ടുവക സിദ്ധികളും) ഹേതു, ഹേതുമത്തു്, ഹേതുഹേതുമത്തു്, ഇവയാൽ വ്യവസ്ഥിതങ്ങളാകുന്നു. അതിൽ ആദ്യത്തെ അദ്ധ്യയനലക്ഷണമായ സിദ്ധി ഹേതുമാത്രമാണു്. മുഖ്യസിദ്ധികളാണു് ഹേതുമത്തുകൾ. മധ്യമങ്ങൾ ഹേതുഹേതുമത്തുകൾ. വിധിപോലെ ഗുരുമുഖത്തുനിന്നുള്ള അദ്ധ്യാത്മവിദ്യകളുടെ അക്ഷരസ്വരൂപഗ്രഹണമാണു് അദ്ധ്യയനം. പ്രഥമസിദ്ധിയായ അതു "താര"മെന്നു പറയപ്പെടുന്നു.

വിവരണം:—ആദ്ധ്യാത്മികവും ആധിഭൌതികവും ആധിദൈവികവുമായ മൂന്നുവക ദുഃഖമാണു നശിക്കേണ്ടതു്. അപ്പോൾ അവയുടെ നാശവും മൂന്നുതന്നെ. അതു മൂന്നും മുഖ്യസിദ്ധികൾ. അദ്ധ്യയനം തുടങ്ങി മററുള്ളതഞ്ചും മുഖ്യസിദ്ധികൾ നേടാനുള്ള ഉപായങ്ങളാകകൊണ്ടു ഗൌണസിദ്ധികളാണു്. ഇപ്പറഞ്ഞ രണ്ടു

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

വക സിദ്ധികളെ മൂന്നായി വ്യവസ്ഥപ്പെടുത്തിയിരിക്കുന്നു. കാരണമാത്രമെന്നും കാര്യമാത്രമെന്നും കാര്യകാരണമാത്രമെന്നും. എട്ടു സിദ്ധികളുടെ കൂട്ടത്തിൽ അധ്യയനലക്ഷണമായ സിദ്ധി കാരണമാത്രസിദ്ധിയാണു്. ദുഃഖനാശലക്ഷണമായ മുഖ്യസിദ്ധികൾ മൂന്നും കാര്യമാത്രസിദ്ധികളും. ശേഷിച്ച ശബ്ദവും ഊഹവും സുഹൃത്പ്രാപ്തിയും ദാനവും കാര്യകാരണമാത്രമായ സിദ്ധികളാകുന്നു. വിധിപ്രകാരം ഗുരുമുഖത്തുനിന്നും അധ്യാത്മവിദ്യകളുടെ അനശ്വരമായ വർണ്ണസ്വരൂപം ഗ്രഹിക്കുന്നതാണു് അധ്യയനം. അതിനെ പൂർവാചാര്യന്മാർ "താര"മെന്നു പറയുന്നു. ആദ്യത്തെ സിദ്ധിയാണിതു്.

ഭാഷ്യം:—തത്കാര്യം "ശബ്ദ"മാണു്. ശബ്ദമെന്നുവച്ചാൽ പദം; കാര്യത്തിലെ കാരണോപചാരം നിമിത്തം ശബ്ദജനിതമായ അർത്ഥജ്ഞാനത്തെ ഇതു ലക്ഷ്യമാക്കുന്നു. രണ്ടാമത്തെ സിദ്ധിയായ "സുതാര"മെന്നാണതിനെ പറയുന്നതു്. ആയിതു് (അധ്യയനം) ശബ്ദാർത്ഥങ്ങൾകൊണ്ടു രണ്ടുവിധ ശ്രവണമുള്ളതാകുന്നു.

വിവരണം:—അധ്യയനം, കാരണമാത്രമായ ആദ്യത്തെ സിദ്ധിയെന്നു പറഞ്ഞല്ലോ. അതിന്റെ കാര്യം ശബ്ദമാണു്. ശബ്ദമെന്നാൽ പദം. അർത്ഥജ്ഞാനം പദജന്യമായതുകൊണ്ടു പദം കാരണവും അർത്ഥജ്ഞാനം കാര്യവും. കാര്യകാരണങ്ങൾക്കു നിത്യത്വമുള്ളതിനാൽ കാര്യമായ അർത്ഥജ്ഞാനത്തിൽ കാരണമായ പദത്വമാരോപിതമാണിവിടെ. അപ്പോൾ, പദവും അർത്ഥജ്ഞാനവും അധ്യയനകാര്യമെന്നു സിദ്ധമായി. അതിനെ "സുതാര"മെന്നു പറയും. ശബ്ദം (പദം) അർത്ഥജ്ഞാനം ഇങ്ങനെ രണ്ടുവിധം ശ്രവണമധ്യയനത്തിനുണ്ടു്. രണ്ടാമത്തെ സിദ്ധിയാണു ശബ്ദം.

ഭാഷ്യം:—"ഊഹ"മെന്നാൽ തർക്കം. ശാസ്ത്രവിരോധിയല്ലാത്ത ന്യായംകൊണ്ടുള്ള ശാസ്ത്രാർത്ഥപരീക്ഷണമാണു തർക്കം. പരീക്ഷണമാകട്ടെ, സംശയപൂർവ്വപക്ഷനിരാകരണംകൊണ്ടു് ഉത്തരപക്ഷവ്യവസ്ഥാപനമാണു്. അതിനെ ശാസ്ത്രജ്ഞന്മാർ മനനമെന്നു പറയുന്നു. മൂന്നാമത്തെ സിദ്ധിയായ ഇതു "താരതാര"മെന്നാണു പറയപ്പെടുന്നതു്.

20

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

വിവരണം:—മൂന്നാമത്തെ സിദ്ധി ഊഹമാണ്. ശാസ്ത്രജ്ഞന്മാർ അതിനെ "മനന"മെന്നു പറയുന്നു. ഊഹമെന്നാൽ തർക്കം. ശാസ്ത്രവിരോധിയല്ലാത്ത യുക്തികൊണ്ടു നടത്തുന്ന ശാസ്ത്രാർത്ഥപരീക്ഷണമാണത്. പരീക്ഷണസ്വഭാവമെങ്ങനെയെന്നോ? സംശയരൂപമായ പൂർവ്വപക്ഷം നിരാകരിച്ച് ഉത്തരപക്ഷം വ്യവസ്ഥാപിക്കുക.

ഭാഷ്യം:—സോത്പ്രേക്ഷിതമായ മനനം സുഹൃത്സമ്മതമല്ലാത്തതുകൊണ്ട് അമനനമെന്നുവച്ച് രണ്ടാമത്തെ മനനമായ സുഹൃത്പ്രാപ്തിയെ പറയുന്നു. ന്യായംകൊണ്ടു സ്വയം പരീക്ഷിതമാണെങ്കിലും കാര്യത്തെ നിശ്ചയിക്കുന്നില്ല, എപ്പോൾ ഗുരുശിഷ്യസബ്രഹ്മചാരികളോടുകൂടി സംവാദം ഭവിക്കുന്നില്ല, അപ്പോൾ, ഗുരുശിഷ്യസബ്രഹ്മചാരികളും സംവാദകന്മാരുമായ സുഹൃത്തു പ്രാപിക്കുന്നതു് "സുഹൃത്പ്രാപ്തി." നാലാമത്തെ സിദ്ധിയായ അതിനെ "രമ്യക"മെന്നു പറയുന്നു.

വിവരണം:—"സുഹൃത്പ്രാപ്തി" നാലാമത്തെ സിദ്ധിയാണ്. ശാസ്ത്രജ്ഞന്മർ അതിനു രമ്യകമെന്നു പേർ ചെയ്തിരിക്കുന്നു. ഒരുതരം മനനമാണ് സുഹൃത്പ്രാപ്തി. സ്വന്തനിലയിൽ തീരുമാനിച്ച അർത്ഥം സുഹൃത്സമ്മതിയില്ലായ്കകൊണ്ടു താത്ത്വികമായിരിക്കയില്ലെന്നുവച്ചു തത്സംബന്ധമായ രണ്ടാമതൊരു വിചാരണയ്ക്കുവേണ്ടി സുഹൃത്തുക്കളെ സമീപിക്കുന്നതാണ് സുഹൃത്പ്രാപ്തിയുടെ സ്വഭാവം. അതായതു്, സ്വന്തം യുക്തികൊണ്ടു് അർത്ഥപരീക്ഷണം നടത്തുക; എന്നിട്ട് അതിലൊരു തീരുമാനമെടുക്കാനൊക്കാതെയും വരിക. അപ്പോൾ അതിനുവേണ്ടി ഗുരുനാഥൻ, ശിഷ്യന്മാർ, കൂടെ പഠിച്ചവർ ഈ സുഹൃത്തുക്കളെ സമീപിക്കുന്നതാണ് സുഹൃത്പ്രാപ്തിയെന്ന സിദ്ധി.

ഭാഷ്യം:—'ദാന'മാകട്ടെ വിവേകജ്ഞാനത്തിന്റെ ശുദ്ധിയാണ്. ശോധനാർത്ഥമായ "ദൈപ്"ധാതുവിൽനിന്നാണ് ദാനപദത്തിന്റെ നിഷ്പത്തി. ഭഗവാൻ പതഞ്ജലി ഇങ്ങനെ പറയുന്നു: "വിവേകഖ്യാതിരവിപ്ലവാ ഹാനോപായഃ" എന്ന്. അവിപ്ലവമെന്നാൽ ശുദ്ധി. അതു വാസനയോടുകൂടിയ സംശയവിപര്യാസങ്ങളുടെ പരിഹാരംകൊണ്ടു വിവേകസാക്ഷാത്കാരത്തിന് സ്വച്ഛപ്രവാഹത്തിൽ അവസ്ഥാനമുണ്ടാക്കുന്നു. ആദരത്തോടുകൂടിയ നിരന്തരവും ദീർഘകാലസേവിതവുമായ അഭ്യാസത്തിന്റെ പരി

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പാകത്തിൽനിന്നല്ലാതെ അതു് ഉണ്ടാകുന്നില്ല. എന്നതുകൊണ്ടു് "ദാന"ത്താൽ അതു സംഗൃഹീതമായി. അഞ്ചാമത്തെ സിദ്ധിയായ ഇതു "സദാമുദിത"മെന്നു പറയപ്പെടുന്നു.

വിവരണം:—അഞ്ചാമത്തെ സിദ്ധി, ദാനം. "സദാമുദിത"മെന്നാണു് ശാസ്ത്രജ്ഞന്മാരതിനെ പറയുന്നതു്. വിതരണാത്മകമായ "ഡുദാഞ്," ശോധനാത്മകമായ "ദൈപ്" ഈ രണ്ടുവക ധാതുക്കളിൽനിന്നും ദാനശബ്ദം നിഷ്പന്നമാകാം. ഇവിടെ ശോധനാത്മകധാതുനിഷ്പന്നമായിട്ടു് ദാനശബ്ദം അംഗീകരിക്കപ്പെട്ടിരിക്കുന്ന ആ സ്ഥിതിയിൽ ദാനത്തിനു ശുദ്ധിയെന്നർത്ഥം. "വിവേകജ്ഞാനത്തിന്റെ ശുദ്ധി ദുഃഖത്രയപരിഹാരത്തിനുപായ"മാണെന്നു ഭഗവാൻ പതഞ്ജലി യോഗശാസ്ത്രത്തിൽ പറഞ്ഞിട്ടുണ്ടു്. അതേ ശുദ്ധിതന്നെ പ്രകൃതത്തിലും ലക്ഷ്യം. യോഗഭാഷ്യകാരനായ വ്യാസൻ "വിവേകഖ്യാതിരവിപ്ലവാ ഹാനോപായഃ" എന്ന സൂത്രം വ്യാഖ്യാനിക്കുമ്പോൾ ഈ പക്ഷം കൂടുതൽ വിശദമാകുന്നു*. സംശയത്തേയും അജ്ഞതയേയും അതിന്റെ ദുഷിച്ച സംസ്കാരത്തോടുകൂടി നശിപ്പിച്ചു വിവേകജ്ഞാനത്തിന്റെ സാക്ഷാത്കാരത്തിനു സ്വച്ഛതയും സ്വതന്ത്രപ്രവാഹവും വ്യവസ്ഥാപിതമാക്കുന്നതു ശുദ്ധി(ദാനം)യാണു്. എന്നാൽ ശ്രദ്ധയോടെ, ഇടവിടാതെ ഏറെക്കാലം പ്രകൃതിയും പുരുഷനും ഭിന്നമെന്നു ചിന്ത ശീലിക്കണം. ആ പരിശീലനത്തിന്റെ പരിപാകാവസ്ഥയിലേ മുൻപറഞ്ഞ ശുദ്ധിയുണ്ടാകൂ. അതു യോഗശാസ്ത്രപ്രസിദ്ധമായ 'നിദിധ്യാസന'ത്തിന്റെ പര്യായമാണു്. ദാനശബ്ദംകൊണ്ടു് സംഗ്രഹിച്ചിരിക്കുന്നതു് അതേ നിദിധ്യാസനത്തെയാകുന്നു.

കാരണമാത്രസിദ്ധികളായ അദ്ധ്യയനാദികളെ മററു രീതിയിലും വ്യാഖ്യാനിച്ചുകാണുന്നു. ആ വ്യാഖ്യാനത്തിന്റെ പോക്കു് ഊഹം, ശബ്ദം ഇത്യാദി കാരികാക്രമത്തെ അനുസരിച്ചാണു്.

ഊഹം: കഴിഞ്ഞ ജന്മത്തിലെ അഭ്യാസബലംകൊണ്ടു സ്വയമേ തത്വജ്ഞാനമുണ്ടാകുന്നതു ഊഹസിദ്ധി.

---

* 'വിവേകപ്രത്യയപ്രവാഹോനിർമ്മലെ ഭവതി സാ വിവേകഖ്യാതിരവിപ്ലവാ.' (യോഗഭാഷ്യം.)

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ശബ്ദം: മററൊരുവൻെറ സാംഖ്യശാസ്ത്രപഠനം കേട്ട തത്ത്വജ്ഞാനമുണ്ടാകുന്നതു് ശബ്ദസിദ്ധി.

അധ്യയനം: ഗുരുശിഷ്യസംവാദംകൊണ്ടും സാംഖ്യശാസ്ത്രാദ്ധ്യയനംകൊണ്ടും തത്ത്വജ്ഞാനമുദിക്കുന്നതു് അധ്യയനസിദ്ധി.

സുഹൃത്പ്രാപ്തി: തത്ത്വജ്ഞാനിയായ സുഹൃത്തിൻെറ സമീപനത്തിൽനിന്നു തത്ത്വജ്ഞാനമുണ്ടാകുന്നതു സുഹൃത്പ്രാപ്തിസിദ്ധി.

ദാനം: ധനദാനംകൊണ്ടു സന്തുഷ്ടനായ ഗുരു തത്ത്വജ്ഞാനത്തെ ഉപദേശിച്ചുകൊടുക്കുന്നു. അങ്ങനെയുണ്ടാകുന്ന തത്ത്വജ്ഞാനം ദാനസിദ്ധി. ദാനകാരണമായതുകൊണ്ടു് ആ സിദ്ധിക്കു ദാനമെന്നു പേരുണ്ടായി.

ഭാഷ്യം:—സിദ്ധിതുഷ്ടിവിപര്യയംകൊണ്ടു് അശക്തിയായ ബുദ്ധിവധം (ദോഷം) പതിനേഴുവിധമെന്നറിയണം. അതിൽ പ്രത്യയസർഗ്ഗത്തിലെ സിദ്ധി, സ്വീകാര്യമെന്നു പ്രസിദ്ധംതന്നെ. തന്നിവാരണഹേതുവസ്തുവായ വിപര്യയാശക്തിതുഷ്ടികൾ ഹേയങ്ങളെന്നു പറയുന്നു. "പൂർവ്വ"മെന്നതു വിപര്യയാശക്തിതുഷ്ടികളെ പരാമർശിക്കുന്നതാണു്. അവ, സിദ്ധികളാകുന്ന ആനകൾക്കു് അങ്കുശമാകുന്നു; നിവാരണംചെയ്യുന്നതുകൊണ്ടു്. അതിനാൽ, സിദ്ധിപരിപന്ഥിത്വംനിമിത്തം അങ്കുശമെന്നപോലിരിക്കുന്ന വിപര്യയാശക്തിതുഷ്ടികൾ ഹേയങ്ങളാകുന്നു.

വിവരണം:—സിദ്ധികളെട്ടും തുഷ്ടികളൊൻപതും; രണ്ടുംകൂടി പതിനേഴു ബുദ്ധിധർമ്മങ്ങൾ. അവ ബുദ്ധിദോഷാശ്രയികളായതുകൊണ്ടു് വിരുദ്ധാവൃത്തികളാകുന്നു. ആ സ്ഥിതിയിൽ അസിദ്ധികളായും അതുഷ്ടികളായും തീരുകയാണു്. ബുദ്ധിസൃഷ്ടികളായ ധർമ്മങ്ങളിൽ സിദ്ധികൾ മുമുക്ഷുക്കൾക്കു സ്വീകാര്യമാകുന്നു. ശേഷിച്ച വിപര്യയവും അശക്തിയും തുഷ്ടിയുമുണ്ടല്ലോ, അതു മൂന്നും ഉപേക്ഷിക്കേണ്ടതാണു്. ആനയ്ക്കു തോട്ടിയെന്നപോലെ സിദ്ധികൾക്കു തടസ്സമുണ്ടാക്കുന്നതാണു് കാരണം. സിദ്ധി

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

കളെന്നാൽ മുഖ്യസിദ്ധികൾ മാത്രമല്ല, തദുപായങ്ങളായ ഗൌണസിദ്ധികളും സ്വീകരിക്കേണ്ടതാണ്.

വിപര്യയം, അശക്തി, തുഷ്ടി, സിദ്ധി ഇങ്ങനെ നാലുതരം ബുദ്ധിധർമ്മങ്ങളെപ്പറഞ്ഞു. എന്നിട്ട് അവയുടെ അൻപതു വകഭേദങ്ങളെ നിർദ്ദേശിച്ചു. പിന്നെ ഓരോന്നിന്റേയും പ്രകാരഭേദങ്ങൾ എടുത്തുകാണിച്ചശേഷം ആദ്യം പറഞ്ഞ വിപര്യയാദികളിൽ മുമ്പത്തെ മൂന്നും (വിപര്യയം, അശക്തി, തുഷ്ടി) നാലാമത്തെ സിദ്ധിയുടെ വിരോധികളെന്നു നിഷ്കർഷിക്കുകയുംചെയ്തു.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ലിംഗഭാവസൃഷ്ടികളുടെ ഫലനിരൂപണം

ഭാഷ്യം:—സൃഷ്ടി പുരുഷാർത്ഥപ്രയുക്തമാണ്. പുരുഷാർത്ഥമാകട്ടെ പ്രത്യയസർഗ്ഗത്തിൽനിന്നോ തന്മാത്രസർഗ്ഗത്തിൽനിന്നോ സംഭവിക്കുന്നതെന്ന സംശയത്തിന്, രണ്ടുകൊണ്ടും സംഭവിക്കുന്നതായി പറയുന്നു.

വിവരണം:—പുരുഷനുവേണ്ടിയാണ് സൃഷ്ടി. ഭോഗവും അപവർഗ്ഗവും പുരുഷാർത്ഥമാണ്. ആ പുരുഷാർത്ഥം ഏതിൽനിന്നുണ്ടാകുന്നു? ബുദ്ധിസൃഷ്ടിയിൽനിന്നോ അതോ തന്മാത്രസിദ്ധിയിൽനിന്നോ? രണ്ടുവക സൃഷ്ടിയിൽനിന്നുമാണ് പുരുഷാർത്ഥമുണ്ടാകുന്നത്. ഒന്നിൽനിന്നു മാത്രമല്ല അതിനെ പറയുന്നു.

കാരിക:—

ന വിനാഭാവൈർലിംഗം
ന വിനാ ലിംഗേന ഭാവനിർവൃത്തിഃ
ലിംഗാഖ്യോ ഭാവാഖ്യഃ
തസ്മാദ്ദ്വിധാ പ്രവർത്തതേ സർഗ്ഗഃ 52

അർത്ഥം:— ഭാവങ്ങൾകൂടാതെ ലിംഗവും, ലിംഗത്തെക്കൂടാതെ ഭാവനിഷ്പത്തിയും സംഭവിക്കുന്നില്ല. അതിനാൽ ലിംഗനാമമായും ഭാവനാമമായും സൃഷ്ടി രണ്ടുവിധം പ്രവർത്തിക്കുന്നു.

ബുദ്ധിതത്ത്വത്തിൽനിന്നു രണ്ടുതരം സൃഷ്ടിയുണ്ടാകുന്നു. ഭാവസൃഷ്ടിയെന്നും ലിംഗസൃഷ്ടിയെന്നും. ഭാവം, ബുദ്ധിനിഷ്ഠമായ ധർമ്മാദികൾ (സൂക്ഷ്മശരീരനിരൂപണത്തിൽ പറഞ്ഞിട്ടുള്ള എട്ടുതരം ധർമ്മാദികൾ). ലിംഗം, സൂക്ഷ്മശരീരം. ഇതിന്റെ പ്രപഞ്ചനമാണ് സ്ഥാവരജംഗമരൂപമായ സകല സൃഷ്ടികളും.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഇവിടെ ഒരു ചോദ്യമുണ്ടാകാം. ബുദ്ധിക്ക്, ഈ രണ്ടുവക സൃഷ്ടികളിൽ ഏതെങ്കിലുമൊന്നു പോരെ? രണ്ടുംകൂടിയെന്തിന്? അതേ ചോദ്യത്തിൻെറ ഉത്തരമാണ് കാരികയിലെ ആദ്യത്തെ രണ്ടു വരികൾ. അതായത്, ഭാവങ്ങളെക്കൂടാതെ ലിംഗസൃഷ്ടി നടക്കില്ല; ലിംഗംകൂടാതെ ഭാവസൃഷ്ടിയുമുണ്ടാവില്ല. അതിനാൽ ബുദ്ധിതത്ത്വത്തിൻേറതായി ഭാവസൃഷ്ടിയെന്നും ലിംഗസൃഷ്ടിയെന്നും പേരുള്ള രണ്ടുതരം സൃഷ്ടികൾ പ്രവർത്തിക്കുന്നു.

ഭാഷ്യം:– ലിംഗമെന്നതു തന്മാത്രസൃഷ്ടിയെ ഉപലക്ഷിക്കുന്നു. ഭാവങ്ങൾ എന്നതുകൊണ്ടു് പ്രത്യയസൃഷ്ടിയേയും. പറഞ്ഞതിതാണ്; തന്മാത്രസൃഷ്ടിയുടെ പുരുഷാർത്ഥസാധനത്വവും സ്വരൂപവും (ഉത്പത്തിയും) പ്രത്യയസൃഷ്ടി കൂടാതെ ഭവിക്കുന്നില്ല. അപ്രകാരം പ്രത്യയസൃഷ്ടിയുടെ സ്വരൂപവും പുരുഷാർത്ഥസാധനത്വവും തന്മാത്രസൃഷ്ടി കൂടാതെയും സംഭവിക്കുന്നില്ല. ഇങ്ങനെ രണ്ടു വിധത്തിലാണു സൃഷ്ടിയുടെ പ്രവൃത്തി. ഭോഗം (പുരുഷാർത്ഥം) ഭോഗ്യങ്ങളെ (ശബ്ദാദികളെ)യും ഭോഗായതനത്തേയും (സ്ഥൂലശരീരം; —രണ്ടുവക ശരീരങ്ങളേയും—കൂടാതെ സംഭവിക്കുന്നില്ല എന്നതുകൊണ്ടു് തന്മാത്രസൃഷ്ടി ഉപപന്നമാണ്. അപ്രകാരം ആ ഭോഗംതന്നെ ഭോഗസാധനങ്ങളായ ഇന്ദ്രിയാന്തഃകരണങ്ങളെക്കൂടാതെ സംഭവിക്കുന്നില്ല. അവയാകട്ടെ ധർമ്മാദിഭാവങ്ങളോടുകൂടാതെയും സംഭവിക്കുന്നില്ല അപവർഗ്ഗകാരണമായ വിവേകജ്ഞാനം രണ്ടു സൃഷ്ടികൂടാതെ സംഭവിക്കാത്തതിനാൽ രണ്ടുവിധമായ സൃഷ്ടിയും ഉപപന്നമാണ്.

വിവരണം:—ലിംഗം, സൂക്ഷ്മശരീരമാണ്. തന്മാത്രസംഘടിതമായതുകൊണ്ട് സൂക്ഷ്മശരീരത്തെ തന്മാത്രസൃഷ്ടിയെന്നു വിശേഷിപ്പിച്ചു. ബുദ്ധിനിഷ്ഠമായ ധർമ്മാദികളാണു ഭാവങ്ങൾ. സൂക്ഷ്മശരീരത്തെ ഭാവങ്ങൾ അധിവസിക്കുന്നു. "ഭാവൈരധിവാസിതം ലിംഗ"മെന്നുള്ളതിനെ നാല്പതാം കാരികയിൽ വ്യക്തമാക്കിയിട്ടുണ്ട്. സൂക്ഷ്മശരീരവും ധർമ്മാദിഭാവങ്ങളും ബുദ്ധിയുടെ രണ്ടുതരം സൃഷ്ടികളാണ്. വ്യവഹാരസൗകര്യത്തിനു സൂക്ഷ്മശരീരത്തെ (ലിംഗം) തന്മാത്രസൃഷ്ടിയെന്നും ഭാവങ്ങളെ പ്രത്യയ (ബുദ്ധി) സൃഷ്ടിയെന്നും സംജ്ഞചെയ്തിരിക്കുന്നു. ഈ രണ്ടുവക സൃഷ്ടിയും പുരുഷൻെറ ഭോഗത്തിനും അപവർഗ്ഗ (മുക്തി) ത്തിനുംവേണ്ടിയാണ്. ഭോഗമെന്നാൽ സുഖസാധനമായ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ശബ്ദാദിവിഷയങ്ങളുടെ അനുഭവം. അതിന്റെ അടിസ്ഥാനമാണ് സൂക്ഷ്മശരീരവും സ്ഥൂലശരീരവും. അങ്ങനെ സ്ഥൂലസൂക്ഷ്മശരീരങ്ങൾ രണ്ടും ഭോഗായതനമായി. ഭോഗപുരുഷാർത്ഥം സാധിക്കാൻ, ശബ്ദാദിഭോഗ്യങ്ങൾ, വിഷയങ്ങൾ, വേണം. ഇന്ദ്രിയങ്ങളും തൽകാരണമായ അന്തഃകരണങ്ങളും കൂടാതെ വിഷയാനുഭവം അഥവാ ഭോഗം സാദ്ധ്യമല്ല. എന്നിരിക്കുമ്പോൾ ഇന്ദ്രിയാന്തഃകരണങ്ങളുടെ സംഘാതരൂപമായ സൂക്ഷ്മശരീരത്തിന്റെ ഭോഗായതനത്വം യുക്തം. സൂക്ഷ്മശരീരത്തിന് സ്വയംപ്രവർത്തനാശേഷിയില്ല. സ്ഥൂലശരീരത്തെ ആശ്രയിച്ചാണത് പ്രവർത്തിക്കുന്നത്. അപ്പോൾ സ്ഥൂലശരീരത്തിന്റെയും ഭോഗായതനത്വം സംഗതമായി. തന്മാത്രസൃഷ്ടിയാണീ ശരീരം രണ്ടും. പ്രത്യയസൃഷ്ടിയായ ഭാവങ്ങളെ നിമിത്തമാക്കി സ്ഥൂലസൂക്ഷ്മശരീരങ്ങളുണ്ടാകുന്നു. ധർമ്മാദികളാണ് ഭാവങ്ങൾ. ബുദ്ധിനിഷ്ഠമായ അവയുടെ—ധർമ്മാദികളുടെ—പ്രചോദനമനുസരിച്ച് സൂക്ഷ്മശരീരം പുതിയ പുതിയ സ്ഥൂലശരീരമെടുക്കുന്നതായി മുമ്പ് പറഞ്ഞിട്ടുള്ളതിവിടെ ഓർക്കണം. ഇപ്രകാരം തന്മാത്രസൃഷ്ടിയായ ലിംഗംകൂടാതെ പ്രത്യയസൃഷ്ടികളായ ഭാവങ്ങളും. ഭാവങ്ങൾ കൂടാതെ ലിംഗവുമുണ്ടാകുന്നതല്ല ബീജാങ്കുരമെന്നപോലെ അവ അന്യോന്യാശ്രയത്തിലിരിക്കുന്നു. ഭോഗരൂപമായ പുരുഷാർത്ഥം സാധിക്കാൻ മൂന്നു വസ്തുക്കൾ ആവശ്യമാണ്. ഭോഗ്യവും, ഭോഗാധികരണവും, ഭോഗസാധനവും. ഒരു പ്രഭുവിന്റെ ഭോഗം (സുഖാനുഭവം) ഉദാഹരണത്തിനെടുക്കാം. സ്ത്രീ മുതലായതു ഭോഗ്യം. ശയ്യാദികൾ, ഭോഗാധികരണം. കുടി, സുഗന്ധലേപനം തുടങ്ങിയവ ഭോഗസാധനങ്ങൾ. അതുപോലെ പ്രകൃതത്തിൽ ശബ്ദാദികൾ ഭോഗ്യം. ശരീരം, ഭോഗാധികരണം. ബാഹ്യവും ആഭ്യന്തരവുമായ ഇന്ദ്രിയങ്ങൾ ഭോഗസാധനങ്ങൾ. ഭോഗത്തിന്റെയും ഭോഗാധികരണത്തിന്റെയും സമ്പാദനത്തിനുവേണ്ടി തന്മാത്രസൃഷ്ടിയും, ഭോഗസാധനങ്ങളുടെ സമ്പാദനത്തിനുവേണ്ടി പ്രത്യയസൃഷ്ടിയും ആവശ്യമാണ്. രണ്ടിലേതെങ്കിലുമൊന്നു മാത്രമായാലോ? അപവർഗ്ഗകാരണമായ വിവേകജ്ഞാനമുണ്ടാവുകയില്ല. ആകയാൽ പുരുഷാർത്ഥമായ ഭോഗവും അപവർഗ്ഗവും സാധിക്കാൻ രണ്ടുവക സൃഷ്ടിയും വേണംതന്നെ.

ഭാഷ്യം:—അനാദിത്വംനിമിത്തം ബീജാങ്കുരമെന്നപോലെ അന്യോന്യാശ്രയദോഷം ഭവിക്കുന്നില്ല. കല്പാദിയിലും പ്രാചീന

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

കല്പോല്പന്നമായ ഭാവലിംഗസംസ്കാരവശാൽ ഭാവലിംഗങ്ങളുടെ ഉത്പത്തി അനുപപന്നമാകുന്നില്ല. ഇങ്ങനെ എല്ലാം നിർദ്ദോഷമായി.

വിവരണം:—ധർമ്മാദിഭാവങ്ങൾ (പ്രത്യയസൃഷ്ടി) ശരീരത്തേയും, ശരീരം (തന്മാത്രസൃഷ്ടി) ധർമ്മാദികളേയും ആശ്രയിച്ചിരിക്കുന്നതു ശരിതന്നെ. എന്നാൽ പരസ്പരാശ്രയംകൊണ്ടു് അവ രണ്ടും സംഭവിക്കുന്നതെങ്ങനെ? ഈ രണ്ടുവക സൃഷ്ടിയും അനാദിയാണു്. ധർമ്മാദി, ശരീരപൂർവ്വകമായും, ശരീരം ധർമ്മാദിപൂർവകമായും ഇരിക്കുന്നു. വിത്തും മുളയുമെന്നപോലെ. വിത്തിൽനിന്നു് അങ്കുരരൂപമായ ചെടിയും ചെടിയിൽനിന്നു ബീജരൂപമായി വിത്തും സംഭവിക്കാറുണ്ടല്ലോ. അവിടെ വിത്തിനോ ചെടിയ്ക്കോ ആദിമത്വമെന്നു തീർച്ചപ്പെടുത്തുക സാധ്യമല്ല. വിത്തും മുളയും അന്യോന്യാശ്രയത്തിലിരിക്കയും ചെയ്യുന്നു. അപ്രകാരം പ്രകൃതത്തിന്റെ സൃഷ്ടിവിഷയകമായ അന്യോന്യാശ്രയം ദോഷമല്ല. സൃഷ്ടിപ്രവാഹത്തിന്റെ അനാദിത്വമാണു കാരണം.

ബുദ്ധി (പ്രത്യയ) സൃഷ്ടി വിഭജിച്ചു പ്രതിപാദിച്ചുകഴിഞ്ഞു. തന്മാത്ര(ഭൂതാദി) സൃഷ്ടി വിവരിക്കാൻപോവുകയാണിനി.

കാരിക:—

അഷ്ടവികല്പോ ദൈവ-
സ്തൈര്യഗ്യോനശ്ച പഞ്ചധാ ഭവതി
മാനുഷകശ്ചൈകവിധഃ
സമാസതോ ഭൗതികഃ സർഗ്ഗഃ 53

അർത്ഥം:—ദൈവമായ സൃഷ്ടി എട്ടുവിധം. തിര്യഗ്യോനിയിലുള്ളതു് അഞ്ചുവിധം. മാനുഷികസൃഷ്ടി ഒരുവിധം. ഇങ്ങനെ ചുരുക്കത്തിൽ പതിനാലുവിധം ഭൗതികസൃഷ്ടി.

തന്മാത്രസൃഷ്ടിതന്നെ ഭൗതികസൃഷ്ടി. ദേവയോനി, മനുഷ്യയോനി, തിര്യഗ്യോനി, ഇങ്ങനെ മൂന്നുതരം യോനികളിൽനിന്നാണു ഭൗതികസൃഷ്ടിയുണ്ടാകുന്നതു്. ദേവയോനിയിൽനിന്നു് എട്ടുതരവും മനുഷ്യയോനിയിൽനിന്നു് ഒരുതരവും തിര്യഗ്യോനിയിൽനിന്നു് അഞ്ചുതരവും ഭൗതികസൃഷ്ടികളുണ്ടാകുന്നു ആകെ ഭൗതികസൃഷ്ടി പതിനാലുതരമെന്നു ചുരുക്കം.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഭാഷ്യം:—ബ്രാഹ്മൻ, പ്രാജാപത്യൻ, ഐന്ദ്രൻ, പൈത്ര്യൻ, ഗാന്ധർവ്വൻ, യാക്ഷൻ, രാക്ഷസൻ, പൈശാചൻ എന്നിങ്ങനെ എട്ടുവിധം ദൈവമായ സൃഷ്ടി. പശു, മൃഗം, പക്ഷി, പാമ്പ്, സ്ഥാവരം ഇങ്ങനെ തിര്യഗ്യോനിജം അഞ്ചുവിധം. നാലു വർണ്ണങ്ങളിലും ആകൃതിയുടെ ഭേദമില്ലായ്മകൊണ്ട് ബ്രാഹ്മണത്വാദി ജാതിഭേദവിവക്ഷകൂടാതെ മാനുഷികമായതു് ഒരുവിധം. ചുരുക്കത്തിൽ ഇത്രയും ഭൌതികമായ സൃഷ്ടി. ശരീരത്വമില്ലെങ്കിലും ഘടാദികളും സ്ഥാവരങ്ങൾതന്നെ.

വിവരണം:—ബ്രഹ്മാവു്, പ്രജാപതി, ഇന്ദ്രൻ, പിതൃക്കൾ, ഗന്ധർവൻ, യക്ഷൻ, രാക്ഷസൻ, പിശാചൻ ഈ എട്ടു സൃഷ്ടി ദേവയോനിജമാണു്. മനുഷ്യയോനിജമായ സൃഷ്ടി ഒന്നുമാത്രം. ബ്രാഹ്മണാദി നാലു ജാതിവിഭാഗമുണ്ടെങ്കിലും മനുഷ്യരെല്ലാമൊരേ ആകൃതിയിലിരിക്കുന്നതുകൊണ്ടു് ജാതിഭേദം ഇവിടെ വിവക്ഷിതമല്ല. പശു, മൃഗം, പക്ഷി, പാമ്പ്, സ്ഥാവരവസ്തു—ഇങ്ങനെ തിര്യഗോനിജമായ സൃഷ്ടി അഞ്ചുവിധം. മൃഗങ്ങൾ രണ്ടിനമുണ്ടല്ലോ; നാട്ടുമൃഗങ്ങളും കാട്ടുമൃഗങ്ങളും. ആ രണ്ടിനത്തേയും കുറിക്കുന്നതാണു പ്രകൃതത്തിലെ പശുവും മൃഗവും അതായതു്, പശുക്കൾ നാട്ടുമൃഗങ്ങൾ. കാള, പശു, പോത്തു മുതലായവ. കടുവാ, കരടി, എട്ടടിമാടൻ തുടങ്ങിയ കാട്ടുജീവികൾ കാട്ടുമൃഗങ്ങളും. മല, മരം മുതലായവ സ്ഥാവരങ്ങൾ. ജീവവത്തായ ശരീരമില്ലെങ്കിലും കുടം മുതലായ പദാർത്ഥങ്ങളേയും സ്ഥാവര പക്ഷത്തിൽ പരിഗണിക്കാം. "ശീര്യത്വേ ഇതി"—നശിക്കുന്നതെന്നാണു് ശരീരശബ്ദത്തിൻെറ അർത്ഥം. കുടം മുതലായവയ്ക്കും നാശസ്വഭാവമുള്ളതുകൊണ്ടു് അവയെ ശരീരവത്തുകളായി പരിഗണിക്കാവുന്നതും ആ സ്ഥിതിയിൽ സ്ഥാവരവിഭാഗത്തിലുൾപ്പെടുത്താവുന്നതുമാണു്. ഭൌതികസൃഷ്ടി ഇങ്ങനെ പതിനാലായി സംഗ്രഹിക്കാം.

ഈ ഭൌതികസൃഷ്ടിയ്ക്കു ചൈതന്യവിഷയകമായ ഉത്കർഷാപകർഷങ്ങളുടെ താരതമ്യംകൊണ്ടു് ഊർദ്ധ്വഭാവം, അധോഭാവം, മധ്യഭാവമെന്നു മൂന്നവസ്ഥയുണ്ടത്രേ. അതിനെ പറയുന്നു.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

കാരിക:—

ഊൎദ്ധ്വം സത്ത്വവിശാലാ-
സ്തമോ വിശാലശ്ച മൂലതഃ സൎഗ്ഗഃ
മദ്ധ്യേ രജോവിശാലോ
ബ്രഹ്മാദിസ്തംബപര്യന്തഃ 54

അൎത്ഥം:—ഊൎദ്ധ്വസൃഷ്ടി, ദേവസൃഷ്ടി, സത്ത്വഗുണപ്രധാനമാണ്. തിര്യഗ്യോനിയിലെ സൃഷ്ടി (അധഃസൃഷ്ടി) തമോഗുണപ്രധാനവും. മദ്ധ്യമമായ മനുഷ്യസൃഷ്ടി രജോഗുണപ്രധാനമാണ്.

ചൈതന്യത്തിന്റെ ഉത്കൎഷാപകൎഷങ്ങൾ സത്ത്വാദിഗുണങ്ങളെ ആശ്രയിച്ചിരിക്കുന്നു. അതിന്റെ അടിസ്ഥാനത്തിൽ സൃഷ്ടികളെ മൊത്തം മൂന്നായി തരംതിരിക്കയാണ്. ഊൎദ്ധ്വസൃഷ്ടിയെന്നും അധഃസൃഷ്ടിയെന്നും മദ്ധ്യസൃഷ്ടിയെന്നും. ബ്രഹ്മാദികൾ സത്ത്വഗുണപ്രാധാന്യംനിമിത്തം ചൈതന്യോത്കൎഷംകൊണ്ടു് ഊൎദ്ധ്വസൃഷ്ടിയിൽപ്പെടുന്നു. തമോഗുണപ്രധാനങ്ങളാണു പശു, പക്ഷി മുതലായ തിര്യക്കുകൾ. അവയ്ക്കു ചൈതന്യത്തിൽ അപകൎഷമേയുള്ളു. തന്മൂലം അധഃസൃഷ്ടിയാണു തിര്യക്കുകളെല്ലാം. മനുഷ്യന് ചൈതന്യവിഷയത്തിൽ മദ്ധ്യനിലയാണ്. രജോഗുണം പ്രധാനമായുമിരിക്കുന്നു. അതിനാൽ മനുഷ്യൻ മദ്ധ്യസൃഷ്ടി.

ഭാഷ്യം:—സ്വൎഗ്ഗം തുടങ്ങി സത്യംവരെയുള്ള ലോകം സത്ത്വബഹുലമാണ്; പശു മുതൽ സ്ഥാവരപര്യന്തമുള്ള ആയിതു മോഹരൂപമായതിനാൽ തമോബഹുലമാകുന്നു. സപ്തദ്വീപസമുദ്രസന്നിവേശമായ ഭൂലോകം രജോബഹുലമായ മദ്ധ്യത്തിൽ ഭവിക്കുന്നു; ധൎമ്മാധൎമ്മാനുഷ്ഠാനപരത്വവും ദുഃഖബാഹുല്യത്വവും ഹേതുവായിട്ട് ഈ ലോകസ്ഥിതിയെ സംക്ഷേപിക്കുന്നു; ബ്രഹ്മാദിസ്തംബപര്യന്തമെന്നു്. സ്തംബഗ്രഹണംകൊണ്ടു് ഉപലക്ഷണമായി വൃക്ഷാദികളും സംഗ്രഹിക്കപ്പെട്ടിരിക്കുന്നു.

വിവരണം:—സ്വൎഗ്ഗംമുതൽ സത്യലോകംവരെയുള്ള ലോകങ്ങളെല്ലാം സത്ത്വഗുണപ്രധാനങ്ങളാണ്. അവിടെ അധിവസിക്കുന്ന ബ്രഹ്മാദികളും സത്ത്വഗുണപ്രധാനന്മാരാണ്. ആകയാൽ

CC-0. In Public Domain. Gurukul Kangri Collection, Haridwar

ബ്രഹ്മാദിദേവയോനികൾ ഊർദ്ധ്വസൃഷ്ടികൾ. തമോഗുണപ്രധാ
നങ്ങളാണ് പക്ഷിമൃഗാദികൾ തുടങ്ങി വൃക്ഷലതാദികളടക്കം.
എല്ലാം തമോബാഹുല്യംനിമിത്തം ജഡപ്രകൃതികളായിരിക്കുന്നു.
അതിനാൽ തിര്യഗ്യോനികളായ പക്ഷിമൃഗാദികളും വൃക്ഷലതാദി
കളുമൊക്കെ അധഃസൃഷ്ടികൾ; അഥവാ നീച സൃഷ്ടികൾ. ഏഴു
ദ്വീപുകളും ഏഴു സമുദ്രങ്ങളുമുൾപ്പെട്ട ഭൂലോകം രജോഗുണപ്രധാ
നമാണ്. ഭൂലോകവാസികളായ മനുഷ്യരും രജോഗുണപ്രധാന
ന്മാർതന്നെ. ധർമ്മാധർമ്മങ്ങളുടെ അനുഷ്ഠാനതത്പരതയും ദുഃഖ
ബഹുലതയും അവരുടെ രജോഗുണപ്രാധാന്യത്തിനു തെളിവാ
യിരിക്കുന്നു. സത്വതമസ്സുകളുടെ മധ്യത്തിലാണല്ലോ രജോഗുണം.
അതേ ഗുണം പ്രധാനമായ മനുഷ്യയോനികൾ മധ്യസൃഷ്ടികൾ.
"ബ്രഹ്മാദിസ്തംബപര്യന്ത"മെന്നു പറഞ്ഞതു സൃഷ്ടിലോകത്തെ
മുഴുവൻ കാണിക്കാൻവേണ്ടിയാണ്.

ഗുണങ്ങളുടെ ഉത്കർഷാപകർഷങ്ങളെ പരിഗണിച്ചാണ്
മേൽപ്പറഞ്ഞവിധം സൃഷ്ടികളെ മൂന്നായി തരംതിരിച്ചിരിക്കു
ന്നതു്. മറിച്ചു് വാസസ്ഥാനമായ ലോകത്തെ പരിഗണിച്ചല്ല.
തിര്യഗ്യോനികളായ നീചസൃഷ്ടികൾക്കും മനുഷ്യയോനികളായ
മധ്യസൃഷ്ടികൾക്കും ഭൂമിതന്നെ വാസസ്ഥാനം. അവയുടെ വ്യ
ത്യാസം, ഗുണഭേദത്തെ ആശ്രയിച്ചിരിക്കുന്നു. തമോഗുണം, രജോ
ഗുണത്തിനു താഴെയാണ്. തന്മൂലം, രജോഗുണപ്രധാനരായ മനു
ഷ്യരേക്കാൾ തമോഗുണപ്രധാനരായ പക്ഷിമൃഗാദികൾ നീചസൃ
ഷ്ടികളായി. ഈ ക്രമം, മനുഷ്യരിലും ബ്രഹ്മാദികളിലുമുൾപ്പെ
ടുത്തി മനസ്സിലാക്കിക്കൊള്ളണം. സത്വഗുണപ്രധാനരായ
ബ്രഹ്മാദികൾ ഉത്തമ(ഊർദ്ധ്വ)സൃഷ്ടികൾ. തമോഗുണപ്രധാ
നങ്ങളായ പക്ഷിമൃഗാദികൾതൊട്ടു വൃക്ഷതൃണാദികൾവരെയുള്ള
ജഡപ്രകൃതികളെല്ലാം നീചസൃഷ്ടികൾ. രണ്ടിനുമിടയ്ക്കുള്ള
രജോഗുണപ്രധാനരായ മനുഷ്യർ മധ്യസൃഷ്ടികൾ. ഇങ്ങനെ
ഗുണങ്ങളുടെ താരതമ്യമനുസരിച്ചു സൃഷ്ടികളുടെ മൂന്നുവക
വ്യത്യാസം.

ഇപ്രകാരം സൃഷ്ടിപരമായ നിലഭേദം കാണിച്ചതിനു
ശേഷം സൃഷ്ടിയുടെ മോക്ഷസാധനമായ വൈരാഗ്യത്തിനുപയോ
ഗപ്പെടുന്ന ദുഃഖരൂപത്തെക്കുറിച്ചു പറയുന്നു.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

കാരിക:—

തത്ര ജരാമരണകൃതം
ദുഃഖം പ്രാപ്നോതി ചേതനഃ പുരുഷഃ
ലിംഗസ്യാവിനിവൃത്തേ-
സ്തസ്മാദ്ദുഃഖം സ്വഭാവേന. 55

അർത്ഥം:—ശരീരത്തിൽ, ചൈതന്യവാനായ പുരുഷൻ, ജരാമരണകൃതമായ ദുഃഖത്തെ സൂക്ഷ്മശരീരത്തിന്റെ നിവൃത്തിവരെ പ്രാപിക്കുന്നു. അതുകൊണ്ടു സംസാരത്തിൽ ദുഃഖം സ്വാഭാവികമാണ്.

ജീവരൂപനായ പുരുഷൻ ശരീരത്തിലിരുന്നുകൊണ്ടു വാർദ്ധക്യവും മരണവുമുണ്ടാക്കുന്ന ദുഃഖത്തെ അനുഭവിക്കുന്നു. സൂക്ഷ്മശരീരം വിട്ടുപോകുന്നതുവരെ ആ പ്രക്രിയ അവിരാമം തുടർന്നുകൊണ്ടേയിരിക്കും. സ്ഥൂലശരീരഗ്രഹണം സൂക്ഷ്മശരീരത്തിന്റെ സ്വഭാവമാണ്. ജരാമരണങ്ങൾ സ്ഥൂലശരീരത്തെയാണു ബാധിക്കുക. സൂക്ഷ്മശരീരമുള്ള കാലത്തോളം സ്ഥൂലശരീരഗ്രഹണവും തന്മൂലം ജരാമരണജന്യമായ ദുഃഖവും ഉണ്ടാകുന്നു. സൂക്ഷ്മശരീരത്തിന്റെ സ്ഥൂലശരീരഗ്രഹണമാണു സംസാരം. താദൃശമായ സംസാരത്തിൽ ജനനമരണാദിരൂപമായ ദുഃഖം സ്വാഭാവികമായിരിക്കുമെന്ന് ഇവിടെ വ്യക്തം.

ഭാഷ്യം:—തത്ര എന്നതിനു ശരീരം മുതലായവയിലെന്നർത്ഥം. ജീവിവിശേഷങ്ങൾ വിവിധങ്ങളും ഐശ്വര്യസുഖാനുഭവശാലികളുമാണെങ്കിലും എല്ലാക്കും ജരാമരണകൃതമായ ദുഃഖം വ്യത്യാസമില്ലാതിരിക്കുന്നു. സകലതിനും, കൃമിക്കുപോലും, "ഞാൻ ഇല്ലാതാകരുത്, എന്നുമുണ്ടായിരിക്കണം" എന്നിങ്ങനെ മരണഭയമുണ്ട്. ദുഃഖമാകട്ടെ ഭയകാരണമായതുകൊണ്ടു മരണം ദുഃഖമാണ്.

വിവരണം:—പുരുഷൻ, ശരീരസ്ഥനായിരിക്കുന്നതാണു ജീവി. അനേകവിധമുണ്ടു ജീവികൾ. അവയെല്ലാം ഐശ്വര്യമാംവണ്ണം അനേകം സുഖങ്ങൾ അനുഭവിക്കുകയും ചെയ്യുന്നു. എന്നാൽ എല്ലാ ജീവികൾക്കും ജരാമരണങ്ങളുണ്ടാക്കുന്ന ദുഃഖം തുല്യമാണ്. കൃമിപോലും മരണത്തെ ഭയക്കുന്നു. 'ഞാൻ മരിക്കരുത്, എന്നും ജീവിച്ചിരിക്കണം'—ഇതാണു സകല ജീവികളും ആഗ്രഹിക്കുക. ഭയം ദുഃഖകാരണമാണ്. മരണം, ഭയജനകമാകകൊണ്ടു ദുഃഖംതന്നെ.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഭാഷ്യം:—ദുഃഖാദികൾ പ്രാകൃതങ്ങളായ ബുദ്ധിഗുണങ്ങളാണല്ലോ. ആകയാൽ അവ എങ്ങനെ ചേതനസംബന്ധികളാകും? എന്നതുകൊണ്ടു പറയുന്നു; "പുരുഷ"നെന്നു്. "പുരി, ശേതെ ഇതി പുരുഷഃ" (ലിംഗശരീരത്തിൽ ശയിക്കുന്നവൻ). ലിംഗശരീരം (സൂക്ഷ്മശരീരം) തത്സംബന്ധിയായതുകൊണ്ടു ചേതനവും തത്സംബന്ധിയായിരിക്കുന്നു എന്നർത്ഥം. എന്നാൽ ലിംഗസംബന്ധിയായ ദുഃഖം ചേതനമായ പുരുഷനെങ്ങനെയുണ്ടാകും? അതിനെ പറയുന്നു; പുരുഷനിൽനിന്നു വ്യത്യാസമില്ലെന്ന അറിവുകൊണ്ടു ലിംഗധർമ്മങ്ങളെ പുരുഷൻ തന്നിൽ അധ്യാസിക്കുന്നു. അല്ലെങ്കിൽ ആങ് കൊണ്ടു് ദുഃഖപ്രാപ്തിയുടെ അവധിയെ പറയുകയാണു്. ലിംഗമെപ്പോൾ നിവർത്തിക്കുന്നില്ല അപ്പോൾവരെ എന്നു്.

വിവരണം:—ഇവിടെ ഒരു സംശയം: ബുദ്ധിഗുണങ്ങളായ ദുഃഖാദികൾ പ്രാകൃതങ്ങളാണല്ലോ. അവ എങ്ങനെ ഗുണരഹിതനായ പുരുഷനെ സംബന്ധിക്കും? ഈ സംശയം പരിഹരിക്കുന്നതാണു കാരികയിലെ പുരുഷനെന്ന പദം. ലിംഗശരീര(പുരി)ത്തിൽ ശയിക്കുന്നവനെന്നു പുരുഷശബ്ദത്തിൻെറ വ്യുത്പത്തി. ലിംഗശരീരമെന്നാൽ സൂക്ഷ്മശരീരം. ബുദ്ധ്യധീനമായ സൂക്ഷ്മശരീരത്തിലിരിക്കുന്നവനാകകൊണ്ടു പുരുഷനെ ബുദ്ധിഗുണങ്ങളായ ദുഃഖാദികൾ സംബന്ധിക്കുന്നു. അപ്പോൾ മറെറാരു സംശയം: സൂക്ഷ്മശരീരബാധകമായ ദുഃഖം, ചേതനമായ പുരുഷനു ബാധകമാകുന്നതെങ്ങനെ? അതിനു സമാധാനം: പുരുഷൻ ആത്യന്തികസാമീപ്യംനിമിത്തം സൂക്ഷ്മശരീരത്തെ തൻെറതായി തെററിദ്ധരിച്ചുപോകുന്നു. വിവേകജ്ഞാനമില്ലായ്മയാണു കാരണം. തന്മൂലം സൂക്ഷ്മശരീരസംബന്ധിയായ ദുഃഖം തന്നെ സംബന്ധിക്കുന്നതായി പുരുഷൻ അധ്യാസിക്കുകയാണു്. ഈ അധ്യാസം സൂക്ഷ്മശരീരം നിലനില്ക്കുന്നതുവരെ തുടരുകയും ചെയ്യും.

"ലിംഗസ്യാവിനിവൃത്തേഃ" എന്നതിനെ രണ്ടുവിധം ചേദിക്കാം. "ലിംഗസ്യ ആവിനിവൃത്തേഃ", "ലിംഗസ്യ അവിനിവൃത്തേഃ" ഇങ്ങനെ. ലിംഗത്തിൻെറ—സൂക്ഷ്മശരീരത്തിൻെറ—വിനിവൃത്തിവരെ എന്നു് ആദ്യത്തേതിൻെറ അർത്ഥം. ലിംഗത്തിൻെറ വിനിവൃത്തിയില്ലാത്തതുകൊണ്ടെന്നു രണ്ടാമത്തേതിൻെറ അർത്ഥം. സൂക്ഷ്മശരീരം വിട്ടുപോകാത്തതുവരെ,യെന്നും സൂക്ഷ്മശരീരം വിട്ടുപോകാത്തതുകൊണ്ടെന്നും മുറയ്ക്കു താത്പര്യം. ആ (ആങ്). അ(ന).

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സൃഷ്ടികാരണനിരൂപണം

പറഞ്ഞ സൃഷ്ടിയുടെ കാരണവിഷയകമായ വിരുദ്ധപ്രതീതിയെ നിഷേധിക്കുന്നു.

കാരികഃ—

ഇത്യേഷപ്രകൃതികൃതോ
മഹദാദിവിശേഷഭൂതപര്യന്തഃ
പ്രതിപുരുഷ വിമോക്ഷാത്ഥം
സ്വാത്ഥ ഇവ പരാത്ഥ ആരംഭഃ 56

അത്ഥം.—ഇങ്ങനെ ഈ മഹദാദിഭൂതപര്യന്തമുള്ള സൃഷ്ടി, പ്രകൃതിയാൽ ഉണ്ടാക്കപ്പെട്ടതാണ്. അതു് ഓരോ പുരുഷനെ കുറിച്ചും മോക്ഷത്തിനുവേണ്ടി സ്വാത്ഥമെന്നപോലെ പരാത്ഥമായിരിക്കുന്നു.

മഹത്തത്ത്വം തുടങ്ങി ആകാശാദി മഹാഭൂതങ്ങൾവരെയുള്ള സൃഷ്ടിപ്രപഞ്ചം, പ്രകൃതിനിമ്മിതമാണ്. സൃഷ്ടികാര്യമെല്ലാം പ്രകൃതിയാണു നടത്തുന്നതു്. എന്തിനെന്നോ, ഓരോ പുരുഷനേയും സംസാരബന്ധത്തിൽനിന്നും മോചിപ്പിക്കാൻ. പ്രകൃതിയുടെ ഏവംവിധമായ സൃഷ്ടിപ്രവത്തനം, പുരുഷനുവേണ്ടിയുള്ളതാണെങ്കിലും തനിയ്ക്കുവേണ്ടി എന്നപോലെ ഇരിക്കുന്നതാണ്.

ഭാഷ്യം:—ആരംഭം; സൃഷ്ടി, മഹദാദിഭൂതപര്യന്തം പ്രകൃതിയാൽതന്നെ ചെയ്യപ്പെട്ടതാണ്; ഈശ്വരനാൽ ചെയ്യപ്പെട്ടതല്ല. ബ്രഹ്മം ഉപാദാനമല്ല; അകാരണവുമല്ല. അകാരണത്വത്തിൽ അത്യന്താഭാവം അത്യന്തഭാവ(നിത്യ)മായിരിക്കണം ചിതിശക്തിയുടെ അപരിണാമംനിമിത്തം ബ്രഹ്മം (സൃഷ്ടിയുടെ) ഉപാദാനമല്ല.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

നിർവ്യാപാരത്തിന്ന് അധിഷ്ഠാതൃത്വം സംഭവിക്കാത്തതുകൊണ്ടു് ഈശ്വരാധിഷ്ഠിതപ്രകൃതിയിൽനിന്നു (സൃഷ്ടി) ഭവിക്കുന്നില്ല. എന്തുകൊണ്ടെന്നാൽ നിർവ്യാപാരനായ തക്ഷൻ വാശ്യാ (അറക്കവാൾ)ദികളെ ആശ്രയിക്കുന്നില്ല.

വിവരണം:—മഹത്തത്ത്വംമുതൽ ഭൂമിവരെയുള്ള സകല സൃഷ്ടിയും പ്രകൃതിതന്നെയാണു നടത്തുന്നതു്. ഈശ്വരനല്ല. സാംഖ്യപക്ഷമാണിതു്. സൃഷ്ടിപരമായ മററു പക്ഷങ്ങളുമിവിടെ പരിശോധിക്കേണ്ടതുണ്ടു്. വേദാന്തിപക്ഷത്തിൽ സൃഷ്ടികാരണം ബ്രഹ്മമാണു്. ചാർവാകാദിപക്ഷത്തിൽ സൃഷ്ടിക്കു കാരണമായൊന്നുമില്ല. എല്ലാ സൃഷ്ടിയും ശൂന്യതയിൽനിന്നുണ്ടാകുന്നു. ഈശ്വരാധിഷ്ഠിതമായ പ്രകൃതിയാണു പാതഞ്ജലപക്ഷത്തിൽ സൃഷ്ടിയുടെ കാരണം. ഈ പൂർവപക്ഷം മൂന്നും സകാരണം നിഷേധിക്കുന്നു. ശൂന്യതയിൽനിന്നു നിത്യമായ ശൂന്യത (അഭാവം)യല്ലാതെ മറെറാന്നുമുണ്ടാവുകയില്ല. ശൂന്യത നിത്യമാണു്. നിത്യമായ ശൂന്യത സൃഷ്ടിയുടെ കാരണമെങ്കിൽ കാര്യമായ സൃഷ്ടിയും നിത്യമായിരിക്കണം. അങ്ങനെ കാണാത്തതുകൊണ്ടു ചാർവ്വാകാദികളുടെ അകാരണവാദം അംഗീകാര്യമല്ല. സൃഷ്ടികാരണം ബ്രഹ്മമാണെന്ന വേദാന്തിപക്ഷത്തിലും പൊരുത്തക്കേടുണ്ടു്. ബ്രഹ്മം നിർവ്വികാരമാണല്ലോ. അതിനു പരിണാമസ്വഭാവമില്ല. എന്നിരിക്കെ, നിർവികാരമായ ബ്രഹ്മം സൃഷ്ടിരൂപമായ ജഗത്തായിത്തീരുന്നതെങ്ങനെ? ഒരിക്കലും അതു സംഭാവ്യമല്ല. ആകയാൽ വേദാന്തിപക്ഷവും നിരാകൃതമായി. ഇനി ശേഷിക്കുന്നതു പാതഞ്ജല(സേശ്വരസാംഖ്യം)പക്ഷമാണു്. ഈശ്വരപ്രകൃതിയെ ആശ്രയിച്ചു സൃഷ്ടി സാധിക്കുന്നതായി പാതഞ്ജലന്മാർ അഭിപ്രായപ്പെടുന്നു.* യാതൊരു വ്യാപാരവുമീശ്വരനില്ല. നിർവ്യാപാരനാണീശ്വരൻ. വ്യാപാരമെന്നാൽ പ്രവൃത്തി. പ്രകൃതിയെ ആശ്രയിക്കുക ഒരു വ്യാപാരമാണു്. നിർവ്യാപാരനായ ഈശ്വരന്നു് പ്രകൃത്യാശ്രയരൂപമായ വ്യാപാരം സംഗതമല്ല. വെറുതെയിരിക്കുന്ന തച്ചൻ അറക്കവാൾ മുതലായ പണിയായുധങ്ങളെ ആശ്രയിക്കാറില്ലല്ലോ. അതുപോലെ വ്യാപാരരഹിതനാകകൊണ്ടു് ഈശ്വരനും പ്രകൃതിയെ ആശ്രയിക്കയില്ല. ഇവിടെ പാതഞ്ജല

---

* പ്രകൃതേരചേതനയാ സ്വതഃ പ്രവൃത്ത്യസംഭവാത്
ചേതനേശ്വരാധിഷ്ഠാനാദേവ തത്പ്രവൃത്തിഃ (യോഗശാ:).

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പക്ഷവും ദുർബലമെന്നു വ്യക്തം. ഇത്രയുംകൊണ്ടു "പ്രകൃതികൃത" മാണു സൃഷ്ടിയെന്ന സിദ്ധാന്തപക്ഷം സമർത്ഥിതമായി.

ഭാഷ്യം:—പ്രകൃതികൃതമാണെങ്കിൽ, അതിൻെറ നിത്യമായ പ്രവൃത്തിശീലത്തിനു വിരമക്കമില്ലാത്തതുകൊണ്ടു് എപ്പോഴും സൃഷ്ടിയുണ്ടാകണം. ഒരുവനും മോചിക്കയില്ല. എന്നതു കൊണ്ടു പറയുന്നു, "പ്രതിപുരുഷവിമോക്ഷാർത്ഥം സ്വാർത്ഥ ഇവ പരാർത്ഥ ആരംഭഃ" എന്നു്. ചോറാഗ്രഹിക്കുന്നവർ ചോററിനു വേണ്ടി പാകത്തിൽ പ്രവർത്തിക്കുകയും ചോറായിക്കഴിഞ്ഞാൽ നിവർത്തിക്കയും ചെയ്യുന്നു. അപ്രകാരം, ഓരോ പുരുഷനെയും മോചിപ്പിക്കാൻ പ്രവർത്തിക്കുന്ന പ്രകൃതി യാതൊരു പുരുഷനെ മോചിപ്പിക്കുന്നുവോ, പിന്നീടു് അവനെക്കുറിച്ചു് പ്രവർത്തിക്കുന്നില്ല. സ്വാർത്ഥമെന്നപോലെയാണതു്. സ്വാർത്ഥത്തിൽ എങ്ങനെയോ അങ്ങനെ പരാർത്ഥത്തിൽ സൃഷ്ടി ഭവിക്കുന്നു എന്നർത്ഥം.

വിവരണം:—ഒരു സംശയമുന്നയിച്ചു പരിഹരിച്ചുകൊണ്ടു പ്രകൃതം സമർത്ഥിക്കുന്നു. സൃഷ്ടിയെല്ലാം പ്രകൃതിയാണു നടത്തുന്നതെങ്കിൽ ഒരു സമയത്തും സൃഷ്ടികർമ്മത്തിൽനിന്നു പ്രകൃതിക്കു വിരമിക്കുക സാദ്ധ്യമായിരിക്കയില്ല; എപ്പോഴും സൃഷ്ടിച്ചുകൊണ്ടേയിരിക്കണം. എന്നുവരുമ്പോൾ യാതൊരു പുരുഷനും സൃഷ്ടിബന്ധത്തിൽനിന്നു മോചിക്കാൻ സംഗതിയില്ല. പിന്നെ പുരുഷനെ മോചിപ്പിക്കാൻ പ്രകൃതി പ്രവർത്തിക്കുന്നതായി പറയുന്നതെങ്ങനെ യോജിക്കും? ഇതാണു സംശയം. ഒരു ദൃഷ്ടാന്തം കാണിച്ചു സംശയം പരിഹരിക്കുകയാണു്. ചോറിനാവശ്യമുള്ളവൻ പാകകർമ്മത്തിൽ പ്രവർത്തിക്കുന്നു; ചോറായിക്കഴിഞ്ഞാൽ അതിൽനിന്നു നിവർത്തിക്കയും ചെയ്യുന്നു. അതുപോലെ പ്രകൃതി ഓരോ പുരുഷനേയും മോചിപ്പിക്കാൻ പ്രവർത്തിക്കയാണു്. ഒരു പുരുഷൻ മുക്തനായാൽപ്പിന്നെ ആ പുരുഷനെ സംബന്ധിച്ചിട ത്തോളം പ്രകൃതി ഒന്നും പ്രവർത്തിക്കുന്നില്ല. സ്വന്തകാര്യത്തിലെന്നപോലെയാണു പ്രകൃതിയുടെ പുരുഷമുക്തിവിഷയകമായ **പ്രവർത്തനം.**

ഭാഷ്യം:—സ്വാർത്ഥമായോ പരാർത്ഥമായോ ചേതനമായിരിക്കണം പ്രവർത്തിക്കുന്നതു്. അചേതനമായ പ്രകൃതി അപ്രകാരമായിരിക്കാൻ കഴിവുള്ളതല്ല. അതിനാൽ പ്രകൃതിയുടെ ആശ്രയ

21

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

മായ ചേതനമുണ്ട്; ക്ഷേത്രജ്ഞന്മാർ ചേതനങ്ങളാണെങ്കിലും അവരുടെ പ്രകൃതിസ്വരൂപാനഭിജ്ഞതനിമിത്തം, പ്രകൃതിയെ ആശ്രയിക്കാൻ കഴിവില്ല. ആകയാൽ പ്രകൃതിക്കു സർവ്വാർത്ഥദർശിയായ അധിഷ്ഠാതാവുണ്ട്; അതു് ഈശ്വരനുമാണ്. എന്നാതിനാൽ പറയുന്നു.

വിവരണം:—മറെറാരു സംശയമുന്നയിക്കുന്നു. "പ്രവർത്തനശേഷി ചൈതന്യത്തിനെയുള്ളു. ജഡമായ പ്രകൃതിക്കില്ല. സ്വാർത്ഥമായോ പരാർത്ഥമായോ പ്രവർത്തിക്കുന്നതു ചൈതന്യമായിരിക്കണം. അപ്പോൾ ചൈതന്യത്തെ ആശ്രയിച്ചു പ്രകൃതി പ്രവർത്തിക്കുന്നതായി വേണം വിചാരിക്കാൻ. ശരീരനിഷ്ഠമായും ചൈതന്യമുണ്ട്; അതിനെ ക്ഷേത്രജ്ഞൻ, പുരുഷനെന്നെല്ലാം പറയും. ഓരോ ശരീരത്തിനും ഓരോ പുരുഷനെന്നാകുന്നതിനു പുരുഷന്മാരനേകമുണ്ട്. ആ പുരുഷന്മാർ പ്രകൃതിസ്വരൂപം അറിയുന്നവരല്ല. (പുരുഷൻ പ്രകൃതിസ്വരൂപമറിഞ്ഞാൽ മോക്ഷമായി). തന്മൂലം അവരെ സംബന്ധിച്ചിടത്തോളം പ്രകൃത്യാശ്രയവും സംഗതമല്ല. എന്നാൽ എല്ലാററിനും സാക്ഷിഭൂതമായ ഒരു പരിപൂർണ്ണചൈതന്യമുണ്ടെന്നു വിചാരിക്കേണ്ടിയിരിക്കുന്നു. ജഡമായ പ്രകൃതിയെ സൃഷ്ടികാര്യത്തിൽ പ്രവർത്തനക്ഷമമാക്കുന്നതു അതേചൈതന്യമായിരിക്കണം ഈശ്വരൻ." ഈ സംശയത്തിൻെറ പരിഹാരമാണു താഴെ വരുന്ന കാരികയിലെ ഉള്ളടക്കം.

കാരിക:—

വത്സവിവൃദ്ധിനിമിത്തം
ക്ഷീരസ്യ യഥാ പ്രവൃത്തിരജ്ഞസ്യ
പുരുഷവിമോക്ഷനിമിത്തം
തഥാ പ്രവൃത്തിഃ പ്രധാനസ്യ. 57

അർത്ഥം:—അചേതനമായ പാലിൻെറ വത്സപോഷണഹേതുകമായ പ്രവൃത്തി എപ്രകാരമോ, അപ്രകാരം ജഡ (അചേതന) മായ പ്രകൃതിയുടെ പുരുഷമോക്ഷഹേതുകമായ പ്രവൃത്തി ഭവിക്കുന്നു.

ചേതനമല്ലാതെ അചേതനം പ്രവർത്തനക്ഷമമല്ലെന്നു പൂർവ്വപക്ഷം ദൃഷ്ടാന്തംകൊണ്ടു് നിഷേധിച്ചു സ്വപക്ഷം സ്ഥാപിക്ക

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ന്നു. പാലു് അചേതനമാണല്ലോ. അതു് പശുക്കുട്ടിയുടെ വളച്ച്യക്കുവേണ്ടി പ്രവൎത്തിക്കുന്നു. അപ്രകാരം പ്രകൃതി ജഡ(അചേതനം)മാണെങ്കിലും പുരുഷമോചനത്തിനുവേണ്ടി പ്രവൎത്തിക്കുകയാണു്.

ഭാഷ്യം:—അചേതനംപോലും പ്രയോജനത്തിനുവേണ്ടി പ്രവൎത്തിക്കുന്നതായി കാണുന്നു. വത്സവിവൃദ്ധിക്കുവേണ്ടി അചേതനമായ ക്ഷീരം പ്രവൎത്തിക്കുന്നതുപോലെ. അപ്രകാരം പ്രകൃതി അചേതനമാണെങ്കിലും പുരുഷമോക്ഷത്തിനുവേണ്ടി പ്രവൎത്തിക്കുന്നു. ക്ഷീരപ്രവൃത്തികൾപോലും, ഈശ്വരാധിഷ്ഠാനനിബന്ധനത്വംകൊണ്ടുള്ള സാധ്യത്വംനിമിത്തം സാധ്യവ്യഭിചാരം ഭവിക്കുന്നില്ലെന്നതു് യുക്തമല്ല; ചേതനാവാന്റെ പ്രവൃത്തിയുടെ സ്വാൎത്ഥകാരുണ്യങ്ങളോടുപലക്ഷിതമായ വ്യാപ്തത്വം ഹേതുവായിട്ടു് അവ, ജഗത്സൃഷ്ടിയിൽനിന്നന്യത്ര വൎത്തിക്കുമ്പോഴും ചേതനപ്രവൃത്തിജന്യത്വത്തെ വ്യാവൎത്തിപ്പിക്കുന്നു. യാതൊന്നു ഹേതുവായിട്ടു്, അവാപ്തസകലേപ്സിതനായി ജഗത്സ്രഷ്ടാവായ ഭഗവാനു് അഭിലാഷമൊന്നുമില്ല. അദ്ദേഹത്തിന്റെ കാരുണ്യത്തിൽനിന്നു് സൎഗ്ഗോത്പത്തിയും ഭവിക്കുന്നില്ല. സൃഷ്ടിക്കുമുമ്പു്, ജീവന്മാൎക്കു് ഇന്ദ്രിയശരീരവിഷയങ്ങളില്ലാതിരിക്കുമ്പോൾ ദുഃഖമില്ലായ്കകൊണ്ടു് ആൎക്കാണു് പരിഹാരേച്ഛാരൂപമായ കാരുണ്യമുണ്ടാവുക? സൃഷ്ടിക്കുശേഷം ദുഃഖികളെ കണ്ടിട്ടു് കാരുണ്യമുണ്ടാകുന്നതാണെങ്കിൽ കാരുണ്യംകൊണ്ടു് സൃഷ്ടിയും സൃഷ്ടികൊണ്ടു് കാരുണ്യവുമെന്നു് അപരിഹാര്യമായ ഇതരേതരാശ്രയദൂഷണം ഭവിക്കും. മാത്രമല്ല, ഈശ്വരൻ കരുണയാൽ പ്രേരിതനായിട്ടു് ജന്തുക്കളെ സുഖികളായിത്തന്നെ സൃഷ്ടിക്കണം; നാനാവിധമായ (സുഖവും ദുഃഖവുമുള്ള) ജന്തുക്കളെ സൃഷ്ടിക്കയില്ല. കൎമ്മവൈചിത്ര്യംനിമിത്തമാണു് സൃഷ്ടിവൈചിത്ര്യമെങ്കിൽ, ഈശ്വരനു് കൎമ്മാധിഷ്ഠാനമില്ല. ഈശ്വരന്റെ അനധിഷ്ഠാനംമാത്രംകൊണ്ടു് അചേതനമായ കൎമ്മത്തിന്റെ പ്രവൃത്ത്യനുപപത്തിനിമിത്തം തത്കാൎയ്യമായ ശരീരേന്ദ്രിയവിഷയങ്ങൾ ഉത്പാദിക്കാതിരിക്കുമ്പോൾ ദുഃഖമുത്പാദിക്കാതിരിക്കാനും എളുപ്പമുണ്ടു്. അചേതനമായ പ്രകൃതിയുടെ പ്രവൃത്തിക്കാകട്ടെ സ്വാൎത്ഥസംബന്ധമോ കാരുണ്യമോ പ്രയോജകമായില്ലെന്നതിനാൽ ഉക്തദോഷപ്രസംഗം ഭവിക്കുന്നില്ല പാരാൎത്ഥ്യമാത്രമായ പ്രയോജനമേ ഭവിക്കുന്നുള്ളൂ. അതിനാൽ "വത്സവിവൃദ്ധിനിമിത്ത"മെന്നു പറഞ്ഞതു് ശരിയാണു്.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

വിവരണം:—ചേതനത്തിനല്ലാതെ അചേതനത്തിനു പ്രവൎത്തനശേഷിയില്ല; എന്നിരിക്കെ അചേതനമായ പ്രകൃതി, പുരുഷമോക്ഷത്തിന്റെ വേണ്ടി പ്രവൎത്തിക്കുന്നതെങ്ങനെ? ഈ സംശയം ഒരു ദൃഷ്ടാന്തം കാണിച്ചു പരിഹരിക്കുന്നു. അചേതനമായ പാലു് പശുക്കുട്ടിയുടെ വളൎച്ചയ്ക്കുവേണ്ടി പ്രവൎത്തിക്കുന്നുണ്ടല്ലോ; അതു പോലെയെന്നു്. അചേതനമായ പാലിന്റെ പ്രവൃത്തിയിലും ചേതനാരൂപിയായ ഈശ്വരന്റെ സമാശ്രയമുണ്ടെന്നു വന്നുകൂടെ? അഥവാ ഈശ്വരചേതനത്തിന്റെ സമാശ്രയംകൊണ്ടാണു പാലു് പശുക്കുട്ടിയുടെ വളൎച്ചയ്ക്കുവേണ്ടി പ്രവൎത്തിക്കുന്നതെന്നു വരരുതോ? പാടില്ല; അങ്ങനെ അഭിപ്രായപ്പെടുന്നതിൽ യുക്തിദോഷമുണ്ടു്. പ്രയോജനംകൂടാതെ ആരും പ്രവൎത്തിക്കുന്നില്ല. എല്ലാവരുടേയും പ്രവൃത്തി പ്രയോജനലക്ഷ്യമുള്ളതായിരിക്കുന്നു. "സുഖമുണ്ടാകണം; ദുഃഖമുണ്ടാകരുതു്" എന്നിങ്ങനെ. മുഖ്യമെന്നും ഗൌണമെന്നും പ്രയോജനം രണ്ടുവിധം. സ്വേച്ഛാധീനമായ പ്രയോജനം മുഖ്യം. അന്യേച്ഛാധീനമായതു ഗൌണം. തനിക്കു സുഖമുണ്ടാകണമെന്ന സ്വേച്ഛാധീനരൂപമായ പ്രയോജനം മുഖ്യമാണു്, പുത്രഭാൎയ്യാദികൾക്കു സുഖമുണ്ടാകണമെന്ന അന്യേച്ഛാധീനമായ പ്രയോജനമുണ്ടല്ലോ; അതാണു ഗൌണപ്രയോജനം. സ്വാൎത്ഥം കാരുണ്യം, ഇവയുടെ അടിസ്ഥാനത്തിലായിരിക്കും ഗൌണപ്രയോജനത്തിനുവേണ്ടി പ്രവൎത്തിക്കുക. തന്റേതായ ആൾക്കാൎക്കു സുഖമുണ്ടാകണമെന്നതിൽ സ്വാൎത്ഥം. ദുഃഖമുണ്ടാകുന്നതിനെ പരിഹരിക്കുന്നതിലെ ഇച്ഛ കാരുണ്യവും. ഈ സ്വാൎത്ഥകാരുണ്യങ്ങൾകൂടാതെ ഗൌണപ്രയോജനലക്ഷ്യമായ പ്രവൃത്തിയുണ്ടാവുകയില്ല. പശുക്കുട്ടിയുടെ വളൎച്ചയ്ക്കുവേണ്ടിയുള്ള പാലിന്റെ പ്രവൃത്തി, ഗൌണപ്രയോജനപരമാണു്. അചേതനമായതുകൊണ്ടു സ്വയംപ്രവൎത്തനശേഷിയില്ലാത്ത പാലു് അങ്ങനെ പ്രവൎത്തിക്കുന്നതു് ഈശ്വരസമാശ്രയംനിമിത്തമാണെങ്കിൽ ആ ഈശ്വരനു സ്വാൎത്ഥകാരുണ്യങ്ങളുണ്ടായിരിക്കണം. നിറവേറാത്ത ഇച്ഛകളൊന്നും ഈശ്വരനില്ല. അവാപ്തസകലേപ്സിതനാണീശ്വരൻ. എന്നുവരുമ്പോൾ സുഖേച്ഛാരൂപമായ സ്വാൎത്ഥത ഈശ്വരനെങ്ങനെയുണ്ടാകും? തീച്ചയായുമുണ്ടാവുകയില്ല. സൃഷ്ടിവൎഗ്ഗത്തിന്റെ ദുഃഖം കണ്ടിട്ടുവേണമല്ലോ ഈശ്വരനു കാരുണ്യമുണ്ടാകാൻ. ഈശ്വരനുമുമ്പു സൃഷ്ടിയില്ല; അതുകൊണ്ടു സൃഷ്ടിനിമിത്തമായ കാരുണ്യത്തിനും സംഗതിയില്ല. ഒരുപക്ഷേ, സൃഷ്ടിവ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഗ്ഗത്തിൻെറ ദുഃഖംനിമിത്തം ഈശ്വരനു കാരുണ്യമുണ്ടാകുമെന്നിരിക്കട്ടെ; അപ്പോൾ സൃഷ്ടിനിമിത്തം കാരുണ്യവും കാരുണ്യം നിമിത്തം സൃഷ്ടിയുമെന്ന അന്യോന്യാശ്രയദോഷമുണ്ടാകും. ഈശ്വരൻ കാരുണ്യവാനാണെങ്കിൽ സകലജീവികളേയും സുഖമുള്ളവരായിട്ടെന്തുകൊണ്ടു സൃഷ്ടിക്കുന്നില്ല? എന്തിനു സുഖദുഃഖമിശ്രമായി സൃഷ്ടിക്കുന്നു? സൃഷ്ടിവർഗ്ഗത്തിൻെറ - ജീവികളുടെ — സുഖാസുഖങ്ങൾക്കു കാരണം അവയുടെ കർമ്മവൈവിധ്യമാണെങ്കിൽ ഈശ്വരൻ താദൃശകർമ്മത്തിനാശ്രയമാകാതിരുന്നാൽ മതിയല്ലോ. കർമ്മം അചേതനമായതുകൊണ്ടു സ്വയം പ്രവർത്തിക്കയില്ല. കർമ്മപ്രവർത്തനമില്ലെങ്കിൽ ജീവികളുടെ ദുഃഖസാമഗ്രികളായ ശരീരേന്ദ്രിയവിഷയങ്ങളുണ്ടാവില്ല ശരീരേന്ദ്രിയവിഷയങ്ങളില്ലെങ്കിൽ ദുഃഖവുമില്ല. ഇത്രയുംകൊണ്ടു് അചേതനത്തിൻെറ പ്രവർത്തനത്തിൽ ഈശ്വരാ(ചൈതന്യ)ധിഷ്ഠാനം സംഗതമല്ലെന്നു സിദ്ധമായി. പ്രകൃതിക്കാണെങ്കിൽ സ്വാർത്ഥസംബന്ധമില്ല; കാരുണ്യപ്രയോജനവുമില്ല. തന്മൂലം, ഈശ്വരാധിഷ്ഠാനവിഷയകമായി മേൽക്കാണിച്ച ദോഷം പ്രകൃതിക്കില്ലെന്നു വ്യക്തമാണു്. ആകയാൽ "വത്സവിവൃദ്ധിനിമിത്ത"മെന്നു പറഞ്ഞതു പരാർത്ഥമാത്രപ്രയോജനപരമായ പ്രകൃതിയുടെ പക്ഷത്തിൽ തികച്ചും ശരിതന്നെ.

അൻപത്താറാം കാരികയിൽ പ്രകൃതിയുടെ പ്രവർത്തനമാണു സൃഷ്ടിയെന്നു പറഞ്ഞു. അതിനു ദൃഷ്ടാന്തവും കാണിച്ചു. കൂട്ടത്തിൽ പ്രകൃതിയുടെ സൃഷ്ടിപരമായ പ്രവർത്തനം പരാർത്ഥമാണെങ്കിലും സ്വാർത്ഥംപോലെയാണെന്നു പ്രസ്താവിച്ചതിനെ പ്രത്യേകം പ്രതിപാദിക്കുന്നു.

കാരിക:—

ഔത്സുക്യനിവൃത്ത്യർത്ഥം
യഥാ ക്രിയാസു പ്രവർത്തതേ ലോകഃ
പുരുഷസ്യ വിമോക്ഷാർത്ഥം
പ്രവർത്തതേ തദ്വദവ്യക്തം. 58

അർത്ഥം:— മനുഷ്യൻ, ആഗ്രഹനിവൃത്തിക്കു കർമ്മങ്ങളിൽ ഏർപ്പെടുന്നതുപോലെ പുരുഷൻെറ മോക്ഷത്തിനുവേണ്ടി പ്രകൃതി, സൃഷ്ടികർമ്മങ്ങളിൽ പ്രവർത്തിക്കുന്നു.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പുരുഷനു മോക്ഷമുണ്ടാകണം; അതു പ്രകൃതിയുടെ ഇച്ഛയാണ്. ആയിച്ഛ പ്രകൃതിയെ സംബന്ധിച്ചതാകയാൽ സ്വാത്ഥം പോലിരിക്കുന്നു. അതിന്റെ നിവൃത്തിക്കുവേണ്ടി പ്രകൃതി, സൃഷ്ടികാര്യം നടത്തുകയാണ്. മനുഷ്യൻ, ആഗ്രഹം സാധിക്കാൻ പ്രവൃത്തിമാർഗ്ഗത്തിൽ ഏർപ്പെടുന്നതുപോലെ.

ഭാഷ്യം:— ഔത്സുക്യമെന്നാൽ ഇച്ഛ. അതു്, ഇച്ഛാവിഷയസിദ്ധിയിൽ നിവർത്തിക്കുന്നു. ഫലത്തിന്റെ ഇഷ്ടലക്ഷണത്വം കൊണ്ടു് ഇച്ഛാവിഷയം സ്വാത്ഥമാണ്. അതിനെ ദാർഷ്ടാന്തികത്തിൽ യോജിപ്പിക്കുന്നു അപ്രകാരം പ്രകൃതി, പുരുഷന്റെ മോക്ഷത്തിനുവേണ്ടി പ്രവർത്തിക്കുന്നു എന്നു്.

വിവരണം:—ഇഷ്ടലക്ഷണമായ ഇച്ഛാവിഷയം സ്വാത്ഥമാണ്. അതു സാധിക്കാൻവേണ്ടി മനുഷ്യൻ പ്രവർത്തിക്കുന്നു. സാധിച്ചുകഴിഞ്ഞാൽ അതിൽനിന്നു നിവർത്തിക്കയും ചെയ്യുന്നു. അതുപോലെ പ്രകൃതി, സ്വാത്ഥംപോലിരിക്കുന്ന ഇച്ഛാവിഷയമായ പുരുഷമോക്ഷം സാധിക്കാൻ സൃഷ്ടികർമ്മത്തിൽ പ്രവർത്തിക്കുന്നു. മനുഷ്യസാധാരണമായ പ്രവർത്തനം ദൃഷ്ടാന്തമായെടുത്തുകാണിച്ചു് പ്രകൃതിയുടെ സൃഷ്ടികാര്യം സമർത്ഥിച്ചിരിക്കയാണിവിടെ.

പ്രകൃതിയുടെ പ്രവർത്തനം, പുരുഷപ്രയോജനമെന്നിരിക്കട്ടെ; പുരുഷനിൽനിന്നു് പിന്മടക്കം പ്രകൃതിക്കെങ്ങനെയുണ്ടാകും? അതിനെക്കുറിച്ചു പറയുന്നു.

കാരികഃ—

രംഗസ്യ ദർശയിത്വാ
നിവർത്തതേ നർത്തകീ യഥാ നൃത്യാത്
പുരുഷസ്യ തഥാത്മാനം
പ്രകാശ്യ വിനിവർത്തതേ പ്രകൃതിഃ 59

അർത്ഥം:—നൃത്തക്കാരി, രംഗവാസികൾക്കു് നൃത്യവിദ്യ കാട്ടിയശേഷം നൃത്തത്തിൽനിന്നു വിരമിക്കുന്നതുപോലെ പ്രകൃതി, ശബ്ദാദിവിഷയങ്ങൾവഴി പുരുഷനു തന്നെ പ്രത്യക്ഷപ്പെടുത്തീട്ടു് പിൻതിരിയുന്നു.

വിലാസവതിയും സർവാലങ്കാരഭൂഷിതയുമായ നടി, രംഗവാസികളുടെ മുമ്പിലെത്തി നാട്യപ്രകടനം സാധിച്ചതിനുശേഷം

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

നടനം നിറുത്തി പിൻമടങ്ങുന്നു. അതുപോലെ പ്രകൃതി, ബുദ്ധ്യാദികളുടെ സ്വഖരൂപാന്തർഭാവംകൊണ്ട് പുരുഷനെത്തന്നെ "നീ വേറെ, ഞാൻ വേറെ," എന്നു ബോദ്ധ്യപ്പെടുത്തിക്കാട്ടിയശേഷം പരിണാമരൂപമായ സൃഷ്ടികാര്യത്തിൽനിന്ന് വിരമിക്കുന്നു. പ്രകൃതിയുടെ ഈദൃശപ്രവർത്തനം സ്വാഭാവികമാണ്.

ഭാഷ്യം:—"രംഗസ്യ" എന്നുവച്ചാൽ, രംഗസ്ഥന് എന്നാർത്ഥം. ഏകവചനംകൊണ്ട് രംഗവാസികളെ ഉപലക്ഷിക്കുന്നു. "ആത്മാനം പ്രകാശ്യ" എന്നതിന് പുരുഷനിൽനിന്ന് വ്യത്യസ്തമായ ശബ്ദാദിസ്വരൂപംകൊണ്ട് തന്നെ പ്രകാശിപ്പിച്ചിട്ട് എന്നർത്ഥം.

പ്രകൃതി, പുരുഷപ്രയോജനപരമായി പ്രവർത്തിക്കയാണെന്നിരിക്കട്ടെ. അപ്പോൾ ഉപകരിക്കപ്പെട്ട പുരുഷനിൽനിന്ന് പ്രകൃതിക്കേതെങ്കിലും പ്രത്യുപകാരം കിട്ടണം. ആജ്ഞ നിറവേറ്റുന്നതുകൊണ്ട് സംതൃപ്തനായ യജമാനനിൽനിന്ന് ഭൃത്യാദികൾ പാരിതോഷികം നേടുന്നതുപോലെ. പ്രകൃതിയുടെ പരാർത്ഥമായ പ്രവർത്തനം അപ്രകാരമല്ലെന്നു പറയുന്നു.

വിവരണം:—പ്രകൃതി, അവ്യക്തമാണെങ്കിലും, ശബ്ദാദിവിഷയങ്ങളുടെ പരിണാമംകൊണ്ട് വ്യക്തമായിത്തീരുന്നു. ആ നിലയിൽ, "ഞാൻ വേറെ, നീ വേറെ"യെന്ന നിജസ്ഥിതി പുരുഷന് കാട്ടിക്കൊടുത്തിട്ട് വിരമിക്കയും ചെയ്യുന്നു. അതിനൊരു ദൃഷ്ടാന്തം: വിലാസവതിയായ നടി അണിഞ്ഞൊരുങ്ങി രംഗവാസികളെ അഭിമുഖീകരിച്ച് നാട്യപ്രകടനം സാധിച്ചശേഷം വിരമിക്കാറുണ്ടല്ലോ; അതുപോലെ.

ഇവിടെ ഒരു സംശയം: "സ്വന്തം ആജ്ഞയനുസരിച്ച് പെരുമാറുന്ന ഭൃത്യന് സംതൃപ്തനായ യജമാനൻ പാരിതോഷികം കൊടുക്കുക സാധാരണമാണ്. അപ്രകാരം പുരുഷപ്രയോജനത്തിനായി പ്രവർത്തിക്കുന്ന പ്രകൃതിയ്ക്കു പുരുഷനിൽനിന്നെന്തെങ്കിലും പ്രത്യുപകാരം ലഭിക്കുന്നുണ്ടാകണം." സാധാരണഗതിയിൽ ഈ സംശയം സംഗതമാണെങ്കിലും പ്രകൃതിയെ സംബന്ധിച്ചിടത്തോളം ശരിയല്ല; പ്രകൃതിയുടെ പരാർത്ഥപ്രവർത്തനം വേറൊരു വിധമാണെന്നു പറയുന്നു.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

കാരിക:—

നാനാവിധൈരുപായൈ-
രുപകാരിണ്യനുപകാരിണഃ പുംസഃ
ഗുണവത്യഗുണസ്യ സത-
സ്തത്കാര്യമപാർത്ഥകം ചരതി. 60

അർത്ഥം:—ഗുണവതിയും ഉപകാരിണിയുമായ പ്രകൃതി, ഗുണരഹിതനും ഉപകാരഹീനനും സത്തുമായ പുരുഷന്റെ നാനാവിധോപായങ്ങൾകൊണ്ടു തത്കാര്യത്തെ സ്വപ്രയോജനശൂന്യം (അപാർത്ഥകം) ആചരിക്കുന്നു.

സത്വാദിഗുണങ്ങളോടുകൂടിയതാണു പ്രകൃതി; പുരുഷമോക്ഷത്തിന്നുവേണ്ടി പ്രവർത്തിക്കയും ചെയ്യുന്നു. അങ്ങനെ പ്രകൃതി ഗുണവതിയും ഉപകാരിണിയുമാണ്. പുരുഷന്നു സത്വാദിഗുണങ്ങളില്ല. നിഷ്ക്രിയനാകകൊണ്ട് ഉപകാരസ്വഭാവവുമില്ല. ഉള്ളവനാണെന്നു മാത്രം. ഈ സ്ഥിതിയിൽ മഹദഹംകാരാദികളായ പലതരം ഉപായങ്ങൾകൊണ്ട് പ്രകൃതി പുരുഷമോക്ഷത്തിന്നുവേണ്ടി നിസ്സ്വാർത്ഥമായി പ്രവർത്തിക്കയാണ്. യാതൊരുപകാരപ്രതീക്ഷയും പ്രകൃതിക്കില്ല.

ഭാഷ്യം:—ഗുണവാനും ഉപകാരിയുമായ ഭൃത്യൻ, ഗുണഹീനനും തന്മൂലം ഉപകാരശൂന്യനുമായ യജമാനനിൽ നിഷ്ഫലസേവനം നടത്തുന്നതുപോലെ, ദീനയും ഗുണവതിയും ഉപകാരിണിയുമായ പ്രകൃതി, ഉപകാരശൂന്യനും ഗുണരഹിതനുമാണെങ്കിലും പുരുഷനിൽ വൃത്ഥശ്രമയായിരിക്കുന്നു എന്നതിനാൽ പുരുഷന്നുവേണ്ടിത്തന്നെ യതിക്കുന്നു. സ്വാർത്ഥമായിട്ടല്ലെന്നു സിദ്ധമാണ്.

വിവരണം:—പ്രകൃതി ഗുണവതിയുമുപകാരിണിയുമാണ്. അങ്ങനത്തെ പ്രകൃതി, ഗുണരഹിതനും ഉപകാരശൂന്യനുമായ പുരുഷന്റെ മോക്ഷത്തിന്നുവേണ്ടി, മഹത്തത്വം അഹംകാരം മനസ്സ് തുടങ്ങിയ പലതരം പരിണാമോപായങ്ങൾകൊണ്ടു ശ്രമപ്പെടുകയാണ്. ഈ ശ്രമത്തിൽ പരാർത്ഥമല്ലാതെ സ്വാർത്ഥമല്പംപോലുമില്ല. ഉപകാരശീലനും ഗുണശാലിയുമായ ഭൃത്യൻ, യാതൊരുപകാരവുമില്ലാത്തവനും ഗുണംകെട്ടവനുമായ യജമാനനെ നിസ്സ്വാർത്ഥമായി സേവിക്കുന്നതുപോലെയാണിത്.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഭാഷ്യം:—(സംശയം) നടി, രംഗവാസികൾക്കു നടനം കാണിച്ചു വിരമിച്ചാലും, രംഗവാസികളുടെ താത്പര്യമനുസരിച്ചു വീണ്ടും പ്രവൎത്തിക്കുന്നതുപോലെ, പ്രകൃതിയും, പുരുഷനു തന്നെ കാട്ടിക്കൊടുത്തു വിരമിച്ചാലും വീണ്ടും പ്രവൎത്തിക്കാമെന്നാതിനെപ്പറയുന്നു.

വിവരണം:—രംഗവാസികളെ അഭിമുഖീകരിച്ചു നടി, നാട്യപ്രയോഗം നടത്തി പിൻതിരിഞ്ഞാൽതന്നെയും രംഗവാസികളുടെ താത്പര്യം പരിഗണിച്ചു വീണ്ടും രംഗത്തുവന്നു പ്രവൎത്തിക്കാറുണ്ടല്ലോ. അതുപോലെ പ്രകൃതിയും, പുരുഷനു നിജസ്ഥിതി കാട്ടിക്കൊടുത്തശേഷം പിന്നെയും പ്രവൎത്തിക്കുമോ? ഈ സംശയം പരിഹരിച്ചുകൊണ്ടു പറയുകയാണ്.

കാരിക:—

പ്രകൃതേഃ സുകുമാരതരം
ന കിഞ്ചിദസ്തീതി മേ മതിൎഭവതി
യാ ദൃഷ്ടാസ്മീതി പുന-
ൎന്നദൎശനമുപൈതി പുരുഷസ്യ. 61

അൎത്ഥം:—പ്രകൃതിയെക്കാൾ അതിമൃദുലയായ മറ്റൊന്നുമില്ലെന്നാണ് എന്റെ അഭിപ്രായം. യാവളൊരുത്തിയായ ഞാൻ പുരുഷനാൽ കാണപ്പെട്ടു എന്നുവച്ച് പിന്നെ പുരുഷന്റെ ദൎശനത്തെ അവൾ (പ്രകൃതി) പ്രാപിക്കയില്ല.

മറ്റേതു വസ്തുവിനേക്കാളും സ്വഭാവപേശലമാണു പ്രകൃതി. അതു് ഒരിക്കൽ പുരുഷനെക്കണ്ടാൽ വീണ്ടും കാണുന്നതല്ല. സുകുമാരപ്രകൃതിയായ കുലസ്ത്രീ യദൃച്ഛയാ പരപുരുഷനെക്കണ്ടുപോയാൽ വീണ്ടും കാണാനിഷ്ടപ്പെടാത്ത സ്വാഭാവികമാണ്; അതുപോലെ.

ഭാഷ്യം:—സുകുമാരതയെന്നാൽ അതിമൃദുലത്വം പരപുരുഷദൎശനത്തെ സഹിക്കശീലമില്ലായ്കയെന്നു സാരം. അസൂൎയംപശ്യയായ കുലസ്ത്രീ ലജ്ജാധിക്യംകൊണ്ടു പതുക്കെ സഞ്ചരിക്കെ ശ്രദ്ധക്കുറവുനിമിത്തം മൂടുപടം നീങ്ങിയനിലയിൽ പരപുരുഷനാൽ കാണപ്പെട്ടുവെങ്കിൽ, അപ്പോൾ അവൾ, ഇനിയിങ്ങനെ ശ്രദ്ധയില്ലാത്തവളായി ഇവളെ അന്യപുരുഷന്മാർ കാണരുതെന്നുവച്ച് ശ്രമിക്കും. അപ്രകാരം കുലവധുവിനേക്കാളും അതിമൃദുലയായ പ്രകൃതി വിവേകത്താൽ ദൃഷ്ടയായിട്ടു വീണ്ടും കാണപ്പെടുന്നില്ല.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

വിവരണം:—പരപുരുഷദർശനം അല്പവുമിഷ്ടപ്പെടാത്ത കുലസ്ത്രീ ലജ്ജാവിവശയായി പതുക്കെ നടക്കുന്ന കൂട്ടത്തിൽ ശ്രദ്ധാക്കുറവുകൊണ്ടു പടം നീങ്ങിപ്പോയെന്നിരിക്കട്ടെ; ആ നിലയിൽ അന്യപുരുഷൻ കണ്ടെന്നും വിചാരിക്കുക; എന്നാൽ പിന്നെ അവളെന്തു ചെയ്യുമെന്നോ? മേലിലിങ്ങനെ അന്യപുരുഷന്മാർ തന്നെ നോക്കാനൊതിരിക്കാൻ വേണ്ടത്ര കരുതിക്കൊള്ളും. അതുപോലെയാണു പ്രകൃതിയും. കുലസ്ത്രീയേക്കാളധികം മൃദുലത്വമുണ്ടു പ്രകൃതിക്ക്. ആകയാൽ, പുരുഷഭിന്നമായ വിവേകത്താൽ ഒരിക്കൽ കാണപ്പെടുന്ന പ്രകൃതി വീണ്ടും കാണപ്പെടുകയില്ല. വിവേകജ്ഞാനം സിദ്ധിക്കുന്നതോടെ പ്രകൃതിബന്ധംവിട്ടു പുരുഷൻ മുക്തനാകുമെന്നു സാരം.

ഭാഷ്യം:—(സംശയം) പുരുഷൻ ഗുണരഹിതനും പരിണാമശൂന്യനുമാണെങ്കിൽ ഇവ (പുരുഷ)ന് എങ്ങനെ മോക്ഷമുണ്ടാകും? മോചനത്തിനു ബന്ധവിശ്ലേഷമെന്നു അർത്ഥമുള്ളതുകൊണ്ടും, ബന്ധനസംജ്ഞയുള്ള സവാസനക്ലേശകർമ്മാശയങ്ങൾക്കു പരിണാമരഹിതനായ പുരുഷനിൽ സംഭവത്വമില്ലാത്തതുകൊണ്ടും. അതിനാൽ ഇവന്—പുരുഷന്— സംസാരമില്ല; നിഷ്ക്രിയത്വം നിമിത്തം മരിച്ചിട്ടു ജനിക്കയെന്നതുമില്ല. അതുകൊണ്ടു "പുരുഷമോക്ഷത്തിനുവേണ്ടി"യെന്ന വാക്കു നിരർത്ഥകമാണ്. ഈ സംശയത്തെ മനസ്സിലാക്കിക്കൊണ്ട് ഉപസംഹാരവ്യാജത്തിൽ പരിഹരിക്കുന്നു.

വിവരണം:—"പ്രകൃതിയുടെ പ്രവർത്തനം പുരുഷമോക്ഷാർത്ഥ"മെന്നു സിദ്ധാന്തിച്ചല്ലോ; അതിലൊരു സംശയം. "പുരുഷനു ഗുണമില്ല; മാററ(പരിണാമ)വുമില്ല. പിന്നെങ്ങനെയാണ് മോക്ഷമുണ്ടാവുക? മോക്ഷമെന്നാൽ മോചനം; ബന്ധത്തിൽനിന്ന് വേർപെടുകയെന്നർത്ഥം. സംസ്കാരജന്യമായ പഞ്ചക്ലേശങ്ങളും കർമ്മവും മനസ്സുമൊക്കെയാണ് ബന്ധമെന്നു പറയുന്നതു്. അതൊന്നും മാററമില്ലാത്ത പുരുഷനിൽ സംഭവിക്കാൻ സംഗതിയില്ല. നിഷ്ക്രിയനാകകൊണ്ട് ജനനമരണങ്ങളുമില്ല പുരുഷന്. ജനനമരണമില്ലെങ്കിൽ സംസാരവുമില്ല. പിന്നൊന്തിനാണ് മോക്ഷം? അപ്പോൾ, പ്രകൃതിയുടെ പ്രവർത്തനം പുരുഷമോക്ഷത്തിനുവേണ്ടിയെന്ന വാക്ക് വെറും നിരർത്ഥംതന്നെ." ഈ സംശയം പരിഹരിക്കുന്നു.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

കാരിക:—

തസ്മാന്ന ബാദ്ധ്യതേഽസൌ
ന മുച്യതേ നാപി സംസരതി കശ്ചിത്
സംസരതി ബദ്ധ്യതെ
മുച്യതേ ച നാനാശ്രയാ പ്രകൃതിഃ 62

അത്ഥം:—പുരുഷൻ ഗുണപരിണാമരഹിതനായതുകൊണ്ട് ബന്ധിക്കപ്പെടുന്നില്ല, മോചിക്കുന്നുമില്ല, സംസരിക്കുന്നുമില്ല. പ്രകൃതിയാണ് പലതരം പുരുഷന്മാരെ ആശ്രയിച്ചുകൊണ്ട് ബന്ധിക്കുന്നതും മോചിക്കുന്നതും സംസരിക്കുന്നതും.

ഗുണരഹിതനും പരിണാമശൂന്യനുംതന്നെ പുരുഷൻ. അതു കൊണ്ട് ഏതൊരു പുരുഷനും കർമ്മാദികളാൽ ബന്ധിക്കപ്പെടുന്നില്ല. മോചിക്കുന്നുമില്ല. ജനനമരണരൂപമായ സംസാരത്തിന വിധേയനുമല്ല പുരുഷൻ. പ്രകൃതി, നാനാവിധ പുരുഷന്മാരെ ആശ്രയിച്ചു ബന്ധപ്പെടുകയും മോചിക്കുകയും ജനനമരണരൂപമായി പ്രവത്തിക്കുകയുമാണ്.

ചൈതന്യമാത്രനും കൂടസ്ഥനും നിത്യമുക്തനുമാണ പുരുഷൻ. സുഖദുഃഖാദ്യനുഭവരൂപമായ ഭോഗം പ്രകൃതിപരിണാമമായ ബുദ്ധിയുടെ ധർമ്മമാണ്. പുരുഷച്ഛായ, ബുദ്ധിയിൽ പ്രതിഫലിക്കുകനിമിത്തം അതിനോടൈക്യപ്പെട്ടതുപോലാകയാൽ പുരുഷൻെറ ദർശനമാത്രമാവുകയാണ് ഭോഗം. തന്മൂലം, വിവേകജ്ഞാനമില്ലായ്കയാൽ പുരുഷനിൽ ഭോക്തൃത്വം അധ്യാസിക്കുകയാണ്. സത്യത്തിൽ പുരുഷൻ ഒന്നിൻേറയും ഭോക്താവല്ല. ബദ്ധനുമല്ല. പ്രകൃതിയാണ് ബന്ധപ്പെടുന്നതും മോചിക്കുനാതുമെല്ലാം.

ഭാഷ്യം:—തത്ത്വത്തിൽ ഏതൊരു പുരുഷനും ബന്ധിക്കപ്പെടുന്നില്ല; സംസരിക്കുന്നില്ല; മോചിക്കുന്നുമില്ല. പ്രകൃതിതന്നെ നാനാശ്രയിയായിരിക്കുമ്പോൾ ബന്ധപ്പെടുകയും സംസരിക്കുകയും മോചിക്കുകയുമാണ്. ബന്ധമോക്ഷസംസാരങ്ങൾ പുരുഷനിൽ ആരോപിക്കുന്നു. ഭൃത്യഗതമായ ജയാപജയങ്ങൾ യജമാനനിൽ ആരോപിക്കുന്നതുപോലെ. ഭൃത്യന്മാരുടെ തദാശ്രയം കൊണ്ട് തത്ഭാഗിത്വംനിമിത്തം തത്ഫലമായ ശോകലാഭാദി

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

യുടെ സ്വാമിസംബന്ധം ഹേതുവായിട്ട്. പ്രകൃതിഗതങ്ങളായ ഭോഗാപവർഗ്ഗങ്ങളിൽ വിവേകഗ്രഹമില്ലായ്കയാൽ പുരുഷസംബന്ധം ഉപപാദിതമാകുന്ന എന്നതിനാൽ എല്ലാം യുക്തംതന്നെ.

വിവരണം:—ബന്ധം, മോക്ഷം, സംസാരം ഇതൊന്നും വാസ്തവത്തിൽ പുരുഷനില്ല. എല്ലാം പ്രകൃതിക്കുള്ളതാണ്. പ്രകൃതിയുടേതായ ബന്ധമോക്ഷങ്ങളും സംസാരവും പുരുഷനിൽ ആരോപിക്കപ്പെടുകയാണ്. ഭൃത്യന്മാക്കുണ്ടാകുന്ന ജയാപജയങ്ങൾ യജമാനനിൽ ആരോപിക്കപ്പെടുന്നതുപോലെ. വിഷയാസക്തിയും (ഭോഗം) മോക്ഷവും (അപവർഗ്ഗം) പ്രകൃതിനിഷ്ഠമാകുന്നു. പ്രകൃതിയേയും പുരുഷനേയും വേർതിരിച്ചറിയായ്കയാൽ—രണ്ടുമൊന്നായി തോന്നുകയാൽ—പ്രകൃതിനിഷ്ഠമായ ഭോഗാപവർഗ്ഗങ്ങളെ പുരുഷനിഷ്ഠമായി തെററിദ്ധരിക്കുകയാണ്. ഈ പക്ഷത്തിൽ എല്ലാം യുക്തംതന്നെ.

പ്രകൃതിഗതമായ ബന്ധവും സംസാരവും മോക്ഷവും പുരുഷനിൽ ആരോപിക്കപ്പെടുകയാണെന്ന് മനസ്സിലായി. എന്നാൽ പ്രകൃതി ഈ ബന്ധാദികൾ സാധിക്കുന്നതെന്തെല്ലാംകൊണ്ടാണ്? അതിനെ പറയുന്നു.

കാരിക:—

രൂപൈഃ സപ്തഭിരേവ തു
ബധ്നാത്യാത്മാനമാത്മനാ പ്രകൃതിഃ
സൈവ ച പുരുഷാർത്ഥം പ്രതി
വിമോചയത്യേകരൂപേണ. 63

അർത്ഥം:—പ്രകൃതി, ഏഴുഭാവങ്ങൾകൊണ്ട് തന്നൊട്ട്, തന്നെ ബന്ധിക്കുന്നു. പുരുഷനുവേണ്ടി അതു (പ്രകൃതി) ഏകഭാവം കൊണ്ടു മോചിക്കയും ചെയ്യുന്നു.

ധർമ്മം, അധർമ്മം, ഐശ്വര്യം, അനൈശ്വര്യം, വൈരാഗ്യം അവൈരാഗ്യം, അജ്ഞാനം ഇങ്ങനെ ഏഴു ഭാവങ്ങളാൽ പ്രകൃതി സ്വയം ബന്ധിക്കപ്പെടുകയാണ്. ഏകരൂപമായ വിവേകജ്ഞാനംവഴിക്കു പുരുഷനു സ്വന്തനില കാട്ടിയശേഷം ബന്ധത്തിൽ നിന്നു മോചിക്കയും ചെയ്യുന്നു.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഭാഷ്യം:—തത്ത്വജ്ഞാനമൊഴിച്ചുള്ള ധർമ്മാദികളായ ഏഴു രൂപങ്ങൾകൊണ്ടു ബന്ധിക്കുന്നു. രൂപങ്ങളെന്നാൽ ഭാവങ്ങൾ. പുരുഷാർത്ഥം പ്രതി; ഭോഗാപവർഗ്ഗങ്ങളെ ഉദ്ദേശിച്ച്. ഏകരൂപം കൊണ്ട്, വിവേകജ്ഞാനംകൊണ്ട്, മോചിക്കുന്നു. പിന്നെ ഭോഗാപവർഗ്ഗങ്ങളെ ഉണ്ടാക്കുന്നില്ലെന്നർത്ഥം.

വിവരണം:—തത്ത്വജ്ഞാനമൊഴികെയുള്ള ധർമ്മാദികളാണ് ഏഴു ഭാവങ്ങൾ. പ്രകൃതി ആ ഏഴുഭാവങ്ങൾകൊണ്ട് തന്നൊത്താന്നെ ബന്ധിക്കുന്നു. പുരുഷപ്രയോജനമുദ്ദേശിച്ചു വിവേകജ്ഞാനം കൊണ്ട് മോചിക്കയും ചെയ്യുന്നു. പിന്നെ വിഷയാനുഭവത്തിലും മോക്ഷത്തിലും പ്രകൃതി, പ്രവർത്തിക്കുന്നില്ല. ഈദൃശമായ തത്ത്വം മനസ്സിലായി. അതിനുശേഷമെന്താണെന്നു പറയുന്നു

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

തത്ത്വജ്ഞാനസ്വരൂപനിരൂപണം

കാരിക:—

ഏവം തത്ത്വാഭ്യാസാ-
ന്നാസ്മിനമെനാഹമിത്യപരിശേഷം
അവിപര്യയാദവിശുദ്ധം
കേവലമുത്പദ്യതേ ജ്ഞാനം. 64

അർത്ഥം:—ഇപ്രകാരം തത്ത്വാഭ്യാസംകൊണ്ടുള്ള സംശയ ഭ്രമരാഹിത്യംനിമിത്തം വിശുദ്ധവും കേവലവും അപരിശേഷവുമായ ഞാൻ ഒന്നും ചെയ്യുന്നില്ല, ഞാൻ കർത്താവല്ല, എനിക്ക് ഈശ്വരത്വമില്ല—എന്നിങ്ങനത്തെ ജ്ഞാനമുണ്ടാകുന്നു.

തത്ത്വവിഷയകമായ ജ്ഞാനപരിശീലനംകൊണ്ടു സംശയങ്ങളും തെററായ ധാരണകളും നീങ്ങും. അതോടൊപ്പം പ്രത്യക്ഷവും മിഥ്യാജ്ഞാനത്തിൻെറ കലപ്പില്ലാത്തതുമായ പരിപൂർണ്ണജ്ഞാനം ഉദയംചെയ്യും. അജ്ഞാനത്തിൻെറ സ്വഭാവമെന്തായിരിക്കുമെന്നോ? "ഞാൻ ഒന്നും ചെയ്യുന്നില്ല, ഞാൻ ഒന്നിൻേറയും കർത്താവല്ല; എനിക്ക് ഒന്നിനെയുംകുറിച്ച് ആധിപത്യവുമില്ല" ഇങ്ങനെയിരിക്കും.

ഭാഷ്യം: —തത്ത്വമെന്നാൽ വിഷയം. അതുകൊണ്ടു വിഷയിയായ ജ്ഞാനത്തെ ഉപലക്ഷിക്കുന്നു. പറഞ്ഞപ്രകാരം, ആദരനൈരന്തര്യദീർഘകാലസേവിതമായ തത്ത്വവിഷയജ്ഞാനാഭ്യാസത്തിൽനിന്നു ബുദ്ധിപുരുഷന്മാരുടെ ഭിന്നത സാക്ഷാത്കരിക്കുന്ന ജ്ഞാനമുത്പാദിക്കുന്നു. യദ്വിഷയമായ അഭ്യാസം തദ്വിഷയകമായ സാക്ഷാത്കാരത്തെത്തന്നെ ജനിപ്പിക്കുന്നു. തത്ത്വവിഷയമായ അഭ്യാസം എന്നതുകൊണ്ടു തത്ത്വസാക്ഷാത്കാരത്തെ ജനി

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പ്പിക്കുന്നു. അതുകൊണ്ടു പറഞ്ഞതാണ്‌ "വിശുദ്ധ"മെന്ന്. എന്തുകൊണ്ടു വിശുദ്ധമെന്നു പറയുന്നു, "അവിപര്യയം" ഹേതുവായിട്ടെന്ന്. സംശയവിപര്യയങ്ങൾ ജ്ഞാനത്തിന്റെ അവിശുദ്ധികളാണ്. അവയോടുകൂടാത്തതു വിശുദ്ധം അതിനാൽ പറഞ്ഞതാണ്‌ 'അവിപര്യയം' ഹേതുവായിട്ടെന്ന്. നിയതത്തെ അനിയതത്വംകൊണ്ടു വിഷയീകരിക്കുമ്പോൾ സംശയവും വിപര്യയവും ഭവിക്കുന്നു. അതുകൊണ്ട്‌ അവിപര്യയം ഹേതുവായിട്ടെന്നതിനു സംശയംവിപര്യയാഭാവം കാണിക്കപ്പെട്ടു. തത്ത്വവിഷയത്വംനിമിത്തം സംശയവിപര്യയാഭാവം ഭവിക്കുന്നു.

വിവരണം:—തത്ത്വമെന്നാൽ വാസ്തവം; ഇവിടെ പ്രകൃതിപുരുഷവിവേകം. തദ്വിഷയകമായ ജ്ഞാനം തത്ത്വജ്ഞാനം. അതിനെ സാക്ഷാൽകരിക്കാൻ രണ്ടുമൂന്നുപായങ്ങളുണ്ട്. ഗുരൂപദേശവിശ്വാസം; തടവില്ലായ്മ; ദീർഘകാലാനുഷ്ഠാനം. അതായത്, ഗുരുവിന്റെ ഉപദേശത്തിൽ വിശ്വാസമർപ്പിച്ച്‌ ഇടതടവില്ലാതെ ഏറെക്കാലം അനുഷ്ഠാനരൂപമായ തത്ത്വജ്ഞാനപരിശീലനം സാധിക്കണം. അതിൽനിന്നു തത്ത്വജ്ഞാനത്തിന്റെ സാക്ഷാത്കാരം സിദ്ധിക്കും; പ്രകൃതിയും പുരുഷനും വേറെയെന്ന അറിവ്‌ അനുഭവപ്പെടും. പ്രകൃതിപരിണാമമായ ബുദ്ധിധർമ്മത്തിൽനിന്നു പുരുഷൻ ഭിന്നനെന്നു നേരിട്ടറിയാൻ സാധിക്കും. തത്ത്വജ്ഞാനത്തിന്റെ സാക്ഷാത്കാരമാണതു്. പരിശീലിക്കുന്ന വിഷയംതന്നെയായിരിക്കും അനുഭവത്തിൽപ്പെടുക. അപ്പോൾ തത്ത്വജ്ഞാനപരിശീലനത്തിൽനിന്ന്‌ തത്ത്വജ്ഞാനമേ അനുഭവവിഷയമാകൂ. അങ്ങനെ സാക്ഷാത്കരിക്കപ്പെടുന്ന ജ്ഞാനം വിശുദ്ധമായിരിക്കും. വിപരീതനിശ്ചയം, സംശയം ഇതു രണ്ടുമാണു ജ്ഞാനത്തെ കളങ്കപ്പെടുത്തുന്നതു്. വിപരീതനിശ്ചയത്തെയും സംശയത്തേയും ഒന്നിച്ചു വിപര്യയമെന്നു പറയും. അതേ വിപര്യയമില്ലാത്തതാണു സാക്ഷാത്കാരവിഷയമായ തത്ത്വജ്ഞാനം. തന്മൂലമാണതിനെ വിശുദ്ധമെന്നു പറഞ്ഞതു്. തത്ത്വവിഷയംതന്നെ സംശയവിപര്യയങ്ങളില്ലാത്തതാണ്.

വിപര്യയത്തിനു് വിപരീതനിശ്ചയമെന്നർത്ഥം. വസ്തുബോധത്തിൽ വരാവുന്ന തെററായ ധാരണയാണ്‌ വിപരീതനിശ്ചയം. തെററായ ധാരണ രണ്ടു രീതിയിൽ വരാം. സംശയാത്മകമായും വിപരീതാത്മകമായും. കുററി കണ്ടു്, മനുഷ്യനോ കുററി

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

യോ എന്ന ശങ്കിക്കുന്നതു് സംശയം. കുററി മനുഷ്യനെന്നറിയുന്നതു് വിപരീതം. വാസ്തവത്തിൽ കുററി, മനുഷ്യനല്ല; അതിൽ മനുഷ്യബുദ്ധി വിപരീതമായുണ്ടാവുകയാണു്. ഇല്ലാത്തതുണ്ടെന്നറിവു് വിപരീതമാണല്ലോ. സംശയാത്മകവും വിപരീതാത്മകവുമായ രണ്ടു ധാരണയും ശരിയല്ല; തെററാണു്. അതു രണ്ടും അജ്ഞതയിൽനിന്നുണ്ടാകുന്നു. അജ്ഞതാജന്യമാകകൊണ്ടു് സംശയവിപരീതധാരണകളെ സമാനകക്ഷ്യയിൽപ്പെടുത്തി രണ്ടിനേയും വിപര്യയമെന്ന ഒരു ശബ്ദംകൊണ്ടു് നിർദ്ദേശിച്ചു. വിപരീതജ്ഞാനത്തിൽ സംശയജ്ഞാനത്തിനും അന്തർഭാവമുള്ളതുകൊണ്ടു് ഈ സമീകരണനിർദ്ദേശം സംഗതംതന്നെ.

ഭാഷ്യം:—ഏവംവിധമായ അഭ്യാസംകൊണ്ടു് തത്ത്വജ്ഞാനമുണ്ടാകുമെന്നിരിക്കട്ടെ; അപ്രകാരമാണെങ്കിലും അനാദിയായ മിഥ്യാജ്ഞാനസംസ്കാരംകൊണ്ടു് മിഥ്യാജ്ഞാനത്തെ ജനിപ്പിക്കേണ്ടതാണു്. അങ്ങനെയാകുമ്പോൾ തന്നിമിത്തമായ സംസാരത്തിന്റെ അനുച്ഛേദപ്രസംഗമുണ്ടാകുമെന്നുവച്ചാണു് "കേവല"മെന്നു പറഞ്ഞതു്. വിപരീതനിശ്ചയത്തോടു കൂടിക്കലരാതിരിക്കുക. അനാദിയായ വിപര്യയവാസനയുണ്ടെങ്കിലും തത്ത്വജ്ഞാനസാക്ഷാത്കാരത്തെ ആധാനംചെയ്യുന്ന തത്ത്വജ്ഞാനവാസന ആദിമതിയായാൽപോലും (സംസാരത്തെ) സമുച്ഛേദിക്കാൻ കഴിവുള്ളതായിരിക്കും. തത്ത്വപക്ഷപാതം ബുദ്ധിയുടെ സ്വഭാവമാണു്.

വിവരണം:—സാക്ഷാത്കരിക്കപ്പെടുന്ന തത്ത്വജ്ഞാനം അവിപര്യയമായിരിക്കുന്നതിനുപുറമേ കേവലംകൂടിയാണു്. കേവലമെന്നാൽ മറെറാന്നിന്റേയും കലർപ്പില്ലാത്തതു്. മിഥ്യാജ്ഞാനത്തിന്റെ കലർപ്പില്ലാത്തതാണു് സാക്ഷാത്കാരവിഷയമായ തത്ത്വജ്ഞാനം. മിഥ്യാജ്ഞാനമെന്താണെന്നോ? പ്രകൃതിയും പുരുഷനും ഒന്നാണെന്ന തെററായ അറിവു്. താദൃശമായ മിഥ്യാജ്ഞാനം അനാദിയാണു്. അതുമായുള്ള ഏറെക്കാലത്തെ പരിചയം തദ്രൂപമായ സംസ്കാരമായിത്തീർന്നു മിഥ്യാജ്ഞാനത്തെ ജനിപ്പിക്കുന്നതായി വരാം. മിഥ്യാജ്ഞാനം നിലവിലിരിക്കെ സംസാരനാശത്തിനു് പ്രസക്തിയുമില്ല. അത്തരം മിഥ്യാജ്ഞാനത്തിന്റെ കലർപ്പില്ലാത്തതാണു് തത്ത്വജ്ഞാനം. പഴകി മുത്തുമുരടിച്ച മിഥ്യാജ്ഞാനത്തെ തത്കാലമുണ്ടായ തത്ത്വസാ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ക്ഷാത്കാരജനകമായ ജ്ഞാനമെങ്ങനെ നശിപ്പിക്കുമെന്നു ശങ്കിക്കേണ്ടതില്ല. തത്ത്വസംസ്കാരജന്യമായ വിവേകജ്ഞാനമതിനു കഴിവുററതാണ്. തത്ത്വമറിഞ്ഞുകഴിഞ്ഞാൽപ്പിന്നെ അതിൽത്തന്നെ ഉറച്ചുനില്ക്കുകയാണ് ബുദ്ധിയുടെ സ്വഭാവം. അധികനാൾ തകരത്തെ വെള്ളിയെന്നു തെററായി ധരിച്ചുവച്ചു. പിന്നത്ത് അഗ്നിപരിശോധനയിൽ തകരമെന്ന പദമാത്ഥം നേരിട്ടറിഞ്ഞാൽ വീണ്ടും വെള്ളിയെന്നു ധരിക്കാറില്ലല്ലോ; അതുപോലെ.

ഭാഷ്യം:—ജ്ഞാനസ്വരൂപത്തെ പറയുന്നു; നാസ്മി, നമേ, നാഹം എന്നിങ്ങനെ. നാസ്മി എന്നതുകൊണ്ട് ആത്മാവിലെ ക്രിയാമാത്രത്തെ നിഷേധിക്കുന്നു. എങ്ങനെയെന്നാൽ, ആന്തരങ്ങളായ, അധ്യവസായം അഭിമാനം സങ്കല്പം ആലോചനം ഇവയും ബാഹ്യങ്ങളായ സവ്വവ്യാപാരങ്ങളും ആത്മാവിൽ നിഷേധിക്കപ്പെട്ടവയെന്നറിയേണ്ടതാണ്.

യാതൊന്നുഹേതുവായിട്ട് ആത്മാവിൽ ക്രിയാസാമാന്യസംബന്ധമില്ല. എന്നതുകൊണ്ടു നാഹമെന്നു പറഞ്ഞു. (ഞാൻ കത്താവല്ല.) ഞാൻ എന്നതു കത്തൃപരമാണ്. ഞാൻ അറിയുന്നു, ഞാൻ ഹോമിക്കുന്നു, ഞാൻ കൊടുക്കുന്നു, ഞാൻ ഭജിക്കുന്നു, എന്നിപ്രകാരം സവ്വത്ര കത്താവിൻെറ പരാമർശം നിമിത്തം; നിഷ്ക്രിയത്വത്തിൽ സവ്വകത്തൃത്വാഭാവമുണ്ടാകുന്നു. അതിനാൽ ഞാൻ കത്താവല്ല (നാഹം) എന്നു പറഞ്ഞതു ശരിയാണ്. അതുകൊണ്ട് എനിക്കു സ്വാമിത്വമില്ല(നമേ.) കത്താവാണു സ്വാമിയെ പ്രാപിക്കുന്നത്. അതിൻെറ അഭാവംനിമിത്തം സ്വാമിത്വമെങ്ങനെയാണു സ്വാഭാവികമായുണ്ടാവുക? ഇത്രയും അറിഞ്ഞതായിരിക്കുമ്പോൾ അറിയാത്തതായി ചിലപ്പോൾ ഒരു വിഷയമുണ്ടായാൽ ആ അജ്ഞാനം ജീവികളെ ബന്ധിക്കുമെന്നുവച്ചു പറയുന്നു, "അപരിശേഷ"മെന്ന്. ഇതിൽ അറിയേണ്ടതായി വിശേഷിച്ചൊന്നുമില്ല. യാതൊരജ്ഞാനം ബന്ധിക്കുമെന്നാത്ഥം.

വിവരണം:—തത്ത്വജ്ഞാനത്തിൻെറ വിചാരണ കഴിഞ്ഞു. ഇനി അതിൻെറ സ്വരൂപനിർദ്ദേശം ചെയ്യുകയാണ്. തത്ത്വജ്ഞാനം ഏതു സ്വരൂപത്തിലിരിക്കുമെന്ന്. നാസ്മി, നാഹം, ന മേ, ഇത്രയുമാണ് ജ്ഞാനസ്വരൂപം. ഞാൻ ക്രിയാബന്ധമി

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ല്ലാത്തവനാണ്, ഞാൻ കർത്താവല്ല, എനിക്കു സ്വാമിത്വമില്ല് ഇങ്ങനെ ക്രമത്തിൽ അവയുടെ അർത്ഥം. ഞാനെന്നാൽ ആത്മാവ് അഥവാ പുരുഷൻ. ജ്ഞാനരൂപമാണ് ആത്മാവ്. ആത്മസത്തയിൽ ക്രിയാസംബന്ധമില്ല; അതിനാൽ ആത്മാവ് ക്രിയയോടു കൂടിയതല്ല,(നാസ്മി) നിഷ്ക്രിയമാണ് പ്രകൃതത്തിൽ ക്രിയാർത്ഥം എങ്ങനെയെന്നോ? അസ്മി, അസ്തി എന്നതിന്റെ ഉത്തമപുരുഷനാണ്. അസ്തിക്ക്, ക്രിയാസാമാന്യമെന്നർത്ഥമുണ്ട്.* അതേ അർത്ഥം സ്വീകരിച്ചുകൊണ്ടു ക്രിയയെന്നു പറഞ്ഞു. ആത്മാവിനു കർത്തൃബന്ധമില്ല. ആകയാൽ ആത്മാവു കർത്താവല്ല (നാഹം). കർത്തൃത്വമില്ലാത്തതുകൊണ്ടു സ്വാമിത്വമില്ല ആത്മാവിന് (ന മേ.) സ്വാമിത്വമെന്നുവച്ചാൽ ചെയ്യിക്കുകയെന്നു താത്പര്യം. ചെയ്യിക്കുന്നവൻ(കാരയിതാവ്) സ്വാമി. ആത്മാവ് (ഞാൻ—പുരുഷൻ) നിഷ്ക്രിയനാണ്; കർത്താവും കാരയിതാവുമല്ല ആത്മാവ്. കർമ്മമണ്ഡലത്തിൽ മൂന്നു മുഖ്യഘടകം; പ്രവൃത്തി (ക്രിയ)യും, പ്രവർത്തിക്കുന്ന (കർത്താവ്)വനും, പ്രവർത്തിപ്പിക്കുന്ന (കാരയിതാവ്) വനും. ഈ മൂന്നിനോടും ബന്ധമില്ലാത്തവനാണ് ആത്മരൂപമായ ഞാൻ. ഇതുതന്നെ തത്ത്വജ്ഞാനത്തിന്റെ സാക്ഷാത്തായ സ്വരൂപം.

ക്രിയ അഥവാ പ്രവൃത്തി രണ്ടുവിധമുണ്ട്; ആഭ്യന്തരമെന്നും ബാഹ്യമെന്നും. ബുദ്ധിയുടെ അധ്യാസം (നിശ്ചയം) അഹങ്കാരത്തിന്റെ അഭിമാനം, മനസ്സിന്റെ സങ്കല്പവും ആലോചനയും, ഇത്രയുമാണ് ആഭ്യന്തരമായ ക്രിയ. ജ്ഞാനേന്ദ്രിയങ്ങളുടേയും കർമ്മേന്ദ്രിയങ്ങളുടേയും ക്രിയ ബാഹ്യവും. ഈ ക്രിയകളെല്ലാം പ്രകൃതിയുടേതാണ്. പുരുഷ (ആത്മാവ്)ന് ഇവയോടൊന്നും ബന്ധമില്ല. ക്രിയയോട്—പ്രവൃത്തിയോട്—ബന്ധപ്പെട്ടതാണു ഞാൻ അഹം). ഞാൻ അറിയുന്നു, ഞാൻ ഹോമിക്കുന്നു, ഞാൻ കൊടുക്കുന്നു, എന്നിങ്ങനെ വ്യവഹാരദശയിൽ ക്രിയയോടു ഞാൻ ബന്ധപ്പെട്ടു നില്ക്കുന്നു. കർതൃപരാമർശമുള്ളതാണു കാരണം. ആത്മാവിനു ക്രിയാബന്ധമില്ല; തന്മൂലം കർതൃബന്ധവുമില്ല. പ്രയോജ്യകർത്താവെന്നും പ്രയോജകകർത്താവെന്നും കർത്താവു രണ്ടുതരം. പ്രവൃത്തിക്കു വിധേയനാകുന്നവൻ പ്രയോജ്യകർത്താവ്. പ്രയോജകകർത്താവ് പ്രവൃത്തിക്കു പ്രേരണകൊടുക്കുന്നവനാണ്. മറ്റൊരു വാക്കിൽ

---

* ധാതവഃ ക്രിയാസാമാന്യവചനാഃ (പാണിനി)

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പ്രവർത്തിപ്പിക്കുന്നവൻ. അതുതന്നെ സ്വാമി. ആത്മാവിനു കർത്തൃത്വമേയില്ലാതിരിക്കെ സ്വാമിത്വവുമില്ലെന്നു സിദ്ധം. അങ്ങനെ ക്രിയാകർത്തൃസ്വാമിത്വരഹിതമായ ആത്മസത്ത(പുരുഷൻ)യാണു ജ്ഞാനത്തിന്റെ സ്വരൂപം. അതേ ജ്ഞാനത്തെ സാക്ഷാത്കരിച്ചാൽ പിന്നെ അറിയേണ്ടതായി മറ്റൊന്നും ശേഷിക്കയില്ല. തത്ത്വജ്ഞാനം സിദ്ധമാകുന്നതോടെ സകലത്തും അറിഞ്ഞുകഴിയും.

ഇപ്രകാരമുള്ള തത്ത്വസാക്ഷാത്കാരംകൊണ്ടു് ഫല സിദ്ധിക്കുമെന്നു പറയുന്നു.

കാരിക:—

തേന നിവൃത്തപ്രസവാ-
മർത്ഥവശാത് സപ്തരൂപവിനിവൃത്താം
പ്രകൃതിം പശ്യതി പുരുഷഃ
പ്രേക്ഷകവദവസ്ഥിതഃ സ്വസ്ഥഃ 65

അർത്ഥം:—വിശുദ്ധമായ തത്ത്വജ്ഞാനംകൊണ്ടു് ഭോഗസാക്ഷാത്കാരനിവൃത്തിയായി വിവേകജ്ഞാനരൂപമായ സാമർത്ഥ്യംനിമിത്തം ധർമ്മാദിസപ്തഭാവങ്ങളിൽനിന്നു നിവൃത്തയായ പ്രകൃതിയെ പുരുഷൻ, കാഴ്ചക്കാരനെന്നപോലെ വർത്തമാനനായി നിഷ്ക്രിയനായി കാണുന്നു.

ഭോഗമായും സാക്ഷാത്കാരമായും പരിണമിക്കുക പ്രകൃതിയുടെ സ്വഭാവമാണു്. തത്ത്വജ്ഞാനം സിദ്ധിക്കുന്നതോടെ, മുൻപറഞ്ഞ പരിണാമസ്വഭാവത്തിൽനിന്നു പ്രകൃതി നിവർത്തിക്കും. വിവേകജ്ഞാനത്തിന്റെ സാമർത്ഥ്യംനിമിത്തം ധർമ്മാദികളായ സപ്ത (ഏഴു്) ഭാവങ്ങളുടെ നിവൃത്തിയുമുണ്ടാകും. ആ നിലയിലെത്തിയ പ്രകൃതിയെ കേവലം കാഴ്ചക്കാരൻ ഉദാസീനനെന്ന മട്ടിൽ നിന്നുകൊണ്ടു് പുരുഷൻ സ്വസ്ഥ(സത്ത്വാദിഗുണരഹിത)നായി കാണും.

പരിണാമസ്വഭാവമുള്ള പ്രകൃതിയോടു് അജ്ഞാനംനിമിത്തമുണ്ടാകുന്ന പ്രാതീതികബന്ധത്തിൽനിന്നു് പുരുഷൻ (ആത്മാവു്) സ്വതന്ത്രനാവുക; സ്വസ്ഥനാവുകയാണു തത്ത്വസാക്ഷാത്കാരത്തിന്റെ പ്രയോജനം.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഭാഷ്യം:—ഭോഗവും വിവേകസാക്ഷാത്കാരവും പ്രകൃതിയിൽനിന്നു പ്രസവിക്കേണ്ടവയാണു് എന്നതിനാൽ അവ രണ്ടും പ്രസൂതങ്ങളാകുന്നു. ഇതിൽനിന്നു (പ്രകൃതി) പ്രസവിക്കേണ്ടത വശേഷിക്കുന്നില്ല എന്നതുകൊണ്ടു് നിവൃത്തപ്രസവയായ പ്രകൃതി. വിവേകജ്ഞാനരൂപമായ യാതൊരത്ഥമോ അതിൻെറ വശം; സാമർത്ഥ്യംനിമിത്തം; തത്വജ്ഞാനപൂർവകങ്ങളല്ലാത്തവയാണു്, ധമ്മാധമ്മജ്ഞാനവൈരാഗ്യാവൈരാഗ്യൈശ്വര്യാനൈശ്വര്യങ്ങൾ. വൈരാഗ്യവും തത്വജ്ഞാനമൊഴിച്ചുള്ള കേവലതൗഷ്ടികങ്ങളിൽപ്പെട്ടതുമെന്നോ അതിൽ തത്വജ്ഞാനം വിരോധിത്വംകൊണ്ടു് അതത്വജ്ഞാനത്തെ ഉച്ഛേദനംചെയ്യുന്നു. കാരണനിവൃത്തികൊണ്ടു് സപ്തരൂപങ്ങളും നിവത്തിക്കുന്നു; എന്നതിനാൽ സപ്തരൂപനിവൃത്തയാകും പ്രകൃതി. "അവസ്ഥിതൻ" എന്നാൽ നിഷ്ക്രിയൻ. "സ്വസ്ഥ"നെന്നുവച്ചാൽ രാജസ്തമോവൃത്തികലുഷമായ ബുദ്ധിയിൽനിന്നു വേർപെട്ടവൻ. സാത്വികിയായ ബുദ്ധിയിൽനിന്നുപോലും ഇവനു്—പുരുഷനു്—അപ്പോൾ (തത്വജ്ഞാനോദയത്തിൽ) അല്പം ഭിന്നത ഭവിക്കുന്നു. ഇപ്രകാരമുള്ള പ്രകൃതിയുടെ അന്യധാദർശനമാണു് കാരണം.

വിവരണം:—പരിണാമംകൊണ്ടു് പ്രകൃതിയിൽനിന്നു ജനിക്കേണ്ടതാണു് ഭോഗവും, വിവേകത്തിൻെറ നേരിട്ടുള്ള അനുഭൂതി (വിവേകസാക്ഷാത്കാരം)യും. അതു രണ്ടും പ്രകൃതിയിൽനിന്നു ജനിതവുമാകുന്നു. വിവേകജ്ഞാനം സിദ്ധിക്കുന്നതോടെ സ്വന്തമായ പരിണാമസ്വഭാവത്തിൽനിന്നു പ്രകൃതി നിവത്തിക്കും. അപ്പോൾ, ജ്ഞാനമൊഴികെയുള്ള ബുദ്ധിധമ്മങ്ങളായ സപ്തഭാവങ്ങളും (ധമ്മം, അധമ്മം, അജ്ഞാനം, വൈരാഗ്യം, അവൈരാഗ്യം, ഐശ്വര്യം, അനൈശ്വര്യം) നിവത്തിക്കും. സപ്തഭാവങ്ങളിലെ വൈരാഗ്യം ജ്ഞാനമൊഴിച്ചുള്ളതാണു്. ("ആധ്യാത്മിക്യഃ" എന്ന കാരികാവ്യാഖ്യാനം നോക്കുക.) ധമ്മാദികളായ സപ്തഭാവങ്ങൾ അജ്ഞാനജന്യങ്ങളാണു്. തത്വജ്ഞാനംകൊണ്ടു് അജ്ഞാനം നീങ്ങും. കാരണമായ അജ്ഞാനം നീങ്ങുമ്പോൾ കാര്യങ്ങളായ ധമ്മാദിസപ്തഭാവങ്ങളും നീങ്ങും. ഇങ്ങനെ പ്രകൃതി, മുഴുക്കെ നിവൃത്തപ്രസവയും സപ്തരൂപനിവൃത്തയുമാകും ഉടനെ പുരുഷൻ, സ്വാഭാവികമായ നിഷ്ക്രിയത്വത്തിൽ രജസ്തമോകലുഷമായ ബുദ്ധിയിൽനിന്നു വേർപെട്ടുനില്ക്കുകയുംചെയ്യും. പ്രകൃതിയുടെ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

വെറുമൊരു കാഴ്ചക്കാരൻമാത്രമായി മാറും പുരുഷൻ. പ്രതീതി മാത്രമായ പ്രകൃതിബന്ധം വിട്ട് പുരുഷൻ (ആത്മാവ്) മുക്തിരൂപമായ സ്വാതന്ത്ര്യം നേടുമെന്നു താത്പര്യം. അതാണു തത്ത്വജ്ഞാനപരിശീലനത്തിന്റെ പരമമായ പ്രയോജനം. ജ്ഞാനോദയത്തിൽ ബുദ്ധി സാത്ത്വികമാകുമെന്നാലും പുരുഷൻ അതിൽനിന്നും അല്പം ഭിന്നനായിരിക്കും. പരിണാമസ്വഭാവം, വിട്ടു പ്രകൃതി, സ്വന്തനില, കാണപ്പെടുന്നതാണു കാരണം.

ഭാഷ്യം:—(സംശയം) "നിവൃത്തിപ്രസവ" എന്നതിനെ ഞങ്ങൾ സഹിക്കുന്നില്ല; അതു (പ്രസവം-സൃഷ്ടി) സംയോഗകൃതമെന്നു പറഞ്ഞതുകൊണ്ട്. (21-ാംകാരിക നോക്കുക.) യോഗ്യതാസ്വരൂപമാണു സംയോഗം. അതായതു് ഭോക്തൃത്വയോഗ്യത. പുരുഷന്റെ ചൈതന്യമാണ് ഭോക്തൃത്വയോഗ്യത. പ്രകൃതിയുടെ ജഡത്വവും വിഷയത്വവും. ഇവയ്ക്കു്—ഭോക്തൃത്വഭോഗ്യത്വങ്ങൾക്ക്)—നിവൃത്തിയുണ്ടാകുന്നില്ല. കരണീയാഭാവംനിമിത്തം നിവൃത്തി ഭവിക്കുന്നില്ല; തജ്ജാതീയമായ അന്യത്തിന്റെ കരണീയത്വം ഹേതുവായിട്ടു പിന്നെയും പിന്നെയും ശബ്ദാദ്യപഭോഗവത്തായിരിക്കുമെന്നതിനാൽ പറയുന്നു.

വിവരണം:—ഒരു സംശയമുന്നയിക്കുന്നു. "പ്രകൃതി സൃഷ്ടികാര്യത്തിൽനിന്നു നിവർത്തി (നിവൃത്തപ്രസവ)യ്ക്കുമെന്ന പക്ഷം ശരിയല്ല. ഇരുപത്തൊന്നാംകാരികയിൽ പ്രകൃതിപുരുഷസംയോഗം നിമിത്തം സൃഷ്ടികാര്യം നടക്കുന്നതായി പറഞ്ഞിട്ടുള്ളതുതന്നെ കാരണം. ഈ സംയോഗം, പുരുഷന്റെ ഭോക്തൃത്വയോഗ്യതാരൂപമായ ചൈതന്യവും, പ്രകൃതിയുടെ ഭോഗ്യത്വയോഗ്യതാരൂപമായ, ജഡത്വവിഷയത്വങ്ങളുമാണ്. പുരുഷന്റെ ചൈതന്യവും, പ്രകൃതിയുടെ ജഡത്വവിഷയത്വങ്ങളും നിലവിലുള്ളിടത്തോളം, മുൻപറഞ്ഞ ഭോക്തൃത്വയോഗ്യതയും ഭോഗ്യത്വയോഗ്യതയും ഉണ്ടായിരിക്കതന്നെ ചെയ്യും. ഭോഗ്യത്വം, ശബ്ദാദികളുടെ അനുഭവമാണ്. ഭോഗ്യത്വം നിലനിൽക്കണമെങ്കിൽ ശബ്ദാദികൾ അവശ്യം വേണം. പ്രകൃതിപ്രസവങ്ങളാണ്, അഥവാ പ്രകൃതിപരിണാമങ്ങളാണു്, ശബ്ദാദികൾ. എന്നിരിക്കെ, ശബ്ദാദിവിഷയങ്ങളെ ജനിപ്പിക്കുന്നതിൽനിന്നൊഴിയുക, നിവൃത്തപ്രസവയാകുക, പ്രകൃതിക്കു സാദ്ധ്യമല്ല. പുരുഷഭോഗ്യമായ സൃഷ്ടികാര്യത്തിൽ പ്രകൃതി, അവിരാമം വ്യാപരിച്ചുകൊണ്ടിരിക്കണം. ജന്യശക്തിയില്ലാതാ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

യെങ്കിലേ ജനനനിവൃത്തിയുണ്ടാകു. പ്രകൃതിക്കാകട്ടെ ജന്യശക്തിയില്ലാതാകുന്നില്ല. തന്മൂലം, പ്രകൃതിയുടെ പരിണാമപരമ്പരകളായ ശബ്ദാദിവിഷയങ്ങൾ വീണ്ടും വീണ്ടും ഉണ്ടായിക്കൊണ്ടിരിക്കും." ഈ സംശയത്തെ അടുത്ത കാരികകൊണ്ടു പരിഹരിക്കുന്നു.

കാരിക:—

ദൃഷ്ടാമയേത്യുപേക്ഷക
ഏകോ ദൃഷ്ടാഹമിത്യുപരമത്യന്യാ
സതി സംയോഗേപി തയോഃ
പ്രയോജനം നാസ്തി സർഗ്ഗസ്യ. 66

അർത്ഥം:—ഒരുവൻ, പുരുഷൻ, എന്നാൽ പ്രകൃതി ദൃഷ്ടമായി എന്നുവച്ചു് ഉപേക്ഷകനാകുന്നു. മറ്റവൾ, പ്രകൃതി, എന്നാൽ പുരുഷൻ ദൃഷ്ടനായി എന്നുവച്ചു വിരമിക്കയും ചെയ്യുന്നു. അവർക്കു രണ്ടുപേർക്കും സംയോഗമുണ്ടായിരുന്നാലും സർഗ്ഗത്തിന്റെ പ്രയോജനമില്ല.

തത്ത്വജ്ഞാനത്തിന്റെ വെളിച്ചത്തിൽ പുരുഷൻ പ്രകൃതിയേയും, പ്രകൃതി പുരുഷനേയും കണ്ടുകഴിഞ്ഞാൽ പിന്നെ, വീണ്ടും കാണുകയുണ്ടാവില്ല ആദ്യത്തെ കാഴ്ചകൊണ്ടുതന്നെ തൃപ്തരായി വിരമിച്ചുകൊള്ളും. ആ സ്ഥിതിയിൽ, പ്രകൃതിപുരുഷന്മാർക്കു സംബന്ധമുണ്ടായിരുന്നാലും സൃഷ്ടികാര്യം നടക്കുന്നതല്ല

ഭാഷ്യം:—വിവേകമുണ്ടാകാത്ത പ്രകൃതി, പിന്നെയും പിന്നെയും ശബ്ദാദ്യുപഭോഗത്തെയുണ്ടാക്കും. വിവേകമുണ്ടാകയാൽ ശബ്ദാദ്യുപഭോഗത്തെയുണ്ടാക്കുകയില്ല. അവിവേകബന്ധമാണ്, ശബ്ദാദ്യുപഭോഗം. ആ ബന്ധത്തിന്റെ അഭാവത്തിൽ അതു് (ശബ്ദാദ്യുപഭോഗം) ഉണ്ടാകാൻ അർഹമല്ല. വിത്തിന്റെ അഭാവത്തിൽ മുളയുണ്ടാകാത്തതുപോലെ.

വിവരണം:—വിവേകജ്ഞാനമുണ്ടാകുന്നതുവരെ പുരുഷന്, പ്രകൃതിയിൽനിന്നു ശബ്ദാദിവിഷയങ്ങളുടെ അനുഭവം കൂടെക്കൂടെയുണ്ടാകും. വിവേകജ്ഞാനമുണ്ടായാൽ പിന്നെ അതു സംഭവിക്കയില്ല. അവിവേകബന്ധമാണു വിഷയോപഭോഗത്തിനു കാരണം. വിവേകജ്ഞാനം സിദ്ധിക്കുന്നതോടെ ആ ബന്ധം ഇല്ലാതാകും.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഉടനെ ശബ്ദാദിവിഷയങ്ങളുടെ അനുഭവവുമില്ലാതാകും. വിത്തില്ലാതിരിക്കുമ്പോൾ മുളയുണ്ടാകാത്തതുപോലെ.

ഭാഷ്യം:—പ്രാകൃതങ്ങളും സുഖദുഃഖമോഹരൂപങ്ങളുമായ ശബ്ദാദികളെ, "ഇവ എന്റെ"യെന്ന് അഭിമാനിക്കുന്നവനായിട്ട് പുരുഷൻ (ആത്മാവ്) അനുഭവിക്കും. അപ്രകാരം വിവേകജ്ഞാനത്തെയും അവിവേകംനിമിത്തം "എനിക്കുവേണ്ടിയുള്ള ഇതു" പ്രകൃതിയുടേതെന്നു പുരുഷൻ വിചാരിക്കുന്നു. വിവേകജ്ഞാനമുണ്ടായിക്കഴിയുമ്പോളാകട്ടെ തത്സംസർഗ്ഗംനിമിത്തം ശബ്ദാദികളെ അനുഭവിക്കാൻ അർഹനാകുന്നില്ല; വിവേകജ്ഞാനം പ്രകൃതിയുടേതാണെന്നും വിചാരിക്കുന്നില്ല. അതു ഹേതുവായിട്ട് പരിശുദ്ധനായ പുരുഷൻ (ആത്മാവ്) സ്വാതന്ത്ര്യത്തെ അഭിമാനിക്കാനും അർഹനാകുന്നില്ല. പ്രകൃത്യാരംഭപ്രയോജകങ്ങളെന്നു നിശ്ചയിച്ച പുരുഷപ്രയോജനങ്ങളായ ഭോഗാപവർഗ്ഗങ്ങൾ, പുരുഷപ്രയോജനങ്ങളല്ലാത്തവയായിട്ട് പ്രകൃതിയെ പ്രയോഗിക്കയുമില്ല. അതുകൊണ്ടാണിതു പറഞ്ഞതു് "പ്രയോജനം നാസ്തി സർഗ്ഗസ്യ"എന്നു്. ഇതിനാൽ പ്രകൃതി സർഗ്ഗത്തിൽ പ്രയോഗിക്കപ്പെടുന്ന എന്നതു കൊണ്ടു പ്രയോജനം. അതു് അപുരുഷാർത്ഥത്വത്തിൽ—പുരുഷപ്രയോജനമല്ലാത്ത അവസ്ഥയിൽ—ഭവിക്കുന്നില്ലെന്നർത്ഥം.

വിവരണം:—തത്ത്വജ്ഞാനം ലഭിക്കുന്നതുവരെ പുരുഷൻ (ആത്മാവ്) ശബ്ദാദിവിഷയങ്ങളെ തന്റേതെന്നും, വിവേകജ്ഞാനംപോലും പ്രകൃതിയുടേതായി തനിക്കുവേണ്ടിയുള്ളതെന്നും അഭിമാനിക്കുന്നു. ഈ അഭിമാനം തത്ത്വജ്ഞാനമുദിക്കുന്നതോടെയില്ലാതാകും. പ്രകൃതിസംസർഗ്ഗം വിട്ടുപോകുന്നതാണ് കാരണം. ആ സ്ഥിതിയിൽ പുരുഷൻ (ആത്മാവ്) സ്വതന്ത്രനും ശുദ്ധകേവലസ്വരൂപനുമായി സ്വസ്ഥിതിയെ പ്രാപിക്കുകയാണ്. അപ്പോൾ പ്രകൃതിയുടേതായ ഭോഗാപവർഗ്ഗങ്ങൾ പുരുഷനെ സംബന്ധിച്ചിടത്തോളം നിഷ്പ്രയോജനങ്ങളാകും; മറ്റൊരു വാക്കിൽ, പുരുഷാർത്ഥങ്ങൾ അപുരുഷാർത്ഥങ്ങളാകും.* തത്ത്വസാക്ഷാത്കാരം നേടിയാൽപിന്നെ പുരുഷനെ ലക്ഷ്യമാക്കിയുള്ള പ്രകൃതിയുടെ സൃഷ്ടിപ്രവർത്തനം പ്രയോജനരഹിതമായിത്തീരുമെന്നു ചുരുക്കം.

---

* "വിമുക്തബോധാന്ന സൃഷ്ടിഃ പ്രധാനസ്യ ലോകവത്"—
(സാം—സൂ)

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഭാഷ്യം:—(സംശയം) തത്ത്വസാക്ഷാത്കാരം ഹേതുവായിട്ടു മുക്തനാകുമെങ്കിൽ, അനന്തരം ആ മുക്തനു ശരീരപാതമുണ്ടാകണം. എന്നതിനാൽ, ശരീരമില്ലാത്തവനെങ്ങനെ പ്രകൃതിയെ കാണും? ഇനി കർമ്മങ്ങളുടെ അക്ഷീണതനിമിത്തം ജ്ഞാനത്തിലും മോചിക്കുന്നില്ല എന്നാണെങ്കിൽ അവയ്ക്കെന്തുകൊണ്ടു പ്രക്ഷയമുണ്ടാകും? ഭോഗംനിമിത്തമെന്നാണെങ്കിൽ, കഷ്ടം. തത്ത്വജ്ഞാനം മോക്ഷസാധനമല്ലെന്നാകും. വ്യക്താവ്യക്തജ്ഞവിജ്ഞാനജന്യമായ തത്ത്വജ്ഞാനംകൊണ്ട് അപവർഗ്ഗം (മോക്ഷം) എന്ന നിരർത്ഥമായ വാക്യമായിത്തീരും. ഭോഗത്താൽ ക്ഷയിപ്പിക്കേണ്ടതായ കർമ്മാശയപ്രചയം (ധർമ്മാധർമ്മസമൂഹം) സംഖ്യയില്ലാത്തതും നിശ്ചയമില്ലാത്ത വിപാകസമയത്തോടുകൂടിയതുമാണ്. അതിനാൽ അപവർഗ്ഗപ്രാപ്തിയെന്നതു് ആഗ്രഹമാത്രമാകുന്നു. ഇതിനു സമാധാനം പറയുന്നു.

വിവരണം:—ഒരു സംശയമുന്നയിക്കുന്നു. "തത്ത്വസാക്ഷാത്കാരംനിമിത്തം ജ്ഞാനം സിദ്ധിക്കും. ജ്ഞാനം സിദ്ധിക്കുന്നതോടെ സ്ഥൂലശരീരം നശിക്കും. ജ്ഞാനിക്കു ശരീരപാതമാവശ്യമാണ്. ശരീരംകൂടാതെ പുരുഷൻ പ്രകൃതിയെ കാണുന്നതെങ്ങനെ? (പ്രകൃതിം പശ്യതി പുരുഷഃ പ്രേക്ഷകവത്) അഥവാ ജ്ഞാനലാഭത്തിലല്ല, കർമ്മക്ഷയത്തിലാണ് മുക്തി സിദ്ധിക്കുന്നതെങ്കിൽ കർമ്മങ്ങൾക്കെങ്ങനെ ക്ഷയമുണ്ടാകാനാണ്. ഭോഗംകൊണ്ട്, അനുഭവംകൊണ്ട്, കർമ്മങ്ങളെ അവസാനിപ്പിക്കാമെന്നായിരിക്കും. അപ്രകാരമെങ്കിൽ തത്ത്വജ്ഞാനം മോക്ഷസാധനമല്ലെന്നുവരും. അപ്പോൾ പ്രപഞ്ചം (വ്യക്തം) തത്കാരണമായ പ്രധാനം (അവ്യക്തം) പുരുഷൻ (ജ്ഞൻ) ഇവയിൽനിന്നു ജന്മമെടുക്കുന്ന തത്ത്വജ്ഞാനംകൊണ്ടു മോക്ഷം സിദ്ധിക്കുമെന്ന അഭിപ്രായം അർത്ഥശൂന്യമാവുകയുംചെയ്യും. ധർമ്മാധർമ്മരൂപമായ കർമ്മസമൂഹം അസംഖ്യമാണ്. അതെന്നവസാനിക്കുമെന്നു യാതൊരു നിശ്ചയവുമില്ല എന്നിരിക്കെ അല്ലശമായ കർമ്മം ഭോഗംകൊണ്ട് അവസാനിപ്പിക്കുക ദുഷ്കരംതന്നെ. ഇങ്ങനെ നോക്കുമ്പോൾ, മോക്ഷപ്രാപ്തിയെന്നതു് വെറുമാഗ്രഹംമാത്രമെന്നു കാണാം."

ഈ സംശയത്തിനു സമാധാനം പറയുന്നു.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

കാരിക:—

സമ്യഗ്ജ്ഞാനാധിഗമാദ്
ധർമ്മാദീനാമകാരണപ്രാപ്തൗ
തിഷ്ഠതി സംസ്കാരവശാത്
ചക്രഭ്രമിവദ്ധൃതശരീരഃ 67

അർത്ഥം:—സമ്യഗ്ജ്ഞാനോത്പത്തിനിമിത്തം, ധർമ്മാദികളുടെ കാരണം പ്രാപ്തമല്ലാതിരിക്കുമ്പോൾ സംസ്കാരം ഹേതുവായിട്ടു പുരുഷൻ ശരീരവാനായി സ്ഥിതിചെയ്യുന്നു. കുശവൻെറ ചക്രം ചുററുന്നതുപോലെ

മിഥ്യാജ്ഞാനവിച്ഛേദകമാണു തത്ത്വജ്ഞാനം. അതുതന്നെ സമ്യഗ്ജ്ഞാനം. ആ ജ്ഞാനം ലഭിക്കുന്നതോടുകൂടി, സ്ഥൂലശരീരസ്വീകരണത്തിൻെറ കാരണമായ ധർമ്മാദികൾ പ്രഭവിക്കാതാകും. എന്നിട്ടു മുക്തനായ പുരുഷൻ, സംസ്കാരംനിമിത്തം, നിലവിലിരിക്കുന്ന ശരീരം വഹിച്ചുകൊണ്ടു നില്ക്കും. ശരീരത്തോടു പുരുഷനു ബന്ധമൊന്നുമുണ്ടായിരിക്കുകയുമില്ല. കുശവൻെറ ചക്രം, ഉപയോഗം കഴിഞ്ഞാൽ പിന്നെയും കുറേനേരം നിന്നു കറങ്ങുമല്ലോ; അതുപോലെ. തത്ത്വജ്ഞാനംവഴിക്കു മുക്തനായാലുടൻ ശരീരം നശിക്കണമെന്നില്ല. വീണ്ടും പുരുഷൻ ശരീരവാനായി നില്ക്കുന്നതായിരിക്കും. എന്നാൽ ആ ശരീരധാരണം വറുത്ത വിത്തുപോലെ നിഷ്പ്രയോജനമെന്നേയുള്ളു.

ഭാഷ്യം:—തത്ത്വസാക്ഷാത്കാരോദയംകൊണ്ടുതന്നെ അനാദിയും അനിയതവിപാകകാലവുമാണെങ്കിലും കർമ്മാശയസമൂഹം, ദഗ്ദ്ധബീജഭാവംനിമിത്തം ജാത്യാദ്യുപഭോഗലക്ഷണമായ ഫലത്തിനായിക്കൊണ്ടു സമർത്ഥമാകുന്നില്ല. ക്ലേശസലിലംകൊണ്ടു നനച്ച ബുദ്ധിഭൂമിയിൽ കർമ്മബീജങ്ങൾ മുളയെ ജനിപ്പിക്കുന്നു. തത്ത്വജ്ഞാനമാകുന്ന വേനൽക്കാലത്താൽ ക്ലേശസലിലം നിശ്ശേഷം കുടിക്കപ്പെട്ടതായ മരുഭൂമിയിൽ കർമ്മബീജങ്ങളുടെ മുള എങ്ങനെയുണ്ടാകും? അതിനാലാണിതു പറഞ്ഞതു്; "ധർമ്മാദീനാമകാരണപ്രാപ്തൗ എന്നു് കാരണപ്രാപ്തികളില്ലാതിരിക്കെ എന്നർത്ഥം. തത്ത്വജ്ഞാനമുത്പന്നമായിരിക്കുമ്പോഴും സംസ്കാരംനിമിത്തം പുരുഷൻ ധൃതശരീരനായി സ്ഥിതിചെയ്യും. എങ്ങനെയെന്നാൽ കുശവൻെറ പ്രവർത്തനം നിലച്ചാലും ചക്രം വേഗരൂപമായ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സംസ്കാരംനിമിത്തം കറങ്ങും. കാലപരിപാകവശാൽ സംസ്കാരം ഉപരതമാകുമ്പോൾ ക്രിയാരഹിതമാവുകയും ചെയ്യുന്നു. പ്രാരബ്ധകർമ്മപരിപാകങ്ങളും ശരീരസ്ഥിതങ്ങളുമായ ധർമ്മാധർമ്മ സംസ്കാരങ്ങൾ ഭോഗത്താൽ ക്ഷയിക്കപ്പെടാവുന്നവയാണ്. അപ്രകാരം ശ്രുതിയെ അനുസ്മരിക്കുന്നു; "ഭോഗംകൊണ്ട് ഇതരങ്ങളെ—പുണ്യപാപങ്ങളെ—ക്ഷയിപ്പിച്ചതിനുശേഷം (ബ്രഹ്മത്തെ) പ്രാപിക്കുന്നു" (ബ്രഹ്മസൂത്രം) "എത്രവരെ വിമോചിക്കയില്ല, അത്രവരെ അവനു കാലവിളംബമുണ്ട്, അനന്തരം (കൈവല്യം) പ്രാപിക്കും" (ഛാന്ദോഗ്യം) എന്ന്. ക്ഷയിക്കേണ്ടതായ അവിദ്യാവിശേഷമാണു സംസ്കാരം. അതിന്റെ സാമർത്ഥ്യംകൊണ്ടു ധൃതശരീരനായി (പുരുഷൻ) സ്ഥിതിചെയ്യുന്നു.

വിവരണം:— ധർമ്മാദികൾ കർമ്മകാരണമാണ്. ബുദ്ധിനിഷ്ഠമായ ധർമ്മാദികൾ സൂക്ഷ്മശരീരംവഴി സ്ഥൂലശരീരത്തെ സ്വീകരിച്ചു കർമ്മരൂപമായി വ്യാപരിക്കുന്നു. കർമ്മഫലമാകട്ടെ നിയതകാലമല്ല; ഇന്നപ്പോളെന്ന വ്യവസ്ഥയുള്ളതല്ല. എന്നിരുന്നാലും സകലക്ലേശഹേതുകമായ കർമ്മങ്ങളും തത്കാരണമായ ധർമ്മാദികളും തത്ത്വജ്ഞാനത്തിന്റെ പ്രാദുർഭാവത്തിൽതന്നെ, വറുത്ത വിത്തിന്റെ സ്വഭാവത്തിലായിത്തീരും. തന്മൂലം അവ വീണ്ടും സ്ഥൂലശരീരമെടുക്കാൻ സമർത്ഥമാവുകയില്ല. (ജ്ഞാനം സിദ്ധിച്ചാൽ പിന്നെ ജന്മമില്ലെന്നു സാരം) ക്ലേശജലംകൊണ്ടു നനഞ്ഞ ബുദ്ധിഭൂമിയിലാണ് കർമ്മത്തിന്റെ വിത്തുകൾ മുളയ്ക്കുക; മറിച്ചു ജ്ഞാനമാകുന്ന വേനലിൽ ക്ലേശജലമൊന്നാകെ വറ്റി വരണ്ട് ഊഷരമായ ബുദ്ധിഭൂമിയിൽ കർമ്മബീജം മുളയ്ക്കുന്നതല്ല. ഇതിനെ വ്യക്തമാക്കുന്നതാണു കാരികയിലെ "ധർമ്മാദീനാമകാരണപ്രാപ്തൗ" എന്ന ഭാഗം. തത്ത്വജ്ഞാനം സിദ്ധിച്ചാലും പുരുഷൻ സ്ഥൂലശരീരം വിടാതെ വഹിച്ചുകൊണ്ടു നില്ക്കും. ശരീരധാരണരൂപമായ സംസ്കാരമാണിതിനു കാരണം. കുശവന്റെ മൺപാത്രം കടയുന്ന ചക്രം, കടച്ചിൽപണി കഴിഞ്ഞാലും വേഗരൂപമായ സംസ്കാരംനിമിത്തം കറങ്ങിക്കൊണ്ടിരിക്കുമല്ലോ; വേഗം നിലയ്ക്കുമ്പോൾ കറക്കവും നില്ക്കും. അതുപോലെ ശരീരധാരണരൂപമായ സംസ്കാരമവസാനിക്കുമ്പോൾ പുരുഷന്റെ സ്ഥൂലശരീരവും പ്രവർത്തനരഹിതമാകും. വീണുപോകുമെന്നു താത്പര്യം. ഈ പക്ഷം വേദവും സമ്മതിക്കുന്നു. "ധർമ്മാധർമ്മങ്ങളെ അനുഭ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

വംകൊണ്ടു ക്ഷയിപ്പിച്ചതിനുശേഷം ജ്ഞാനി മുക്തിപാത്രമായിത്തീരുന്നു."* (ബ്ര—സൂ.) "പ്രാരബ്ധകർമ്മഫലം മുഴുവനും അനുഭവിച്ചുതീരുന്നതുവരെ ജീവന്മുക്തന്നു കൈവല്യം സിദ്ധിക്കയില്ല"x (ഛാ—ഉ). തത്ത്വജ്ഞാനംകൊണ്ടു് അവശ്യം നശിപ്പിക്കേണ്ട അജ്ഞാനവിശേഷമാണു സംസ്കാരം. അതേ സംസ്കാരമാണു സ്ഥൂലശരീരത്തെ നിലനിൎത്തുന്നതു്.

ഭാഷ്യം:—സംസ്കാരവിശേഷംനിമിത്തം പുരുഷൻ ധൃതശരീരനാകുമെങ്കിൽ പിന്നെ എപ്പോൾ ഇവന്നു് (പുരുഷന്നു്) മോക്ഷമുണ്ടാകും? എന്നതിനെ പറയുന്നു. ഛാന്ദോഗ്യശ്രുതി പ്രതിജ്ഞചെയ്തിരിക്കുന്ന മോക്ഷമുണ്ടല്ലോ, അതെപ്പോൾ സിദ്ധിക്കുമെന്നു പറയാൻപോകുകയാണു്.

കാരിക:—

പ്രാപ്തേ ശരീരഭേദേ
ചരിതാർത്ഥത്വാത് പ്രധാനവിനിവൃത്തൌ
ഐകാന്തികമാത്യന്തിക-
മുഭയം കൈവല്യമാപ്നോതി. 68

അർത്ഥം:—ശരീരനാശമുണ്ടാകുമ്പോൾ, ചരിതാർത്ഥതാനിമിത്തം പ്രധാനം വിനിവൃത്തമായിരിക്കെ പുരുഷൻ ഐകാന്തികം ആത്യന്തികമെന്നു രണ്ടുമായ കൈവല്യത്തെ പ്രാപിക്കുന്നു.

പ്രാരബ്ധകർമ്മമനുഭവിച്ചുതീരുമ്പോൾ ശരീരം നശിക്കും. അപ്പോൾ ബുദ്ധിതത്ത്വാദികൾവഴിക്കു ഭോഗാപവർഗ്ഗലക്ഷണമായ പ്രയോജനംനിമിത്തം ചരിതാർത്ഥമായ പ്രധാനം (പ്രകൃതി) പരിണാമപ്രവൎത്തനത്തിൽനിന്നു വിരമിക്കും. ഉടൻതന്നെ പുരുഷൻ അവശ്യംഭാവിയും അനശ്വരവുമായ കൈവല്യം പ്രാപിക്കയും ചെയ്യും.

ഈ ജന്മത്തിലോ കഴിഞ്ഞ ജന്മത്തിലോ ചെയ്ത കർമ്മങ്ങൾ മനുഷ്യന്റെ അന്തഃകരണത്തിൽ സംസ്കാര (പരിചയബോധം)

---

* 'ഭോഗേന ത്വിതരെ ക്ഷപയിത്വാഥ സംപത്സ്യതെ.' (ബ്ര—സൂ)

x 'തസ്യ താവദേവ ചിരം യാവന്ന വിമോക്ഷ്യേഽഥ സംപത്സ്യതെ.'

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

രൂപമായി പതിയുന്നു. അതിനെയാണ് സഞ്ചിതകർമ്മമെന്നു പറയുന്നതു്. സഞ്ചിതകർമ്മങ്ങളുടെ കൂട്ടത്തിൽ ഫലപരമായ പ്രവർത്തനമനുസരിച്ചു രണ്ടുവിഭാഗമുൾപ്പെടുന്നു. തത്കാലജന്മത്തിലെ ഫലത്തിനായി പ്രവർത്തിക്കുന്നവയെന്നും പിൽക്കാലജന്മത്തിലെ ഫലത്തിനായി പ്രവർത്തിക്കുന്നവയെന്നും. തത്കാലജന്മത്തിൽ ഫലോന്മുഖമായി പ്രവർത്തിക്കുന്നവയാണ് പ്രാരബ്ധകർമ്മങ്ങൾ. മുപ്പറഞ്ഞ രണ്ടുവക കർമ്മങ്ങളും ജ്ഞാനാഗ്നിയിൽ ദഗ്ദ്ധബീജമായി നശിച്ചുപോകും.

(ജ്ഞാനാഗ്നിദഗ്ദ്ധകർമ്മാണം

തമാഹു പണ്ഡിതം ബുധാഃ)

ഭാഷ്യം:—തത്ത്വജ്ഞാനാഗ്നികൊണ്ടു പ്രാരബ്ധഫലങ്ങളായ ധർമ്മാധർമ്മങ്ങളുടെ ബീജഭാവം ദഗ്ദ്ധമാകുന്നു. ഉപഭോഗംകൊണ്ടു പ്രാരബ്ധഫലങ്ങൾക്കു ക്ഷയമുണ്ടാകുമ്പോൾ ശരീരത്തിന്റെ നാശം പ്രാപ്തമാകുന്നു. കൃതപ്രയോജനത്വ നിമിത്തം, ആ പുരുഷനെക്കുറിച്ചുള്ള പ്രധാനത്തിന്റെ നിവൃത്തിയിൽ അവശ്യംഭാവിയും ആത്യന്തികവുമായ കൈവല്യത്തെ—ദുഃഖത്രയനാശത്തെ—പുരുഷൻ പ്രാപിക്കുന്നു.

വിവരണം:—ധർമ്മാധർമ്മങ്ങൾ കർമ്മബീജമാണ്. ബീജാത്മകമായ കർമ്മങ്ങൾ സ്ഥൂലശരീരമെടുത്തു ജന്മമുണ്ടാകുന്നു. തത്ത്വജ്ഞാനമുദിക്കുന്നതോടെ കർമ്മബീജങ്ങളായ ധർമ്മാദികൾ നശിച്ചുപോകും. അപ്പോൾ വറുത്ത വിത്തുപോലെ കർമ്മങ്ങൾ ദഗ്ദ്ധബീജങ്ങളായിത്തീരും. പിന്നെ താദൃശകർമ്മങ്ങൾ ശരീരഗ്രഹണംചെയ്തു ജന്മമുണ്ടാക്കുകയില്ല. തത്കാലജന്മത്തിലെ പ്രാരബ്ധഫലങ്ങളുണ്ടല്ലോ, അതെല്ലാം അനുഭവിച്ചുതന്നെ അവസാനിപ്പിക്കണം. അങ്ങനെ അവസാനിക്കുമ്പോഴാണ് സ്ഥൂലശരീരം നശിക്കുക. ജ്ഞാനസിദ്ധിക്കുശേഷം, പ്രകൃതി ആ പുരുഷനെ ഉദ്ദേശിച്ചു പ്രവർത്തിക്കയില്ല. ഭോഗാപവർഗ്ഗലക്ഷണമായ പ്രയോജനംകൊണ്ടു് ചരിതാർത്ഥമായതാണു കാരണം. ഉടൻതന്നെ—സ്ഥൂലശരീരനാശത്തോടൊപ്പം—പുരുഷൻ നിത്യകൈവല്യം നേടുന്നു. മറെറാരുവാക്കിൽ ആധിഭൗതികം, ആധിദൈവികം, ആധ്യാത്മികം, ഈ മൂന്നുവക ക്ലേശവും എന്നേയ്ക്കുമായൊഴിഞ്ഞുപോകുന്നു.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഭാഷ്യം:—പ്രമാണംകൊണ്ടു് പ്രതിപാദിച്ചതാണെങ്കിലും അധികം ശ്രദ്ധയുണ്ടാകാൻ പരമർഷിപൂർവ്വകത്വമെന്നു പറയുന്നു.

വിവരണം:—ഈ ശാസ്ത്രം പ്രമാണംകൊണ്ടു പ്രതിപാദിച്ചിരിക്കയാണു്. എന്നാൽ പ്രതിപാദിച്ചതു് ഈശ്വരകൃഷ്ണനാണല്ലോ; ഈശ്വരകൃഷ്ണൻ നല്ല പണ്ഡിതനെന്നല്ലാതെ ഋഷിയല്ല. എന്നിരിക്കുമ്പോൾ ഋഷിപ്രോക്തമായ മററു ശാസ്ത്രങ്ങളോളം ഇതിനെ സാധാരണക്കാർ മാനിക്കാനിടയില്ലെന്നു വരും. അതു കരുതി ജനങ്ങൾ ശ്രദ്ധിക്കാൻവേണ്ടി ഈ സാംഖ്യശാസ്ത്രവും ഋഷിപ്രോക്തമെന്നു പറയുകയാണു്.

കാരികാ:—

പുരുഷാർത്ഥജ്ഞാനമിദം
ഗുഹ്യം പരമർഷിണാ സമാഖ്യാതം
സ്ഥിത്യുത്പത്തിപ്രലയാ-
ശ്ചിന്ത്യന്തേ യത്ര ഭൂതാനാം. (69)

അർത്ഥം:—ഈ ഗുഹ്യമായ പുരുഷാർത്ഥജ്ഞാനം (മോക്ഷശാസ്ത്രം) പരമർഷിയായ കപിലനാൽ സമാഖ്യാനംചെയ്യപ്പെട്ടതാണു്. ഇതുനിമിത്തം ജീവികളുടെ സൃഷ്ടിസ്ഥിതിലയങ്ങളെ വിചാരണചെയ്യുന്നു.

സ്ഥൂലബുദ്ധികൾക്കു മനസ്സിലാക്കാൻ പ്രയാസമുള്ളതാണു മോക്ഷമാർഗ്ഗപ്രതിപാദിതമായ ഈ സാംഖ്യശാസ്ത്രം. മഹാനായ കപിലമഹർഷിയാണിതിന്റെ ഉപജ്ഞാതാവു്. പ്രകൃതശാസ്ത്രംകൊണ്ടു് ജീവികളുടെ സൃഷ്ടിസ്ഥിതിലയങ്ങളുടെ വിചാരണ സാധിക്കുന്നു.

ഭാഷ്യം:—ഗുഹ്യമെന്നാൽ ഗുഹാനിവാസി. സ്ഥൂലബുദ്ധികൾക്കറിയാൻ പ്രയാസമുള്ളതെന്നു താത്പര്യം. പുരുഷാർത്ഥജ്ഞാനം പരമർഷിയാൽ, കപിലനാൽ, സമാഖ്യാതമാണു്. ആ ശ്രദ്ധയെ ആഗമികത്വംകൊണ്ടു് ദൃഢമാക്കുന്നു. ജീവികളുടെ സ്ഥിത്യുത്പത്തിപ്രലയങ്ങളെ യാതൊന്നുകൊണ്ടു വിചാരണചെയ്യുന്നു. യത്ര എന്നതു നിമിത്തസപ്തമിയാണു്. "ചർമ്മണി ദ്വീപിനം ഹന്തി" (തോലിനുവേണ്ടി പുലിയെ കൊല്ലുന്നു) പോലെ. ജ്ഞാനംകൊണ്ടു്, മോക്ഷശാസ്ത്രംകൊണ്ടു് എന്നർത്ഥം. ജീവികളുടെ സ്ഥിത്യുത്പത്തിപ്രലയങ്ങൾ ശാസ്ത്രങ്ങൾകൊണ്ടാണു് വിചാരണചെയ്യുന്നതു്.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

വിവരണം:— ഈ മോക്ഷശാസ്ത്രം ഗുഹ്യമാണ്, സ്ഥൂലബുദ്ധികൾക്കു മനസ്സിലാക്കാൻ പ്രയാസമുള്ളതാണ്. കപിലമഹർഷിയാൽ പ്രവചിക്കപ്പെട്ടതാണിത്. ഋഷിപ്രോക്തമെന്നു വിശേഷിപ്പിച്ചതുകൊണ്ട് ഇതിന്റെ ശാസ്ത്രത്വം വ്യക്തം. ജനങ്ങളുടെ ഏതദ്വിഷയകമായ ശ്രദ്ധയെ ദൃഢീകരിക്കാൻ അതു സഹായിക്കുന്നു. ഏവംവിധമായ ഈ സാംഖ്യശാസ്ത്രം പ്രപഞ്ചത്തിന്റെ സൃഷ്ടിസ്ഥിതിലയങ്ങളെ വിചാരണചെയ്യാൻ പ്രയോജനപ്പെട്ടതാണ്. ശാസ്ത്രങ്ങൾകൊണ്ടാണല്ലോ ജീവികളുടെ ഉത്പത്തി, നിലനില്പ്, നാശം ഇവയെക്കുറിച്ചു വിചാരണ നടത്തുക.

സാംഖ്യശാസ്ത്രജ്ഞാനം ലോകോത്തരമെന്നു വിദഗ്ദ്ധാപേക്ഷമുണ്ട്.*

ഭാഷ്യം:—(സംശയം) പരമർഷിയാൽ നേരിട്ടു പറയപ്പെട്ടതു യാതൊന്നോ അതിനെ ഞങ്ങൾ ശ്രദ്ധിക്കാം; എന്നാൽ ഈശ്വരകൃഷ്ണനാൽ പറയപ്പെട്ടതിലെങ്ങനെ ശ്രദ്ധയുണ്ടാകും? ഇതിനു സമാധാനം പറയുന്നു.

വിവരണം:—കപിലമഹർഷിയുടെ സിദ്ധാന്തം ശ്രദ്ധേയം തന്നെ. പക്ഷേ മഹർഷിയല്ലാത്ത ഈശ്വരകൃഷ്ണന്റെ അഭിപ്രായത്തിലെങ്ങനെ ശ്രദ്ധയുണ്ടാകും? ഈ സംശയം പരിഹരിക്കയാണ്.

കാരിക:—

ഏതത് പവിത്രമഗ്ര്യം
മുനിരാസുരയേ/നുകമ്പയാ പ്രദദൗ
ആസുരിരപി പഞ്ചശിഖായ
തേന ബഹുധാ കൃതം തന്ത്രം. 70

അർത്ഥം:—പരിശുദ്ധവും സർവ്വോത്തമവുമായ ഇതു (സാംഖ്യശാസ്ത്രം) ശ്രീ കപിലമുനി, ആസുരിക്ക്, ദയാപൂർവ്വം ഉപദേശിച്ചുകൊടുത്തു. ആസുരി, പഞ്ചശിഖനു കൊടുത്തു അദ്ദേഹത്താൽ സാംഖ്യശാസ്ത്രം പലപ്രകാരം പ്രചരിപ്പിക്കപ്പെടുകയുമുണ്ടായി.

സാംഖ്യശാസ്ത്രം വിശുദ്ധവും വിശേഷോത്തമവുമാണ്. മഹാനായ കപിലമഹർഷി അതിനെ ആസുരിയെന്ന ശിഷ്യനു സദയമുപദേശിച്ചു ആസുരി, സ്വശിഷ്യനായ പഞ്ചശിഖന് ഉപദേ

* ജ്ഞാനം ച ലോകെ യദിഹാസ്തി കിംചിത്
സാംഖ്യാഗതം തച്ച മഹന്മഹാത്മൻ! (മ-ശാ-പ)

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ശിച്ചു. അദ്ദേഹം, ഗുരൂപദിഷ്ടമായ സാംഖ്യശാസ്ത്രത്തെ സ്വന്തം ശിഷ്യപരമ്പരവഴിക്കു ലോകമെങ്ങും പ്രചാരത്തിൽ വരുത്തി.

ഭാഷ്യം:—പവിത്രമെന്നാൽ പരിശുദ്ധം. ദുഃഖത്രയകാരണമായ പാപത്തിൽനിന്നു പുനാനം ചെയ്യുന്നതു്. പവിത്രങ്ങളായ എല്ലാററിലുംവച്ചു മുഖ്യമായതു് അഗ്ര്യം. മുനി, കപിലമുനി. ആസുരിക്കായിക്കൊണ്ടു ദയവോടെ പ്രദാനം ചെയ്തു; ആസുരി പഞ്ചശിഖനായിക്കൊണ്ടും. അദ്ദേഹത്താൽ ശാസ്ത്രം (സാംഖ്യശാസ്ത്രം) പല പ്രകാരമായി ചെയ്യപ്പെട്ടകയുമുണ്ടായി.

വിവരണം:—ത്രിവിധദുഃഖമാണു പാപകാരണം. അതിൽനിന്നെല്ലാം ജീവികളെ മോചിപ്പിക്കുന്ന പവിത്രസാധനങ്ങളിൽ സാംഖ്യശാസ്ത്രം മുൻപന്തിയിൽ നിൽക്കുന്നു. അതിനെ കപിലമഹർഷി ആസുരിയെന്ന ശിഷ്യനു് ഉപദേശിച്ചുകൊടുത്തു. ആസുരി, സ്വശിഷ്യനായ പഞ്ചശിഖനും. അദ്ദേഹം—പഞ്ചശിഖൻ—ശിഷ്യന്മാർ മുഖാന്തിരം സാംഖ്യശാസ്ത്രം പല രീതിയിൽ ലോകമെങ്ങും പരത്തുകയും ചെയ്തു.

കാരിക:—

ശിഷ്യപരമ്പരയാഽഗത-
മീശ്വരകൃഷ്ണേന ചൈതദാര്യാഭിഃ
സംക്ഷിപ്തമാര്യമതിനാ
സമ്യഗ്വിജ്ഞായ സിദ്ധാന്തം. 71

അർത്ഥം:—ഇപ്രകാരം ശിഷ്യപരമ്പരയിലൂടെ ഉപസ്ഥിതമായ ഇതു് (സാംഖ്യശാസ്ത്രം) ശ്രേഷ്ഠബുദ്ധിയായ ഈശ്വരകൃഷ്ണനാൽ വേണ്ടവണ്ണം സിദ്ധാന്തം മനസ്സിലാക്കി ആര്യാവൃത്തത്തിലെ പദ്യങ്ങൾകൊണ്ടു സംക്ഷേപമായിപ്പറഞ്ഞു.

മേല്പറഞ്ഞവിധമുള്ള ഉപദേശക്രമത്തിൽ ശിഷ്യപരമ്പരവഴിക്കു സാംഖ്യശാസ്ത്രം ഈശ്വരകൃഷ്ണൻ എന്ന ആചാര്യനു് ഉപലബ്ധമായി. അദ്ദേഹം പഠിച്ചും വിചാരണചെയ്തും ആ ശാസ്ത്രത്തിലെ സിദ്ധാന്തം മനസ്സിലാക്കി അതിനെ ആര്യാവൃത്തത്തിലുള്ള പദ്യങ്ങൾകൊണ്ടു സംഗ്രഹിച്ചു പ്രതിപാദനം ചെയ്തു.

ഭാഷ്യം:—സൂക്ഷ്മതത്ത്വസമീപമെത്തിയതെന്നു് ആര്യാശബ്ദത്തിൻെറ വ്യുത്പത്തി (ആരാത് യാതാ തത്ത്വേഭ്യ ഇത്യാര്യാ). ആര്യയായ മതി(ബുദ്ധി) യാവനൊരുത്തനുണ്ടോ അവൻ ആര്യമതി.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

വിവരണം:—ആപ്തമതിയെന്നതിനെ വിഗ്രഹിച്ചർത്ഥനിർദ്ദേശം ചെയ്യുകയാണ്. ആപ്തയായ മതിയോടുകൂടിയവൻ ആപ്തമതി. ആപ്തയെന്നാൽ സൂക്ഷ്മതത്ത്വസമീപം പ്രാപിച്ചതു്. അങ്ങനത്തെ ബുദ്ധി(മതി)യുള്ളവൻ ആപ്തമതി. സൂക്ഷ്മതത്ത്വമറിഞ്ഞവൻ എന്നു താൽപര്യം.

ഈ ശാസ്ത്രം സകലശാസ്ത്രാർത്ഥങ്ങളെയും സൂചിപ്പിക്കുന്നതുകൊണ്ടു് "പ്രകരണ"മല്ലെന്നു പറയുന്നു.

കാരിക:—

സപ്തത്യാം കിലയേ/ർത്ഥാസ്തേ/
ർത്ഥാഃ കൃത്സ്നസ്യ ഷഷ്ടിതന്ത്രസ്യ
ആഖ്യായികാവിരഹിതാഃ
പരവാദവിവർജ്ജിതാശ്ചാപി. 72

അർത്ഥം:—എഴുപതു കാരികയിൽ (സപ്തതി) യാവചില തത്ത്വങ്ങളുണ്ടോ കഥാസംഘടിതമായ ദൃഷ്ടാന്തങ്ങളില്ലാത്തവയും മതാന്തരങ്ങളുൾക്കൊള്ളാത്തവയുമായ ആ തത്ത്വങ്ങൾ, പൂർണ്ണമായും അറുപതു പദാർത്ഥങ്ങളുൾപ്പെട്ട ശാസ്ത്രത്തിന്റേതാകുന്നു.

ഏതെങ്കിലുമൊരു ശാസ്ത്രത്തിന്റെ ഏതാനുമംശങ്ങൾ പ്രതിപാദിക്കുന്ന ഗ്രന്ഥത്തെ പ്രകരണമെന്നു പറയും. അത്തരം പ്രകരണവകുപ്പിൽപെട്ടതല്ല ഈ ശാസ്ത്രം. ഇതു് ആകെ എഴുപതു കാരികകൊണ്ടു പുരുഷൻ, പ്രകൃതി മുതലായ അറുപതു പദാർത്ഥങ്ങളുടെ സംപൂർണ്ണതത്ത്വങ്ങൾ സംക്ഷേപിച്ചിട്ടുള്ളതാണ്. ദൃഷ്ടാന്തത്തിനു കഥകളും തത്ത്വസമർത്ഥനത്തിനു മററു മതാന്തരങ്ങളും ഇതിൽ സ്വീകരിച്ചിട്ടില്ല. അതിനാൽ ഒരു സംപൂർണ്ണശാസ്ത്രമാണിതു്.

ഭാഷ്യം:— ആ ഇതു ഷഷ്ടിപദാർത്ഥപ്രതിപാദിതമെന്നതിനാൽ സകലശാസ്ത്രാർത്ഥകഥനം ഹേതുവായിട്ടു് ഇതു പ്രകരണമല്ല. പോരാ, ശാസ്ത്രമെന്നു സിദ്ധവുമാണിതു്. പ്രധാനത്തെ അധികരിച്ചു് ഏകത്വവുമർത്ഥത്വവും പാരാർത്ഥ്യവും, പുരുഷനെ അധികരിച്ചു് അന്യത്വവും അകർത്തൃത്വവും ബഹുത്വവും, രണ്ടിനേയും അധികരിച്ചു അസ്തിത്വവും വിയോഗവും യോഗവും, സ്ഥൂലസൂക്ഷ്മത്തെ അധികരിച്ചു സ്ഥിതിയും പറയപ്പെട്ടു.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

വിവരണം:—പ്രകൃതിപുരുഷാദികളായ മൗലികപദാൎത്ഥങ്ങളാകെ ഇരുപത്തഞ്ചു്. അവയിൽനിന്നുണ്ടായ വിപൎയ്യയാദിപദാൎത്ഥങ്ങൾ മുപ്പത്തഞ്ചു്. എല്ലാംകൂടി അറുപതു പദാൎത്ഥങ്ങൾ. ഇങ്ങനെ അറുപതു പദാൎത്ഥങ്ങളെ സമാഹരിച്ചു പ്രതിപാദിച്ചിരിക്കുന്ന ഈ ശാസ്ത്രം, സകല ശാസ്ത്രങ്ങളുടേയും പ്രയോജനമുൾക്കൊള്ളുന്നു. ആകയാൽ ഇതു പ്രകരണമല്ല; തികച്ചും ശാസ്ത്രമാണു്. പ്രധാനത്തിന്റെ ഏകത്വം, പദാൎത്ഥവത്ത്വം, പുരുഷപ്രയോജനപരമായ പ്രവൎത്തനം, പുരുഷന്റെ പ്രകൃതിഭിന്നത്വം, അകൎത്തൃത്വം, അനേകത്വം, പ്രകൃതിപുരുഷന്മാരുടെ ചേർച്ചയും വേർപാടും, നിത്യത്വവും സ്ഥൂലസൂക്ഷ്മദേഹങ്ങളുടെ നിലനില്പുമെല്ലാമിതിൽ വ്യക്തമായുപന്യസിച്ചിരിക്കുന്നു. ഇത്രയുംകൊണ്ടു ശാസ്ത്രത്വം സിദ്ധം.

ശ്രീ വാചസ്പതിമിശ്രന്റെ
കൃതിയാം തത്ത്വകൌമുദി
സന്മനോല്ലാസമേകട്ടെ-
യാമ്പലിന്നിന്ദുവെന്നപോൽ.

സമാപ്തം.

पुस्तकालय
गुरुकुल कांगड़ी विश्वविद्यालय
हरिद्वार

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

കാവ്യപ്രകാശം

മലയാളത്തിൽ

'കൈരളീകൗതുക'മെന്ന ഭാഷാവ്യാഖ്യാനത്തോടുകൂടി

ഉടനെ പുറത്തുവരുന്നു!

വ്യാഖ്യാതാ:

കെ. കുഞ്ചുപിള്ളപ്പണിക്കർ

പ്രസാധകൻ:

വട്ടപ്പറമ്പിൽ ഗോപിനാഥപിള്ള എം. എ. ബി. എഡ്.

ബിഷപ്പ് മൂർ കോളേജ്, മാവേലിക്കര P. O.

CC-0. In Public Domain. Gurukul Kangri Collection, Haridwar